KĀVYĀLŌKAM

VOLUME I

BY

P. KRISHNAN NAIR
VYĀKARAṆA-SĀHITYA-ŚIROMANI

UNIVERSITY OF MADRAS
1942

Madras University Malayalam Series No. 7.

GENERAL EDITOR:
DR. C. ACHYUTA MENON, B.A., PH.D. (LONDON),
Head, Malayāḷam Department.

KĀVYĀLŌKAM

WITH THE COMMENTARY " ĀSVĀDAPADAVI "

VOLUME I

BY

P. KRISHNAN NAIR,
VYĀKARAṆA-SĀHITYA-ŚIROMAṆI,
Junior Lecturer in Malayāḷam,
Oriental Research Institute.

UNIVERSITY OF MADRAS.

1942.

Price Rs. 4.

153995

PRINTED BY
THOMPSON & CO., LTD.,
MADRAS.

കാവ്യാലോകം

"ആസ്വാദപദവി" എന്ന വ്യാഖ്യാനത്തോടുകൂടിയതു്.

പുസ്തകം 1

പി. കൃഷ്ണൻ നായർ,
വ്യാകരണസാഹിത്യശിരോമണി.

മദിരാശി വിശ്വവിദ്യാലയം.

1942.

[വില ക. 4.

FOREWORD

Literary criticism in Sanskrit has a long history and wide range. It has developed many schools of thought, each formulating its own theory regarding the essence of poetry. Bharata's Nāṭya Śastṛa (about the first century B.C.) in which emphasis is laid on Rasa (Sentiment) seems to be the earliest attempt made to analyse the question what constitutes the real poetry or literature which could be enjoyed by a Sahṛdaya, an enlightened man, although Vālmiki laid the foundation for it centuries ago. Later on, other scholars like Bhāmaha (650 A.D.), Daṇḍin (650-779 A.D.), Vāmana (730-850 A.D.) came forward with their new doctrines giving prominence to Alankāra (figures of speech), Guṇa (quality), Rīti (style), respectively. Superimposition of these theories did not seriously affect the position of Rasa which found a new champion in Ānandavardhana (855-83 A.D.) who merged it in his new doctrine of Dhvani (implied or inner meaning). In Ānandavardhana, who is the author of the famous work Dhvanyālōka, literary criticism in Sanskrit reached its highest watermark. It came to stay in spite of the attempts made later by Mahimabhaṭṭa and others and even now remains supreme in the field.

The present work of Mr. P. Krishnan Nayar is based on the first Uddyōta (Chapter) of Dhvanyālōka of Ānandavardhana. It is not a mere translation but a critical survey of the whole problem with his own original views on certain controversial aspects, such as the Anumāna vāda of Mahima Bhaṭṭa, Alankarāntarbhāva vāda of Pratīhārendurāja which he has repudiated

by citing new arguments. It also deals with other relevant topics like Rasa and its āsvādakṛama in the course of the discussion of the subject.

This aspect of literary criticism in Sanskrit which is of general interest has not engaged the attention of any other scholar in Kēraḷa and Mr. Krishnan Nayar's work is really a useful and substantial contribution to critical literature in Malayāḷam. His previous work Kāvyajīvitavṛtti discusses the views of Ālankārikās and the present attempt completes the range of critical thought in Sanskrit.

It now remains for me to thank the University authorities for having kindly sanctioned this publication.

University Buildings,
Madras,
8th October 1942.

C. ACHYUTA MENON.

പ്രസ്താവന.

"മഹാരാജ്യം വാ ശാസനീയം മഹാഭാഷ്യം വാ പഠനീയം" എന്ന സൂക്തിയിലെ മഹാഭാഷ്യത്തിന്റെ സ്ഥാനം, സാഹിത്യരസികന്മാരായ അഭിജ്ഞന്മാരുടെ ദൃഷ്ടിയിൽ തികച്ചും, കൈക്കൊള്ളുന്നതിന്നർഹതയുള്ള ഒരു വിശിഷ്ടഗ്രന്ഥമാണ് ആനന്ദവർദ്ധനാചാര്യരുടെ 'ധ്വന്യാലോകം'. ശങ്കരഭാഷ്യം, കുമാരിലവാർത്തികം, വ്യുൽപത്തിവാദം, മഞ്ജൂഷ മുതലായവ സർവ്വഥാ മഹനീയങ്ങളാണെങ്കിലും മഹാഭാഷ്യത്തെപ്പോലെ ഈ ഗ്രന്ഥകാരന്റെ ഹൃദയത്തെ അത്ര അധികം ആവർജ്ജിച്ചിട്ടുള്ള മറെറാരുഗ്രന്ഥം 'ധ്വന്യാലോകം' മാത്രമാണെന്നുള്ള വാസ്തവം തുറന്നുപറയുവാൻ മടിക്കുന്നില്ല. ഈ വിഷയത്തിൽ വിസംവാദമുള്ളവർ ഈയുള്ളവന്റെ അനുഭവത്തിന്നും ആനുഭവികമായ ഈദൃശവിശ്വാസത്തിന്നും നിദാനം സംസ്കാരവൈജാത്യമായിരിക്കുമെന്നു കരുതി സദയം സമാധാനിക്കുമെന്നും വിശ്വസിക്കുന്നു. പക്ഷേ, അഭിനവഗുപ്തപാദാചാര്യരുടെ 'ലോചന'മെന്ന വ്യാഖ്യാനമില്ലായിരുന്നുവെങ്കിൽ 'ധ്വന്യാലോക'ത്തിന്ന് ഇത്രത്തോളം പ്രൌഢിയും ഹൃദയവശീകരണധുരീണമായ ഹൃദ്യതയും സിദ്ധിക്കയില്ലെന്നു സമ്മതിക്കാം. എന്നാൽ, ലോചനകാരൻ തന്റെ വ്യാഖ്യാനംകൊണ്ട്, 'ധ്വന്യാലോക'ത്തിലില്ലാത്ത മഹത്വം അതിൽ ആരോപിക്കുകയോ സൃഷ്ടിക്കുകയോ അല്ല, നിഗൂഢമായി സ്ഥിതിചെയ്തിരുന്നതിനെ സുവിശദം പ്രകാശിപ്പിക്കുകമാത്രമാണ് ചെയ്തിരിക്കുന്നതു് എന്ന വസ്തുസ്ഥിതി ധരിച്ചിട്ടുള്ള സൂക്ഷ്മദൃഷ്ടികൾക്കു തന്മൂലം മൂലഗ്രന്ഥത്തോടുള്ള ബഹുമാനത്തിനോ ആദരത്തിന്നോ ഹാനിക്കല്പംപോലുമവകാശമില്ലെന്നുകൂടി പ്രസ്താവിക്കേണ്ടതായിട്ടുണ്ടെന്നു മാത്രം.

'ധ്വന്യാലോകലോചനം' എത്രയും വിശിഷ്ടമായ ഒരു വ്യാഖ്യാനമാണെങ്കിലും ലേഖകന്മാരുടേയും മററും പ്രമാദത്താൽ വന്നുചേർന്ന സ്ഖാലിത്യങ്ങളുടെ ബാഹുല്യം നിമിത്തം ദുർഗമവും ദുർഘടവുമായിതീർന്നിട്ടുള്ള സ്ഥിതി സംസ്കൃതഭാഷാഭിജ്ഞരായ ആലങ്കാരികന്മാർക്കൊക്കെയും അറിയാവുന്നതാണല്ലോ. അതിലെ പാഠശോധനത്തിന്നും അർത്ഥനിർണയത്തിന്നുമായി ഈ ഗ്രന്ഥകാരൻ താളിയോലഗ്രന്ഥങ്ങളുടെ പ്രതികൾ ചിലതും അഭിനവഭാരതി, കാവ്യാനുശാസനം, അലങ്കാരചൂഡാമണി,

വിവേകം, കാവ്യപ്രകാശസങ്കേതം മുതലായ ഗ്രന്ഥാന്തരങ്ങൾ പലതും പരിശോധിച്ചു ക്ലേശിച്ചിട്ടുള്ളതു കുറച്ചൊന്നുമല്ലതാനും.

ഈ സന്ദർഭത്തിൽ, പ്രസ്തുതലോചനത്തിന്റെ സംസ്കരണത്തിന്നായി വളരെക്കാലം പരിശ്രമിച്ചിരിക്കുന്ന യഥാർത്ഥ 'പണ്ഡിതരാജ' നായ എന്റെ ഒരു മാന്യസുഹൃത്തമന്റെ ശ്ലാഘ്യമായ പരിശ്രമഫലത്തെക്കുറിച്ചു സബഹുമാനം സ്മരിക്കാതെ മുന്നോട്ടുപോവുക ശക്യമല്ല. താർക്കികപ്രാഗ്ര്യനും ആലങ്കാരികവര്യനുമായ വലിയ രാമപ്പിഷാരോടി അവർകൾ ശുദ്ധമായ ലോചനത്തോടും അതിന്നു സ്വന്തമായൊരു വ്യാഖ്യാനത്തോടും കൂടി ഈയിടെ പ്രസിദ്ധപ്പെടുത്തിയ 'ധ്വന്യാലോക'മാണ് ഈ പ്രസ്താവകന്റെ അവസരപ്രാപ്തമായ സ്മൃതിക്കു വിഷയം. അദ്ദേഹം എനിക്കു സസ്നേഹം അയച്ചുതന്ന ആ ഗ്രന്ഥത്തിലെ ലോചനത്തിന്റെ ഏതാനും ഭാഗങ്ങൾ വായിച്ചതോടുകൂടി "ഹാ എത്ര സമീചീനമായ പാഠം! എന്തു യോജിപ്പ്! ഈ വിശിഷ്ടഗ്രന്ഥം കുറേ മുമ്പുതന്നെ പ്രസിദ്ധപ്പെടുത്തിക്കാണ്മാൻ എനിക്കു യോഗമുണ്ടായില്ലല്ലോ" എന്നിങ്ങിനെ സന്തോഷസന്താപസമ്മിശ്രമായ ഒരു തരം വികാരാവേഗത്തിന്നധീനനായി ഭവിച്ചു കുറച്ചുനേരം ഞാൻ വെറുതെയിരുന്നുപോയി. എന്തിന്നു വളരെ? 'മേലാലുള്ള ധ്വന്യധീതികളുടെ ഭാഗ്യംതന്നെയാണ് ഭാഗ്യം' എന്നു സശിരഃകമ്പമുദ്ഘോഷിക്കുവാൻ തക്കവിധം അത്ര പരിശുദ്ധമായ പാഠത്തോടും സുഗമമായ വ്യാഖ്യാനത്തോടും കൂടിയതാണ് അതിലെ ലോചനമെന്നു് ഉറപ്പിച്ചു പറയാം.

മഹനീയമായ ധ്വന്യാലോകം അതിന്റെ പ്രൌഢിക്കു കോട്ടം തട്ടാതെ യഥാശക്തി തർജ്ജമചെയ്തു ലോചനാനുസാരിയായ ഒരു ഭാഷാവ്യാഖ്യാനത്തോടു കൂടി കൈരളിക്കു കാഴ്ചവെക്കണമെന്നൊരാഗ്രഹം—അത്യാഗ്രഹം—രണ്ടു പന്തീരാണ്ടിനു മുമ്പുതന്നെ ഈ ഗ്രന്ഥകാരന്നു് ഉണ്ടായിട്ടുള്ളതാണ്. അചിരേണ തർജ്ജമ പൂർത്തിയാക്കുകയുണ്ടായെങ്കിലും ഉദ്ദേശിച്ചപ്രകാരം ലോചനാനുരോധിയായ വ്യാഖ്യാനത്തോടുകൂടി ആദ്യത്തെ ഉദ്ദ്യോതമെങ്കിലും പ്രസിദ്ധപ്പെടുത്തിക്കാണ്മാനുള്ള യോഗം ഇപ്പോഴേ സിദ്ധിച്ചുള്ളു. 1939-ൽ, പ്രഥമോദ്ദ്യോതത്തിന്നു വ്യാഖ്യാനം എഴുതിത്തീർന്നതോടുകൂടി ഒരു പുസ്തകമാകാനുള്ള വൈപുല്യം അതിനുണ്ടെന്നു കാണുകയാൽ ആ ഭാഗം പ്രസിദ്ധീകരണ

ത്തിനായി യൂനിവേർസിററിയെ ഏല്പിക്കയാണുണ്ടായതു്. അതു് ഇത്ര വേഗം ഈ രൂപത്തിൽ പുറത്തുവന്നു കണ്ടതിൽ ഗ്രന്ഥകാരനുള്ള സന്തുഷ്ടിയും പ്രസ്തുതപുസ്തകത്തിന്റെ പ്രസിദ്ധീകരണം സത്വരം കയ്യേററു സദയമനുഗ്രഹിച്ചതിൽ വിശ്വവിദ്യാലയാധികൃതന്മാരോടുള്ള ഭക്തിയും അതിലേക്കു ഭാതൃനിർവ്വിശേഷം സഹായിച്ചതിൽ ഡാക്ടർ സി. അച്യുതമേനോൻ, ബി. ഏ., പിഎച്. ഡി. അവർകളോടുള്ള കൃതജ്ഞതയും ഈ അവസരത്തിൽ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

കാലദേശസ്ഥിതികളുടെ നിർബന്ധം നിമിത്തം പ്രകൃതഗ്രന്ഥത്തിന്റെ സ്വഭാവത്തെ സംബന്ധിച്ചു കുറഞ്ഞൊന്നു പ്രസ്താവിക്കാതെ നിർവ്വാഹമില്ലെന്നു വന്നിരിക്കയാൽ അതിനെപ്പററി രണ്ടു വാക്കു പറഞ്ഞു ഈ പ്രസ്താവന അവസാനിപ്പിക്കട്ടെ.

'ധ്വന്യാലോകംമൂലം' ഒരു സാഹിത്യശാസ്ത്രഗ്രന്ഥമാകയാൽ അതിന്റെ തർജ്ജമയും ഏതു ഭാഷയിലായിരുന്നാലും സ്വഭാവത്തിൽ തീരെ വ്യത്യസ്തമാകാൻ വഴിയില്ല. ചെറുകഥ, നോവൽ മുതലായവയെപ്പോലെ എളുപ്പത്തിൽ വായിച്ചു് ഉപേക്ഷിക്കത്തക്ക നിലയല്ല ശാസ്ത്രഗ്രന്ഥങ്ങൾക്കുള്ളതു്. ഏതാനുമൊരു ശാസ്ത്രത്തിൽ അഭിജ്ഞനായ പ്രതിഭാശാലിക്കുപോലും ശാസ്ത്രാന്തരപഠനത്തിലുണ്ടാകുന്ന അനുഭവവും ഏതാണ്ടതുതന്നെയായിരിക്കും. വിശേഷിച്ചു്, ശാസ്ത്രരൂപത്തിലുള്ള ഉപരിഗ്രന്ഥങ്ങളിലെ ചർച്ചയും സിദ്ധാന്തങ്ങളും ഗ്രഹിക്കുന്നതിനു് ഏതു മേധാവിക്കും അതാതുശാസ്ത്രങ്ങളിൽ കുറെയൊക്കെ പരിജ്ഞാനം ഉണ്ടായിരിക്കതന്നെ വേണം. പരിജ്ഞാനമുണ്ടെങ്കിലും സാവധാനം സപ്രണിധാനം വായിച്ചാലേ കാര്യം മുഴുവനും വേണ്ടപോലെ മനസ്സിലാകയുമുള്ളു. ഇതാണ് ശാസ്ത്രഗ്രന്ഥങ്ങളുടെ ആന്തരസ്വഭാവം; അഥവാ, വിഷയസ്വഭാവം. കൂടാതെ, ബാഹ്യസ്വഭാവത്തിലും വൈലക്ഷണ്യമില്ലെന്നില്ല. സാങ്കേതികപദങ്ങളും മററും ശാസ്ത്രഗ്രന്ഥങ്ങളിൽ ഒഴിച്ചുകൂടാത്തവയാണ്. ശാസ്ത്രീയസങ്കേതങ്ങളെ തീരെ ഉപേക്ഷിക്കുകയോ ശാസ്ത്രീയമര്യാദയെ ഉല്ലംഘിച്ചു പ്രതിപാദനരീതി കേവലം ലോകസാധാരണമാക്കുകയോ ചെയ്യുന്നതായാൽ ശാസ്ത്രാർത്ഥനിഷ്കർഷത്തിനുതന്നെ കോട്ടം തട്ടും. ശാസ്ത്രീയനിബന്ധനങ്ങളുടെ ബാഹ്യസ്വഭാവമാകുന്നു ഇതു്.

ഇങ്ങിനെയിരിക്കെ, അലങ്കാരശാസ്ത്രത്തിൽ പ്രത്യേകിച്ചു പരിചയമില്ലാത്തവർ പ്രകൃതഗ്രന്ഥത്തിലെ ഭാഷ കഠിനമാണെന്നോ രീതി ക്ലിഷ്ടമോ വക്രമോ ആണെന്നോ ആക്ഷേപിക്കുന്നവെങ്കിൽ അതു ശ്രദ്ധേയമാണെന്ന് അഭിജ്ഞന്മാർ അഭിപ്രായപ്പെടുകയില്ലല്ലോ. സംസ്കൃതത്തിൽ കാവ്യവ്യുൽപത്തിയുള്ളതുകൊണ്ടുമാത്രം ഒരു പിപഠിഷുവിന്ന് ആ ഭാഷയിലെ ഉൽകൃഷ്ടശാസ്ത്രഗ്രന്ഥം വല്ലതും സുഗ്രഹമാണെന്നു വരുമോ? ലിററരേച്ചർ എം. ഏ. പാസ്സായിട്ടുള്ള ഒരു ഇംഗ്ലീഷ് പ്രഫസർക്ക് ഇംഗ്ലീഷുഭാഷയിലുള്ള ഗണിതവിഷയമോ രസതന്ത്രവിഷയമോ മററോ ആയ ഒരു ഉപരിഗ്രന്ഥം വായിച്ചു കാര്യം സമഗ്രമായി ഗ്രഹിക്കുക സാദ്ധ്യമാണോ? സാധിക്കാത്തതുകൊണ്ട് "നിന്ദതി കഞ്ചുകമേവ" അഥവാ "നിന്ദതി കഞ്ചുകകാരം" എന്ന രീതിയിൽ ആവക ശാസ്ത്രഗ്രന്ഥങ്ങളിലെ ഭാഷയേയോ ശാസ്ത്രകാരനേയോ ആരും കുററം പറഞ്ഞു കേട്ടിട്ടില്ല. നേരേമറിച്ചു കാണുന്ന മലയാളത്തിന്റെ സ്ഥിതി ശോചനീയമെന്നല്ലാതെ മററെന്തു പറയട്ടെ? എന്തു വിഷയമായാലും ഏതു തരത്തിലുള്ള നിബന്ധനമായാലും ശരി! മലയാളത്തിലാണെഴുതിയിരിക്കുന്നതെങ്കിൽ കുട്ടിവായിക്കാൻ കഴിയുന്ന മലയാളികൾക്കൊക്കെയും സാമാന്യമായും ചെറുകഥകളും നോവലുകളും ഖണ്ഡകവിതകളും ചില ഉപന്യാസങ്ങളും വായിച്ചും രചിച്ചും സാഹിത്യവീരന്മാരായവർക്ക് സവിശേഷമായും സുഗ്രഹമായിരിക്കണമെന്നും അല്ലെങ്കിൽ അതിലെ ഭാഷ മലയാളമല്ലെന്നും ആണെങ്കിൽത്തന്നെ ഗ്രന്ഥകാരന്നു ലോകവ്യുൽപത്തിയില്ലെന്നും ഉദ്ഘോഷിക്കുന്ന ഭവ്യമാനികളോടെന്തിനു സമാധാനം പറയുന്നു? അവർ അങ്ങിനെ 'ഭവ്യ'ന്മാരായി കഴിയട്ടെ.

"വിസ്തീർണ്ണാ പൃഥിവീ ജനാശ്ച വിവിധാഃ
കിം കിം ന സംഭാവ്യതേ"

വിശാലമായ ഭൂതലത്തിൽ ശിഷ്ടന്മാർക്കും കഴിഞ്ഞുകൂടാൻ വല്ല കോണും കാണും.

"കേചിജ്ജ്വലന്തി വികസന്ത്യപരേ നിമീല-
ന്ത്യന്യേ സമഭ്യുദയഭാജി ജഗൽപ്രദീപേ"

എന്നതു ലോകസ്വഭാവസിദ്ധമാണല്ലോ.

ഗ്രന്ഥകാരൻ.

ഉപോദ്ഘാതം.

ഏതൊരു ഭാഷയിലും സാഹിത്യമെന്നതു് അതതുഭാഷയുടെ വിശിഷ്ടമായ ഒരു വകഭേദം മാത്രമാകുന്നു. ചമൽകാരജനകവും ഉക്തിവൈചിത്ര്യരൂപവുമായ ആ വൈശിഷ്ട്യംതന്നെയാണു് സംഭാഷണഭാഷയിൽനിന്നു സാഹിത്യഭാഷയേയും ശാസ്ത്രാദിനിബന്ധനത്തിൽനിന്നു സാഹിത്യനിബന്ധനത്തേയും വ്യാവൎത്തിപ്പിക്കുന്നതു്. സാഹിത്യത്വപ്രയോജകമായ ഈ വൈശിഷ്ട്യവും തന്മൂലകമായ ചമൽകാരവും സാഹിത്യത്തിന്റെ ആവിൎഭാവം മുതല്ക്കുതന്നെ അതതു ജനതയ്ക്കു് അനുഭവപ്പെട്ടു തുടങ്ങീട്ടുണ്ടെങ്കിലും ആദ്യകാലത്തെ അനുഭവം സാമാന്യരൂപത്തിലായിരിക്കാനേ അവകാശമുള്ളു. അല്ലാതെ ചമൽകാരത്തിന്റേയും ചമൽകാരോപാധികളുടേയും സ്വരൂപവിശേഷവിവേകത്തോടുകൂടിയായിരിക്കയില്ല. സാഹിത്യവിവേചനം ഏതാണ്ടു പരിപൂൎണ്ണാവസ്ഥയിലെത്തീട്ടുള്ള സംസ്കൃതഭാഷയിലെ അതിപ്രാചീനമായ നാട്യശാസ്ത്രത്തിൽ സാഹിത്യജീവിതഭൂതങ്ങളായ ശൃംഗാരാദിരസപ്രഭേദങ്ങളേയും അവയുടെ ഉപാധികളേയും സപ്രപഞ്ചം വിവരിച്ചു കാണുന്നുണ്ടെങ്കിലും പല ഘട്ടങ്ങളും കഴിഞ്ഞതിന്നു ശേഷമായിരിക്കണം അത്തരം സിദ്ധാന്തത്തിലെത്തിച്ചേൎന്നിരിക്കുന്നതു് എന്നു വേണം വിചാരിക്കാൻ. ഇതിലേക്കു നാട്യശാസ്ത്രത്തിൽ ഉദ്ധരിച്ചു കാണുന്ന അനുവംശ്യങ്ങളായ ശ്ലോകങ്ങളും ആൎയ്യകളും മററും തെളിവാണല്ലോ. വിശേഷിച്ചു്, നാട്യശാസ്ത്രവ്യാഖ്യാനമായ അഭിനവഭാരതിയിലെ *"അത്രേതി ഭാഷ്യേ അനുവംശഭവൌ ശിഷ്യാചാൎയ്യപരമ്പരാസു വൎത്തമാനൌ ശ്ലോകാൎയ്യൌ വൃത്തവിശേഷൌ സൂത്രാൎത്ഥസംക്ഷേപപ്രകടീകരണേന കാരികാശബ്ദവാച്യൌ ഭവതഃ; തൌ പഠതി യഥാ ബഹുദ്രവ്യ—" എന്നീവക അവതാരികകളും †"താ ഏതാഹ്യാൎയ്യാഃ ഏകപ്രഘട്ടകതയാ പൂൎവ്വാചാൎയ്യൈൎലക്ഷണത്വേന പഠിതാഃ മുനിനാ തു സുഖസംഗ്രഹായ യഥാസ്ഥാനം നിവേശിതാഃ"

ആദ്യകാലത്തെ സാഹിത്യവൈശിഷ്ട്യാനുഭവം.

* വാല്യം 1, അദ്ധ്യായം 6, ഭാഗം 291.

† വാല്യം 1, അദ്ധ്യായം 6, ഭാഗം 328.

ഇത്യാദി ഉപപാദാനങ്ങളും ഉപോദ്ബലകങ്ങളുമാണ്. കൂടാതെ, പാണിനിക്കു മുമ്പുതന്നെ ശിലാലി, കൃശാശ്വൻ എന്നീ നടസൂത്രകാരന്മാരുണ്ടായിരുന്നതായി "പാരാശര്യശിലാലിഭ്യാം ഭിക്ഷു നടസൂത്രയോഃ" "കാമന്ദകൃശാശ്വാദിനിഃ" എന്നീ പാണിനീയസൂത്രങ്ങളിൽനിന്നു വ്യക്തമാകുന്നുണ്ട്. കാലദോഷത്താൽ അവരുടെ ഗ്രന്ഥങ്ങളൊന്നും നമുക്കിതേവരെ കണ്ടു കിട്ടീട്ടില്ലെന്നേയുള്ളൂ. ഈവക തെളിവുകളാൽ, പല ആചാര്യന്മാരുടേയും വിവേചനങ്ങൾക്കു വിഷയീഭവിച്ചു ക്രമപ്രവൃദ്ധമായി മിക്കവാറും നിഷ്കൃഷ്ടനിലയിൽ എത്തീട്ടുള്ള സിദ്ധാന്തങ്ങളെയാണ് ഭരതമഹർഷി തന്റെ നാട്യശാസ്ത്രത്തിൽ പ്രതിപാദിച്ചിരിക്കുന്നതെന്നു നമുക്കു നിശ്ചയിക്കാം. ഏതൊരു സിദ്ധാന്തവും പൂർവ്വാപേക്ഷ കൂടാതെ ഒരാളിൽനിന്നു പൊടുന്നനവേ പൊട്ടിപ്പുറപ്പെടുകയില്ലെന്നും ഒരുവേള യാദൃച്ഛികമായി പുറപ്പെട്ടുവെന്നുവരികിലും അതു കാലക്രമേണ പല പണ്ഡിതന്മാരുടേയും ചർച്ചയ്ക്കു വിഷയമായതിനു ശേഷമേ നിഷ്കൃഷ്ട നിലയിൽ പ്രതിഷ്ഠ പ്രാപിക്കയുള്ളുവെന്നുമുള്ളതു ലോകസ്വഭാവസിദ്ധമാണല്ലോ.

മഹർഷിയുടെ കാലമാവുമ്പോഴേയ്ക്കു രസഭാവദർശനം ഇത്രത്തോളം പ്രവൃദ്ധവും പ്രതിഷ്ഠിതവുമായിട്ടുണ്ടെങ്കിലും കാവ്യാലങ്കാരദർശനമാകട്ടെ ആ കാലത്തിന്നു സ്വല്പം മുമ്പ് ആരംഭിച്ചിട്ടേയുള്ളുവെന്നു വിചാരിക്കേണ്ടതായിരിക്കുന്നു. അഥവാ, രസഭാവാദിദർശനത്തോടൊപ്പം ആരംഭിച്ചിട്ടുണ്ടെങ്കിൽത്തന്നെ അഭിവൃദ്ധി പ്രാപിക്കയുണ്ടായിട്ടില്ലെന്നതു തീർച്ചയാണ്. ഭരതമഹർഷിയുടേയും അദ്ദേഹത്തിന്നു മുമ്പുണ്ടായിരുന്ന ആചാര്യന്മാരുടേയും ദൃഷ്ടി രസഭാവാദിയിലല്ലാതെ അലങ്കാരപ്രകാരത്തിൽ സവിശേഷം പതിഞ്ഞിരുന്നതായറിയുന്നില്ല.

അലങ്കാരദർശനവും ക്രമപ്രവൃദ്ധതയും.

"ഉപമാ രൂപകഞ്ചൈവ ദീപകം യമകം തഥാ
കാവ്യസ്യൈതേഹ്യലങ്കാരാഃ ചത്വാരഃ പരികീർത്തിതാഃ."

എന്നിങ്ങിനെ നാലലങ്കാരങ്ങളെ മാത്രമേ ഭരതമഹർഷി പ്രതിപാദിച്ചു കാണുന്നുള്ളൂ. അതിനാൽ, നാട്യശാസ്ത്രകാലത്ത് അലങ്കാരവിവേകം നിസ്സാരമായ നിലയിലേ എത്തീട്ടുള്ളുവെന്നു തീർച്ചയാകുന്നു. പിന്നീട് അതിനെ ക്രമേണ പ്രബലപ്പെടുത്തിക്കൊണ്ടുവന്നതു ഭാമഹൻ, ദണ്ഡി, ഉദ്ഭടൻ മുതലായ ആലങ്കാരികന്മാരാണ്. ഭാമഹനു മുമ്പിൽ

'രാമശൎമ്മ', 'മേധാവി' മുതലായ ആലങ്കാരികന്മാർ അലങ്കാരവിവേചനത്തിൽ പ്രവൎത്തിച്ചിരുന്നതായി *ഭാമഹൻെറ 'കാവ്യാലങ്കാര'ത്തിൽ നിന്നും മററും അറിയുന്നുണ്ടെങ്കിലും ആ വക ഗ്രന്ഥങ്ങളൊന്നും നമുക്കിതേവരെ ലഭിച്ചിട്ടില്ലായ്കയാൽ അതിനെക്കുറിച്ചൊന്നും പറയുവാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. രാജശേഖരൻ പറയുന്ന പുലസ്ത്യാദികളുടെ സ്ഥിതിയും ഇതുതന്നെയാകുന്നു. അതുകൊണ്ടു് അലങ്കാരവിവേചനവിഷയത്തിൽ നമ്മുടെ പ്രഥമഗണനയ്ക്കു വിഷയീഭവിക്കുന്നതു ഭാമഹാചാൎയ്യൻ തന്നെയാണു്. എന്നാൽ, അംഗചമൽകാരത്തിൽ—അലങ്കാരചമൽകാരത്തിൽ—എത്രകണ്ടു ശ്രദ്ധവെയ്ക്കുവാൻ തുടങ്ങിയോ അത്രകണ്ടു് അംഗിചമൽകാരത്തിൽ—രസഭാവാദിചമൽകാരത്തിൽ—അവർ അശ്രദ്ധകാണിക്കുവാനും തുടങ്ങി. പ്രധാനമായി രസാസ്വാദം ദൃശ്യത്തിൽ മാത്രമാണെന്നു് അവർ വിചാരിക്കയും തന്മൂലം രസഭാവാദിയെ ശ്രവ്യകാവ്യത്തിൽ അലങ്കാരങ്ങളായി മാത്രം ഗണിച്ചു തൃപ്തിപ്പെടുകയും ചെയ്തു. ക്രമേണ അലങ്കാരത്തിലും പ്രാധാന്യം ഗുണത്തിനുണ്ടെന്നു കണ്ടപ്പോൾ രസാദിയെ ഗുണവിശേഷമായി മാനിച്ചു എന്നേയുള്ളു. അങ്ങിനെ ചെയ്തതു വാമനനുമാകുന്നു. †"ദീപ്തരസത്വം കാന്തിഃ" എന്ന വാമനസൂത്രം നോക്കുക. പിന്നീടു്, ധ്വന്യാലോകകാരനു സമാനകാലികനായ രുദ്രടൻ ഗുണാലങ്കാരങ്ങളേക്കാളും പ്രാധാന്യമുണ്ടെന്നുള്ള വസ്തുത മനസ്സിലാക്കി രസാദിയെ വേറെ പിരിച്ചു നിർദേശിക്കയുണ്ടായെങ്കിലും അവയ്ക്കു കാവ്യോപസ്കാരകത്വമല്ലാതെ ഉപസ്കാൎയ്യത്വമനുവദിച്ചുകൊടുക്കുകയുണ്ടായില്ല. എന്നുമാത്രമല്ല, വസ്ത്വലങ്കാരധ്വനികളെ ഇവരെല്ലാവരും ഒരുപോലെ അലങ്കാരകക്ഷിയിൽ നിക്ഷേപിക്കയാണു് ചെയ്തിരിക്കുന്നതു്.

അലങ്കാരങ്ങളിൽ ആദ്യമായി അഭിജ്ഞന്മാരുടെ വിവേചനദൃഷ്ടിക്കു വിഷയീഭവിച്ചതു് ഉപമയായിരിക്കണം. ഉപമാസ്വരൂപത്തെ

* "പ്രഹേലികാ സാപ്യുദിതാ രാമശൎമ്മാച്യുതോത്തരേ"
[പരിച്ഛേദകം 2, ശ്ലോകം 19.

"ത ഏതേ ഉപമാദോഷാ സ്സപ്ത മേധാവിനോദിതാഃ"
[പരിച്ഛേദം 2, ശ്ലോകം 40.

നനു ദണ്ഡിമേധാവിരുദ്രഭാമഹാദികൃതാനി സന്ത്യേവാലങ്കാരശാസ്ത്രാണി.
[രുദ്രടകാവ്യാലങ്കാരവ്യാഖ്യ 1, 2.

മേധാവിപ്രഭൃതിഭിരുക്തം—തന്നിരസ്തം. ടി. II, 2, ഭാഗം 9.

† അദ്ധ്യായം 3, സൂത്രം 15.

ക്കറിച്ചു പാണിനിയിലും പ്രാചീനനായ യാസ്കൻപോലും തന്റെ 'നിരുക്ത'ത്തിൽ *"അഥാത ഉപമാ യദതൽ തത്സദൃശം ഇതി ഗാർഗ്ഗ്യഃ തദാസാം കൎമ്മ ജ്യായസാ വാ ഗുണേന പ്രഖ്യാതതമേന വാ കനീയസം വാപ്രഖ്യാതം വോപമിമീതേ. അഥാപി കനീയസാ ജ്യായാംസം" എന്നിങ്ങിനെ ഗാർഗ്ഗ്യന്റെ ഉപമാലക്ഷണം എടുത്തുകാണിച്ചു വിവരിച്ചിരിക്കുന്നതു നോക്കുക. അതുകൊണ്ടുതന്നെയായിരിക്കണം ഭരതമഹൎഷി ഉപമയ്ക്കു പ്രാഥമ്യം അനുവദിച്ചിരിക്കുന്നതും. ഏതായാലും ഭരതന്റെ കാലത്തു് ഉപമ, രൂപകം, ദീപകം, യമകം എന്നീ നാലലങ്കാരങ്ങളേയുള്ളു. പിന്നീട് ഈ നാലെണ്ണം അനുപ്രാസത്തോടുകൂടി അഞ്ചായിത്തീൎന്നു. ഈ പക്ഷത്തിലുള്ള നിബന്ധനഗ്രന്ഥം ഭാമഹന്റെ കാലത്തു് നിലവിലുണ്ടായിരിക്കണം. അതിനാലാണ്,—

"അനുപ്രാസസ്സയമകോ രൂപകം ദീപകോപമേ
ഇതി വാചാമലങ്കാരാഃ പഞ്ചൈവാന്യൈരുദാഹൃതാഃ."

എന്നു ഭാമഹൻ പറഞ്ഞിരിക്കുന്നതു്. എന്നാൽ, ഭാമഹന്റെ കാലമായപ്പോഴേയ്ക്കും അവയ്ക്കു പുറമെ ആക്ഷേപം, അൎത്ഥാന്തരന്യാസം, വ്യതിരേകം, വിഭാവന, സമാസോക്തി, അതിശയോക്തി, ഹേതു, സൂക്ഷ്മം, ലേശം, യഥാസംഖ്യം, ഉൽപ്രേക്ഷ, സ്വഭാവോക്തി, പ്രേയസ്സ്, രസവത്തു്, ഓജസ്വി, പൎയ്യായോക്തം, സമാഹിതം, ഉദാത്തം, ശ്ലിഷ്ടം, അപഹ്നുതി, വിശേഷോക്തി, വിരോധം, തുല്യയോഗിത, അപ്രസ്തുതപ്രശംസ, വ്യാജസ്തുതി, നിദർശന, ഉപമാരൂപകം, ഉപമേയോപമ, സഹോക്തി, പരിവൃത്തി, സസന്ദേഹം, അനന്വയം, ഉൽപ്രേക്ഷാവയവം, സംസൃഷ്ടി, ഭാവികത്വം, ആശിസ്സ് എന്നീ മുപ്പത്താറെണ്ണത്തോടും കൂടി ആകെ 41 അലങ്കാരം വിവേചിച്ചു നിരൂപിക്കപ്പെട്ടതായിക്കാണുന്നു. അതിന്നു പുറമെയാണ് രാമശൎമ്മ നിർദേശിച്ചിരിക്കുന്നതായി പറയുന്ന പ്രഹേലിക. ഇവയിൽ ഹേതു, സൂക്ഷ്മം, ലേശം എന്നീ മൂന്നലങ്കാരങ്ങളെ ഭാമഹൻ സ്വീകരിക്കുന്നില്ല.

"ഹേതുശ്ച സൂക്ഷ്മോ ലേശോഥ നാലങ്കാരതയാ മതഃ."

എന്നിങ്ങിനെ കാവ്യാലങ്കാരത്തിൽ നിഷേധിക്കമാത്രമാണ് ചെയ്തിരിക്കുന്നതു്. ഇതുപോലെ പ്രഹേലികയെ നിഷേധിക്കുന്നില്ലെങ്കിലും,

* നിരുക്തം, പൂൎവ്വഷട്കം, നൈഘണ്ടുകകാണ്ഡം,
[അദ്ധ്യായം 3, ഖണ്ഡം 13.

"നാനാധാതുവർത്ഥഗംഭീരാ യമകവ്യപദേശിനീ
പ്രഹേളികാ സാഹ്യദിതാ രാമശർമ്മാച്യുതോത്തരേ."

എന്നിങ്ങിനെ തത്സ്വരൂപത്തെ സാമാന്യമായി നിർദ്ദേശിക്കമാത്രം ചെയ്തു കടന്നു പോയിരിക്കുന്നു.

"കാവ്യാന്യപി യദീമാനി വ്യാഖ്യാഗമ്യാനി ശാസ്ത്രവൽ
ഉത്സവഃ സുധിയാമേവ ഹന്ത ദുർമ്മേധസോ ഹതാഃ."

എന്നിങ്ങിനെ ഈവക വ്യാഖ്യാഗമ്യങ്ങളായ കാവ്യങ്ങൾ ബുദ്ധിമാന്മാൎക്കല്ലാതെ മന്ദബുദ്ധികൾക്ക് ആഹ്ലാദകരങ്ങളല്ലെന്നു അഭിപ്രായപ്പെടുന്ന ആചാൎയ്യന്ന് അതിൽ അത്ര തൃപ്തിയില്ലെന്നല്ലേ വിചാരിക്കേണ്ടതു്. എങ്ങിനെയായാലും നമുക്കു ലഭിച്ചിരിക്കുന്ന അലങ്കാരഗ്രന്ഥങ്ങളെ ആധാരമാക്കി നോക്കുന്നതായാൽ പ്രാചീനതയിൽ പ്രഥമസ്ഥാനത്തെ അൎഹിക്കുന്ന ആലങ്കാരികൻ ഭാമഹൻ തന്നെയാണെന്നുവേണം പറവാൻ. ഭരതമഹൎഷി ഭാമഹനേക്കാൾ പ്രാചീനനാണെന്നിരിക്കിലും അദ്ദേഹത്തിന്നു നാട്യശാസ്ത്രകാരനെന്നല്ലാതെ ആലങ്കാരികനെന്നു പ്രസിദ്ധിയില്ലല്ലോ.

ഭാമഹന്റെ കാലം. ഭാമഹന്റെ കാലം 'കൃത്യ'മായി പറയുന്നതിന്നു തക്ക തെളിവൊന്നുമില്ലെങ്കിലും ഭട്ടബാണന്നു മുമ്പും ദിങ്നാഗാചാൎയ്യന്നു പിമ്പുമാണെന്നു വിചാരിക്കാൻ ന്യായം കാണുന്നുണ്ടു്. ധ്വന്യാലോകത്തിൽ ചതുൎത്ഥോദ്ദ്യോതത്തിലെ * "ദൃഷ്ടപൂൎവ്വാ അപി" എന്ന കാരികയുടെ വൃത്തിയിൽ,

† "ശേഷോ ഹിമഗിരിസ്ത്വഞ്ച മഹാന്തോ ഗുരവഃ സ്ഥിരാഃ
യദലംഘിതമൎയ്യാദാ-ശ്ചലന്തീം ബിഭ്രതേ ഭുവം."

എന്ന പദ്യമുണ്ടായിരിക്കിലും ‡ "ധരണീധാരണായ അധുനാ ത്വം ശേഷഃ" എന്ന വാക്യത്തിന്നു ശബ്ദശക്ത്യുദ്ഭവാനുരണനരൂപവ്യംഗ്യപ്രകാരസമാശ്രയത്താൽ നവത്വമുണ്ടെന്നു പറഞ്ഞിരിക്കുന്നതിൽനിന്നു ഭാമഹൻ ബാണനേക്കാൾ പ്രാചീനനാണെന്നു നിശ്ചയിക്കാവുന്നതാണു്. § "ശേഷോ ഹിമ—" എന്ന പദ്യം ഭാമഹന്റേതും $ "ധരണീധാരണായ—" എന്ന വാക്യം ബാണന്റേതുമാണല്ലോ. ബാണൻ

* ഉദ്ദ്യോതം 4, കാരിക 4. † ഉദ്ദ്യോതം 4, ഭാഗം 236. ‡ ടി.
§ കാവ്യാലങ്കാരം, പരിച്ഛേദം 3, ശ്ലോകം 28.
$ ഹൎഷചരിതം, ഉച്ഛ്വാസം 6, ഭാഗം 47.

സ്ഥാണ്വീശ്വരരാജഹർഷവർദ്ധനന്റെ ആസ്ഥാനകവിയായിരുന്നു വെന്നും ഹഷ്വദ്ധനൻ രാജ്യഭാരം ചെയ്തിരുന്നതു് ക്രിസ്ത്വാബ്ദം 606 മുതൽ 648 വരെയായിരുന്നുവെന്നും ചരിത്രകാരന്മാർ തീച്ച്പ്പെടുത്തീട്ടുള്ളതുകൊണ്ടു് ഏഴാം നൂററാണ്ടിന്റെ ആദിയിൽ ജീവിച്ചിരുന്ന ബാണഭട്ടനു മുമ്പാണു് ഭാമഹനെന്നു നമുക്കു നിശ്ചയിക്കാം. അതുപോലെ,

* "പ്രത്യക്ഷം കല്പനാപോഢം തതോൎത്ഥാദിതി കേചന"

† "ത്രിരൂപാല്ലിംഗതോ ജ്ഞാനം അനുമാനഞ്ച കേചന •
തദ്വിദോ നാന്തരീയാൎത്ഥ-ദർശനം ചാപരേ വിദുഃ."

എന്നിങ്ങിനെ ഭാമഹൻ അനുവദിച്ചിരിക്കുന്ന പ്രമാണലക്ഷണങ്ങളിൽ ‡"കല്പനാപോഢം" എന്ന പ്രത്യക്ഷലക്ഷണവും §"തദ്വിദോ നാന്തരീയാൎത്ഥദൎശനം" എന്ന അനുമാനലക്ഷണവും ദിങ്നാഗാചാൎയ്യന്റേയും $"തതോൎത്ഥാൽ" എന്ന പ്രത്യക്ഷലക്ഷണം അദ്ദേഹത്തിന്റെ ഗുരുവായ വസുബന്ധുവിന്റേയും ആണെന്ന 'ന്യായവാൎത്തിക'ത്തിന്റെ വ്യാഖ്യാനമായ വാചസ്പതിമിശ്രന്റെ 'താൽപൎയ്യടീക'യിൽനിന്നു മനസ്സിലാകുന്നതുകൊണ്ടു് ദിങ്നാഗനു ശേഷമാണു് ഭാമഹനെന്നുള്ളതും തീച്ച്യാണു്. ദിങ്നാഗന്റെ ഗുരുവായ വസുബന്ധുവിന്റെ കാലം ക്രിസ്ത്വവഷം 280 മുതൽ 360 വരെയാണെന്നും 420 മുതൽ 500 വരെയാണെന്നും രണ്ടു പക്ഷം കാണുന്നുണ്ടു്. ഇത്രയുംകൊണ്ടു് കാവ്യാലങ്കാരകൎത്താവായ ഭാമഹന്റെ കാലം ക്രിസ്ത്വവഷം 400നു മുമ്പും 600നു പിമ്പും ആവാൻ വഴിയില്ലെന്നു സിദ്ധിക്കുന്നതിനാൽ സുമാറു് ആറാം നൂററാണ്ടായിരിക്കണമെന്നു വിചാരിക്കാമെന്നു മാത്രം.

"അവലോക്യ മതാനി സൽകവീനാം
അവഗമ്യ സ്വധിയാ ച കാവ്യലക്ഷ്മ
സുജനാവഗമായ ഭാമഹേന
ഗ്രഥിതം രക്രിലഗോമിസൂനുനേദം."

എന്ന അവസാനപദ്യത്തിൽനിന്നു ഭാമഹൻ രക്രിലഗോമിയുടെ പുത്രനാണെന്നു മനസ്സിലാകുന്നു. രാഹുല, പോത്തല, സോമില മുതലായ ബൌദ്ധനാമങ്ങളോടുള്ള സാദൃശ്യം നിമിത്തം ഭാമഹൻ ബൌദ്ധ

* പരിച്ഛേദം 5, ശ്ലോ. 6. † ടി. പദ്യം 11. ‡ ന്യായവാൎത്തികതാൽപൎയ്യടീക, അ. 1, ആ. 1, സൂ. 4, പ്ര. 3. § ടി. അ. 1, ആ. 2, സൂ. 5, പ്ര. 3.
$ ടി. അ. 1, ആ. 1, സൂ. 4, പ്ര. 3.

നാണെന്നു ചിലക്ക് അഭിപ്രായമില്ലെന്നില്ല. ഈ അഭിപ്രായം ശരിയല്ലെന്നു പണ്ഡിതവടുകനാഥശൎമ്മ, (എം. എ. സാഹിത്യോപാദ്ധ്യായ) അവർകഠം ഭാമഹാലങ്കാരത്തിൻെറ Introduction-ൽ പ്രതിപാദിച്ചിട്ടുണ്ട്.

നമുക്കു ലഭിച്ചിരിക്കുന്ന ഗ്രന്ഥങ്ങളെ ആധാരമാക്കി നോക്കുന്നതായാൽ ഭാമഹന്നു ശേഷം അലങ്കാരവിവേചനത്തിൽ പ്രവൎത്തിച്ചിരിക്കുന്നതു് ആചാൎയ്യദണ്ഡിയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ദണ്ഡി തൻെറ കാവ്യാദൎശത്തിൽ, 35 അൎത്ഥാലങ്കാരങ്ങഠം നിരൂപിച്ചിട്ടുണ്ട്. സംഖ്യയിൽ ഭാമഹൻേറതിൽനിന്ന് ഒന്നു കുറവാണെങ്കിലും ഭാമഹൻ പറയാത്ത ആവൃത്തിയും അദ്ദേഹം നിരസിച്ചിരിക്കുന്ന ഹേതു, സൂക്ഷ്മം, ലേശം എന്നിവയും ദണ്ഡി സ്വീകരിച്ചിരിക്കുന്നു. എങ്കിലും ഭാമഹൻെറ ഉപമേയോപമ, അനന്വയം, സന്ദേഹം എന്നിവയെ ഉപമാപ്രഭേദമായും ഉപമാരൂപകത്തെ രൂപകപ്രഭേദമായും ഉൽപ്രേക്ഷാവയവത്തെ ഉൽപ്രേക്ഷാപ്രഭേദമായുമല്ലാതെ പ്രത്യേകം അലങ്കാരങ്ങളായി ദണ്ഡി ഗണിച്ചിട്ടില്ല. ദണ്ഡി ഓരോ അലങ്കാരത്തിന്ന് അനേകം പ്രഭേദങ്ങളെക്കൂടി കല്പിച്ചു വിവരിക്കുന്നുണ്ടെന്നൊരു വിശേഷമുണ്ട്. ശബ്ദാലങ്കാരവിഷയത്തിൽ ഭാമഹനെപ്പോലെ ദണ്ഡി അനുപ്രാസവും യമകവുംകൊണ്ടു തൃപ്തിപ്പെടുന്നില്ല. ഗോമൂത്രിക, അൎദ്ധഭ്രമം, സൎവ്വതോഭദ്രം, സ്വരനിയമം, സ്ഥാനനിയമം, വർണനിയമം, എന്നിവയും 16 തരം പ്രഹേളികാപ്രകാരങ്ങളും വിവരിച്ചു നിരൂപിച്ചിരിക്കുന്നു.

ദണ്ഡിയുടെ കാവ്യാദർശം.

ആചാൎയ്യദണ്ഡിയുടെ കാലം ക്രിസ്ത്വാബ്ദം 7-ാംനൂററാണ്ടിൻെറ അവസാനഭാഗമോ 8-ാംനൂററാണ്ടിൻെറ ആദ്യഭാഗമോ ആയിരിക്കേണമെന്ന് അദ്ദേഹത്തിൻെറ 'അവന്തിസുന്ദരീകഥ'യെ അവലംബിച്ച് അഭ്യൂഹിക്കാവുന്നതാണ്.

ദണ്ഡിയുടെ കാലം.

അതിൻെറ ഉപോദ്ഘാതത്തിൽ,

"ഭിന്നസ്തീക്ഷ്ണമുഖേനാപി ചിത്രം ബാണേന നിർവ്യഥഃ
വ്യാഹാരേഷു ജഹൌ ലീലാം ന മയൂരഃ—"

എന്നിങ്ങിനെ ബാണനേയും മയൂരനേയും സ്മരിച്ചു കാണുന്നു. ബാണൻ ഹർഷവൎദ്ധനൻെറ ആസ്ഥാനകവിയായിരുന്നുവെന്നും ഹർഷ

വർദ്ധനൻ രാജ്യം ഭരിച്ചിരുന്നതു് 606 മുതൽ 648 വരെയാണെന്നും മുമ്പു തന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. കൂടാതെ, ഏകദേശം 580-ൽ രാജ്യഭരണം നടത്തിയിരുന്ന ദുർവിനീതൻ, സിംഹവിഷ്ണു എന്നീ രാജാക്കന്മാരുടെ സമകാലികനായ ഭാരവിയുടെ പ്രപൌത്രനാണു് ദണ്ഡി എന്നും അതിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതിൽനിന്നെല്ലാം ആചാര്യദണ്ഡിയുടെ കാലം ഏഴാം നൂററാണ്ടിൻെറ അവസാനമോ എട്ടാം നൂററാണ്ടിൻെറ ആദ്യമോ ആണെന്നു ഏതാണ്ടു നിശ്ചയിക്കാമല്ലോ.

ഉദ്ഭടാലങ്കാരം.

ഭാമഹീയമായ കാവ്യാലങ്കാരത്തിൻെറ രണ്ടും മൂന്നും പരിച്ഛേദങ്ങളുടെ ഒരു തരം പരിഷ്കാരം മാത്രമാണു് ഉദ്ഭടൻെറ കാവ്യാലങ്കാരസാരസംഗ്രഹം. അർത്ഥാലങ്കാരം മുപ്പത്തേഴെണ്ണവും ശബ്ദാലങ്കാരം നാലെണ്ണവുമാണു് അദ്ദേഹം നിർദ്ദേശിച്ചിരിക്കുന്നതു്. ഭാമഹൻ നിരാകരിച്ചിരിക്കുന്ന ഹേതുസൂക്ഷ്മലേശങ്ങളിൽ ഹേതുവിനെ മാത്രം ഇദ്ദേഹം സ്വീകരിക്കയും ഭാമഹനും ദണ്ഡിയും അംഗീകരിച്ചിരിക്കുന്ന ആശിസ്സിനെ ഉപേക്ഷിക്കയും ചെയ്തിരിക്കുന്നു. കൂടാതെ ഭാമഹൻെറ ഉപമാരൂപകവും ഉൽപ്രേക്ഷാവയവവും എടുത്തിട്ടില്ല. ഭാമഹൻ പറയാത്തതായ പ്രതിവസ്തൂപമ, ദൃഷ്ടാന്തം എന്നിവയെ പ്രത്യേകം നിർദ്ദേശിച്ചിട്ടുമുണ്ടു്. ശബ്ദാലങ്കാരങ്ങളിൽ യമകത്തെ ഉപേക്ഷിക്കയും അതിന്നു പകരം പുനരുക്തവദാഭാസത്തെ സ്വീകരിക്കയും ചെയ്തിരിക്കുന്നതിന്നു പുറമെ അനുപ്രാസത്തെ ഛേകാനുപ്രാസം, വൃത്ത്യനുപ്രാസം, ലാടാനുപ്രാസം എന്നിങ്ങിനെ മൂന്നു തരത്തിൽ പ്രത്യേകാലങ്കാരങ്ങളായി നിർദ്ദേശിക്കയും ചെയ്തിരിക്കുന്നു.

കല്ഹണൻെറ രാജതരംഗിണിയിൽ,

ഉദ്ഭടൻെറ കാലം.

* "വിദ്വാൻ ദീനാരലക്ഷേണ പ്രത്യഹം കൃതവേതനഃ
ഭട്ടോഭൂദുദ്ഭടസ്തസ്യ ഭൂമിഭർത്തുഃ സഭാപതിഃ."

എന്നിങ്ങിനെ ഭട്ടോദ്ഭടൻ ജയാപീഡൻെറ സഭാപതിയായിരുന്നുവെന്നും ദിവസംതോറും ലക്ഷം ദീനാരമായിരുന്നു ശമ്പളം വാങ്ങിയിരുന്നതെന്നും പറഞ്ഞുകാണുന്നതിൽനിന്നു് അദ്ദേഹത്തിൻെറ കാലം നമുക്കു ഒരുവിധം നിശ്ചയിക്കാം. ദീനാരമെന്നതു് തിരുവിതാംകൂറിലെ കൊച്ചുകാശിലും ചെറിയതായിരിക്കുമോ ആവോ!

* തരംഗം 4, ശ്ലോകം 495.

അഥവാ,

*"യഥാ പ്രബുദ്ധഃ പ്രത്യൂഷേ പ്രാപ താമ്രാകരം ഗിരിം
സ തസ്മാൽ ക്രമരാജ്യസ്ഥാൽ താമ്രമാകൃഷ്യ നിർമ്മമേ
ശതം ദീനാരകോടീനാമേകോനം സ്വാഭിധാങ്കിതം
പൂർണ്ണം കോടിശതം കുര്യാദ്യസ്സ മാം നിർജ്ജയേദിതി."

എന്നിങ്ങിനെ മഹാപദ്മനെന്ന നാഗേന്ദ്രൻ കാണിച്ചുകൊടുത്ത താമ്രഗിരിയിൽനിന്നു ചെമ്പെടുത്തു ദീനാരം ഉണ്ടാക്കാൻ കഴിയുന്ന ജയാപീഡന്നു് അതു ശക്യമാണെന്നു വിചാരിച്ചുക്കൂടെന്നില്ല. അതെന്തായാലും, കാശ്മീരരാജാവായ ജയാപീഡൻെറ രാജ്യഭരണകാലം ക്രിസ്താബ്ദം 779 മുതൽ 813 വരെയാകയാൽ എട്ടും ഒമ്പതും നൂററാണ്ടുകളുടെ ഇടയ്ക്കാണു് ഭട്ടോദ്ഭടൻ ജീവിച്ചിരുന്നതെന്നു് ഒരുവിധം നിർണയിക്കാം.

ഭാമഹൻ, ദണ്ഡി, ഉദ്ഭടൻ എന്നീ മൂന്നുപേരും അലങ്കാരപ്രാധാന്യവാദികളാണു്. ഗുണം, രീതി, രസം, എന്നിവയെ അലങ്കാരങ്ങളുടെ കൂട്ടത്തിൽ ഗണിക്കുകയല്ലാതെ അതിൽ കവിഞ്ഞ സ്ഥാനം അവർ അവയ്ക്കു നൽകീട്ടില്ല.

രസഭാവഗുണാദികൾക്കു് ഭാമഹൻ കൊടുത്തിരിക്കുന്ന സ്ഥാനം.

†"മാധുര്യമഭിവാഞ്ഛന്തഃ പ്രസാദം ച സുമേധസഃ
സമാസവന്തി ഭൂയാംസി ന പദാനി പ്രയുഞ്ജതേ."
"കേചിദോജോഭിധിത്സന്തഃ സമസ്യന്തി ബഹൂന്യപി
യഥാ മന്ദാരകുസുമ-രേണുപിഞ്ജരിതാലകാ."
"ശ്രവ്യം നാതിസമസ്താർത്ഥം കാവ്യം മധുരമിഷ്യതേ
ആ വിദ്വദംഗനാബാല-പ്രതീതാർത്ഥം പ്രസാദവൽ."

എന്നിങ്ങിനെ മാധുര്യാദിഗുണത്രയം ഭാമഹൻ നിർദേശിച്ചിട്ടുള്ളതു തന്നെ അലങ്കാരപരിച്ഛേദത്തിലാകുന്നു. അത്രമാത്രമല്ല,

"ഷഷ്ട്യാ ശരീരം നിർണീതം ശതഷഷ്ട്യാത്വലംകൃതിഃ
പഞ്ചാശതാ ദോഷദൃഷ്ടിഃ സപ്തത്യാ ന്യായനിർണയഃ."
"ഷഷ്ട്യാ ശബ്ദസ്യ ശുദ്ധിഃ സ്യാ-ദിത്യേവം വസ്തുപഞ്ചകം
ഉക്തം ഷഡ്ഭിഃ പരിച്ഛേദൈ-ർഭാമഹേന ക്രമേണ വഃ."

* തരംഗം 4, ശ്ലോ. 616, 617, 618.
† കാവ്യാലങ്കാരം പരിച്ഛേദം 2, ശ്ലോ. 1, 2, 3.

എന്നിങ്ങിനെ കാവ്യശരീരം അലങ്കാരം, ദോഷദർശനം, ന്യായനിർണയം, ശബ്ദശുദ്ധി എന്ന അഞ്ചു വിഷയങ്ങളെയാണ് ആറുപരിച്ഛേദങ്ങളിലായി യഥാക്രമം അറുപതും, നൂററുപതും, അമ്പതും, എഴുപതും, അറുപതും പദ്യങ്ങളെക്കൊണ്ടു് പ്രതിപാദിച്ചിരിക്കുന്നതെന്നു ഗ്രന്ഥാവസാനത്തിൽ ഭാമഹൻ തുറന്നു പറഞ്ഞിട്ടുണ്ടു്. അതിൽ അലങ്കാരപ്രതിപാദകങ്ങളാണെന്നു പറഞ്ഞിരിക്കുന്ന ആ നൂററുപതുപദ്യങ്ങളിൽ ഉൾപ്പെടുന്നതാണ് "മാധുര്യം—" ഇത്യാദി പദ്യങ്ങളും. അതിനാൽ ഭാമഹപക്ഷത്തിൽ മാധുര്യാദിഗുണത്രയവും അലങ്കാരവിശേഷം തന്നെയാണെന്നു തീർച്ചയാവുന്നു.

*"ഗൌഡീയമിദമേതത്തു വൈദർഭമിതി കിം പൃഥക്
ഗതാനുഗതികാന്യായാ-നാനാഖ്യേയമമേധസാം."

എന്നു പറയുന്ന ഭാമഹൻ രീതിയെ തീരെ വിലവെയ്ക്കുന്നില്ലെന്നതും തീർച്ചയാണ്. രസഭാവാദികളെ രസവദാദ്യലങ്കാരങ്ങളായി മാത്രമാണ് സ്വീകരിച്ചിരിക്കുന്നതെന്നുള്ളതും സ്പഷ്ടമാകുന്നു. അതിനാൽ, കാവ്യത്തിൽ പ്രധാനം അലങ്കാരമാണെന്ന പക്ഷമാണ് ഭാമഹനുള്ളതു്. ഈ വസ്തുത അദ്ദേഹം തന്നെ,

†"യുക്തം വക്രസ്വഭാവോക്ത്യാ സർവ്വമേവൈതദിഷ്യതേ"

എന്ന കാരികാർദ്ധംകൊണ്ടു വ്യക്തമാക്കീട്ടുമുണ്ടു്. വക്രോക്തി, സ്വഭാവോക്തി എന്നീ രണ്ടു തരത്തിലുള്ള അലങ്കാരങ്ങളോടു കൂടിയ വാങ്മയമൊക്കെയും കാവ്യമായി സ്വീകരിക്കപ്പെടുന്നു എന്നല്ലേ പ്രകൃതപംക്തിയുടെ അർത്ഥം? ഇതുകൊണ്ടുതന്നെ കാവ്യജീവിതം അലങ്കാരമാണെന്നും ഗുണം, രീതി, രസം, ഭാവം എന്നിവയൊക്കെയും അവയിൽ അന്തർഭൂതമോ അവയ്ക്കു് ഉപസ്കാരകമോ മാത്രമാണെന്നും സിദ്ധിക്കുന്നുണ്ടല്ലോ.

ദണ്ഡി കൊടുത്തിരിക്കുന്ന സ്ഥാനം.

ദണ്ഡി വൈദർഭി, ഗൌഡി എന്നീ രീതികളെ സ്വീകരിച്ചു ധർമ്മങ്ങളായ ഗുണങ്ങൾ വഴിക്ക് അവ പ്രസ്പഷ്ടാന്തരങ്ങളാണെന്നു സപ്രപഞ്ചം പ്രതിപാദിക്കുന്നുണ്ടു്. ഗുണങ്ങളാകട്ടെ ഭാമഹൻ പറഞ്ഞപ്രകാരം മൂന്നല്ല, ദണ്ഡിയുടെ പക്ഷത്തിൽ പത്തെണ്ണമുണ്ടു്. ആ പത്തും വൈദർഭിക്കുള്ളതാണ്. പ്രായേണ തദ്വിപര്യയമാണ് ഗൌഡിക്ക്. എങ്കിലും

* പരിച്ഛേദം 1, ശ്ലോകം 31. † പരിച്ഛേദം 1, ശ്ലോകം 30.

ഈവകയെല്ലാം അലങ്കാരപ്രകാരത്തിൽത്തന്നെ അന്തർഭവിക്കുന്നവയാണെന്നാകുന്നു ദണ്ഡിയുടേയും അഭിപ്രായം.

*"ശ്ലേഷഃ പ്രസാദസ്സമതാ മാധുൎയ്യം സുകുമാരതാ
അൎത്ഥവ്യക്തിരുദാരത്വ-മോജഃകാന്തിസമാധയഃ
ഇതി വൈദർഭമാർഗസ്യ പ്രാണാ ദശ ഗുണാഃ സ്മൃതാഃ."

എന്നിങ്ങിനെ മാർഗവിഭാഗത്തിന്നായി നിർദ്ദേശിച്ച ഗുണങ്ങളെ ഉദ്ദേശിച്ച്,

†"കാശ്ചിന്മാർഗവിഭാഗാൎത്ഥം ഉക്താഃ പ്രാഗപ്യലംക്രിയാഃ"

എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു ഗുണങ്ങളൊക്കെയും അലങ്കാരപ്രഭേദങ്ങളാണെന്നുള്ള പക്ഷക്കാരനാണ് ആചാൎയ്യദണ്ഡി എന്നു തെളിയുന്നുണ്ടല്ലോ. വൈദർഭിയുടെ പ്രാണഭൃതങ്ങളായ പത്തു ഗുണങ്ങൾപോലും അലങ്കാരപ്രഭേദങ്ങളായി അഭിപ്രായപ്പെട്ടിരിക്കുന്ന സ്ഥിതിക്കു ശരീരഭൃതമായ രീതിയുടെ കാൎയ്യത്തെക്കുറിച്ചു ചിന്തിക്കാനെന്തുള്ളു? അവ ശബ്ദാലങ്കാരകക്ഷ്യയെ ഒരു വിധത്തിലും അതിശയിക്കാനവകാശമില്ല തന്നെ. രസഭാവാദിയൊക്കെയും രസവദാദ്യലങ്കാരമായിട്ടാണ് നിരൂപിക്കപ്പെട്ടിരിക്കുന്നതും. ആകയാൽ, ആചാൎയ്യദണ്ഡിയും ഭാമഹനെപ്പോലെ അലങ്കാരപ്രാധാന്യവാദിതന്നെയാകുന്നു.

ഉദ്ഭടൻ കൊടുത്തിരിക്കുന്ന സ്ഥാനം.

ഭാമഹോപജീവിയായ ഉദ്ഭടൻ അലങ്കാരപ്രാധാന്യവാദിയാണെന്നതിൽ സംശയത്തിന്നിടയില്ല. ഇദ്ദേഹം ഗുണരീതികളെപ്പററി തന്റെ കാവ്യാലങ്കാരസാരസംഗ്രഹത്തിൽ ശബ്ദിക്കുന്നതേ ഇല്ലെങ്കിലും "ഉദ്ഭടാദിഭിസ്തു ഗുണാലങ്കാരാണാം പ്രായശസ്സാമ്യമേവസൂചിതം" എന്ന 'അലങ്കാരസൎവ്വസ്വ'വാക്യംകൊണ്ടു ഗുണാലങ്കാരവ്യത്യാസം വകവെച്ചിട്ടില്ലെന്നു നിശ്ചയിക്കാവുന്നതാണ്. രസഭാവാദിയെ രസവദാദ്യലങ്കാരവിശേഷമായിട്ടാണ് തന്റെ കാവ്യാലങ്കാരസാരസംഗ്രഹത്തിൽ ഗണിച്ചിരിക്കുന്നതും. രസപ്രതീത്യുപായം അഞ്ചു തരത്തിലാണെന്നും, രസം ശൃംഗാരാദിശബ്ദവാച്യമാകാമെന്നും കൂടി അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു.

* കാവ്യാദൎശം, പരിച്ഛേദം 1, ശ്ലോ. 41, 42.
† കാവ്യാദൎശം, പരിച്ഛേദം 2, ശ്ലോ. 3.

*"സ്വശബ്ദസ്ഥായിസഞ്ചാരിവിഭാവാഭിനയാസ്പദം" എന്ന കാരികയും, †"യദുക്തം ഭട്ടോദ്ഭടേന പഞ്ചരൂപാ രസാ ഇതി" ഇത്യാദി വ്യാഖ്യാനവും നോക്കുക.

ഇങ്ങിനെ പ്രാചീനന്മാരായ ഭാമഹൻ, ദണ്ഡി, ഉദ്ഭടൻ എന്നീ മൂന്ന് ആലങ്കാരികന്മാരും കാവ്യത്തിൽ പ്രധാനം അലങ്കാരമാണെന്നുള്ള പക്ഷക്കാരാണെന്നു സിദ്ധിക്കുന്നു.

വാമനപക്ഷവും കാലവും.

അലങ്കാരപ്രാധാന്യപക്ഷത്തിൽനിന്ന് ആദ്യമായി വ്യതിചലിച്ചിട്ടുള്ളത് ഉദ്ഭടസമാനകാലികനായി വിചാരിക്കാവുന്ന വാമനാചാര്യനാകുന്നു,

‡"മനോരഥ ശ്ശംഖദത്ത-ശ്ചടകസ്സന്ധിമാംസ്തഥാ
ബഭൂവുഃ കവയസ്തസ്യ വാമനാദ്യാശ്ച മന്ത്രിണഃ."

എന്നിങ്ങിനെ കാശ്മീരരാജാവായ ജയാപീഡൻെറ മന്ത്രിയായിരുന്നുവെന്നു കല്ഹണൻ രാജതരംഗണിയിൽ പറഞ്ഞിരിക്കുന്നതിനാൽ വാമനൻ ജയാപീഡൻെറ ആസ്ഥാനപണ്ഡിതനായ ഉദ്ഭടൻെറ സമാനകാലികനാണെന്നു നിശ്ചയിക്കാം.

§ഭരതനെ അനുസരിച്ച് ആചാര്യദണ്ഡി ആകെ 10 ഗുണങ്ങളെയാണ് നിർദ്ദേശിച്ചിരിക്കുന്നത്. അവ ശബ്ദഗുണമോ അർത്ഥഗുണമോ എന്നൊന്നും അദ്ദേഹം എടുത്തു പറഞ്ഞിട്ടില്ലെങ്കിലും ലക്ഷണലക്ഷ്യങ്ങളിൽനിന്നു ശ്ലേഷം, സമതാ, സൌകുമാര്യം, ഓജസ്സ് എന്നീ നാലും ശബ്ദഗുണവും പ്രസാദം, അർത്ഥവ്യക്തി, ഉദാരത, കാന്തി, സമാധി എന്നീ അഞ്ചും അർത്ഥഗുണവും മാധുര്യം ശബ്ദാർത്ഥോഭയഗുണവുമായി ഗ്രഹിക്കാമെന്നേയുള്ളൂ. വാമനനാകട്ടെ, പത്ത് ശബ്ദഗുണങ്ങളേയും പത്ത് അർത്ഥഗുണങ്ങളേയും വെവ്വേറെ നിർദ്ദേശിക്കുന്നു. എന്നുമാത്രമല്ല, ഗുണങ്ങൾക്കും അലങ്കാരങ്ങൾക്കും വ്യത്യാസം ആദ്യമായി പ്രതിപാദിച്ചിരിക്കുന്നതും വാമനനാകുന്നു. കൂടാതെ, ഗുണവിശിഷ്ടപദരചനയായ രീതിയാണ് കാവ്യാത്മാവെന്നും അത് വൈദർഭി, ഗൌഡി, പാഞ്ചാലി എന്നു മൂന്നു പ്രകാരത്തിലാണെന്നും അഭിപ്രായപ്പെടുന്നുണ്ട്.

* വർഗം 4, കാരിക 3. † ടി. ലഘുവൃത്തി ഭാഗം 53.

‡ രാജതരംഗിണി. തരംഗം 4, ശ്ലോ. 497.

§"ശ്ലേഷഃ പ്രസാദസ്സമതാ സമാധിർമാധുര്യമോജഃ പദസൌകുമാര്യം
അർത്ഥസ്യ ച വ്യക്തിരുദാരതാ ച കാന്തിശ്ച കാവ്യസ്യ ഗുണാ ദശൈതേ."
(നാട്യശാസ്ത്രം, അദ്ധ്യായം 16, പദ്യം 96.)

*"രീതിരാത്മാ കാവ്യസ്യ" എന്ന വാമനസൂത്രത്തിലെ ആത്മശബ്ദം †സ്വഭാവവാചിയാണെന്നാകുന്നു പ്രകൃതഗ്രന്ഥത്തിൻെറ വ്യാഖ്യാനമായ 'കാമധേനു'വിൽ ഗോപേന്ദ്രതിപ്പഭൂപാലൻ പറഞ്ഞിരിക്കുന്നതു്. എല്ലാംകൊണ്ടും അലങ്കാരത്തിന്നും ഗുണത്തിന്നും തമ്മിൽ വൈലക്ഷണ്യമുണ്ടെന്നും അലങ്കാരത്തെ അപേക്ഷിച്ചു പ്രാധാന്യം ഗുണത്തിനാണെന്നുമാണു് വാമനൻെറ പക്ഷം.

‡"യുവതേരിവ രൂപമംഗ, കാവ്യം
സ്വദതേ ശുദ്ധഗുണം തദപ്യതീവ
വിഹിതപ്രണയം നിരന്തരാഭി-
സ്സദലങ്കാരവികല്പകല്പനാഭിഃ."
"യദി ഭവതി വചശ്ച്യുതം ഗുണേഭ്യോ
വപുരിവ യൌവനവന്ധ്യമംഗനായാഃ
അപി ജനദയിതാനി ദുർഭഗത്വം
നിയതമലങ്കരണാനി സംശ്രയന്തേ."
§" 'പൂർവ്വേ നിത്യാഃ' പൂർവ്വേ=ഗുണാഃ നിത്യാഃ,
തൈർവ്വിനാ കാവ്യശോഭാനുൽപത്തേഃ."

എന്ന ശ്ലോകങ്ങളും, സൂത്രവും, വിവരണവും അതിലേക്കു തെളിവാണല്ലോ. വാമനനു ശബ്ദാലങ്കാരങ്ങൾ രണ്ടേയുള്ളു, യമകവും അനുപ്രാസവും. അർത്ഥാലങ്കാരങ്ങളാകട്ടെ ഉപമയും ഉപമാപ്രപഞ്ചവും മാത്രമാണു്. അവ ആകെ മുപ്പതെണ്ണം മാത്രം. ഭാമഹാദികളെപ്പോലെ രസവദലങ്കാരങ്ങളെ വാമനൻ സ്വീകരിക്കുന്നില്ല. രസാദിയെ അദ്ദേഹം അർത്ഥഗുണമായ കാന്തിയായിട്ടാണു് ഗണിക്കുന്നതു്.

$"ദീപ്തരസത്വം കാന്തിഃ എന്ന സൂത്രവും

ദീപ്താഃ രസാഃ ശൃംഗാരാദയോ യസ്യ്യസഃ ദീപ്തരസഃ തസ്യ ഭാവോ ദീപ്തരസത്വം കാന്തിഃ യഥാ,—

* അധികരണം 1, അദ്ധ്യായം 2, സൂത്രം 6.

† "കരങ്കഗാത്രകല്പകർക്കശതക്ര്വാക്യവൈലക്ഷണ്യപ്രകടനപ്രഗല്ഭസ്ഫുരത്താഹേതുഃ കശ്ചന സ്വഭാവോ വാത്മേത്യുച്യതേ."
(അധികരണം 1, അദ്ധ്യായം 2, *p.* 15, 16 *Sri Vani Vilas Edition.*)

‡ അധികരണം 3, അദ്ധ്യായം 2, ഭാഗം 70.

§ അധികരണം 3, അദ്ധ്യായം 2, ഭാഗം 81, 82.

$ അധികരണം 3, അദ്ധ്യായം 2, ഭാഗം 95.

"പ്രേയാൻ സോയമപാകൃതസ്സശപഥം പാദാനതഃ കാന്തയാ
ദ്വിത്രാണ്യേവ പദാനി വാസഭവനാദ്യാവന്ന യാത്യുന്മനാഃ
താവൽ പ്രച്യുതപാണിസമ്പുടലസന്നീവീനിബന്ധം ധൃതോ
ധാവിത്വൈവ കൃതപ്രണാമമഹഹാ പ്രേമ്ണോ വിചിത്രാ ഗതിഃ"

ഏവം രസാന്തരേഷ്വപ്യുദാഹാൎയ്യം" എന്ന വൃത്തിഗ്രന്ഥവും നോക്കുക. എന്നാൽ, ശബ്ദാൎത്ഥഗുണവിവേകപ്രപഞ്ചനം വാമനോപജ്ഞമാണെന്നു വിചാരിക്കവേണ്ട. ശബ്ദഗുണങ്ങളെ സംബന്ധിച്ച്, വാമനൻതന്നെ സ്വമതസംവാദത്തിന്നായി "ശ്ലോകാശ്ചാത്ര ഭവന്തി" എന്നു പറഞ്ഞുകൊണ്ട് ഉദാഹരിച്ചിരിക്കുന്ന,—

ശബ്ദാൎത്ഥഗുണ വിഭാഗം വാമനോപജ്ഞമല്ല.

*"പദന്യാസസ്യ ഗാഢത്വം വദന്ത്യോജഃ കവീശ്വരാഃ
അനേനാധിഷ്ഠിതാഃ പ്രായഃ ശബ്ദാഃ ശ്രോത്രരസായനം
ശ്ലഥത്വമോജസാ മിശ്രം പ്രസാദം ച പ്രചക്ഷതേ
അനേന ന വിനാ സത്യം സ്വദതേ കാവ്യപദ്ധതിഃ
യത്രൈകപദവത്ഭാവഃ പദാനാം ഭൂയസാമപി
അനാലക്ഷിതസന്ധീനാം സ ശ്ലേഷഃ പരമോ ഗുണഃ
പ്രതിപാദം പ്രതിശ്ലോക-മേകമാൎഗപരിഗ്രഹഃ
ദുൎബന്ധോ ദുൎവ്വിഭാവശ്ച സമതേതി മതോ ഗുണഃ
ആരോഹന്ത്യവരോഹന്തി ക്രമേണ യതയോ ഹി യൽ
സമാധിൎന്നാമ സ ഗുണ-സ്തേന പൂതാ സരസ്വതീ
ബന്ധേ പൃഥക്പദത്വം ച മാധുൎയ്യമുദിതം ബുധൈഃ
അനേന ഹി പദന്യാസാഃ കാമം ധാരാ മധുച്യുതഃ
ബന്ധസ്യാജരഠത്വം ച സൌകുമാൎയ്യമുദാഹൃതം
ഏതേന വൎജ്ജിതാ വാചോ രൂക്ഷത്വാന്ന ശ്രുതിക്ഷമാഃ
വികടത്വം ച ബന്ധസ്യ കഥയന്തിഹ്യുദാരതാം
വൈചിത്ര്യം ന പ്രപദ്യന്തേ യയാ ശൂന്യാഃ പദക്രമാഃ
പശ്ചാദിവ ഗതിൎവ്വാചഃ പുരസ്താദിവ വസ്തുനഃ
യത്രാൎത്ഥവ്യക്തിഹേതുത്വാൽ സോൎത്ഥവ്യക്തിഃ

[സ്മൃതോ ഗുണഃ

* അധികരണം 3, അദ്ധ്യായം 1, ഭാഗം 81, 82.

ഔജ്ജ്വല്യം കാന്തിരിത്യാഹുർ-ഗുണം ഗുണവിശാരദാഃ
പുരാണചിത്രസ്ഥാനീയം തേനാവന്ധ്യം കവേർവ്വചഃ
യഥാ വിച്ഛിദ്യതേ രേഖാ ചതുരം ചിത്രപണ്ഡിതൈഃ
തഥൈവ വാഗപി പ്രാജ്ഞൈഃ സമസ്തഗുണഗുംഫിതാ."

എന്ന കാരികകൾ പരകീയങ്ങളാണല്ലോ. "അത്ര സംവാദം ദർശയൻ അമൂൻ ഗുണാൻ അന്യശ്ലോകൈരുപശ്ലോകയതി" എന്ന കാമധേനുകാരന്റെ പ്രകൃതത്തിലെ അവതാരികയും ശ്രദ്ധിക്കേണ്ടതാണ്. അത്ഥഗുണങ്ങളെ സംബന്ധിച്ച് അപ്രകാരം ഉദാഹരിച്ചിട്ടില്ലെങ്കിലും അത്ഥഗുണനിരൂപണാവസരത്തിൽ,—

*"ഗുണസ്ഫുടത്വസാകല്യേ കാവ്യപാകം പ്രചക്ഷതേ
ചൂതസ്യ പരിണാമേന സ ചായമുപമീയതേ
സുപ്തിങ്സംസ്കാരസാരം യൽ ക്ലിഷ്ടവസ്തുഗുണം ഭവേൽ
കാവ്യം വൃന്താകപാകം സ്യാൽ ജുഗുപ്സന്തേ ജനാസ്തതഃ
ഗുണാനാം ദശതാത്മകതാ യസ്യാത്ഥസ്തദപാത്ഥകം
ദാഡിമാനി ദശേത്യാദി ന വിചാരക്ഷമം വചഃ."

എന്ന പരകീയകാരികകളെ ഉപന്യസിച്ചിരിക്കുന്നതിൽനിന്ന് അത്ഥഗുണവും വാമനനു മുമ്പിൽ നിരൂപിക്കപ്പെട്ടിരിക്കുന്നതായി വിചാരിക്കുന്നതിൽ വലിയ അപാകമില്ലെന്നാണ് തോന്നുന്നത്.

എന്നാൽ, അതുപോലെ അലങ്കാരത്തേക്കാൾ പ്രാധാന്യം ഗുണത്തിനെന്ന വാദവും മുമ്പുണ്ടായിരുന്നുവെന്നു നിശ്ചയിക്കുന്നതിലേക്കു ഗമകമൊന്നും കാണുന്നില്ല. അതിനാൽ, ഗുണപ്രാധാന്യവാദം വാമനോപജ്ഞമാണെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. അത്രമാത്രമല്ല, അത്ഥാലങ്കാരം ഉപമയും ഉപമാപ്രപഞ്ചവും മാത്രമായി സങ്കോചിപ്പിച്ച് ആകപ്പാടെ ചുരുക്കിയിരിക്കുന്ന ആചായ്യവാമനന് അലങ്കാരത്തിന്റെ കുടുംബാഭിവൃദ്ധിപോലും അഭിമതമല്ലെന്നു പറയേണ്ടിയിരിക്കുന്നു. വാമനൻ ഗുണപ്രാധാന്യവാദംകൊണ്ട് ഇളക്കിവെച്ച അലങ്കാരപ്രാധാന്യത്തെ ആനന്ദവദ്ധനാചായ്യർ ധ്വനിപ്രസ്ഥാനംകൊണ്ടു പിഴുതുകളഞ്ഞുവെങ്കിലും അലങ്കാരത്തിന്റെ കുടുംബവൃദ്ധിയെ അദ്ദേഹം തടയുകയുണ്ടായിട്ടില്ല. നേരെമറിച്ച്, †"വാഗ്വികല്പാനാമാനന്ത്യാത്സംഭവത്യപി യസ്മിൻ കസ്മിംശ്ചിൽ പ്രകാരലേശേ—"

*അധികരണം 3, അദ്ധ്യായം 2. †ധ്വന്യാലോകം, ഉദ്ദ്യോതം 1, ഭാഗം 8.

*"വാച്യാലങ്കാരവർഗശ്ച രൂപകാദിര്യാവാനുക്തോ വക്ഷ്യതേ ച കൈശ്ചിൽ; അലങ്കാരാണാമനന്തത്വാൽ—" ഇത്യാദി വചനങ്ങളെ ക്കൊണ്ടു് വംശാഭിവൃദ്ധിക്കു വഴി തെളിയിക്കുകയാണു് ചെയ്തിരിക്കുന്നതു്. അൎത്ഥാലങ്കാരവർഗം ക്രമേണ വിപുലീഭവിച്ചു് അപ്പയ്യദീക്ഷിതരുടെ കാലത്തോടുകൂടി 120 എണ്ണമായിത്തീൎന്നിരിക്കുന്നതു് അതുകൊണ്ടുതന്നെ യാണുതാനും. ഇടയ്ക്കു ഹേമചന്ദ്രൻ, വാഗ്ഭടാലങ്കാരകാരൻ മുതലായ രണ്ടു മൂന്നു പേർ അൎത്ഥാലങ്കാരങ്ങളുടെ വിപുലീഭവനത്തെ ഒന്നു തട ഞ്ഞുനോക്കുകയുണ്ടായിട്ടുണ്ടെങ്കിലും അതൊന്നും ഫലപ്പെട്ടിട്ടില്ല. ഹേമ ചന്ദ്രൻ 29 എണ്ണംകൊണ്ടും വാഗ്ഭടൻ 35 എണ്ണംകൊണ്ടും തൃപ്തി പ്പെട്ടതുപോലെ മററുള്ള പ്രധാനാലങ്കാരികന്മാർ തൃപ്തിപ്പെട്ടു കാണു ന്നില്ല. കാവ്യപ്രകാശകാരൻ അറുപത്തിരണ്ടും, അലങ്കാരസൎവ്വസ്വ കാരൻ എഴുപത്താറും, ഏകാവലീകാരൻ എഴുപത്തിരണ്ടും, പ്രതാപ രുദ്രീയകാരൻ അറുപത്തൊമ്പതും, കാവ്യാനുശാസനകാരനായ വാഗ് ഭടൻ അറുപത്തിമൂന്നും, സാഹിത്യദൎപ്പണകാരൻ എഴുപത്തെട്ടും, †ച ന്ദ്രാലോകകാരൻ നൂററിപ്പത്തിമൂന്നും, കുവലയാനന്ദകാരൻ നൂററിരു പതും അൎത്ഥാലങ്കാരങ്ങളെ നിർദ്ദേശിച്ചിരിക്കുന്നു.

ആലങ്കാരികന്മാരിൽ അലങ്കാരപ്രാധാന്യവാദികൾ രസഭാവാ ദിയെ രസവദാദ്യലങ്കാരമായും, ഗുണപ്രാധാന്യവാദികൾ 'കാന്തി' എന്ന അൎത്ഥഗുണമായുമാണു് ഗണിച്ചിരിക്കുന്നതു്. വസ്ത്വ ലങ്കാരധ്വനികൾ യഥായോഗം സമാസോക്തി, ആ ക്ഷേപം, അനുക്തനിമിത്തവിശേഷോക്തി, പൎയ്യാ യോക്തം, അപഹ്നുതി, ദീപകം, അനന്വയം, അപ്രസ്തുതപ്രശംസ, വ്യാജസ്തുതി മുതലായ അലങ്കാരങ്ങളിൽ അന്തർഭവിക്കുമെന്നാണു് അല ങ്കാരപ്രാധാന്യവാദികളുടെ വിചാരം. അതുകൊണ്ടാണു് ധ്വന്യാലോ കത്തിലെ പ്രഥമോദ്ദ്യോതത്തിൽ ആനന്ദവൎദ്ധനാചാൎയ്യർ ഈവക അല ങ്കാരങ്ങളെക്കൊണ്ടു ധ്വനിപ്രഭേദമൊന്നും ചരിതാൎത്ഥമാവുകയില്ലെന്നു സപ്രപഞ്ചം സയുക്തികം പ്രതിപാദിച്ചിരിക്കുന്നതു്. ഗുണപ്രാധാന്യ വാദിയായ വാമനനാകട്ടെ വസ്ത്വലങ്കാരധ്വനികളെ ഏതാണ്ടു് സമാധി ഗുണം വക്രോക്ത്യലങ്കാരം എന്നിവയിലാണുൾപ്പെടുത്തിയിരിക്കുന്നതു്.

(ധ്വനിക്കു പ്രാചീനന്മാർ കൊടുത്തിരിക്കുന്ന സ്ഥാനം.)

* ധ്വന്യാലോകം, ഉദ്ദ്യോതം 2, ഭാഗം 88.

† സംസൃഷ്ടിയും സങ്കരവും ചന്ദ്രാലോകകാരനായ ജയദേവൻ പ്രത്യേകം അല ങ്കാരമല്ലെന്നു് അഭിപ്രായപ്പെട്ടിരിക്കുന്നു.

*"വാമനേന തു സാദൃശ്യനിബന്ധനായാ ലക്ഷണായാ വക്രോക്ത്യലങ്കാരത്വം ബ്രുവതാ കശ്ചിൽ ധ്വനിഭേദോലങ്കാരതയൈവോക്തഃ" എന്ന് അലങ്കാരസൎവ്വസ്വകാരൻ അഭിപ്രായപ്പെട്ടിരിക്കുന്നതു നോക്കുക.

കൂടാതെ,

ആനന്ദവൎദ്ധനാചാൎയ്യർ "തഥാപി ഗുണവൃത്ത്യാ കാവ്യേഷു വ്യവഹാരം ദൎശയതാ ധ്വനിമാർഗോ മനാക്‌സ്പൃഷ്ടോപി ന ലക്ഷിതഃ" എന്നു ധ്വന്യാലോകപംക്തികൊണ്ടു കടാക്ഷിക്കുന്ന വസ്തുത † ലോചനകാരൻ വെളിവാക്കുന്നുണ്ടുതാനും.

ഭാമഹാദികളുടേയും വാമനന്റേയും മതത്തിൽനിന്നു തെല്ലൊന്നു വ്യത്യസ്തമാണ് രുദ്രടന്റെ മതം. അദ്ദേഹം ‡വാസ്തവം, ഔപമ്യം, അതിശയം, ശ്ലേഷം എന്നീ നാലു വിഭാഗങ്ങളിലാണ് അൎത്ഥാലങ്കാരങ്ങളെ മുഴുവനും അടക്കിയിരിക്കുന്നത്.

"ഓൎത്താലതിശയം സാമ്യം വാസ്തവം ശ്ലേഷമിങ്ങിനെ
അലങ്കാരങ്ങളെത്തീൎപ്പാൻ നാലുതാനിഹ സാധനം
ഇവയെക്കൊണ്ടു തീൎക്കുന്നു കവീന്ദ്രരുപമാദിയെ
തങ്കംകൊണ്ടിഹ തട്ടാന്മാർ കങ്കണാദിയെയെന്നപോൽ."

എന്നു ഭാഷാഭൂഷണത്തിൽ തമ്പുരാൻ അഭിപ്രായപ്പെട്ടിരിക്കുന്നതു രുദ്രടന്റെ മതമനുസരിച്ചാകുന്നു. തങ്കത്തിന്റെ സ്ഥാനത്ത്, തങ്കം വെള്ളി രത്നം മുത്ത് എന്നു യഥോചിതം നാലെണ്ണം നിർദ്ദേശിച്ചിരുന്നുവെങ്കിൽ ദൃഷ്ടാന്തം ഇതിലും ഹൃദ്യമാകുമായിരുന്നു.

ഭാമഹാദികളെപ്പോലെ രുദ്രടൻ രസാദിയെ രസവദാദ്യലങ്കാരമായി ഗണിക്കുന്നില്ല. അലങ്കാരത്തേയും ഗുണത്തേയും അപേക്ഷിച്ചു രസാദിക്കു പ്രാധാന്യം ഉണ്ടെന്നുതന്നെയാണ് അദ്ദേഹത്തിന്റെ പക്ഷം.

* അലങ്കാരസൎവ്വസ്വം ഭാഗം 7.

† "ഭാമഹോക്തം ശബ്ദശ്ഛന്ദോഭിധാനാൎത്ഥാഃ ഇതി അഭിധാനസ്യ ശബ്ദാദ്ഭേദം വ്യാഖ്യാതും ഭട്ടോദ്ഭടോ ബഭാഷേ, ശബ്ദാനാമഭിധാനം അഭിധാവ്യാപാരോ മുഖ്യോ ഗുണവൃത്തിശ്ച ഇതി വാമനോപി സാദൃശ്യാൽ ലക്ഷണാ വക്രോക്തിഃ ഇതി."
(ധ്വന്യാലോകലോചനം ഭാഗം 10)

‡ "അൎത്ഥസ്യാലങ്കാരാ വാസ്തവമൗപമ്യമതിശയഃ ശ്ലേഷഃ
ഏഷാമേവ വിശേഷാ അന്യേ തു ഭവന്തി നിശ്ശേഷാഃ."
(അദ്ധ്യായം 7. പദ്യം 9)

വസ്ത്വാദിധ്വനികൾ മററുള്ളവരെപ്പോലെ രുദ്രടനും അൎത്ഥാലങ്കാരങ്ങളെക്കൊണ്ട ചരിതാൎത്ഥങ്ങളാകുമെന്നുതന്നെയാണ് വിചാരിക്കുന്നത്. വിശേഷിച്ച്, * ഭാവമെന്നൊരലങ്കാരവുംകൂടി അതിലേക്കായി നിർദേശിക്കുന്നതുമുണ്ട്. രസപ്രകാരങ്ങളെ രുദ്രടൻ വിസ്തരിച്ചു നിരൂപിച്ചിരിക്കുന്നു.

† "ശൃംഗാരവീരകരുണാ ബീഭത്സഭയാനകാദ്ഭുതാ ഹാസ്യഃ
രൌദ്രശ്ശാന്തഃ പ്രേയാൻ ഇതി മന്തവ്യാ രസാസ്സൎവ്വേ."

എന്നിങ്ങിനെ 'പ്രേയാ'നോടുകൂടി ഇദ്ദേഹത്തിൻെറ അഭിപ്രായത്തിൽ പത്താണ് രസം; ഒമ്പതല്ല. 'പ്രേയാ'നെത്തന്നെയാണ് പിന്നീട 'വത്സല'മെന്നപേരിൽ മററുള്ളവർ നിർദേശിച്ചിരിക്കുന്നത്. അത്ര മാത്രമല്ല,

‡ "രസനാദ്രസത്വമേഷാം മധുരാദീനാമിവോക്തമാചാൎയ്യൈഃ
നിൎവ്വേദാദിഷ്വപി തന്നികാമമസ്തീതി തേപി രസാഃ"

എന്നിങ്ങിനെ നിൎവ്വേദാദിഭാവങ്ങൾകൂടി രസ്യമാനങ്ങളാകയാൽ രസങ്ങളാണെന്നും അഭിപ്രായപ്പെടുന്നുണ്ട്. രുദ്രടനു വാമനനെപ്പോലെ വൈദർഭി, ഗൌഡി, പാഞ്ചാലി എന്നു മൂന്നെണ്ണം മാത്രമല്ല രീതി; § ലാടിയടക്കം നാലാണ്.

"മധുരാ പ്രൌഢാ പരുഷാ ലലിതാ ഭദ്രേതി വൃത്തയഃ പഞ്ച"
[അദ്ധ്യായം 2, പദ്യം 19.

എന്നിങ്ങിനെ നിർദേശിച്ചിരിക്കുന്ന വൃത്തിപഞ്ചകത്തിൽ "ഭദ്ര" രുദ്രടൻെറ സ്വന്തമാണ്. രുദ്രടനു ഗുണം അലങ്കാരമല്ലാതെ മറെറാന്നുമല്ല.

* "യസ്യ വികാരഃ പ്രഭവന്നപ്രതിബന്ധേന ഹേതുനാ യേന
ഗമയതി തദഭിപ്രായം തൽപ്രതിബന്ധശ്ച ഭാവോസൌ" 7-38.
" അഭിധേയമഭിദധാനം തദേവ തദസദൃശസകലഗുണദോഷം
അൎത്ഥാന്തരമവഗമയതി യദ്വാക്യം സോപരോഭാവഃ" 7-40.
എന്നീലക്ഷണങ്ങളും ഉദാഹരണങ്ങളും കണ്ടുകൊൾക.

† അദ്ധ്യായം 12, പദ്യം 3. ‡ ടി. പദ്യം 4.

§ പാഞ്ചാലീ ലാടീയാ ഗൌഡീയാ ചേതി നാമതോഭിഹിതാഃ
[അദ്ധ്യായം 2, പദ്യം 4.
വൃത്തേരസമാസായാ വൈദർഭീരീതിരേകൈവ. അദ്ധ്യായം 2, പദ്യം 6.

> "ശബ്ദാൎത്ഥയോരിതി നിരൂപ്യ വിഭക്തരൂപാൻ
> ദോഷാൻ ഗുണാംശ്ച നിപുണോ വിസൃജന്നസാരം
> സാരം സമാഹിതമനാഃ പരമാദദാനഃ
> കുൎവ്വീത കാവ്യമവിനാശി യശോധിഗന്തും."

എന്നിങ്ങിനെ ഗുണം കാവ്യത്തിൽ സമാദരണീയമാണെന്നു പറയുന്ന രുദ്രടൻ ഗുണസ്വരൂപം പ്രത്യേകിച്ചു നിരൂപിക്കാതെ പോയതു് അതു കൊണ്ടുതന്നെയാണ്. ഈ വസ്തുത നമിസാധു പ്രകൃതപദ്യത്തിൻെറ *വ്യാഖ്യാനത്തിൽ സ്പഷ്ടമാക്കിട്ടുണ്ടുതാനും. രസനിരൂപണത്തിൽ രുദ്രടൻ ഭാമഹാദികളായ ആലങ്കാരികന്മാരെക്കാളും അധികം ശ്രദ്ധ പതിപ്പിച്ചുകൊണ്ടു തൻെറ കാവ്യാലങ്കാരത്തിലുള്ള നാലദ്ധ്യായങ്ങൾ അതിലേക്കായി വിനിയോഗിച്ചിട്ടുണ്ടെന്നു മാത്രമല്ല,

> "ഏതേ രസാ രസവതോ രമയന്തി പുംസ-
> സ്സമ്യഗ്വിഭജ്യ രചിതാശ്ചതുരേണ ചാരു
> യസ്മാദിമാനനധിഗമ്യ ന സൎവ്വരമ്യം
> കാവ്യം വിധാതുമലമത്ര തദാദ്രിയേത." 15-21.

എന്നിങ്ങിനെ സൎവ്വാപേക്ഷയാ പ്രാധാന്യവും പ്രാശസ്ത്യവും ഉപപാദിച്ചിട്ടുണ്ടെങ്കിലും രസം കാവ്യത്തിന്നു് ഉപസ്കാരകമാണെന്നുതന്നെയാണ് രുദ്രടൻെറ അഭിപ്രായം; ധ്വനികാരൻേറതുപോലെ ഉപസ്കാൎയ്യമാണെന്നല്ല. ഈ വസ്തുത 'കാവ്യജീവിതവൃത്തി'യുടെ ഉപോദ്ഘാതത്തിൽ ഉപപാദിച്ചിട്ടുള്ളതുകൊണ്ടു വീണ്ടും ഇവിടെ ഉപന്യസിക്കുന്നില്ല. ഏതായാലും ഭാമഹവാമനാദികളുടെ മതങ്ങളെ ബഹുദൂരം അതിക്രമിച്ചും ധ്വനികാരൻെറ മതത്തോടു നന്നേ അടുക്കാതേയും ഏതാണ്ടു മാദ്ധ്യസ്ഥ്യമവലംബിച്ചു വൎത്തിക്കുന്ന ഒരു മതമാണ് രുദ്രടന്നുള്ളതെന്നു വിചാരിക്കാം. എന്നാൽ രുദ്രടനെ ധ്വനികാരനോ ധ്വനികാരനെ രുദ്രടനോ തങ്ങളുടെ ഗ്രന്ഥത്തിൽ സ്മരിക്കുകയോ മറെറാരാളുടെ വല്ല വാക്യവും ഉദ്ധരിക്കുകയോ ചെയ്തുകാണുന്നില്ല. എങ്കിലും അഭിനവഗുപ്താചാൎയ്യർ ലോചനത്തിലും അദ്ദേഹത്തിൻെറ †ആചാൎയ്യനാണെന്നു വിചാരിക്ക

* "ശബ്ദസ്യ ഹി വക്രോക്ത്യാദയഃ പഞ്ച ഗുണാഃ; ദോഷാസ്ത്വസമൎത്ഥാദയഃ ഷട്. അൎത്ഥസ്യ പുനൎഗ്ഗുണാ വാസ്തവാദയശ്ചത്വാരഃ; ദോഷാസ്ത്വപഹേത്വാദയോ നവ." [അദ്ധ്യായം 11, ഭാഗം 149.

† ലോചനം 45-ാംഭാഗത്തിൽ "യസ്യ വികാരഃ—" ഇത്യാദി കാരികയും, "ഏകാകിനീ—" ഇത്യാദ്യുദാഹരണപദ്യവും ഉദ്ധരിച്ചിരിക്കുന്നതു നോക്കുക.

പ്പെട്ടുന്ന ഇന്ദുരാജൻ തന്റെ ഉദ്ഭടാലങ്കാരവ്യാഖ്യയായ * 'ലഘുവൃത്തി' യിലും † രുദ്രടകാരികകളേയും ഉദാഹരണങ്ങളേയും ഉദ്ധരിച്ചിട്ടുണ്ട്. കൂടാതെ, ഇന്ദുരാജനേക്കാൾ സ്വല്പം മുമ്പ്, അതായത്, 9-ാംനൂററാണ്ടിന്റെ അവസാനത്തിൽ ജീവിച്ചിരുന്ന രാജശേഖരൻ തന്റെ ‡ 'കാവ്യമീമാംസ'യിൽ രുദ്രടന്റെ പേരു പറഞ്ഞുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ മതം നിർദ്ദേശിച്ചുകാണുന്നതുമുണ്ട്. ഇത് എല്ലാംകൂടി ആലോചിക്കുമ്പോൾ ആനന്ദവർദ്ധനാചാര്യരും രുദ്രടനും ഏതാണ്ടു സമകാലികന്മാരായിരിക്കണമെന്നും അതുകൊണ്ടാണ് അവരിൽ ആരും മററാരാളുടെ മതത്തെക്കുറിച്ചു ശബ്ദിക്കാതിരുന്നതെന്നും നമുക്കു വിചാരിക്കാം.

ധ്വന്യാലോകകാരൻ രുദ്രടനെ ഒരുവിധത്തിലും വകവെച്ചിട്ടില്ലെങ്കിലും രണ്ടു പേരും സമാനകാലികന്മാരാകകൊണ്ടും വ്യാഖ്യാതാവായ ലോചനകാരൻ രുദ്രടന്റെ 'ഭാവിക'ത്തെ അനുവദിച്ചു സ്വാഭിപ്രായം പ്രകാശിപ്പിച്ചിട്ടുള്ളതുകൊണ്ടും രുദ്രടമതത്തിന്നു പൂർവ്വമതാപേക്ഷയാ വൈലക്ഷണ്യമുള്ളതുകൊണ്ടും ഇവിടെ കുറഞ്ഞൊന്നു നിരൂപിച്ചു എന്നേയുള്ളു.

ആദ്യകാലത്തെ സാഹിത്യവൈശിഷ്ട്യാനുഭവം സാമാന്യരൂപത്തിലായിരുന്നു വെന്നുള്ള നിഗമനം.

ആനന്ദവർദ്ധനാചാര്യർക്കു മുമ്പുണ്ടായിരുന്ന ആലങ്കാരികന്മാർക്കൊക്കെയും രസാദികളെപ്പോലെ വസ്ത്വലങ്കാരസ്വരൂപമായ ധ്വനിവിശേഷവും തജ്ജന്യമായ ആഹ്ലാദവിശേഷവും അനുഭവവിഷയംതന്നെയായിരുന്നു. എന്നാൽ, ആവക അനുഭവവും ആനന്ദവും ശരിയായ സ്വരൂപവിവേചനവും യുക്തമായ താരതമ്യവിവേകവും കൂടാതെയായിരുന്നുവെന്നേയുള്ളു. അതുകൊണ്ട് ഭാമഹാദികൾ ആ വക ധ്വനിവിശേഷങ്ങളെ അലങ്കാരമായും വാമനൻ ഗുണമായും ഗണിച്ചുവെന്നുമാത്രം. അല്ലാതെ ധ്വനിയുടെ ഗന്ധംതന്നെ

* ഇദ്ദേഹംതന്നെയാണ് ലോചനകാരന്റെ ഗുരുവെന്നും അല്ലെന്നും അതായത് ലോചനകാരന്റെ ഗുരുവായ ഭട്ടേന്ദുരാജൻ പ്രതീഹാരേന്ദുരാജനിൽനിന്നു ഭിന്നനാണെന്നും അഭിപ്രായവ്യത്യാസമുണ്ട്.

† "രസനാദ്രസത്വമേഷാം—" എന്ന രുദ്രടപദ്യം രസവദാദ്യലങ്കാരവ്യാഖ്യാനത്തിൽ "യദുക്തം ശൃംഗാരാദീൻ രസാനനുക്രമ്യ" എന്നു പറഞ്ഞുകൊണ്ടു ഉദ്ധരിക്കുന്നു.

‡ "കാകുവക്രോക്തിർനാമ ശബ്ദാലങ്കാരോയം ഇതി രുദ്രടഃ" എന്നു [അദ്ധ്യായം 7, ഭാഗം 31.

അവകൾക്കുണ്ടായിരുന്നില്ലെന്നു വിചാരിച്ചുകൂടാ. പ്രതീഹാരേന്ദുരാജൻ തന്റെ രുദ്രടാലങ്കാരവ്യാഖ്യാനമായ 'ലഘുവൃത്തി'യുടെ അവസാനത്തിൽ സഹൃദയന്മാർ ചിലർ നിർദ്ദേശിച്ചിരിക്കുന്ന കാവ്യജീവിതഭൂതമായ ധ്വനിയെപ്പററി ഒന്നും പറയാഞ്ഞതു് ഉക്താലങ്കാരങ്ങളിൽ അന്തർഭ്ഭവിക്കുന്നതുകൊണ്ടാണെന്നു പറഞ്ഞു് അന്തർഭ്ഭാവപ്രകാരത്തെ ഉപപാദിച്ചുകൊണ്ടു് * "പര്യായോക്താപ്രസ്തുതപ്രശംസയോരേവ യഥാക്രമം വിവക്ഷിതാവിവക്ഷിതവാച്യയോസ്സർവ്വധ്വനിഭേദസാമാന്യഭൂതയോർധ്വനിഭേദയോരന്തർഗതിർവ്വാച്യാ" എന്നിങ്ങിനെ നിഗമനം ചെയ്തിട്ടുണ്ടല്ലോ.

വിശേഷിച്ചു്,—

† "ധ്വനികാരാൽ പ്രാചീനൈർഭാമഹോദ്ഭടപ്രഭൃതിഭിഃ സ്വഗ്രന്ഥേഷു ധ്വനിഗുണീഭൂതവ്യംഗ്യാദിശബ്ദാ ന പ്രയുക്താ ഇത്യേതാവതൈവ തൈർധ്വന്യാദയോ ന സ്വീക്രിയന്ത ഇത്യാധുനികാനാം വാചോയുക്തിരയുക്തൈവ. യതസ്സമാസോക്തിവ്യാജസ്തുത്യപ്രസ്തുതപ്രശംസാദ്യലങ്കാരനിരൂപണേന കിയന്തോപി ഗുണീഭൂതവ്യംഗ്യപ്രഭേദാസ്തൈരപി നിരൂപിതാഃ അപരശ്ച സർവ്വോപി വ്യംഗ്യപ്രപഞ്ചഃ പര്യായോക്തകുക്ഷൗ നിക്ഷിപ്തഃ. നഹ്യനുഭവസിദ്ധോഽർത്ഥോ ബലേനാപഹ്നോതും ശക്യതേ. ധ്വന്യാദിശബ്ദൈഃ പരം വ്യവഹാരോ ന കൃതഃ ന ഹ്യേതാവതാ അനംഗീകാരോ ഭവതി" എന്നിങ്ങിനെ പണ്ഡിതരാജൻ 'രസഗംഗാധര'ത്തിലെ പര്യായോക്തപ്രകരണത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നതും നോക്കുക.

* എല്ലാ ധ്വനിപ്രകാരങ്ങൾക്കും സാമാന്യഭൂതങ്ങളായ വിവക്ഷിതവാച്യമെന്നും അവിവക്ഷിതവാച്യമെന്നുമുള്ള ധ്വനിയുടെ മഹാപ്രഭേദങ്ങൾക്കു യഥാക്രമം പര്യായോക്തം അപ്രസ്തുതപ്രശംസ എന്നിവയിൽ അന്തർഭ്ഭാവം പറയാവുന്നതാണു്.

† ധ്വനികാരനേക്കാൾ പ്രാചീനന്മാരായ ഭാമഹോദ്ഭടാദികൾ അവരുടെ ഗ്രന്ഥങ്ങളിൽ ധ്വനിഗുണീഭൂതവ്യംഗ്യാദിശബ്ദങ്ങൾ പ്രയോഗിച്ചിട്ടില്ല എന്നുള്ളതുകൊണ്ടുമാത്രം അവർ ധ്വനിമുതലായവയെ സ്വീകരിക്കുന്നില്ലെന്നു പറയുന്നതു യുക്തമല്ല. എന്തെന്നാൽ, സമാസോക്തി, വ്യാജസ്തുതി, അപ്രസ്തുതപ്രശംസ മുതലായ അലങ്കാരങ്ങളുടെ നിരൂപണംകൊണ്ടുതന്നെ അവർ ചില ഗുണീഭൂതവ്യംഗ്യപ്രഭേദങ്ങളെ നിരൂപിച്ചിരിക്കുന്നു. ബാക്കിയുള്ള വ്യംഗ്യപ്രപഞ്ചം മുഴുവനും പര്യായോക്തത്തിന്റെ കുക്ഷിയിൽ അവർ നിക്ഷേപിക്കയും ചെയ്തിരിക്കുന്നു. അനുഭവസിദ്ധമായ അർത്ഥം ബലാൽകാരത്താലും അപലപിക്കുക ശക്യമല്ല. എന്നാൽ, ധ്വന്യാദിശബ്ദങ്ങളെക്കൊണ്ടു് അവർ വ്യവഹരിച്ചിട്ടില്ലെന്നതു ശരിയാണു്. ഇതുകൊണ്ടു് അംഗീകരിച്ചിട്ടില്ലെന്നു വരികയില്ലതന്നെ.

ഇങ്ങിനെ പ്രാചീനന്മാരായ ആലങ്കാരികന്മാരുടെ സാഹിത്യാനുശാസനത്തിന്നു വിധേയമായി മഹത്ത്വം ഉപേക്ഷിച്ചു കാവ്യോപസ്കരണകൃത്യം നടത്തി തുച്ഛമായ രീതിയിൽ ജീവിച്ചിരുന്ന രസാദിധ്വനിയേയും നാമാന്തരത്തിൽ അജ്ഞാതവാസം അനുസരിച്ചു ക്ലേശിച്ചിരുന്ന വസ്ത്വലങ്കാരധ്വനിയേയും അവരുടെ ശാസനത്തിൽനിന്നു വിടൎത്തി യഥായോഗം ഉത്തമസ്ഥാനം നല്കി സൎവ്വാദരണീയമായി സാഹിത്യസാമ്രാജ്യത്തിൽ പ്രതിഷ്ഠിച്ചതു് ആനന്ദവൎദ്ധനാചാൎയ്യരും യുക്തികളെക്കൊണ്ടും പ്രമാണങ്ങളെക്കൊണ്ടും അഭേദ്യമായ കോട്ടകെട്ടി ആ പ്രതിഷ്ഠയെ പ്രതിയോഗികൾക്ക് എന്നെന്നേക്കുമിളക്കാൻ കഴിയാത്തവിധം പ്രബലപ്പെടുത്തിയതു് അഭിനവഗുപ്തപാദാചാൎയ്യരുമാകുന്നു. ഈ മഹാന്മാരുടെ പ്രശസ്തങ്ങളായ പ്രബന്ധങ്ങളാണ് 'ധ്വന്യാലോക'വും 'ലോചന'വും.

* ശാരീരകത്തിന്നു ശാങ്കരവും, ജൈമിനീയത്തിന്നു കൌമാരിലവും, പാണിനീയത്തിന്നു പാതഞ്ജലവും, ഗൌതമീയത്തിന്ന് ഔദ്യോതകരവും പോലെയാണ് ആനന്ദവൎദ്ധനീയത്തിന്ന് അഭിനവഗുപ്തമെന്നു പറയാം.

ആനന്ദവൎദ്ധനന്റെ കാലവും ദേശവും.

ധ്വന്യാലോകകാരനായ ആനന്ദവൎദ്ധനാചാൎയ്യരുടെ കാലം ഒമ്പതാം നൂററാണ്ടാണെന്നും ദേശം കാശ്മീരമാണെന്നും തീൎച്ചയാണ്. കല്ഹണന്റെ രാജതരംഗണിയിലെ,

"മുക്താകണശ്ശിവസ്വാമീ കവിരാനന്ദവൎദ്ധനഃ
പ്രഥാം രത്നാകരശ്ചാഗാൽ സാമ്രാജ്യേവന്തിവൎമ്മണഃ"
(തരംഗം 5, ശ്ലോകം 35.)

എന്ന പദ്യത്തിൽനിന്നു കാശ്മീരരാജാവായ അവന്തിവൎമ്മാവിന്റെ രാജ്യഭരണകാലത്തു് അദ്ദേഹത്തിന്റെ രാജ്യത്തിൽ പ്രസിദ്ധന്മാരായ മഹാനുഭാവന്മാരിൽ ഒരാളാണ് ആനന്ദവൎദ്ധനൻ എന്നു വ്യക്തമാകുന്നുണ്ടല്ലോ. അവന്തിവൎമ്മാവിന്റെ രാജ്യഭരണം ക്രിസ്തുവൎഷം 857 മുതൽ 884 വരെ

* ശാരീരകം=ബ്രഹ്മസൂത്രം, ശാങ്കരം=ശങ്കരഭാഷ്യം, പാണിനീയം=അഷ്ടാദ്ധ്യായി, പാതഞ്ജലം=മഹാഭാഷ്യം, ജൈമിനീയം=പൂൎവ്വമീമാംസാസൂത്രം, കൌമാരിലം=കുമാരിലവാൎത്തികം, ഗൌതമീയം=ന്യായസൂത്രം, ഔദ്യോതകരം=ഉദ്യോതകരന്റെ ന്യായവാൎത്തികം.

യാണെന്നു ചരിത്രകാരന്മാർ നിർണയിച്ചിട്ടുണ്ടതാനും. ക്രുടാതെ, ഒമ്പ താംന്തുററാണ്ടിൻെറ മദ്ധ്യത്തിൽ ജീവിച്ചിരുന്ന ജയന്തഭട്ടൻ തൻെറ 'ന്യായമഞ്ജരി'യിൽ,—

*"ഏതേന ശബ്ദസാമത്ഥ്യ-മഹിമ്നാ സോപി വാരിതഃ
യമന്യഃ പണ്ഡിതംമന്യഃ പ്രപേദേ കഞ്ചന ധ്വനിം
വിധേന്നിഷേധാവഗതി-ർവ്വിധിബുദ്ധിന്നിഷേധതഃ
ഭമ ധമ്മിഅ വിസത്തോ മാസ്മ പാന്ഥ ഗൃഹം വിശ
മാനാന്തരപരിച്ഛേദ്യ-വസ്തുരൂപോപദേശിനാം
ശബ്ദാനാമേവ സാമത്ഥ്യം തത്ര തത്ര തഥാ തഥാ
അഥവാ നേദൃശീ ചച്ചാ കവിഭിഃ സഹ ശോഭതേ
വിദ്വാംസോപി വിമുഹ്യന്തി വാക്യാത്ഥേ ഗഹനേധ്വനി."

എന്നിങ്ങിനെ ആനന്ദവദ്ധനാചായ്യരുടെ ധ്വനിപ്രസ്ഥാനത്തെ ആക്ഷേ പിക്കുകയും അദ്ദേഹത്തെ പണ്ഡിതംമന്യനെന്ന് അധിക്ഷേപിക്കുകയും ചെയ്തു കാണുന്നതിൽനിന്നു 'ന്യായമഞ്ജരി'ക്കു മുമ്പുതന്നെ 'ധ്വന്യാ ലോകം' അവതരിച്ചിട്ടുണ്ടെന്നും ജയന്തഭട്ടനേക്കാൾ ആനന്ദവദ്ധനാ ചായ്യൎക്കു പ്രാധാന്യം ക്രുടാൻ അവകാശമുണ്ടെന്നും കരുതാവുന്നതാണ്. അതിനാൽ, ആനന്ദവദ്ധനാചായ്യരുടെ ജനനം 9-ാംന്തുററാണ്ടിൻെറ ആദ്യപാദത്തിലാണെന്നു നിശ്ചയിക്കുന്നതിൽ തെററില്ലെന്നാണ് തോ ന്നുന്നത്.

ആനന്ദവദ്ധന കൃതികൾ.

ധ്വന്യാലോകം, ദേവീശതകം, വിഷമബാണലീല, അർജ്ജുന ചരിതം, വിനിശ്ചയടീകാവിവൃതി എന്നിവയാണ് ആനന്ദവദ്ധനാചായ്യരുടെ കൃതികളായി അറിയുന്നത്. അവയിൽ എല്ലാററിലുംവെച്ച് ശ്ലാഘ്യവും മമ്മടാദികളായ അവ്വാ ചീനാലങ്കാരികന്മാൎക്കൊക്കെയും പ്രമാണഭൂതവുമായ ഒരു ഗ്രന്ഥമാണ് 'ധ്വന്യാലോകം'.

ധ്വന്യാലോക ത്തിൻെറ നാമാന്തരങ്ങൾ.

'ധ്വന്യാലോക'മെന്നു പ്രസിദ്ധമായി തീൎന്നിരിക്കുന്ന പ്രസ്തുതഗ്രന്ഥത്തെ 'കാവ്യാലോക'മെ ന്നും 'സഹൃദയാലോക'മെന്നും അഭിനവഗുപ്തപാദാ ചായ്യർ വ്യവഹരിച്ചുകാണുന്നതുകൊണ്ട് അങ്ങിനെ രണ്ടു നാമധേയം ക്രുടി അതിന്നുള്ളതായി വിചാരിക്കണം.

* ആഹ്നികം 1, ഭാഗം 45.

അദ്ദേഹത്തിന്റെ,

*“ഭട്ടേന്ദുരാജചരണാബ്ജകൃതാധിവാസ-
ഹൃദ്യശ്രുതോഭിനവഗുപ്തപാദാഭിധോഹം
യൽകിഞ്ചിദപ്യനുരണൻ സ്ഫുടയാമി കാവ്യാ-
ലോകം സ്വലോചനനിയോജനയാ ജനസ്യ.”

†“കാവ്യാലോകേ പ്രഥാം നീതാൻ ധ്വനിഭേദാൻ പരാമൃശൽ
ഇദാനീം ലോചനം ലോകാൻ കൃതാർത്ഥാൻ സംവിധാസ്യതി.”

‡“ആനന്ദവർദ്ധനവിവേകവികാസികാവ്യാ-
ലോകാർത്ഥതത്ത്വഘടനാദനുമേയസാരം
യൽ പ്രോന്മിഷത്സകലസദ്വിഷയപ്രകാശി
വ്യാപാര്യ്യതാഭിനവഗുപ്തവിലോചനം തൽ.”

എന്ന ലോചനപദ്യങ്ങളും,

“തച്ചാസ്മാഭിസ്സഹൃദയാലോകലോചനേ തദ്വിവരണേ വിസ്തരതോ വ്യാഖ്യാതം.”

“യഥാ സഹൃദയാലോകകാരഃ (സന്ധിസന്ധ്യംഗഘടനം-ഇത്യാദി.
ഏതച്ച വിവരണ ഏവാസ്മാഭിർവിതത്യ ദർശിതം.”

ഇത്യാദി അഭിനവഭാരതിയിലെ വാക്യങ്ങളും നോക്കുക.

ധ്വന്യാലോകത്തിൽ സൂത്രംപോലെ ബഹ്വർത്ഥസംഗ്രഹരൂപമായ കാരിക, അതിന്റെ സകലസാരവിവരണരൂപമായ വൃത്തി എന്നീ രണ്ടു തരത്തിലുള്ള നിബന്ധനങ്ങളാണടങ്ങിയിരിക്കുന്നതു്. അതിൽ, വൃത്തിഗ്രന്ഥമായ ‘ആലോകം’മാത്രം ആനന്ദവർദ്ധനാചാര്യരുടേയും ‘ധ്വനി’ എന്ന കാരികാഗ്രന്ഥം ആനന്ദവർദ്ധനന്നു മുമ്പുള്ള മറേറതോ ഒരു ആചാര്യന്റേയുമാണെന്നു ചിലർ അഭിപ്രായപ്പെട്ടുകാണുന്നു. അതിലേക്കു് അവർക്കുള്ള ആധാരം അഭിനവഗുപ്താചാര്യർ ധ്വന്യാലോകവ്യാഖ്യാനമായ ‘ലോചന’ത്തിൽ പല സ്ഥലത്തും കാരികാകാരനും വൃത്തികാരനും രണ്ടാളെന്ന നിലയിൽ നിർദ്ദേശിച്ചു കാണുന്നതാണു്. ധ്വന്യാലോകലോചനത്തിലെ 1, 12, 59, 60, 122, 123 എന്നീ ഭാഗങ്ങൾ നോക്കുക. ആ വക പംക്തികളിൽ പ്രധാനമായിട്ടുള്ളതു്

ധ്വന്യാലോകത്തിലെ കാരികയും വൃത്തിയും ഒരാളുടേതല്ലെന്നുള്ള ആശങ്ക.

* ധ്വന്യാലോകലോചനം, ഭാഗം 1.

† ഉദ്യോതം 3, ഭാഗം 233.

‡ ഉദ്യോതം 4.

അത ഏവ മൂലകാരികാ തന്നിരാകരണാത്ഥാ ന ശ്രൂയതേ. വൃത്തികൃത്തു നിരാകൃതമപി പ്രമേയശയ്യാപൂരണായ കണ്ഠേന തൽപക്ഷമന്തൃനിരാകരോതി." [2] "തേനാത്ര പ്രഥമോദ്ദ്യോതേ ധ്വനേസ്സാമാന്യലക്ഷണമേവ കാരികാകാരേണ കൃതം. ദ്വിതീയോദ്ദ്യോതേ തു കാരികാകാരോവാന്തരവിഭാഗം വിശേഷലക്ഷണഞ്ച വിദധദനുവാദമുഖേന മൂലവിഭാഗം ദ്വിവിധം സൂചിതവാൻ. തദാശയാനുസാരേണ തു വൃത്തികൃദത്രൈവോദ്ദ്യോതേ മൂലവിഭാഗമവോചൽ." (പ്രഥമോദ്ദ്യോതം, ഭാഗം 59.)

[3] "ന ചൈതന്മയോൽസൂത്രമുക്തം * അപി തു കാരികാകാരാഭിപ്രായേണേത്യാഹ."

[4] "ഭവതി മൂലതോ ദ്വിഭേദത്വം കാരികാകാരസ്യാപി സമ്മതമേവേതി ഭാവഃ" (ദ്വിതീയോദ്ദ്യോതം, ഭാഗം 60.)

[5] "ഏതത്താവൽത്രിഭേദത്വം ന കാരികാകാരേണ കൃതം. വൃത്തികാരേണ തു ദശിതം." (തൃതീയോദ്ദ്യോതം, ഭാഗം 123.)

ശങ്കാനിരസനോദ്യമം.

ലോചനകാരൻെറ ഈ വാക്യങ്ങൾ കാരികാകാരനും വൃത്തികാരനും ഒരാളല്ല രണ്ടു പേർ തന്നെയാണെന്നു തോന്നിപ്പിക്കുന്ന തരത്തിലുള്ളതാണെന്നു സമ്മതിക്കാം. എന്നാൽ, ഈ തോന്നലിന്ന്—ഈ തെററിദ്ധാരണയ്ക്ക്—ദൃഢതയും ശക്തിയും പ്രാചീനന്മാരായ ഭാരതീയശാസ്ത്രകാരന്മാരുടെ പ്രവചന

1. അതുകൊണ്ടുതന്നെയാണ് അതിൻെറ നിരാകരണത്തിനുള്ള മൂലകാരിക കാണാത്തതു്. വൃത്തികാരനാകട്ടെ, നിരാകരിക്കപ്പെട്ടിരിക്കിലും പ്രമേയസന്നിവേശപൂത്തിക്കായി ആക്ഷേപം മുക്തകണ്ഠമനുവദിച്ചു നിരാകരിക്കുന്നു.

2. അതിനാൽ പ്രഥമോദ്ദ്യോതത്തിൽ ധ്വനിയുടെ സാമാന്യലക്ഷണം മാത്രം കാരികാകാരൻ ചെയ്തിരിക്കുന്നു. ദ്വിതീയോദ്ദ്യോതത്തിലാകട്ടെ അവാന്തരവിഭാഗവും വിശേഷലക്ഷണവും ചെയ്യുന്ന കാരികാകാരൻ അനുവാദദ്വാരാ മൂലവിഭാഗം രണ്ടു വിധമാണെന്നു സൂചിപ്പിച്ചിരിക്കുന്നു. കാരികാകാരൻെറ ആശയമനുസരിച്ചു വൃത്തികാരൻ ഈ ഉദ്ദ്യോതത്തിൽത്തന്നെ മൂലവിഭാഗം പറഞ്ഞു.

3. ഞാൻ ഈ പറഞ്ഞതു് നിർമ്മൂലമല്ല; കാരികാകാരൻെറ അഭിപ്രായം അനുസരിച്ചുതന്നെയാണ് എന്നു പറയുന്നു.

* മയോക്തം എന്ന് അച്ചടിച്ചു കാണുന്നതു വിരുദ്ധാത്ഥമാകയാൽ അപപാഠമാകുന്നു.

4. സാമാന്യമായി ദ്വൈവിധ്യം കാരികാകാരനും സമ്മതംതന്നെ എന്നു ഭാവം.

5. ഈ ത്രൈവിദ്ധ്യമാകട്ടെ കാരികാകാരൻ ചെയ്തിട്ടുള്ളതല്ല; വൃത്തികാരൻ ചെയ്തിട്ടുള്ളതാണ്.

സമ്പ്രദായം ഗ്രഹിച്ചിട്ടുള്ളവരുടെ വിഷയത്തിലുണ്ടാവാൻ പ്രയാസമാണെന്നാണ് എനിക്കു തോന്നുന്നത്. ശാസ്ത്രകാരന്മാർ തങ്ങളുടെ സൂത്രഗ്രന്ഥങ്ങൾക്കും സൂത്രസ്ഥാനീയങ്ങളായ കാരികാഗ്രന്ഥങ്ങൾക്കും വിവരണരൂപങ്ങളായ വൃത്തികളും ഭാഷ്യങ്ങളും നിർമ്മിക്കയും അങ്ങിനെ നിർമ്മിക്കപ്പെടുന്ന വൃത്ത്യാദിഗ്രന്ഥങ്ങളിൽ "ഇതി കൌടല്യഃ" "ഇതി യായാവരീയഃ" എന്നിങ്ങിനെ തങ്ങളെ പ്രഥമപുരുഷരൂപത്തിൽ നിർദ്ദേശിക്കുകയും പതിവാണ്. മംഖുകന്റെ 'അലങ്കാരസർവ്വസ്വ'ത്തിൽ തന്റെ ഗ്രന്ഥത്തെ ഉദ്ദേശിച്ച് *"ഉദാഹരണം യഥാ മംഖുകീയേ ശ്രീകണ്ഠസ്തവേ" എന്നും അഭിനവഗുപ്താചാര്യർ തന്നെ തന്റെ നാട്യശാസ്ത്രവ്യാഖ്യാനമായ 'അഭിനവഭാരതി'യിൽ †"തദസമഞ്ജസമിത്യഭിനവഗുപ്താചാര്യഃ" എന്നും പറഞ്ഞിരിക്കുന്നതു നോക്കുക. അത്രമാത്രമല്ല, സൂത്രകാരത്വവൃത്തികാരത്വാദ്യുപാധിഭേദത്താൽ ആത്മാവിൽ ഭേദമാരോപിച്ചു വ്യവഹരിക്കുകയും സാധാരണമാണ്. ഉദാഹരണമായി "ഗ്രന്ഥാരംഭേ ശിഷ്ടസമയപരിപാലനായ ശാസ്ത്രകാരഃ സമുചിതേഷ്ടദേവതാം പ്രണിധത്തേ" എന്ന കാവ്യാനുശാസനസൂത്രഗ്രന്ഥത്തിലെ മംഗളപദ്യത്തിന്റെ അവതാരിക തന്നെയെടുക്കാം. വൃത്തിഗ്രന്ഥസംബന്ധിയായ മംഗളപദ്യം നിബന്ധിച്ചതിന്നു ശേഷം സൂത്രഗ്രന്ഥമംഗളപദ്യത്തെ അവതരിപ്പിക്കുന്ന വൃത്തിവാക്യത്തിലുള്ള 'ശാസ്ത്രകാര'പദത്തിലെ ശാസ്ത്രപദംകൊണ്ടു 'കാവ്യാനുശാസന'മെന്ന സൂത്രഗ്രന്ഥത്തെയാണ് ഉദ്ദേശിച്ചിരിക്കുന്നത്, 'കാവ്യാലങ്കാരചൂഡാമണി'യെന്ന വൃത്തിഗ്രന്ഥത്തെയല്ല എന്നതു വ്യക്തമാണല്ലോ. രണ്ടും കൂടി ഒരേ ഗ്രന്ഥമായി സ്വീകരിക്കുന്ന പക്ഷം "ഗ്രന്ഥാരംഭേ" എന്നു പറഞ്ഞിരിക്കുന്നതുതന്നെ യുക്തമല്ലെന്നുവരും.

പ്രവചന സമ്പ്രദായം.

"പ്രണമ്യ പരമാത്മാനം നിജം കാവ്യാനുശാസനം
ആചാര്യഹേമചന്ദ്രേണ വിതൽപ്രീത്യൈ പ്രതന്യതേ."

എന്നിങ്ങിനെ വൃത്തിഗ്രന്ഥത്തിന്റെ നിർവ്വിഘ്നപരിസമാപ്തിക്കായി മംഗളാചരണവും പ്രേക്ഷാവൽപ്രവൃത്തിക്കായി പ്രയോജനപ്രതിപാദനവും നിർവ്വഹിച്ചുകൊണ്ടു അവതാരികാത്മകമായ വൃത്തിഗ്രന്ഥവാക്യത്തിന്നു ശേഷം നിബന്ധിച്ചിരിക്കുന്ന മംഗളാചരണം എങ്ങിനെയാണ് ഗ്രന്ഥാ

*പുനരുക്തവദാഭാസനിരൂപണം, ഭാഗം 15.
†അദ്ധ്യായം 5, ഭാഗം 225.

രംഭത്തിലാവുക? വിശേഷിച്ച്, സൂത്രഗ്രന്ഥത്തിൻെറ പേർ 'കാവ്യാനുശാസന'മെന്നും വൃത്തിഗ്രന്ഥത്തിൻേറതു 'കാവ്യാലങ്കാരചൂഡാമണി'യെന്നുമാകുന്നു. 'ചൂഡാമണിയി'ലെ പ്രസ്തുതവാക്യമാകട്ടെ 'കാവ്യാനുശാസന'ത്തിലെ മംഗളശ്ലോകത്തിനുള്ള അവതാരികയുമാണ്. ഈ സ്ഥിതിക്ക്, 'ശാസ്ത്രകാരഃ' എന്ന പദം പ്രകൃതത്തിൽ "സൂത്രകാരഃ" "കാവ്യാനുശാസനകാരഃ" എന്നിവയ്ക്കു പര്യായമാണെന്നുള്ളതു നിസ്സംശയമാണല്ലോ. ഇങ്ങിനെ വൃത്തിയിൽ പ്രവൎത്തിച്ചിരിക്കുന്ന ഒരാൾ, താൻ തന്നെ നിൎമ്മിച്ച സൂത്രരൂപശാസ്ത്രത്തെ സംബന്ധിച്ചു വല്ലതും പറയേണ്ടിവരുമ്പോൾ അത്തരം ഉപാധിഭേദം അവലംബിച്ചു സൂത്രകാരനെന്നോ ശാസ്ത്രകാരനെന്നോ വ്യക്തിഭേദം കല്പിച്ചുകൊണ്ട് ആത്മാവിനെ നിർദേശിക്കുന്ന സ്ഥിതിക്ക്, വൃത്തിയുടെ വ്യാഖ്യാതാവ് അതതു് ഉപാധിയെ പുരസ്കരിച്ച് ഒരേ വ്യക്തിയെത്തന്നെ സൂത്രകാരനെന്നും വൃത്തികാരനെന്നും കാൎയ്യവശാൽ യഥാസൌകൎയ്യം വ്യവഹരിക്കുന്നതു ന്യായ്യംതന്നെയല്ലേ? ഇത്രമാത്രമേ ലോചനകാരനും ചെയ്തിട്ടുള്ളു.

വൃത്തിസ്വരൂപനിരൂപണം.

വിശേഷിച്ച്, പ്രകൃതത്തിൽ പ്രധാനമായ മററൊരു വസ്തുത കൂടി ഗ്രഹിക്കേണ്ടതായിട്ടുണ്ട്. അതു വൃത്തിയുടെ സ്വരൂപവും അതിനു മൂലത്തോടുള്ള കടമയും തന്നെ. 'സൂത്രങ്ങൾക്കോ സൂത്രസ്ഥാനീയങ്ങളായ കാരികകൾക്കോ ഉള്ള പദപദാൎത്ഥവിവേകം മാത്രം യാതൊന്നിൽ വൎത്തിക്കുന്നുവോ അതു വൃത്തി' എന്ന വ്യുൽപത്തിപ്രകാരം 'വൃത്' ധാതുവിന്ന് "സ്ത്രീയാം ക്തിൻ" എന്ന സൂത്രത്താൽ അധികരണാൎത്ഥത്തിൽ 'ക്തിൻ' പ്രത്യയം വന്നു നിഷ്പന്നമായ ശബ്ദമാണ് 'വൃത്തി' എന്നതു്. അതുകൊണ്ട്, മൂലത്തിൽ പറകയോ സൂചിപ്പിക്കയെങ്കിലുമോ ചെയ്തിട്ടില്ലാത്ത കാൎയ്യത്തെ വൃത്തിയിൽ വിവരിച്ചുകൂടെന്നും അങ്ങിനെ ചെയ്യുന്നതു വൃത്തിധൎമ്മത്തെ ഉല്ലംഘിക്കയാണെന്നും സിദ്ധിക്കുന്നു. "വൎത്തതേസ്യാം സൂത്രാണാം യഥാവൽ പദപദാൎത്ഥവിവേക ഇതി വൃത്തിഃ. അധികരണാൎത്ഥേ ക്തിൻപ്രത്യയഃ. വൃത്തിലക്ഷണമുക്തം ഭാമഹേന— * "'സൂത്രമാത്രസ്യ യാ വ്യാഖ്യാ സാ വൃത്തിരഭിധീയതേ' ഇതി" എന്നു കാവ്യാലങ്കാരസൂത്രവൃത്തിയുടെ വ്യാഖ്യാനമായ 'കാമധേനു'വിൽ ഗോപേന്ദ്രതിപ്പഭൂപാലനും, "സൂത്രാണാം സകലസാരവിവരണം വൃത്തിഃ"

* ഈ കാരിക അച്ചടിച്ച ഭാമഹാലങ്കാരത്തിൽ കാണുന്നില്ല.

എന്ന 'കാവ്യമീമാംസ'യിൽ രാജശേഖരനും പറഞ്ഞിരിക്കുന്നതു നോക്കുക. ഇങ്ങിനെയിരിക്കെ, കാരികാരൂപമായ മൂലത്തിൽ സൂചിപ്പിക്കപോലും ചെയ്യാത്ത കാൎയ്യം വൃത്തിയിലില്ലെന്നു—പ്രകാരാന്തരത്തിൽ പറയുന്നതായാൽ, കാരികാകാരന്നു് അനഭിപ്രേതമായ അംശം വൃത്തികാരൻ ഉപന്യസിച്ചിട്ടില്ലെന്നു—പ്രതിപാദിക്കേണ്ടതു് വ്യാഖ്യാതാവായ ലോചനകാരൻെറ ചുമതലയാണെന്നതിൽ വല്ല സംശയവുമുണ്ടോ?

ഈ കൃത്യംതന്നെയാണു് മുമ്പുദ്ധരിച്ച 59-60 എന്നീ ഭാഗങ്ങളിലെ പംക്തികളെക്കൊണ്ടു തൻെറ വ്യാഖ്യാനത്തിൽ ലോചനകാരൻ നിൎവ്വഹിച്ചിരിക്കുന്നതു്. 123-ാംഭാഗത്തിൽ നിന്നു് ഉദ്ധരിച്ചു കാണിച്ച ലോചനപംക്തികളാകട്ടെ

ശങ്കാനിരാസം.

തൃതീയോദ്ദ്യോതത്തിലെ "അവിവക്ഷിതവാച്യസ്യ—" എന്ന കാരികയുടെ അവതാരികയായ "വ്യംഗ്യമുഖേനൈവ ധ്വനേഃ പ്രദർശിതേ സപ്രഭേദേ സ്വരൂപേ പുനർവ്യംജകമുഖേനൈതൽ പ്രകാശ്യതേ" എന്ന വൃത്തിയിലെ "വ്യംഗ്യമുഖേന" എന്നതിൻെറ "വ്യംഗ്യാനാം വസ്ത്വലങ്കാരരസാനാം മുഖേന" എന്ന പൂൎവ്വവ്യാഖ്യാനത്തെ ഖണ്ഡിക്കുന്ന സന്ദൎഭത്തിലുള്ളതാണു്. ആ വ്യാഖ്യാനപ്രകാരം സിദ്ധിക്കുന്ന അൎത്ഥം, മുമ്പു ദ്വിതീയോദ്ദ്യോതത്തിൽ കാരികാഗ്രന്ഥത്തിൽ നിർദേശിച്ചിരിക്കുന്ന ധ്വനിഭേദം വസ്ത്വലങ്കാരരസാത്മകമായ വ്യംഗ്യപ്രഭേദത്തെ ആശ്രയിച്ചുകൊണ്ടാകുന്നുവെന്നാണല്ലോ. കാരികയിൽ അത്തരം വ്യംഗ്യപ്രഭേദം നിൎദ്ദേശിച്ചിട്ടില്ലാതിരിക്കെ അതെങ്ങിനെ യുക്തമാകും എന്ന അഭിപ്രായത്തിന്മേൽ അയുക്തതയുടെ വ്യക്തതയ്ക്കുവേണ്ടി സൂത്രകാരത്വം വൃത്തികാരത്വം എന്നീ ഉപാധിഭേദത്താൽ വ്യക്തിഭേദം കല്പിച്ചുകൊണ്ടു്, താദൃശവ്യംഗ്യപ്രഭേദം വൃത്തികാരനല്ലാതെ സൂത്രകാരൻ നിൎദ്ദേശിച്ചിട്ടില്ല എന്നിങ്ങിനെ ഉപന്യസിച്ചിരിക്കുന്നുവെന്നേയുള്ളു. ഇങ്ങിനെയിരിക്കെ, സൌകൎയ്യം പുരസ്കരിച്ചു സൂത്രകാരത്വാദിരൂപത്തിൽ കല്പിക്കപ്പെട്ടിരിക്കുന്ന കർത്തൃഭേദത്തെ വാസ്തവികമായി ഗ്രഹിക്കുന്നതു് എത്രത്തോളം യുക്തമായിരിക്കും? ആകയാൽ, "സമസ്തവസ്തുവിഷയം ശ്രൌതാ ആരോപിതാ യദാ" എന്ന സ്വന്തം കാരികയുടെ വൃത്തിയിൽ മമ്മടൻ "ആരോപിതാ ഇതി ബഹുവചനമവിവക്ഷിതം" എന്നു് ഉപന്യസി

ച്ചിരിക്കുന്നതിനെ കർത്തൃഭേദസാധകമായി * തെററിദ്ധരിച്ചുകൊണ്ടു കാവ്യപ്രകാശത്തിലെ വൃത്തിഗ്രന്ഥം മാത്രമാണ് മമ്മടഭട്ടൻേറതെന്നും കാരികാഗ്രന്ഥം †അഗ്നിപുരാണത്തിൽനിന്നു സംഗ്രഹിച്ചു ഭരതമഹർഷി രചിച്ചിട്ടുള്ളതാണെന്നും 'ആദർശ'മെന്ന വ്യാഖ്യാനത്തിൽ മഹേശ്വരൻ അഭിപ്രായപ്പെട്ടിരിക്കുന്നപോലെ ഈ അഭിപ്രായവും ഹേയമാണെന്നു സപ്രശ്രയം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

എന്നാൽ, 'കാവ്യപ്രകാശ'ത്തിലെ വൃത്തിയിലല്ലാതെ കാരികാഗ്രന്ഥത്തിൽ മാലോപമയെപ്പററി പറയാതിരിക്കെ, രൂപകപ്രകരണത്തിലെ "മാലാതു പൂർവ്വവൽ" ('മാല' മുമ്പു നിർദ്ദേശിച്ചപോലെ) എന്ന കാരികാഭാഗം കാരികയും വൃത്തിയും ഒരാളുടേതാണെന്നതിലേക്കു തെളിവാകയാൽ മഹേശ്വരാഭിപ്രായം ഹേയമാണെന്നു സമ്മതിക്കാം. അതുപോലെ പ്രകൃതത്തിൽ ആഭ്യന്തരമായ തെളിവെന്താണുള്ളത്? 'പ്രഥമകാരികയിലെ "സഹൃദയമനഃപ്രീതയേ" എന്ന അംശത്തിൻെറ വിവരണമായ "സഹൃദയാനാം ആനന്ദോ മനസി ലഭതാം പ്രതിഷ്ഠാമിതി"

* ആദർശവ്യാഖ്യാകാരനായ മഹേശ്വരൻ "ആരോപിതശബ്ദം" ആരോപമുള്ളത് എന്ന അർത്ഥത്തിൽ 'ഇതച്' പ്രത്യയംകൊണ്ട് നിഷ്പന്നമാണെന്നും ആകയാൽ ആരോപിതശബ്ദത്തിന്ന് ആരോപവിഷയമെന്നും ആരോപ്യമാണമെന്നും അർത്ഥമാണെന്നും തെററിദ്ധരിച്ചിരിക്കുന്നു. '"ശ്രൌതാവാരോപിതൌ യദാ" എന്നു പ്രയോഗിക്കാമായിരിക്കെ, 'ബഹുവചനമവിവക്ഷിതം' എന്നു മമ്മടൻ പറഞ്ഞിരിക്കുന്നതു് കാരികയുടെ കർത്താവു് മറെറാരാളാകയാലാണ്' എന്നു ഭ്രമിക്കുവാനുള്ള കാരണം ആ തെററിദ്ധാരണയാണ്. വാസ്തവത്തിൽ 'ആരോപിത'ശബ്ദത്തിന്ന് ആരോപ്യമാണം എന്നേ അർത്ഥവിവക്ഷയുള്ളു. ആരോപവിഷയമെന്നുകൂടി അർത്ഥമുണ്ടെന്നു പറയുന്നതു് അസംബദ്ധമാണ്. ആരോപവിഷയം (ഉപമേയം) ശ്രൌതമല്ലാത്ത രൂപകംതന്നെ സംഭവിയല്ലാതിരിക്കെ, രൂപകവിശേഷപ്രസ്താവത്തിൽ വിഷയംകൂടി ശ്രൌതമായിരിക്കണമെന്ന് ആരെങ്കിലും പറയുമോ? അത്ര ബാലിശത്വം കാവ്യപ്രകാശകാരനില്ലെന്നുള്ളതു് തീർച്ചയല്ലേ? അതുകൊണ്ടാണ്, വൃത്തിയിൽ "ആരോപവിഷയ ഇവ" എന്നിങ്ങിനെ അതിനെ ദൃഷ്ടാന്തമായി നിർദ്ദേശിച്ചിരിക്കുന്നതു്. സാംഗരൂപകപ്രഭേദമായ സമസ്തവസ്തുവിഷയത്തിൽ രണ്ടോ അതിലധികമോ ആരോപ്യമാണങ്ങളുണ്ടാവാം. ഈ സ്ഥിതിക്ക്, ഏകവചനം പ്രയോഗിക്കാൻ നിവൃത്തിയില്ല. ദ്വിവചനമോ ബഹുവചനമോ ഏതു പ്രയോഗിച്ചാലും താദൃശവചനം അവിവക്ഷിതമാണെന്നു പറയുകതന്നെ വേണം.

† അഗ്നിപുരാണത്തിലെ അലങ്കാരസന്ദർഭം ഭോജരാജന്നു ശേഷം ആരോ അതുവരെയുള്ള അലങ്കാരഗ്രന്ഥങ്ങളെ അവലംബിച്ചു നിർമ്മിച്ചു ചേർത്തിട്ടുള്ളതാണെന്നും നിർമ്മാതാവിന്നു സ്വന്തമായി ഒരു അഭിപ്രായമില്ലെന്നും 'കാവ്യജീവിതവൃത്തി'യുടെ ഉപോദ്ഘാതത്തിൽ സമർത്ഥിച്ചിരിക്കുന്നതു നോക്കുക.

എന്ന വൃത്തിഗ്രന്ഥത്തിലെ 'ആനന്ദ'ശബ്ദത്തെ സംബന്ധിച്ച്, "ആന ന്ദ ഇതി ച ഗ്രന്ഥകൃതോ നാമ. തേന സ ഏവ ആനന്ദവൎദ്ധനാചാൎയ്യ ഏതച്ഛാസ്ത്രദ്വാരേണ സഹൃദയഹൃദയേഷു പ്രതിഷ്ഠാം ദേവായതനാദി വദനശ്വരീം സ്ഥിതിം ഗച്ഛതു ഇതി ഭാവഃ" എന്നിങ്ങിനെ ലോചന കാരൻ വ്യാഖ്യാനിച്ചിരിക്കുന്നതു കൎത്തൃഭേദത്തിൽ അനുപപന്നമാകു ന്നതിനാൽ അതുതന്നെ പ്രമാണം' എന്നിത്തരത്തിലുള്ള വാദമാകട്ടെ അകിഞ്ചിൽകരമാണെന്നുമോൎമ്മിക്കണം. ലോചനകാരൻെറ പ്രകൃത വ്യാഖ്യാനം അന്യഥാ ഉപപന്നംതന്നെയാണ്; അനുപപന്നമല്ല. അത്രയുമല്ല, നേരേമറിച്ച് കൎത്തൃഭേദത്തിന്നുതന്നെയാണതു സാധകം. ആനന്ദവൎദ്ധനാചാൎയ്യപരമായ അൎത്ഥത്തെ 'ആനന്ദ'ശബ്ദം ബോധിപ്പി ക്കുന്നതു വ്യംഗ്യമൎയ്യാദയാലാണ്, വാച്യമൎയ്യാദയാലല്ല. അതിനാൽ, ആ അൎത്ഥം ശബ്ദശക്തിമൂലധ്വനിയാണ്. 'മനഃപ്രീതി'യുടെ വിവ രണമായി ആനന്ദശബ്ദമല്ലാതെ ആഹ്ലാദശബ്ദമോ മറേറാ ആണ് വൃത്തികാരൻ പ്രയോഗിച്ചിരുന്നതെങ്കിൽ താദൃശാൎത്ഥസ്ഫൂൎത്തിക്കുണ്ടോ അവകാശം? അതുകൊണ്ട്, കാരികാഗ്രന്ഥത്തിന്നു വൃത്തി നിൎമ്മിക്കു ന്നതു് ആനന്ദവൎദ്ധനനായ തനിക്ക് സഹൃദയഹൃദയത്തിൽ സുപ്രതിഷ്ഠ ലഭിക്കുവാനാണെന്ന സ്വാഭിപ്രായത്തെയാണ് മൂലത്തിലെ 'മനഃപ്രീതി' പദത്തിന്നു വ്യാഖ്യാനമായി 'ആനന്ദ'ശബ്ദം പ്രയോഗിച്ചു വ്യംജിപ്പിച്ചി രിക്കുന്നതു്. ഈ സ്ഥിതിക്ക്, ലോചനകാരൻെറ വ്യാഖ്യാനം കൎത്തൃഭേ ദത്തിൽ ഉപപന്നമല്ലെന്നെങ്ങിനെ പറയും? വിശേഷിച്ചു പ്രതിഷ്ഠാഭി ലാഷം വൃത്തികാരൻേറതുതന്നെയാണ്. അതുകൊണ്ടാണ്, അതിനെ വാച്യമൎയ്യാദയിൽ നിൎദ്ദേശിക്കാതെ വ്യംഗ്യമാക്കിയതു്. നേരെമറിച്ച്, കാരികാകാരന്ന് അത്തരം അഭിപ്രായം ഉണ്ടായിരിക്കയും കാരികാ കാരൻെറ നാമധേയം 'ആനന്ദ'പദഘടിതമായിരിക്കയും ചെയ്തിരുന്നു വെങ്കിൽ, അതായതു് കാരികയും വൃത്തിയും ആനന്ദവൎദ്ധനൻേറതായി രുന്നുവെങ്കിൽ—കാരികയിൽത്തന്നെ 'മനഃപ്രീതി'ശബ്ദത്തിന്നു പകരം 'ആനന്ദ'ശബ്ദം പ്രയോഗിക്കുമായിരുന്നു; അതാണുചിതവും. കാരിക യിലാണ് പ്രയോഗിച്ചിരുന്നതെങ്കിൽ കാരികാകാരൻെറ പേരാണ് ആനന്ദവൎദ്ധനൻ എന്നതു്, വൃത്തികാരൻ വേറെ ഏതോ ഒരാളാണ് എന്ന് അപ്പോഴും ആക്ഷേപിക്കാനിടയുള്ളതുകൊണ്ട് അശോകവനി കാന്യായപ്രകാരം വൃത്തിയിൽ പറഞ്ഞുവെന്നേയുള്ളു എന്ന സമാധാ നവും സ്വീകാൎയ്യമല്ല.

വൃത്തിഗ്രന്ഥത്തിന്റെ അവസാനത്തിൽ,

> "സൽകാവ്യതത്ത്വവിഷയം സ്മരിതപ്രസുപ്ത-
> കല്പം മനസ്സു പരിപക്വധിയാം യദാസീൽ
> തദ്വ്യാകരോത്സഹൃദയോദയലാഭഹേതോ-
> രാനന്ദവർദ്ധന ഇതി പ്രഥിതാഭിധാനഃ"

എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു വൃത്തികാരന്റെ നാമധേയം ആനന്ദവർദ്ധനനെന്നാണെന്നുള്ളതിൽ സംശയത്തിന്നിടയില്ലല്ലോ. ഈ സ്ഥിതിക്ക്, കാരികാകാരന്റെ നാമധേയം 'ആനന്ദ'ശബ്ദഘടിതമായിരുന്നുവെങ്കിൽ നിശ്ചയമായും "കാവ്യസ്യാത്മാ—" എന്ന കാരികയുടെ ഉത്തരാർദ്ധത്തെ,

> "കേചിദ്വാചാം സ്ഥിതമവിഷയേ പ്രോചുരസ്മാൽ സ്വരൂപം
> തസ്യ ബ്രൂമസ്സഹൃദയമനസ്സീമ്നി ചാനന്ദസിദ്ധ്യൈ."

എന്നീ വിധത്തിലോ മറ്റോ 'ആനന്ദ'ശബ്ദത്തോടു കൂടി നിബന്ധിക്കാനാണവകാശമുള്ളത്. അതാണല്ലോ യുക്തവും. ആകയാൽ, വൃത്തിയിലെ 'ആനന്ദ'ശബ്ദപ്രയോഗം കർത്തൃഭേദത്തിന്നാണ് സാധകമായിരിക്കുന്നത്. അതുകൊണ്ട്, ഉപരിപ്ലവബുദ്ധികളായ ചിലരുടെ ഇത്തരം വാദം കാര്യകാരിയല്ലെന്നും അതിലേക്കു വേറെ തെളിവു വേണ്ടിയിരിക്കുന്നുവെന്നും ശഠിക്കുന്നുവെങ്കിൽ അതിലേക്കുള്ള സമാധാനം, അതും ദുർല്ലഭമല്ലെന്നുതന്നെയാണ്.

ധ്വനിസ്വരൂപനിർവ്വചനത്തിന്നൊരുങ്ങിയ കാരികാകാരൻ "കാവ്യസ്യാത്മാ—" എന്ന കാരികയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രതിപക്ഷികളുടെ ധ്വന്യഭാവവാദം, ഭാക്തവാദം, അനാഖ്യേയവാദം എന്നീ മൂന്നു പക്ഷങ്ങളിൽ ആദ്യത്തെ രണ്ടു പക്ഷങ്ങളെ മാത്രമേ കാരികാഗ്രന്ഥത്തിൽ വിസ്തരിച്ചു ഖണ്ഡിച്ചിട്ടുള്ളു; മൂന്നാമത്തെ പക്ഷത്തെപ്പററി ശബ്ദിച്ചിട്ടേയില്ല. അതിനെ വൃത്തിയിലാണ് ഖണ്ഡിച്ചിരിക്കുന്നത്. കാരികാകാരനും വൃത്തികാരനും ഒരാളല്ലെങ്കിൽ അങ്ങിനെ ചെയ്യുമോ? ചെയ്യുന്നതിൽ ന്യായമുണ്ടോ? അഭാവവാദത്തേയും ഭാക്തവാദത്തേയും നിരാകരിച്ചതുകൊണ്ടോ ധ്വനിക്കു സാമാന്യലക്ഷണം നിർദ്ദേശിച്ചതുകൊണ്ടോ അനാഖ്യേയവാദം നിരാകൃതമോ നിരാകൃതപ്രായമോ ആകകൊണ്ടാണ് പ്രത്യേകിച്ചു കാരികയിൽ നിരാകരിക്കാതിരുന്നതെങ്കിൽ വൃത്തികാരനെന്തിന് ആ പക്ഷത്തെ മുക്തകണ്ഠമനു

വദിച്ചു ഖണ്ഡിക്കുന്നു ? പ്രമേയശയ്യാപൂരണത്തിന്നാണെങ്കിൽ താദൃശ പൂരണം കാരികാകാരന്നു മാത്രം എന്തുകൊണ്ടു വേണ്ട ? വിശേഷിച്ച്, പ്രമേയപരിഗണനം കാരികാകാരോപജ്ഞമാണല്ലോ. അതിനാൽ, ലോചനകാരൻെറ പ്രകൃതവിഷയത്തിലുള്ള സമാധാനം വൃത്തിസ്വഭാവ പരിരക്ഷണസംരംഭമൂലകമായ പ്രൌഢിവാദം മാത്രമാകയാൽ കാര്യ മായെടുക്കുവാൻ നിവൃത്തിയില്ല. അനാഖ്യേയവാദം കാരികയിൽ നിർ ദേശിച്ചിരിക്കുന്ന സ്ഥിതിക്ക്, 'ഇത്രയുംകൊണ്ടു് അനാഖ്യേയവാദവും നിരസ്തമാ'യെന്നെങ്കിലും പറയാതെ മൌനം ഭജിച്ചിരിക്കുന്നതു കാരികാ വൃത്തികളുടെ കർത്തൈക്യത്തിലല്ലാതെ കർത്തൃഭേദത്തിൽ ഒന്നുകൊണ്ടും ഉപപന്നമാവുകയില്ല. കാരികയും വൃത്തിയും ഒരാളുടേതാണെങ്കിൽ കാരികയിൽ പറയേണമെന്നില്ല ; വൃത്തിയിൽ പറഞ്ഞാലും മതി.

"അല്പാക്ഷരമസംദിഗ്ദ്ധം സാരവദ്വിശ്വതോമുഖം
അസ്തോഭമനവദ്യഞ്ച സൂത്രം സൂത്രവിദോ വിദുഃ"

എന്ന ലക്ഷണലക്ഷിതമായ സൂത്രമോ തൽസ്ഥാനീയമായ കാരികയോ നിർമ്മിക്കുന്നതോടുകൂടിത്തന്നെ വൃത്തിയും നിർമ്മിക്കുന്ന ആചാര്യന്മാർ അവശ്യവക്തവ്യത്വമർഹിക്കാത്തതോ അനുക്തസിദ്ധമോ ആയ അംശ ത്തെ സൂത്രത്തിൽ നിർദേശിക്കാതെ വൃത്തിയിൽ വിവരിക്കുകയാണു് പതിവ്. കാവ്യപ്രകാശകാരൻ മാലോപമയേയും രശനോപമയേയും പററി മൂലത്തിൽ യാതൊന്നും പറയാതെ വൃത്തിയിൽ വിവരിച്ചിരിക്കു ന്നതും, കാവ്യാനുശാസനകാരൻ ആഖ്യാനം, നിദർശനം, പ്രവഹ്ലിക, മതല്ലിക, മണികുല്യ, പരികഥ മുതലായവയെ സൂത്രത്തിൽ ലക്ഷിക്കാതെ വൃത്തിയിൽ പ്രതിപാദിച്ചിരിക്കുന്നതും മററും നോക്കുക. അത്രമാത്ര മല്ല, വൃത്തിയിൽ മാത്രം നിർദേശിച്ചിരിക്കുന്ന അവിവക്ഷിതവാച്യം എന്നീ ധ്വനിസാമാന്യപ്രഭേദത്തെ ആധാരമാക്കി അവയുടെ വിശേഷ പ്രകാരങ്ങളെ "അർത്ഥാന്തരേ സംക്രമിതം" എന്നിങ്ങിനെ കാരികയിൽ പ്രതിപാദിച്ചിരിക്കുന്നതു കാരികയും വൃത്തിയും ഒരാളുടേതല്ലെങ്കിൽ എങ്ങിനെ സംഗതമാകും ? ഈ വക കാരികകളുടെ സ്ഥിതി "മാലാതു പൂർവ്വവൽ" എന്ന 'കാവ്യപ്രകാശ'കാരികയുടേതുപോലെതന്നെയല്ലേ ? 'കാവ്യപ്രകാശ'ത്തിലെ ആ കാരികാഭാഗം കർത്തൈക്യസാധകമാണെന്നു സമ്മതിക്കുന്ന സ്ഥിതിക്കു് ധ്വന്യാലോകത്തിലെ തത്സമാനയോഗക്ഷേമ മായ ഈ കാരികകൾ കർത്തൈക്യസാധകങ്ങളല്ലെന്നു് എങ്ങിനെ

പറയാം? കാരികയും വൃത്തിയും ആനന്ദവദ്ധനാചാൎയ്യന്റേതാണെങ്കിൽ 'ആനന്ദ'ശബ്ദം കാരികയിൽത്തന്നെയല്ലേ പ്രയോഗിക്കുക? അതല്ലേ ഉചിതം?' എന്നുള്ള ആശങ്കയും നിസ്സാരമാണു്. തൽക്കാലം ഓൎമ്മിക്കാത്ത കാൎയ്യം സന്ദൎഭാനുസരണം ഓൎമ്മവരുമ്പോൾ പറയുക എന്നതു മനുഷ്യസ്വഭാവസിദ്ധമാണു്. അതിൽനിന്നു് ആചാൎയ്യന്മാരും വ്യത്യസ്തരല്ല. എന്നാൽ, നമ്മെപ്പോലെ സൎവ്വഥാ അബദ്ധമായ വചനം അഭിജ്ഞന്മാരായ അവരുടെ മുഖത്തുനിന്നു നിർഗമിക്കാൻ അവകാശമില്ലാത്തതുകൊണ്ടു നാമിന്നുചെയ്യുന്നതുപോലെ മുൻപറഞ്ഞതിന്നു സ്വല്പം വല്ല ന്യൂനതയുണ്ടെങ്കിലും അവർ അതു തിരുത്തി എഴുതുക പതിവില്ലെന്നുമാത്രം ഒരു വിശേഷമുണ്ടുതാനും.

ഈ വസ്തുത,

*"കിമൎത്ഥമിദമുച്യതേ ഭവേ പ്രോക്താദയശ്ച തദ്ധിതാഃ ഇതി; ന പ്രോക്താദയശ്ച തദ്ധിതാഃ ഇത്യേവ ഭവേപി തദ്ധിതശ്ചോദിതസ്സ്യാൽ? പുരസ്താദിദമാചാൎയ്യേണ ദൃഷ്ടം ഭവേ ച തദ്ധിതഃ ഇതി; തൽ പഠിതം. തത ഉത്തരകാലമിദം ദൃഷ്ടം പ്രോക്താദയശ്ച തദ്ധിതാ ഇതി; തദപി പഠിതം. ന ചേദാനീമാചാൎയ്യാസ്സൂത്രാണി കൃത്വാ നിവൎത്തയന്തി" എന്നിങ്ങിനെ മഹാഭാഷ്യകാരൻ തന്നെ മുക്തകണ്ഠമുപന്യസിച്ചിരിക്കുന്നതു നോക്കുക. ആകയാൽ, കാരികാനിൎമ്മാണസമയത്തു് ഓൎമ്മിക്കാതെ പോയ ആത്മപ്രതിഷ്ഠാലാഭസൂചനം സന്ദൎഭാനുസരണം വൃത്തിയിൽ 'ആനന്ദ'ശബ്ദം പ്രയോഗിച്ചു് ആചാൎയ്യൻ നിൎവ്വഹിച്ചിരിക്കുന്നതായി വിചാരിക്കുന്നതിൽ ന്യായമുണ്ടല്ലോ. ഇങ്ങിനെയിരിക്കെ, എന്തേ കാരികതന്നെ 'ആനന്ദ'ശബ്ദഘടിതമായി നിൎമ്മിച്ചില്ലെന്നോ അപ്രകാരം മാററി എഴുതിയില്ലെന്നോ ചോദിച്ചുകൊണ്ടു് അതിനെ

*പസ്പശാഹ്നികത്തിൽ, വ്യാകരണശബ്ദാൎത്ഥവിചാരകങ്ങളായ വാൎത്തികങ്ങളെ വ്യാഖ്യാനിക്കുന്ന ഘട്ടത്തിലുള്ളതാണു് ഈ ഭാഷ്യപംക്തികൾ. എന്തിനാണിതു പറഞ്ഞതു് ഭവാൎത്ഥതദ്ധിതവും പ്രോക്താദ്യൎത്ഥതദ്ധിതങ്ങളുമെന്നു്? "പ്രോക്താദയശ്ച തദ്ധിതാഃ" എന്നു മാത്രം പോരെ? ('പ്രോക്താദയശ്ച' എന്നതിലെ ആദിപദംകൊണ്ടു ഭവാൎത്ഥതദ്ധിതവും ഗ്രഹിക്കാവുന്നതായിരിക്കെ, പ്രത്യേകം "ഭവേ ച തദ്ധിതഃ" എന്നെന്തിന്നു പറഞ്ഞു എന്നു പൂൎവ്വപക്ഷം.) മുമ്പിൽ ആചാൎയ്യൻ കണ്ടതു് ഇതാണു്, 'ഭവേ ച തദ്ധിതഃ' എന്നു്; അതു പറഞ്ഞു. പിന്നീടു് ഇതു കാണുകയുണ്ടായി 'പ്രോക്താദയശ്ച തദ്ധിതാഃ' എന്നു്; അതും പറഞ്ഞു. ഇക്കാലത്തു് ആചാൎയ്യന്മാർ സൂത്രങ്ങൾ നിൎമ്മിച്ചു പിന്നീടു് മാററുകയില്ല. എന്നൎത്ഥം,

കർത്തൃഭേദസാധകമായി ഉപന്യസിച്ചുകൊണ്ട് ആക്ഷേപിച്ചതും യുക്തമല്ലെന്ന് ഈ അവസരത്തിൽ അനുസ്മരിപ്പിച്ചുകൊള്ളുന്നു. 'ആനന്ദ'പദം കാരികയിൽ പ്രയോഗിക്കാതെ വൃത്തിയിൽ പ്രയോഗിച്ചിരിക്കുന്നു എന്നുള്ള ഹേതു അനൈകാന്തികം—ഉഭയസാധാരണം—ആകയാൽ, കർത്രൈക്യത്തിന്നൊന്നപോലെ കർത്തൃഭേദത്തിന്നും സാധകമായി ഉപന്യസിക്കാവുന്നതല്ലെന്നു താൽപര്യം.

ഇത്രയുംകൊണ്ട്, പ്രഥമകാരികയിൽ നിരസനീയത്വേന നിർദേശിച്ച വാദത്രയത്തിൽ അനാഖ്യേയവാദത്തെ മാത്രം കാരികയിൽ നിരസിക്കാതെ വൃത്തിയിൽ അപ്രകാരം ചെയ്തിരിക്കുന്നതും വൃത്തിയിൽ മാത്രം നിർദേശിച്ചിരിക്കുന്ന ധ്വനിസാമാന്യപ്രഭേദങ്ങൾക്കു കാരികയിൽ വിശേഷപ്രഭേദങ്ങളെ പ്രതിപാദിച്ചിരിക്കുന്നതും കാരികാകാരനും വൃത്തികാരനും ഒരാളാണെന്നതിലേക്ക് ആഭ്യന്തരമായ തെളിവായി എടുത്തു കാണിക്കുകയും, കർത്തൃഭേദസാധകങ്ങളായി ചിലർ ധരിച്ചിരിക്കുന്ന ലോചനവാക്യങ്ങൾ കർത്രൈക്യത്തിൽ അനുപപന്നങ്ങളല്ലെന്ന് ഉപപാദിക്കയും ചെയ്തുകഴിഞ്ഞു. പ്രതിപക്ഷികൾ ഉദ്ധരിച്ച ലോചനവാക്യങ്ങൾ കർത്രൈക്യത്തിൽ അനുപപന്നങ്ങളല്ലെന്നിരിക്കട്ടെ; വിശേഷിച്ച്, കർത്തൃഭേദത്തിൽ അനുപപന്നങ്ങളായ ലോചനവാക്യങ്ങൾ ഇനി എടുത്തു കാണിക്കാം.

കർത്രൈക്യസാധകമായ തെളിവുകളിൽ ലോചനവാക്യങ്ങൾ.

ദ്വിതീയോദ്യോതത്തിന്റെ പ്രാരംഭത്തിലുള്ള "ഏവമവിവക്ഷിതവാച്യവിവക്ഷിതാന്യപരവാച്യത്വേന ധ്വനിർദ്വിപ്രകാരകഃ പ്രകാശിതഃ" എന്ന വൃത്തിവാക്യത്തിലെ 'പ്രകാശിതഃ' എന്ന പദത്തെ ലോചനകാരൻ "പ്രകാശിത ഇതി മയാ വൃത്തികാരേണ സതേതി ഭാവഃ" എന്നു വ്യാഖ്യാനിച്ചിരിക്കുന്നതിലെ "സതാ" എന്ന പദം പ്രത്യേകിച്ചു ശ്രദ്ധിക്കേണ്ടതാണ്. 'വൃത്തികാരനായി ഭവിച്ചിരിക്കുന്ന എന്നാൽ പ്രകാശിപ്പിക്കപ്പെട്ട' എന്നാണല്ലോ ലോചനപംക്തിക്കർത്ഥം. കാരികാകാരനും വൃത്തികാരനും ഒന്നാണെന്നതിലേക്കു ലോചനത്തിലെ ഈ വാക്യംതന്നെ ഒരു നല്ല തെളിവല്ലേ? ഇങ്ങിനെയിരിക്കെ, "ന ചൈതന്മയോൽസൂത്രമുക്തം അപി തു കാരികാകാരാഭിപ്രായേണ" എന്നിങ്ങിനെയുള്ള അനന്തരപംക്തികളിലും മററും സൂത്രകാരത്വം വൃത്തികാരത്വമെന്നീ ഉപാധിഭേദമവലംബിച്ചു ലോചനകാരൻ വ്യവഹരിച്ചിരിക്കുന്നതു കർത്തൃഭേദ

ത്തിന്നെങ്ങിനെയാണ് സാധകമാവുക? അത്രയുമല്ല, രണ്ടാമത്തെ ഉദ്ദ്യോതത്തിലെ "അസംലക്ഷ്യക്രമോദ്ദ്യോതഃ—" എന്ന കാരികയ്ക്കുള്ള ലോചനകാരൻെറ "അവിവക്ഷിതവാച്യസ്യ പ്രഭിന്നത്വമിതി യദ്വക്തം തൽ കുതഃ—" എന്നിങ്ങിനെയുള്ള അവതാരികയും കാരികാകാരനും വൃത്തികാരനും ഒന്നാകുന്നുവെന്നുതന്നെയാണ് ലോചനകാരൻെറ അഭിപ്രായമെന്നതിലേക്കു വേറെ ഒരു തെളിവാണ്. അവിവക്ഷിതവാച്യധ്വനിക്കു വിവക്ഷിതാന്യപരവാച്യധ്വന്യപേക്ഷയാ പ്രഭിന്നത്വം പറഞ്ഞിരിക്കുന്നതു വൃത്തികാരനാണല്ലോ. "തത്രാവിവക്ഷിതവാച്യസ്യ പ്രഭേദപ്രതിപാദനായ—" എന്നിങ്ങിനെ ഉദ്ദ്യോതാരംഭത്തിലെ വൃത്തിയും "തദവാന്തരപ്രഭേദപ്രതിപാദനദ്വാരേണൈവ ചാനുവാദദ്വാരേണ അവിവക്ഷിതവാച്യസ്യ യഃ പ്രഭേദഃ വിവക്ഷിതാന്യപരവാച്യാൽ പ്രഭിന്നത്വം തൽപ്രതിപാദനായ—" എന്ന ലോചനകാരൻെറ വ്യാഖ്യാനവും നോക്കുക. കൂടാതെ, തൃതീയോദ്ദ്യോതത്തിലെ "യസ്ത്വലക്ഷ്യക്രമ—" എന്ന കാരികയുടെ അവതാരികാരൂപത്തിലുള്ള * "ഏവം കാരികാം വ്യാഖ്യായ തദസംഗൃഹീതമസംലക്ഷ്യക്രമവ്യംഗ്യം പ്രപഞ്ചയിതുമാഹ—യസ്ത്വിതി—" എന്ന ലോചനവാക്യം കാരികാകാരനും വൃത്തികാരനും ഒരാളാണെന്നതിലേക്കു പ്രധാനമായ മറെറാരു തെളിവാകുന്നു. രണ്ടും ഒരാളല്ലെങ്കിൽ 'വ്യാഖ്യായ' എന്ന ല്യബന്തപ്രയോഗം ഘടിക്കയില്ല. 'ഇപ്രകാരം കാരികയെ വ്യാഖ്യാനിച്ച്' (കാരികയ്ക്കു വൃത്തി എഴുതി) കാരികയിലുൾപ്പെടാത്ത അസംലക്ഷ്യക്രമവ്യംഗ്യത്തെ വിവരിക്കുവാനായി പറയുന്ന, "യസ്ത്വലക്ഷ്യക്രമ—" എന്ന കാരികയെ' എന്നാണ് പ്രകൃതവാക്യത്തിൻെറ അൎത്ഥം. ഈ സ്ഥിതിക്ക്, വൃത്തിയെഴുതിയതാരോ ആയാൾ തന്നെയാണ് കാരികയെഴുതിയതും എന്നു സമ്മതിക്കാതെ ഗത്യന്തരമില്ല. അല്ലാത്തപക്ഷം 'കാരികാം വ്യാഖ്യായ' എന്ന് എങ്ങിനെ പ്രയോഗിക്കും? "സമാനകൎത്തൃകയോഃ പൂൎവ്വകാലേ—" എന്ന സൂത്രപ്രകാരം ധാത്വൎത്ഥങ്ങൾ ഏകകൎത്തൃകങ്ങളാണെങ്കിലല്ലേ പൂൎവ്വകാലത്തിലുള്ള ധാതുവിൽനിന്നു പരമായി 'ക്ത്വാ' എന്ന പ്രത്യയം വരികയുള്ളു? 'വി+ആ' എന്നീ ഉപസൎഗ്ഗങ്ങളോടുകൂടിയ 'ചക്ഷ്' ധാതുവിന്നു 'ഖ്യാ' എന്നും 'ക്ത്വാ' പ്രത്യയത്തിന്നു 'യ' എന്നും

* ധ്വന്യാലോകഃ ഭാഗം 130.

ആദേശം വന്നിട്ടാണല്ലോ 'വ്യാഖ്യായ' എന്ന രൂപം സിദ്ധിക്കുന്നത്. അതുകൊണ്ട്, കാരികാകാരനും വൃത്തികാരനും ഒരാൾതന്നെയാണെന്ന വസ്തുത ലോചനകാരൻെറ പ്രകൃതവാക്യംകൊണ്ടു തന്നെ തെളിയുന്നു.

അഭിനവഭാരതിയിലെ വാക്യങ്ങൾ.

അതിനും പുറമെ, അഭിനവഗുപ്തൻെറ നാട്യശാസ്ത്രവ്യാഖ്യാനമായ 'അഭിനവഭാരതി'യിലെ പല സ്ഥലങ്ങളും ധ്വന്യാലോകത്തിലെ കാരികയും വൃത്തിയും ആനന്ദവൎദ്ധനാചാൎയ്യൻെറയാണെന്ന വസ്തുത വ്യക്തമാക്കുന്നുണ്ട്. സ്വല്പം ചില തെളുത്തു കാണിക്കാം.

*"ഏതദേവോപജീവ്യാനന്ദവൎദ്ധനാചാൎയ്യേണോക്തം †സുപ്തിങ്വചനേത്യാദി" എന്ന 'അഭിനവഭാരതി'യിലെ വാക്യം കാരികാഗ്രന്ഥം ആനന്ദവൎദ്ധനാചാൎയ്യരുടേതാണെന്നു വ്യക്തമാക്കുന്നില്ലേ? ‡"ഏതമേവാൎത്ഥം സമ്യഗാനന്ദവൎദ്ധനാചാൎയ്യോപി വിവിച്യ ന്യരൂപയൽ."

§"ധ്വന്യാത്മഭൂതേ ശൃംഗാരേ സമീക്ഷ്യ വിനിവേശിതഃ
രൂപകാദിരലങ്കാര-വൎഗ്ഗ ഏതി യഥാൎത്ഥതാം."

ഇത്യുക്ത്വാ ക്രമേണ—

$"വിവക്ഷാ തൽപരത്വേന നാംഗിത്വേന കഥഞ്ചന
കാലേ ച ഗ്രഹണത്യാഗൌ നാതിനിൎവ്വഹണൈഷിതാ

ഇത്യാദിനാ ഗ്രന്ഥസന്ദൎഭേണ സോദാഹരണേന" എന്ന 'അഭിനവഭാരതി'യിലെ വാക്യം കാരികയും വൃത്തിഗ്രന്ഥവും ആനന്ദവൎദ്ധനാചാൎയ്യരുടേതാണെന്നതിലേക്കു നല്ല തെളിവാണല്ലോ. ഉദാഹരണം വൃത്ത്യംശമല്ലാതെ കാരികാംശമാകയില്ലെന്നതും തീൎച്ചയല്ലേ?

ധ്വന്യാലോകത്തിലെ കാരികയും വൃത്തിയും രണ്ടുപേരുടേതാണെന്നു പ്രതിപക്ഷി ധരിച്ചതു് അഭിനവഗുപ്താചാൎയ്യൻെറ കാരികാകാരനെന്നും വൃത്തികാരനെന്നുമുള്ള പ്രയോഗം കണ്ടിട്ടുമാത്രമാണ്. ആ ധാരണ സൎവ്വഥാ അബദ്ധമാണെന്ന് അദ്ദേഹത്തിൻെറ വാക്കുകൊണ്ടുതന്നെ തെളിയിച്ചു കഴിഞ്ഞു.

* വാല്യം 2, അദ്ധ്യായം 14, ഭാഗം 229.
† ധ്വന്യാലോകം ഉദ്ദ്യോതം 3, ഭാഗം 153.
‡ അദ്ധ്യായം 16, ഭാഗം 299, 300.
§ ധ്വന്യാലോകം ഉദ്ദ്യോതം 2, ഭാഗം 88. $ ടി.

പുറമെ, കാരികാകാരൻ മറെറാരാളായിരുന്നുവെങ്കിൽ വൃത്തി ഗ്രന്ഥംകൊണ്ടു താൻ പയ്യുപാസിക്കുന്ന ആ മൂലകൃതിയുടെ കൎത്താവിൻെറ പേർ മഹാനായ ആനന്ദവൎദ്ധനാചാൎയ്യർ സൎവ്വഥാ ഗോപനം ചെയ്യുകയില്ലെന്ന കാൎയ്യവും ഒരു തെളിവായി സ്വീകരിക്കാവുന്നതാണു്. ആനന്ദവൎദ്ധനനു് ആരുടേതാണെന്നറിയാത്തവിധം അത്ര പുരാതനത്വം ധ്വനിഗ്രന്ഥത്തിനുണ്ടാവാനും വഴിയില്ല. കാരികാകാരൻ മറെറാരാൾ ആണെന്നുവരികിലും അദ്ദേഹം ഭട്ടോദ്ഭടൻ, വാമനൻ എന്നിവരെ,

* "ആക്ഷിപ്ത ഏവാലങ്കാര-ശ്ശബ്ദശക്ത്യാ പ്രകാശതേ"

† "അസ്ഫുടസ്ഫുരിതം കാവ്യ-തത്ത്വമേതദ്യഥോചിതം
അശക്നുവദ്ഭിർവ്യാകൎത്തും രീതയ സ്സംപ്രവൎത്തിതാഃ"

എന്നീ കാരികകളിൽ സ്മരിക്കുന്നുണ്ടെന്ന വസ്തുത,—

‡ "നന്വലങ്കാരാന്തരപ്രതിഭായാമപി ശ്ലേഷവ്യപദേശോ ഭവതീതി ദൎശിതം ഭട്ടോദ്ഭടേന" § "ഏതൽ ധ്വനിവൎണ്ണനേന നിൎണ്ണീതം കാവ്യതത്ത്വമസ്ഫുടസ്ഫുരിതം സദശക്നുവദ്ഭിഃ പ്രതിപാദയിതും വൈദൎഭീ ഗൌഡീ പാഞ്ചാലീ ചേതി രീതയഃ പ്രവൎത്തിതാഃ—" ഇത്യാദി വൃത്തി ഗ്രന്ഥംകൊണ്ടു് ആനന്ദവൎദ്ധനൻ വ്യക്തമാക്കീട്ടുണ്ടു്. ആനന്ദവൎദ്ധനനു മുമ്പിൽ രീതിയെ വൈദൎഭി, ഗൌഡി, പാഞ്ചാലി എന്നു മൂന്നായി വിഭാഗിച്ചിരിക്കുന്നതും രീതിക്കു കാവ്യാത്മത്വം സിദ്ധാന്തിച്ചിരിക്കുന്നതും വാമനൻ അല്ലാതെ മറെറാരാളല്ല. ഉദ്ഭടനും വാമനനും ക്രിസ്തുവൎഷം 778 മുതൽ 813 വരെ കാശ്മീരരാജ്യം ഭരിച്ചിരുന്ന ജയാപീഡൻെറ കാലത്തും, ആനന്ദവൎദ്ധനൻ ക്രിസ്തുവൎഷം 855 മുതൽ 883 വരെ അതേ രാജ്യം ഭരിച്ചിരുന്ന അവന്തിവൎമ്മൻെറ കാലത്തും പ്രസിദ്ധന്മാരായിരുന്നുവെന്നു മുമ്പുതന്നെ നിരൂപിച്ചിട്ടുണ്ടു്. ഈ സ്ഥിതിക്കു്, ഉദ്ഭടാദികൾക്കും ആനന്ദവൎദ്ധനനും തമ്മിൽ ഉള്ള അന്തരം ഏതാണ്ടു് 70 വൎഷം മാത്രമാണു്. ധ്വനികാരനായി പ്രത്യേകം ഒരു വ്യക്തി ഇവരുടെ ഇടയ്ക്കുണ്ടെന്നു വരുമ്പോൾ അദ്ദേഹത്തിൻെറ സത്ത ആനന്ദവൎദ്ധനനേക്കാളും ഏറിയതു് ഒരു നാല്പതുവൎഷത്തിലധികം മുമ്പാവാനും തരമില്ല. മുപ്പതോ നാല്പതോ വൎഷങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന ഒരാളുടെ

* ധ്വന്യാലോകം ഉദ്ദ്യോതം 2, ഭാ. 95. † ധ്വന്യാലോകം ഉദ്ദ്യോതം 3, ഭാ. 231.
‡ ടി. ഉദ്ദ്യോതം 2, ഭാ. 96. § ടി. ഉദ്ദ്യോതം 3, ഭാ. 231.

ഗ്രന്ഥത്തിന്ന വൃത്തി എഴുതുന്ന ആൾക്ക മൂലകാരൻ ആരാണെന്ന നിശ്ച യമില്ലെന്ന വരിക സംഭവിക്കാവുന്നതാണോ? അതിനാൽ കാരികാകാ രൻെറ പേർ നിശ്ചയമില്ലാത്തതുകൊണ്ടാണ് വൃത്തികാരൻ നിർദേശി ക്കാതിരുന്നതെന്ന വിചാരിക്കാൻ നിവൃത്തിയില്ല. ഈ സ്ഥിതിക്ക്, കാരികാകാരൻ മററൊരാളായിരുന്നുവെങ്കിൽ നിശ്ചയമായും ആനന്ദ വദ്ധനാചാര്യർ ഗൌരവപ്രകാശനാത്ഥം അദ്ദേഹത്തിൻെറ പേർ പറയുമായിരുന്നുവെന്നും അങ്ങിനെ ചെയ്യുകാണാത്തതുകൊണ്ടു വൃത്തി ഗ്രന്ഥംപോലെ കാരികാഗ്രന്ഥവും ആനന്ദവദ്ധനാചാര്യരുടേതാണെ ന്നും തീമ്മാനിക്കാവുന്നതാണ്.

സംജ്ഞാന്തരം. അത്രമാത്രമല്ല, 'കാവ്യപ്രകാശം' എന്നപോലെ കാരികയ്ക്കും വൃത്തിക്കും കൂടി അഖണ്ഡരൂപത്തിൽ 'കാവ്യാലോകം' 'സഹൃദയാലോകം' എന്നിങ്ങിനെ പ്രകൃതഗ്രന്ഥത്തിനുള്ള സംജ്ഞാന്തരങ്ങൾതന്നെ കാരികയും വൃത്തിയും ഏകകർത്തൃകമാണെ ന്നു സൂചിപ്പിക്കുന്നുണ്ടെന്ന കാര്യവും വിസ്മരിക്കാവുന്നതല്ല. പ്രസ്തുത സം ജ്ഞകൾ വിഭാഗയോഗ്യങ്ങളാണോ? കാരികാഗ്രന്ഥത്തിൻെറ സംജ്ഞ കാവ്യമെന്നോ സഹൃദയമെന്നോ ആക്കുന്നതു യുക്തമാവുമോ? 'കാവ്യാ ലോകം' 'സഹൃദയലോക'മെന്നിവ കാരികയ്ക്കോ വൃത്തിക്കോ മാത്രമുള്ള സംജ്ഞകളല്ലെന്നത് അഭിനവഗുപ്തപ്രയോഗംകൊണ്ടു സ്പഷ്ടവുമാണ്.

ഇനി പ്രസ്തുതവസ്തുതയ്ക്കു സാധകങ്ങളായി മററു ഗ്രന്ഥകാര ന്മാരുടെ—ആനന്ദവദ്ധനാചാര്യരുടെ കാലത്തിൽനിന്നു വളരെ അകന്ന കാലത്തിലല്ലാത്തവരുടെ—വാക്യങ്ങൾ എടുത്തു കാണിക്കാം.

ആദ്യമായി 'സൂക്തിമുക്താവലി'യിൽ രാജശേഖരൻേറതാണെ ന്ന് അഭിപ്രായപ്പെട്ടുകൊണ്ടു ജല്ഹണൻ ഉദ്ധരിച്ചുകാണിച്ചിരിക്കുന്ന,

രാജശേഖരപദ്യം.

"ധ്വനിനാതിഗഭീരേണ കാവ്യതത്ത്വനിവേശിനാ
ആനന്ദവദ്ധനഃ കസ്യ നാസീദാനന്ദവദ്ധനഃ."

എന്ന പദ്യംതന്നെ എടുക്കാം. "കാവ്യതത്ത്വത്തെ സഹൃദയന്മാരുടെ ഹൃദയത്തിൽ നിവേശിപ്പിക്കുന്നതും അതിപ്രൌഢവുമായ ധ്വന്യാഖ്യഗ്ര ന്ഥവിശേഷത്താൽ ആനന്ദവദ്ധനൻ ഏതൊരു സഹൃദയന്നു ആനന്ദ വദ്ധനനായി ഭവിച്ചില്ല" എന്നാണല്ലോ പ്രകൃതപദ്യത്തിൻെറ അത്ഥം. കാവ്യതത്ത്വനിവേശിയും അതിഗംഭീരവുമായ ധ്വനി എന്നതു നാമൈ കദേശന്യായപ്രകാരം ധ്വന്യാലോകമോ അഥവാ കാരികാത്മകമായ

ധ്വനിഗ്രന്ഥമോ അല്ലാതെ 'ആലോക'മെന്ന വൃത്തിഗ്രന്ഥം മാത്രമാകയില്ലെന്നുള്ളതു തീച്ച്യയാണ്. അതിനാൽ, ധ്വന്യാലോകം അഥവാ ധ്വനികാരിക ആനന്ദവദ്ധനന്റേതാണെന്നതിലേക്കു രാജശേഖരന്റെ പ്രകൃതപദ്യംതന്നെ പ്രധാനമായ ഒരു തെളിവല്ലേ? ആനന്ദവദ്ധനനേക്കാൾ പ്രായക്കുറവുണ്ടെങ്കിലും ഏതാണ്ടതേകാലത്തുതന്നെ അതായതു്, ഒമ്പതാംനൂററാണ്ടിന്റെ ഉത്തരാദ്ധത്തിൽത്തന്നെ ജീവിച്ചിരുന്ന രാജശേഖരന്റെ വാക്കിന്നു പ്രസ്തുതവിഷയത്തിലുള്ള പ്രാമാണ്യം നിവ്വിവാദവുമാണ്. പ്രകൃതപദ്യം രാജശേഖരന്റെ 'ഹരവിലാസം' മഹാകാവ്യത്തിലെ കവിപ്രശംസാസന്ദർഭത്തിലുള്ളതായിരിക്കാനും ഇടയുണ്ട്. ഏതായാലും രാജശേഖരൻ തന്റെ കാവ്യമീമാംസയിൽ * "പ്രതിഭാവ്യുൽപത്ത്യോഃ പ്രതിഭാ ശ്രേയസീത്യാനന്ദഃ; സാ ഹി കവേരവ്യുൽപത്തികൃതം ദോഷാമാച്ഛാദയതി" എന്നിങ്ങിനെ നാമനിർദ്ദേശപൂവ്വം ആനന്ദവദ്ധനാചായ്യരുടെ അഭിപ്രായം ഉപന്യസിച്ചുകൊണ്ടു്—

"അവ്യുൽപത്തികൃതോ ദോഷ ശ്ശക്ത്യാ സംവ്രിയതേ കവേഃ
യസ്ത്വശക്തികൃതസ്തസ്യ ഝഗിത്യേവാവഭാസതേ."

എന്ന ധ്വന്യാലോകത്തിലെ പരികരശ്ലോകത്തെ ഉദ്ധരിച്ചു കാണിച്ചിരിക്കുന്നതും പ്രത്യേകിച്ച് † "നിഹതസഹചരീവിരഹകാതരക്രൌഞ്ചാക്രന്ദജനിതഃ ശോക ഏവ" എന്ന ധ്വന്യാലോകവാക്യത്തിലെ വാല്മീകിരാമായണവിരുദ്ധമായ ആശയത്തെ അതേ പ്രകാരത്തിൽ ‡ "നിഷാദനിഹതസഹചരീകം ക്രൌഞ്ചയുവാനം കരുണക്രേങ്കാരയാ ഗിരാ ക്രന്ദന്തമുദവീക്ഷ്യ ശോകവാൻ" എന്നിങ്ങിനെ അനുവദിച്ചിരിക്കുന്നതും ആനന്ദവദ്ധനാചായ്യനിലുള്ള പ്രാമാണികത്വബുദ്ധിയാലാണെന്നും അതിനാൽ അദ്ദേഹത്തിന്റെ കൃതിയായ ധ്വന്യാലോകത്തെ വിശേഷിച്ചു ശ്ലാഘിക്കാൻ ന്യായമുണ്ടെന്നും വിചാരിക്കാവുന്നതുമാണ്.

കുന്തകവചനം.

ഇതു പോരെന്നുവരികിൽ ആനന്ദവദ്ധനന്റെ കാലത്തിന്നു കഷ്ടിച്ചൊരു നൂററാണ്ടിന്നുശേഷം ജീവിച്ചിരുന്ന കുന്തകന്റെ വചനം മറെറാരു തെളിവായി ഹാജരാക്കാം. § ധ്വന്യാലോകത്തിൽ ഉദാഹരിച്ചിരിക്കുന്ന "താലാ ജാഅന്തി ഗുണാഃ—"

* അദ്ധ്യായം 5, ഭാഗം 16. † ധ്വന്യാലോകം ഉദ്ദ്യോതം 1, ഭാഗം 27.
‡ അദ്ധ്യായം 3, ഭാഗം 7,
§ ധ്വന്യാലോകം ഉദ്ദ്യോതം 2, ഭാഗം 62.

എന്ന ആനന്ദവൎദ്ധനന്റെ പദ്യത്തെ കുന്തകൻ തന്റെ 'വക്രോക്തിജീവിത'ത്തിൽ രൂഢിവൈചിത്ര്യവക്രതയ്ക്കു് ഉദാഹരിച്ചുകൊണ്ടു് *"യസ്താൽ ധ്വനികാരേണ വ്യംഗ്യവ്യഞ്ജകഭാവോത്ര സുതരാം സമൎത്ഥിതഃ തൽ കിം പൌനരുക്ത്യേന" എന്നു പറഞ്ഞിരിക്കുന്നതാണു് അതു്. ആനന്ദവൎദ്ധനനെ കുന്തകൻ ധ്വനികാരനെന്നു പറഞ്ഞിരിക്കുന്നതിൽനിന്നു 'ധ്വനി' എന്ന കാരികാഗ്രന്ഥം ആനന്ദവൎദ്ധനന്റേതാണെന്നു തെളിയുന്നില്ലേ? അല്ലാത്തപക്ഷം, ആലോകകാരനെന്നോ ധ്വന്യാലോകകാരനെന്നോ അല്ലേ പറയേണ്ടതു്? കൂടാതെ ധ്വന്യാലോകത്തിലെ കാരികയും വൃത്തിയും ഒരാളുടേതാണെന്നു തെളിയിക്കുന്ന അസംഖ്യം സന്ദൎഭങ്ങൾ ലോചനകാരനു് ഏതാണ്ടു് സമാനകാലികനായ മഹിമഭട്ടന്റെ 'വ്യക്തിവിവേക'ത്തിൽ കാണുന്നുണ്ടു്. അവയൊക്കയും ഇവിടെ എടുത്തു കാണിച്ചു് ഈ പ്രബന്ധം ദീൎഘിപ്പിച്ചിട്ടാവശ്യകതയില്ലായ്കയാൽ ഏതാനും ചിലതു മാത്രമേ പ്രദൎശിപ്പിക്കുന്നുള്ളു.

വ്യക്തിവിവേക വാക്യം.

"ഇഹ സമ്പ്രതിപത്തിതോന്യഥാ വാ
ധ്വനികാരസ്യ വചോവിവേചനം നഃ
നിയതം യശസേ പ്രപത്സ്യതേ യ-
ന്മഹതാം സംസ്തവ ഏവ ഗൌരവായ."

എന്നിങ്ങിനെ മഹിമഭട്ടൻ ഗ്രന്ഥാരംഭത്തിൽത്തന്നെ പറഞ്ഞിരിക്കുന്ന ആ ധ്വനികാരവചസ്സിൽ ധ്വന്യാലോകത്തിലെ കാരികയും വൃത്തിയും ഉൾപ്പെട്ടിട്ടുണ്ടെന്ന വസ്തുതയ്ക്കു വ്യക്തിവിവേകം ആദ്യന്തം സാക്ഷ്യം വഹിക്കുന്നതായി കാണാവുന്നതാണു്.

"ധ്വനികാരേണൈവോക്തം, തദ്യഥാ—[1]യത്രാൎത്ഥശ്ശബ്ദോ വാ"

"തഥാ ചാഹ ധ്വനികാരഃ [2] സാരരൂപോഹ്യൎത്ഥഃ
[സ്വശബ്ദാനഭി—" (ഭാഗം 11.)

"യൽ സ ഏവാഹ [3] വ്യഞ്ജകത്വമാൎഗ്ഗേ തു യദൎത്ഥോ—"
(ഭാഗം 11.)

* ഉന്മേഷം 2, ഭാഗം 88, 89.

(1) ധ്വന്യാലോകം ഉദ്ദ്യോതം 1, ഭാ. 33. (2) ടി. ഉദ്ദ്യോതം 4, ഭാ. 239.
(3) ടി. ഉദ്ദ്യോതം 3, ഭാ. 192.

"പുന സ്സ ഏവാഹ [4] നഹി വ്യംഗ്യേ പ്രതീയമാനേ—"

(ഭാഗം 11.)

"തഥാ തേനൈവ വ്യക്തിവാദിനാ തയോഃ സ്വരൂപം നിരൂപയിതു കാമേനാപ്യുക്തം—

തദ്യഥാ, [5] നഹി വിഭാവാനുഭാവവ്യഭിചാരിണ ഏവ—"

(ഭാഗം 11.)

"ധ്വനികൃതാപ്യുക്തം [6] സാരരൂപോഹ്യത്ഥഃ സ്വശബ്ദ—"

(ഭാഗം 14.)

"ധ്വനികാരേണാപ്യുക്തം [7] സ്വരൂപം പ്രകാശയന്നേവ പദാത്ഥാഭാസനോ വ്യംജക ഇത്യുച്യതേ— (ഭാഗം 15.)

"ധ്വനികാരസ്യാഭിമതഃ, യദയമാഹ [8] നഹി വാഭാവാനുഭാവ—"

(ഭാഗം 16.)

"യൽ സ ഏവാഹ [9] 'കാവ്യസ്യാത്മാ ധ്വനി—' 'കാവ്യസ്യാത്മാ സ ഏവാത്ഥഃ' ഇതി പ്രതീയമാനാ ത്വന്യൈവ—ഇതി ച—"

(ഭാഗം 19.)

"തേന തത്രൈവ [10] 'പ്രതീയമാനം' 'സരസ്വതീ സ്വാദു—'"

(ഭാഗം 19, 20.)

"യൽ സ ഏവാഹ [11] കാവ്യസ്യാത്മാ സ ഏവാത്ഥഃ—"

(ഭാഗം 20.)

"യദാഹ ധ്വനികാരഃ [12] ശബ്ദാത്ഥയോർഹി—" (ഭാഗം 29.)

(4) ധ്വന്യാലോകം ഉദ്ദ്യോതം 3, ഭാ. 190.

(5) ടി. ഉദ്ദ്യോതം 3, ഭാ. 183. (6) ടി. ഉദ്ദ്യോതം 4, ഭാ. 239.

(7) ടി. ഉദ്ദ്യോതം 3, ഭാ. 195. അച്ചടിച്ച ധ്വന്യാലോകത്തിലെ പാഠം സ്വല്പം വ്യത്യസ്തമായിട്ടാണു് കാണുന്നതു്.

(8) ധ്വന്യാലോകം ഉദ്ദ്യോതം 3, ഭാ. 183. (9) ടി. ഉദ്ദ്യോതം 1, ഭാ. 2, ടി. ഭാ. 16, ഉദ്ദ്യോതം 3, ഭാ. 211.

(10) ധ്വന്യാലോകം ഉദ്ദ്യോതം 1, ഭാ. 14, 29.

(11) ടി. ഉദ്ദ്യോതം 1, ഭാ. 16.

(12) ടി. ഉദ്ദ്യോതം 3, ഭാ. 211.

ഇങ്ങിനെ പകൎത്തിത്തുടങ്ങിയാൽ അടുത്തൊന്നും അവസാനിക്കുമെന്നു തോന്നുന്നില്ല. ഇത്രയും പ്രഥമവിമൎശത്തിലുള്ളതു മാത്രമാണ്. ഇവയിൽ ധ്വനികാരഃ, ധ്വനികൃൽ, വ്യക്തിവാദീ എന്നീ ശബ്ദങ്ങളേയും പൂൎവ്വോക്തപരാമൎശിയായ തച്ഛബ്ദത്തേയും പുരസ്കരിച്ചുകൊണ്ടു കാരികകളേയും വൃത്തിവാക്യങ്ങളേയും ഒരേ ആളുടേതാണെന്ന നിശ്ചയത്തിൽ അവിശേഷേണ നിൎദ്ദേശിച്ചിരിക്കുന്നതു കാരികയും വൃത്തിയും ഒരാളുടേതാണെന്നതിന്നു തെളിവാണല്ലോ.

എന്തിന്നു വളരെ,

"യദാഹ ധ്വനികാരഃ [13]സൎവ്വഥാ നാസ്ത്യേവ ഹൃദയഹാരിണഃ കാവ്യസ്യ സ പ്രകാരഃ യത്ര പ്രതീയമാനാൎത്ഥസംസ്പൎശേന ന സൌഭാഗ്യം തദിദം കാവ്യരഹസ്യം പരമമിതി സൂരിഭിൎവ്വിഭാവനീയം.

മുഖ്യാ മഹാകവിഗിരാം അലംകൃതിഭൃതാമപി
പ്രതീയമാനച്ഛായൈഷാ ഭൂഷാ ലജ്ജേവ യോഷിതാം ഇതി."

(ഭാഗം 34.)

എന്നിങ്ങിനെ വൃത്തിയും കാരികയും ധ്വനികാരന്റേതായി നിൎദ്ദേശിക്കുക മാത്രമല്ല, [14]"യത്രാൎത്ഥ ശ്ശബ്ദോവാ—" എന്ന ധ്വനിലക്ഷണത്തിലെ അൎത്ഥശബ്ദപ്രയോഗത്തെ ദൂഷിക്കുന്ന അവസരത്തിൽ "അൎത്ഥോ വാച്യവിശേഷഃ ഇതി സ്വയം വിവൃതത്വാച്ച" (ഭാഗം 17.) എന്നിങ്ങിനെ വൃത്തിഗ്രന്ഥം കാരികയ്ക്കുള്ള ധ്വനികാരന്റെ സ്വന്തം വിവരണമായിട്ടു സുസ്പഷ്ടം നിൎദ്ദേശിച്ചിരിക്കുന്നതും നോക്കുക. കാരികയും വൃത്തിയും ആനന്ദവൎദ്ധനാചാൎയ്യന്റേതാണെന്നതിലേക്ക് ഇതിൽ പരം തെളിവെന്താണ് വേണ്ടിയിരിക്കുന്നതു്? ആകയാൽ, അൎവ്വാചീനന്മാരായ 'വ്യക്തിവിവേകവിചാര'കാരൻ, 'പ്രദീപകാരൻ', 'സാഹിത്യദൎപ്പണ'കാരൻ, 'രസഗംഗാധര'കാരൻ മുതലായവരുടെ വാക്യങ്ങളെ ഇവിടെ കൎത്രൈക്യവിഷയത്തിൽ തെളിവായെടുത്തുകാണിച്ച് ഈ വിചാരത്തെ ഇനിയും ദീൎഘിപ്പിക്കുന്നില്ല. ഇത്രയുംകൊണ്ടു് ധ്വന്യാലോകത്തിലെ കാരികയും വൃത്തിയും ആനന്ദവൎദ്ധനന്റേതാണെന്നു സംസിദ്ധമായല്ലോ.

13. ധ്വന്യാലോകം ഉദ്ദ്യോതം 3, ഭാഗം 211.
14. ധ്വന്യാലോകം ഉദ്ദ്യോതം 1, ഭാഗം 38.

അവസാനമായി, ധ്വനിപ്രസ്ഥാനം ആനന്ദവൎദ്ധനോപജ്ഞമാണെന്നു ലോചനവ്യാഖ്യയായ 'കൌമുദി'യിലെ മംഗളപദ്യങ്ങളിലൊന്നിൽ ഉത്തുംഗോദയൻ മുക്തകണ്ഠം പ്രസ്താവിച്ചിട്ടുണ്ടെന്ന വസ്തുതകൂടി ഭാവുകന്മാരെ അനുസ്മരിപ്പിച്ചുകൊണ്ട് ഏതൊരു സഹൃദയനേയും കോൾമയിർകൊള്ളിക്കുന്ന ആ പദ്യവിശേഷത്തെ ഈ അവസരത്തിൽ അഞ്ജലിബന്ധത്തോടനുവദിച്ചുകൊള്ളുന്നു.

"പൂൎവ്വൈൎവ്വിരസഞ്ചരിതമുദ്ധൃതകണ്ടകം സൽ-
കാവ്യാത്ഥവൎത്മ യദുപജ്ഞമദഃപ്രവൃത്തം
ആനന്ദവൎദ്ധനമനന്തമമന്ദിതാൎത്ഥ-
നാമാനമേനമഹമന്വഹമാനതോസ്മി."

ആദ്യമായി ധ്വനിയെ വിസ്തരിച്ചു വിവേചിച്ചുകൊണ്ട് ഒരു ഗ്രന്ഥം നിൎമ്മിച്ച് അതിന് ഇതരവ്യതിരിക്തത്വവും കാവ്യാത്മത്വവും സ്ഥാപിച്ചതു് ആനന്ദവൎദ്ധനാചാൎയ്യരാകയാൽ ധ്വനിപ്രസ്ഥാനം ആനന്ദവൎദ്ധനോപജ്ഞമാണെന്നു പറയാം. എന്നാൽ, ധ്വന്യാലോകത്തിൻെറ ആവിൎഭാവത്തിന്നു മുമ്പുതന്നെ ധ്വനിയെസ്സംബന്ധിച്ചുള്ള പ്രവാദം സ്വരൂപവിവേകം കൂടാതെ സാമാന്യനിലയിൽ ചില പണ്ഡിതന്മാരുടെ ഇടയിൽ ഉണ്ടായിരുന്നിരിക്കണം. അതു തന്നെയാണ് "കാവ്യസ്യാത്മാ—" എന്ന പ്രഥമകാരികയിൽ, "ബുധൈൎയ്യസ്സമാമ്നാതപൂൎവ്വഃ" എന്നു ധ്വനികാരൻ നിബന്ധിച്ച് "പരമ്പരയാ യസ്സമാമ്നാതഃ" എന്നു വൃത്തിയിൽ വിവരിക്കുവാനും "പരമ്പരയാ" എന്ന ഭാഗത്തെ, "അവിച്ഛേദേന പ്രവാഹേണ തൈരേതദുക്തം വിനാപി വിശിഷ്ടപുസ്തകവിനിവേശനാൽ" എന്നു ലോചനകാരൻ വ്യാഖ്യാനിക്കുവാനും കാരണം. കൂടാതെ, ആനന്ദവൎദ്ധനാചാൎയ്യൻ ധ്വന്യാലോകനിൎമ്മാണത്തിന്നു മുമ്പുതന്നെ ധ്വനിസ്വരൂപത്തെക്കുറിച്ചു വല്ല സദസ്സുകളിലും ഉപന്യസിക്കുകയോ പാഠനസമയത്തിൽ ശിഷ്യന്മാരോടു പ്രവചിക്കുകയോ ചെയ്തിട്ടുണ്ടാവണം. അതുകൊണ്ടാണ് ഗ്രന്ഥകൃൽസമാനകാലഭാവിയായ മനോരഥകവി,

"യസ്മിന്നസ്തി ന വസ്തു കിഞ്ചന മനഃപ്രഹ്ലാദി സാലംകൃതി
വ്യുൽപന്നൈ രചിതഞ്ച നൈവ വചനൈൎവ്വക്രോക്തിശൂന്യഞ്ച യൽ
കാവ്യം തൽ ധ്വനിനാ സമന്വിതമിതി പ്രീത്യാ പ്രശംസൻ ജഡോ
നോ വിദ് മോഭിദധാതി കിം സുമതിനാ പൃഷ്ടഃ സ്വരൂപം ധ്വനേഃ"

എന്നിങ്ങിനെ അധിക്ഷേപിക്കുവാനും അധിക്ഷേപരൂപമായ ആ പദ്യത്തെ ധ്വന്യാലോകത്തിൽ ഉദ്ധരിച്ചു കാണിപ്പാനും ഇടയായിരിക്കുന്നതു്. ധ്വനിപ്രവാദം മുമ്പുതന്നെ ഉണ്ടായിരിക്കാമെങ്കിലും ധ്വനിപ്രസ്ഥാന പ്രവൎത്തകൻ ആനന്ദവൎദ്ധനാചാൎയ്യർ തന്നെയാണെന്നതിന്നു സംശയമില്ല. അഗ്നിപുരാണത്തിൽ ഇന്നു കാണുന്ന ധ്വനിസ്വരൂപവിവരണവും മററും ധ്വന്യാലോകത്തിന്റെ ആവിൎഭാവത്തിന്നു ശേഷം ആരോ എഴുതിച്ചേൎത്തതാണെന്ന വസ്തുത 'കാവ്യജീവിതവൃത്തി'യുടെ ഉപോദ്ഘാതത്തിൽ സമൎത്ഥിച്ചിട്ടുള്ളതുകൊണ്ടു് ഈ അവസരത്തിൽ വീണ്ടും വിസ്തരിക്കുന്നില്ല.

ധ്വനികാരന്റെ എതിർവാദികൾ.

ധ്വനിപ്രസ്ഥാനത്തിന്നു് എതിരായി പല വാദങ്ങളും ആദ്യകാലത്തെന്നല്ല ലോചനത്തിന്റെ ആവിർഭാവത്തിന്നു ശേഷം പോലും ഉണ്ടായിരുന്നു. ജയന്തഭട്ടൻ മുതലായ ന്യായശാസ്ത്രകാരന്മാരുടേയും മററും കഥയിരിക്കട്ടെ, സാഹിത്യശാസ്ത്രകാരന്മാരിൽ ഭട്ടനായകൻ, പ്രതീഹാരേന്ദുരാജൻ, ധനഞ്ജയൻ, ധനികൻ, മഹിമഭട്ടൻ എന്നിവരാണു് പ്രധാനന്മാർ. മമ്മടഭട്ടന്റെ 'കാവ്യപ്രകാശ'ത്തിന്നു ശേഷമാണു് എതിർവാദത്തിന്റെ ശക്തി തീരെ ശമം പ്രാപിച്ചതു്. മമ്മടന്നു മുമ്പുള്ള 'സരസ്വതീകണ്ഠാഭരണാദി'കളുടെ കൎത്താവായ ഭോജനും കുറെ പിമ്പുള്ള 'അലങ്കാരശേഖര'കാരനായ കേശവമിശ്രനും മററും പ്രാചീനപദ്ധതിയെയാണു് അനുസരിച്ചിരിക്കുന്നതെങ്കിലും വിശേഷിച്ചു് ധ്വനിനിരാസത്തിന്നു് അവർ തുനിഞ്ഞിട്ടില്ല. അതായതു്, ധ്വനിപ്രസ്ഥാനത്തെ അവർ അനുവദിച്ചു ഖണ്ഡിച്ചിട്ടില്ല.

*"ഉഭാവേതാവലങ്കാൎയ്യൌ തയോഃ പുനരലംകൃതിഃ
വക്രോക്തിരേവ വൈദഗ്ദ്ധീ-ഭംഗീഭണിതിരുച്യതേ."

"ഉഭൌ ദ്വാവപ്യേതൌ ശബ്ദാൎത്ഥൌ അലങ്കരണീയൌ കേനാപി ശോഭാതിശയകാരിണാലങ്കരണേന യോജനീയൌ. കിം തയോരലങ്കരണമിത്യഭിധീയതേ:—തയോഃപുനരലംകൃതിഃ=തയോർദ്വിത്വസംഖ്യാവിശിഷ്ടയോരപ്യലംകൃതിഃ പുനരേകൈവ യയാ ദ്വാവപ്യലംക്രിയേതേ. കാസൌ? വക്രോക്തിരേവ. വക്രോക്തിഃ പ്രസിദ്ധാഭിധാനവ്യതിരേകിണീ വിചിത്രൈവാഭിധാ. കീദൃശീ? വൈദഗ്ദ്ധ്യ

* ഉന്മേഷം 1, കാരിക 10, ഭാഗം 22.

ഭംഗീഭണിതിഃ. വൈദഗ്ദ്ധ്യം=വിദഗ്ദ്ധഭാവഃ —കവികർമ്മകൌശ ലം തസ്യ ഭംഗീ=വിച്ഛിത്തിഃ, തയാ ഭണിതിഃ വിചിത്രൈവാഭിധാ വക്രോക്തിരിത്യുച്യതേ. തദിദമത്ര താൽപര്യം, യൽ ശബ്ദാർത്ഥൌ പൃഥഗവസ്ഥിതൌ കേനാപി വ്യതിരിക്തേനാലങ്കാരേണ യോജ്യേതേ; കിന്തു വക്രതാവൈചിത്ര്യയോഗിതയാഭിധാനമേവാനയോരലങ്കാരഃ ത സ്യൈവ ശോഭാതിശയകാരിത്വാൽ" എന്നിങ്ങിനെ സ്വാഭിപ്രായപ്ര കാരം കാവ്യജീവിതമായ വക്രോക്തി കാവ്യാലങ്കാരമാണെന്നും അതു വിചിത്രമായ അഭിധാനമാണെന്നും സ്വയം പ്രതിപാദിച്ചുകൊണ്ട് അല ങ്കാരഗുണാദി സർവ്വവും അതിൽ അന്തർഭവിപ്പിച്ചിരിക്കുന്ന കുന്തകൻ അല ങ്കാരപ്രാധാന്യവാദികളിലാണുൾപ്പെടുകയെങ്കിലും ധ്വനിപ്രസ്ഥാനത്തെ എതിർക്കുന്നില്ലെന്നു മാത്രമല്ല, ആ പ്രസ്ഥാനത്തിൻെറ നാരായവേരായ വ്യംഗ്യവ്യംജകഭാവത്തെ സാദരം അംഗീകരിക്കുന്നുണ്ടുതാനും. രൂഢി വൈചിത്ര്യവക്രതാപ്രസ്താവത്തിൽ, "താലാ ജാഅന്തി ഗുണാ—" എന്ന ധ്വന്യാലോകത്തിലെ പദ്യത്തെ ഉദാഹരിച്ചുകൊണ്ട്, * "പ്രതീയതേ ഇതി ക്രിയാപദവൈചിത്ര്യസ്യായമഭിപ്രായഃ യദേവംവിധേ വിഷയേ ശബ്ദാനാം വാചകത്വേന ന വ്യാപാരഃ; അപി തു വസ്ത്വന്തരപ്രതീതി കാരിത്വമാത്രേണേതി. യുക്തിയുക്തമപ്യേതദിഹ നാതിപ്രതന്യതേ; യസ്മാൽ ധ്വനികാരേണ വ്യംഗ്യവ്യംജകഭാവോത്ര സുതരാം സമർത്ഥിത സ്തൽ കിം പൌനരുക്ത്യേന." എന്നു പ്രതിപാദിച്ചിരിക്കുന്നതും നോക്കുക.

ഔചിത്യവിചാരചർച്ചയുടെ കർത്താവും അഭിനവഗുപ്താചാ ര്യൻെറ ശിഷ്യനുമായ ക്ഷേമേന്ദ്രനും ധ്വനിപ്രസ്ഥാനത്തെ അനുവദിച്ചു ഖണ്ഡിക്കുന്നില്ല. അദ്ദേഹത്തിൻെറ ഔചിത്യജീവിതവാദമാകട്ടെ,

"അനൌചിത്യാദൃതേ നാന്യദ്രസഭംഗസ്യ കാരണം
പ്രസിദ്ധൌചിത്യബന്ധസ്തു രസസ്യോപനിഷൽ പരാ."

എന്ന ധ്വനികാരമതത്തെ അവലംബിച്ചു പ്രവർത്തിച്ചിരിക്കുന്ന പ്രകാ രാന്തരമാണെന്നല്ലാതെ ധ്വനിപ്രസ്ഥാനത്തിന്നു സർവ്വഥാ വിരുദ്ധമാ ണെന്നും വിചാരിക്കവയ്യ. പ്രധാനമായി ധ്വനിപ്രസ്ഥാനത്തിന്നു വി രോധികളായിട്ടുള്ളവർ ഭട്ടനായകാദികളാകുന്നു. അതിലും ധ്വനിനിര സനവിഷയത്തിൽ ഐദംപര്യേണ പ്രവർത്തിച്ചിട്ടുള്ളവർ ഭട്ടനായകനും

* ഉന്മേഷം 2, ഭാഗം 88.

മഹിമഭട്ടനമാണ്. ധ്വനിഖണ്ഡനത്തിന്നായി യഥാക്രമം 'ഹൃദയദർപ്പണ'മെന്നും 'വ്യക്തിവിവേക'മെന്നും ഓരോ ഗ്രന്ഥം നിർമ്മിച്ചിട്ടുള്ളവർ അവർ മാത്രമാണല്ലോ. ഭട്ടനായകൻെറ 'ഹൃദയദർപ്പണം' ഇതുവരെ കണ്ടുകിട്ടീട്ടില്ലെങ്കിലും,

"സഹസാ യശോധിഗന്തും സമുദ്യതാദൃഷ്ടദർപ്പണാ മമ ധീഃ"

എന്ന 'വ്യക്തിവിവേക'പദ്യത്തിൻെറ വ്യാഖ്യാനത്തിൽ കാണുന്ന "ദർപ്പണഃ=ഹൃദയദർപ്പണാഖ്യോ ധ്വനിധ്വംസഗ്രന്ഥോ പി" എന്ന വാക്യംകൊണ്ടു വ്യക്തിവിവേകംപോലെ

ഹൃദയദർപ്പണം.

ഇതും ഒരു ധ്വനിഖണ്ഡനഗ്രന്ഥമാണെന്നുവിചാരിക്കാൻ ന്യായമുണ്ടെന്നുമാത്രം. പ്രസ്തുതഗ്രന്ഥം കാരികയും വൃത്തിയും കൂടിയതാണെന്നു ലോചനകാരൻ ഉദ്ധരിച്ചുകാണിച്ച ഭാഗങ്ങൾകൊണ്ടു ഗ്രഹിക്കാം. 'വ്യക്തിവിവേക'ത്തിന്നു് 'അലങ്കാരസർവ്വസ്വ'കാരൻ പ്രൌഢവും മഹനീയവുമായ ഒരു വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ടു്. എന്നാൽ, അതിൽ വ്യക്തിവിവേകാഭിപ്രായത്തെ ഖണ്ഡിച്ചുകൊണ്ടു ധ്വനിമതത്തെ സ്ഥാപിച്ചിരിക്കയാണു് വ്യാഖ്യാതാവു് ചെയ്തിരിക്കുന്നതു്. കാലദോഷത്താൽ പ്രകൃതവ്യാഖ്യാനം മുഴുവനും ലഭിക്കാത്തതു സാഹിത്യശാസ്ത്രസമ്പത്തിക്കു വലിയ ന്യൂനതയാണെന്നു വേണം പറവാൻ. കിട്ടിയേടത്തോളം—ആദ്യത്തെ വിമർശനത്തിന്നും രണ്ടാമത്തേതിൽ വാച്യാവചനദോഷപ്രസ്താവത്തിലെ അർത്ഥശ്ലേഷനിരൂപണപ്രസ്താവം വരെയും—ഉള്ള വ്യാഖ്യാനത്തോടുകൂടി 'വ്യക്തിവിവേക'ഗ്രന്ഥം അനന്തശയനസംസ്കൃതഗ്രന്ഥാവലിയിൽ 5-ാം നമ്പറായി പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. കൂടാതെ, 'മധുസൂദനവിവൃതി' എന്ന ഇദാനീന്തനവ്യാഖ്യയോടുകൂടി കാശി സംസ്കൃതഗ്രന്ഥമാല വകയായും ഒരു പതിപ്പു പുറത്തായിട്ടുണ്ടു്. വ്യക്തിവിവേകകാരൻെറ അനുമാനവാദം * 'ആസ്വാദപദവി'യിൽ സംഗ്രഹിച്ചെടുത്തുകാണിച്ചു ഖണ്ഡിച്ചിട്ടുള്ളതിനാൽ വിസ്തരിക്കുന്നില്ല. ഭട്ടനായകൻെറ വാദപ്രകാരത്തെ ലോചനകാരൻ എടുത്തേടത്തോളം ഭാഗം † ആസ്വാദപദവിയിൽ അനുവദിച്ചു നിരസിച്ചിട്ടുണ്ടു്.

പ്രതീഹാരേന്ദുരാജൻ, ധനഞ്ജയൻ, ധനികൻ എന്നിവർ ധ്വനിനിരാസത്തിന്നായി പ്രത്യേകം ഗ്രന്ഥം നിർമ്മിച്ചിട്ടില്ല. പ്രതീഹാ

*കാവ്യാലോകം, ഭാഗം 115. †കാവ്യാലോകം, ഭാഗം 34, 57, 58, 82, 83.

രേന്ദുരാജൻ ഉദ്ഭടൻെറ കാവ്യാലങ്കാരത്തിനുള്ള തൻെറ വ്യാഖ്യാന മായ 'ലഘുവിവൃതി'യുടെ അവസാനം *"നനു യത്ര കാവ്യേ സഹൃദയഹൃദയാഹ്ലാദിനഃ പ്രധാനഭൂതസ്യ സ്വശബ്ദവ്യാപാരാസ്പൃഷ്ടത്വേന പ്രതീയമാനൈകരൂപസ്യാൎത്ഥസ്യ സദ്ഭാവസ്തത്ര തഥാവിധാൎത്ഥാഭിവ്യക്തിഹേതുഃ കാവ്യജീവിതഭൂതഃ കൈശ്ചിൽ സഹൃദയൈൎദ്ധ്വനിൎന്നാമ വ്യംജകഭേദാത്മാ കാവ്യധൎമ്മോഭിഹിതഃ സ കസ്മാദിഹ നോപദിഷ്ടഃ?" എന്നു സ്വയം ചോദിച്ചുകൊണ്ടു †"ഉച്യതേ; ഏഷ്വേവാലങ്കാരേഷ്വന്തൎഭാവാൽ" എന്നു തുടങ്ങുന്ന ഗ്രന്ഥസന്ദൎഭംകൊണ്ടു് അലങ്കാരാന്തൎഭാവമുപപാദിച്ചു നിരസിക്കുകയാണു് ചെയ്തിരിക്കുന്നതു്.

ലഘുവിവൃതി.

ധനഞ്ജയൻ തൻെറ ദശരൂപകത്തിൽ ധ്വനിപ്രസ്ഥാനത്തെ നേരിട്ടു ഖണ്ഡിക്കുന്നില്ല.

ദശരൂപകം.

"വാച്യാ പ്രകരണാദിഭ്യോ
ബുദ്ധിസ്ഥാ വാ യഥാ ക്രിയാ
വാക്യാൎത്ഥഃ കാരകൈൎയ്യുക്താ
സ്ഥായീ ഭാവസ്തഥേതരൈഃ"

എന്നൊരു കാരികയെക്കൊണ്ടു്, ലൌകികവാക്യത്തിൽ വാച്യമോ ബുദ്ധിസ്ഥമോ ആയ ക്രിയ കാരകവിശിഷ്ടമായിത്തീൎന്നു വാക്യാൎത്ഥമാകുന്നതുപോലെ കാവ്യവാക്യത്തിൽ വാച്യമോ ബുദ്ധിസ്ഥമോ ആയ രത്യാദിഭാവം വിഭാവാദിവിശിഷ്ടമായി ഭവിച്ചു വാക്യാൎത്ഥമാകുന്നു എന്നു മാത്രം പറഞ്ഞു കടന്നുകളകയാണു് ചെയ്തിരിക്കുന്നതു്.

ധനികൻ അത്രമാത്രംകൊണ്ടു തൃപ്തിപ്പെടുന്നില്ല. അദ്ദേഹം തൻെറ 'അവലോക'ത്തിൽ ധ്വനികാരമതത്തെ സംക്ഷേപിച്ചു പ്രതിപാദിച്ചുകൊണ്ടു് "അത്രോച്യതേ—" എന്നിങ്ങിനെ ധനഞ്ജയൻെറ പ്രസ്തുതകാരികയെ അവതരിപ്പിക്കുകയും

അവലോകം.

* ആട്ടെ, ഏതൊരു കാവ്യത്തിൽ സഹൃദയഹൃദയാഹ്ലാദിയും പ്രധാനഭൂതവും സ്വശബ്ദവ്യാപാരത്തിന്നു വിഷയമാകാതെ കേവലം പ്രതീയമാനസ്വരൂപവുമായ അൎത്ഥമുണ്ടോ അത്തരം അൎത്ഥത്തിന്നു് അഭിവ്യക്തിഹേതുവും കാവ്യജീവിതഭൂതവും 'ധ്വനി' എന്നു പ്രസിദ്ധവും വ്യംജകപ്രഭേദരൂപവുമായ കാവ്യധൎമ്മം ചില സഹൃദയന്മാരാൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. അതു് എന്തുകൊണ്ടു് ഉപദേശിച്ചില്ല?

† പറയാം; ഈ അലങ്കാരങ്ങളിൽ ഉൾപ്പെടുന്നതുകൊണ്ടുതന്നെ.

"യൽപരശ്ശബ്ദസ്സ ശബ്ദാൎത്ഥഃ" എന്ന നയം പുരസ്കരിച്ചു ധ്വനി താൽപൎയ്യാൎത്ഥത്തിൽനിന്നു ഭിന്നമല്ലെന്നും രസത്തിന്നും കാവ്യത്തിനു മുള്ള സംബന്ധം ഭാവ്യഭാവകഭാവമാണെന്നും നിരൂപിക്കുകയും ചെയ്തു കൊണ്ടു ധ്വനിപ്രസ്ഥാനത്തെ എതിൎത്തിരിക്കുന്നു.

പ്രതീഹാരേന്ദുരാജന്റേയും ധനികന്റേയും ധ്വനികാരമത ഖണ്ഡനം ജയന്തഭട്ടന്റേതുപോലെ നിസ്സാരമാകയാൽ അവയ്ക്കു് ആ സ്വാദപദവിയിൽ മഹിമഭട്ടന്റെ അനുമാനവാദത്തിന്നു കൊടുത്തിരി ക്കുന്നപോലെ പ്രാധാന്യം കൊടുത്തിട്ടില്ല. മതാന്തരനിരാസാൎത്ഥം പ്രദൎശിപ്പിക്കപ്പെട്ട യുക്തികളെക്കൊണ്ടു് സന്ദൎഭാനുസരണം നിരസിച്ചു കാണിച്ചിട്ടുണ്ടെന്നേയുള്ളു. *

ധ്വനിവാദസമൎത്ഥകങ്ങളായ വ്യാഖ്യാനങ്ങൾ.

ധ്വന്യാലോകത്തിന്റെ അത്യുൽകൃഷ്ടമായ ഒരു വ്യാഖ്യാന മാണു് ലോചനമെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. ലോചനത്തിന്നു മുമ്പിൽ ധ്വന്യാലോകത്തിന്നു സ്വല്പം ചില വ്യാഖ്യാനങ്ങൾ ഉണ്ടായിരുന്നതായി ലോചന ഗ്രന്ഥംകൊണ്ടുതന്നെ തെളിയുന്നുണ്ടു്. അതിൽ പ്രധാനം 'ചന്ദ്രിക' യെന്ന വ്യാഖ്യാനമാണെന്നു്,

ചന്ദ്രിക.

†"കിം ലോചനം വിനാ ലോകോ
ഭാതി ചന്ദ്രികയാപി ഹി
തേനാഭിനവഗുപ്തോത്ര
ലോചനോന്മീലിനം വ്യധാൽ.

എന്ന ലോചനകാരികകൊണ്ടും, ‡ "ചന്ദ്രികാകാരസ്തു പഠിതമനുപഠതീ തിന്യായേന" ഇത്യാദിവാക്യംകൊണ്ടും,

§"ധ്വനിവൎത്മന്യതിഗഹനേ
സ്ഖലിതം വാണ്യാഃ പദേ പദേ സുലഭം
രഭസേന യൽ പ്രവൃത്താ
പ്രകാശകം ചന്ദ്രികാദ്യദൃഷ്ട്വൈവ."

എന്ന 'വ്യക്തിവിവേക'കാരികകൊണ്ടും മനസ്സിലാകുന്നുണ്ടു്. എന്നാൽ, 'ചന്ദ്രികാദി'യിലെ ആദിപദംകൊണ്ടു ഗ്രഹിക്കേണ്ടതു് ഏതു വ്യാഖ്യാന

* കാവ്യാലോകം ഭാഗം 56.
† ധ്വന്യാലോകം ഭാഗം 60.
‡ ടി. ഭാഗം 185.
§ വ്യക്തിവിവേകം ഭാഗം 1.

മാണാവോ? ലോചനമാണെന്നുള്ള മധുസൂദനവിവൃതികാരന്റെ അഭിപ്രായം സ്വീകാൎയ്യമല്ല. വ്യക്തിവിവേകത്തിൽ * "വ്യംക്ത ഇതി ദ്വിവചനേനേദമാഹ—യദ്യപ്യവിവക്ഷിതവാച്യേ ശബ്ദ ഏവ വ്യംജകസ്തഥാപ്യത്ഥസ്യാപി—" ഇത്യാദി ലോചനപംക്തികളെ അനുവദിച്ചു ഖണ്ഡിച്ചിരിക്കകൊണ്ടു് ലോചനം കണ്ടിട്ടില്ലെന്നു പറയുവാൻ നിവൃത്തിയില്ലായ്കയാൽ "ചന്ദ്രികാദി" എന്നതിലെ ആദിപദംകൊണ്ടു ലോചനത്തെ ഗ്രഹിക്കുവാൻ പാടില്ലെന്നതു തീൎച്ചയാണല്ലോ. ചന്ദ്രികാദിവ്യാഖ്യാനഗ്രന്ഥങ്ങളൊക്കെയും ലോചനത്തിന്റെ ആവിർഭാവത്തോടുകൂടി തിരോധാനം പ്രാപിച്ചിരിക്കുന്നു. ലോകചക്ഷുസ്സിന്റെ പ്രകാശത്തിലുണ്ടോ ചന്ദ്രികാദിപ്രകാശം നിലനില്ക്കുന്നു.

അഭിനവഗുപ്തപാദാചാൎയ്യരുടെ കാലം.

ശബ്ദാനുശാസനത്തിൽ ശാബ്ദികന്മാൎക്കു പതഞ്ജലി എന്നപോലെ പ്രാമാണികനാണു് സാഹിത്യാനുശാസനത്തിൽ ആലങ്കാരികന്മാൎക്കു് അഭിനവഗുപ്തപാദാചാൎയ്യർ എന്നു പറയുന്നതിൽ അതിശയോക്തിയുടെ സ്പൎശം ലേശംപോലുമില്ല. മഹാമാഹേശ്വരാചാൎയ്യനും പ്രത്യഭിജ്ഞാവാദിയും കാശ്മീരകനുമായ അഭിനവഗുപ്തന്റെ കാലം ക്രിസ്തുവൎഷം 10-ാംനൂററാണ്ടിന്റെ അവസാനഭാഗവും 11-ാംനൂററാണ്ടിന്റെ ആദ്യഭാഗവും ആണെന്നു് അദ്ദേഹത്തിന്റെ കൃതികളിൽനിന്നുതന്നെ ഗ്രഹിക്കാവുന്നതാണു്. 'ക്രമസ്തോത്ര'ത്തിന്റേയും 'ഭൈരവസ്തോത്ര'ത്തിന്റേയും അവസാനം കാണുന്ന,

"ഷട്ഷഷ്ടിനാമകേ വൎഷേ നവമ്യാമസിതേഹനി
മയാഭിനവഗുപ്തേന മാർഗശീൎഷേ സ്തുതശ്ശിവഃ"

"'വസുരസ' പൌഷേ കൃഷ്ണദശമ്യാം
അഭിനവഗുപ്തസ്തവമിമമകരോൽ."

എന്ന പദ്യങ്ങളിൽനിന്നു് ആ ഗ്രന്ഥങ്ങൾ നിൎമ്മിച്ചതു യഥാക്രമം ഷൾഷഷ്ടിയും (66) വസുരസവും (68) ആയ ദേശ്യവൎഷങ്ങൾക്കു ശരിയായ ക്രിസ്തുവൎഷം 989-ലും 991-ലും ആണെന്നും, പ്രത്യഭിജ്ഞാവിമൎശിനിയുടെ അവസാനത്തിൽ കാണുന്ന,

* ധ്വന്യാലോകലോചനം ഉദ്ദ്യോതം 1, ഭാഗം 33. വ്യക്തിവിവേകം, വിമൎശം 1, ഭാഗം 19.

"ഇതി നവതിതമേസ്മിൻ വത്സരേന്ത്യേ യുഗാംശേ
തിഥിശശിജലധിസ്ഥേ മാർഗശീർഷാവസാനേ
ജഗതി വിഹിതബോധാമീശ്വരപ്രത്യഭിജ്ഞാം
വ്യവൃണുത പരിപൂർണ്ണാം പ്രേരിതശ്ശംഭുപാദൈഃ"

എന്ന പദ്യത്തിൽനിന്ന് ആ ഗ്രന്ഥം നിർമ്മിച്ചതു ദേശ്യവർഷം 90-നും കലിവർഷം 4115-നും ശരിയായ ക്രിസ്തുവർഷം 1013-ൽ ആണെന്നും അറിയുന്നുണ്ടല്ലോ.

അദ്ദേഹത്തിന്റെ കൃതികൾ.

ഇദ്ദേഹം ധ്വന്യാലോകലോചനം, നാട്യലോചനം, അഭിനവഭാരതി, കാവ്യകൌതുകവിവരണം, പരാത്രിംശികാവിവരണം, ഘടകർപ്പരകുലകവിവൃതി, മാലിനീവിജയവാർത്തികം, തന്ത്രാലോകം, തന്ത്രസാരം, തന്ത്രവടധാനിക, പ്രത്യഭിജ്ഞാവിമർശിനീബൃഹദ്വൃത്തി, പ്രത്യഭിജ്ഞാവിമർശിനീലഘുവൃത്തി, അനുത്തരാഷ്ടിക, ബോധപഞ്ചദശിക, ഭഗവദ്ഗീതാടീക, പരമാർത്ഥചർച്ച, പരമാർത്ഥസാരം, പരമാർത്ഥദ്വാദശിക, മഹോപദേശവിംശതി, ക്രമസ്തോത്രം, പ്രകരണസ്തോത്രം, ഭൈരവസ്തോത്രം, ദേഹസ്ഥദേവതാചക്രസ്തോത്രം എന്നിങ്ങിനെ പല ഗ്രന്ഥങ്ങളും രചിച്ചിട്ടുള്ളതായറിയുന്നുണ്ട്. ഇവയിൽ ധ്വന്യാലോകവ്യാഖ്യാനമായ 'ലോചന'വും, നാട്യവേദവിവൃതിയായ 'അഭിനവഭാരതി'യും ആലങ്കാരികന്മാർ അവശ്യം അദ്ധ്യയനം ചെയ്തിരിക്കേണ്ടതായ രണ്ടു വിശിഷ്ടഗ്രന്ഥങ്ങൾ തന്നെയാണ്. നാട്യലോചനം ഞാൻ കണ്ടിട്ടില്ല.

ലോചന വ്യാഖ്യാനം.

ധ്വന്യാലോകലോചനത്തിന്നു 'കൌമുദി'യെന്നും 'അംജന'മെന്നും രണ്ടു വ്യാഖ്യാനങ്ങൾ ഉണ്ട്. കൌമുദിയിൽ ആദ്യത്തെ ഉദ്ദ്യോതത്തിനുള്ള ഭാഗം മാത്രമേ കിട്ടീട്ടുള്ളു. അംജനത്തിൽ അതുപോലും കണ്ടു കിട്ടീട്ടില്ല. മദിരാശി ലൈബ്രറിയിലുള്ള 'അംജന'ഗ്രന്ഥത്തിൽ പ്രഥമോദ്ദ്യോതത്തിലെ സമാസോക്തിപ്രസ്താവംവരെ മാത്രമേയുള്ളു. 'കൌമുദി' വിശിഷ്ടവും വ്യുൽപാദകവുമായ ഒരു വ്യാഖ്യാനംതന്നെയാണ്.

"ആശംസിതാ രസികലോകചകോരവൃന്ദൈ-
രാവിർഭവന്ത്യുദയതോമൃതഗോരുദാരാ
ആചന്ദ്രതാരകമിയം നവകൌമുദീവ
പ്രീതിം ദധാതു ജഗതാം വിവൃതിർമ്മദീയാ."

എന്നിപ്രകാരം ഗ്രന്ഥാരംഭത്തിൽ തൻെറ വ്യാഖ്യ രസികലോകത്താൽ ആശംസിതയാണെന്ന് ആത്മവിശ്വാസപൂർവ്വം അഭിമാനിക്കുകയും അതു് ആചന്ദ്രതാരകം ജഗത്തിനെ ആനന്ദിപ്പിക്കട്ടെ എന്ന് ആശംസിക്കയും ചെയ്യുന്നുണ്ട്. ധീരോദാത്തനായ ആ മഹാൻെറ അഭിമാനം ആദരണീയവും ആശംസ അന്യഥാ ഭവിപ്പാൻ അവകാശമില്ലാത്തതും തന്നെയാകുന്നു. അതെന്തായാലും നമ്മുടെ ഭാഗ്യാവശേഷത്താൽ അമൃതതുല്യമായ വാക്കോടു കൂടിയ കൌമുദീകാരൻ, ഉദയൻ—ഉത്തുംഗോദയൻ—എന്ന രാജാവാണെന്നു പ്രകൃതപദ്യംകൊണ്ടും, പ്രഥമോദ്ദ്യോതവ്യാഖ്യാനത്തിൻെറ അവസാനമുള്ള,

"ഇത്ഥം മോഹതമോനിമീലിതദൃശാം ധ്വന്യധ്വമാർഗ്ഗേ യതാം
വ്യാഖ്യാഭാസമഹോഷ്മളജ്വരജുഷാം പ്രേക്ഷാവതാം പ്രീതയേ
ഉത്തുംഗാദുദയാൽ ക്ഷമാഭൃത ഉദേയുഷ്യാമമുഷ്യാമയം
കൌമുദ്യാമിഹ ലോചനസ്യ വിവൃതാവുദ്ദ്യോത ആദ്യോ ഗതഃ"

എന്ന പദ്യംകൊണ്ടും വ്യംഗ്യമർയ്യാദയിൽ—ശബ്ദശക്ത്യുദ്ഭവധ്വനിരൂപത്തിൽ—പ്രകാശിപ്പിച്ചിരിക്കുന്നതിൽ നമുക്കും ധാരാളം അഭിമാനിക്കാൻ അവകാശമുണ്ട്. കേരളനായ ആ രാജാവിൻെറ കൃതി അത്രയ്ക്കു വിശിഷ്ടവുമാണ്. ഉത്തുംഗോദയവർമ്മ ചതുശ്ശാസ്ത്രജ്ഞനായ പണ്ഡിതനും ഒരു നല്ല കവിയും സർവ്വോപരി സഹൃദയനുമാണെന്ന വസ്തുത പ്രസ്തുതവ്യാഖ്യാനത്തിൽനിന്നു വ്യക്തമാകുന്നുണ്ട്. കൃഷ്ണഗാഥാകാരനായ ചെറുശ്ശേരിക്ക് ഉപജീവ്യനായ ആ ഉദയവർമ്മയായിരിക്കുമോ ഇദ്ദേഹമെന്ന സംഗതി ഗവേഷകന്മാരുടെ ചിന്തയ്ക്കു വിഷയമാകേണ്ടതാണെന്നല്ലാതെ തൽക്കാലം അതിനെപ്പററിയൊന്നും പ്രസ്താവിക്കുന്നില്ല.

"ധ്വനിസമയരഹസ്യവസ്തുതത്ത്വ-
പ്രഥനപടിഷ്ഠഗിരിഷ്ഠവാക്പ്രപഞ്ചാൻ
അഭിമതസുരപാദപാൻ ഗുരൂംസ്താൻ
അഭിനവഗുപ്തപദാഭിധാനപാസേ."

എന്ന കൌമുദീകാരപദ്യത്തെ അനുസ്മരിച്ചുകൊണ്ട് ഈ ഉപോദ്ഘാതത്തെ ഇവിടെ അവസാനിപ്പിച്ചു കൊള്ളുന്നു.

വ്യാഖ്യാതാവ്.

വിഷയാനുക്രമണിക.

* ഈ അടയാളമുള്ളതു മൂലത്തിലേയും അടയാളമില്ലാത്തതു വ്യാഖ്യാനത്തിലേയും വിഷയമാകുന്നു.

* ഈ അടയാളമുള്ളതു മൂലത്തിലേയും അടയാളമില്ലാത്തതു വ്യാഖ്യാനത്തിലേയും വിഷയമാകുന്നു.

* ഈ അടയാളമുള്ളതു മൂലത്തിലേയും അടയാളമില്ലാത്തതു വ്യാഖ്യാനത്തിലേയും വിഷയമാകുന്നു.

* ഈ അടയാളമുള്ളതു മൂലത്തിലേയും അടയാളമില്ലാത്തതു വ്യാഖ്യാനത്തിലേയും വിഷയമാകുന്നു.

* ഈ അടയാളമുള്ളതു മൂലത്തിലേയും അടയാളമില്ലാത്തതു വ്യാഖ്യാനത്തിലേയും വിഷയമാകുന്നു.

* ഈ അടയാളമുള്ളതു മൂലത്തിലേയും അടയാളമില്ലാത്തതു വ്യാഖ്യാനത്തിലേയും വിഷയമാകുന്നു.

* ഈ അടയാളമുള്ളതു മൂലത്തിലേയും അടയാളമില്ലാത്തതു വ്യാഖ്യാനത്തിലേയും വിഷയമാകുന്നു.

കാവ്യാലോകം.

വാഗ്ദേവി മദ്ധ്യമ മനോഹരഭൂഷ ചാൎത്തി
ക്കാലേ സഹേലമണയും പ്രിയപത്നിപോലെ
സ്സാരസ്വതാസവപരായണനാത്മരൂപം
ആവിഷ്കരിച്ചതിമുദാ വിജയിച്ചിടട്ടേ.

ആസ്വാദപദവി.

രാജരാജേശ്വരീപാദ-രാജീവരജസാം ചയം
സിദ്ധസാരസ്വതം സേവേ സോഹമീഹിതസിദ്ധയേ.
ശ്രീമദാചാൎയ്യപാദാബ്ജ-സേവാസന്താനസിദ്ധയാ
സാഹിത്യതത്വസമ്പത്യാ കാവ്യാലോകം സഭാജയേ.

അഭിനവഗുപ്താചാൎയ്യാ-
ധ്വനി, ധ്വനി,ക്കധ്വനീനനായധുനാ
അഭിനവമാസ്വാദപദ-
വ്യാഖ്യം വ്യാഖ്യാനമൊന്നിതെഴുതുന്നേൻ.

ശിഷ്ടാചാരാനുമിതവും *"സമാപ്തികാമോ മംഗളമാചരേത്" ഇത്യാകാരകമായ അനുമിതശ്രുതിയാൽ ചോദിതവും †"മംഗളാദീനി ഹി ശാസ്ത്രാണി പ്രഥന്തേ വീരപുരുഷകാണി ച ഭവന്ത്യായുഷ്മൽപുരുഷകാണി ച" എന്ന മഹാഭാഷ്യവചനത്താൽ അനുമോദിതവും നിൎവ്വിഘ്ന പരിസമാപ്തിക്കായി ഗ്രന്ഥാരംഭത്തിൽ അവശ്യമനുഷ്ഠേയവുമായ മംഗളാചരണത്തെ "വാഗ്ദേവി—" എന്ന പദ്യംകൊണ്ടു പരിഭാഷകൻ നിൎവ്വഹിച്ചു ശിഷ്യശിക്ഷയ്ക്കായി ഗ്രന്ഥാരംഭത്തിൽ നിബന്ധിച്ചിരിക്കുന്നു.

മൂലഗ്രന്ഥത്തിലെ മംഗളപദ്യത്തെ ഭാഷപ്പെടുത്തിയിരിക്കെ, സ്വന്തം നിലയിൽ "വാഗ്ദേവി—" എന്നിങ്ങിനെ പ്രത്യേകം ഒരു

* സമാപ്തി ഇച്ഛിക്കുന്നവൻ മംഗളമാചരിക്കണം.

† ആദിയിൽ മംഗളത്തോടു കൂടിയ ശാസ്ത്രങ്ങൾ പ്രസിദ്ധങ്ങളായി ഭവിക്കുന്നു; ഗ്രന്ഥകൎത്താവിനു വീൎയ്യവും ദീൎഘായുസ്സും സിദ്ധിക്കുന്നു.

മംഗളശ്ലോകം കൂടി നിർമ്മിച്ചു നിബന്ധിച്ചിരിക്കുന്നതു് "ശ്രേയാംസി ബഹുവിഘ്നാനി" എന്ന സൂക്തിപ്രകാരം വിഘ്നബാഹുല്യശങ്കയാലും വിശേഷിച്ചു മൂലത്തിലെ മംഗളാശംസ യുഷ്മച്ഛബ്ദാർത്ഥമാത്രവിഷയമാകയാലും ആണെന്നു ധരിക്കണം.

"കാലേ മനോഹരഭൂഷ ചാർത്തി സഹേലമണയും മദ്ധ്യമയായ പ്രിയപത്നിപോലെ മദ്ധ്യമയായ വാഗ്ദേവി സാരസ്വതാസവപരായണന്നു് ആത്മരൂപം ആവിഷ്കരിച്ചു് അതിമുദാ വിജയിച്ചിട്ടട്ടെ" എന്നു് അന്വയം. **കാലേ**=ഋതുസ്നാനാനന്തരം—മന്മഥോദ്ദീപകവും രത്ന്യനുഗുണവുമായ കാലവിശേഷത്തിൽ, **മനോഹരഭൂഷ ചാർത്തി**=ഹൃദയാവർജ്ജകമായ നേരിയ നിർമ്മലവസ്ത്രം, മുത്തുമാല, താംബൂലം, സുഗന്ധദ്രവ്യം മുതലായതു ധരിച്ചു്, **സഹേലം**=ഉദ്രിക്താവസ്ഥയിലെത്തിയ ഭാവവിശേഷത്തോടു കൂടി, സ്ത്രീകളുടെ രത്യനുകൂലമായ മനോവികാരത്തെ ഭാവം, ഹാവം, ഹേല എന്നിങ്ങിനെ ആലങ്കാരികന്മാർ മൂന്നു പ്രകാരത്തിൽ വിഭാഗിച്ചു നിർവ്വചിച്ചിരിക്കുന്നു.

"നിർവ്വികാരാത്മകേ ചിത്തേ ഭാവഃ പ്രഥമവിക്രിയാ
ഭ്രൂനേത്രാദിവികാരൈസ്തു സംഭോഗേച്ഛാപ്രകാശകഃ
ഭാവ ഏവാല്പസംലക്ഷ്യവികാരോ ഹാവ ഉച്യതേ
ഹേലാത്യന്തസമാലക്ഷ്യവികാരസ്സ്യാത്സ ഏവ തു."
(സാഹിത്യദർപ്പണം)

എന്നു്. **അണയും**=ഏകാന്തത്തിൽ കാന്തനോടു് അണയുന്ന, **മദ്ധ്യമ**=പ്രൌഢയായ—

"മദ്ധ്യാ വിചിത്രസുരതാ പ്രരൂഢസ്മരയൌവനാ
ഈഷൽപ്രഗല്ഭവചനാ മദ്ധ്യമവ്രീഡിതാ മതാ."
(സാഹിത്യദർപ്പണം)

എന്ന ലക്ഷണലക്ഷിതയായ, 'മദ്ധ്യമ' എന്ന വാഗ്ദേവീവിശേഷണം ഉപമാനമായ 'പ്രിയപത്നി'യിലും അന്വയിക്കുന്നതാണു്. സാമാനാധികരണ്യബോധകമായ 'ആയ' എന്ന പദം ഉപേക്ഷിക്കയും 'മദ്ധ്യമ' എന്നതിനെ 'വാഗ്ദേവീ'പദത്തിന്നു ശേഷം പ്രയോഗിക്കയും ചെയ്തു് വിശേഷണസാമാന്യനിയമത്തെ ഉല്ലംഘിച്ചിരിക്കുന്നതു് തന്മൂലകമാണെന്നും ധരിക്കണം. **പ്രിയപത്നിപോലെ**=പ്രാണപ്രേയസിയായ പത്നിയെന്നപോലെ, 'പ്രിയയെന്നപോലെ' എന്നു പറഞ്ഞാൽ മതി

യായിരിക്കെ, "പത്യുർനോ യജ്ഞസംയോഗേ" എന്ന സൂത്രത്താൽ നിഷ്പ ന്നമായ പത്നീശബ്ദത്തിൻെറ നിവേശം വേശ്യാത്വവ്യാവൃത്തിദ്വാരാ,

"തൽകാലം പരമം സുഖം പലവിധം
നല്കീടിലും വേശ്യപോൽ
പില്ക്കാലത്തുതകുന്ന നല്പ്പരിചയം
കൈക്കൊണ്ടിടാ ഭാർഗവീ
എക്കാലത്തുമൊരേവിധം കുലവധൂ-
തുല്യം ദൃഢപ്രേമമോ-
ടുൾക്കാമ്പിന്നു സുഖം വളർത്തിടുവത-
ച്ചൊല്ലെക്കൊണ്ട വാഗ്ദേവിതാൻ."

എന്ന വചനപ്രകാരം വേശ്യാപ്രായയായ ലക്ഷ്മിയെ അപേക്ഷിച്ച് സഹധർമ്മിണീസദൃശിയായ സരസ്വതിക്കുള്ള ഉൽകൎഷാതിശയം ഉദ്ബോധിപ്പിക്കുന്നു. 'പത്നീ'ശബ്ദത്തെ 'പ്രിയ'ശബ്ദംകൊണ്ടു വിശേഷിപ്പിച്ചിരിക്കുന്നതു് സ്വപ്രവൃത്തി കർത്തവ്യത്വബോധമാത്രത്താലോ ഭ്രംശാപവാദാദിഭയത്താലോ അല്ല, പ്രേമാതിശയത്താൽത്തന്നെയാണ് എന്നു സൂചിപ്പിക്കുവാനാകുന്നു. 'പ്രിയഭർത്താവിന്നു' എന്നതു് അർത്ഥസിദ്ധം. **വാഗ്ദേവി, മദ്ധ്യമ**=മദ്ധ്യമാഖ്യയും വാഗ്രൂപയുമായ പരമേശ്വരി, **മനോഹരഭൂഷ ചാർത്തി**=സമുചിതാലങ്കാരവിശിഷ്ടയായി,

"രസാംഗമാപ്പിവക്ഷിക്ക-ലംഗിയാവാതൊരിക്കലും
സമയേ സ്വീകൃതി ത്യാഗം നിർവ്വാഹാനതികാമിത
നിഷ്പത്തിയിലുമംഗത്വ-പ്രതിപാലനമെത്രയും."

എന്നിങ്ങിനെ പ്രകൃതഗ്രന്ഥത്തിൽ നിർദേശിച്ചിരിക്കുന്ന സമീക്ഷയ്ക്കു് അനുഗുണമായി രസാദ്യുചിതങ്ങളും സഹൃദയഹൃദയാവർജ്ജകങ്ങളുമായ അലങ്കാരവിശേഷങ്ങളോടു കൂടി, **കാലേ**=ആസ്വാദനവേളയിൽ, **സാരസ്വതാസവപരായണന്നു്**=സാഹിത്യമാധ്വീരസത്തിൽ അത്യാസക്തിയോടുകൂടിയ സഹൃദയലോകത്തിന്നു, "പരായണമഭിപ്രേതേ തൽപരേ പരമാശ്രയേ" എന്നു വൈജയന്തി. **ആത്മസ്വരൂപം**=വ്യംഗ്യരൂപമായ സാഹിത്യതത്ത്വത്തെ, ഉപമാനപക്ഷത്തിൽ, സൌന്ദൎയ്യാദിഗുണവൈശിഷ്ട്യത്താൽ ആസേചനകമായ സ്വാകാരത്തെ എന്നൎത്ഥം. **ആവിഷ്കരിച്ചു്**=ആസകലം പ്രകാശിപ്പിച്ചു്, **അതിമുദാ**=നിരതിശയാനന്ദാനുഭവത്തോടു്,

വിജയിച്ചിടട്ടേ=സൎവ്വോൽകൎഷേണ വൎത്തിക്കട്ടെ. വാഗ്രൂപയായ ഭഗവതി അവസ്ഥാവിശേഷമനുസരിച്ച് പര, പശ്യന്തി, മദ്ധ്യമ, വൈഖരി എന്നിങ്ങിനെ നാലുരൂപത്തിലാണെന്നു പറയപ്പെട്ടിരിക്കുന്നു. അതിൽ മദ്ധ്യമ ധ്വനിസ്വരൂപയാണെന്നാണ് ശാസ്ത്രസിദ്ധാന്തം. അതുകൊണ്ടുതന്നെയാകുന്നു പ്രകൃതോചിതമായ മദ്ധ്യമയെ ഗ്രന്ഥകാരൻ തൻെറ അഭീഷ്ടപ്രാൎത്ഥനയ്ക്കു വിഷയമാക്കിയിരിക്കുന്നതു്.

വിശേഷിച്ച്,—

*"ഉതോ ത്വസ്മൈ തന്വം വിസസ്രേ
ജായേവ പത്യ ഉശതീ സുവാസാഃ"

എന്ന ശ്രുതിവാക്യത്താൽ അനുഗൃഹീതമായ പ്രകൃതപ്രാൎത്ഥനം ഒരിക്കലും വിഫലമാകയില്ലെന്നും ആകയാൽ, പ്രകൃതമംഗളാചരണം സമസ്തദുരിതങ്ങളേയും ദൂരീകരിക്കുമെന്നും അഭിസന്ധി. പരാപശ്യന്ത്യാദി പ്രഭേദത്തെക്കുറിച്ചുള്ള അധികവിവരം 'കാവ്യജീവിതവൃത്തി'യിൽനിന്നും മററും ഗ്രഹിച്ചുകൊൾക.

സ്വന്തമായ മംഗളാചരണത്തിന്നു ശേഷം മൂലഗ്രന്ഥത്തിലെ "സ്വേച്ഛാകേസരിണഃ—" എന്ന മംഗളശ്ലോകത്തെ പരിഭാഷപ്പെടുത്തിക്കൊണ്ടു പരിഭാഷകൻ പ്രകൃതത്തിലേക്കു പ്രവേശിക്കുന്നു:— "**കാക്കട്ടെ**—" ഇത്യാദിയാൽ,

പരമേശ്വരൈക്യഭാവനാസമ്പത്തിചരിതാൎത്ഥനും സൎവ്വതന്ത്രസ്വതന്ത്രനുമായ ആനന്ദവൎദ്ധനാചാൎയ്യർ, തനിക്കാകേണ്ടതൊന്നുമില്ലെങ്കിലും വ്യാഖ്യാതൃശ്രോതാക്കൾക്ക് അഭീഷ്ടം നിൎവ്വിഘ്നം സിദ്ധിക്കുന്നതിലേക്കായി പരമേശ്വരസാമ്മുഖ്യം സാധിച്ചുകൊണ്ട് "സ്വതന്ത്രഹരിയാം ഹരിതൻ നഖങ്ങൾ നിങ്ങളെ കാക്കട്ടെ" എന്ന സമുചിതമായ ആശിസ്സരുളുന്നു.

* "ഉതോത്വസ്മൈ തന്വം വിസസ്രേ—തനും വിവൃണോതി ജായേവ പത്യേ കാമയമാനാ സുവാസാഃ സ്വമാത്മാനം വിവൃണുതേ; ഏവം വാക് വാഗ്വിദേ സ്വാത്മാനം വിവൃണുതേ" എന്നു മഹാഭാഷ്യം. "ഉതത്വ ഇതിനിപാതസമാഹാരഃ" എന്നു കൈയടൻ. പത്യേ=ഭൎത്താവിന്നു, ഉശതീ=കാമയമാനയും, സുവാസാഃ=സ്വച്ഛസൂക്ഷ്മവസ്ത്രയും ആയിട്ടു്, ജായേവ=പത്നി എന്നപോലെ (വാക്കു്) ഉതോത്വസ്മൈ=ഏതാനുമൊരു സഹൃദയനു്, തന്വം വിസസ്രേ=ശരീരത്തെ പ്രകാശിപ്പിക്കുന്നു എന്നു ശ്രുതിവാക്യത്തിൻെറ അൎത്ഥം.

കാക്കട്ടെ നിങ്ങളെ നിശാകമിതാവിനച്ഛ-
സ്വച്ഛായയാലമിതഖേദമണച്ചു നിത്യം
ഭക്താർത്തിയെപ്പരിഹരിപ്പതിനായ്മുതിർന്നു-
നില്ക്കും സ്വതന്ത്ര്യഹരിയാം ഹരിതൻ നഖങ്ങൾ.

കാക്കട്ടെ നിങ്ങളെ=വ്യാഖ്യാതാക്കളും ശ്രോതാക്കളുമായ നിങ്ങളെ കാത്തുരക്ഷിക്കട്ടെ. കാരകങ്ങളെ അപേക്ഷിച്ച് രക്ഷണാർത്ഥകക്രിയയെത്തന്നെ മുമ്പിൽ പ്രയോഗിച്ചിരിക്കുന്നതു പരമകാരുണികനായ ഹരിയുടെ രക്ഷണതല്പരതയും അഭയദാനസന്നദ്ധതയും വ്യക്തമാക്കുവാനാകുന്നു. സർവ്വനാമങ്ങളിൽ ഉൾപ്പെട്ട 'നിങ്ങൾ' എന്ന ശബ്ദം അസ്മദർത്ഥവിവക്ഷാവിഷയമല്ലാത്ത സർവ്വത്തിന്നും ബോധകമാകാമെങ്കിലും പ്രകൃതത്തിൽ വ്യാഖ്യാതൃശ്രോതൃമാത്രപരമാണെന്നു താൽപര്യം. "എല്ലാവർക്കും ചോറു കൊടുക്കുക" എന്നതിന്നു പ്രകൃതവശാൽ അവിടെ അപ്പോൾ വന്നിരിക്കുന്നവർക്കെല്ലാം ചോറു കൊടുക്കുക എന്നല്ലാതെ ലോകത്തിലുള്ളവർക്ക് ഒക്കെയും ചോറു കൊടുക്കുക എന്നർത്ഥമില്ലല്ലോ. അതുപോലെ ഇവിടെ 'നിങ്ങൾ' എന്ന പദം വ്യാഖ്യാതാക്കളേയും ശ്രോതാക്കളേയും മാത്രമേ വിഷയീകരിക്കുന്നുള്ളു. അവർക്കേ പ്രകൃതത്തിൽ 'നിങ്ങൾ' എന്നതുകൊണ്ടുള്ള സംബോധനയോഗ്യത്വവുമുള്ളു. സംബോധനസാരമാണല്ലോ യുഷ്മദർത്ഥം. "അലിംഗസ്സംബോധനവിഷയശ്ച യുഷ്മദർത്ഥഃ" "യുഷ്മദർത്ഥശരണാ ഹി സംബുദ്ധിഃ" ഇത്യാദി സൂക്തി നോക്കുക. **കാക്കട്ടെ**=രക്ഷിക്കട്ടെ. രക്ഷണം പ്രകൃതസ്ഥലത്ത് അഭീഷ്ടഫലസിദ്ധിക്കുള്ള സാഹായ്യാചരണംതന്നെ. ആ സാഹായ്യാചരണം ഫലസിദ്ധിക്കു പ്രതികൂലമായ വിഘ്നങ്ങളുടെ അപസാരണത്താൽ സംഭവിക്കുന്നു. വ്യാഖ്യാനപാടവവും ആസ്വാദനചതുരതയുമാണ് അഭീഷ്ടഫലം; ധനധാന്യാദിലാഭമല്ല. **നിശാകമിതാവിന്**=ചന്ദ്രന്, അർത്ഥാൽ ബാലചന്ദ്രന്. **അച്ഛസ്വച്ഛായയാൽ**=നിർമ്മലവും ഹൃദ്യവുമായ കാന്തിയാലും ആകൃതിയാലും, **അമിതഖേദമണച്ച്**=അടക്കിയാലടങ്ങാത്ത ദുഃഖമുണ്ടാക്കിക്കൊണ്ട്, **ഭക്താർത്തിയെപ്പരിഹരിപ്പതിനായ്**=പ്രഹ്ലാദാദിഭക്തന്മാരുടെ കഠിനപീഡകളെ നിശ്ശേഷമില്ലാതാക്കുന്നതിനായി, **നിത്യം മുതിർന്നു നില്ക്കും**=എല്ലായ്പോഴും ജാഗരൂകതയോടുകൂടി

സന്നദ്ധങ്ങളായി നില്ക്കുന്ന, **സ്വാതന്ത്ര്യഹരിയാം ഹരിതൻ നഖങ്ങൾ**=സ്വാതന്ത്ര്യഹരിയായ്ഭവിച്ച വിഷ്ണുവിന്റെ നഖങ്ങൾ. കർമ്മപാരതന്ത്ര്യത്താലോ പരേച്ഛയാലോ അല്ലാതെ സ്വേച്ഛയാൽത്തന്നെ—അതായത്, ത്രിജഗൽകണ്ടകനായ ഹിരണ്യകശിപുവിനെ നിഗ്രഹിച്ചു ഭക്തനായ പ്രഹ്ലാദനെ രക്ഷിപ്പാനുള്ള അഭിനിവേശത്താൽത്തന്നെ—തദുചിതമായ നരസിംഹരൂപം ധരിച്ച ഹരിയുടെ നഖങ്ങൾ, 'നിങ്ങളെ രക്ഷിക്കട്ടെ' എന്നു പൂർവ്വഭാഗത്തോടന്വയം. സിംഹരൂപധാരണം വാസ്തവികമാകയാൽ ആരോപത്തിന്നു പ്രസക്തിയില്ലെന്നു ധരിക്കണം.

ഉത്തരാർദ്ധത്തിൽ പ്രഹ്ലാദപ്രഭൃതികളായ ഭക്തന്മാരെ ഹിരണ്യകശിപുപ്രഭൃതികളായ ലോകകണ്ടകന്മാരിൽനിന്നു രക്ഷിപ്പാനായി നരസിംഹരൂപമെടുത്ത ഹരിയുടെ നഖങ്ങൾ അതിലേക്കു സദാ സന്നദ്ധങ്ങളായി നില്ക്കുന്നുവെന്നു കാണിച്ചിരിക്കയാൽ ഭക്താവനത്തിൽ നിത്യോദ്യോഗിയായ ഭഗവാന്റെ ദൃഢനിശ്ചയത്തിൽനിന്ന് ഉദ്ബുദ്ധമാകുന്ന ഉത്സാഹത്തിന്റെ പ്രതീതിയാൽ തൽസ്ഥായികമായ വീരരസം ധ്വനിക്കുന്നു. 'എന്റെ ഭക്തന്മാരെ ദ്രോഹിക്കുന്ന ദുഷ്ടന്മാരെ നിശ്ശേഷം നശിപ്പിച്ചു ഞാൻ അവരെ രക്ഷിക്കും' എന്നുള്ള ദൃഢനിശ്ചയരൂപമായ അദ്ധ്യവസായം ഉത്സാഹത്തിന് ഉത്ഥാപകമാണല്ലോ. ഉത്സാഹം വീരത്തിന്റെ സ്ഥായിഭാവവുമാണ്. ആകയാൽ, തദ്ദ്വാരാ വീരരസധ്വനി. വിശ്വക്ലേശകാരികളായ ഹിരണ്യകശിപുപ്രഭൃതികളുടെ നിഗ്രഹം പ്രഹ്ലാദാദികളിലുള്ള അനുകമ്പാധിക്യത്താലാകയാൽ താദൃശാവസ്ഥയിൽപ്പോലും ഭഗവാനുള്ള പരമകാരുണികത്വം ധ്വനിക്കുന്നു. രക്ഷണവിഷയത്തിൽ കർത്തൃത്വം ശരീരാനതിരിക്തകരണരൂപമായ നഖത്തിന്നു നിർദ്ദേശിച്ചിരിക്കയാൽ, സാതിശയശക്തിത്വവും തദ്ദ്വാരാ ഭഗവാന്റെ വ്യതിരിക്തകരണാനപേക്ഷത്വവും ധ്വനിക്കുന്നു. നഖങ്ങൾക്കു ഖേദജനകത്വം ലോകസിദ്ധമാണ്. എന്നാൽ, ഭഗവന്നഖങ്ങൾക്കുള്ള ഖേദജനകത്വമാകട്ടെ, 'നിശാകമിതാവിന്നമിതഖേദമണയ്ക്കുന്ന'താണെന്നിങ്ങിനെ ലോകോത്തരരൂപത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ചന്ദ്രനെന്നു പറയാതെ നിശാകമിതാവെന്നു പറഞ്ഞിരിക്കയാൽ, തമോമയിയും കൊല, കളവുമുതലായ പാപകർമ്മങ്ങൾക്കു സഹായഭൂതയും ഭയങ്കരയുമായ രാത്രിയുടെ കാമുകനായ ചന്ദ്രൻ സർവ്വഥാ ദണ്ഡ്യനാണെന്നിങ്ങിനെ തദ്ദണ്ഡനൌചിത്യദ്വാരാ ഭഗവാന്റെ

ധമ്മശീലത്വം ധ്വനിക്കുന്നു. ഇങ്ങിനെ വസ്തുധ്വനി. "അച്ഛസ്വച്ഛാ യയാൽ സദൃശഭാവമിയന്നു" എന്നോ മറേറാ പറയാതെ "അമിതഖേദ മണച്ച്" എന്നു നിബന്ധിച്ചിരിക്കയാൽ നഖസാന്നിദ്ധ്യത്തിൽ ചന്ദ്രൻ നിഷ്പ്രഭനും അഹൃദ്യനും ആണെന്നിങ്ങിനെ അപ്രസ്തുതപ്രശംസാലങ്കാരം ധ്വനിക്കുന്നു.

"പ്രസ്തുതോദന്തപരമാ-യീടുമപ്രസ്തുതോക്തിയാം
അപ്രസ്തുതപ്രശംസാഖ്യ-മായതഞ്ചുവിധത്തിലാം
വിശേഷത്തിന്നു സാമാന്യം കാരണത്തിന്നു കാര്യ്യവും
മറിച്ചുമിവ തുല്യത്തി-ന്നാഥ തുല്യവുമിങ്ങിനെ."

(കാവ്യജീവിതവൃത്തി)

എന്ന ലക്ഷണപ്രകാരം കാര്യ്യനിബന്ധനരൂപാപ്രസ്തുതപ്രശംസ ധ്വനിക്കുന്നു. ഹരിനഖങ്ങളുടെ ശോഭാതിശയം പ്രസ്തുതമായിരിക്കെ, തത്സാന്നിദ്ധ്യത്തിൽ ചന്ദ്രൻ നിഷ്പ്രഭനാണെന്നിങ്ങിനെ തൽകാര്യ്യരൂപമായിട്ടാണല്ലോ അതു് ഭാസിക്കുന്നതു്.

നാല്കാലികൾക്കുമൊരുനാണമുദിക്കുമെങ്കിൽ
കുന്നിൻകുമാരിയുടെ കുന്തളകാന്തികണ്ടാൽ
നിസ്സംശയം ചമരികൾക്കുമായിരുന്നു
വാലിൻവിലാസമതിലുള്ളൊരു വത്സലത്വം.

(കുമാരസംഭവം)

ഇത്യാദി ഉദാഹരണങ്ങളിലെന്നപോലെ ഇവിടേയും ജ്ഞാനങ്ങൾക്കാണ് കാര്യ്യകാരണഭാവമെന്നും ധരിക്കണം. അധികവിവരം 'കാവ്യജീവിതവൃത്തി' നോക്കി മനസ്സിലാക്കിക്കൊൾക.

കൂടാതെ, 'സ്വച്ഛവും വക്രവുമായ ആകൃതി രണ്ടുകൂട്ടക്കും തുല്യമാണെങ്കിലും ഭക്താത്തിനിവാരണസാമത്ഥ്യരൂപമായ വൈശിഷ്ട്യം ഭഗവന്നഖങ്ങൾക്കല്ലാതെ തനിക്കില്ല' എന്നീവിധത്തിലാണ് ചന്ദ്രന്റെ ഖേദാനുഭവമെന്നു കിട്ടുന്നതിനാൽ വ്യതിരേകാലങ്കാരം ധ്വനിക്കുന്നു.

*"വൈധമ്മ്യകൃതമായീടും പ്രകൃതാത്ഥാതിശായകം
ഉപമേയത്തിനുൽകഷം വ്യതിരേകസമാഹ്വയം."

(കാവ്യജീവിതവൃത്തി)

* ഉപമേയത്തിനുള്ള വൈധമ്മ്യമൂലകവും പ്രകൃതാത്ഥാതിശായകവുമായ ഉൽകഷം വ്യതിരേകാലങ്കാരം എന്നത്ഥം. ദളപ്രയോജനം 'കാവ്യജീവിതവൃത്തി'യിൽ നിന്നു മനസ്സിലാക്കിക്കൊൾക.

എന്നു വ്യതിരേകലക്ഷണം. എന്നുമാത്രമല്ല, 'അസാധാരണകാന്തിയാലും ഹൃദ്യാകൃതിയാലും താപനിവാരണക്ഷമതയാലും താൻ ഒരുത്തൻ മാത്രമാണ് ലോകത്തിൻെറ വാത്സല്യത്തിനും ആദരത്തിനും പാത്രീഭവിച്ചിരുന്നതു്. ഇപ്പോഴാകട്ടെ, അപ്രകാരം കാന്തിമത്തുക്കളും ഹൃദ്യാകൃതികളുമായി പത്തു നഖങ്ങൾ ഉള്ളതുകൊണ്ടു്, ലോകം അവയെത്തന്നെയാണ് ബാലേന്ദുബഹുമാനത്തോടെ വീക്ഷിക്കുന്നതു്, തന്നെയല്ല! എന്ന വിചാരത്താലാണോ ചന്ദ്രൻ അമിതഖേദമനുഭവിക്കുന്നതു്, എന്നിങ്ങിനെ അപഹ്നുതിഗർഭോൽപ്രേക്ഷ, അഥവാ, അവയുടെ സങ്കരരൂപമായ അലങ്കാരവിശേഷം ധ്വനിക്കുന്നു. താദൃശവിചാരത്തെ അമിതഖേദാനുഭവഹേതുവായി സംഭാവനം ചെയ്യുകയെന്ന ആ ഹേതൂൽപ്രേക്ഷയ്ക്കു നഖങ്ങളിൽ സ്വധർമ്മനിഷേധത്തോടു കൂടിയ ബാലചന്ദ്രത്വാരോപം—തദ്രൂപമായ അപഹ്നുത്യലങ്കാരം—അനുഗ്രാഹകമായിട്ടാണല്ലോ സ്ഥിതിചെയ്യുന്നതു്. ആകയാൽ, അപഹ്നുതിയ്ക്കും ഹേതൂൽപ്രേക്ഷയ്ക്കും അംഗാംഗിഭാവനിബന്ധനമായ സങ്കരം ധ്വനിക്കുന്നുവെന്നു പറയാം.

"സ്വധർമ്മത്തെ മറച്ചന്യ-ധർമ്മാരോപമപഹ്നുതി."
"മററൊന്നിൻ ധർമ്മയോഗത്താ-ലതുതാനല്ലയോ ഇതു്
എന്നു വർണ്ണ്യത്തിലാശങ്ക-യുൽപ്രേക്ഷാഖ്യയലംകൃതി
ധർമ്മി ധർമ്മം ഫലം ഹേതു-വെന്നുൽപ്രേക്ഷാസ്പദത്തിനു
ഉള്ള ഭേദങ്ങളൊപ്പിച്ചു നാലുമാതിരിയാമിതു്."

(ഭാഷാഭൂഷണം)

എന്നു് അപഹ്നുതിയ്ക്കും ഉൽപ്രേക്ഷയ്ക്കും ലക്ഷണം. ഇങ്ങിനെ അലങ്കാരധ്വനി. ഇപ്രകാരം രസം, വസ്തു, അലങ്കാരം എന്നീ മൂന്നു വിധത്തിലുള്ള ധ്വനിപ്രഭേദങ്ങൾക്കും പ്രകൃതപദ്യം വിഷയമാണെന്നു കണ്ടുകൊൾക.

വസ്തുധ്വനിക്കും അലങ്കാരധ്വനിക്കും വാച്യത്തെ അപേക്ഷിച്ചു് പ്രാധാന്യമുണ്ടായാൽ മതിയെങ്കിലും രസധ്വനിക്കു് അതുപോരാ. അതിന്നു സർവ്വാപേക്ഷയാ പ്രാധാന്യംതന്നെ വേണം. രസത്തിന്നു വാച്യാപേക്ഷയാ ചമൽകാരനിബന്ധനരൂപമായ പ്രാധാന്യം സ്വഭാവസിദ്ധമായിരിക്കെ, അതു ധ്വനിത്വപ്രയോജകമാകുമോ? എന്നുമാത്രമല്ല, രസധ്വനിക്കും വസ്ത്വലങ്കാരധ്വനികൾക്കെന്നപോലെ വാച്യാർത്ഥത്തെ

അപേക്ഷിച്ചുമാത്രം പ്രാധാന്യമുണ്ടായാൽ മതിയെങ്കിൽ രസവദലങ്കാരത്വം നിർവ്വിഷയമാവും. രസവദലങ്കാരരൂപരസത്തിന്നും സർവ്വത്ര വാച്യാപേക്ഷയാ പ്രാധാന്യം സിദ്ധമാകയാൽ അതും ധ്വനിയാണെന്നല്ലേ വരിക? അതുകൊണ്ടാണല്ലോ രസധ്വനി സർവ്വപ്രാധാന്യനിബന്ധനമാണെന്ന 'കാവ്യജീവിതവൃത്തി'യിൽ സിദ്ധാന്തിച്ചിരിക്കുന്നതു്. ഇങ്ങിനെയിരിക്കെ, വീരരസത്തിന്ന ധ്വനിത്വം പറഞ്ഞതു് എങ്ങിനെയാണ് ഉപപന്നമാവുക? അതു ഭഗവദ്ഭക്തിരൂപഭാവത്തിന്ന് അംഗമായിട്ടല്ലേ സ്ഥിതിചെയ്യുന്നതു്? ഭക്തിയിൽ ഗുണീഭൂതമായ വീരം ഗുണീഭൂതവ്യംഗ്യപ്രകാരമായ രസവദലങ്കാരമല്ലാതെ ധ്വനിയാകുമോ? എന്ന് ആശങ്കിക്കുന്നുവെങ്കിൽ പറയാം:—ഈ ആക്ഷേപം പ്രകൃതപദ്യത്തിൽ പററുന്നതല്ല. ഇതു് ആനന്ദവർദ്ധനാചാര്യരുടെ "സ്വേച്ഛാകേസരിണഃ" എന്ന പദ്യത്തിൻെറ ഒരു ഭാഷാന്തരരൂപം മാത്രമാണ്. ആനന്ദവർദ്ധനാചാര്യരാകട്ടെ, "പരമേശ്വരൈക്യഭാവനാസമ്പത്തിചരിതാർത്ഥ"നാണെന്ന മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. ഐക്യഭാവനയുള്ളപ്പോൾ ഭേദഭാവനാനിബന്ധനമായ ഭക്തിക്കുണ്ടോ പ്രസക്തി? ഈശ്വരനും താനും ഒന്നാണെന്ന ഭാവനയിൽ ഈശ്വരൻ സേവ്യനും താൻ സേവകനുമാണെന്ന ഭാവന സംഭാവ്യമാണോ? ആകയാൽ, ഭക്തിക്കു പ്രസക്തിയില്ലായ്കയാൽ പ്രകൃതസ്ഥലത്തെ വീരരസം ഭക്തിയിൽ ഗുണീഭൂതമല്ലെന്നും നേരേമറിച്ചു പ്രധാനമാകയാൽ ധ്വനിതന്നെയാണെന്നും ധരിക്കണം. അതുകൊണ്ടുതന്നെയാണ്, ആനന്ദവർദ്ധനാചാര്യർ മൂലപദ്യത്തിൽ "ത്രായന്താം വോ" എന്നും അതിനെ അനുസരിച്ചു പരിഭാഷകൻ ഭാഷയിൽ "കാക്കട്ടെ നിങ്ങളെ" എന്നും യുഷ്മച്ഛബ്ദത്തെ പ്രയോഗിച്ചിരിക്കുന്നതു്. അല്ലാത്തപക്ഷം, "നഃ" എന്ന മൂലത്തിലും തദനുഗുണം 'നമ്മെ' എന്ന പരിഭാഷയിലും പ്രയോഗിക്കുമായിരുന്നു എന്നറിയുക.

ഇത്രയുംകൊണ്ട്, ലോചനകാരൻെറ അഭിപ്രായം ശിഷ്യബുദ്ധിവൈശദ്യത്തിനായി സപരികരം സമർത്ഥിക്കമാത്രമാണ് ചെയ്തിരിക്കുന്നതു്. വാസ്തവത്തിൽ വീരം കവിനിഷ്ഠമായ വാത്സല്യാഖ്യഭാവത്തിന്ന് അംഗമായിരിക്കുകയാൽ ശാസ്ത്രീയദൃഷ്ട്യാ ഗുണീഭൂതപ്രഭേദമായ രസവദലങ്കാരമാണെന്നുള്ളതാണ് സുവചം എന്ന ചുരുക്കം.

കാവ്യാത്മാവെന്നു പണ്ടേ ബുധപരിവൃഢരാൽ
സമ്യഗാമ്നാതമേതൊ-
ന്നില്ലത്രേ ഹൃദ്യമാമാദ്ധ്വനി, ചിലരതിനെ
ബ്ഭാക്തമെന്നോതിടുന്നു,
ഘോഷിച്ചിട്ടുണ്ടു വേറേ ചിലരിതവിഷയം
വാക്കിനെ;ന്നാകയാൽ, നോം
തദ്രൂപം നിർവ്വചിക്കാം സഹൃദയഹൃദയാ-
നന്ദസിദ്ധിക്കിദാനീം.

പ്രകൃതഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം ഇന്നതാണെന്നും ആ വിഷയത്തെ അധികരിച്ച് ഒരു ഗ്രന്ഥം നിർമ്മിക്കുവാനുള്ള കാരണമെന്തെന്നും മററും ആദ്യമായി 'കാവ്യാത്മാവ്' എന്ന കാരികയെക്കൊണ്ടു ബോധിപ്പിക്കുന്നു:—

കാവ്യാത്മാവെന്നു പണ്ടേ ബുധപരിവൃഢരാൽ സമ്യക് ആമ്നാതം ഏതൊന്നോ ഹൃദ്യമായ ആ ധ്വനി (ധ്വനിയെന്നൊരർത്ഥം) ഇല്ലത്രേ. ചിലർ അതിനെ(ധ്വന്യമാനമായ ആ അർത്ഥത്തെ) ഭാക്തമെന്ന് ഓതിടുന്നു. വേറെ ചിലർ ഇതു് (ധ്വനി) വാക്കിന് അവിഷയം എന്നു ഘോഷിച്ചിട്ടുണ്ട്. ആകയാൽ, നോം സഹൃദയഹൃദയാനന്ദസിദ്ധിക്കായി ഇദാനീം (ഇപ്പോൾ) തദ്രൂപം(ധ്വനിരൂപം) നിർവ്വചിക്കാം എന്നു അന്വയാർത്ഥം.

"പ്രയോജനാദീനാം ശാസ്ത്രാദൌ പരികീർത്തനം പ്രേക്ഷാവൽപ്രവൃത്ത്യംഗം" എന്ന ന്യായപ്രകാരം പ്രേക്ഷാവൽപ്രവർത്തകമായ അനുബന്ധചതുഷ്ടയത്തിന്റെ—വിഷയം, പ്രയോജനം, സംബന്ധം, അധികാരി എന്നിവയുടെ—നിർദേശം ഗ്രന്ഥാരംഭത്തിൽ ആവശ്യകമാകുന്നു. അവയിൽ പ്രതിപാദ്യവിഷയജ്ഞാനമായ സാക്ഷാൽപ്രയോജനവും സംബന്ധവും അർത്ഥസിദ്ധമാകയാൽ അവയെ വിട്ട് വിഷയം, പരമപ്രയോജനം, അധികാരിവിശേഷം എന്നിവയെ "കാവ്യാത്മാവെന്നു—" എന്ന പദ്യത്തിൽ ശബ്ദംകൊണ്ടു നിർദേശിച്ചിരിക്കുന്നു. ധ്വനിസ്വരൂപം വിഷയം. ധ്വനിരൂപാഭിധാനത്തിന്റെ സാക്ഷാൽ പ്രയോജനം അഭിധേയജ്ഞാനമാണെങ്കിലും അതു് സുഖപ്രാപ്തിരൂപമോ ദുഃഖനിവൃത്തിരൂപമോ അല്ലായ്കയാൽ പ്രയോജനലക്ഷണഹീന

ഏതൊന്ന കാവ്യത്തിൻെറ ആത്മാവാണെന്ന ബുധപരിവൃ ഢരാൽ=നല്ല കാവ്യതത്ത്വവേദികളാൽ, (പണ്ടേ) പരമ്പരയായി,

---

മാകകൊണ്ടു്, അതിനെവിട്ടു തല്ലക്ഷണഘടിതവും പ്രയോജനപ്രയോജ നവുമായ ആഹ്ലാദത്തെ ഇവിടെ പ്രയോജനമായി നിർദ്ദേശിച്ചിരിക്കുന്നു. സാക്ഷാൽ പ്രയോജനമായ വിഷയജ്ഞാനമാകട്ടെ അർത്ഥസിദ്ധവു മാണു്. അതുപോലെ, ശാസ്ത്രത്തിന്നും പ്രതിപാദ്യവിഷയത്തിന്നു മുള്ള പ്രതിപാദ്യപ്രതിപാദകഭാവസംബന്ധവും അർത്ഥസിദ്ധമാകുന്നു. അധികാരി സഹൃദയൻ തന്നെ. അതും പരമപ്രയോജനമായ ആഹ്ലാ ദവും "സഹൃദയഹൃദയാനന്ദസിദ്ധിക്കു്" എന്നിങ്ങിനെ ശബ്ദംകൊണ്ടു നിർദ്ദേശിച്ചിരിക്കുന്നു.

അനുബന്ധചതുഷ്ടയപ്രദർശനം ഗ്രന്ഥാരംഭത്തിൽ ആവശ്യക മാണെങ്കിലും പ്രസ്തുതപദ്യത്തിൽ അഭാവവാദികളുടെ വിപ്രതിപത്തി കളെ പ്രദർശിപ്പിച്ചിരിക്കുന്നതെന്തിന്? അതു് അനാവശ്യകമാണല്ലോ! എന്നു സംശയിക്കേണ്ട. സർവ്വസമ്പ്രതിപന്നമായ വസ്തു അഭിധാന യോഗ്യമല്ലായ്കയാൽ ശാസ്ത്രവിഷയമാകയില്ല. സർവ്വസമ്മതമായ വിഷ യത്തെ ശാസ്ത്രംകൊണ്ടു സാധിക്കേണ്ടതായ ആവശ്യകതയുണ്ടോ? ആകയാൽ, വിപ്രതിപത്തിപ്രദർശനം വിഷയതോപപാദകമാകകൊ ണ്ടു് സാർത്ഥകം തന്നെയാകുന്നു.

"കാവ്യാത്മാ—" എന്ന ശ്ലോകത്തിൻെറ താൽപര്യം "ഏതൊന്നു കാവ്യത്തിൻെറ—" ഇത്യാദി വാക്യസന്ദർഭം കൊണ്ടു വൃത്തികാരൻ വിവരിക്കുന്നു.

'ബുധ'ശബ്ദത്തിൻെറ അർത്ഥം—'അറിയുന്നവൻ'—അതായ തു്, 'ബോദ്ധവ്യമായ സകലപദാർത്ഥങ്ങളുടേയും ബോധമുള്ളവൻ' എ ന്നാകയാൽ 'ബുധപരിവൃഢർ=വിദ്വദ്വരന്മാർ' എന്നോ മറേറാ നിർദ്ദേ ശിക്കേണ്ടതാണെന്നിരിക്കിലും * സാമാന്യാർത്ഥവിഷയശ്ശബ്ദഃ പ്രകരണാ ദിഭിർവ്വിഷയവിശേഷേ നിയമ്യമാനസ്തദ്ബുദ്ധിജനകതാം പ്രതിപദ്യതേ" എന്ന ന്യായപ്രകാരം അവബോധം അവബോദ്ധവ്യവസ്തുപരിച്ഛേദ്യമാ കയാൽ "കാവ്യാത്മാവു്" എന്ന ശബ്ദത്തിൻെറ സാന്നിദ്ധ്യവും പ്രകര

* സാമാന്യാർത്ഥവിഷയമായ ശബ്ദം സന്ദർഭാദിവശാൽ അർത്ഥവിശേഷത്തിൽ നിയമ്യമാനമായിട്ടു് അർത്ഥവിശേഷബോധകമായി ഭവിക്കുന്നു.

സമാമ്നാതം=സമ്യക്, ആ=സമന്താൽ, മ്നാതമോ=പ്രകടിതമോ, ഹൃദ്യ
മായ ആ ധ്വനി, സഹൃദയന്മാരുടെ ഹൃദയങ്ങളിൽ പ്രകാശിക്കുന്നതാ
യിരിക്കിലും അങ്ങിനെ ഒന്നു് ഇല്ലെന്നാണത്രേ ചിലരുടെ മതം. അഭാവ

ണാനുഗുണ്യവുമവലംബിച്ചു് വൃത്തിയിൽ കാവ്യതത്ത്വവേദിപരമായി
'ബുധ'ശബ്ദത്തെ വ്യാഖ്യാനിച്ചിരിക്കുന്നു. ആത്മശബ്ദത്തിന്നു 'തത്ത്വ'
ശബ്ദംകൊണ്ടുള്ള അർത്ഥവിവരണം സാരതത്ത്വവും അർത്ഥാന്തര
വൈലക്ഷണ്യവും പ്രദർശിപ്പിക്കുന്നു. ഏതെങ്കിലും ഒരു ബുധന്റെയോ
ബുധവരന്റെയോ "ധ്വനി കാവ്യാത്മാവാ"ണെന്നുള്ള കഥനം പ്രാമാ
ദികമാണെന്നു വരാം; തന്നിമിത്തം '**ബുധവരരാൽ**' എന്നു ബഹുവ
ചനം പ്രയോഗിച്ചിരിക്കുന്നു. അങ്ങിനെയുള്ള പലരും പറഞ്ഞിരിക്കു
ന്നതിൽ പ്രമാദശങ്കയ്ക്കു് അവകാശമില്ലെന്നു് അഭിപ്രായം. കാവ്യത
ത്ത്വവേദികൾ വളരെപ്പേർ ഒരുപോലെ അനാദരണീയമായ വസ്തു ആദ
രണീയമാണെന്നു് ഉപദേശിക്കയില്ലെന്നു ഭാവം. ഈ അഭിപ്രായത്താ
ലാണു് വൃത്തിയിൽ '**സമ്യഗാമ്നാതം**' എന്നതിനെ 'പരമ്പരയായി'
എന്ന ശബ്ദംചേർത്തു വ്യാഖ്യാനിച്ചിരിക്കുന്നതു്. **പരമ്പരയായി**—
വിശിഷ്ടപുസ്തകനിബന്ധനം കൂടാതെ അവിച്ഛിന്നപ്രവാഹരൂപത്തിൽ
പറഞ്ഞുപോന്നു എന്നു സാരം. '**പണ്ടേ**' എന്നതുകൊണ്ടു ധ്വന്യ
ഭിധാനത്തിന്നു് ഇദംപ്രഥമത്വം നിഷേധിച്ചിരിക്കുന്നു. **ഹൃദ്യമായ
ആ ധ്വനി**=അനുഭവവേദ്യവും മനോഹരവും സാരഭൂതവുമാകയാൽ
ആദരണീയമായ ആ ധ്വനി. ഈ അഭിപ്രായത്തിന്മേലാണു് വൃത്തി
യിൽ '**സഹൃദയന്മാരുടെ ഹൃദയങ്ങളിൽ പ്രകാശിക്കുന്ന
തായിരിക്കിലും**' എന്നു പറഞ്ഞിരിക്കുന്നതു്. '**ഹൃദ്യമാം**' എന്ന
വിശേഷണത്താൽ 'യാതൊന്നിന്റെ പ്രാപ്തിക്കായി വിശിഷ്യ യത്നി
ക്കേണമോ ആ വിശിഷ്ടവസ്തു ഇല്ലെന്നു ശങ്കിക്കുന്നവരുടെ മൌഢ്യത്തെ
പ്പററി എന്തുപറയട്ടെ' എന്നു സൂചിപ്പിക്കുന്നു.

'**ഇല്ലത്രേ**' എന്നതുകൊണ്ടു്, അഭാവവാദികളുടെ വികല്പപ്ര
കാരങ്ങൾ കേൾക്കയുണ്ടായിട്ടില്ല; എങ്കിലും അവയെ സംഭാവനംചെയ്തു
കൊണ്ടു ദോഷപ്രഖ്യാപനം ചെയ്യാം എന്നിങ്ങിനെ പരോക്ഷത്വം സൂ
ചിപ്പിക്കുന്നു. സംഭാവനയാകട്ടെ സംഭവിക്കുന്നതിനല്ലാതെ സംഭവി
ക്കാത്തതിന്നു യുക്തമല്ല. അല്ലാത്തപക്ഷം, സംഭാവനകൾക്കും ദൂഷണ
ങ്ങൾക്കും പര്യവസാനമില്ലാതാകും. ആകയാൽ, 'സംഭാവനാവിഷയങ്ങ

വാദികളുടെ പക്ഷത്തിൽ ഇത്തരം വികല്പങ്ങൾ സംഭവിക്കുന്നു:—

ളായ വികല്പങ്ങൾ അസംഭാവ്യങ്ങളല്ലെന്നു സൂചിപ്പിക്കുമാറു വൃത്തിയിൽ 'ഇത്തരം വികല്പങ്ങൾ സംഭവിക്കുന്നു' എന്നിങ്ങിനെ ക്രിയയെ വൎത്തമാനകാലത്തിൽ പ്രയോഗിച്ചിരിക്കുന്നു. 'വികല്പ'ശബ്ദത്തിന്ന് ഇവിടെ വിവക്ഷിതമായ അൎത്ഥം വിപരീതമായ കല്പന, അതായതു്, സംഭാവന എന്നാകകൊണ്ടു് "സംഭവിക്കാം" എന്നു പ്രയോഗിക്കുന്നതായാൽ പൌനരുക്ത്യദോഷത്തിന്നു പ്രസക്തിയുണ്ടെന്നുകൂടി ഓൎമ്മിക്കേണ്ടതുമാണ്.

വ്യുൽപിത്സുക്കളുടെ ബോധസൌകൎയ്യമുദ്ദേശിച്ചു് ആ വികല്പപ്രകാരങ്ങളെ ഇവിടെ വകതിരിച്ചു കാണിക്കാം,—

1. 'അഭിധാഖ്യസമയത്തെ അപേക്ഷിച്ചു മാത്രമേ ശബ്ദം അൎത്ഥപ്രതിപാദകമാവൂ' എന്നതുകൊണ്ടു് വാച്യാതിരിക്തമായി വ്യംഗ്യമെന്നൊന്നു സംഭവിക്കുന്നതല്ല. 2. അഭിധാവൃത്തിയാൽ ആക്ഷിപ്തമായിരിക്കുന്നതു് ശബ്ദാൎത്ഥസാമൎത്ഥ്യാകൃഷ്ടമാകയാൽ ഭാക്തമാകുന്നു. 3. അഭിധാവൃത്ത്യനാക്ഷിപ്തമായിട്ടൊന്നുണ്ടെന്നു വിചാരിക്കയാണെങ്കിൽത്തന്നെ അതു വാക്കിന്നു വിഷയവുമല്ല. എന്നിങ്ങിനെ പ്രധാനമായി മൂന്നു തരത്തിലാണ് വിപ്രതിപത്തികൾ ഉള്ളതു്. അതായതു്, ധ്വനി എന്ന് ഒരു വസ്തുതന്നെ ഇല്ലെന്നു് ഒന്നാമത്തെ പക്ഷം. ഉണ്ടെങ്കിൽത്തന്നെ അതു ഭാക്തമാണെന്നു രണ്ടാമത്തെ പക്ഷം. ധ്വനി വാഗ്വിഷയമല്ലെന്നു മൂന്നാമത്തെ പക്ഷം. അതിൽ ആദ്യത്തെ അഭാവപക്ഷവും മൂന്നു പ്രകാരത്തിലാകുന്നു. 'ലോകശാസ്ത്രാതിരിക്തസുന്ദരശബ്ദാൎത്ഥസ്വരൂപമായ കാവ്യത്തിന്നു ശോഭാകാരികളായിട്ടുള്ളവ ഗുണാലങ്കാരങ്ങളാകുന്നു. അവകൂടാതെ ഈയുള്ളവർ ഗണിക്കാത്തതായി മററൊന്നില്ല' എന്നു ഒന്നാമത്തെ പ്രകാരം. 'ഈയുള്ളവർ ഗണിക്കാത്ത അംശം ശോഭാകാരിയല്ല' എന്നു രണ്ടാമത്തെ പ്രകാരം. 'ശോഭാകാരിയാണെന്നു വരികിൽ അതു ഞങ്ങൾ ഗണിച്ചിരിക്കുന്ന ഗുണത്തിലോ അലങ്കാരത്തിലോ ഉൾപ്പെട്ടുകതന്നെ ചെയ്യും. നാമാന്തരകരണത്തിലെന്തുള്ളു വിശേഷം? ഉപമാദികൾക്കുള്ള വിച്ഛിത്തിപ്രകാരങ്ങൾ അനന്തങ്ങളാകയാൽ സ്വല്പംവല്ല വൈശിഷ്ട്യവുമവലംബിച്ചു നാമാന്തരം ഏൎപ്പെടുത്തുന്നതായാലും ഗുണാലങ്കാരബഹിൎഭാവം സംഭാവ്യമല്ല.

അതായത്,—"ശബ്ദാൎത്ഥശരീരമാണല്ലോ" കാവ്യം. അതിൽ ചാരുത്വഹേതുക്കളായിരിക്കുന്ന ശബ്ദഗതങ്ങളായ അനുപ്രാസാദികളും അൎത്ഥഗതങ്ങളായ ഉപമാദികളും പ്രസിദ്ധങ്ങൾ തന്നെയാണ്. സംഘടനാധൎമ്മങ്ങളായ മാധുൎയ്യാദികളും അപ്രകാരംതന്നെ. ഏതാനും ചിലർ

പുരാതനനായ ഭരതമഹൎഷി,—

"ഉപമാ ദീപകഞ്ചൈവ രൂപകം യമകം തഥാ
കാവ്യസ്യൈതേ ഹ്യലങ്കാരാശ്ചത്വാരഃ പരികീൎത്തിതാഃ"

എന്നിങ്ങിനെ ശബ്ദാലങ്കാരമായി യമകമെന്നൊന്നും അൎത്ഥാലങ്കാരമായി ഉപമ, ദീപകം, രൂപകം എന്ന മൂന്നെണ്ണവും മാത്രമേ പറഞ്ഞിട്ടുള്ളു. അതിന്റെ പ്രപഞ്ചനമായ ദിക്പ്രദൎശനമാണ് മററുള്ള ആലങ്കാരികന്മാർ ചെയ്തിരിക്കുന്നത്. "കൎമ്മണ്യൺ" എന്ന സൂത്രത്തിലെ 'കുംഭകാരഃ' എന്ന ഉദാഹരണം കണ്ടു് 'നഗരകാരാദി'ശബ്ദങ്ങളെ നാം കല്പിക്കുന്നു. ഇതിലെന്തു ബഹുമാനമാണുള്ളത്? പ്രകൃതത്തിലെ സ്ഥിതിയും ഇതുതന്നെയല്ലേ?' എന്നു മൂന്നാമത്തെ പ്രകാരം. ഇങ്ങിനെ മൂന്നുപ്രകാരത്തിലുള്ള അഭാവവികല്പവും മററുള്ള രണ്ടു വികല്പവും കൂടി ആകെ അഞ്ചു വികല്പപ്രകാരങ്ങൾ എന്നു താല്പൎയ്യം.

ഇതിനെത്തന്നെയാണ് വൃത്തിയിൽ **'ശബ്ദാൎത്ഥശരീരമാണല്ലോ കാവ്യം'** എന്നു തുടങ്ങി **'പറഞ്ഞിരിക്കുന്നു'** എന്നതുവരെയുള്ള സന്ദൎഭംകൊണ്ടു വിവരിച്ചിരിക്കുന്നത്.

ശബ്ദാൎത്ഥശരീരം=ശബ്ദവും അൎത്ഥവുമായ ശരീരത്തോടു കൂടിയതു (ബഹുവ്രീഹിസമാസം), **കാവ്യം**=സാഹിത്യം **'അല്ലോ'** എന്നതുകൊണ്ടു്, സൎവ്വസമ്മതമാകയാൽ വിപ്രതിപത്തിക്കു പ്രസക്തിയില്ലെന്നു കാണിച്ചിരിക്കുന്നു. **അതിൽ**=കാവ്യത്തിൽ—സാഹിത്യത്തിൽ, **ചാരുത്വഹേതു**=രമണീയതയ്ക്കു കാരണം, **ശബ്ദഗതം**=ശബ്ദാശ്രിതം, **അനുപ്രാസാദി**=അനുപ്രാസം, യമകം മുതലായ ശബ്ദാലങ്കാരം, **അൎത്ഥഗതം**=അൎത്ഥാശ്രിതം, **ഉപമാദി**=ഉപമ, ഉൽപ്രേക്ഷ, രൂപകം മുതലായ അൎത്ഥാലങ്കാരം, **പ്രസിദ്ധങ്ങൾ**=സാഹിത്യപരിചയമുള്ളവൎക്കെല്ലാം അറിയാവുന്നവ, **സംഘടനാധൎമ്മങ്ങൾ**=രചനാധൎമ്മങ്ങൾ, **മാധുൎയ്യാദികൾ**=മാധുൎയ്യം, ഓജസ്സ് മുതലായവ, വാസ്തവത്തിൽ ഗ്രന്ഥകാരമതപ്രകാരം മാധുൎയ്യാദി രസധൎമ്മമാണെങ്കിലും പ്രതിപക്ഷിസമ്മതമായ പ്രാചീനപക്ഷമവലംബിച്ചുള്ള

പ്രകാശിപ്പിച്ചിരിക്കുന്ന തദനതിരിക്തവൃത്തികളായ ഉപനാഗരികാദി വൃത്തികളും വൈദർഭീപ്രഭൃതികളായ രീതികളും ശ്രവണഗോചരങ്ങളായിട്ടുണ്ട്. അതുക്രൂടാതെ, വേറെ എന്തൊന്നാണ് ധ്വനിയെന്നുള്ളത്? എന്നു ചിലർ വാദിച്ചേക്കാം.

ഉപന്യാസമാണെന്നു ധരിക്കണം. **തദനതിരിക്തവൃത്തികളായ**=ഗുണാലങ്കാരങ്ങളിൽനിന്നു അധികമായ വ്യാപാരത്തോടു ക്രൂടാത്ത, **ഉപനാഗരികാദിവൃത്തികൾ**=ഉപനാഗരിക, കോമള, മുതലായ വൃത്തികൾ, **വൈദർഭീപ്രഭൃതികൾ**=വൈദർഭി, ഗൌഡി മുതലായവ, **ശ്രവണഗോചരം**=ശ്രുതിവിഷയം—കേട്ടിട്ടുണ്ടെന്നു താൽപര്യം. **അതുക്രൂടാതെ**=പ്രസിദ്ധങ്ങളായ ഗുണാലങ്കാരവൃത്തിരീതികൾ ക്രൂടാതെ.

ധ്വനിയെന്നുവെച്ചാൽ എന്തു്? ശബ്ദാർത്ഥങ്ങൾ ധ്വനിയല്ല. അവയ്ക്കു് അങ്ങിനെയൊരു പേരുണ്ടെന്നാണെങ്കിൽ അതുകൊണ്ടെന്തു പ്രയോജനം? അഥവാ, ശബ്ദാർത്ഥങ്ങൾക്കു ചാരുത്വം യാതൊന്നുകൊണ്ടുണ്ടാകുന്നുവോ അതിനെയാണ് ധ്വനിയെന്നു പറയുന്നതു് എന്നാണെങ്കിൽ അതും യുക്തമല്ല. ചാരുത്വം രണ്ടു തരത്തിലാണ്, സ്വരൂപമാത്രനിഷ്ഠവും സംഘടനാശ്രിതവും. അതിൽ ശബ്ദങ്ങളുടെ സ്വരൂപമാത്രകൃതമായ ചാരുത്വം ശബ്ദാലങ്കാരങ്ങളാലും സംഘടനാശ്രിതമായ ചാരുത്വം ശബ്ദഗുണങ്ങളാലുമാകുന്നു. അതുപോലെ, അർത്ഥങ്ങളുടെ സ്വരൂപമാത്രനിഷ്ഠമായ ചാരുത്വം അർത്ഥാലങ്കാരങ്ങളെക്കൊണ്ടും സംഘടനാശ്രിതചാരുത്വം അർത്ഥഗുണങ്ങളെക്കൊണ്ടുമാണുണ്ടാകുന്നതു്. ആകയാൽ, ഗുണാലങ്കാരവ്യതിരിക്തമായി ധ്വനിയെന്നൊന്നില്ലതന്നെ. നിത്യാനിത്യദോഷങ്ങളായ ച്യുതസംസ്കാരദുശ്ശ്രവാദികളെന്നപോലെ ഗുണാലങ്കാരവ്യതിരിക്തമൊന്നും ചാരുത്വാധായകമല്ല. ധ്വനി ചാരുത്വഹേതുവാണെന്നല്ലേ പറയുന്നതു്. ആകയാൽ, അതു ഗുണാലങ്കാരവ്യതിരിക്തമല്ല എന്നു സിദ്ധിക്കുന്നു. ഇപ്രകാരം, **"ശബ്ദാർത്ഥശരീരം"** എന്നു തുടങ്ങി **"അപ്രകാരംതന്നെ"** എന്നതുവരേയുള്ള വൃത്തിഗ്രന്ഥംകൊണ്ടു് ധ്വനിക്കു ഗുണാലങ്കാരവ്യതിരിക്തത്വാഭാവം അനുമാനദ്വാരാ സാധിച്ചിരിക്കുന്നതായി വിചാരിക്കണം. "വിമതവിഷയമായ ധ്വനി ഗുണാലങ്കാരവ്യതിരിക്തമല്ല" എന്നു പ്രതിജ്ഞ.

"ചാരുത്വഹേതുവാകയാൽ" എന്ന ഹേതു. "യാതൊന്ന ഗുണാലങ്കാരവ്യതിരിക്തമോ അതു ചാരുത്വഹേതുവല്ല; അസാധുശബ്ദശ്രുവാദിദോഷം നോക്കുക" എന്ന് ഉദാഹരണം. "ധ്വനിയോ ചാരുത്വഹേതുവാകുന്നു" എന്ന ഉപനയം. "ആകയാൽ, ധ്വനി ഗുണാലങ്കാരവ്യതിരിക്തമല്ല" എന്ന നിഗമനം. എന്നിങ്ങിനെ അനുമാനത്തിൽ പ്രതിജ്ഞാദിപഞ്ചാവയവവാക്യം കണ്ടുകൊൾക.

ചാരുത്വഹേതുക്കളായ വൃത്തിരീതികൾ ഗുണാലങ്കാരവ്യതിരിക്തങ്ങളാണല്ലോ. അതുപോലെ ചാരുത്വകാരിയായ ധ്വനിയും ഗുണാലങ്കാരങ്ങളിൽനിന്ന ഭിന്നമാകുന്നതാണ്; എന്നിങ്ങിനെ ചാരുത്വകാരിത്വമെന്ന ഹേതു വ്യഭിചാരിയാകയാൽ ധ്വനിക്കു ഗുണാലങ്കാരവ്യതിരിക്തത്വാഭാവം സാധിക്കവെയ്യെന്നുള്ള ആശങ്കയെ പരിഹരിപ്പാനായി **'തദനതിരിക്തവൃത്തികൾ'** എന്നിങ്ങിനെ വൃത്തിരീതികളെവിശേഷിപ്പിച്ചിരിക്കുന്നു. വൃത്തിരീതികൾ ഗുണാലങ്കാരവ്യതിരിക്തങ്ങളല്ല. ദീപ്തമസൃണമദ്ധ്യമങ്ങളായ വർണ്ണ്യവസ്തുക്കൾക്ക് ഉപയുക്തങ്ങളായ അനുപ്രാസങ്ങൾക്കുള്ള പരുഷത്വം ലളിതത്വം മദ്ധ്യമത്വമെന്നീ ത്രിവിധസ്വരൂപത്തിന്റെ വിവേചനാൎത്ഥം വൎഗ്ഗത്രയസമ്പാദനത്തിന്നായി മൂന്നുതരത്തിലുള്ള അനുപ്രാസജാതികളെ മൂന്നു വൃത്തികളാണെന്നു നിർദ്ദേശിച്ചിരിക്ക മാത്രമാണ്. വൃത്തിശബ്ദത്തിന്റെ വ്യുൽപത്തിതന്നെ, "വൎത്തന്തേ അനുപ്രാസഭേദാഃ ആസു-ജാതിഷു ഇതി വൃത്തയഃ" (അനുപ്രാസപ്രഭേദങ്ങൾ ഇവയിൽ വൎത്തിക്കുന്നു എന്നതുകൊണ്ടു വൃത്തികൾ) എന്നാണല്ലോ.

"സരൂപവ്യഞ്ജനന്യാസം തിസൃഷ്വേതാസു വൃത്തിഷു
പൃഥക്പൃഥഗനുപ്രാസ-മുശന്തി കവയസ്തഥാ."

എന്ന് ഉദ്ഭടൻ ഉപന്യസിച്ചിരിക്കുന്നതു നോക്കുക. ദീപ്തവേഷയായ അതായതു്, ആഡംബരയുക്തയായ നാഗരികാംഗനയോടുള്ള സാദൃശ്യത്താൽ പരുഷാനുപ്രാസവൃത്തിയെ നാഗരികയെന്നും അഥവാ, പരുഷയെന്നും വിദഗ്ദ്ധയായ ലളിതനാഗരികയോടുള്ള സാദൃശ്യത്താൽ "നാഗരികയാ ഉപമിതാ" എന്ന വ്യുൽപത്തിപ്രകാരം മസൃണാനുപ്രാസയെ ഉപനാഗരികയെന്നും അഥവാ, മസൃണയെന്നും വൈദഗ്ദ്ധ്യവിഹീനസ്വഭാവയും അദീപ്തയും എന്നാൽ പ്രകൃത്യാ സുകുമാരയുമായ ഗ്രാമ്യവനിതയോടുള്ള സാദൃശ്യത്താൽ കോമളാനുപ്രാസയെ അല്ലെങ്കിൽ

മദ്ധ്യമാനുപ്രാസയെ ഗ്രാമ്യയെന്നും അഥവാ, കോമളയെന്നും പറഞ്ഞു വരുന്നു. **മദ്ധ്യമം**=പരുഷവും മസൃണവുമല്ലാത്തതു്. അതിനാൽ, വൃത്തികൾ അനുപ്രാസജാതിവിശേഷങ്ങൾ തന്നെയാണ്. ഈ അഭിപ്രായത്തിന്മേലാകുന്നു ഭട്ടോദ്ഭടൻ 'പൃഥക് പൃഥക്' എന്നു പ്രയോഗിച്ചിരിക്കുന്നതു്. പക്ഷേ, "അനുപ്രാസഭേദാഃ വർത്തന്തേ ആസു" എന്നിങ്ങിനെ മുൻകാണിച്ച വ്യുൽപത്തിയും വിവരണവും അനുസരിച്ചു ജാതിമത്തായ അനുപ്രാസഭേദങ്ങൾ അനുപ്രാസജാതികളിൽ വർത്തിക്കുന്നുവെന്നല്ലേ വരുന്നതു്? അതു യുക്തമാണോ? വ്യക്തിയിൽ ജാതി വർത്തിക്കയല്ലാതെ നേരെമറിച്ചു ജാതിയിൽ ജാതിമത്തായ വ്യക്തി വർത്തിക്കുകയെന്നതു് അശാസ്ത്രീയവുമസംബദ്ധവുമല്ലേ? എന്നു് ആശങ്കിക്കയും വേണ്ട. "നിത്യമേകമനേകവൃത്തി സാമാന്യം" എന്ന വൈശേഷികലക്ഷണപ്രകാരം അവർ പറയുന്ന സാമാന്യാപരപര്യായമായ ജാതിക്കു വ്യക്തിയിലുള്ള സമവേതത്വം അതായതു്, സമവായസംബന്ധേന തദാശ്രിതത്വം അല്ല ഇവിടെ വിവക്ഷിച്ചിരിക്കുന്ന വർത്തനം, കേവലം അനുഗ്രഹരൂപമാകുന്നു; അതായതു്, തദനുഗൃഹീതസ്വകാര്യനിർവ്വാഹകത്വേന അവസ്ഥാനരൂപം മാത്രമാകുന്നു.

"ലോകോത്തരേ ഹി ഗാംഭീര്യേ വർത്തതേ പൃഥിവീപതിഃ"

എന്നും മററുമുള്ള പ്രയോഗം നോക്കുക. ആകയാൽ, അനുപ്രാസജാതികളായ വൃത്തികൾ അനുപ്രാസവ്യതിരിക്തങ്ങളല്ല. "ജാതിർജാതിമതോ നാന്യാ" (ജാതി ജാതിമത്തായ വ്യക്തിയിൽനിന്നു വേറെയല്ല) എന്നുണ്ടല്ലോ. കൂടാതെ, വൃത്തികൾക്കു് അനുപ്രാസങ്ങളേക്കാൾ വിശിഷ്ടമായ വ്യാപാരമൊന്നുമില്ലതാനും. അനുപ്രാസങ്ങൾക്കെന്നപോലെ രസാഭിവ്യക്തിവിഷയമായ വ്യാപാരമാണല്ലോ വൃത്തികൾക്കുമുള്ളതു്. അതിലധികമായി വല്ലതും ഉണ്ടായിരുന്നുവെങ്കിൽ അലങ്കാരാദികൾക്കെന്നപോലെ വൃത്തികൾക്കും പ്രത്യേകം സ്വരൂപഭേദം പറയാമായിരുന്നു. വ്യാപാരവിശേഷശാലിത്വമില്ലായ്കയാൽ അതിനു നിവൃത്തിയില്ല. അതുകൊണ്ടാണ്, പ്രാചീനന്മാരായ ഭാമഹനും ദണ്ഡിയും വൃത്തികളെ പ്രത്യേകം നിർദ്ദേശിക്കാഞ്ഞതും. ആകയാൽ, വൃത്തികൾ പൃഥഗഭിധേയസ്വരൂപങ്ങളല്ലെന്നു വന്നു. ഈ അഭിപ്രായത്തിന്മേലാണ് 'വൃത്തി'ഗ്രന്ഥത്തിൽ "**തദനതിരിക്തവൃത്തികളായ**" എന്നു പറഞ്ഞിരിക്കുന്നതു്. അനുപ്രാസാദികളിൽനിന്നു് അഭ്യധിക

മല്ലാത്ത വ്യാപാരത്തോടു കൂടിയതു് എന്നു ശബ്ദാർത്ഥം. ഉദ്ഭടാദികൾ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും വൃത്തികൾക്കു് അനുപ്രാസത്തേക്കാൾ അധികമായ വ്യാപാരം അനുഭവവേദ്യമല്ലായ്കയാൽ പ്രത്യേകം വ്യവഹാരയോഗ്യത്വവും അലങ്കാരവ്യതിരിക്തത്വവുമില്ലെന്നു സാരം. അതിനാലാണു് "ശ്രവണഗോചരങ്ങളായിട്ടുണ്ടു്" എന്നു പറഞ്ഞിരിക്കുന്നതു്. അവ കേവലം ശ്രവണഗോചരങ്ങളാണെന്നല്ലാതെ ശ്രദ്ധേയമായ അർത്ഥവിശേഷത്തോടുകൂടിയതല്ലെന്നു ഭാവം. രീതികളുടെ വിഷയത്തിൽ "തദനതിരിക്തവൃത്തികൾ" എന്നതിലെ തച്ഛബ്ദംകൊണ്ടു മാധുര്യാദിഗുണങ്ങളെയാണു് ഗ്രഹിക്കേണ്ടതു്. രീതി ഗുണവ്യതിരിക്തമല്ലെന്നു മാത്രമല്ല, ഗുണത്തെക്കാട്ടിലും അധികമായ വ്യാപാരമില്ലാത്തതുകൊണ്ടു് പൃഥഗ്‌വ്യവഹാരംതന്നെ അർഹിക്കുന്നില്ലെന്നു താൽപര്യം. രസാഭിവ്യഞ്ജനവ്യാപാരവത്തായ വർണരചനയാണല്ലോ വൃത്തി. അങ്ങിനെയുള്ള വൃത്തിയിൽ മധുരദീപ്താദിവർണനീയവസ്ത്വൗചിത്യമനുസരിച്ചു ഗുണങ്ങളുടെ പരസ്പരമേളനക്ഷമമായ വിധത്തിലുള്ള സമർപ്പണത്താൽ പാനകത്തിൽ ഗുഡമരിചാദിരസങ്ങൾക്കെന്നപോലെയുള്ള സംഘാതരൂപതാപത്തിയെയാണു് രീതിയെന്നു പറയുന്നതു്. ഇങ്ങിനെ ഗുണസംഘാതരൂപതാപത്ത്യാത്മികയായ ആ രീതി ലളിതദീപ്തമദ്ധ്യമവർണനീയവസ്തുവിഷയത്വമനുസരിച്ചു യഥാക്രമം വിദർഭഗൌഡപാഞ്ചാലദേശങ്ങളിലെ കവികളിൽ കാണുന്ന സ്വാച്ഛന്ദ്യപ്രാചുര്യം നിമിത്തം വൈദർഭി, ഗൌഡി, പാഞ്ചാലി എന്നിങ്ങിനെ മൂന്നു തരത്തിലാണെന്നു വ്യവഹരിക്കപ്പെടുന്നു. * "വിശിഷ്ടാ പദരചനാ രീതിഃ" "വിശേഷോ ഗുണാത്മാ" "സാ ത്രേധാ വൈദർഭീ ഗൌഡീയാ പാഞ്ചാലീ ച" "വിദർഭാദിഷു ദൃഷ്ടത്വാൽ തത്സമാഖ്യാ" "സമഗ്രഗുണാ വൈദർഭീ" "ഓജഃകാന്തിമതീ ഗൌഡീയാ" "മാധുര്യസൌകുമാര്യോപപന്നാ പാഞ്ചാലീ" എന്നിങ്ങിനെ രീത്യാത്മവാദിയായ വാമനാചാര്യൻ ഉപന്യസിച്ചിരിക്കുന്നതു നോക്കുക. ഇത്രയുംകൊണ്ടു ഗുണസമുദായാരബ്ധസമുദായമാണു് രീതിയെന്നു വ്യക്തമാകുന്നുണ്ടല്ലോ.

* "വിശിഷ്ടമായ പദരചനയാണു് രീതി" "വിശേഷമെന്നതു ഗുണരൂപം തന്നെ" "ആ രീതി വൈദർഭി, ഗൌഡീയ, പാഞ്ചാലി എന്നിങ്ങിനെ മൂന്നുവിധം" "വിദർഭാദിരാജ്യങ്ങളിൽ പ്രാചുര്യേണ കാണുകയാലാണു് ആ പേർ" "എല്ലാംഗുണങ്ങളുമുള്ളതു വൈദർഭി" "ഓജസ്സും കാന്തിയുമുള്ളതു ഗൌഡീയ" "മാധുര്യത്തോടും സൌകുമാര്യത്തോടും കൂടിയതു പാഞ്ചാലി".

മററുചിലർ പറയാം:—"പ്രസിദ്ധമായ പ്രസ്ഥാനത്തിൽനിന്നു വ്യതിരിക്തമായ പ്രകാരത്തിന്നു കാവ്യത്വമില്ലാത്തതിനാൽ ധ്വനി എന്ന ഒരു വസ്തുതന്നെ ഇല്ല. 'സഹൃദയഹൃദയാഹ്ലാദിശബ്ദാർത്ഥമയത്വം' എന്നതുതന്നെയാണല്ലോ കാവ്യലക്ഷണം. ഉക്തപ്രസ്ഥാനാതിരിക്തമായ മാർഗത്തിന്ന് അതു സംഭവിക്കുന്നതാണോ? ധ്വനിസിദ്ധാന്തിക

സമുദായമാകട്ടെ സമുദായിയിൽനിന്നു വ്യതിരിക്തമല്ലതാനും. ആകയാൽ, "ജാതിർജാതിമതോ നാന്യാ" "സമുദായശ്ച സമുദായിനോ നാന്യഃ" എന്ന ന്യായപ്രകാരം വൃത്തി അനുപ്രാസവ്യതിരിക്തവും രീതി ഗുണവ്യതിരിക്തവും അല്ലെന്നുള്ള അഭിപ്രായം വെച്ചുകൊണ്ട് അഭാവവാദി ചോദിക്കുന്നു "വേറെ എന്തൊന്നാണ് ധ്വനി" എന്ന്.

ധ്വനിയെന്നതു ശബ്ദാർത്ഥസ്വരൂപമല്ലായ്കയാൽ ചാരുത്വസ്ഥാനമല്ല; ഗുണമോ അലങ്കാരമോ അല്ലായ്കയാൽ ചാരുത്വഹേതുവല്ല. അതിനാൽ, കാവ്യം അഖണ്ഡബുദ്ധിസംവേദ്യമാണെങ്കിലും അപോദ്ധാരദൃഷ്ട്യാ വിഭജിച്ചു നോക്കുമ്പോൾ ധ്വനിശബ്ദവാച്യമായിട്ട് അതിരിക്തമായൊരു വസ്തു ഉള്ളതായറിയുന്നില്ല എന്നു സാരം. ഇതിനെത്തന്നെയാണ് "**എന്നുള്ളത്**" എന്ന അംശംകൊണ്ടു കാണിച്ചിരിക്കുന്നത്.

മററുചിലർ=അഭാവവാദികളിൽ രണ്ടാമത്തെ പക്ഷക്കാർ, **പ്രസിദ്ധമായ**=സർവ്വസമ്മതമായ, **പ്രസ്ഥാനത്തിൽനിന്നു**=സാഹിത്യമാർഗ്ഗത്തിൽനിന്ന്, **വ്യതിരിക്തമായ**=ഭിന്നമായ, **പ്രകാരത്തിന്ന്**=സ്വരൂപത്തിന്ന്, **കാവ്യത്വമില്ലാത്തതിനാൽ**=സാഹിത്യധർമ്മമില്ലാത്തതിനാൽ, **സഹൃദയഹൃദയാഹ്ലാദിശബ്ദാർത്ഥമയത്വം**=സഹൃദയന്മാരുടെ ഹൃദയത്തെ ആഹ്ലാദിപ്പിക്കുന്ന ശബ്ദങ്ങളുടേയും അർത്ഥങ്ങളുടേയും വൈശിഷ്ട്യം, **കാവ്യലക്ഷണം**=സാഹിത്യത്തിൻെറ ലക്ഷണം—വ്യവഹാരപ്രയോജകമായ അസാധാരണധർമ്മം, **ഉക്തപ്രസ്ഥാനാതിരിക്തമായ മാർഗ്ഗത്തിന്ന്**=നിർദ്ദേശിക്കപ്പെട്ട മാർഗ്ഗത്തിൽനിന്നു ഭിന്നമായ പ്രകാരത്തിന്ന്, **അതു്**=സഹൃദയഹൃദയാഹ്ലാദിശബ്ദാർത്ഥമയത്വമെന്ന കാവ്യലക്ഷണം, **ധ്വനിസിദ്ധാന്തികളായി ഏതോ ചില സഹൃദയ**

ളായി ഏതോ ചില സഹൃദയന്മാരെ പരികല്പിച്ച് തൽപ്രസിദ്ധിയാൽ ധ്വനിക്കു കാവ്യവ്യപദേശം പ്രവൎത്തിപ്പിക്കുന്നതായാലും അതു സകല വിദ്വജ്ജനങ്ങൾക്കും സമ്മതമാകുന്നതല്ല" എന്നു്.

ന്മാരെ പരികല്പിച്ച്=ധ്വനിയാണു് കാവ്യാത്മാവെന്നു സിദ്ധാന്തിക്കുന്ന ഏതോ ചിലരെ സഹൃദയന്മാരായി കല്പിച്ച്, **തൽ പ്രസിദ്ധിയാൽ**=അങ്ങിനെയുള്ള സഹൃദയന്മാരുടെ സമ്മതിയാൽ, **ധ്വനിക്കു കാവ്യവ്യപദേശം പ്രവർത്തിപ്പിക്കുന്നതായാലും**=ധ്വനിക്കു കാവ്യത്വം ഉദ്ഘോഷിക്കുന്നതായാലും, **അതു്**=കാവ്യവ്യപദേശം.

'ധ്വനിയെന്നതു ശബ്ദാൎത്ഥസ്വരൂപമോ ശബ്ദാൎത്ഥചാരുത്വഹേതുവോ ആണെന്നു പറയുന്നില്ല. എന്നാലല്ലേ ഗുണാലങ്കാരവ്യതിരിക്തമല്ലെന്നു വരികയുള്ളു? ചാരുത്വഹേതുവല്ലെങ്കിൽ പിന്നെ ഗുണാലങ്കാരങ്ങളിൽ നിന്നു ഭിന്നമായി 'ധ്വനി' എന്നൊരുവസ്തു എന്തുകൊണ്ടു് സിദ്ധിച്ചുകൂടാ' എന്നിത്തരത്തിലുള്ള ആശങ്കയെ ദൃഷ്ടിയിൽ വെച്ചുകൊണ്ടു രണ്ടാമത്തെ അഭാവവാദപ്രകാരത്തെ 'വൃത്തി'യിൽ വിവരിക്കുന്നു, **"മററുചിലർ—"** എന്ന ഖണ്ഡികയെക്കൊണ്ടു്.

'ഏതുപ്രകാരത്തിലുള്ള ധ്വനിയെ താൻ പ്രതിപാദിക്കാൻ ഇച്ഛിക്കുന്നുവോ അത്തരത്തിൽ ധ്വനിയെന്നു് ഒന്നില്ലെന്നാണു് ഞാൻ പറയുന്നതു്. **"കാവ്യാത്മാ"**വെന്ന പദ്യപ്രകാരം പ്രതിപാദ്യമായ ആ ധ്വനി കാവ്യസംബന്ധിയായിരിക്കേണമെന്നതു തീർച്ചയാണു്. ഗുണാലങ്കാരവ്യതിരിക്തമായി അങ്ങിനെ ഒന്നില്ലതാനും. നൃത്തഗീതവാദ്യാദിസ്ഥാനീയമായ ധ്വനികൊണ്ടു കാൎയ്യമില്ലല്ലോ. കവനീയമാണു് കാവ്യം; നൃത്തഗീതാദിയൊന്നും കവനീയമല്ലതന്നെ'. എന്നീഅഭിപ്രായത്തോടുകൂടിയാണു് 'വൃത്തി'യിൽ **"പ്രസിദ്ധമായ പ്രസ്ഥാനത്തിൽനിന്നു"** എന്നു പറഞ്ഞിരിക്കുന്നതു്. "പ്രതിഷ്ഠന്തേ പരമ്പരയാ യേന മാർഗേണ തൽ പ്രസ്ഥാനം" എന്ന വ്യുൽപത്തിയാൽ 'പ്രസ്ഥാന'ശബ്ദത്തിന്നു മാർഗമെന്നൎത്ഥം. പ്രസിദ്ധമായ കാവ്യപ്രസ്ഥാനം ശബ്ദാൎത്ഥങ്ങളും ഗുണാലങ്കാരങ്ങളുമാകുന്നു. പ്രസിദ്ധമായ പ്രസ്ഥാനത്തിൽനിന്നു വ്യതിരിക്തമായ മാർഗത്തിന്നു് അതായതു്, ഗുണാലങ്കാരഭിന്നമായ ധ്വനിപ്രസ്ഥാനത്തിന്നു് എന്തുകൊണ്ടു കാവ്യത്വമില്ലെന്നുള്ള

വീണ്ടും ധ്വന്യഭാവത്തെ മററു ചിലർ വേറെ വിധത്തിലും പ്രതിപാദിച്ചേക്കാം. അതായതു്:—ധ്വനി എന്നു് അപൂർവ്വമായിട്ടു് ഒരു വസ്തുതന്നെയില്ല. കാമനീയകത്തെ അതിലംഘിക്കാത്ത പക്ഷം

ശങ്കയ്ക്കു സമാധാനം പറയുന്നു, "**കാവ്യലക്ഷണം തന്നെ—**" ഇത്യാദിവാക്യത്താൽ. **സഹൃദയഹൃദയാഹ്ലാദിശബ്ദാർത്ഥമയത്വം**=സഹൃദയന്മാരുടെ ഹൃദയങ്ങളിൽ ആഹ്ലാദം—ചമൽകാരമെന്നു പറയുന്ന ലോകോത്തരമായ ആനന്ദം—ജനിപ്പിക്കുന്ന ശബ്ദാർത്ഥങ്ങളുടെ സ്വരൂപംതന്നെയാണു് സാഹിത്യമെന്നും തത്ത്വമാണു് സർവ്വസമ്മതമായ സാഹിത്യലക്ഷണമെന്നും താൽപര്യം. 'അപൂർവ്വമായ ധ്വനിപ്രസ്ഥാനത്തെ കാവ്യമായി മനസ്സിലാക്കി അതിൽനിന്നു ചമൽകാരമനുഭവിക്കുന്ന ഭാവുകന്മാരാണു് സഹൃദയന്മാർ. അങ്ങിനെയുള്ള സഹൃദയന്മാർക്കു് അഭിമതമായ കാവ്യലക്ഷണം വേറെ പ്രകാരത്തിലാവാനേ തരമുള്ളു. അതുകൊണ്ടു്, ധ്വനിക്കു കാവ്യത്വമില്ലെന്നു കല്പിക്കുവാൻ പാടില്ല' എന്ന ആക്ഷേപത്തിനുള്ള സമാധാനമാണു്, "**ധ്വനിസിദ്ധാന്തികളായി—**" ഇത്യാദി വാക്യം. "**തൽപ്രസിദ്ധിയാൽ**" എന്നതിലെ തച്ഛബ്ദം സഹൃദയന്മാരെ കുറിക്കുന്നു. പ്രസിദ്ധി=പ്രകൃഷ്ടമായ സിദ്ധി—ജ്ഞപ്തി—അഭിമതമായ നിശ്ചയം, അതിനെ ആധാരമാക്കി, **സകലവിദ്വജ്ജനങ്ങൾക്കും സമ്മതമാകുന്നതല്ല**=സഹൃദയന്മാരെന്നു പറയുന്ന ധ്വനിവാദികൾക്കല്ലാതെ മററുള്ള യഥാർത്ഥവിദ്വാന്മാർക്കാർക്കും സമ്മതമാകയില്ലെന്നു ഭാവം. 'വാൾ എന്നതു്, ദൈർഘ്യത്തോടും വിസ്താരത്തോടും കൂടിയതും, ഉടുക്കാനും പുതയ്ക്കാനും കൊള്ളാവുന്നതും മടക്കാവുന്നതും നിവർത്താവുന്നതും സുകുമാരവും കീറലില്ലാത്തതും കീറാവുന്നതും നൂൽകൊണ്ടുണ്ടാക്കിയതുമായ ഒരു വസ്തുവാകുന്നു' എന്നു പറയുന്നവനോടു് അതു വസ്ത്രമല്ലാതെ വാളാകുമോ എന്നു ചോദിക്കെ, ഞങ്ങൾക്കു് അഭിമതമായ വാൾ അങ്ങിനെയുള്ളതാണു് എന്നു പറയുന്നതുപോലെ ധ്വനി ഞങ്ങൾക്കഭിമതമായ കാവ്യമോ കാവ്യാംശമോ ആണെന്നു ശഠിക്കുന്നതു സ്വന്തം ഉന്മത്തതയുടെ ഒരുതരം പ്രകടനം മാത്രമായിട്ടേ പരിണമിക്കയുള്ളു; അതുകൊണ്ടു് കാര്യമില്ല എന്നു സാരം.

വീണ്ടും=പിന്നീടും, **ധ്വന്യഭാവത്തെ**=ധ്വനിയുടെ അഭാവത്തെ—ഇല്ലായ്മയെ, **അപൂർവ്വമായിട്ടു്**=പുതിയതായിട്ടു്, **കാമ**

അതു മുൻപറഞ്ഞ ചാരുത്വഹേതുക്കളിൽത്തന്നെ അന്തർഭവിക്കുന്നതാണ്. അവയിൽ ഒന്നിന്ന് അതു് അപൂൎവ്വമായ സംജ്ഞാമാത്രമാണെങ്കിൽ അതുകൊണ്ടെന്തു് ഫലം? എന്നുമാത്രമല്ല, വാഗ്വികല്പങ്ങൾ അനന്തങ്ങളാകയാൽ, പ്രസിദ്ധന്മാരായ കാവ്യലക്ഷണകാരന്മാരിൽ ആരും തന്നെ എടുത്തുകാണിക്കാത്തതായി ഏതാണ്ടൊരു പ്രകാരലേശം സംഭവിക്കുന്നുവെന്നിരിക്കിലും സഹൃദയനെന്നു നടിച്ചു് ധ്വനി ധ്വനി എന്നു കണ്ണുമടച്ചു നൎത്തനം ചെയ്യുവാനുള്ള ആവശ്യകതയെന്തെന്നു മനസ്സിലാകുന്നില്ല. എത്രയോ മഹാന്മാർ അനേകം അലങ്കാരപ്രകാരങ്ങളെ പ്രകാശിപ്പിച്ചിട്ടുണ്ടു്; പ്രകാശിപ്പിക്കുന്നതുമുണ്ടു്. അവക്കൊന്നും ഈ അവസ്ഥയുള്ളതായറിയുന്നില്ല. അതിനാൽ ധ്വനിയെന്നതു കേവലം പ്രവാദംതന്നെ. അതിന്റെ ക്ഷോദക്ഷമമായ യാതൊരു

നീയകത്തെ=ചാരുത്വഹേതുത്വത്തെ, **അതിലംഘിക്കാത്ത പക്ഷം**=അതിക്രമിക്കാത്തപക്ഷം, **അതു്**=നിങ്ങൾ പറയുന്ന ധ്വനി, **ചാരുത്വഹേതുക്കളിൽ അന്തർഭവിക്കുന്നതാണു്**=ഗുണാലങ്കാരപ്രഭേദങ്ങളിൽ ഉൾപ്പെടുന്നതാണ്, **അവയിൽ ഒന്നിനു്**=ഗുണാലങ്കാരപ്രഭേദങ്ങളിൽ ഏതാനുമൊന്നിന്, **അതു്**=ധ്വനിയെന്നതു്, **അപൂൎവ്വമായ സംജ്ഞാമാത്രം**=പുതിയ പേരുമാത്രം, **വാഗ്വികല്പങ്ങൾ**=ശബ്ദം അൎത്ഥം തദ്വ്യാപാരം എന്നിവയുടെ വൈചിത്ര്യപ്രകാരങ്ങൾ, **അനന്തങ്ങൾ**=അസംഖ്യേയങ്ങൾ—അവസാനമില്ലാത്തവ, **കാവ്യലക്ഷണകാരന്മാർ**=ആലങ്കാരികന്മാർ, **പ്രകാരലേശം**=നിസ്സാരമായ വകഭേദം, **നടിച്ചു്**=ഭാവിച്ചു്, **പ്രകാശിപ്പിച്ചിട്ടുണ്ടു്**=എടുത്തുകാണിച്ചിട്ടുണ്ട്, **ഈ സ്ഥിതി**=അപൂൎവ്വവസ്തു കണ്ടുപിടിച്ചുവെന്നും മററുമുള്ള ഗൎവ്വം, **കേവലം പ്രവാദം**=നിരൎത്ഥമായ ഭാഷണംമാത്രം, **ക്ഷോദക്ഷമമായ**=വിചാരസഹമായ.

'ധ്വനി ചാരുത്വഹേതുവും ശബ്ദാൎത്ഥഗുണാലങ്കാരങ്ങളിൽ അന്തർഭൂതവുമാണെന്നുതന്നെയിരിക്കട്ടെ; എന്നാൽ, കാവ്യത്തിന്റെ ആത്മാവു് ധ്വനിയാണെന്നു് ഇതുവരെ ആരും കണ്ടുപിടിച്ചിട്ടില്ല. അതാണു് ഞങ്ങൾ കൊണ്ടുവരുന്നതു്'' എന്ന ആശങ്കയെ ദൃഷ്ടിയിൽവെച്ചുകൊണ്ടു് 'വൃത്തി'യിൽ മൂന്നാമത്തെ അഭാവവാദത്തെ "**വീണ്ടും ധ്വന്യഭാവത്തെ—**" ഇത്യാദി ഖണ്ഡികകൊണ്ടു് അവതരിപ്പിക്കുന്നു.

കമനീയശബ്ദത്തിൽനിന്നു കർമ്മാർത്ഥത്തിൽ "യോപധാദ്ഗുരുപോത്തമാദ്വുഞ്" എന്ന സൂത്രപ്രകാരം 'വുഞ്' പ്രത്യയവും അതിന്നു യുവോരനാകൌ" എന്ന സൂത്രപ്രകാരം 'അകാ' ദേശവും "യസ്യേതിച" "തദ്ധിതേഷ്വചാമാദേഃ" എന്നിവയാൽ അകാരലോപവും ആദിവൃദ്ധിയും വന്ന് 'കാമനീയക'ശബ്ദം നിഷ്പന്നമാകുന്നു. 'കാമനീയക'ശബ്ദത്തിന്നു കമനീയത്തിന്റെ കർമ്മം അതായതു്, ചാരുത്വധീഹേതുത്വമെന്നർത്ഥം. കമനീയത്തിന്റെ കർമ്മമെന്നതു് പരിസ്പന്ദരൂപമല്ല, ശബ്ദാർത്ഥചാരുത്വബുദ്ധിസമ്പാദകത്വമാകുന്നു. അങ്ങിനെയുള്ള കാമനീയകത്തെ അതിക്രമിക്കാത്തപക്ഷം ധ്വനിയെന്ന വസ്തു ചാരുത്വഹേതുക്കളായ ഗുണാലങ്കാരങ്ങളിൽത്തന്നെ ഉൾപ്പെട്ടുമെന്നു സമർത്ഥിക്കുന്നു, "**കാമനീയകത്തെ---**" ഇത്യാദി വാക്യത്താൽ. 'ആലങ്കാരികന്മാർ പ്രദർശിപ്പിച്ചിരിക്കുന്ന മാധുര്യ്യാദിഗുണങ്ങളിലോ അനുപ്രാസോപമാദ്യലങ്കാരങ്ങളിലോ അന്തർഭവിക്കാത്ത അന്യാദൃശമായ ഏതാണ്ടൊരു വിച്ഛിത്തിവിശേഷത്തെയാണ് ഞങ്ങൾ കണ്ടുപിടിച്ചിരിക്കുന്നതു്; അതിനെയാണ് ഞങ്ങൾ ധ്വനിയെന്നു പറയുന്നതു്' എന്ന് ആശങ്കിച്ചുകൊണ്ടു് അഭ്യുപഗമപൂർവ്വം സമാധാനിക്കുന്നു, "**എന്നുമാത്രമല്ല വാഗ്വികല്പങ്ങൾ—**" ഇത്യാദിസന്ദർഭത്താൽ. വചിക്കുന്നതു വാക്ക്—ശബ്ദം; വചിക്കപ്പെടുന്നതു വാക്ക്—അർത്ഥം; ഏതുകൊണ്ടു വചിക്കപ്പെടുന്നുവോ അതു വാക്ക്--അഭിധാവ്യാപാരം എന്നിങ്ങിനെ യഥാക്രമം കർത്തൃകർമ്മകരണവ്യുൽപത്തികളാൽ വാക്കെന്ന പദം ശബ്ദത്തേയും അർത്ഥത്തേയും അഭിധാവ്യാപാരത്തേയും കുറിക്കുന്നതായി ധരിക്കണം. **വികല്പങ്ങൾ**=വൈചിത്ര്യങ്ങൾ; ഇവയിൽ ഓരോന്നിൻേറയും വൈചിത്ര്യങ്ങൾ അനന്തങ്ങളാണെന്നു താൽപര്യം. "**ഏതാണ്ടൊരുപ്രകാരലേശം**" എന്നിങ്ങിനെ 'ലേശ' ശബ്ദംകൊണ്ടു പ്രതിപക്ഷ്യാഭിമതമായ ആ വൈചിത്ര്യപ്രകാരത്തിന്നു തുച്ഛത്വവും "**ഏതാണ്ടൊരു**" എന്നതുകൊണ്ടു നിർദ്ദേശാനർഹത്വവും സൂചിപ്പിച്ചിരിക്കുന്നു. "**സംഭവിക്കുന്നു**" എന്നതു തുഷ്യതുദുർജ്ജനന്യായേന അർദ്ധാംഗീകാരം മാത്രമാകുന്നു. അതിനെയാണ് "**എന്നിരിക്കിലും**" എന്നതിലെ 'ഉം' എന്ന നിപാതം സൂചിപ്പിക്കുന്നതു്. കൂടാതെ "കാവ്യശോഭായാഃ കർത്താരോ ഗുണാഃ തദതിശയഹേതവസ്ത്വലങ്കാരാഃ" എന്നു വാമനനും, "വക്രാഭിധേയശബ്ദോക്തിരിഷ്ടാ വാചാമലംക്രിയാ" എന്നു ഭാമഹനും നിർദ്ദേശിച്ചിരിക്കുന്ന ഗുണാലങ്കാരസാമാന്യലക്ഷണംകൊണ്ടുതന്നെ ചാരുത്വഹേതുവായ ആ പ്രകാരലേശം സംഗ്ര

തത്തചവും പ്രതിപാദിപ്പാൻ സാധിക്കുന്നതല്ല. ഇതിനെക്കുറിച്ച് ഏതാണ്ടൊരു കവി ഒരു പദ്യം നിർമ്മിച്ചിട്ടുമുണ്ട്.

ഹിക്കപ്പെട്ടിരിക്കയാൽ എന്ന ഭാവം. തങ്ങളുടെ പുതിയ കണ്ടുപിടുത്തമായി വിചാരിച്ചു ധ്വനിവാദികൾക്കു ഞെളിയേണ്ട ആവശ്യമില്ലെന്നുകൂടി അഭിസന്ധി. ഈ അഭിസന്ധിയെത്തന്നെ "സഹൃദയഹൃദയനെന്നു നടിച്ചു്" ഇത്യാദ്യനന്തരഭാഗംകൊണ്ടു വ്യക്തമാക്കുന്നു. ധ്വനിവാദിവചനാനുകരണരൂപമായ "ധ്വനി ധ്വനി" എന്നാദിരുക്തി അവരുടെ അത്യാദരമൂലകമായ സംഭ്രമം അസ്ഥാനത്തിലാണെന്നു സൂചിപ്പിച്ചുകൊണ്ടു പരിഹാസം ദ്യോതിപ്പിക്കുന്നു. നൎത്തനം ചെയ്യുവാനുള്ള=അത്തരം കാവ്യം നിർമ്മിക്കുവാനോ കേട്ട് ആനന്ദിക്കുവാനോ പ്രസക്തിയില്ലാത്ത ധ്വനിലക്ഷണകാരന്മാർ നൎത്തനം ചെയ്യാനുള്ള എന്നു താൽപൎയ്യം. താദൃശനൎത്തനം ആനന്ദാനുഭവനിബന്ധനമാകയാൽ ധ്വനിസദ്ഭാവസാധകമാണെന്നു വിചാരിക്കരുതു്; അതു കേവലം ഭ്രാന്തിമൂലകമാണ് എന്നു ഭാവം. 'അതിനാൽ' എന്നതുകൊണ്ട്, അഭാവവാദപ്രകാരത്രയത്തേയും ഉപസംഹരിക്കുന്നു. 'ധ്വനി ശോഭാഹേതുവാണെങ്കിൽ ഗുണാലങ്കാരവ്യതിരിക്തമല്ല. ഗുണാലങ്കാരവ്യതിരിക്തമാണെങ്കിൽ ശോഭാഹേതുവല്ല. ശോഭാഹേതുവായി മററുള്ളവർ നിർദ്ദേശിക്കാത്ത നിസ്സാരപ്രകാരമാണെങ്കിൽ ആദരാസ്പദവുമല്ല' എന്നീകാരണത്താൽ എന്നൎത്ഥം.

ഇത്തരം ധ്വന്യഭാവവാദസംഭാവനം സൎവ്വഥാ നിർമ്മൂലമാണെന്നു വിചാരിക്കരുതു്; അതിന്നു ഗമകമായി ഒരു പദ്യമുണ്ട് എന്ന് ഓൎമ്മിപ്പിക്കുന്നു "ഇതിനെക്കുറിച്ചു്" ഇത്യാദിയാൽ. ശരി; അങ്ങിനെയാണെങ്കിൽ "ഇല്ലത്രേ" എന്ന കാരികാഭാഗത്തെ "അഭാവവാദികളുടെ വികല്പപ്രകാരങ്ങൾ കേൾക്കയുണ്ടായിട്ടില്ല" എന്നു വ്യാഖ്യാനിച്ചിരിക്കുന്നതു തീരെ വിരുദ്ധമാണല്ലോ എന്നും ശങ്കിക്കേണ്ട. 'അഭാവവാദികളുടെ വികല്പങ്ങൾ വിസ്തരിച്ചു കേൾക്കയുണ്ടായിട്ടില്ല' എന്നേ അവിടെ വിവക്ഷയുള്ളൂ. അല്ലാതെ ധ്വന്യഭാവവാദികളായി ചിലരുണ്ടെന്ന അറിവുപോലും ആചാൎയ്യനില്ലെന്ന് ആ വാക്യംകൊണ്ടു വിവക്ഷിച്ചിട്ടില്ല. പ്രകാരപൎയ്യന്താനുധാവനം തന്മൂലകമാണ്. "ഇതിനെക്കുറിച്ചു്—" ഇത്യാദിയാൽ ധ്വന്യഭാവവാദസംഭാവനം ആത്യന്തികനിർമ്മൂലമല്ലെന്നു കാണിച്ചിരിക്കുന്നതായി മനസ്സിലാക്കിയാൽ മതി. "ഏതാണ്ടൊരു

"യാതൊന്നിൽ ത്തെല്ലു സാലംകൃതിസരസമനോ-
ഹ്ലാദിയാം വസ്തുവില്ലെ-
ന്നല്ലേ വൈചിത്ര്യശൂന്യം വചനനിചയമെ-
ന്നല്ല വക്രോക്തിയില്ല,
അക്കാവ്യം പ്രീതിമൂലം ധ്വനിവിലസിതമെ-
ന്നാർത്തിടും മുഗ്ദ്ധരെന്താ-
ണാവോ ചോദിക്കിലോതുന്നതു സുമതിയോടായ്
തൽസ്വരൂപപ്രകാരം." എന്ന്.

കവി" എന്നതുകൊണ്ട് ആനന്ദവർദ്ധനാചാര്യരുടെ സമാനകാലികനായ 'മനോരഥ'നെന്ന കവിയെയാണ് ഉദ്ദേശിച്ചിരിക്കുന്നത്. പേർ പറയാത്തതുകൊണ്ട് അപ്രസിദ്ധതയും 'കവി' എന്നതുകൊണ്ട് അയഥാർത്ഥവക്തൃത്വവും സൂചിപ്പിച്ചുകൊണ്ടു തദുക്തി അശ്രദ്ധേയമാണെന്നു വരുത്തിയിരിക്കുന്നു.

യാതൊന്നിൽ=യാതൊരു കാവ്യത്തിൽ, **സാലംകൃതിസരസമനോഹ്ലാദിയാം**=അലങ്കാരവിശിഷ്ടവും തന്മൂലം രസികഹൃദയത്തിൽ ആനന്ദം ജനിപ്പിക്കുന്നതുമായ, **തെല്ലുവസ്തുവില്ല**=സ്വല്പമെങ്കിലും അർത്ഥം ഇല്ല, **എന്നല്ലേ**=എന്നുമാത്രമല്ല, **വചനനിചയം**=ശബ്ദസന്ദർഭം, **വൈചിത്ര്യശൂന്യം**=അനുപ്രാസാദിശബ്ദാലങ്കാരരഹിതം, **എന്നല്ല വക്രോക്തിയില്ല**=കൂടാതെ ശബ്ദാർത്ഥഗുണങ്ങളും ഇല്ല, **അക്കാവ്യം**=ഗുണാലങ്കാരശൂന്യമായ താദൃശകാവ്യം, **പ്രീതിമൂലം**=ഗതാനുഗതികമായ പ്രിയതയാൽ, **ധ്വനിവിലസിതമെന്നാർത്തിടും മുഗ്ദ്ധർ**=ധ്വനിവിശിഷ്ടമാണെന്ന് ഉദ്ഘോഷിക്കുന്ന മൂഢന്മാർ, **തൽസ്വരൂപപ്രകാരം ചോദിക്കിൽ**=ധ്വനിസ്വരൂപവിശേഷത്തെപ്പററി ചോദിക്കുന്നതായാൽ, **സുമതിയോടായ്**=ചോദിക്കുന്ന ബുദ്ധിമാനോടായി, **എന്താണാവോ ഓതുന്നതു്**=എന്താണാവോ പറയുന്നതു്? പറയുവാൻ പ്രത്യേകിച്ച് ഒന്നും ഇല്ലെന്നു ഭാവം.

'അലംകൃതി'പദം ശബ്ദാർത്ഥാലങ്കാരവാചിയാണെങ്കിലും അർത്ഥപരവസ്തുവിശേഷണമായി നിബന്ധിച്ചിരിക്കയാൽ ഇവിടെ ഉപമാദ്യർത്ഥാലങ്കാരവാചിമാത്രമാകുന്നു. അതിനാൽ "**വസ്തുവില്ല**" എന്നതു

ചിലരതിനെബ്ഭാക്തമെന്നോതിട്ടുന്നു—മററു ചിലർ, അതിനെ=ധ്വനി

വരെയുള്ള അംശത്താൽ അത്ഥാലങ്കാരരാഹിത്യമാകുന്നു പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. "വൈചിത്ര്യശൂന്യം വചനനിചയം" എന്നതിനാൽ ശബ്ദാലങ്കാരവിഹീനത്വം പറയപ്പെട്ടിരിക്കുന്നു. വക്രോക്തി=ഉൽകൃഷ്ടമായ സംഘടന, ഉൽകഷം മാധുയ്യാദിഗുണസംബന്ധൈകനിബന്ധനമാണ്. ആകയാൽ, "വക്രോക്തിയില്ല" എന്നതുകൊണ്ടു ശബ്ദാത്ഥഗുണാലങ്കാരശൂന്യത്വവും നിർദേശിക്കപ്പെട്ടിരിക്കുന്നു. മന്ദബുദ്ധിയോടാണെങ്കിൽ കണ്ണുരുട്ടിയും പുരികം ഞെരിച്ചും "ഉച്ചൈരുദ്ഘുഷ്യ ജേതവ്യം സഭാസു വിജിഗീഷുഭിഃ" എന്ന നയം അനുസരിച്ചും വല്ലതും പറഞ്ഞൊപ്പിക്കുമെന്നുവെച്ചാണ് "സുമതിയൊടായ്" എന്നു പറഞ്ഞിരിക്കുന്നത്.

ഈ പറഞ്ഞ അഭാവവാദങ്ങൾ ശൃംഖലാരീതിയിൽ ആപതിച്ചിട്ടുള്ളവയാണ്; പരസ്പരം അസംബദ്ധങ്ങളല്ല. ഈ സംഗതിയെത്തന്നെയാണ് "വീണ്ടും ധ്വന്യഭാവത്തെ—" എന്ന വൃത്തിഗ്രന്ഥത്തിലെ ആനന്തയ്യാത്ഥകമായ "വീണ്ടും" എന്ന പദംകൊണ്ടു മുമ്പു സൂചിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട്, ഉപസംഹാരൈക്യം സംഗതമാകുന്നുണ്ടെന്നും കണ്ടുകൊൾക.

"കാവ്യാത്മാ—" എന്ന കാരികയിൽ "ഇല്ലത്രേ ഹൃദ്യമാമാദ്ധ്വനി" എന്നതുവരെയുള്ള അംശംകൊണ്ടു നിർദേശിച്ചിരിക്കുന്ന ധ്വന്യഭാവവാദത്തെ വൃത്തിയിൽ സപ്രകാരം വിസ്തരിച്ച് "ചിലരതിനെ ബ്ഭാക്തമെന്നോതിട്ടുന്നു" എന്ന ഭാഗംകൊണ്ടു കാണിച്ചിരിക്കുന്ന ഭാക്തവാദത്തെ സപ്രപഞ്ചം നിരൂപിക്കുന്നു.

ഭാക്തരൂപത്തിലുള്ള പ്രതിപാദനം പുസ്തകങ്ങളിൽ തുടന്നു കാണുന്നതുകൊണ്ട് "ഓതിട്ടുന്നു" എന്നു വത്തമാനകാലത്തിൽ നിർദേശിച്ചിരിക്കുന്നു. ഭജ്യതേ=സേവ്യതേ—പദാത്ഥേന പ്രസിദ്ധതയാ ഉൽപ്രേക്ഷ്യതേ (പദാത്ഥത്താൽ ഭജിക്കപ്പെടുന്നത്=സേവിക്കപ്പെടുന്നത്, പ്രസിദ്ധിവശാൽ, തീരാദിപദാത്ഥത്താൽ ആശ്രയിക്കപ്പെടുന്നത്) എന്ന വ്യുൽപത്തിപ്രകാരം അഭിധേയത്തോടുള്ള സാമീപ്യം മുതലായ ധമ്മമാണ് ഭക്തി. ഭക്തിയിൽനിന്ന് ആഗമിച്ചതു്—ഭക്തിയെ നിമിത്തീകരിച്ചു പ്രതീതിവിഷയമാകുന്നതു്—എന്ന അത്ഥത്തിൽ

"തത ആഗതഃ" എന്ന സൂത്രപ്രകാരം അൺപ്രത്യയംകൊണ്ടു് 'ഭാക്തം' എന്ന രൂപം സിദ്ധിക്കുന്നു. അതിനാൽ, 'ഭാക്തം' എന്ന പദത്തിന്നു ലക്ഷ്യമായ അർത്ഥം എന്നാർത്ഥം. ലക്ഷണാവൃത്തിക്കു നിമിത്തം സാമീപ്യാദിധർമ്മവിശേഷമാണ്.

"അഭിധേയേന സാമീപ്യാൽ സാരൂപ്യാൽ സമവായതഃ
വൈപരീത്യാൽ ക്രിയായോഗാൽ ലക്ഷണാ പഞ്ചധാ മതാ."
(അഭിധാവൃത്തിമാതൃക)

എന്ന പ്രമാണപ്രകാരം അഭിധേയത്തോടുള്ള സാമീപ്യം, സാരൂപ്യം, സമവായം, വൈപരീത്യം, ക്രിയായോഗം എന്നീ അഞ്ചെണ്ണമാണ് ആ ധർമ്മങ്ങൾ. ശബ്ദം അർത്ഥവൃത്തിയാകുന്നു. ഗുണസമുദായരൂപമാണ് അർത്ഥം. ഭക്തിയെന്നാൽ ഭാഗം. ഏവഞ്ച, തൈക്ഷ്ണ്യാദിഗുണസമുദായരൂപമായ അർത്ഥത്തിൽ വർത്തിക്കുന്ന ശബ്ദത്തിന്റെ അർത്ഥഭാഗം, അയായതു്, ശൌര്യതൈക്ഷ്ണ്യാദിഗുണസമുദായൈകദേശമായ ശൌര്യാദി ഭക്തിയെന്നു വന്നു. അതിനെ നിമിത്തമാക്കിക്കൊണ്ടു ആഗമിച്ചിരിക്കുന്നതു്--പ്രതീതിവിഷയമായിരിക്കുന്നതു്--എന്ന അർത്ഥത്തിൽ "തത ആഗതഃ" എന്ന സൂത്രപ്രകാരം അൺപ്രത്യയം വന്ന് ഭക്തിശബ്ദത്തിൽനിന്നു ഭാക്തമെന്ന രൂപം നിഷ്പന്നമാകുന്നു. അതിനാൽ, 'ഭാക്തം' എന്നതിന്നു ഗൌണമായ അർത്ഥമെന്നു് അർത്ഥം. ഇങ്ങിനെ 'ഭാക്ത'ശബ്ദം ലക്ഷ്യമോ ഗൌണമോ ആയ അർത്ഥവിശേഷത്തിന്നു വാചകമായി ഭവിക്കുന്നു.

കൂടാതെ, 'ഭാക്ത'ശബ്ദം ലാക്ഷണികമോ ഗൌണമോ ആയ ശബ്ദവിശേഷവാചകവുമാകുന്നു. ഭക്തി എന്നാൽ പ്രതിപാദ്യമായ പാവനത്വപശൌര്യാധിക്യാദിയിലുള്ള ശ്രദ്ധാതിശയം. അതിൽനിന്ന് ആഗമിച്ചതു്—അതിനെ പ്രയോജനമായുദ്ദേശിച്ചു പ്രയോഗിക്കപ്പെട്ടതു്--എന്ന അർത്ഥവിവക്ഷയിൽ മുൻപറഞ്ഞപ്രകാരം "തത ആഗതഃ" എന്ന സൂത്രപ്രകാരമുള്ള അൺപ്രത്യയംകൊണ്ടു ഭാക്തമെന്ന രൂപം സിദ്ധിക്കുന്നു. ആകയാൽ, ഭാക്തശബ്ദത്തിന്നു ലാക്ഷണികമോ ഗൌണമോ ആയ ശബ്ദമെന്നു് അർത്ഥം. ഇതുപോലെ ലക്ഷണാവ്യാപാരത്തിന്നും 'ഭാക്ത'ശബ്ദം ബോധകമാകാവുന്നതാണ്. ഭക്തി എന്നുവെച്ചാൽ ഭംഗം, അയാതതു് മുഖ്യാർത്ഥബാധം; അതാണല്ലോ ലക്ഷണാബീജം; അതിൽനിന്ന് ആഗമിച്ചതു—തന്നിവൃത്തിക്കായി ആശ്രയിക്കപ്പെട്ടതു—

ഭാക്തം ലക്ഷണ എന്നുപറയുന്ന ശക്യതാവച്ഛേദകാരോപരൂപമായ വ്യാപാരം. "ഗംഗായാം ഘോഷഃ" ഇത്യാദി സ്ഥലത്തു് ഗംഗാപദത്തിൻെറ ശക്യാൎത്ഥം പ്രവാഹം; ശക്യത എന്ന ധൎമ്മം അതിലുള്ളതുകൊണ്ടാണല്ലോ ആ അൎത്ഥത്തിനെ ശക്യമെന്നു പറയുന്നതു്. ആ ശക്യത പ്രവാഹത്വംകൊണ്ടു് അവച്ഛേദിക്കപ്പെട്ടതായിരിക്കയാൽ പ്രവാഹരൂപാൎത്ഥനിഷ്ഠശക്യതയ്ക്കു് അവച്ഛേദകമായ ധൎമ്മം പ്രവാഹത്വമാകുന്നു. അതിന്നു ശക്യാൎത്ഥസംബന്ധിയായ തീരത്തിലുള്ള ആരോപരൂപവ്യാപാരം തന്നെയാണു് ലക്ഷണ. ശക്യതാവച്ഛേദകാരോപമല്ല ലക്ഷണയെങ്കിൽ, തീരത്തിൽ ശൈത്യപാവനത്വാദിപ്രതീതിക്കു് അവകാശം കാണുകയില്ല. ലക്ഷ്യാൎത്ഥബോധം പ്രവാഹത്വവിശിഷ്ടതീരമെന്നല്ലാതെ തീരത്വവിശിഷ്ടതീരമെന്നാണെങ്കിൽ ശൈത്യപാവനത്വപ്രതീതിക്കുണ്ടോ പ്രസക്തി? അതിലേക്കു ശക്യതാവച്ഛേദകത്തിന്നു ലക്ഷ്യാൎത്ഥത്തിൽ ആരോപം കൂടാതെ കഴികയില്ല. അതുതന്നെയാണു് ലക്ഷണാസ്വരൂപം. ഈ വക സംഗതികൾ "വൈയാകരണസിദ്ധാന്തമഞ്ജൂഷ"യിൽ സപ്രപഞ്ചം നിരൂപിച്ചിരിക്കുന്നതു നോക്കി മനസ്സിലാക്കിക്കൊൾക.. ഇങ്ങിനെ 'ഭാക്ത'ശബ്ദത്തിലെ പ്രകൃതിഭൂതമായ ഭക്തിശബ്ദത്തെ ആമൎദനാൎത്ഥകമായ 'ഭഞ്ജ'ധാതുവിൽനിന്നും സേവാൎത്ഥകമായ 'ഭജ'ധാതുവിൽനിന്നും വ്യുൽപാദിപ്പിച്ചു ഭംഗം, ധൎമ്മം, ശ്രദ്ധാതിശയം എന്നു മൂന്നു പ്രകാരം അൎത്ഥം നിൎദ്ദേശിച്ചു വ്യാഖ്യാനിച്ചിരിക്കയാൽ യഥാക്രമം മുഖ്യാൎത്ഥബാധം, സാമീപ്യാദിനിമിത്തം, പാവനത്വാദിപ്രയോജനം എന്നീ മൂന്നൊന്നുമാണു് ഉപചാരബീജമെന്നു കാണിച്ചിരിക്കുന്നു. ഇത്രയുംകൊണ്ടു്, കാരികയിലെ 'ഭാക്തം' എന്ന പദത്തിന്നു ഗൌണവും ലക്ഷ്യവുമായ അൎത്ഥമെന്നും ഗൌണവും ലാക്ഷണികവുമായ ശബ്ദമെന്നും ഗൌണവും ലക്ഷണാത്മകവുമായ വ്യാപാരമെന്നും അൎത്ഥമുണ്ടെന്നും സിദ്ധിക്കുന്നു.

ഈ അഭിപ്രായത്തോടുകൂടിത്തന്നെയാണു് 'വൃത്തി' ഗ്രന്ഥത്തിൽ **"ഭാക്തമെന്നോതിടുന്നു=ഗുണവൃത്തിയെന്നു പറയുന്നു"** എന്നു വ്യാഖ്യാനിച്ചു കാണിച്ചിരിക്കുന്നതു്. അഭേദവാചിയായ **"എന്നു്"** എന്നതുകൊണ്ടു ധ്വനിക്കും ഗുണവൃത്തിക്കും താദാത്മ്യമാണുള്ളതെന്നും അതില്ലെന്നു സാധിക്കാതെ എന്തുതന്നെയായാലും ധ്വനിവാദികളുടെ വാദം നില്ക്കയില്ലെന്നും സൂചിപ്പിച്ചിരിക്കുന്നു.

സംജ്ഞിതമായ കാവ്യാത്മാവിനെ, ഭാക്തമെന്നോതിടുന്നു=ഗുണവൃത്തി

അതുകൊണ്ടാണു്,

"ധ്വനി സ്വരൂപഭേദത്താൽ ഭക്തിയോടൈക്യമാന്നിടാ
അവ്യാപ്ത്യതിവ്യാപ്തിമൂലം ഭക്തി ലക്ഷണമായിടാ."
"ഏതാനും ധ്വനിഭേദത്തി-ന്നുപലക്ഷണമാമതു്."

എന്നിങ്ങിനെ മേലെ ഭക്തിതാദാത്മ്യത്തെ സയുക്തികം നിഷേധിക്കുന്നതു്. **ധ്വനിസംജ്ഞിതമായ കാവ്യാത്മാവിനെ**= ധ്വനിയെന്നു പറയപ്പെടുന്ന സാഹിത്യതത്വത്തെ, ധ്വനതീതി ധ്വനിഃ, ധ്വന്യതേ ഇതി ധ്വനിഃ, ധ്വനനം—ധ്വനിഃ (ധ്വനിപ്പിക്കുന്നതു്, ധ്വനിപ്പിക്കപ്പെടുന്നതു് ധ്വനനവ്യാപാരം) എന്നിങ്ങിനെ യഥാക്രമം കർത്തൃകർമ്മഭാവവ്യുൽപത്തിപ്രകാരം വ്യംജകമായ ശബ്ദവിശേഷവും വ്യംഗ്യമായ അൎത്ഥവിശേഷവും വ്യംജനാഖ്യവ്യാപാരവിശേഷവും ധ്വനിശബ്ദാഭിധേയമാണെന്നു താല്പര്യം. **ഗുണവൃത്തി**=അമുഖ്യമായ ശബ്ദം അൎത്ഥം വ്യാപാരം. ഗുണങ്ങൾ സാമീപ്യാദിയും ശൌൎയ്യാദിയും. ഗുണൈഃ ഉപായൈഃ വൃത്തിഃ അൎത്ഥാന്തരേ യസ്യ സഃ (സാമീപ്യാദികളോ ശൌൎയ്യാദികളോ ആയ ഗുണരൂപോപായങ്ങളാൽ തീരാദിയോ മാണവകാദിയോ ആയ അൎത്ഥാന്തരത്തിൽ വൃത്തി യാതൊന്നിനോ അതു്) "ഗുണൈർവൃത്തിഃ വൎത്തനം" (ഗുണങ്ങളെ നിമിത്തീകരിച്ചുകൊണ്ടുള്ള വൎത്തനം) എന്നിങ്ങിനെ വ്യുൽപത്തിവൈചിത്ര്യത്താൽ 'ഗുണവൃത്തി'ശബ്ദം അമുഖ്യമായ ശബ്ദം അൎത്ഥം വ്യാപാരം എന്നീ മൂന്നിനേയും കുറിക്കുന്നു. ധ്വനിശബ്ദത്തിന്റെ സ്ഥിതിയും ഇതുതന്നെയാണു്. "ധ്വനതീതി ധ്വനിഃ ധ്വന്യതേ ഇതി ധ്വനിഃ ധ്വനനം ധ്വനിഃ" (ധ്വനിപ്പിക്കുന്നതു്, ധ്വനിപ്പിക്കപ്പെടുന്നതു്, ധ്വനനം) എന്നിങ്ങിനെ യഥാക്രമം കർത്തൃകർമ്മഭാവവ്യുൽപത്തിപ്രകാരം ധ്വനിശബ്ദം അമുഖ്യമായ ശബ്ദം അൎത്ഥം വ്യാപാരം എന്നീ മൂന്നിന്നും വാചകമാകുന്നു എന്നാണല്ലോ ധ്വനിവാദികളുടെ മതം. ഈ സ്ഥിതിക്കു്, വ്യംജകശബ്ദമാണു് 'ധ്വനി'ശബ്ദവാച്യമെങ്കിൽ അതു് ഉപചരിതഗംഗാദിശബ്ദത്തിൽനിന്നും വ്യംഗ്യാൎത്ഥമാണു് 'ധ്വനി'ശബ്ദവാച്യമെങ്കിൽ അതു് ഉപചരിതതീരാദ്യൎത്ഥത്തിൽനിന്നും വ്യംജ്യനാഖ്യവ്യാപാരമാണു് 'ധ്വനി'ശബ്ദവാച്യമെങ്കിൽ അതു് അമുഖ്യമായ അഭിധാവ്യാപാരത്തിൽനിന്നും അതായതു്, ലക്ഷണ, ഗൌണി എന്നി

യെന്നു പറയുന്നു. എന്നാൽ, ധ്വനിശബ്ദം ഉച്ചരിച്ചുകൊണ്ടു് ഗുണവൃത്തിയേയോ പ്രകാരാന്തരത്തേയോ ലക്ഷണകാരന്മാരിൽ ആരും തന്നെ പ്രകാശിപ്പിച്ചിട്ടില്ല. ഗുണവൃത്തിയെക്കൊണ്ടു കാവ്യവിഷയമായ വ്യവഹാരം നടത്തിയിരിക്കുന്ന ആലങ്കാരികന്മാർ കാവ്യങ്ങളിലെ

വയിൽനിന്നും വ്യതിരിക്തമല്ല. ലോകത്തിൽ ശബ്ദാർത്ഥങ്ങൾ മുഖ്യങ്ങളെന്നും അമുഖ്യങ്ങളെന്നും രണ്ടു പ്രകാരത്തിലാണുള്ളതു്. അതിൽ മുഖ്യാർത്ഥവിഷയമായ ശബ്ദവ്യാപാരം മുഖ്യമായ അഭിധ. അമുഖ്യാർത്ഥവിഷയമായ ശബ്ദവ്യാപാരം അമുഖ്യമായ അഭിധ. അതിനെത്തന്നെയാണ് ഗൌണിയെന്നും ലക്ഷണയെന്നും പറയുന്നതു്. മൂന്നാമതൊരു വ്യാപാരം ഇല്ലതന്നെ. അതുകൊണ്ടു്, ധ്വനി മുഖ്യമായ വ്യാപാരമല്ലെങ്കിൽ അമുഖ്യമാണെന്നു പരിശേഷന്യായത്താൽ തീർച്ചപ്പെടുന്നു എന്നു ഭാവം.

'ആട്ടെ ധ്വനി ഗുണവൃത്തിയാണെന്ന് ആരാണ് പറഞ്ഞിരിക്കുന്നതു്' എന്ന ആശങ്കയെ കടാക്ഷിച്ചുകൊണ്ടു പറയുന്നു—"**എന്നാൽ ധ്വനിശബ്ദമുച്ചരിച്ചുകൊണ്ടു്**—" എന്നിങ്ങിനെ. **പ്രകാരാന്തരം**=ഗുണാലങ്കാരപ്രഭേദം. ധ്വനി ഗുണാലങ്കാരപ്രഭേദമാണെന്ന് ആരും ഉപന്യസിച്ചിട്ടില്ലാത്തതുപോലെ ധ്വനി ഗുണവൃത്തിയാണെന്നും ആരും തുറന്നു പറഞ്ഞിട്ടില്ല എന്നു ദൃഷ്ടാന്തപ്രദർശനത്തിൽ താല്പര്യം. **ഗുണവൃത്തിയെക്കൊണ്ടു കാവ്യവിഷയമായ വ്യാപാരം നടത്തിയിരിക്കുന്ന ആലങ്കാരികന്മാർ,**—

"ശബ്ദശ്ഛന്ദോഭിധാനാർത്ഥാ ഇതിഹാസാശ്രയാഃ കഥാഃ
ലോകോ യുക്തിഃ കലാശ്ചേതി മന്തവ്യാഃ കാവ്യയോനയഃ"

എന്നിങ്ങിനെ കാവ്യയോനികളെ നിർദ്ദേശിക്കുന്ന ഭാമഹാലങ്കാരകാരികയിൽ ശബ്ദം നിർദ്ദേശിച്ചിരിക്കെ, അഭിധാനശബ്ദംകൊണ്ടു പൌനരുക്ത്യമില്ലെന്നു കാണിപ്പാനായി "ശബ്ദാനാം അഭിധാനം അഭിധാവ്യാപാരഃ മുഖ്യോ ഗുണവൃത്തിശ്ച" എന്നു ഭട്ടോദ്ഭടൻ വ്യാഖ്യാനിച്ചിരിക്കുന്നു. വാമനനാകട്ടെ, "സാദൃശ്യാല്ലക്ഷണാ വക്രോക്തിഃ" എന്നിങ്ങിനെ വക്രോക്തിക്കു ലക്ഷണം പറഞ്ഞുകൊണ്ടു്,—

"ഉന്മിമീല കമുദം സരസീനാം പങ്കജം ച നിമിമീല മുഹൂർത്താൽ"

ധ്വനിമാർഗത്തെ കുറഞ്ഞൊന്നു സ്പർശിച്ചിട്ടുണ്ടെങ്കിലും ലക്ഷണകരണപൂർവ്വം നിർദേശിച്ചിട്ടില്ലാത്തതുകൊണ്ട് പരികല്പിച്ചതുതന്നെയാണ് "ചിലരതിനെ ഭാക്തമെന്നോതിടുന്നു" എന്നു പറഞ്ഞിരിക്കുന്നത്.

അതുക്കൂടാതെ ലക്ഷണകരണശാലീനമതികളായ മററുചിലർ ധ്വനിയുടെ തത്ത്വം വാചാമഗോചരവും സഹൃദയഹൃദയസംവേദ്യവു

എന്ന് ഉദാഹരിക്കയും ചെയ്തിരിക്കുന്നു. ഇങ്ങിനെ അഭിധാനം, ഗുണവൃത്തി, ലക്ഷണ എന്നീ ശബ്ദങ്ങളെക്കൊണ്ടു വ്യവഹരിച്ചിരിക്കുന്ന ഭാമഹൻ, ഭട്ടോദ്ഭടൻ, വാമനൻ എന്നീ അലങ്കാരശാസ്ത്രകാരന്മാർ എന്നത്ഥം. **ധ്വനിമാർഗ്ഗത്തെ**=ധ്വനിപ്രസ്ഥാനത്തെ, **കുറഞ്ഞൊന്നു സ്പർശിച്ചിട്ടുണ്ടെങ്കിലും**=ലാക്ഷണികസ്ഥലത്തു ലക്ഷണയുടെ ഫലം വ്യംജനാവ്യാപാരഗമ്യമാകയാൽ ധ്വനിമാർഗം ബുദ്ധിവിഷയമായിട്ടുണ്ടെങ്കിലും, **ലക്ഷണകരണപൂർവ്വം നിർദേശിച്ചിട്ടില്ലാത്തതുകൊണ്ട്**=ഭക്തിയിൽനിന്നു ഭിന്നമായ ധ്വനിസ്വരൂപത്തെ ലക്ഷണം നിർദേശിച്ചു വ്യക്തമായി പ്രതിപാദിച്ചിട്ടില്ലാത്തതുകൊണ്ട്, **പരികല്പിച്ചതുതന്നെയാണ്**=ധ്വനി ഗുണവൃത്തിയിൽനിന്നു ഭിന്നമല്ലെന്നാണ് അവരുടെ അഭിപ്രായമെന്നു അനുമാനിച്ചുകൊണ്ടുതന്നെയാണ്—ഉദ്ഭടവാമനാദികൾ ധ്വനിമാഗ്ഗം സ്പശിച്ചിട്ടുണ്ടെങ്കിലും ലക്ഷണനിർദേശപൂർവ്വം ധ്വനിസ്വരൂപം പ്രത്യേകം എടുത്തു പറഞ്ഞിട്ടില്ലായ്കയാൽ ധ്വനി ഗുണവൃത്തിയിൽനിന്ന് അതിരിക്തമല്ലെന്നാണ് അവർ വിചാരിച്ചിരിക്കുന്നത് എന്നു ധരിക്കാവുന്നതുകൊണ്ട് അത്ഥസിദ്ധമായ തദ്ഭക്തിയെ അഭ്യൂഹിച്ചുകൊണ്ടുതന്നെയാണ് "**ഭാക്തമെന്നോതിടുന്നു**" എന്നു കാരികയിൽ പറഞ്ഞിരിക്കുന്നത് എന്നു ഭാവം.

ഭാക്തവാദം വിവരിച്ചശേഷം മൂന്നാമത്തെ പ്രകാരമായ അനാഖ്യേയവാദത്തെ അവതരിപ്പിക്കുന്നു "**അതുക്കൂടാതെ**" എന്നതുകൊണ്ട്.

ലക്ഷണകരണശാലീനമതികൾ=ലക്ഷണനിർമ്മാണത്തിന്ന് അശക്തമായ ബുദ്ധിയോടുകൂടിയവർ, **ധ്വനിയുടെ തത്ത്വം**=ധ്വനിസ്വരൂപം, **വാചാമഗോചരം**=വാക്കിന്നു വിഷയമല്ലാത്തത്—അനാഖ്യേയം, **സഹൃദയഹൃദയസംവേദ്യം**=

മാണെന്നുതന്നെ പറഞ്ഞിരിക്കുന്നു.

ആകയാൽ=അങ്ങിനെയുള്ള വിപ്രതിപത്തികളാൽ, തദ്രൂപം= അതിൻെറ സ്വരൂപത്തെ—സകലസൽകവികാവ്യങ്ങൾക്കും ഉപനിഷദ് ഭൂതവും അതിരമണീയവും പ്രാചീനലക്ഷണകാരന്മാരുടെ സൂക്ഷ്മ

സഹൃദയന്മാരുടെ ഹൃദയത്തിന്നു മാത്രം നല്ലപോലെ അറിയാവുന്നതു്—അനുഭവപ്പെടുന്നതു്.

അഭാവവാദികൾ, ഭാക്തവാദികൾ, അനാഖ്യേയവാദികൾ എന്നീ മൂന്നുതരക്കാരും യഥോത്തരം ഭവ്യബുദ്ധികളാകയാൽ ഇവിടെ അംഗീകരിച്ചിരിക്കുന്ന വാദോപന്യാസക്രമം സമുചിതമാണെന്നു ധരിക്കണം. അഭാവവാദികൾക്കു സർവ്വഥാ സ്വരൂപജ്ഞാനം തന്നെയില്ല. ഭാക്തവാദികൾക്കു സ്വരൂപജ്ഞാനമുണ്ടു്; പക്ഷേ സന്ദേഹംകൊണ്ടു് അവർ അപലപിക്കുന്നു എന്നേയുള്ളു. അനാഖ്യേയവാദികൾ അപലപിക്കുന്നില്ല. എന്നാൽ, ലക്ഷണകരണത്തിന്നു ശക്തരല്ലെന്നു മാത്രം.

ഈവക വിപ്രതിപത്തികൾ ഉള്ളതുകൊണ്ടു ധ്വനിസ്വരൂപനിരൂപണം സർവ്വഥാ ആവശ്യകമാണെന്നു കാണിക്കുന്നു "ആകയാൽ" എന്നതുകൊണ്ടു്. **വിപ്രതിപത്തികളാൽ**=വിപരീതഗ്രഹങ്ങൾ ഉള്ളതിനാൽ, ഇവയിൽ ഒന്നുണ്ടെങ്കിലും തന്നിവൃത്തിക്കായി ധ്വനിസ്വരൂപം വിവരിച്ചു കാണിക്കേണ്ടതായിരിക്കെ എല്ലാം ഉണ്ടായാലത്തെ സ്ഥിതി പറയാനുണ്ടോ എന്നു ബഹുവചനംകൊണ്ടു സൂചിപ്പിച്ചിരിക്കുന്നു. ആകയാൽ, ധ്വനിസ്വരൂപം സർവ്വഥാ പ്രതിപാദനീയമായ വിഷയമാണെന്നു സിദ്ധിക്കുന്നു. **"തദ്രൂപം നിർവ്വചിക്കാം"** എന്നതുകൊണ്ടു് അഭിധേയലക്ഷണമായ ധ്വനിക്കും അഭിധാനലക്ഷണമായ ശാസ്ത്രത്തിന്നും തമ്മിലുള്ള പ്രതിപാദ്യപ്രതിപാദകഭാവരൂപസംബന്ധവും വക്താവിന്നും ശ്രോതാവിന്നുമുള്ള വ്യുൽപാദ്യവ്യുൽപാദകഭാവരൂപസംബന്ധവും തദ്ദ്വാരാ ശാസ്ത്രത്തിന്നും ധ്വനിസ്വരൂപജ്ഞാനമായ പ്രയോജനത്തിന്നും തമ്മിലുള്ള ഉൽപദ്യോൽപാദകഭാവസംബന്ധവും പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നു. ശ്രോതൃവിഷയകപ്രയോജനപ്രതിപാദകമായ **"സഹൃദയഹൃദയാഹ്ലാദസിദ്ധിക്കു"** എന്നു കാരികാംശത്തെ 'വൃത്തി'യിൽ **"അതിൻെറ സ്വരൂപത്തെ"** ഇത്യാദിയാൽ വിവരിക്കുന്നു. **അതിൻെറ**=വിപ്രതിപത്തിപതിതമായ

ബുദ്ധിക്കുപോലും എത്താത്തതും പ്രസിദ്ധവുമായ ധ്വനിയുടെ സ്വരൂപത്തെ, സഹൃദയഹൃദയാഹ്ലാദസിദ്ധിക്കായി നിർവ്വചിക്കാം=വിശേഷിച്ചു്, രാമായണം മഹാഭാരതം മുതലായ ലക്ഷ്യങ്ങളിൽ പ്രസിദ്ധമായ ധ്വനിവ്യവഹാരത്തെ ലക്ഷണദ്വാരാ നിരൂപണം ചെയ്യുന്ന സഹൃദയ

ധ്വനിയുടെ. തദ്രൂപം വ്യാഖ്യാനിക്കുന്ന വൃത്തികാരൻ മുമ്പു പറഞ്ഞ വികല്പപഞ്ചകത്തെ സംക്ഷേപമായി നിരസിക്കുന്നു **"സകലേ"**ത്യാദിയാൽ. 'സകല'ശബ്ദംകൊണ്ടും 'സൽകവി'ശബ്ദംകൊണ്ടും **"എത്താണ്ടൊരുപ്രകാരലേശം സംഭവിക്കുന്നുവെന്നിരിക്കിലും"** എന്ന അംശത്തെ നിരാകരിക്കുന്നു. പ്രകാരത്തിനുള്ള ലേശത്വം വിരളത്വകൃതമോ അപ്രധാനത്വകൃതമോ? സകലകാവ്യങ്ങളിലും കാണുന്നതുകൊണ്ടു വൈരള്യമാണെന്നു പറഞ്ഞുകൂടാ. കാളിദാസാദിമഹാകവികൾ ആദരിച്ചു കാണുന്നതുകൊണ്ടു് അപ്രാധാന്യവും യോജിക്കയില്ല എന്നു താൽപര്യം. **"അതിരമണീയം"** എന്നതുകൊണ്ടു ഭാക്തവ്യതിരിക്തത്വം പ്രതിപാദിക്കുന്നു. "ഗംഗായാം ഘോഷഃ" "സിംഹോവടുഃ" ഇത്യാദി ഭാക്തസ്ഥലത്തു് വിശേഷിച്ചു ലക്ഷ്യാൎത്ഥത്തിനോ ലക്ഷണാവൃത്തിക്കോ രമണീയത്വമില്ലെന്നുള്ളതു് അനുഭവസിദ്ധമാണു്. അവിടെ ചമൽകാരകമായിരിക്കുന്നതു ഫലപ്രതീതിയാണല്ലോ. അതു ധ്വനിവ്യാപാരവിഷയമാണുതാനും എന്നു ഭാവം. **"സൂക്ഷ്മബുദ്ധികളുപോലുമെത്താത്തതും"** എന്നതിനാൽ സ്ഥൂലബുദ്ധിസംവേദ്യങ്ങളായ ഗുണാലങ്കാരങ്ങളിൽനിന്നു ഭിന്നമാണു് ധ്വനിയെന്നു സൂചിപ്പിച്ചു ഗുണാലങ്കാരാന്തർഭാവവാദത്തെ നിരസിക്കുന്നു. **"വിശേഷിച്ചു്, രാമായണം മഹാഭാരതം മുതലായ"** ഇത്യാദിയാൽ **"ധ്വനിസിദ്ധാന്തികളായ ചില സഹൃദയന്മാരെ പരികല്പിച്ചു"** എന്നിങ്ങിനെയുള്ള സാമവായികത്വാപാദനം നിരവകാശമാണെന്നു സാധിക്കുന്നു. ആദികവി മുതൽ സൂരികളായ സൎവ്വകാവ്യകാരന്മാരും ധ്വനിയെ ആദരിച്ചിരിക്കകൊണ്ടു സഹൃദയപരികല്പനോക്തിക്കു പ്രസക്തിയില്ലെന്നു് അഭിപ്രായം. **"ലക്ഷണദ്വാരാ നിരൂപണംചെയ്യുന്ന"** എന്നതിനാൽ ധ്വനിലക്ഷണം ശക്യക്രിയമാണെന്നു കാണിച്ചുകൊണ്ടു് അനാഖ്യേയത്വവാദം തിരസ്കരിക്കുന്നു. **സഹൃദയന്മാർ**=ഹൃദയസംവാദശാലികളായ പ്രശസ്തഹൃദയന്മാർ. അതായതു്—കാവ്യാനുശീലനാഭ്യാസവശാൽ നിൎമ്മലീഭൂതവും വർണ്ണനീയവസ്തുതന്മയീഭവനയോഗ്യവുമായ ഹൃദയമുള്ളവർ.

ന്മാരുടെ ഹൃദയങ്ങളിൽ ആനന്ദപ്രതിഷ്ഠക്കായി പ്രകാശിപ്പിക്കാം.

"യോത്ഥോ ഹൃദയസംവാദീ തസ്യ ഭാവോ രസോദ്ഭവഃ
ശരീരം വ്യാപ്യതേ തേന ശുഷ്കം കാഷ്ഠമിവാഗ്നിനാ."

(നാട്യശാസ്ത്രം)

എന്ന അഭിയുക്തോക്തി നോക്കുക. യഃ അൎത്ഥഃ=വൎണ്ണനീയവിഭാവാദിരൂപമായ യാതൊരൎത്ഥം, ഹൃദയസംവാദീ=ഹൃദയസംവാദത്തോടു കൂടിയതോ—തന്മയീഭാവനിദാനമായ ഹൃദയസംവാദത്തിന്നു വിഷയീഭവിക്കുന്നതോ, തസ്യ=ആ അൎത്ഥത്തിന്റെ, ഭാവഃ=നിൎമ്മലഹൃദയത്തിലുള്ള സമുന്മേഷം, രസോദ്ഭവഃ=രസവ്യക്തിക്കു നിദാനമാകുന്നു. തേന=താദൃശാൎത്ഥത്താൽ, അഗ്നിനാ=അഗ്നിയാൽ, ശുഷ്കം കാഷ്ഠമിവ=ഉണങ്ങിയ തടിയെന്നപോലെ, ശരീരം വ്യാപ്യതേ=ശരീരം മുഴുവനും വ്യാപിക്കപ്പെടുന്നു; ഹൃദയം മാത്രമല്ല എന്നൎത്ഥം. **ആനന്ദപ്രതിഷ്ഠ**=ബ്രഹ്മാസ്വാദസഹോദരമായ പരമാനന്ദത്തിന്റെ ഗാഢമായ അനുഭൂതി. പരമപ്രയോജനമായി ആനന്ദത്തെ നിൎദ്ദേശിച്ചിരിക്കയാൽ വസ്ത്വലങ്കാരരസാദിധ്വനികളിൽ ആസ്വാദസ്വരൂപമായ രസാദിക്കാണ് മുഖ്യമായകാവ്യാത്മത്വമെന്നും രസപൎയ്യവസായികളായ വസ്ത്വലങ്കാരധ്വനികൾക്കു പറയപ്പെടുന്ന കാവ്യാത്മത്വമാകട്ടെ ഗൌണമാണെന്നും ഉള്ള ഗ്രന്ഥകാരാഭിപ്രായം വ്യക്തമാകുന്നു. അതുകൊണ്ട്,

*"ധ്വനിൎന്നാമാപരോ യോസൌ വ്യാപാരോ വ്യഞ്ജനാത്മകഃ
തസ്യ സിദ്ധേപി ഭേദേ സ്യാൽ കാവ്യേംശത്വം ന രൂപതാ."

എന്ന ഭട്ടനായകവചനം സ്വീകാൎയ്യമല്ലെന്നും സിദ്ധിക്കുന്നു.

അതായതു്,—

†"വ്യാപാരസ്ത്രിവിധോ ബുധൈരഭിമതഃ കാവ്യേഭിധാഭാവനാ-
ഭോഗോൽപാദകതാത്മനാ തദധികോ നാസ്തി ധ്വനിൎന്നാമ നഃ

* ധ്വനിഃനാമ=ധ്വനിയെന്നു പറയപ്പെടുന്ന (നാമശബ്ദം പരപക്ഷപ്രസിദ്ധിപരം) അപരഃ=അഭിധാദിഭിന്നമായ, യഃ അസൌ വ്യഞ്ജനാത്മകഃ വ്യാപാരഃ=വ്യഞ്ജനാരൂപമായ വ്യാപാരം യാതൊന്നോ, തസ്യ=ആ വ്യാപാരത്തിന്നു്, ഭേദേ സിദ്ധേപി=അഭിധാദിവ്യാപാരവിലക്ഷണത്വം സിദ്ധിക്കിലും, കാവ്യേ അംശത്വം=കാവ്യത്തിൽ അംഗത്വമേ ഉള്ളു, ന രൂപതാ=കാവ്യാംഗിത്വമില്ല എന്നു കാരികാൎത്ഥം.

†കാവ്യേ=കാവ്യത്തിൽ, അഭിധാ—ത്മനാ=അഭിധ, ഭാവന, ഭോഗോൽപാദകത(ഭോജകത്വം)എന്നീ രൂപത്തിൽ, ത്രിവിധഃ വ്യാപാരഃ=മൂന്നുവിധം വ്യാപാരം, ബുധൈഃ അഭിമതഃ=ബുധന്മാരാൽ സമ്മതിക്കപ്പെട്ടിട്ടുള്ളതാണു്, തദധികഃ=അതില

സിദ്ധാദ്യാ വ്യവഹാരഭ്രമിഷു വിഭാവാദ്യത്ഥസാധാരണീ-
കാരാത്മാത്വപരാ നിരർഗളരസാസ്വാദാത്മികൈവാന്തിമാ."

എന്നു പറഞ്ഞിരിക്കുന്നപ്രകാരം അഭിധ, ഭാവന, രസചവ്ണ എന്നു മൂന്നാംശത്തോടു കൂടിയ കാവ്യത്തിൽ, രസികനാണ് അധികാരി എന്നു പറയുന്നു,—

*"കാവ്യേ രസയിതാ സർവ്വോ ന ബോദ്ധാ ന നിയോഗഭാക്"

എന്നിങ്ങിനെ രസചവ്ണയ്ക്കു് അധികാരസമ്പാദകത്വം പറയുന്ന— ഭട്ടനായകൻ പ്രാധാന്യത്താൽ അതിന്നു കാവ്യജീവിതത്വം സമ്മതിച്ചിട്ടുണ്ടെന്നു തീച്ച്യയാവുന്നു. ഈ സ്ഥിതിക്ക്, ധ്വനിക്കു കാവ്യാംഗിത്വമില്ലെന്നു പറയുന്നതു വിരുദ്ധമല്ലേ? "കാവ്യേംശത്വം ന രൂപതാ" എന്ന ഭാഗംകൊണ്ടു വസ്ത്വലങ്കാരധ്വനികൾക്കു കാവ്യാംഗിത്വമില്ലെന്നാണ് സാധിക്കുന്നതെങ്കിൽ മുഖ്യമായ കാവ്യാത്മത്വം രസധ്വനിക്കു മാത്രമാണെന്നു പറയുന്ന ധ്വനിവാദികൾക്ക് അതു മുമ്പേതന്നെ സമ്മതമാകയാൽ സിദ്ധസാധനം. അല്ല, രസധ്വനിക്കാണെങ്കിൽ, കാവ്യത്തിൽ രസചവ്ണയ്ക്കു പ്രാധാന്യം ഉപന്യസിച്ചുകൊണ്ടു ജീവിതത്വം സ്വയം സ്വീകരിച്ചിരിക്കുന്നതിനാൽ സ്വാഭ്യുപഗമത്തിന്നും രസജ്ഞന്മാരുടെ അനുഭവത്തിന്നും വിരുദ്ധം. ആകയാൽ, ഭട്ടനായകൻെറ ആക്ഷേപം അകിഞ്ചിൽകരമാണെന്നു സാരം.

കാവ്യത്തിന്നു വേറെയും ചില പ്രയോജനങ്ങളില്ലെന്നില്ല.

"ധമ്മാത്ഥകാമമോക്ഷേഷു വൈചക്ഷണ്യം കലാസു ച
കരോതി കീത്തിം പ്രീതിഞ്ച സാധുകാവ്യനിഷേവണം."

ധികമായി, ധ്വനിഃനാമ=ധ്വനിയെന്നുള്ളതു്, നഃ നാസ്തി=ഞങ്ങൾക്കില്ല ആദ്യാം വ്യവഹാരഭ്രമിഷു സിദ്ധാ=അതിൽ ആദ്യത്തേതായ അഭിധ വ്യവഹാരപ്രകാരങ്ങളിൽ തന്നെ പ്രസിദ്ധമാണു്, അപരാതു=ഭാവനയെന്ന രണ്ടാമത്തേതാകട്ടെ, വിഭാവാദ്യത്ഥസാധാരണീകാരാത്മാ=സാഹിത്യത്തിൽ വിഭാവാദിവർണനീയവസ്തുസാധാരണീകരണസ്വരൂപയാകുന്നു. അന്തിമാ=അവസാനത്തേതായ ഭോഗോൽപാദകത, നിരർഗളരസാസ്വാദാത്മികൈവ=നിർവ്വിഘ്നരസാസ്വാദമായ സ്വരൂപത്തോടുകൂടിയതു തന്നെയാണു്.

*കാവ്യേ=കാവ്യത്തിൽ(അധികാരി), രസയിതാ=രസാസ്വാദശീലത്തോടു കൂടിയ, സവ്വഃ=സവ്വജനവുമാകുന്നു, ന ബോദ്ധാ=ഇതിഹാസാദികളിലെന്നപോലെ കേവലം ബോദ്ധാവല്ല, ന നിയോഗഭാക്=ശ്രുതിസ്മൃതികളിലെന്നപോലെ കേവലം നിയോജ്യനുമല്ല.

എന്ന ഭാമഹൻ ഉപന്യസിച്ചിട്ടുമുണ്ട്. എങ്കിലും ആനന്ദം ഒന്നു തന്നെയാണ് മുഖ്യമായ പ്രയോജനം. കവിക്കുണ്ടാകുന്ന കീർത്തിക്കും പ്രീതിയിൽത്തന്നെയാകുന്നു പര്യവസാനം. "കീർത്തിം സ്വർഗഫലാമാഹുഃ" എന്നു പറഞ്ഞിട്ടുണ്ടല്ലോ. ശ്രോതൃവിഷയമായ വ്യുൽപത്തി, പ്രീതി എന്നീ രണ്ടു പ്രയോജനങ്ങളിൽ ആനന്ദാത്മകമായ പ്രീതിക്കു തന്നെയാണ് പ്രാധാന്യം. അല്ലെങ്കിൽ വ്യുത്പത്തിഹേതുക്കളായ ശ്രുതിപുരാണാദികളിൽനിന്നു കാവ്യങ്ങൾക്ക് എന്തു വൈശിഷ്ട്യമാണുള്ളതു്? കാന്താസമ്മിതത്വരൂപമായ തദ്വൈശിഷ്ട്യം ആനന്ദനിബന്ധനം തന്നെയല്ലേ? ചതുർവ്വർഗവ്യുത്പത്തിക്കുള്ള പാര്യന്തികഫലംതന്നെ ആനന്ദമാണല്ലോ. അതുകൊണ്ടാണ് ആനന്ദവർദ്ധനാചാര്യർ മുഖ്യമായ ആനന്ദത്തെത്തന്നെ പ്രയോജനമായി നിർദ്ദേശിച്ചിരിക്കുന്നതു്.

കൂടാതെ, **ആനന്ദപ്രതിഷ്ഠ**=ആനന്ദവർദ്ധനാചാര്യരുടെ പ്രതിഷ്ഠ. ഭീമസേനനെ ഭീമനെന്നും മററും "നാമൈകദേശേ നാമഗ്രഹണം" എന്ന ന്യായമനുസരിച്ചു പറയാറുള്ളതുപോലെ ആനന്ദവർദ്ധനനെ 'ആനന്ദ'ശബ്ദംകൊണ്ടു നിർദ്ദേശിച്ചിരിക്കുന്നു എന്നുഭാവം. **പ്രതിഷ്ഠ**=ക്ഷേത്രങ്ങളിൽ ദേവതകൾക്കെന്നപോലെ അനശ്വരമായ സ്ഥിതി.

*"ഉപേയുഷാമപി ദിവം സന്നിബന്ധവിധായിനാം
ആസ്ത ഏവ നിരാതങ്കം കാന്തം കാവ്യമയം വപുഃ"

എന്നു ഭാമഹൻ പറഞ്ഞിരിക്കുന്ന പ്രകാരം, 'ധ്വന്യാലോക'മെന്ന മൂലഗ്രന്ഥംകൊണ്ടു തൽകർത്താവായ ആനന്ദവർദ്ധനാചാര്യർ സഹൃദയന്മാരുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠയെ പ്രാപിക്കട്ടെ എന്നുവെച്ചു ധ്വനിസ്വരൂപം വിവരിക്കുന്നു എന്നു താൽപര്യം.

† "ആത്മനാമ ഗുരോർനാമ നാമാതികൃപണസ്യ ച
ശ്രേയസ്കാമോ ന ഗൃഹ്ണീയാൽ ജ്യേഷ്ഠാപത്യകളത്രയോഃ"

*നല്ല ഗ്രന്ഥങ്ങൾ നിർമ്മിക്കുന്നവർ സ്വർഗം പ്രാപിക്കിലും അവരുടെ കാവ്യരൂപവും മനോഹരവുമായ ശരീരം യാതൊരു ഹാനിയും കൂടാതെ വിലസുന്നു.

†തൻേറയും, ഗുരുവിൻേറയും, കൃപണൻേറയും, മൂത്തപുത്രൻ, ഭാര്യ എന്നിവരുടേയും പേർ ശ്രേയസ്സിച്ഛിക്കുന്നവർ പറയരുതു്.

അതിൽ ലക്ഷണപൂർവ്വം വിവരിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന ധ്വനിക്കു ഭൂമികയെ വിരചിക്കുന്നു.

എന്നു നിഷേധമുണ്ടെങ്കിലും ആത്മനാമപ്രകടനം വിശ്വാസോൽപാദന ദ്വാരാ ശ്രോതൃപ്രവൃത്ത്യർത്ഥമാകയാൽ ആക്ഷേപാർഹമല്ലെന്ന് അറിഞ്ഞു കൊൾക. ഇത്രയുംകൊണ്ടു ഗ്രന്ഥകർത്താവിന്നും കവിക്കും ശ്രോതാവിന്നുമുള്ള മുഖ്യപ്രയോജനം പ്രതിപാദിക്കപ്പെട്ടു.

അതിൽ=ആ സ്ഥിതിയിൽ—ധ്വനി വിപ്രതിപത്തിഗ്രസ്തവും നിർവൃതിരൂപപ്രയോജനവിശിഷ്ടവുമാകയാൽ, തൽസ്വരൂപം അവശ്യം നിരൂപിക്കേണ്ടതായിരിക്കയിൽ. ധ്വനിസ്വരൂപം നിർവ്വചിക്കാമെന്നു പൂർവ്വകാരികയിൽ പ്രതിജ്ഞചെയ്തിരിക്കെ, വാച്യാർത്ഥപ്രതിപാദനത്തിന്നു സംഗതി എന്തെന്ന് ആശങ്ക ജനിക്കാവുന്നതിനാൽ സംഗതിപ്രദർശനത്തിന്നായി "**ലക്ഷണപൂർവ്വം**" ഇത്യാദിവാക്യംകൊണ്ട് അവതാരിക രചിച്ചിരിക്കുന്നു. **ലക്ഷണപൂർവ്വം**=ലക്ഷണം പുരസ്കരിച്ചുകൊണ്ട്—അസാധാരണധർമ്മം നിർദ്ദേശിച്ചുകൊണ്ട്. **ഭൂമിക**=പീഠിക. ഭൂമിപോലുള്ളതു് എന്നിങ്ങിനെ ഇവാർത്ഥത്തിൽ "സംജ്ഞായാം ച" എന്ന സൂത്രത്താൽ 'കൻ' പ്രത്യയം വന്ന 'ഭൂമി'ശബ്ദത്തിൽനിന്നു "ഭൂമികാശബ്ദം" നിഷ്പന്നമാകുന്നു. അപൂർവ്വവസ്തുനിർമ്മാണത്തിന്ന് ആദ്യമായി വേണ്ടതു ഭൂമിവിരചനമാണല്ലോ. തറയിട്ടിട്ടല്ലേ കെട്ടിടം പണിയുക? അതുപോലെ ഇവിടെ പ്രതീയമാനാഖ്യമായ ധ്വനിസ്വരൂപം നിരൂപിക്കുന്നതിന്നു നിർവ്വിവാദസിദ്ധമായ വാച്യത്തിൻെറ അഭിധാനം ഭൂമിതുല്യമായിട്ടുതന്നെയാണ് ഗണിക്കേണ്ടതു്. വാച്യാതിരിക്തമായ ധ്വനിയെ വാച്യപൃഷ്ഠത്തിലാണല്ലോ ഉല്ലേഖിക്കുന്നതു്.

കാരികയിൽ പ്രതീയമാനത്തെ വാച്യത്തോടു ചേർത്തു സമനിലയിൽ നിർദ്ദേശിച്ചിരിക്കുന്നതു വാച്യംപോലെ പ്രതീയമാനവും അപലപിക്കാവുന്നതല്ലെന്നു കാണിപ്പാനാകുന്നു. '**സ്മൃതഃ**' എന്നതിനാൽ "**ബുധപരിവൃഢരാൽ സമ്യഗാമ്നാതം**" എന്ന കാരികാംശത്തെ ഒന്നുകൂടി ദൃഢപ്പെടുത്തിയിരിക്കുന്നു. "ശബ്ദാർത്ഥശരീരമാണല്ലോ കാവ്യം" എന്ന് അഭാവവാദിതന്നെ ഉപന്യസിച്ചിട്ടുണ്ട്; അതിൽ ശരീരപദപ്രയോഗംകൊണ്ടു് തദനുപ്രാണകമായ ആത്മാവ് കാവ്യത്തിന്നു കൂടാതെകഴികയില്ലെന്നു വരുന്നു. ശബ്ദമാകട്ടെ, സ്ഥൂലകൃശാദി

അൎത്ഥം സഹൃദയശ്ലാഘ്യം
കാവ്യാത്മാവായ് വ്യവസ്ഥിതം
വാച്യം പ്രതീയമാനാഖ്യം
അതിൻ ഭേദദ്വയം സ്മൃതം. (2)

ശരീരംപോലെ സർവ്വജനവേദ്യമായ ധർമ്മത്തോടുകൂടിയതാകയാൽ ശരീരസ്ഥാനീയമേ ആകൂ. അൎത്ഥസാമാന്യം സൎവ്വജനസംവേദ്യമല്ലെന്നിരിക്കലും ലൌകികവൈദികവാക്യങ്ങളിൽ അതിവ്യാപ്തി വരാവുന്നതുകൊണ്ടു് അതും കാവ്യവ്യപദേശം അർഹിക്കുന്നില്ല. ആകയാൽ, സഹൃദയശ്ലാഘ്യത്വാപാദകമായ വിശേഷമുള്ളതിന്നേ കാവ്യാത്മത്വമുള്ളൂവെന്നും താദൃശോപാധിവശാൽ അൎത്ഥസാമാന്യം രണ്ടു പ്രകാരത്തിലാണെന്നും സിദ്ധിക്കുന്നു. അതുകൊണ്ടാണു് കാരികയിൽ അൎത്ഥത്തെ "**സഹൃദയശ്ലാഘ്യം**" എന്നു വിശേഷിപ്പിച്ചിരിക്കുന്നതു്. 'അൎത്ഥ്യതേ—ഗമ്യതേ—ജ്ഞായതേ ഇത്യൎത്ഥഃ' എന്ന വ്യുൽപത്തിപ്രകാരം ജ്ഞായമാനത്വമായ അൎത്ഥത്വരൂപധൎമ്മമവലംബിച്ചു് അൎത്ഥം ഒന്നു തന്നെയെങ്കിലും അതിന്നു രണ്ടംശമുള്ളതായി സൂക്ഷ്മദൃഷ്ട്യാ വിവേകികൾക്കു വിഭാഗിക്കാവുന്നതാണു്. അങ്ങിനെ വിഭാഗിക്കുന്നതിലേക്കു ഏതാണ്ടൊരു വിശേഷം കൂടാതെ കഴികയില്ല. ആ വിശേഷം പ്രതീയമാനത്വം തന്നെയാണു്. പ്രതീയമാനമായ ഈ അംശം സ്വസാന്നിദ്ധ്യത്താൽ ശരീരപിണ്ഡത്തിന്നു് ആത്മാവെന്നപോലെ കാവ്യത്തിന്നു ശ്ലാഘ്യത്വാപാദകമാകയാൽ ആത്മാവായി ഗണിക്കപ്പെടുന്നു. ചാൎവ്വാകന്മാർ ആത്മാവിനെ ശരീരത്തിൽനിന്നു വേറെയായി വിവേചിച്ചറിയാത്തതുപോലെ അവിവേകികൾ വ്യംഗ്യത്തെ വാച്യത്തിൽനിന്നു വേറെയായി കാണുന്നില്ല എന്നു മാത്രം. ഈ അഭിപ്രായത്തിന്മേലാണു് "**അൎത്ഥം**" എന്നിങ്ങിനെ ഒന്നായിട്ടെടുത്തു് "**സഹൃദയശ്ലാഘ്യം**" എന്ന വിശേഷണദ്വാരാ ആത്മഭാവഹേതു ഉപന്യസിച്ചുകൊണ്ടു് അപോദ്ധാരദൃഷ്ട്യാ അൎത്ഥസാമാന്യത്തിന്നു രണ്ടംശമുണ്ടെന്നു പറഞ്ഞിരിക്കുന്നതു്. അല്ലാതെ, രണ്ടുവിധം അൎത്ഥവും ആത്മാവാണെന്നു് ഉദ്ദേശിച്ചുകൊണ്ടല്ല. ആകയാൽ, **അൎത്ഥം**=അൎത്ഥസാമാന്യം, **സഹൃദയശ്ലാഘ്യം**=സഹൃദയന്മാരുടെ ശ്ലാഘയെ അർഹിക്കത്തക്ക വിശേഷത്തോടു കൂടിയതായിട്ടു്, **കാവ്യാത്മാവായ് വ്യവ**

ലളിതോചിതസന്നിവേശചാരുവായ ശരീരത്തിന്നെന്നപോലെ കാവ്യത്തിന്നു സാരരൂപവും സഹൃദയശ്ലാഘ്യവുമായി ആത്മാവായി വർത്തിക്കുന്ന അർത്ഥം യാതൊന്നോ അതിന്നു വാച്യമെന്നും പ്രതീയമാനമെന്നും രണ്ടു വകഭേദമുണ്ട്.

സ്ഥിതം=കാവ്യാത്മാവായി പ്രതിഷ്ഠയെ പ്രാപിച്ചിരിക്കുന്നു. (അതിനാൽ) **വാച്യം പ്രതീയമാനാഖ്യം**=വാച്യമെന്നും പ്രതീയമാനമെന്നും, **അതിൻ ഭേദദ്വയം**=അർത്ഥസാമാന്യത്തിനുള്ള രണ്ടു വക ഭേദമായി, **സ്മൃതം**=ബുധപരിവൃഢന്മാരാൽ സ്മരിക്കപ്പെട്ടിരിക്കുന്നു—ഗണിക്കപ്പെട്ടിരിക്കുന്നു എന്നു കാരികയ്ക്കു് അന്വയാർത്ഥം കണ്ടുകൊൾക. അതായതു്,—

"വാച്യംപ്രതീയമാനാഖ്യം അർത്ഥേ ഭേദദ്വയം സ്മൃതം
അന്ത്യം സഹൃദയശ്ലാഘ്യം കാവ്യാത്മാവായ് വ്യവസ്ഥിതം."

എന്നായാൽ അന്വയാർത്ഥം എപ്രകാരമോ അപ്രകാരം കണ്ടുകൊള്ളേണമെന്നു താൽപര്യം.

"ലളിതോചിത—" ഇത്യാദിയാൽ 'വൃത്തി'യിൽ കാരികയിലെ 'കാവ്യ'ശബ്ദം വ്യാഖ്യാനിക്കുന്നു. 'ലളിത'ശബ്ദത്താൽ ഗുണാലങ്കാരഗൃഹീതത്വം ബോധിപ്പിക്കപ്പെട്ടിരിക്കുന്നു. "കാവ്യം ഗ്രാഹ്യമലങ്കാരാൽ" എന്ന വാമനസൂത്രം കാൺക. "പ്രസിദ്ധൌചിത്യബന്ധം താൻ രസത്തിൻ ജീവനാഡിയാം" എന്ന പ്രമാണപ്രകാരം കാവ്യത്തിലെ ഔചിത്യം രസാഭിവ്യഞ്ജനസാമർത്ഥ്യരൂപമാകയാൽ 'ഉചിത' ശബ്ദംകൊണ്ടു രസധ്വനിക്കാണ് കാവ്യജീവിതത്വമെന്നു സൂചിപ്പിച്ചിരിക്കുന്നു. രസമില്ലെങ്കിൽ ഔചിത്യം ഏതിനെ അപേക്ഷിച്ചാണ് ഉദ്ഘോഷിക്കപ്പെടുക എന്നു ഭാവം. **"അർത്ഥം യാതൊന്നോ"** എന്നിങ്ങിനെയുള്ള അനുവാദത്താൽ സഹൃദയശ്ലാഘ്യത്വം പൂർവ്വപക്ഷിക്കും സമ്മതിക്കാതെ തരമില്ലെന്നും, **"അതിന്നു വാച്യ—"** ഇത്യാദിയാൽ അർത്ഥത്തിന്നു രണ്ടംശമുണ്ടായാലേ സഹൃദയശ്ലാഘ്യത്വം ഉപപന്നമാകൂ എന്നും കാണിച്ചിരിക്കുന്നു. **അതിന്നു്**=അർത്ഥസാമാന്യത്തിന്നു്. ഇതുയുംകൊണ്ടു്, 'ചാരുത്വഹേതുവാകയാൽ ധ്വനി ഗുണാലങ്കാരവ്യതിരിക്തമല്ല' എന്ന അനുമാനം യുക്തമല്ല. ധ്വനി ആത്മരൂപമാകകൊണ്ടു് 'ചാരുത്വഹേതുവാകയാൽ' എന്ന ഹേതു

അതിൽ പ്രസിദ്ധമാം വാച്യം
അന്യൈരാലുപമാദിയായ്
ബഹുധാ വ്യാകൃതം വിസ്ത-
രിക്കുന്നില്ലതിനാലിഹ. (3)

അന്യരാൽ=കാവ്യലക്ഷണകാരന്മാരായ ഭട്ടോദ്ഭടാദികളാൽ. യഥോപയോഗം അനുവദിക്കുന്നതേയുള്ളു.

അസിദ്ധമാണ്. ആത്മാവ് ശരീരത്തിന്നു കടകകുണ്ഡലാദിപോലെ ചാരുത്വഹേതുവല്ലല്ലോ. അഥവാ, ശോഭാഹേതുവാണെന്നു ശഠിക്കുന്നുവെങ്കിൽ തുല്യന്യായത്താൽ ഗുണാലങ്കാരഭിന്നമായ വാച്യം കൂടി ശോഭാഹേതുവാണെന്നും സാദ്ധ്യാഭാവവത്തും വിപക്ഷരൂപവുമായ വാച്യത്തിൽക്കൂടി ശോഭാഹേതുത്വമായ ഹേതു ഉള്ളതുകൊണ്ട് ആ ഹേതു അനൈകാന്തികമാണെന്നും വരും. സാദ്ധ്യാഭാവവദ്വൃത്തിത്വമാണല്ലോ അനൈകാന്തികത്വം. അലങ്കാര്യവും ഗുണിയുമായ വാച്യം അലങ്കാരമോ ഗുണമോ അല്ലെന്നുള്ളതുകൊണ്ട വാച്യം ഗുണാലങ്കാരഭിന്നം തന്നെയാകുന്നു. ഗുണാലങ്കാരാഭേദമാണ് സാദ്ധ്യം. അതു് ഗുണാലങ്കാരഭിന്നമായ വാച്യത്തിൽ ഇല്ലാത്തതിനാൽ വാച്യം സാദ്ധ്യാഭാവവത്തായ വിപക്ഷമായി. ഗുണാലങ്കാരാഭേദസാധകമായി ഉപന്യസിച്ച ശോഭാഹേതുത്വരൂപഹേതുവാകട്ടെ സാദ്ധ്യാഭാവവത്തായ വാച്യത്തിൽ വത്തിക്കുന്നതുകൊണ്ട് അനൈകാന്തികവുമായി. . അങ്ങിനെയുള്ള ദുഷ്ട ഹേതുവിനെക്കൊണ്ടുള്ള അനുമാനം സ്വീകാര്യമാകയില്ല' എന്നു സാധിച്ചുകഴിഞ്ഞു. ആകയാൽ, കാരികയിലെ വാച്യാംശോപക്ഷേപം ഭൂമികാരചനത്തിനായി മാത്രമല്ല ഹേതുവിൽ അനൈകാന്തികത്വോദ്ഭാവനത്തിന്നു കൂടിയാണെന്നു ധരിക്കണം.

വാച്യത്തെക്കുറിച്ചു പ്രകൃതഗ്രന്ഥത്തിൽ വിസ്തരിക്കാതിരിപ്പാനുള്ള കാരണം കാണിക്കുന്നു. "അതിൽ—" എന്ന കാരികയാൽ.

അതിൽ=സാമാന്യമായി അത്ഥത്തിന്നു രണ്ടംശമുണ്ടെന്നുള്ളതിൽ, **പ്രസിദ്ധം**=ഉദ്യാനം, ചന്ദ്രോദയമെന്നിവപോലെ ലൌകികം, **ഉപമാദിയാൽ**=ഉപമ, ഉൽപ്രേക്ഷ, രൂപകം മുതലായ അലങ്കാരം വഴിക്ക്, **ബഹുധാ വ്യാകൃതം**=വളരെ തരത്തിൽ വിസ്തരിച്ചു

പ്രതീയമാനം പരമന്യവസ്തു
കവീന്ദ്രർതൻ വാക്കിൽ വിളങ്ങിടുന്നു
ലാവണ്യമൊന്നംഗനമാരിലെന്ന
പോലെ പ്രസിദ്ധാവയവാതിരിക്തം. (4)

മഹാകവികളുടെ വാക്കിൽ വാച്യത്തിൽനിന്നു വ്യതിരിക്തവും

നിരൂപിക്കപ്പെട്ടിട്ടുണ്ട്. 'വൃത്തി'യിൽ "**കാവ്യലക്ഷണകാരന്മാരായ**" ഇത്യാദി കാരികയിലെ "**അന്യരാൽ**" എന്നതിൻെറ വ്യാഖ്യാനമാകുന്നു. "**വിസ്തരിക്കുന്നില്ലതിനാലിഹ**" എന്നിങ്ങിനെ വിവരണനിഷേധത്താൽ അനുവാദം അർത്ഥസിദ്ധമാണെന്നു വിശദമാക്കുന്നു "**യഥോപയോഗം**" ഇത്യാദിയാൽ.

വാച്യാതിരിക്തമായി പ്രതീയമാനമായ വസ്തു അനുഭവസിദ്ധമാകയാൽ ഉള്ളതുതന്നെയാണെന്നു സദൃഷ്ടാന്തം പ്രതിപാദിക്കുന്നു "**പ്രതീയമാനം—**" എന്ന കാരികയാൽ.

അംഗനമാരിൽ=മനോഹരകളായ യുവതികളിൽ, **പ്രസിദ്ധാവയവാതിരിക്തം**=പ്രസിദ്ധങ്ങളായ അവയവങ്ങളിൽ നിന്നു ഭിന്നമായ, **ലാവണ്യമൊന്നെന്നപോലെ**=ലാവണ്യമെന്ന വിശിഷ്ടപദാർത്ഥംപോലെ, **കവീന്ദ്രർതൻ വാക്കിൽ**=മഹാകവികളുടെ വാക്കിൽ—ഉത്തമകാവ്യങ്ങളിൽ, **പ്രതീയമാനം**=വ്യംഗ്യമെന്നുള്ള, **പരം**=സാരഭൂതവും, **അന്യവസ്തു**=വാച്യത്തെ അപേക്ഷിച്ചു ഭിന്നവുമായ അർത്ഥം, **വിളങ്ങിടുന്നു**=പ്രകാശിച്ചിടുന്നു എന്നു് അന്വയാർത്ഥം.

"**പരം**" "**അന്യ**" എന്നീവിശേഷണങ്ങളെക്കൊണ്ടു യഥാക്രമം വ്യംഗ്യത്തിന്നു വാച്യാപേക്ഷയാ വിഷയഭേദവും സ്വരൂപഭേദവും കാണിച്ചിരിക്കുന്നുവെന്നുകൂടി ധരിക്കണം. വൃത്തിയിൽ "**മഹാകവികളുടെ**" എന്നതു കാരികയിലെ "**കവീന്ദ്രർതൻ**" എന്നതിൻെറ വ്യാഖ്യാനമാണ്. ബഹുവചനത്താൽ അശേഷവിഷയവ്യാപകത്വം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. **മഹാകവികളുടെ വാക്കിൽ പ്രതീയമാനമായ വസ്തു വിളങ്ങിടുന്നു**—മഹാ

പ്രതീയമാനസ്വരൂപവുമായ ഒരു വസ്തുവുണ്ട്. അതു് സഹൃദയഹൃദയ സുപ്രസിദ്ധവും, പ്രസിദ്ധങ്ങളായ—അലംകൃതങ്ങളും പ്രതീതങ്ങളുമായ, അവയവങ്ങളിൽനിന്നു ഭിന്നവുമായി അംഗനകളിൽ ലാവണ്യമെന്നപോലെ പ്രകാശിക്കുന്നു. എങ്ങിനെ അംഗനകളിൽ ലാവണ്യം വെവ്വേറെ

കവിയെന്ന വ്യപദേശംതന്നെ പ്രതീയമാനാൎത്ഥപ്രാണിതമായ കാവ്യം നിൎമ്മിക്കുവാൻ സമൎത്ഥമായ പ്രതിഭാവൈശിഷ്ട്യത്താലാണു് സിദ്ധിക്കുന്നതെന്നു ഭാവം. **വിളങ്ങിടുന്നു**=പ്രകാശിക്കുന്നു—പ്രതീതിവിഷയമാകുന്നു. പ്രസിദ്ധാൎത്ഥവ്യതിരിക്തവും സാരഭൂതവുമായ വസ്തു സത്തുതന്നെയാണു്. അതിന്റെ സത്തയെപ്പററി ആശങ്കയ്ക്കവകാശമില്ല. അത്യന്തമസത്തായ—തീരെ ഇല്ലാത്ത—വസ്തുവിന്നു ഭാനമുണ്ടാവുന്നതല്ല. ശുക്തിയിൽ തോന്നുന്ന രജതം അന്യത്ര വിദ്യമാനമാകയാൽ അത്യന്തമസത്തല്ല. അതിനാൽ, 'യാതൊന്നിന്നു ഭാനമുണ്ടോ അതിന്നു സത്തയുമുണ്ടു്' എന്നിങ്ങിനെ ഭാനത്തിന്നും സത്തയ്ക്കും വ്യാപ്തിയെ പ്രദൎശിപ്പിച്ചുകൊണ്ടു പ്രതീയമാനാൎത്ഥത്തിന്റെ സത്തയെ സാധിക്കുന്നതിലാണു് പ്രകൃതകാരികയ്ക്കു താല്പൎയ്യമെന്നു ധരിക്കണം. 'പ്രസിദ്ധധൎമ്മിയായ വാച്യം തദ്വ്യതിരിക്തമായ പ്രതീയമാനത്തോടുകൂടിയതാകുന്നു; അപ്രകാരം ഭാസിക്കുന്നതിനാൽ; ലാവണ്യവിശിഷ്ടമായ അംഗനാംഗംപോലെതന്നെ' എന്നിങ്ങിനെ അനുമാനപ്രയോഗം കണ്ടുകൊൾക. കാരികയിലെ "**പ്രസിദ്ധ**"ശബ്ദത്തിന്നു് അലംകൃതമെന്നും സൎവ്വപ്രതീതമെന്നുമാണൎത്ഥം. അതുകൊണ്ടാണു്, 'വൃത്തി'യിൽ '**അലംകൃതങ്ങളും പ്രതീതങ്ങളും**' എന്നു '**പ്രസിദ്ധ**'ശബ്ദത്തെ വ്യാഖ്യാനിച്ചു കാണിച്ചിരിക്കുന്നതു്. ഉപമാനമായ ലാവണ്യത്തിന്നും തദ്ദ്വാരാ ഉപമേയമായ പ്രതീയമാനത്തിന്നുമുള്ള ചമല്കാരസാരതയെ പ്രകടിപ്പിക്കുവാനായി 'കാരിക'യിൽ പ്രയോഗിച്ചിരിക്കുന്ന അവ്യപദേശ്യത്വപരമായ '**ഒന്നു്**' എന്ന പദം അംഗലാവണ്യങ്ങളിലും അതുപോലെ വാച്യപ്രതീയമാനങ്ങളിലും ഉള്ള അന്യോന്യസംവലനകൃതമായ ഐക്യഭ്രമത്തെ എടുത്തു കാണിക്കുന്നു. ഈ ആശയത്തെത്തന്നെയാണു് 'വൃത്തി'യിൽ "**ഏതാണ്ടൊരു**" എന്ന പദംകൊണ്ടു വ്യക്തമാക്കിയിരിക്കുന്നതു്. ലാവണ്യമെന്നതു് അവയവസന്നിവേശാഭിവ്യംഗ്യവും അവയവവ്യതിരിക്തവുമായ ധൎമ്മാന്തരമാകുന്നു. അല്ലാതെ അവയവങ്ങളുടെ നിൎദ്ദോഷതയോ ഭൂഷണയോഗമോ അല്ല. അവ

നിർവ്വർണ്ണ്യമാനങ്ങളായ സർവ്വാവയവങ്ങളിൽനിന്നു വ്യതിരിക്തവും സഹൃദയലോചനാമൃതവുമായ ഏതാണ്ടൊരു തത്വാന്തരമോ അങ്ങിനെതന്നെയാണ് ആ അത്ഥവും. ആ അത്ഥം വാച്യസാമത്ഥ്യത്താൽ ആക്ഷിപ്തമായ വസ്തുമാത്രം, അലങ്കാരം, രസാദി എന്നിങ്ങിനെ അനേക പ്രഭേദങ്ങളാൽ ഭിന്നാഭിന്നമാണെന്നു കാണിപ്പാൻ പോകുന്നതുമുണ്ട്. ഇങ്ങിനെയുള്ള സവ്വഭേദങ്ങളിലും അതു വാച്യാതിരിക്തം തന്നെയാണു താനും. അതായത്:—

യവങ്ങൾക്കൊന്നിനും യാതൊരു ദോഷമില്ലാത്തവളും അലംകൃതയുമായ യുവതിയെ ലാവണ്യശൂന്യയെന്നും കാണത്വാദിദോഷവിശിഷ്ടയും അനലംകൃതയുമായ വരവർണിനിയെ ലാവണ്യവതിയെന്നും സഹൃദയന്മാർ പറഞ്ഞുകാണുന്നുണ്ടല്ലോ. അതിനാൽ, ലാവണ്യം നിർദോഷതയോ അലങ്കാരശോഭയോ അല്ലെന്നു തീർച്ച്യയാകുന്നു. അതുകൊണ്ടാണ്,—

"പ്ലവമാനമിവാഭാതി യദംഗം കാന്തിപാഥസി
മനഃപ്രഹ്ലാദജനനം തല്ലാവണ്യമിതി സ്മൃതം."
"മുക്താഫലേഷു ച്ഛായായാ സ്തരളത്വമിവാന്തരാ
പ്രതിഭാതി യദംഗേഷു തല്ലാവണ്യമിഹോച്യതേ."

എന്നും മററും ലാവണ്യത്തിന്നു ലക്ഷണം പറഞ്ഞുകാണുന്നത്.

ആട്ടെ, 'ലാവണ്യം അവയവവ്യതിരിക്തമാണെന്നതു് പ്രസിദ്ധംതന്നെ. അതു് എല്ലാവൎക്കമറിയാം. പ്രതീയമാനമെന്നതാകട്ടെ എന്താണെന്നുപോലും മനസ്സിലാവുന്നില്ല. ഈ സ്ഥിതിക്ക്, വ്യതിരേകപ്രഥ ദൂരാപാസ്തമാകയാൽ, അപ്രകാരം ഭാസിക്കുക, അതായതു്—'തഥാഭാസമാനത്വ'മെന്ന ഹേതു അസിദ്ധമാണല്ലോ' എന്നുള്ള ആശങ്കയെ മനസ്സിൽ വെച്ചുകൊണ്ടു 'വൃത്തി'യിൽ "ആ അത്ഥം" ഇത്യാദിയാൽ പ്രതീയമാനസ്വരൂപം പ്രതിപാദിക്കുന്നു. "ഇങ്ങിനെയുള്ള സവ്വഭേദങ്ങളിലും" ഇത്യാദിയാൽ വ്യതിരേകപ്രഥയെ സമത്ഥിക്കുന്നു. പ്രതീയമാനം രണ്ടുവിധത്തിലാകുന്നു. ഒന്നു ലൌകികം മററൊന്നു കാവ്യവ്യാപാരമാത്രഗോചരം. അതിൽ ലൌകികം ചിലപ്പോൾ സ്വശബ്ദവാച്യമാകുന്നതാണ്. അതു വിധിനിഷേധാദ്യനേകപ്രകാരവുമാകുന്നു. അതും സാമാന്യമായി രണ്ടുവിധത്തിലാണ്. യാതൊന്നു ധ്വനിദശയിൽ വാച്യത്തിന്നു് അംഗം—ഉപസ്കാരകം—അല്ലായ്കയാൽ അനലങ്കാരരൂപ

അതിൽ ആദ്യത്തെ വകഭേദം തന്നെ വാച്യത്തിൽനിന്നു വളരെ വിഭിന്നമാകുന്നു. ചിലപ്പോൾ വാച്യം വിധിരൂപമായിരിക്കെ, വ്യംഗ്യം പ്രതിഷേധരൂപമായിരിക്കും.

മാണെങ്കിലും പൂർവ്വദശയിൽ ഉപമാദിരൂപത്തിൽ അലങ്കാരഭാവമനുഭവിച്ചിരിക്കുന്നുവോ അതിനെ പ്രത്യഭിജ്ഞാനവശാൽ ബ്രാഹ്മണശ്രമണന്യായമനുസരിച്ച് അലങ്കാരധ്വനിയെന്നു പറയും. അലങ്കാരഭാവത്തോടുകൂടാത്തതിനെ വസ്തുമാത്രമെന്നും പറയും. മാത്രശബ്ദംകൊണ്ടു് ഉപമാദ്യലങ്കാരരൂപത്വം നിരസിച്ചിരിക്കുന്നു. രസം ഒരിക്കലും സ്വശബ്ദവാച്യമോ ലൌകികവ്യവഹാരപതിതമോ ആകയില്ല. സമുചിതശബ്ദങ്ങളാലോ ചതുർവ്വിധങ്ങളായ അഭിനയസാമഗ്രികളാലോ സമർപ്യമാണങ്ങളും ഹൃദയസംവാദസുന്ദരങ്ങളും ആയ വിഭാവാനുഭാവങ്ങൾക്കു സമുചിതവും ജന്മപ്രഭൃതി ആത്മാവിൽ നിലീനവും ആയ രത്യാദിവാസനയുടെ രംജനംകൊണ്ടു സുകുമാരമായ സ്വസംവിത്തിയുടെ ആനന്ദഘനവും ചർവ്വണാരൂപവുമായ വ്യാപാരത്താൽ രസനീയസ്വരൂപമായ രസം യാതൊന്നോ അതുതന്നെയാണ് കാവ്യവ്യാപാരഗോചരമായ രസധ്വനി. സർവ്വഥാ ധ്വന്യമാനമാകയാൽ അതുതന്നെയാണ് മുഖ്യമായ കാവ്യാത്മാവ്. ഭട്ടനായകന്റെ "കാവ്യേംശത്വം ന രൂപതാ" എന്ന ധ്വന്യാത്മത്വനിഷേധം വസ്ത്വലങ്കാരധ്വനികൾക്കു പക്ഷേ വിഷയമാകാമെന്നല്ലാതെ രസധ്വനിക്ക് ഒരുവിധത്തിലും ബാധകമാകുന്നതല്ല. രസചർവ്വണാത്മകമായ തൃതീയാംശം അഭിധ, ഭാവന എന്നീ രണ്ടിൽനിന്ന് ഉത്തീർണമാണെന്ന് ഭട്ടനായകനും സമ്മതിച്ചിട്ടുള്ളതാണ്. ധ്വനിവാദികളുടെ പക്ഷത്തിലും വസ്ത്വലങ്കാരധ്വനികൾക്കു മുഖ്യമായ ആത്മത്വം വിവക്ഷിച്ചിട്ടില്ല. രസധ്വനിയെപ്പോലെ അവയും വാച്യസാമർത്ഥ്യാക്ഷിപ്തങ്ങളാകകൊണ്ടും വാച്യാപേക്ഷയാ അവയ്ക്കുള്ള ഉൽകർഷം ധ്വന്യമാനത്വകൃതമാകകൊണ്ടും സാജാത്യം നിമിത്തം ഔപചാരികമായ ആത്മത്വം പുരസ്കരിച്ചു സാമാന്യമായി ധ്വനി കാവ്യാത്മാവാണെന്നു പറഞ്ഞിരിക്കുന്നു എന്നേയുള്ളു. ത്രിവിധധ്വനികൾക്കും യോജിക്കുന്ന സാമാന്യലക്ഷണം വാച്യസാമർത്ഥ്യാക്ഷിപ്തത്വമെന്നുള്ളതാണല്ലോ. അഭിധയെന്നപോലെ വ്യംജനയും ശബ്ദവ്യാപാരമാണെങ്കിലും സർവ്വത്ര അർത്ഥസാമർത്ഥ്യം സഹകാരിയാവുന്നതിനാൽ ധ്വനിയൊക്കയും അർത്ഥസാമർത്ഥ്യാക്ഷിപ്തംതന്നെയാണ്.

എങ്ങിനെയെന്നാൽ:—

"ഹേ ധാർമ്മികപ്രവര, ലാത്തിടുകൊത്തവണ്ണം
നീ ധാർഷ്ട്യമോടുമിനിയാപ്പടുപട്ടിയെത്താൻ
ഗോദാവരീതടനികുഞ്ജനിവാസിയാകും
ആ ദാരുണൻ ഹരി ഹനിച്ചു മദിച്ചിദാനീം."

വിഭിന്നമെന്നതിലെ 'വി' എന്ന ഉപസർഗംകൊണ്ടും 'വളരെ' എന്ന വിശേഷണംകൊണ്ടും വിധിനിഷേധങ്ങൾ പരസ്പരവിരുദ്ധങ്ങളാകയാൽ അതിൽ ആക്കും വിപ്രതിപത്തിക്കവകാശമില്ലെന്നു കാണിച്ചിരിക്കുന്നു. അപ്രകാരം വിധിനിഷേധപരമായ ഉദാഹരണംകൊണ്ടു് ആദ്യം വാച്യവ്യംഗ്യങ്ങൾക്കുള്ള ആത്യന്തികഭേദം സ്പഷ്ടമാക്കുന്നു:—

ഹേ ധാർമ്മികപ്രവര=അല്ലയോ ധർമ്മചാരികളിൽ അഗ്രഗണ്യ, 'നിനക്കു നിത്യവും ദേവപൂജയ്ക്കായി പൂവു കൂടാതെകഴികയില്ല. വിശേഷിച്ചു നിന്നെപ്പോലെയുള്ളവർ പൂവും തളിരും എടുത്തുകൊണ്ടു പോകുന്നതുതന്നെ തരുലതാദികൾക്കു ജന്മസാഫല്യപ്രദമാകുന്നു. അതുകൊണ്ടു് അതിലേക്കായുള്ള ഇത്തരം സഞ്ചാരം എത്രയും യുക്തം തന്നെ' എന്നു ധാർമ്മികാദിസംബോധനതാൽപര്യം. ഇനി=ഇന്നുമുതൽ, **ധാർഷ്ട്യമോടും**=ധൃഷ്ടതയോടും—ധൈര്യത്തോടും, **'ഉം'** എന്നതു വിശ്വാസസമുച്ചായകം. **ഒത്തവണ്ണം**=ഇഷ്ടംപോലെ എല്ലാസ്ഥലത്തും, **ലാത്തിടുക**=മന്ദം സഞ്ചരിച്ചുകൊള്ളുക. അതിനുള്ള അവസരം ലഭിച്ചിരിക്കുന്നു. 'ഇതുനാളും നെഞ്ഞിടിപ്പോടുകൂടി നായ വരുന്നുണ്ടോ എന്നു് അങ്ങുമിങ്ങും തിരിഞ്ഞുനോക്കി മുമ്പിൽകണ്ട ഏതാനും ചില ചെടികളുടെ പൂവോ തളിരോ കയ്യിൽ കിട്ടിയതു ബദ്ധപ്പെട്ടു പറിച്ചുകൊണ്ടുപോകയാണല്ലോ പതിവു്. ഇപ്പോഴാകട്ടെ, പ്രതിബന്ധമൊന്നുമില്ലായ്കയാൽ യഥേച്ഛം പൂവും തളിരും സമാധാനത്തോടുകൂടെ സ്വച്ഛന്ദം സഞ്ചരിച്ചുകൊള്ളുക' എന്നു സാരം. **അപ്പടുപട്ടിയെത്താൻ**=ഒരുവിധത്തിലും ഇണങ്ങാത്ത ആ ഭയങ്കരനായ പട്ടിയെത്തന്നെ. 'താൻ' എന്നതിനാൽ, മററു വല്ലപട്ടിയേയുമായിരിക്കുമോ എന്നു ശങ്കിക്കേണ്ട ആവശ്യമില്ലെന്നു് ഉറപ്പുനല്കുന്നു. **ഗോദാവരീതടനികുഞ്ജനിവാസിയാകും ആ ദാരുണൻ ഹരി**=ഗോദാവരിക്കരയിലുള്ള വള്ളിക്കുടിലിൽ പാർപ്പുറപ്പിച്ചിട്ടുള്ള

ക്രൂരനായ ആ സിംഹം—കർണാകർണികയായി നീ കേട്ടിട്ടുള്ള ആ സിംഹം. സങ്കേതസ്ഥലം നിർബാധമായിരിക്കാൻവേണ്ടി നായിക തന്ത്രത്തിൽ അങ്ങിനെ ഒരു പ്രവാദം പരത്തി ധാർമ്മികനെ ബോധിപ്പിച്ചിട്ടുണ്ടെന്നു സാരം. **ഹനിച്ചു**=കൊന്നു, **മദിച്ചു**=മദമിളകി, **ഇദാനീം**=ഇതാ ഇപ്പോൾതന്നെ. 'സ്വതേ ക്രൂരനായ ആ സിംഹം ഇപ്പോൾ മദമിളകുകയാൽ ഗോദാവരീതീരത്തിലുള്ള തൻെറ ഗുഹവിട്ടു പുറത്തിറങ്ങി നായയേയും മററും കൊന്നുകൊണ്ടു നടക്കയാൽ ആ ലതാകുഞ്ജത്തിൻെറ പരിസരപ്രദേശങ്ങളിൽപ്പോലും ചെല്ലരുതു്' എന്നു പ്രകൃതപദ്യത്തിലെ ധ്വനിരൂപമായ അർത്ഥം.

ജീവിതസർവ്വസ്വംപോലെ ഗോപ്യമായി വെച്ചിരിക്കുന്ന തൻെറ സങ്കേതസ്ഥാനത്തെ പൂവും തളിരും പറിക്കാനായി സഞ്ചരിക്കുന്ന ധാർമ്മികനിൽനിന്നു രക്ഷിക്കാനായി ഒരു തരുണി പറയുന്നതാണ് പ്രകൃതപദ്യം. അതിൽ സ്വതസ്സിദ്ധമായ ഭ്രമണം ശ്വഭയത്താൽ പ്രതിഷിദ്ധമാകയാൽ 'ലാത്തിടുക' എന്നതു നിഷേധാഭാവരൂപമായ പ്രതിപ്രസവം മാത്രമാണ്. അല്ലാതെ പ്രൈഷാദ്യാത്മകമായ നിയോഗരൂപത്തിലുള്ള വിധിയല്ല. അപ്രവൃത്തപ്രവർത്തനാത്മകവും പ്രധാനവുമായ നിയോഗത്തെയാണ് മുഖ്യമായി വിധിയെന്നു പറയുന്നതു്. പ്രവർത്തിക്കുന്നവനെ അപേക്ഷിച്ച് ഉൽകൃഷ്ടനോ സമനോ നികൃഷ്ടനോ ആയ പ്രവർത്തകനാൽ പ്രയോഗിക്കപ്പെടുന്ന ആ നിയോഗം യഥാക്രമം പ്രൈഷം ആമന്ത്രണം അദ്ധ്യേഷണം എന്നിങ്ങിനെ മൂന്നായി വ്യപദേശിക്കപ്പെടുന്നു.

"കാർയ്യമേവ ഹി വക്തൄണാം ജ്യായസ്സമകനീയസാം
പ്രവർത്ത്യാപേക്ഷയാ ഭേദാൽ പ്രൈഷാദിവ്യപദേശഭാക്"

എന്ന പ്രമാണം കാണുക.

ഇങ്ങിനെ മൂന്നുതരത്തിലുള്ള അപ്രവൃത്തപ്രവർത്തനരൂപമായ വിധി, പ്രവൃത്തനായ ധാർമ്മികനിൽ ഘടിക്കയില്ലെന്നുള്ളതു തീർച്ചയാണല്ലോ. ആകയാൽ, 'ലാത്തിടുക' എന്നതു വിധിയല്ല, പ്രതിപ്രസവം മാത്രമാകുന്നു. സാമാന്യനിലയിൽ പ്രതിഷേധിക്കപ്പെട്ടതിനെ വീണ്ടും വിശേഷവിഷയത്തിൽ സമ്മതിക്കയാണ് പ്രതിപ്രസവം. പ്രകൃതത്തിൽ പട്ടിയിലുള്ള പേടികൊണ്ടു തടയപ്പെട്ടിരിക്കുന്ന ലാത്തൽ വീണ്ടും

തുടരാനുള്ള അഭ്യനുജ്ഞാനമാണ് 'ലാത്തിട്ടുക' എന്നതുകൊണ്ടു ബോധിപ്പിക്കുന്നതു്. അതു നിഷേധാഭാവരൂപവുമാണ്. അത്ഥാന്തരമാകട്ടെ, 'ഇതുവരെ പട്ടിയെ ഉണ്ടായിരുന്നുള്ളു; ഇപ്പോഴാകട്ടെ, മദിച്ച സിംഹംതന്നെ വന്നിരിക്കുന്നു. അതുകൊണ്ടു്, വള്ളിക്കുടിലുകളുടെ പരിസരപ്രദേശങ്ങളിൽപ്പോലും കാലെടുത്തുവെക്കരുതു്' എന്നിങ്ങിനെ നിഷേധവുമാകുന്നു. പരസ്പരവിരുദ്ധങ്ങളായ ഭാവതദഭാവങ്ങാംക്കു് ഒരേസമയത്തു വാച്യത്വം സംഭവിക്കയില്ലെന്നതു തീച്ച്യയാണ്.

"വിശേഷ്യം നാഭിധാ ഗച്ഛേൽ ക്ഷീണശക്തിർവിശേഷണേ"

'വിശേഷണാത്ഥബോധനത്താൽ ക്ഷീണശക്തിയായ അഭിധ വീണ്ടും വിശേഷ്യാത്ഥത്തെ സ്പശിക്കയില്ല' എന്ന നയപ്രകാരം അഭിധയ്ക്കു വിരമ്യബോധനം സംഭവിക്കയില്ലായ്കയാൽ ക്രമേണ ഭാവതദഭാവബോധകത്വവും സുവചമല്ല.

ആട്ടെ, ഭ്രമണനിഷേധം, താൽപയ്യശക്തിബോദ്ധ്യമായിരിക്കെ, വാച്യാതിരിക്തമാകുന്നതെങ്ങിനെ? താൽപയ്യസ്വരൂപമായ ശക്തിയാണ് താൽപയ്യശക്തി; താൽപയ്യം തൽപരത; അതായതു്, വാക്യാത്ഥപരത. വാക്യം പ്രയോഗിക്കുന്നതു പ്രധാനമായി യാതൊരു കായ്യം ബോധിപ്പിക്കണമെന്നുദ്ദേശിച്ചാണോ ആ കായ്യംതന്നെയാണ് വാക്യാത്ഥം. യാതൊന്നു വിശ്രാന്തിസ്ഥാനഭൂതമോ അതുതന്നെയല്ലേ വാക്യാത്ഥം? പ്രകൃതത്തിൽ അതു ഭ്രമണനിഷേധംതന്നെയാണ്. വക്താവിന്റെ വിവക്ഷ അതിലായിരിക്കെ താദൃശാത്ഥം ബോധിപ്പിക്കാതെ താൽപയ്യശക്തി ഉപരതയാകയുമില്ല. വാക്യാത്ഥത്തിൽത്തന്നെയാണല്ലോ തൽപരമായ വചനത്തിന്നു പയ്യവസാനം. അതില്ലെങ്കിൽ തൽപരത്വോക്തിതന്നെ അസംഗതമാകും. ആകയാൽ, താൽപയ്യശക്തിബോദ്ധ്യമായ നിഷേധം വാച്യാത്ഥംതന്നെയാകുന്നു. അഥവാ, 'വാക്യാർത്ഥമെന്നതു വിശിഷ്ടാവസ്ഥയോടുകൂടിയ പദാർത്ഥംതന്നെയാണ്. നിഷേധമാകട്ടെ നിഷേധപദമില്ലായ്കകൊണ്ടു പദാർത്ഥമല്ലായ്കയാൽ അതിന്നു വാച്യാത്ഥത്വം ഘടിക്കയില്ല' എന്നു ശങ്കിക്കുന്നുവെങ്കിൽ, അതു വാച്യാത്ഥമാകേണ്ട ലക്ഷ്യാർത്ഥമായിക്കൊള്ളട്ടെ. "ലാത്തിട്ടുക" എന്ന പദംകൊണ്ടു ബോധിപ്പിക്കപ്പെടുന്ന ലക്ഷ്യാർത്ഥം പദാത്ഥംതന്നെയാണല്ലോ. നിഷേധപയ്യന്തം വിവക്ഷയുള്ളതുകൊണ്ട്

*അഭിഹിതാന്വയവാദികളുടെ പക്ഷത്തിൽ അപര്യവസിതയായ താൽപര്യശക്തിതന്നെ വിരോധനിമിത്തകമായ വിപരീതലക്ഷണയെ അവലംബിച്ചു് വാക്യാർത്ഥീഭൂതമായ നിഷേധപ്രതീതിയെ ജനിപ്പിക്കുന്നുവെന്നും അതുകൊണ്ടു് അഭിധാവ്യാപാരമൂലകമായ താൽപര്യശക്തിയാലാണു് നിഷേധപ്രതീതി എന്നും എന്തുകൊണ്ടു പറഞ്ഞുകൂടാ? 'ഇതുകൊണ്ടു് ഇതാണു് പറഞ്ഞിരിക്കുന്നതു്'' എന്നല്ലേ ലോകവ്യവഹാരം എന്നിങ്ങിനെ ആശങ്കിക്കുന്നുവെങ്കിൽ, പറയാം:--അഭിധ, താൽപര്യം, ലക്ഷണ എന്നു മൂന്നാണല്ലോ വ്യാപാരം. അതിൽ അഭിധാവ്യാപാരം സാമാന്യാംശത്തിൽ മാത്രമാണു്. സങ്കേതമപേക്ഷിച്ചുകൊണ്ടുള്ള അർത്ഥാവഗമനശക്തിയാണഭിധ. സങ്കേതമാകട്ടെ, സാമാന്യാംശത്തിൽ മാത്രമാണു്; വിശേഷാംശത്തിലില്ല. വിശേഷങ്ങളനന്തങ്ങളാകയാൽ ഓരോവിശേഷത്തിലും സങ്കേതകരണം അശക്യമാണു്. എന്നുമാത്രമല്ല, സങ്കേതഗ്രഹം ഏതാനുമൊരുവിശേഷത്തിലാണെങ്കിൽ വിശേഷാന്തരത്തിൽ സങ്കേതമില്ലായ്കകൊണ്ടു ശബ്ദം അബോധകമാണെന്നാവും. ആകയാൽ, ആനന്ത്യത്താലും വ്യഭിചാരത്താലും സങ്കേതം വിശേഷത്തിൽ ശക്യമല്ല. അതുകൊണ്ടു്, †"സാമാന്യാന്യന്യഥാസിദ്ധേർവിശേഷം ഗമയന്തി ഹി" എന്ന ന്യായപ്രകാരം പരസ്പരാന്വിതവും വിശേഷരൂപവുമായ വാക്യാർത്ഥത്തിൽ താൽപര്യശക്തിയാകുന്നു. ഈ സ്ഥിതിക്കു്, താൽപര്യശക്തിയാൽ ബോധിക്കപ്പെടുന്നതു് അന്വയം മാത്രമാകയാൽ ദ്വിതീയകക്ഷ്യയിൽ 'ലാത്തിടുക' എന്ന വിധിയാണു് അവഗതമാകുന്നതു്. അതു വാച്യാർത്ഥമാണു് ലക്ഷ്യമല്ല. 'കല്യാണമഹാൽ കാവേരിയിലാകുന്നു' 'ഇവൻ സിംഹ'മാണു് ഇത്യാദിസ്ഥലത്തു യോഗ്യതയില്ലായ്കയാൽ അന്വയപ്രതീതി ഉണ്ടാവുമ്പോൾത്തന്നെ ബാധിക്കപ്പെടുന്നു. പ്രകൃതസ്ഥലത്താകട്ടെ, 'ഹേ ധാർമ്മിക നിന്റെ

*അഭിഹിതാന്വയവാദം—പദാഭിഹിതങ്ങളായ പദാർത്ഥങ്ങൾക്കാണന്വയം. ആ അന്വയരൂപമാണു് വാക്യാർത്ഥം. അതിന്റെ ബോധനത്തിൽ ശബ്ദത്തിനുള്ള വ്യാപാരം താൽപര്യശക്തി എന്നു് അഭിഹിതാന്വയവാദസാരം.

†സാമാന്യാനി=പദപ്രതിപാദിതങ്ങളും സാമാന്യരൂപങ്ങളുമായ പദാർത്ഥങ്ങൾ, അന്യഥാസിദ്ധേഃ=പദാർത്ഥപ്രതീതികൊണ്ടുമാത്രം ഉദ്ദേശസിദ്ധി വരായ്കയാൽ, വിശേഷം ഗമയന്തിഹി=വിശിഷ്ടരൂപമായ വാക്യാർത്ഥം ബോധിപ്പിക്കുന്നു.

"പദാർത്ഥാൻ പ്രതിപാദ്യൈവ നിവർത്തന്തേ പദാന്യതഃ
പദാർത്ഥാ ഏവ സംസർഗം ബോധയന്ത്യസമഞ്ജസാ."

എന്ന അഭിയുക്തവചനവും തന്മൂലകമാകുന്നു.

ലാത്തലിന്നു പ്രതിബന്ധകമായ ആ നായ സിംഹത്താൽ ഹനിക്കപ്പെട്ടു. അതിനാൽ, ഇപ്പോഠം പ്രതിബന്ധം നീങ്ങുകകൊണ്ടു് ഒത്തവണ്ണം ലാത്തുക' എന്നിങ്ങിനെ അന്വയം നിർബാധമായിരിക്കുന്ന സ്ഥിതിക്കു്, മുഖ്യാൎത്ഥത്തിന്നു ബാധമില്ലായ്കയാൽ വിപരീതലക്ഷണയ്ക്കു പ്രസക്തിയില്ല. അഥവാ, വിപരീതലക്ഷണ ഉണ്ടെന്നിരിക്കട്ടെ—വക്തൃവിഷയമായ ഔചിത്യമനുസരിച്ചു് അന്വയക്ഷത്യവഭാസരൂപമായ മുഖ്യാൎത്ഥബാധത്താൽ 'ലാത്തിടുക' എന്നതു വിപരീതലക്ഷണയാൽ 'ലാത്തരുതു്' എന്നു ബോധിപ്പിക്കുന്നുവെന്നുതന്നെയിരിക്കട്ടെ—എന്നാലും അതു ദ്വിതീയകക്ഷ്യാപന്നമാകയില്ല. ലക്ഷണയ്ക്കു പ്രസക്തി മുഖ്യാൎത്ഥബാധമുണ്ടെങ്കിലാണു്. ബാധമെന്നതു വിരോധപ്രതീതിയാണല്ലോ. പദാൎത്ഥങ്ങഠംക്കു വിരോധം സ്വാത്മാവിലല്ല; അതായതു്, സ്വരൂപനിഷ്ഠമല്ല. പരസ്പരമുള്ളതാണെങ്കിൽ അന്വയോപാധിഗതമാണു്. ആ സ്ഥിതിക്കു്, അന്വയം പ്രതിപന്നമായാലേ വിരോധപ്രതീതി ഉണ്ടാവുകയുള്ളൂ. അന്വയപ്രതിപത്തിയാകട്ടെ അഭിധയാലല്ല. അഭിധ, പദാൎത്ഥബോധനത്താൽ പരിക്ഷീണയാകുന്നു. വിരമ്യവ്യാപാരമില്ലായ്കയാൽ അതു വീണ്ടും അന്വയബോധനത്തിന്നു ശക്തയുമല്ല. ആകയാൽ, അന്വയപ്രതിപത്തി താൽപൎയ്യശക്തിയാൽത്തന്നെയാണു്. ഈ സ്ഥിതിക്കു്, *"അംഗുല്യഗ്രേ കരിവരശതം" ഇത്യാദിയിൽപ്പോലും അന്വയപ്രതിപത്തിയുണ്ടെന്നു വരുമെന്നാണെങ്കിൽ, വരട്ടെ. അതുകൊണ്ടെന്തു്? അന്വയപ്രതീതിയില്ലെന്നു് ആരുപറഞ്ഞു? അവിടെ പ്രതിപന്നമായ അന്വയം പ്രത്യക്ഷാദിയാൽ ശുക്തിയിൽ രജതമെന്നപോലെ പ്രമാണാന്തരത്താൽ ബാധിതമാകകൊണ്ടു താദൃശവാക്യത്തിന്നു പ്രാമാണ്യമില്ലെന്നു മാത്രം. എന്നാൽ "ഈ ചെറുക്കൻ സിംഹമാണു്" ഇത്യാദിവാക്യത്തിന്നും പ്രാമാണ്യമില്ലാതെപോകുമെന്നും വിചാരിക്കേണ്ട. അവിടെ ദ്വിതീയകക്ഷ്യാനിവിഷ്ടമായ താൽപൎയ്യശക്തിയാൽ സമൎപ്പിതമായ അന്വയത്തിൻെറ ബാധസമുല്ലാസത്തിന്നു ശേഷം അഭിധാതാൽപൎയ്യവ്യതിരിക്തയായ ലക്ഷണയെന്ന മൂന്നാമതൊരു ശക്തി തദ്ബാധവിധുരീകരണനിപുണയായി സമുല്ലസിക്കുന്നതുകൊണ്ടു് അപ്രാമാണ്യപ്രസക്തിയില്ല. ശരി; ലക്ഷണാസ്ഥലത്തു പ്രതീതമാകുന്ന പ്രയോജനം ധ്വനനവ്യാപാരവിഷയമാകയാൽ കാവ്യാത്മാവായധ്വനിയുള്ള ഇ

*വിരലിൻെറ തലയ്ക്കൽ നൂറു് ആനത്തലവന്മാർ.

കൊണ്ടു് 'ഈ ചെറുക്കൻ സിംഹമാണു്' ഇത്യാദികള കാവ്യവ്യവഹാരം വന്നോക്കമെന്ന ശഠിക്കുന്നുവെങ്കിൽ, ആത്മാവു് സവ്വവ്യാപിയാകയാൽ ഘടത്തിന്നുപോലും ജീവവ്യവഹാരാപത്തിയെന്ന ബാക്കിയുള്ളവരും പറയും. ആത്മാവുണ്ടായിരിക്കെ വിശിഷ്ടാധിഷ്ഠാനയുക്തമായ ശരീരത്തിന്നേ ജീവവ്യവഹാരമുള്ളുവെങ്കിൽ, ധ്വന്യാത്മാവുണ്ടായിരിക്കെ ഗുണം, അലങ്കാരം, ഔചിത്യം എന്നിവയാൽ സുന്ദരമായ ശബ്ദാത്ഥശരീരത്തിന്നേ കാവ്യവ്യവഹാരവുമുള്ളു. ആത്മാവു നിസ്സാരമല്ലെന്നുള്ളതു് ഉഭയത്ര സമാനവുമാണു്.

ധ്വനിയെന്നുള്ളതു് ലക്ഷണതന്നെയാണെന്നും വിചാരിക്കേണ്ട. ലക്ഷണാവ്യാപാരം മൂന്നാമത്തെ കക്ഷ്യയിലാണു്. ധ്വനനവ്യാപാരമാകട്ടെ നാലാമത്തേതിലുമാകുന്നു. മുഖ്യാത്ഥബാധം, നിമിത്തം, പ്രയോജനമെന്നീ മൂന്നിൻേറയും സാന്നിദ്ധ്യത്തിലാണു് ലക്ഷണാപ്രവൃത്തിയെന്ന നിങ്ങളും സമ്മതിക്കുന്നുണ്ടു്. അതിൽ മുഖ്യാത്ഥബാധം പ്രത്യക്ഷാദിപ്രമാണാന്തരമൂലമാകുന്നു. നിമിത്തമായ സാമീപ്യാദിയും പ്രമാണാന്തരബോദ്ധ്യമാണു്. "കല്യാണമഹാൽ കാവേരിയിലാകുന്നു" "ചെറുക്കൻ സിംഹമാകുന്നു" ഇത്യാദിയിൽ കെട്ടിടത്തിൻെറ അതിപവിത്രത്വം ശീതളത്വം സേവ്യത്വം ചെറുക്കൻെറ പരാക്രമാതിശയം എന്നീ പ്രയോജനം ശബ്ദവാച്യവും പ്രമാണാന്തരപ്രതിപന്നവുമല്ല; എന്നാൽ ശബ്ദഗമ്യമാണുതാനും. ആകയാൽ, പ്രതീതിവിഷയമായ താദൃശപ്രയോജനത്തിൽ ശബ്ദത്തിന്നു വ്യാപാരം ഇല്ലാതിരിക്കാനും നിവൃത്തിയില്ല. പക്ഷേ, 'കല്യാണമഹാൽ അതിപവിത്രം, കാവേരിയുടെ സമീപത്താകയാൽ, വൃക്ഷലതാദി എപ്രകാരമോ അപ്രകാരം.' 'ഈ ചെറുക്കൻ പരാക്രമശാലിയാണു്, സിംഹശബ്ദവാച്യനാകയാൽ, സിംഹം എപ്രകാരമോ അപ്രകാരം.' എന്നിങ്ങിനെ പ്രയോജനം അനുമാനഗമ്യമാണെന്നും അതുകൊണ്ടു് അവിടെ ശബ്ദവ്യാപാരമാവശ്യമില്ലെന്നും വിചാരിക്കേണ്ട. സാമീപ്യരൂപഹേതു അനൈകാന്തികമാണു്; അമേദ്ധ്യാദിവിപക്ഷത്തിൽക്കൂടി വത്തിക്കുന്ന താദൃശഹേതുവിന്നു വ്യാപ്യത്വാസിദ്ധിയെന്ന ദോഷമുള്ളതിനാൽ പ്രയോജനം അനുമേയമാകയില്ല. 'ചെറുക്കൻ പരാക്രമശാലി—'എന്നതിലെ സിംഹശബ്ദവാച്യത്വമെന്ന ഹേതു ആശ്രയാസിദ്ധവുമാണു്. ചെറുക്കനു സിംഹശബ്ദവാച്യത്വമില്ലല്ലോ. സാദൃശ്യം അനൈകാന്തികവുമാണു്.

ഇനി, 'എവിടെവിടെ ഇപ്രകാരം ശബ്ദപ്രയോഗമുണ്ടോ അവിടവിടെ താദൃശധൎമ്മയോഗവുമുണ്ടു്' എന്നിങ്ങിനെയുള്ള വ്യാപ്തിയനുസരിച്ചു് 'കല്യാണമഹാൽ ശൈത്യപാവനത്വാദിധൎമ്മവിശിഷ്ടം, പ്രവാഹാത്ഥകമായ 'കാവേരീ'ശബ്ദം വിശിഷ്ടാൎത്ഥവിവക്ഷയാൽ സാമീപ്യപരമായി പ്രയോഗിച്ചിരിക്കയാൽ.' 'ചെറുക്കൻ പരാക്രമാതിശയയോഗി, സിംഹത്വവാചിയായ 'സിംഹ'ശബ്ദം വിശിഷ്ടാൎത്ഥവിവക്ഷയാൽ സിംഹസാദൃശ്യപരമായി പ്രയോഗിച്ചിരിക്കയാൽ.' എന്നിത്തരം അനുമാനവും സുവചമല്ല. വ്യാപ്തിഗ്രഹണത്തിന്നു സൎവ്വത്ര സാമാന്യരൂപസംഗ്രാഹകമായ പ്രമാണാന്തരമാവശ്യകമാണു്. 'എവിടെ ധൂമമുണ്ടോ അവിടെ അഗ്നിയുമുണ്ടു്' ഇത്യാദി വ്യാപ്തിഗ്രഹണത്തിന്നു മൌലികമായ പ്രമാണം ധൂമത്വാഗ്നിത്വസാമാന്യരൂപം പുരസ്കരിച്ചു സംഗ്രഹിക്കപ്പെടുന്ന സകലധൂമാഗ്നിവ്യക്തികളുടേയും പ്രത്യക്ഷമാണല്ലോ. അതുപോലെ പ്രസ്തുതവ്യാപ്തിഗ്രഹണത്തിന്നു സാമാന്യരൂപസംഗ്രാഹകമായ പ്രമാണമൊന്നുമില്ലതന്നെ. അതിനാൽ, ഹേതു വ്യാപ്യത്വാസിദ്ധമാകകൊണ്ടു പ്രയോജനഗ്രഹണത്തിൽ അനുമാനം പ്രമാണമാകയില്ല. സ്മൃതി അനുഭവജന്യമായ ജ്ഞാനമാകയാൽ പ്രയോജനാനുഭവം മുമ്പില്ലാത്തതുകൊണ്ടു ശൈത്യപാവനത്വാദ്യൎത്ഥം സ്മൃതിവിഷയമാണെന്നും പറയാവതല്ല. അഥവാ, മുഖ്യവൃത്തി വിട്ടു ഗൌണവൃത്തിയെക്കൊണ്ടുള്ള അൎത്ഥപ്രതിപാദനത്തിന്നു് എന്തെങ്കിലും പ്രയോജനം വേണം. അതെന്താണെന്നു പൎയ്യാലോചിക്കുമ്പോൾ, വാക്യാന്തരത്തിലോ തുല്യമായ വാക്യത്തിലോ അതുതന്നെയോ അതുപോലുള്ളതോ ആയ പ്രയോജനമനുഭൂതമായിരിക്കയാൽ ഇതുതന്നെയായിരിക്കണം പ്രയോജനം എന്നിങ്ങിനെ യുക്ത്യനുസന്ധാനസനാഥീകൃതവും വിമൎശനാപരപൎയ്യായവും ആയ സ്മൃതിക്കുതന്നെ ശൈത്യപാവനത്വാദിപ്രയോജനം വിഷയമാകകൊണ്ടു് അതിലേക്കു ശബ്ദവ്യാപാരസ്വീകാരം ആവശ്യകമല്ല എന്നു ശഠിക്കുന്നതും ശരിയല്ല. വക്താവു് പ്രയോജനമായി വിവക്ഷിച്ചിരിക്കുന്ന അൎത്ഥം ഇതുതന്നെയാണെന്നു തീൎച്ചയാക്കുന്നതിലേക്കു നിയാമകമൊന്നുമില്ലാത്തതുകൊണ്ടു താദൃശസ്മൃതിക്കും പ്രകൃതത്തിൽ പ്രസക്തിയില്ല. ആകയാൽ, ശൈത്യപാവനത്വാദിപ്രയോജനം ശബ്ദവ്യാപാരംകൊണ്ടുതന്നെ ഗമ്യമാണെന്നു സമ്മതിക്കതന്നെവേണം. എന്നാൽ, താദൃശാൎത്ഥത്തിൽ സങ്കേതമില്ലായ്കയാൽ ആ വ്യാപാരം അഭിധയല്ല. അതു

താൽപര്യവുമല്ല. താൽപര്യശക്തി അന്വയബോധനമാത്രപരായണയാണല്ലോ. ബാധാദിത്രയമില്ലായ്കയാൽ അതു ലക്ഷണയുമല്ല. പ്രയോജനത്തിന്നുകൂടി പ്രയോജനാദി കല്പിച്ച് അതിലും ലക്ഷണയുണ്ടെന്നു ശഠിക്കുന്ന പക്ഷം അനവസ്ഥ ഭവിക്കും.

"ലക്ഷ്യാർത്ഥം വാച്യമല്ലെന്നാ-തല്ലതിന്നില്ല ബാധവും
യോഗമില്ല ഫലത്തോടും ഇല്ലതിന്നും ഫലാന്തരം
പ്രയോജനത്തെ കല്പിക്കി-ലതിനും വീണ്ടുമാവിധം
മൂലനാശിനിയാകുന്നോ-രനവസ്ഥ ഭവിച്ചിടും."

എന്നു 'കാവ്യജീവിതവൃത്തി'യിൽ പറഞ്ഞിരിക്കുന്നതു നോക്കുക. ഈ സ്ഥിതിക്ക്, പ്രയോജനത്തിൽ ലക്ഷിതലക്ഷണയാണെന്നു പറയുന്നതും അസംബദ്ധമാണെന്നു സിദ്ധിക്കുന്നു. ആകയാൽ, അഭിധാലക്ഷണാതാൽപര്യവ്യതിരിക്തവും ധ്വനനം, ദ്യോതനം, വ്യഞ്ജനം, പ്രത്യായനം, അവഗമനം മുതലായ പദങ്ങളാൽ വ്യപദേശിക്കപ്പെടാവുന്നതുമായ നാലാമതൊരു വ്യാപാരം ശബ്ദത്തിന്നുണ്ടെന്നു സമ്മതിക്കതന്നെ വേണം. അതുകൊണ്ടാണ്,

"മുഖ്യവൃത്തിയെ വിട്ടർത്ഥബോധനം ഗൌണവൃത്തിയാൽ
യാതൊന്നിനാപ്ഫലത്തിങ്കൽ ശ്ശബ്ദമാകാ സ്ഖലദ്ഗതി."

എന്നു 'കാവ്യാലോക'ത്തിൽ പറഞ്ഞിരിക്കുന്നതും,

"മുഖ്യവൃത്തിയുപേക്ഷിച്ചു ലക്ഷണാവൃത്തിയെപ്പരം
യാതൊന്നിൻ ഭാസനത്തിന്നായ് സമുപാസിച്ചിടുന്നുവോ
ശബ്ദൈകഗമ്യമായീടു-മപ്ഫലത്തിൻെറ ബോധനേ
വൃത്തി മറെറാന്നു മായീടാ വ്യക്തിയല്ലാതെ നിശ്ചയം."

എന്നു 'കാവ്യജീവിതവൃത്തി'യിൽ സിദ്ധാന്തിച്ചിരിക്കുന്നതും.

ഏവഞ്ച, സങ്കേതത്തെ അപേക്ഷിച്ചുകൊണ്ടുള്ള അർത്ഥാവഗമനശക്തി അഭിധാശക്തി; സാമാന്യരൂപമായ വാച്യാർത്ഥത്തിൻെറ അന്യഥാനുപപത്തിയെ ആധാരമാക്കി അന്വിതരൂപമായ വിശേഷാർത്ഥത്തിൻെറ ബോധനത്തിലുള്ള ശക്തി താൽപര്യശക്തി; മുഖ്യാർത്ഥബാധാദിത്രയമപേക്ഷിച്ചുകൊണ്ടുള്ള അർത്ഥപ്രതിഭാസനശക്തി ലക്ഷണ; അഭിധാദിശക്തിത്രയജനിതമായ അർത്ഥാവഭാസത്താൽ സംസ്കൃതയായ പ്രതിപത്തൃപ്രതിഭയുടെ സാഹായ്യത്തോടു കൂടിയ അർത്ഥദ്യോതനശക്തി

വ്യംജനാവ്യാപാരം എന്നു ധരിക്കണം. ആ വ്യംജന പൂൎവ്വപ്രവൃത്തമായ വ്യാപാരത്രയത്തെ അധഃകരിച്ചുകൊണ്ടു പ്രധാനമായി ഭവിക്കയാൽ കാവ്യാത്മാവാണെന്നുള്ള അഭിപ്രായത്തിന്മേൽ പ്രയോജനവിഷയമാണെങ്കിലും നിഷേധപ്രമുഖതയാൽ നിഷേധവിഷയമാണെന്നുവെച്ചു മാത്രമാണ്, "ചിലപ്പോൾ വാച്യം വിധിരൂപമായിരിക്കെ വ്യംഗ്യം നിഷേധരൂപമായിരിക്കും" എന്നു 'വൃത്തി'യിൽ പറഞ്ഞിരിക്കുന്നത്. വാസ്തവം പറകയാണെങ്കിൽ ലക്ഷണാഭ്യുപഗമം വാദത്തിനുവേണ്ടി മാത്രമാണ്. പ്രകൃതസ്ഥലത്തു ലക്ഷണ തന്നെ സംഭവിക്കുന്നതല്ല. അത്യന്തതിരസ്കൃതവാച്യസ്ഥലത്തും അൎത്ഥാന്തരസംക്രമിതവാച്യസ്ഥലത്തും മാത്രമേ വ്യംജനയുടെ ഉത്ഥാനത്തിന്ന് ഉപയോഗിയായ ലക്ഷണ സംഭവിക്കൂ. അൎത്ഥശക്തിമൂലസ്ഥലത്തു ലക്ഷണയ്ക്കു പ്രസക്തിയേ ഇല്ല. വിഷയഭേദം നിമിത്തം പ്രതീതിരൂപകാൎയ്യം ഭിന്നമാണ്. ഒരേ ശബ്ദത്തിന്നുള്ള അൎത്ഥബോധനശക്തിതന്നെ സഹകാരികാരണഭേദത്താൽ അഭിധ, താല്പൎയ്യം, ലക്ഷണ, വ്യംജന എന്നിങ്ങിനെ ഭിന്നഭിന്നവുമാകുന്നു. വ്യാപ്തിസ്മൃതിപക്ഷധൎമ്മതാദിസഹകൃതമായ ശബ്ദത്തിന്നു വിവക്ഷാവഗമനത്തിൽ അനുമാപകത്വവ്യാപാരവും ചക്ഷുരിന്ദ്രിയാദിസഹകൃതമായ അതേ ശബ്ദത്തിന്നു സവികല്പകത്വവ്യാപാരവും മററും പറയുന്നുണ്ടല്ലോ. അതുപോലെ ശബ്ദത്തിൻെറ അഭിധാദിവ്യാപാരങ്ങളും പരസ്പരം വിലക്ഷണങ്ങൾ തന്നെയാണ്. ഇപ്പറഞ്ഞ സംഗതികൾ മീമാംസകന്മാരിൽ അഭിഹിതാന്വയവാദികളായ ഭട്ടമതാനുയായികൾക്കു സമ്മതിക്കാതെ നിവൃത്തിയില്ല.

അന്വിതാഭിധാനവാദികളായ പ്രാഭാകരന്മാർ ചിലർ "യൽ പരഃ ശബ്ദഃ സ ശബ്ദാൎത്ഥഃ" (ശബ്ദശ്രവണാനന്തരം ഏതേതൎത്ഥത്തിന്നു പ്രതീതി വരുന്നുവോ അതൊക്കെയും ആ ശബ്ദത്തിൻെറ അൎത്ഥംതന്നെയാണ്) എന്നാ വിചാരത്തിന്മേൽ ശരംപോലെ അഭിധാവ്യാപാരം ദീൎഘദീൎഘതരമാണെന്നു പറയുന്നു. അവരുടെ ആ ദീൎഘദീൎഘതരമായ വ്യാപാരം ഒന്നുതന്നെയോ അല്ല വെവ്വേറയോ എന്നാണ് ആദ്യമായാലോചിക്കേണ്ടിയിരിക്കുന്നത്. വിഷയം ഭിന്നമാകയാൽ തന്നിബന്ധനമായ വ്യാപാരം ഒന്നേ ഒന്നാണെന്നു പറഞ്ഞുകൂടാ. ഭിന്നഭിന്നമാണെങ്കിൽ അതു തദ്വിഷയസഹകാരിഭേദം നിമിത്തം വിജാതീയ

മാവാനേ തരമുള്ളൂ. സജാതീയമായ കാര്യത്തിൽ ശബ്ദബുദ്ധികർമ്മ ങ്ങൾക്കു വിരമ്യ വ്യാപാരം പദാർത്ഥവേദികൾ നിഷേധിച്ചിട്ടുണ്ട്. വിജാതീയമാണെങ്കിൽ, ഞങ്ങളുടെ പക്ഷത്തിൽത്തന്നെ കലാശിക്കയും ചെയ്യും.

ഇനി ചതുർത്ഥകക്ഷ്യാനിവിഷ്ടമായ വ്യംഗ്യാർത്ഥം വാക്യശ്രവണ ക്ഷണത്തിൽത്തന്നെ അവബുദ്ധമാകുന്നതുകൊണ്ട് അഭിധയ്ക്കു ദീർഘ ദീർഘതരം പറയുന്ന എന്നാണെങ്കിൽ, വാക്യത്തിന്ന താദൃശാർത്ഥത്തിൽ സങ്കേതഗ്രഹമില്ലായ്കയാൽ എങ്ങിനെയാണ് അഭിധാവ്യാപാരംകൊണ്ടു സാക്ഷാൽ അർത്ഥപ്രതീതി എന്നു മനസ്സിലാവുന്നില്ല. നിമിത്തനൈ മിത്തികങ്ങളായ പദാർത്ഥവാക്യാർത്ഥങ്ങളിൽ നിമിത്തഭൂതമായ പദാർത്ഥ ത്തിലെ സങ്കേതഗ്രഹംകൊണ്ടുതന്നെ നൈമിത്തികത്തിൽ സങ്കേതഗ്ര ഹമില്ലെങ്കിലും പ്രഥമം താദൃശവാക്യാർത്ഥപ്രതീതി വരുന്നുവെന്നാണെ ങ്കിൽ, ചതുർത്ഥകക്ഷ്യാഭാഗിയായ വ്യംഗ്യരൂപമായ വാക്യാർത്ഥമാണ് പ്രഥമമായി പ്രതീതിപഥത്തിൽ അവതരിക്കുന്നതെന്നും അതിലേക്കു പിന്നീടുണ്ടാവുന്ന പദാർത്ഥപ്രതീതി കാരണഭാവം കൈക്കൊള്ളുന്നുവെ ന്നുമായി. അതു തനിക്കു തൻെറ പ്രപൌത്രൻ കാരണമാണെന്നു പറ യുന്നതുപോലെ പരിഹാസാസ്പദം മാത്രമാണുതാനും. മുമ്പുതന്നെ പദ പദാർത്ഥവിഷയമായ സങ്കേതഗ്രഹണംകൊണ്ട് ആത്മാവിൽ ഉണ്ടായി രിക്കുന്ന സംസ്കാരം വഴിക്കാണ് വാക്യാർത്ഥപ്രതീതിയെക്കുറിച്ച് അന ന്തരകാലികമായ പദാർത്ഥപ്രതീതിക്കു ഹേതുത്വമെന്നു ശഠിക്കുന്നതും യുക്തമല്ല. യാതൊരർത്ഥത്തിലാണോ സങ്കേതം മുമ്പുതന്നെ ഗ്രഹിക്ക പ്പെട്ടിരിക്കുന്നതു് ആ അർത്ഥത്തിൻെറ പ്രതീതിക്കേ സങ്കേതം ഹേതു വാകൂ. പദാർത്ഥത്തിലല്ലാതെ വാക്യാർത്ഥത്തിൽ ഒരിക്കലും സങ്കേത ഗ്രഹം വന്നിട്ടില്ലായ്കയാൽ വാക്യാർത്ഥപ്രതീതി അഭിധാവ്യാപാരത്തിന്നു വിഷയമാണെന്നു കല്പിക്കുക ശക്യമല്ല. അന്യവിഷയമായ സങ്കേത ത്തിന്ന് അന്യവിഷയപ്രതീതിഹേതുത്വം സ്വീകരിക്കുന്നതായാൽ ഏ താനുമൊരർത്ഥത്തിൽ ഏതാണ്ടൊരു ശബ്ദത്തിൻെറ സങ്കേതം ഗ്രഹി ച്ചിട്ടുള്ളവന്ന് സകലവാക്യാർത്ഥപ്രതീതിയുമുണ്ടാവാമെന്നു വരും. നിമി ത്തനൈമിത്തികഭാവമാകട്ടെ പൂർവ്വാപരഭാവനിയതമാകുന്നു. കാര്യനി യതപൂർവ്വവൃത്തിയാണല്ലോ കാരണം. പൂർവ്വാപരനിയമം കൂടാതെ നിമി ത്തനൈമിത്തികഭാവം ഉപപാദിക്കാവുന്നതുമല്ല. • പദാർത്ഥവും വാക്യാ

ത്ഥവും ഒന്നാണെങ്കിൽ, നിമിത്തനൈമിത്തികഭാവം ഘടിക്കയില്ല. ഭിന്നമാണെങ്കിൽ, അന്യവിഷയസങ്കേതത്തിന്ന് അന്യാത്ഥബോധഹേതുത്വം ഉപപന്നവുമല്ല. കൂടാതെ, അന്വിതാഭിധാനവാദികളുടെ പക്ഷത്തിൽ പദങ്ങളുടെ പ്രയോഗം അന്വിതാത്ഥബോധനത്തിന്നാണ്; പ്രത്യേകം പ്രത്യേകം അത്ഥബോധനത്തിനല്ല. ആകയാൽ, പദങ്ങൾക്ക പ്രാതിസ്വികാത്ഥത്തിൽ സങ്കേതഗ്രഹം തന്നെ സംഭാവ്യവുമല്ല.

അഥവാ,

"സാമാന്യതഃ പ്രഥമമേഷ പദാത്ഥപിണ്ഡോ
വാച്യോസ്യ വാചകമിദം പദപിണ്ഡരൂപം
ഇത്യാകലയ്യ പുനരേഷ വിശേഷതോപി
ശബ്ദാത്ഥസംഗതിമവൈതി ജനസ്തടസ്ഥഃ"

എന്ന അഭിയുക്തോക്തിപ്രകാരം, വാസ്തവത്തിൽ പദസമുദായം വാചകവും പിണ്ഡിതാത്ഥം വാച്യവുമാണെങ്കിലും, "ഗാം ആനയ" എന്ന വാക്യത്തിലെ 'ആനയ' എന്ന പദം മാററി 'ബധാന' എന്ന പദം ചേക്കുമ്പോൾ ആനയനാത്ഥത്തിന്ന് ഉദ്വാപവും ബന്ധനാത്ഥത്തിന്ന് ആവാപവും സംഭവിക്കുന്നതുകൊണ്ടു അങ്ങിനെയുള്ള ആവാപോദ്വാപങ്ങളാൽ തടസ്ഥന്ന പ്രാതിസ്വികാത്ഥങ്ങളിൽ സങ്കേതഗ്രഹം ഉണ്ടാകുന്നു എന്നിങ്ങിനെ പദാത്ഥമാത്രത്തിൽ സങ്കേതം സ്വീകരിക്കുന്നുവെങ്കിൽ, വിശേഷരൂപവാക്യാത്ഥപ്രതീതി പദാത്ഥപ്രതീതിക്കു പിന്നീടാണെന്നും തീച്ചയായി. എന്തായാലും താൽപയ്യപ്രതിപത്തി വാക്യശ്രവണക്ഷണത്തിൽത്തന്നെ ഉണ്ടാവുന്നുണ്ടെന്നുള്ളതു് അനുഭവവേദ്യമല്ലേ? അതിനെന്തുചെയ്യും എന്നാണെങ്കിൽ,

"വാച്യാത്ഥവിമുഖന്മാരാം കാവ്യജ്ഞക്കിതിവേഗമായ്
ആയത്ഥമവഭാസിപ്പൂ തത്ത്വാത്ഥദശിബുദ്ധിയിൽ."

എന്നിങ്ങിനെ അതു ഞങ്ങളും സമ്മതിക്കുന്നുണ്ടു്. എന്നാൽ, വാസ്തവത്തിൽ, സംഭാവ്യമാനമായ പൂവ്വാപരീഭാവരൂപക്രമം സാതിശയാനുശീലനാഭ്യാസത്താൽ അനുമാനത്തിൽ അഭ്യസ്തവിഷയമായ വ്യാപ്തിസ്മരണക്രമവും പദാത്ഥബോധത്തിൽ സങ്കേതസ്മരണക്രമവുമെന്നപോലെ വിശേഷിച്ചു് അറിയപ്പെടുന്നില്ലെന്നേ ഉള്ളൂ. നിമിത്തനൈമിത്തികഭാവം അവശ്യമംഗീകരിക്കതന്നെ വേണം. അതംഗീകരിക്കാതെ അഭിധയെക്കൊണ്ടുതന്നെയാണ് സവ്വാത്ഥപ്രതീതിയും എന്നു പറയുന്നുവെങ്കിൽ

ഗൌണലാക്ഷണികാൎത്ഥങ്ങൾ വാച്യാൎത്ഥത്തിൽനിന്നു ഭിന്നങ്ങളല്ലെന്നാവും. വാച്യംപോലെ ഗൌണലക്ഷ്യാദിയും അഭിധാവ്യാപാരഗോചരംതന്നെയാകയാൽ വിശേഷമൊന്നുമില്ലെന്നല്ലേ ആവുക. ഭേദം ഉണ്ടാവണമെങ്കിൽ നിമിത്തവൈചിത്ര്യമായ വിശേഷം വേണം. നിമിത്തവൈചിത്ര്യാധീനമാണല്ലോ മുഖ്യലാക്ഷണികാദിഭേദവും മററും. എന്നുമാത്രമല്ല, സൎവ്വവും അഭിധാബോദ്ധ്യമാണെങ്കിൽ മീമാംസകമതത്തിൽ ശ്രുതിലിംഗാദിപ്രമാണഷൾക്കത്തിൽ ഉത്തരോത്തരത്തിന്നു ദൌർബല്യമുപപാദിച്ചിരിക്കുന്നതും അസംബദ്ധമാവും. "ശ്രുതിലിംഗവാക്യപ്രകരണസ്ഥാനസമാഖ്യാനാം സമവായേ പാരദൌർബല്യം വിപ്രകഷ്ാൽ" എന്നാണല്ലോ ജൈമിനീയസൂത്രം. സൎവ്വവിധമായ അൎത്ഥവും മുഖ്യവൃത്തിയായ അഭിധയാൽതന്നെ ബോദ്ധ്യമാണെങ്കിൽ വിപ്രകർഷത്തിന്നോ തന്മൂലമായ പാരൎദൌർബല്യത്തിന്നോ പ്രസക്തിയുണ്ടോ? ശ്രുതിസ്ഥലത്തെന്നപോലെ ലിംഗാദിസ്ഥലത്തും ശബ്ദശ്രവണാനന്തരം പ്രതീതിവിഷയമാകുന്ന അൎത്ഥം അഭിധയെക്കൊണ്ടാണെങ്കിൽ ലിംഗാദിദൌർബല്യകഥനത്തിന്നു ബീജമെന്തു്? പ്രാബല്യദൌർബല്യബീജം ശീഘ്രവിളംബപ്രതീതിയും അതു നിമിത്തനാനാത്വകൃതവുമാണല്ലോ. ആകയാൽ, ലൌകികവും അലൌകികവുമായ പ്രക്രിയകൾക്കു വ്യാഘാതം വരാതിരിക്കണമെങ്കിൽ നിമിത്തവൈചിത്ര്യം സ്വീകരിക്കതന്നെ വേണം. നിമിത്തവൈചിത്ര്യം സ്വീകരിച്ചാൽ തന്നിദാനമായ വ്യാപാരഭേദം സിദ്ധമായി. പിന്നെ വെറുതെ ആലങ്കാരികന്മാരോടു് അസൂയപ്പെട്ടിട്ടെന്തുകാൎയ്യം? ഇത്രയുംകൊണ്ടു് അവലോകകാരനായ ധനികന്റെ,

> "താൽപൎയ്യാനതിരേകാച്ച വ്യഞ്ജനീയസ്യ ന ധ്വനിഃ"

എന്ന വാദവും, ന്യായമഞ്ജരീകാരനായ ജയന്തഭട്ടന്റെ,

> "ഏതേന ശബ്ദസാമൎത്ഥ്യ-മഹിമ്നാ സോപി വാരിതഃ
> യമന്യഃ പണ്ഡിതംമന്യഃ പ്രപേദേ കഞ്ചന ധ്വനിം."

എന്ന ആക്ഷേപവും നിരസിക്കപ്പെട്ടകയാൽ ആവകയൊക്കെ എടുത്തു വിസ്തരിച്ചു ഗ്രന്ഥദൈർഘ്യം വരുത്തുന്നില്ല.

വാക്യവും അൎത്ഥവും വൎണ്ണപദാദിവിഭാഗഹീനമായ സ്ഫോടമാണെന്നു സിദ്ധാന്തിക്കുന്ന വൈയാകരണന്മാൎക്കും അവിദ്യാവസ്ഥയിൽ

ഈ പറഞ്ഞ പ്രക്രിയ സ്വീകരിക്കാതെ കഴികയില്ല. വിദ്യാവസ്ഥയിലാകട്ടെ, സൎവ്വവും പരമേശ്വരാദ്വയമായ ബ്രഹ്മസ്വരൂപമാകയാൽ ആ തത്ത്വം ഇവിടെ കൊണ്ടുവന്നിട്ടു കാൎയ്യവുമില്ല.

ഭട്ടനായകനാകട്ടെ '"ഭ്രമ ധാൎമ്മികപ്രവര—" എന്ന പദ്യത്തിൽ "ഹരി ഹനിച്ചു മദിച്ചിദാനീം" "ധാൎമ്മികപ്രവര" ഇത്യാദി പദപ്രയോഗത്താലാണ് 'ലാത്തരുത്' എന്ന നിഷേധപ്രതീതി വരുന്നതു്; അതു ഭയാനകരസാവേശകൃതവുമാണ്. അല്ലാതെ, കേവലം അൎത്ഥസാമൎത്ഥ്യനിബന്ധനമല്ലതന്നെ. വ്യാഘ്ര്യാദികൾ ഭയാനകരസത്തിന്നു് ആലംബനവിഭാവാദികളാകയാൽ 'സിംഹം' 'മദിച്ചു' എന്നീ പദങ്ങൾ ആലംബനോദ്ദീപനവിഭാവസമൎപ്പകങ്ങളാകകൊണ്ടും 'ധാൎമ്മിക'പദത്താൽ പ്രതിപത്താവു്--സംബോദ്ധ്യൻ--ഭയശീലപ്രകൃതിയാണെന്നു വരുന്നതുകൊണ്ടും പ്രകൃതപദ്യത്തിൽ ഭയോൽപത്തിസാമഗ്രി സ്പഷ്ടമാണ്. അതുകൊണ്ടു്, ഭയാനകരസാവേശനിബന്ധനമാണ് നിഷേധപ്രതീതിയെന്നു തെളിയുന്നു. സിംഹത്തിൻെറ ഹിംസ്രത്വസ്വഭാവവും ധാൎമ്മികൻെറ ഭീരുത്വസ്വഭാവവും ധരിച്ചാലേ നിഷേധപ്രതീതിയുണ്ടാവുകയുള്ളു; ഇല്ലെങ്കിൽ നിഷേധപ്രതീതിയുണ്ടാവുകയില്ല എന്നുള്ളതു തീൎച്ചയല്ലേ? ഇങ്ങിനെയിരിക്കെ, നിഷേധപ്രതീതി കേവലം അൎത്ഥസാമൎത്ഥ്യാത്മകമായ വ്യഞ്ജനാവ്യാപാരത്താലാണെന്നു പറയുന്നതു് അസംബദ്ധംതന്നെയാണല്ലോ' എന്നീവിധത്തിൽ ആക്ഷേപിച്ചിരിക്കുന്നതും ശരിയല്ല. വക്തൃപ്രതിപത്തൃവിശേഷാവഗതിയുടെ സാഹായ്യം കൂടാതെ കേവലം ശബ്ദഗതമായ വ്യഞ്ജനാവ്യാപാരത്താലാണ് വ്യംഗ്യാൎത്ഥപ്രതീതിയെന്നു് ആലങ്കാരികന്മാർ പറയുന്നില്ല; പറകയുമില്ല. നേരെമറിച്ചു്, പ്രതിപത്തൃപ്രതിഭാദിവൈശിഷ്ട്യം വ്യഞ്ജനാവ്യാപാരത്തിന്നു സഹകാരിയാണെന്നാണ് പറഞ്ഞിരിക്കുന്നതു്. ദേശകാലാദ്യനാലിംഗിതമായ ഭയമാണല്ലോ ഭയാനകരസം. അതുകൊണ്ടു്, വേണമെങ്കിൽ ഭീരുവും ധാൎമ്മികനുമായ പ്രതിപത്താവിന്നു ഭയാനകരസാവേശമുണ്ടെന്നു കഷ്ടിച്ചു സമ്മതിക്കാം. എന്നാൽ, സഹൃദയനായ പ്രതിപത്താവിനല്ല ഭയാനകരസാവേശം രസാഭിവ്യക്തിയല്ലാതെ കേവലം ഭയോൽപത്തിയല്ല. രസം വ്യംഗ്യമല്ലാതെ ഒരിക്കലും വാച്യമാകയുമില്ല. രസത്തിന്നു ശബ്ദവാച്യത്വം ഭട്ടനായകനും സമ്മതിച്ചിട്ടില്ലല്ലോ. ആകയാൽ, രസം വ്യംഗ്യം തന്നെ. വിശേഷിച്ചു്, സഹൃദയനായ

പ്രതിപത്താവിന്നു ഭയാനകരസാവേശം നിയതവുമല്ല. സഹൃദയൻ നിയമേന ഭീരുവായ ധാർമ്മികന്നു സധർമ്മാവാകുന്നതാണോ? രസാവേശമൂലകമായ നിഷേധപ്രതീതിക്ക് ഭീരുത്വാദിപ്രതിപത്തൃവിശേഷം സഹകാരിയാണെന്നു കല്പിക്കുന്നുവെങ്കിൽ, വക്തൃപ്രതിപത്തൃപ്രതിഭാനുപ്രാണിതമായ ധ്വനനവ്യാപാരം എന്തുകൊണ്ട് സ്വീകരിച്ചുകൂടാ? എങ്ങിനെയായാലും ഇത്തരത്തിലുള്ള വസ്തുധ്വനിദൂഷണം വസ്തുധ്വനിക്ക് അനുഗ്രാഹകമായ രസധ്വനിയുടെ സമർത്ഥനത്തിലാണ് പര്യവസാനിക്കുന്നത്. അതിൽ ധ്വനിവാദികൾക്കു സന്തോഷിക്കാനേ അവകാശമുള്ളൂ. ഇത്രയുംകൊണ്ടു രസധ്വനിക്കു പ്രാധാന്യം സ്ഥാപിച്ചു എന്നല്ലാതെ മറെറന്തുള്ളൂ? അതു ധ്വനിവാദികൾക്കു സമ്മതവുമാണ്. എന്നാൽ, പ്രകൃതപദ്യം വസ്തുധ്വനിക്ക് ഉദാഹരിച്ചതു യുക്തമല്ലെന്നാണെങ്കിൽ, രണ്ടു വിധത്തിലുള്ള ധ്വനിയും പ്രകൃതപദ്യത്തിലുള്ളതുകൊണ്ട് ഏതെങ്കിലും ഒന്നിന്ന് ഉദാഹരിക്കുന്നതിൽ എന്തു ദോഷമാണുള്ളത് എന്നു മനസ്സിലാകുന്നില്ല. വസ്തുധ്വന്യുദാഹരണത്തിൽ അന്യയോഗവ്യവച്ഛേദത്തിന്ന്, അതായത്, മറെറാരുധ്വനിയും ഉണ്ടാകരുതെന്നു നിയമത്തിനു വിവക്ഷയില്ല. അപ്രകാരം ഉദാഹരിക്ക സുശകവുമല്ല. വിശേഷിച്ച്, വ്യംഗ്യം വാച്യവ്യതിരിക്തമാണെന്നു സാധിപ്പാനാണ് പ്രസ്തുതപദ്യം ഉദാഹരിച്ചിരിക്കുന്നത്. രസം അലൌകികമാകയാൽ അതിൻെറ സ്വരൂപം വിവരിച്ചു മനസ്സിലാക്കിക്കൊടുക്കാതെ രസധ്വനിയെ ഉദാഹരിച്ചുകാണിക്കുന്നതുകൊണ്ടു പ്രകൃതത്തിൽ പ്രയോജനമുണ്ടാകയില്ല. വസ്തുധ്വനിയുടെ സ്ഥിതി അങ്ങിനെയല്ല. വിധിനിഷേധങ്ങൾ പരസ്പരവിരുദ്ധങ്ങളാണെന്നതു് ആൎക്കും അറിയാം. അതുകൊണ്ടാണ് രസധ്വനിയെ വിട്ടു വസ്തുധ്വനിയെ ഉദാഹരിച്ചിരിക്കുന്നത്. രസധ്വനിക്കുള്ള വാച്യവ്യതിരിക്തത്വം പിന്നീടു സാധിക്കുന്നതുമുണ്ട്.

പുറമെ, രസാവേശം കൂടാതെ തൃപ്തിപ്പെടാത്ത ഭട്ടനായകൻ ഇവിടെ ഭയാനകരസസ്ഫൂൎത്തിയുണ്ടെന്നു വിചാരിച്ചു സന്തോഷംകൊള്ളരുതെന്നുകൂടിപ്പറയാം. ശൃംഗാരമല്ലാതെ ഭയാനകരസം ഇവിടെ സഹൃദയന്മാൎക്കാൎക്കും ആസ്വാദഗോചരമാകയില്ല. സംഭോഗാഭിലാഷരൂപമായ രതി സങ്കേതസ്ഥാനമായ വിഭാവത്താലും കാകുസ്വരഭംഗാദ്യനുഭാവത്താലും പരിപോഷിതമായി ചൎവ്വണാവിഷയമാകുന്നതുകൊണ്ടു ശൃംഗാരരസാനുഭവമാണുണ്ടാകുന്നതു് എന്നു ധരിക്കണം.

ചിലേടത്തു വാച്യം പ്രതിഷേധരൂപമായിരിക്കെ, വ്യംഗ്യം വിധിരൂപമായിരിക്കും. എങ്ങിനെയെന്നാൽ:—

"ഇങ്ങാണമ്മ കിടക്കുവ-
തിങ്ങാണീ ഞാൻ നിശാന്ധനാം പാന്ഥ,
പകലേ നോക്കുക; ഞങ്ങടെ
മെത്തകളിൽ ത്തെററിവന്നു വീഴരുതേ."

പ്രസ്തുതപദ്യം ശൃംഗാരധ്വനിക്കുദാഹരിക്കാതെ വസ്തുധ്വനിക്കുദാഹരിക്കാനുള്ള കാരണം പ്രതിപാദിക്കയും ചെയ്തു. എല്ലാംകൊണ്ടും, ഭട്ടനായകൻെറ ആക്ഷേപം അസംബദ്ധമാകുന്നു. ആകയാൽ, ഈ വക ആക്ഷേപമൊന്നും സ്വീകാര്യമല്ലെന്നു ചുരുക്കം.

നിശാന്ധനാം പാന്ഥ=രാത്രിയിൽ കണ്ണുകാണാത്ത—മാലക്കണ്ണുള്ള—പഥിക, **അമ്മ**=ശ്വശ്രൂ, ഭൎത്താവിൻെറ അമ്മയെ അമ്മയെന്നാണല്ലോ വിളിക്കുക പതിവ്. **ഇങ്ങാണ് കിടക്കുവതു്**=കിടക്കുന്നതു് ഈ സ്ഥലത്താണ്, **ഇങ്ങാണീ ഞാൻ**= ഇവിടെയാണ് ഈ ഞാൻ കിടക്കുക, **പകലേ നോക്കുക**=പകൽ തന്നെ നോക്കി മനസ്സിലാക്കിക്കൊള്ളുക, **ഞങ്ങടെ മെത്തകളിൽ തെററിവന്നു വീഴരുതേ**=മൂത്രശങ്കയ്ക്കോ മററോ എഴുനേല്ക്കുന്ന അവസരത്തിൽ അറിയാതെ തെററിവന്നു ഞങ്ങളുടെ മെത്തകളിൽ തടഞ്ഞു വീഴരുതു് എന്നു വാച്യാൎത്ഥം.

നേരത്തേതന്നെ തൻെറ വീട്ടിൽ വന്നു ചേൎന്നവനും പോകാനുള്ള വഴി ദീൎഘവും ദുൎഗമവുമാകയാൽ തൻെറ ശ്വശ്രൂ അനുമതിനല്കുകൊണ്ട് അവിടെ അന്നു താമസിക്കാൻ നിശ്ചയിച്ചിട്ടുള്ളവനും, തന്നെക്കണ്ടു കാമാതുരനായി ഭവിച്ചവനുമായ പഥികനോടു പ്രോഷിതഭൎത്തൃകയും മദനപീഡിതയുമായ തരുണി പറയുന്നതായ പ്രകൃതപദ്യത്തിൽ, "**മെത്തയിൽ പതിക്കരുതു്**" എന്ന നിഷേധം വാച്യവും 'വളരെ ശ്രദ്ധമായി വന്നു കിടന്നുകൊള്ളുക' എന്ന അഭ്യുപഗമരൂപമായ വിധി വ്യംഗ്യവുമാകുന്നു. വ്യംഗ്യമായ വിധി നിഷേധാഭാവരൂപമാണ്. അപ്രവൃത്തപ്രവൎത്തനരൂപമായ നിമന്ത്രണമല്ല. അല്ലെങ്കിൽ നായികയുടെ അഭിമാനസൌഭാഗ്യത്തിന്നു ഭംഗം വരും. "**നിശാന്ധനാം**" എന്ന വിശേഷണംകൊണ്ട് ഇപ്പോഴുംതന്നെ ദുസ്സഹമായിതീൎന്നിരിക്കുന്ന

ചിലേടത്തു വാച്യം വിധിരൂപമായിരിക്കെ, വ്യംഗ്യം അനുഭയരൂപമായിരിക്കും. എങ്ങിനെയെന്നാൽ:—

ഈ കാമവികാരം സമുചിതസമയമായ രാത്രിയിൽ അസഹ്യമാകുമെന്നു തനിക്കറിയാമെന്നു വ്യഞ്ജിപ്പിച്ചിരിക്കുന്നതും അതിലേക്കു അനുഗുണമായിട്ടാണിരിക്കുന്നതു്. ഭാവാഭാവങ്ങൾ പരസ്പരവിരുദ്ധങ്ങളാണെന്നുള്ളതു സ്പഷ്ടമാകയാൽ ഇവിടെ നിഷേധരൂപമായ വാച്യത്തിൽനിന്നു ഭിന്നമാണു് തദഭാവരൂപമായ വ്യംഗ്യമെന്നു വ്യക്തമായി.

പ്രസ്തുതപദ്യത്തിൽ "**നിശാന്ധ**" എന്നതുകൊണ്ടു്, 'രാത്രി മന്മഥോദ്ദീപകസമയമാകയാൽ അധികമായ കാമപാരവശ്യം മൂലം അമ്മായിഅമ്മ ഉറങ്ങുന്നതുവരെ ക്ഷമിക്കാതെ കിടന്ന ഉടനെ എഴുനേററു വരരുതു്' എന്നും "**ഇങ്ങാണമ്മ**" എന്നതുകൊണ്ടും "**വീഴരുതു്**" എന്നതുകൊണ്ടും 'ശ്വാസംപോലുമടക്കി നിശ്ശബ്ദമായി വന്നുകൊള്ളേണ'മെന്നും വിശേഷിച്ചു്, 'സംപ്രയോഗംപോലും നിശ്ശബ്ദമായി നടത്തിക്കൊള്ളേണ'മെന്നും, '**തെററി**' എന്നതുകൊണ്ടു്, 'കിടക്ക മാറിപ്പോകാതെ സൂക്ഷിക്കണ'മെന്നും, '**പകലേ നോക്കുക**' എന്നതുകൊണ്ടു്, 'വരേണ്ട വഴിയും മററും പകലേ നോക്കിമനസ്സിലാക്കിക്കൊള്ളുക. അറിയാതെ അമ്മയുടെ കിടക്കയിൽ ചവിട്ടിപ്പോകയോ ഇടറുകയോ അരുതു്' എന്നും പുറമേ "**പകലേ നോക്കുക**" എന്നതുകൊണ്ടു്, 'കലശലായ മദനതാപം അനുഭവിക്കുന്ന നീ ഉപേക്ഷണീയനല്ലെങ്കിലും എന്തുചെയ്യാം സമയം പകലായിപ്പോയല്ലോ രാത്രിയാകുന്നതുവരെ എന്നെനോക്കിക്കൊണ്ടു് ഒരുവിധം കഴിച്ചുകൂട്ടുക' എന്നും "**ഇങ്ങാണീ ഞാൻ**" എന്നതുകൊണ്ടു്, 'നിന്നിൽ അനുരക്തയായ ഞാൻ നിന്നെ വിട്ടു മററു വല്ലേടത്തും പോകയില്ല' എന്നും മററും വ്യഞ്ജിക്കുന്നുണ്ടെന്നറിഞ്ഞുകൊൾക. പ്രകൃതപദ്യത്തിൽ പ്രാധാന്യേന വ്യഞ്ജിക്കുന്ന അഭ്യുപഗമരൂപമായ അൎത്ഥമാകട്ടെ 'ഈ ഞാൻ' എന്നിങ്ങിനെ അഭിനയവിശേഷത്താൽ തന്റെ കാമാവസ്ഥയെ ബോധിപ്പിക്കമൂലം അഭിധേയം തന്നെയാണെന്നുള്ള ഭട്ടനായകന്റെ വാദവും അശ്രദ്ധേയമാണു്. 'ഈ ഞാൻ' എന്നതിന്നു സാക്ഷാൽ അങ്ങിനെയൊരൎത്ഥമില്ല. കാകുപാദിസഹകൃതമായ ശബ്ദത്തിന്നാണെങ്കിൽ അതു വ്യംഗ്യമാണെന്നു സിദ്ധമായി.

"പൊയ്ക്കൊൾക വേഗമിവിടുന്നിഹ ഞാനൊരുത്തി
കൈക്കൊണ്ടിടാം രുദിതനിശ്വസിതങ്ങളെന്നും;
ദാക്ഷിണ്യഭാവഹതനായ നിനക്കുമിന്നാ
മൈക്കണ്ണിയെ പ്പിരികയാൽ ദുരവസ്ഥവേണ്ട."

അനുഭയരൂപം=വിധിരൂപമോ നിഷേധരൂപമോ അല്ലാത്തതു്.

അന്യസ്ത്രീസംഭോഗചിഹ്നത്തോടുകൂടി വന്നു കേറിയ കാന്തനോടു് ഈൎഷ്യാകലുഷിതയായ നായിക പറയുന്നതാണു് ഈ പദ്യം. **പൊയ്ക്കൊൾക വേഗമിവിടുന്നു്**=ഒരു നിമിഷംപോലും ഇവിടെനിന്നു സമയം കളയാതെ, നിന്റെ പ്രാണപ്രിയയുടെ അടുക്കലേക്കു പോവുക. **ഇഹ**=ഇവിടെ, **ഞാനൊരുത്തി**=ദൈവഹതയായ ഈ ഞാൻ മാത്രം, **എന്നും രുദിതനിശ്വസിതങ്ങൾ കൈക്കൊണ്ടിടാം**=കരച്ചിലും നെടുവീൎപ്പിടലും ഭൎത്തൃദത്തമായ എന്റെ അവകാശമായി സ്വീകരിച്ചു എന്നും അനുഭവിച്ചുകൊള്ളാം—കരഞ്ഞും നെടുവീൎപ്പിട്ടും കാലം കഴിച്ചുകൊള്ളാം. ഈ മഹാപാപയുടെ വെറുപ്പുണ്ടാക്കുന്ന കരച്ചിലും നെടുവീൎപ്പും മററും കാണ്മാൻ ഭാഗ്യവാനായ അങ്ങെന്തിനിവിടെ നില്ക്കുന്നു? **ഇഹ ഞാനൊരുത്തി കൈക്കൊണ്ടിടാം**=ഈ ലോകത്തിൽ ഹതവിധി ഈ എന്നെമാത്രമാണു് അതിലേക്കായി സൃഷ്ടിച്ചിരിക്കുന്നതു്. അതുകൊണ്ടു്, അങ്ങയോ അങ്ങയുടെ ഭാഗ്യവതിയായ ആ പ്രാണപ്രേയസിയോ അതിനു പാത്രമല്ല. ഞാൻ അനുഭവിക്കേണ്ടതു് ഞാൻ തന്നെ അനുഭവിച്ചുകൊള്ളാം. **ദാക്ഷിണ്യഭാവഹതനായ നിനക്കും**=ദാക്ഷിണ്യമായ മനോധൎമ്മത്താൽ വഞ്ചിതനായ നിനക്കും—ദാക്ഷിണ്യത്തിന്നുവേണ്ടിമാത്രം ഇവിടെ വരേണ്ടിവന്ന നിനക്കും, **ഇന്നു്**=ഇപ്പോൾ, **ആ മൈക്കണ്ണിയെപ്പിരികയാൽ**=ജീവിതസൎവ്വസ്വമായ ആ സുന്ദരിയെ സ്വല്പനേരമെങ്കിലും പിരിഞ്ഞിരിക്കേണ്ടിവരുന്നതുകൊണ്ടു്, **ദുരവസ്ഥവേണ്ട**=എനിക്കുള്ളതായ ഇത്തരം രുദിതനിശ്വസിതങ്ങൾക്കു് ഇടവരേണ്ട; ഇവിടെയുള്ള നിന്റെ സ്ഥിതി മുള്ളിന്മേലിരിക്കുംപോലെയാണു്. ദുഃസ്ഥിതി വേണ്ട; വേഗം പൊയ്ക്കൊൾക. എന്നിങ്ങിനെ വ്യംഗ്യോപസ്കൃതമായ ഗമനവിധിയാകുന്നു വാച്യാൎത്ഥം. **ദാക്ഷിണ്യഭാവഹതനായ**=ദാക്ഷിണ്യമെന്ന ഭാവത്താൽ—അതായതു്, ദാക്ഷിണ്യമുണ്ടെന്നുള്ള

ചിലേടത്തു വാച്യം പ്രതിഷേധരൂപമായിരിക്കെ, വ്യംഗ്യം അനുഭയരൂപമായിരിക്കും. എങ്ങിനെ·—

"ദേ, മടങ്ങു ദയചെയ്തു മുഖേന്ദു-
ജ്യോൽസ്നയാലിരുളൊഴിച്ച ഹതാശേ,
അന്തരായമഭിസാരികമാരാ-
മന്യമുഗ്ദ്ധമിഴികൾക്കു മണച്ചു."

അഭിനയത്താൽ--ഹതനായ-ഏററവും ദുർവൃത്തനായ, നിനക്ക് എന്നിൽ അനുരാഗലേശംപോലുമില്ല. നീ അവളെത്തന്നെയാണ് എപ്പോഴും വിചാരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണല്ലോ ഇത്തരം ഗോത്ര സ്ഖലനവും മററും. തീരെ അനുരാഗമില്ലാതിരിക്കെ * ദാക്ഷിണ്യമുണ്ടെന്നു നടിച്ചിട്ടു ഫലമെന്തു? എല്ലാവരിലും ഒരുപോലെ അനുരാഗമുള്ളവനാണല്ലോ † ദക്ഷിണൻ. ഉണ്ടെന്നു നടിക്കുന്ന നീ കേവലം ‡ ശഠനാണ് എന്നിങ്ങിനെ ഖണ്ഡിതയായ നായികയുടെ കോപരൂപമായ അഭിപ്രായവിശേഷമാണ് ഇതിലെ ധ്വന്യമാനമായ അർത്ഥം. അതു നിഷേധരൂപമോ വിധിരൂപമോ അല്ലല്ലോ. ആകയാൽ, വാച്യം ഗമനവിധിരൂപമായിരിക്കെ പ്രധാനമായ വ്യംഗ്യം അനുഭയരൂപം.

'ദേ' എന്നതു പ്രാത്ഥനാഗർഭവും പ്രീതിബഹുമാനപൂർവ്വകവുമായ സംബോധനവിശേഷം. **ദയചെയ്തു**=പ്രസാദിച്ചു, **മുഖജ്യോത്സ്നയാൽ**=മുഖമാകുന്ന ചന്ദ്രന്റെ പൂനിലാവിനാൽ, **ഇരുളൊഴിച്ച**=ഇരുട്ടില്ലാതാക്കിയ, **ഹതാശേ**=ഹതമായ ആശയോടുകൂടിയവളേ എന്നു നമ്മസംബോധനം. **അഭിസാരികമാരാം**= കാന്താത്ഥിനികളായി സങ്കേതസ്ഥലത്തേക്കു പോകുന്ന—"കാന്താത്ഥിനീതു യാ യാതി സങ്കേതം സാഭിസാരികാ" എന്നു അമരം. **അന്യമുഗ്ദ്ധമുഖിമാർക്കും**=മററുള്ള സുന്ദരികൾക്കും—തനിക്കുമാത്ര

* ദാക്ഷിണ്യം=ദക്ഷിണന്റെ ഭാവം. ഭാര്യമാരിൽ എല്ലാവരിലും തുല്യാനുരാഗിതപം.

† "പലതരുണിമാരിലൊപ്പം
രാഗമെഴുന്നൊരുവനത്ര ദക്ഷിണനാം." (സാഹിത്യദപ്പണം)

‡ "ഉള്ളാലെൊരുവളെസ്സേഹി. ച്ചന്യയിൽ ബ്ബാഹ്യമാമ്പരം
സ്സേഹംനടിച്ചിട്ടവളെ ദ്രോഹിക്കും നായകൻ ശഠൻ."
(നാടകപ്രവേശിക)

മല്ല മററുള്ളവക്കും കൂടി, **അന്തരായം**=വിഘ്നം, **അണപ്പൂ**=അണയ്ക്കുന്നു. ഉത്തരവാക്യാത്ഥം "**മടങ്ങുക**" എന്നതിന്നു ഹേതുവായി നില്ക്കുന്നു.

പ്രിയതമനെ അഭിസരിക്കുവാൻ പുറപ്പെട്ട ഒരു തരുണിയെ അവളുടെ വീട്ടിലേക്കു പോകുന്ന ആ പ്രിയതമൻ മാർഗമദ്ധ്യത്തിൽ വെച്ചു സന്ധിച്ച സന്ദർഭത്തിൽ ആളെ അറിയാത്തപോലെ പറയുന്നതാണീപദ്യം. ആളെ അറിയിപ്പിക്കുവാനുള്ള നമ്മവചനമാണ് "ഹതാശേ" എന്ന സംബോധനം. നിന്റെ മുഖകാന്തിയെക്കൊണ്ടു മററുള്ള അഭിസാരിണികൾക്കുകൂടി വിഘ്നമുണ്ടാക്കുന്നു. അങ്ങിനെയിരിക്കെ നിനക്കു അഭിലാഷസിദ്ധി ഉണ്ടാവുമെന്ന പ്രത്യാശയ്ക്കുതന്നെ അവകാശമെവിടെ? എന്ന അഭിപ്രായത്തോടു കൂടിയാണ് "ഹതാശേ" എന്നു സംബോധനം ചെയ്തിരിക്കുന്നതു്. ആകയാൽ, ആത്മപ്രത്യഭിജ്ഞാപനാത്മകത്വവും ചാടുരൂപവുമായ വല്ലഭാഭിപ്രായമാണ് ഇതിലെ വ്യംഗ്യം. 'അല്ലാതെ, നീ എന്റെ വീട്ടിലേക്കു പോകേണ്ട' എന്നോ 'നമുക്കു നിന്റെ ഗൃഹത്തിലേക്കു മടങ്ങണം' എന്നോ ബോധിപ്പിക്കുന്നതിൽ നായകന്നു താൽപര്യമില്ല. അതുകൊണ്ടു്, പ്രധാനമായി വ്യംജിക്കുന്ന ചാടുരൂപമായ വല്ലഭാഭിപ്രായം നിഷേധരൂപമോ വിധിരൂപമോ അല്ലായ്കയാൽ അനുഭയരൂപമാകുന്നു.

ഇങ്ങിനെ അല്ലാതെ, 'ഗോത്രസ്ഖലനാദ്യപരാധം നിമിത്തം നായകഗൃഹത്തിൽനിന്നു കോപിച്ചു പുറപ്പെട്ടു പോകുന്ന നായികയെ നായകൻ ചാടൂപക്രമപൂർവ്വകം തടയുന്നു'വെന്നോ 'സഖ്യുപദേശത്തെ അവഗണിച്ചുപോകുന്ന നായികയെ സഖി ചാടൂക്തികൊണ്ടു തടയുന്നു' വെന്നോ മറേറാ അവതാരികയോടുകൂടി നായകാഭിപ്രായരൂപമോ സഖ്യഭിപ്രായരൂപമോ ആയ ചാടുവിശേഷമാണ് വ്യംഗ്യമെന്നു വ്യാഖ്യാനിക്കുന്നതായാൽ പ്രകൃതപദ്യം ധ്വന്യുദാഹരണമാകയില്ലതന്നെ. രണ്ടു പക്ഷത്തിലും ചാടുരൂപമായ അഭിപ്രായവിശേഷം വ്യംഗ്യമാണെങ്കിലും വ്യംഗ്യാത്ഥത്തിന്നു വിശ്രാന്തി നായികാനിവത്തനരൂപമായ വാച്യത്തിലാകയാൽ അതു ഗുണീഭൂതവ്യംഗ്യമേ ആകയുള്ളൂ. അതിനാൽ, ആദ്യം നിർദ്ദേശിച്ച രീതിയിൽത്തന്നെ വ്യാഖ്യാനിക്കേണ്ടിയിരിക്കുന്നു.

മററു ചിലേടത്തു വ്യംഗ്യം വാച്യത്തെ അപേക്ഷിച്ചു ഭിന്നവിഷയമായി വ്യവസ്ഥിതമായിരിക്കും. എങ്ങിനെ:—

"പ്രിയതമാവ്രണിതാധരദർശനം
സ്വയമെവന്നതികോപമിയററിടാ
നിയതമദ്യ സഹിക്ക; മറുത്തു വ-
ണ്ടിയലുമംബുജമാൻ്റ മുകന്ന നീ."

ഇങ്ങിനെ വാച്യത്തിനും വ്യംഗ്യത്തിനും വിഷയം ആദ്യശ്ലോകത്തിൽ ധാർമ്മികനും, രണ്ടാമത്തേതിൽ പഥികനും, മൂന്നാമത്തേതിൽ പ്രിയതമനും, നാലാമത്തേതിൽ അഭിസാരികയായ പ്രിയതമയുമാകയാൽ വിഷയൈക്യമുണ്ടെങ്കിലും വാച്യവ്യംഗ്യാർത്ഥങ്ങൾക്കു സ്വരൂപഭേദമുള്ളതുകൊണ്ടു പരസ്പരം ഭേദം പ്രതിപാദിച്ചു കഴിഞ്ഞു.

ഇനി വിഷയഭേദത്താലും വാച്യത്തിൽനിന്നു വ്യംഗ്യത്തിന്നു ഭേദമുണ്ടെന്നു നിരൂപിക്കുന്നു.

ഭിന്നവിഷയമായി=ഭിന്നമായ വിഷയത്തോടുകൂടിയതായി, **വ്യവസ്ഥിതം**=വിവിധരൂപമായി അവസ്ഥിതം, അവസ്ഥിതം=ആക്കും അല്ലെന്നു പറവാൻ കഴിയാത്തവ്യക്തമായിസ്ഥിതം.

പ്രച്ഛന്നകാമുകസംഭോഗത്തിൽ ചുണ്ടത്തു മുറിവു പററിയിരിക്കുന്ന നായികയോട് അവളുടെ ഭർത്താവ് അവിടെ അടുത്തെങ്ങുമില്ലെന്നുള്ള ഭാവത്തിൽ ആയാൾ കേൾക്കത്തക്കവിധം പ്രിയസഖി പറയുന്നതാണ് പ്രസ്തുതപദ്യം.

പ്രിയതമാവ്രണിതാധരദർശനം=പ്രാണവല്ലഭയുടെ മുറിപററിയ ചുണ്ടിൻെറ ദർശനം—പ്രിയതമയുടെ ചുണ്ടു മുറിഞ്ഞതായി കാണുക. കോപമിയററുന്നതിൽ കർത്താവ് മുറിവല്ല; ദർശനമാണ്. വാസ്തവത്തിൽ മുറിവു വേണമെന്നില്ല, ദർശനം മതി; അങ്ങിനെ തോന്നൽമാത്രം മതി. അതു വാസ്തവമോ എന്നു പരിശോധിപ്പാൻപോലും ക്ഷമയുണ്ടാകയില്ല എന്നു ഭാവം. **സ്വയം**=സപത്നികളുടേയോ മറേറാ പ്രേരണകൂടാതെ തന്നെ, **എവന്നു്**=ഏതൊരാൾക്ക്, **അതികോപമിയററിടാ**=അസഹ്യമായ കോപം ജനിപ്പിക്കയില്ല. ഇതു മനോഹരമായ ചുണ്ട് മുറിഞ്ഞതായി കാണുകിൽ സാധാരണജനങ്ങൾക്കുപോലും കോപമുണ്ടാവും;. പിന്നെ,

"സംഭോഗാവസരങ്ങളിൽ ക്കരുണയോ-
ടത്രേ മയാസപാദിതം
രംഭോരുപ്രിയ തൻെറ ചെന്തളിർ പണി-
ഞ്ഞീടുന്ന ബിംബാധരം."

എന്നു പറയുന്ന ദുഷ്യന്തൻെറ തരക്കാരനായ നിൻെറ പ്രാണവല്ലഭൻെറ സ്ഥിതിയെപ്പററി പറയാനുണ്ടോ? **മറുത്തു**=ഞാൻ സൂക്ഷിക്കേണമെന്നു പറഞ്ഞതു കൂട്ടാക്കാതെ, **വണ്ടിയലുമംബുജം**=വണ്ട് അകത്തു പററിയിരിക്കുന്ന താമരപ്പൂവ്, **ആർന്നു മുകന്നു നീ**=ഒന്നും ആലോചിക്കാതെ പറിച്ചെടുത്തു ഗാഢഗാഢം വാസനിച്ചുനോക്കിയ നീ, **നിയതം**=തീർച്ചയായിട്ടും, **അദ്യ**=ഇപ്പോൾ, **സഹിക്ക**=പ്രാണവല്ലഭൻെറ ശകാരങ്ങളെ സഹിക്കതന്നെ വേണം. എൻെറ പ്രാണപ്രിയൻ എന്നോടു കോപിക്കുമോ എന്നെ ശകാരിക്കുമോ എന്നൊന്നും സംശയിക്കേണ്ട. **നിയതം**=നിശ്ചയമായും അദ്ദേഹം കോപിക്കയും ശകാരിക്കയും ചെയ്യും. അതു് എനിക്കു സഹിക്കവയ്യല്ലോ എന്നു വിചാരിച്ചിനി ദുഃഖിക്കേണ്ട; ഒരുങ്ങിക്കൊള്ളുക. **നിയതം**=നിശ്ചയമായിട്ടും സഹിക്കതന്നെ വേണം. അതാണ് ഞാൻ പറഞ്ഞതുകേൾക്കാത്തതിനുള്ള പ്രായശ്ചിത്തം.

'ഭർത്താവിൻെറ കോപവും ശകാരവും സഹിച്ചുകൊള്ളുക' എന്നിങ്ങിനെയുള്ള വാച്യം നായികാവിഷയം. കോപിക്കത്തക്ക തെററൊന്നും ഇവൾ ചെയ്തിട്ടില്ലെന്നു ബോധിപ്പിക്കലായ വ്യംഗ്യാർത്ഥം നായകവിഷയം. **'സഹിക്ക'** അതായതു കോപിക്കരുതു് വഞ്ചനയറിയാത്ത പാവമാണെന്നു ദയതോന്നുകയാണ് വേണ്ടതു് എന്നുള്ളതും നായകവിഷയമായ വ്യംഗ്യം. നായകൻെറ ശകാരംകേട്ടു നായികയ്ക്കു സ്വഭാവദോഷമുണ്ടെന്നു് അടുത്ത വീട്ടുകാർ ശങ്കിക്കാനിടയുള്ളതുകൊണ്ടു് ഇവൾ സുശീലയാണെന്നുള്ള നിശ്ചയോൽപാദനം പ്രാതിവേശികവിഷയം വ്യംഗ്യം. സപത്നികൾ നായികയുടെ അന്യായപ്രവൃത്തിയാൽ സന്തോഷിക്കാനിടയുള്ളതുകൊണ്ടു് 'ഇവളാണ് അദ്ദേഹത്തിന്നു് ഏററവും പ്രിയയായിട്ടുള്ളവൾ അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന്നു് ഈൎഷ്യ തോന്നുന്നതു്. "യത്രേർഷ്യാ തദ്ഗതഃ സ്നേഹഃ" എന്നാന്യായമാലോചിച്ചാൽ നിങ്ങൾക്കു ദുഃഖിക്കാനല്ലാതെ സന്തോഷിക്കാനുള്ള അവകാശമില്ല. നിങ്ങൾ എല്ലാവരിലും സൌഭാഗ്യവതി

ഈ മാതിരി വാച്യാതിരിക്തങ്ങളായ മററുമനേകം ധ്വനിപ്ര കാരങ്ങൾ സംഭവിക്കുന്നതാണ്. അവയുടെ മാർഗപ്രദർശനം മാത്രമേ ഇവിടെ ചെയ്തിട്ടുള്ളു. രണ്ടാമത്തെ പ്രഭേദവും വാച്യത്തിൽനിന്നു ഭേ ദിച്ചതാണെങ്കിലും മേലെ സപ്രപഞ്ചം നിരൂപിക്കുന്നതാണ്. രസാദി

എൻെറ സഖിതന്നെയാണ്' എന്നിങ്ങിനെ സൌഭാഗ്യാതിശയപ്രഖ്യാ പനം സപത്നീവിഷയം വ്യംഗ്യം. 'സപത്നികളും മററു തരുണികളും എന്നെ ധൂർത്തയാണെന്നു മനസ്സിലാക്കി പരിഹസിക്കുമല്ലോ ഇതിൽ പരം അപമാനമെന്താണുള്ളതു് എന്നു വിചാരിച്ചു ഖേദിക്കേണ്ട; ഇതു നിനക്കു ബഹുമാനമായിട്ടാണ് പരിണമിച്ചിരിക്കുന്നതു്. **സ ഹിക്കുക**=സപത്നികളെ അഭിഭവിപ്പിക്കുന്നതിൽ ശക്തയായ്ഭവിച്ചു് ഉപയ്യുപരി ശോഭിക്കുക. നിന്നെപ്പോലെ സുഭഗയായിട്ടാരുണ്ടു്?' എ ന്നിങ്ങിനെ നായികാവിഷയം സൌഭാഗ്യബോധനം വ്യംഗ്യം. 'ഇപ്ര കാരം ഇത്തവണ നിൻെറ കാമുകിയെ ഞാൻ ഒരുവിധം രക്ഷിച്ചു. ഇനി മേലിൽ നഖദന്തക്ഷതാദിപ്രയോഗം കൂടാതെ രമിച്ചുകൊൾക' എന്ന ഉപദേശം ജാരവിഷയമായ വ്യംഗ്യം. 'ഇങ്ങിനെ ധൂർത്തപ്രവൃത്തി മറച്ചു് ഞാൻ എൻെറ സഖിയെ ബഹുമാന്യയാക്കിത്തീർത്തു' എന്നി ങ്ങിനെ സ്വവൈദഗ്ദ്ധ്യപ്രകാശനം തടസ്ഥവിദഗ്ദ്ധലോകവിഷയം വ്യം ഗ്യം. ഇപ്രകാരം അനേകവിധത്തിലുള്ള വിഷയഭേദത്താലും വ്യംഗ്യം വാച്യത്തിൽനിന്നു ഭിന്നമാകുന്നു എന്നു തെളിയുന്നു.

വാച്യാതിരിക്തങ്ങളായ=വാച്യാർത്ഥങ്ങളിൽനിന്നു ഭി ന്നങ്ങളായ, **വ്യംഗ്യപ്രഭേദങ്ങൾ**=വ്യംഗ്യാർത്ഥത്തിൻെറ വക ഭേദങ്ങൾ, **രണ്ടാമത്തെ പ്രഭേദം**=അലങ്കാരധ്വനി എന്ന വക ഭേദം, **ഭേദിച്ചതു്**=വ്യത്യാസപ്പെട്ടതു്, **മേലേ**=ദ്വിതീയോദ്ദ്യോത ത്തിൽ,

"അസംലക്ഷ്യക്രമോദ്ദ്യോതം സക്രമദ്യോതിതം പരം
വിവക്ഷിതാഭിധേയാഖ്യ-ധ്വനിയേവം ദ്വിധാ മതം."

എന്നിങ്ങിനെ വിവക്ഷിതാന്യപരവാച്യധ്വനിയുടെ രണ്ടാമത്തെ പ്രഭേ ദവും സക്രമദ്യോതിതവുമായ അനുരണനധ്വനിയെ വിവരിക്കുന്ന സന്ദർ ത്തിൽ എന്നു താൽപര്യം. **സപ്രപഞ്ചം**=സവിസ്തരം. അതായ തു്, വസ്തുസ്വരൂപം വിധിയോ നിഷേധമോ അനുഭയരൂപമോ ആക കൊണ്ടു് ധർമ്മത്രൈവിദ്ധ്യമനുസരിച്ചു വസ്തുധ്വനിയെ സംക്ഷേപിച്ചു

ലക്ഷണമായ മൂന്നാമത്തെ പ്രഭേദമാകട്ടെ, വാച്യസാമർത്ഥ്യാക്ഷിപ്ത

നിരൂപിക്കുവാൻ സാധിക്കും. അതുപോലെയല്ല അലങ്കാരധ്വനിയുടെ സ്ഥിതി. അലങ്കാരപ്രകാരങ്ങൾ അനേകങ്ങളാണ്. വാഗ്വൈചിത്ര്യങ്ങൾ അനന്തങ്ങളാണല്ലോ. അതുകൊണ്ട്, അലങ്കാരധ്വനി വിസ്തരിച്ചു നിരൂപിക്കേണ്ടതായിരിക്കുന്നു എന്നു ഭാവം.

രസാദിലക്ഷണമായ=രസാദിസ്വരൂപമായ, ആദിശബ്ദത്താൽ ഭാവം, രസാഭാസം, ഭാവാഭാസം, ഭാവശാന്തി, ഭാവോദയം, ഭാവശബലത എന്നിവയെ ഗ്രഹിക്കണം. **മൂന്നാമത്തെ പ്രഭേദം**=ധ്വനിയുടെ മൂന്നാമത്തെ വകഭേദം. **'ആകട്ടെ'** എന്നതു വസ്ത്വലങ്കാരധ്വനികളെ അപേക്ഷിച്ചു മൂന്നാമത്തെ വകഭേദമായ രസാദിധ്വനിക്കുള്ള വിശേഷത്തെ കുറിക്കുന്നു. വസ്ത്വലങ്കാരങ്ങൾ ധ്വനികളായും വാച്യങ്ങളായും ഭവിക്കാം. എന്നാൽ, രസാദിധ്വനി ഒരിക്കലും വാച്യഭാവത്തെ അവലംബിക്കയില്ല എന്നുള്ളതാണ് ആ വിശേഷം.

ഔചിത്യപ്രവൃത്തവും സ്ഥായിയുമായ ചിത്തവൃത്തി ആസ്വാദ്യമാനമാവുകിൽ രസം. അപ്രകാരം ആസ്വാദ്യമാനമാകുന്നതു വ്യഭിചാരിയായ ചിത്തവൃത്തിയാണെങ്കിൽ അതിനെ ഭാവമെന്നു പറയും. സ്ഥായിയോ വ്യഭിചാരിയോ ആയ ചിത്തവൃത്തി അനൌചിത്യപ്രവൃത്തമായി ആസ്വാദ്യമാനമാവുകിൽ യഥാക്രമം രസാഭാസവും ഭാവാഭാസവുമാകുന്നു. രാവണനു സീതയിലുള്ള രതിയും ഈർഷ്യാദിഭാവവും യഥാക്രമം ഉദാഹരണമാവും. പക്ഷേ "ശൃംഗാരാദ്ധി ഭവേദ്ധാസഃ" എന്ന ന്യായപ്രകാരം സീതാവിഷയകമായ രാവണരതി ഹാസ്യരസമാണെന്നു പറയാമെങ്കിലും അതു പൌർവ്വാപര്യവിവേകത്തോടുകൂടിയ പര്യാലോചനദശയിൽ മാത്രമാണ്. തന്മയീഭവനദശയിലാകട്ടെ ആസ്വാദ്യത രതിക്കുതന്നെയാകയാൽ അതിന്നു ശൃംഗാരത്വമല്ലാതെ ഹാസ്യത്വമനുഭവപ്പെടുന്നില്ല.

*"ദൂരാകർഷണമോഹമന്ത്ര ഇവ മേ തന്നാമ്നി യാതേ ശ്രുതിം
ചേതഃ കാലകലാമപി പ്രകുരുതേ നാവസ്ഥിതിം താം വിനാ

* ദൂരാകർഷണമോഹമന്ത്രേ ഇവ=ദൂരാകർഷണം മോഹം എന്നിവയ്ക്കു ഹേതുഭൂതമായ മന്ത്രം എന്നപോലെ, തന്നാമ്നി=അവളുടെ നാമം—സീതാനാമം, ശ്രുതിം യാതേ=ശ്രവണത്തെ പ്രാപിച്ചപ്പോൾ, മേ ചേതഃ=എന്റെ മനസ്സ്, താം വിനാ=അവളെക്കൂടാതെ, കാലകലാമപി=ക്ഷണകാലം പോലും, അവസ്ഥിതിം=സ്വാസ്ഥ്യത്തെ, ന പ്രകുരുതേ=കൈക്കൊള്ളുന്നില്ല, ഏതൈഃ അനംഗാതുരൈഃ അംഗൈഃ=മദനാതുരങ്ങ

ഏതൈരാകലിതസ്യ വിക്ഷതരതേരങ്ഗൈ രനങ്ഗാതുരൈഃ
സമ്പദ്യേത കഥം തദാപ്തിസുഖമിത്യേതന്ന വേദ്മി സ്ഫുടം."

ഇത്യാദി ഉദാഹരണം നോക്കുക. വേറെ ഉദാഹരണം:—

"പാരം ദേവി തപോവനത്തിൽ നിയമ-
സ്നാനങ്ങളിൽച്ചിക്കിടാ-
തേറെക്കെട്ടുപിണഞ്ഞു ചെഞ്ചിടപിടി-
ച്ചിമ്മട്ടിലായി പ്രിയേ,
ഓരോ കാട്ടുലതാപ്രസൂനമതുതാൻ
ചൂടുന്നതായിന്നു തേ
തേരോടിക്കുകയാലഴിഞ്ഞു ചിതറും
വാർകുന്തൽ ബന്ധിക്കുവൻ."

(ആശ്ചര്യചൂഡാമണി)

ഇത്യാദിയിൽ അനൌചിത്യപ്രവൃത്തമായ രതി ശൃംഗാരാഭാസംതന്നെയാകുന്നു. ഇതിലെ രസാഭാസത്തിന്ന് അംഗമായ ഔത്സുക്യാദിഭാവങ്ങൾ ഭാവാഭാസങ്ങളുമാണ്.

"വാനോർവെണ്ണടിവക്കിലാ മരതക-
പ്പാറപ്പുറത്തെൻ മടി-
സ്ഥാനം കേറിയിരുന്നു പൊൻമലരണി-
ക്കാറേററുകൊണ്ടങ്ങിനെ
താനേ പേടിപെട്ടും വലാരിവനിതാ-
വർഗത്തിനെക്കണ്ടു ക-
ണ്ടാനന്ദിച്ചവളാമനുഷ്യനെ വെടി-
ഞ്ഞെന്നോടിണങ്ങും ദൃഢം."

(ആശ്ചര്യചൂഡാമണി)

എന്നതിൽ മതി പ്രധാനമായി വ്യംജിക്കുന്നതിനാൽ ഈവകയൊക്കെയും ഭാവാഭാസധ്വനികാവ്യമാണെന്നും ധരിച്ചുകൊള്ളുക. ഭാവശാന്തി എന്നതു് ഭാവനിവൃത്തിയാകുന്നു. എന്നാൽ അതു ഭാവാന്തരത്തിന്നു

ഈ അംഗങ്ങളാൽ, ആകലിതസ്യ=വിഹ്വലീകൃതനും, വിക്ഷതരതേഃ=നാസ്തരതിയും—ഒന്നിലും രുചിയില്ലാത്തവനും—ആയ എനിക്കു്, തദാപ്തിസുഖം കഥം സമ്പദ്യേത=അവളുടെ സമാഗമസൌഖ്യം എങ്ങിനെയുണ്ടാകും, ഇതി=എന്നു്, സ്ഫുടം ന വേദ്മി=തീർച്ചയായിട്ടും അറിയുന്നില്ല. എന്നു രാവണവാക്യമായ പ്രകൃതപദ്യത്തിന്റെ അർത്ഥം.

ഹേതുവാകാമെങ്കിലും ഭാവനിവൃത്തിതന്നെയാണ് ചിലേടത്തു സവിശേഷം ആസ്വാദവിഷയമാകുന്നതു്; ഭാവാന്തരമല്ല. അതുകൊണ്ട്, ഭാവശാന്തി പ്രത്യേകം ഗണിക്കപ്പെടുന്നു.

ഉദാഹരണം:—

"നേരംവൈകിയ തെററിനെൻ ദയിത, നീ
മാപ്പേകിടും നിശ്ചയം
നേരംപോക്കിതു പോട്ടെയെന്തിതുരിയാ-
ടാതെന്തരച്ചോമലാം
സ്വൈരം ചുംബനസൽക്രിയയ്ക്കണയവേ
വക്ത്രം തിരിച്ചുള്ളൊരാ
ധീരന്നുള്ളലിയിച്ചു തൻകവിളിലായ്-
വീണോരു കണ്ണീർക്കണം." (പ്രണയവിലാസം)

ഇവിടെ പ്രണയകോപനിവൃത്തിരൂപമായ ഭാവശാന്തിയാകുന്നു ചവ്വ്ണാസ്പദമായ് ഭവിക്കുന്നതു്.

ഭാവോദയത്തിന്ന്:—

"ഏകാന്തത്തിലടുത്തണച്ചു വിടതന്നീടെന്നു യാചിക്കുവാ-
നാകാംക്ഷിച്ചു വരന്നതിന്നിടകൊടുക്കാതേ കഴിച്ചീടിലും
പോകാനായ്ത്തുതി ബാന്ധവാനുഗതനായ് മുററത്തിറങ്ങീടവേ
രാകാബ്ജാനന ബാല ജാലകമണഞ്ഞുദ്ബാഷ്പമീക്ഷിപ്പിതാ."
(പ്രണയവിലാസം)

ഇതിൽ വിഷാദത്തിന്റെ ഉദയമാണ് ആസ്വാദ്യമാനമായ്ത്തീരുന്നതു്.

വേറെ ഉദാഹരണം:—

"ഭള്ളില്ലാതെ നമസ്കരിച്ചതുമവേ-
ക്ഷിക്കെ പ്രസാദാശയെ
ത്തള്ളി ത്തൻദയിതൻ നിഗ്രഢകിതവാ-
ചാരേതി ഉദ്വ്വാക്കിനാൽ
ഉള്ളിൽ ക്കോപമിയന്നുപോകുമളവിൽ
കൈവെച്ചു പോർകൊങ്കയിൽ
പ്പുള്ളിപ്പേടമൃഗാക്ഷി നോക്കി നെടുവീ-
ർപ്പോട്ടൽകടാസ്രാ സഖീഃ" (അമരുകശതകം)

ഇതിലും മുൻപോലെ വിഷാദത്തിന്റെ ഉദയം.

ഭാവസന്ധിക്ക് ഉദാഹരണം:—

"നന്നാ ഗർവ്വോട്ട തപോബലങ്ങളിയലുന്നിവൻ വരികയാൽ വലി-
ക്കുന്നു സൽപ്രിയത വീരഹർഷമിതു രണ്ടു മെന്നൊയൊരിടത്തിതാ
ചന്ദനം മതി യിവററപോലിഹ തണുത്തു മോദമൃതകം പ്രിയാ-
ലിംഗനം മതിമയക്കി മറെറാരുവശത്തു വന്നു തടയുന്നിതാ."

(മഹാവീരചരിതം)

ഇതിലെ പൂർവ്വാർദ്ധത്തിൽ ശ്രീരാമൻെറ സംഭ്രമാത്മകമായ ആവേഗവും ഉത്തരാർദ്ധത്തിൽ ഹർഷവും ധ്വനിക്കുന്നു. ഈ രണ്ടു ഭാവങ്ങൾക്കും ആസ്വാദ്യത തുല്യമാകയാൽ ഭാവസന്ധി.

വേറെ ഉദാഹരണം:—

"നാമിപ്പോൾ ബ്ബാലരോ? മാറിട്ട,കിതനുചിതം,
പോവതെങ്ങോട്ടു, നില്ലൊ,-
ട്ടേമിപ്പാനാരു ഞാ,നാസ്ഥിതിയിനിവരുമോ,
ഹന്ത ചിന്തിക്കവയ്യേ!
നീ മിണ്ടാത്തെന്തു? കണ്ണിൽക്കരടു ചെറുതുപോയ്
സാരമില്ലൊട്ടു ചെന്നാൽ
പോ,മിങ്ങാരാനുമെത്തും, വിടുകഹഹ, വിളി-
ക്കുന്നിതാ ചേച്ചിയെന്നെ."

(പ്രണയവിലാസം)

ഇതിലെ 'നാമിപ്പോൾ ബാലരോ' 'മാറിടുക' 'ഇതനുചിതം' 'പോവതെങ്ങോട്ട്' 'നില്ലൊട്ട്' 'ഏമിപ്പാനാരു ഞാൻ' 'ആ സ്ഥിതി' 'ഇനി വരുമോ' 'ഹന്ത ചിന്തിക്കവയ്യേ' 'നീ മിണ്ടാത്തെന്തു' 'കണ്ണിൽ---പോം' 'ഇങ്ങാരാനുമെത്തും' 'വിടുകഹഹ' 'വിളി—യെന്നെ' എന്നിവയിൽ നിന്നു യഥാക്രമം വിതർക്കം, മതി, അമർഷം, ഔത്സുക്യം, ധൃതി, നിർവ്വേദം, സ്മൃതി, ചിന്ത, വിഷാദം, ആവേഗം, അവഹിത്ഥ, ശങ്ക, ദൈന്യം, ത്രാസം എന്നീ ഭാവങ്ങൾ വ്യംജിക്കുന്നതിനാൽ ഭാവസന്ധിയാണ് ആസ്വാദ്യമാനമാകുന്നത്.

ഉത്തരോത്തരഭാവങ്ങൾക്കുള്ള പൂർവ്വപൂർവ്വഭാവാവമർദ്ദകത്വമാണ് ശബലത.

മാൎഗ്ഗത്തെ പ്രകാശിക്കയാണ് ചെയ്യുന്നതു്, സാക്ഷാൽ ശബ്ദവ്യാപാരത്തിന്നു വിഷയമാകുന്നില്ല. ആകയാൽ, അതും വാച്യത്തിൽനിന്നു ഭിന്നം തന്നെയാകുന്നു. അതായതു്:—അതിന്നു വാച്യത്വം പറയുന്നതു്

ഉദാഹരണം:—

"എങ്ങെൻ ദുർവൃത്തിയെങ്ങാ ശ്ശശികല;മവളെ
ക്കാണുമോ വീണ്ടു മീ ഞാൻ;
മങ്ങല്ലല്ലെൻെറ ശാസ്ത്രഗ്രഹ;മയിരുചിരം
കോപമാൎന്നാലുമാസ്യം;
എന്തോതും ശിഷ്ടരാമാസ്സധിക;ളിവൾ കിനാ-
വിങ്കലും ലഭ്യയ;ല്ലെൻ
സ്വാന്തം,ത്വം സ്വാസ്ഥ്യമാൎന്നീ;ടധരമധു നുക-
ൎന്നീടുമാ ധന്യനാരോ?"

ഇതിൽ യഥാക്രമം ധ്വനിക്കുന്ന വിതൎക്കത്തിന്നു് ഔത്സുക്യവും അതിന്നു മതിയും, അതിന്നു സ്മൃതിയും, അതിന്നു ശങ്കയും, അതിന്നു ദൈന്യവും, അതിന്നു ധൃതിയും, അതിന്നു ചിന്തയും ഉപമർദകമായിട്ടാണാസ്വാദപദവിയെ പ്രാപിക്കുന്നതു്. "നിനക്കൊരു പുത്രൻ ജനിച്ചിരിക്കുന്നു" ഇത്യാദി ലൌകികവാക്യം ഇഷ്ടാൎത്ഥപ്രതിപാദനദ്വാരാ ഹൎഷം ജനിപ്പിക്കുന്നതുപോലെ ഏതാദൃശപദ്യങ്ങൾ രസഭാവാദികളെ ജനിപ്പിക്കുന്നില്ല. നേരെമറിച്ചു്, വിശിഷ്ടവിഭാവാദിപ്രതിപാദനദ്വാരാ രസഭാവാദ്യൎത്ഥങ്ങളെ പ്രകാശിപ്പിക്കുകയാണ് ചെയ്യുന്നതു്. വ്യംഗ്യാൎത്ഥം അന്വയവിശേഷരൂപമല്ലായ്കയാൽ താൽപര്യാഖ്യവൃത്തിക്കു വിഷയമല്ല. ബാധാദിത്രയാപേക്ഷയില്ലായ്കയാൽ തദപേക്ഷിണിയായ ലക്ഷണാവൃത്തിക്കും ഗോചരമല്ല. നേരെമറിച്ചു്, വിഭാവാനുഭാവപ്രതീതി വരുമ്പോൾ ഹൃദയസംവാദവശാൽ തന്മയീഭാവവിവശമായ് ചമയുന്ന സഹൃദയഹൃദയത്തിൽ രസ്യമാനതൈകപ്രാണവും സിദ്ധസ്വഭാവസുഖാദിവിലക്ഷണവുമായിട്ടു് ആസ്വാദ്യമാനമായി അതു പരിസ്ഫുരിക്കയാണ് ചെയ്യുന്നതു്. അതുകൊണ്ടാണ്, വൃത്തിയിൽ, "പ്രകാശിക്കയാണ്" എന്നു പറഞ്ഞിരിക്കുന്നതു്. ആകയാൽ, രസപ്രതീതിയിൽ അൎത്ഥസഹകൃതമായ ശബ്ദത്തിൻെറ വ്യാപാരം ധ്വനനമല്ലാതെ മറെറാന്നുമാകയില്ല. രസാദിവിഷയത്തിൽ അൎത്ഥത്തിനുള്ള വ്യാപാരം ഏതുരൂപത്തിലുള്ളതോ അതേരൂപത്തിലുള്ളതു തന്നെയാണ് അൎത്ഥസഹകൃത

സ്വശബ്ദനിവേദിതത്വത്താലോ വിഭാവാദിപ്രതിപാദനം വഴിക്കോ ?

മായ ശബ്ദത്തിനും. വിഭാവാദ്യൎത്ഥത്തിനുള്ള വ്യാപാരം ഹൎഷാത്മകചിത്തവൃത്തിയെ ജനിപ്പിക്കുന്ന പുത്രജന്മാദ്യൎത്ഥത്തിന്നൊന്നപോലെ ജനകത്വരൂപമല്ല. ജനകത്വമാണെങ്കിൽ വിഭാവാദ്യൎത്ഥത്തിന്റെ അപഗമത്തിലും രസാനുഭവമുണ്ടായിക്കാണണം. ജനകനായ കുലാലന്റെ നാശത്തിൽ ജന്യമായ ഘടത്തിനുണ്ടോ നാശം വരുന്നു? നേരെമറിച്ച്, ദീപനാശത്തിൽ അന്ധകാരസ്ഥമായ ഘടത്തിന്റെ അനുഭവം പോയ്പോകുന്നതുപോലെ വിഭാവാദിബോധമില്ലാതാകുമ്പോൾ രസാദ്യനുഭവവും ഇല്ലാതെയായിട്ടാണ് നാം കാണുന്നത്. അതുകൊണ്ട്, രസാദിവിഷയത്തിൽ വ്യംഗ്യവ്യഞ്ജകഭാവമല്ലാതെ ജന്യജനകഭാവം ഘടിക്കയില്ലെന്നു തീൎച്ചപ്പെടുന്നു. അതുതന്നെയാണ് "**വാച്യസാമൎത്ഥ്യാക്ഷിപ്തമായി പ്രകാശിക്ക**—" എന്നു വൃത്തിഗ്രന്ഥംകൊണ്ടു പ്രതിപാദിച്ചിരിക്കുന്നത്. **വാച്യസാമൎത്ഥ്യാക്ഷിപ്തമായി**=വാച്യസാമൎത്ഥ്യത്താൽ ആക്ഷിപ്തമായി. ശബ്ദത്തിന്നു രസാദിധ്വനനത്തിൽ വാച്യമായ--വിഭാവാദിരൂപമായ--സാമൎത്ഥ്യം--സഹകാരിരൂപമായ ശക്തിയും, അൎത്ഥത്തിന്നു രസാദിധ്വനനത്തിൽ വാച്യത്തിന്റെ—വിഭാവാദ്യഭിധേയത്തിന്റെ—സാമൎത്ഥ്യം—ഗുണാലങ്കാരാദിവിശിഷ്ടവും സമുചിതവുമായ വാചകസാകല്യവുമാകുന്നു. ആകയാൽ, ശബ്ദകൃതമായ ധ്വനനത്തിൽ വാച്യമായ സാമൎത്ഥ്യം എന്നു കൎമ്മധാരയസമാസവും അൎത്ഥകൃതമായ ധ്വനനത്തിൽ വാച്യത്തിന്റെ സാമൎത്ഥ്യമെന്നു ഷഷ്ഠീതൽപുരുഷസമാസവും ആണെന്നു താൽപൎയ്യം. അങ്ങിനെയുള്ള സാമൎത്ഥ്യത്താൽ, **ആക്ഷിപ്തമായി**=അഭിവ്യക്തമായി, **പ്രകാശിക്കയാണു്**=ആസ്വാദ്യമാനമായി പരിസ്ഫുരിക്കയാണ്, **സാക്ഷാൽ ശബ്ദവ്യാപാരത്തിന്നു്**=അഭിധാദിവ്യാപാരത്രയത്തിന്ന്, **വിഷയമാകുന്നില്ല**=ഗോചരമാകുന്നില്ല, **ആകയാൽ**=അഭിധാദിവ്യാപാരത്രയത്തിന്നു വിഷയമല്ലായ്കയാൽ, **വാച്യത്തിൽനിന്നു്**=അഭിധേയത്തിൽനിന്ന്, **ഭിന്നം തന്നെയാണു്**=വ്യതിരിക്തംതന്നെയാകുന്നു, **അതായതു്**=രസാദികൾ വാച്യത്വമില്ലെന്നുള്ള ഉപപാദനം എന്നു താൽപൎയ്യം. **അതിന്നു് വാച്യത്വം**=രസാദ്യൎത്ഥത്തിന്ന് അഭിധേയത്വം, **സ്വശബ്ദനിവേദിതത്വത്താലോ**=സ്വശബ്ദം—ശൃംഗാരാദിശബ്ദം—കൊണ്ടു

ആദ്യത്തെ പക്ഷത്തിൽ, സ്വശബ്ദനിവേദിതത്വമില്ലെങ്കിൽ രസാദികൾക്കു പ്രതീതിയില്ലെന്നു വരും. രസാദിക്കു സർവ്വത്ര സ്വശബ്ദ

ബോധിക്കപ്പെട്ടുക എന്ന സ്ഥിതിയാലോ, അതായതു്, ശൃംഗാരാദിശബ്ദങ്ങളുടെ അഭിധാവ്യാപാരത്താലോ, **വിഭാവാദിപ്രതിപാദനം വഴിക്കോ**=താൽപര്യശക്തിയാലോ, ഇങ്ങിനെ രണ്ടുപ്രകാരത്തിൽ ഏതെങ്കിലും ഒരു പ്രകാരത്തിലാണെന്നു പറയാനേ തരമുള്ളൂ എന്നു ഭാവം. **ആദ്യത്തെ പക്ഷത്തിൽ**=രസാദി ശൃംഗാരാദിശബ്ദവാച്യമാണെന്ന പക്ഷത്തിൽ, **സ്വശബ്ദനിവേദിതത്വമില്ലെങ്കിൽ**=ശൃംഗാരാദിശബ്ദബോധിതത്വമില്ലെങ്കിൽ, **രസാദികൾ**=ശൃംഗാരാദിരസം, രത്യാദിഭാവം, രസാഭാസം, ഭാവാഭാസം എന്നിവയ്ക്കു, **പ്രതീതിയില്ലെന്നാവും**=ബോധമില്ലെന്നു വരും; ശൃംഗാരാദിശബ്ദപ്രയോഗമില്ലെങ്കിൽ രസാദിപ്രതീതിയില്ല എന്നു പറയേണ്ടിവരും. അതു് അനുഭവത്തിന്നു വിരുദ്ധമാകയാൽ അത്തരം വ്യതിരേകവ്യാപ്തി അസംബദ്ധമാണെന്നു കാണിക്കുന്നു. **"രസാദികൾ സർവ്വത്ര സ്വശബ്ദനിവേദിതത്വമില്ല"** ഇത്യാദിയാൽ, **സർവ്വത്ര**=എല്ലാ സ്ഥലത്തും, **സ്വശബ്ദനിവേദിതത്വം**=ശൃംഗാരാദിശബ്ദബോധിതത്വം.

"സ്വൈരം ചാരുകസാലമേൽ പതി കിട-
നോതാണ്ടു വായിക്കുമ-
ന്നേരം പിന്നിലണഞ്ഞുനിന്നു നിട്ടതം
തോളത്തു കൈ വെക്കവേ,
ആരമ്യാംഗനതൻെറ കണ്ഠതടമ-
പ്പാടേ ഗ്രഹിച്ചഞ്ജസാ
സ്മേരശ്രീമുഖമൊട്ടു താഴ്ത്തി യനുകൻ
നന്നായ് നുകർന്നീടിനാൻ."

(പ്രണയവിലാസം)

'തോളത്തു കൈ വെക്കുക' എന്ന ഉദ്ദീപനവിഭാവത്തിൻേറയും 'കണ്ഠതടഗ്രഹം' മുതലായ അനുഭാവത്തിൻേറയും ബോധാനന്തരം തന്നെ തന്മയീഭവനയോഗത്താൽ വിഭാവാനുഭാവോചിതങ്ങളും വാസനാത്മകങ്ങളുമായ സ്ഥായിസഞ്ചാരിരൂപചിത്തവൃത്തികളാൽ അനുരഞ്ജിത

നിവേദിതത്വമില്ല. സ്വശബ്ദമുള്ള സ്ഥലത്തു രസാദിപ്രതീതിയുണ്ടാവുന്നതു വിശിഷ്ടവിഭാവാദിപ്രതിപാദനംവഴിക്കാണു താനും. സ്വശബ്ദം

മായ സ്വസംവിത്തിന്റെ ആനന്ദമയമായ ചർവ്വണയ്ക്കു വിഷയമായി സംഭോഗശൃംഗാരാത്മകമായ അർത്ഥം ശൃംഗാരശബ്ദമില്ലാതെതന്നെ സ്ഫുരിക്കുന്നു.

ഇതുപോലെ,

"ശ്രീമാനദ്ദേഹമെങ്ങെങ്ങിവ,ളഹഹ! കഥം
വക്ത്രമീക്ഷിപ്പു,തോമൽ-
ക്കാമാഭം രൂപമാസേചനക, മരുതിദം
കാര്യം, അയ്യോ വലഞ്ഞേൻ,
ശ്രീമാന്യം നിർമ്മലം മേ കുല,മലർവിശിഖൻ
ക്രൂരനാ,ണെൻ മനസ്സേ
നീ മാൽകൊ,ള്ളെന്തുചെയ്‌വൂ, ഹതവിധി വിജയി-
ക്കട്ടെ,യദ്ധന്യനാരോ?"

(പ്രണയവിലാസം)

കാര്യവശാൽ തന്റെ ഗൃഹത്തിൽ വന്നിരിക്കുന്ന തരുണനെക്കണ്ടിട്ടു കാമിനിക്കുണ്ടായ വിചാരപ്രകാരത്തെ വിവരിക്കുന്ന ഈ പദ്യത്തിൽ യഥാക്രമം, വിതർക്കം, ഹർഷം, ലജ്ജ, ഔത്സുക്യം, മതി, ദൈന്യം, ഗർവ്വം, അമർഷം, ധൃതി, വിഷാദം, അസൂയ, ചിന്ത എന്നീ ഭാവങ്ങൾ തദ്വാചകശബ്ദങ്ങൾ കൂടാതെതന്നെ സഹൃദയന്മാർക്കു് ആസ്വാദ്യമാനങ്ങളായി സ്ഫുരിക്കുന്നുണ്ടു്. ഇങ്ങിനെ വാചകശബ്ദം കൂടാതെ രസഭാവാദിസ്ഫൂർത്തിവരുന്നതിനാൽ "സ്വശബ്ദമില്ലെങ്കിൽ രസപ്രതീതിയില്ല" എന്നിങ്ങിനെയുള്ള വ്യതിരേകവ്യാപ്തി ഘടിക്കയില്ലെന്നു താൽപര്യം. വ്യതിരേകവ്യാപ്തിയില്ലെന്നു് ഉപപാദിച്ചശേഷം അന്വയവ്യാപ്തിയെ നിഷേധിക്കുന്നു **"സ്വശബ്ദമുള്ള സ്ഥലത്തു—"** ഇത്യാദിയാൽ. **സ്വശബ്ദമുള്ള സ്ഥലത്തു**=ശൃംഗാരാദിസ്വശബ്ദമുള്ളദിക്കിൽ, **രസാദിപ്രതീതി**=രസം ഭാവം മുതലായവയുടെ പ്രതീതി, **വിശിഷ്ടവിഭാവാദിപ്രതിപാദനംവഴിക്കാണു്**=വിശിഷ്ടമായ=ശബ്ദവിശിഷ്ടമായ—ശബ്ദപ്രയുക്തമായ, വിഭാവാദിപ്രതിപാദനം വഴിക്ക്—വിഭാവാനുഭാവദ്വാരകമായിട്ടാണ്. ശബ്ദസമർപ്പിതങ്ങളായ വിഭാവാനുഭാവങ്ങളേ രസപ്രതീതിക്ക് ഉപകരിക്കയുള്ളു; അല്ലാതെ വാസ്തവത്തിൽ

കൊണ്ടു കേവലം അനുവദിക്കപ്പെടുന്നതേയുള്ളൂ. വിഷയാന്തരങ്ങളിൽ

ലോകസ്ഥിതങ്ങളായാൽമാത്രം പോരാ എന്നു താൽപര്യം. **സ്വശബ്ദംകൊണ്ട്**=ശൃംഗാരാദിവാചകശബ്ദംകൊണ്ട്, **കേവലം അനുവദിക്കപ്പെടുന്നതേയുള്ളൂ**=രസഭാവാദിപ്രതീതി അനുവദിക്കപ്പെടുകമാത്രമാണ്; പ്രകാശിക്കപ്പെടുകയല്ല.

"കണ്ണൻ ദ്വാരവതിക്കു പോയ സമയം തല്ലീലയാൽ നമ്രയാം
കാളിന്ദീതടവല്ലിയെത്തഴുകി യത്യുൽകണ്ഠയാം രാധയാൾ
കണ്ണീരാലിടറുന്ന കണ്ഠമൊടുമത്യുച്ചസ്വരം പാടിനാൾ
ക്രീഡദ്വാരിചരങ്ങൾപോലുമതുകേട്ടുൽകം കരഞ്ഞൂഭൃശം." (സ്വ)

ഇവിടെ ശ്രീകൃഷ്ണവിരഹാദിയായ വിഭാവത്തോടും 'കണ്ണീരാലിടറുന്ന—' ഇത്യാദി വിശേഷണവിശിഷ്ടമായ ഗീതം മുതലായ അനുഭാവത്തോടും തന്മയീഭവിക്കുന്ന സഹൃദയഹൃദയത്തിൽ ഉൽകണ്ഠ ചർവ്വണാവിഷയമായി പ്രതീയമാനമാവുന്നുണ്ട്. "അത്യുൽകണ്ഠയാം" എന്നതിലെ 'ഉൽകണ്ഠാ'ശബ്ദമാകട്ടെ, സിദ്ധമായ ഭാവത്തെ അനുവദിക്കുന്നതേയുള്ളൂ. അനുവാദം നിരർത്ഥകവുമല്ല. "ജലചരങ്ങൾപോലും കരഞ്ഞൂ ഭൃശം" എന്നിങ്ങിനെ നിർദ്ദേശിച്ചിരിക്കുന്ന ജലചരക്രന്ദനവിഷയത്തിലും ഉക്തവിഭാവാനുഭാവയോജനമുണ്ടെങ്കിലേ ജലചരോൽകണ്ഠ തന്മയീഭാവദ്വാരാ ചർവ്വണാവിഷയമാകൂ. അവയുടെ അനുകർഷണത്തിന്നായിട്ടാണ് ഉൽകണ്ഠാസമാനാർത്ഥകമായ 'ഉൽക'ശബ്ദപ്രയോഗം. അതിലേക്കു സൌകര്യത്തിനായി വിഭാവാനുഭാവസംഗ്രാഹകമായിട്ട് ഉൽകണ്ഠാശബ്ദം പ്രയോഗിച്ചിരിക്കുന്നു. അല്ലെങ്കിൽ ഉൽകശബ്ദംകൊണ്ട് അനുകർഷണം ശക്യമല്ല. അനുകർഷണമില്ലെങ്കിൽ തന്മയീഭാവമുണ്ടാകയില്ല. വിഭാവാനുഭാവങ്ങളെ വീണ്ടും നിർദ്ദേശിക്കുന്നതായാൽ പൌനരുക്ത്യദോഷമാപതിക്കും. അതിനാൽ ഉൽകണ്ഠാശബ്ദം സിദ്ധാനുവാദകം മാത്രമാണ്. അതു നിഷ്ഫലവുമല്ല.

ഇതുപോലെതന്നെ,

"ഔത്സുക്യത്താൽ ത്വരിച്ചീടിലുമുരുസഹജ-
വ്രീളയാൽ പ്പിന്തിരിഞ്ഞും
വത്സേ, ചെല്ലുക ചെല്ലെന്നഭിജനമരുളെ
ക്കാന്തസാമ്മുഖ്യമാർന്നും

അപ്രകാരം കാണായ്കയാൽ സ്വശബ്ദോപാദാനത്താലല്ല താദൃശപ്രതീതിയുണ്ടാവുന്നതെന്നു തെളിയുന്നു. വിഭാവാദിപ്രതിപാദനം കൂടാതെ കേവലം ശൃംഗാരാദിശബ്ദഭാക്കായ കാവ്യത്തിൽ സ്വല്പംപോലും രസ

തദൌത്സുക്യത്തിൽപ്പുരുങ്ങി പുളകിതതനുവായ്
ച്ചെന്നുചേർന്നാദ്യമാകും
തത്സംഗത്തിൽ ത്തദാലിംഗിത ശിവ സതതം
നിങ്ങളെ ക്കാത്തിടട്ടെ." (രത്നാവലി)

ഇത്യാദിയിലും നോക്കിക്കൊള്ളുക. ഇവിടെ ശിവസാന്നിദ്ധ്യം, കാലവിശേഷം മുതലായ വിഭാവത്താൽ സഹകൃതങ്ങളായ 'ത്വരിക്കുക' 'പിന്തിരിക്കുക' എന്നീ അനുഭാവങ്ങളാൽ യഥാക്രമം വ്യംജിക്കപ്പെടുന്നതായിട്ടാണു് ഔത്സുക്യം, വ്രീഡ എന്നീ ഭാവങ്ങൾ സഹൃദയന്മാർക്കു ചർവ്വണാവിഷയങ്ങളാവുന്നതു്. 'ത്വര'യും 'പിന്തിരിയ'ലും ഭയകാര്യംകൂടിയാകയാൽ പ്രകൃതത്തിൽ ഔത്സുക്യാദ്യസാധാരണത്വം സമ്പാദിച്ചുകൊടുത്തു സംശയച്ഛേദം ചെയ്യുന്നതിലേക്കായിട്ടാണു് ഔത്സുക്യാദിശബ്ദപ്രയോഗം. ആട്ടെ, 'കണ്ണൻ ദ്വാരവതിക്കു—ഇത്യാദിയിൽ ഉൽകണ്ഠാശബ്ദമുള്ളതിനാൽ തൽപ്രതീതി തദ്വാചകപദംകൊണ്ടുതന്നെയായിക്കൂടെ? അല്ലെന്നതിലേക്കു ഗമകമെന്തു്? ശപഥംകൊണ്ടു കാര്യമില്ല' എന്നിങ്ങിനെ ഒരാക്ഷേപത്തിന്നു് അവകാശമുണ്ടാകരുതെന്നുവെച്ചു് **"വിഷയാന്തരങ്ങളിൽ—"** ഇത്യാദിവാക്യംകൊണ്ടു് ഗമകം നിർദ്ദേശിക്കുന്നു. **വിഷയാന്തരങ്ങളിൽ**='സ്വൈരം ചാരുകസേലമേൽ—'ഇത്യാദി സ്ഥലങ്ങളിൽ, **അപ്രകാരം കാണായ്കയാൽ**=വാചകശബ്ദം ഇല്ലാത്തതുകൊണ്ടു രസാദ്യപ്രതീതികാണായ്കയാൽ, **സ്വശബ്ദോപാദാനത്താലല്ല**=രസഭാവാദിവാചകപ്രയോഗത്താലല്ല, **താദൃശപ്രതീതി**=രസഭാവാദിപ്രതീതി, **എന്നു തെളിയുന്നു**—യാതൊന്നില്ലാതിരിക്കെ യാതൊരുകാര്യം കാണുന്നുവോ അതു് ആ കാര്യത്തിന്നു കാരണമല്ലെന്നുള്ളതു് തീർച്ചയാണെന്നു ഭാവം. അദർശനത്തെത്തന്നെ പ്രകാരാന്തരേണ വിവരിക്കുന്നു—**"വിഭാവാദി"** ഇത്യാദിയാൽ, **വിഭാവാദിപ്രതിപാദനമില്ലാതെ**=വിഭാവാനുഭാവനിബന്ധനം കൂടാതെ, **കേവലം ശൃംഗാരാദിശബ്ദഭാക്കായ**=ശൃംഗാരവീരകരുണാദിശബ്ദപ്രയോഗം മാത്രമുള്ള, 'കേവല'ശബ്ദം വിഭാവാദ്യാക്ഷേപപ്രസക്തിയെ നിരസിക്കുന്നു.

പ്രതീതി വരുന്നില്ലെന്നുള്ളതും തീച്ചയാണ്. ഇങ്ങിനെ സ്വാഭിധാന മില്ലാതെ കേവലം വിശിഷ്ടങ്ങളായ വിഭാവാദികളാൽ രസപ്രതീതി സംഭവിക്കയും സ്വാഭിധാനത്താൽ മാത്രം സംഭവിക്കാതെയും കാണുക

ആകയാൽ,

"ഗാംഭീര്യത്താലനുദ്ഭിന്നം അന്തർഗ്ഗൂഢഘനവ്യഥം
പുടപാകപ്രതീകാശം രാമന്റെ കരുണം രസം."

(ഉത്തരരാമചരിതം)

ഇത്യാദികളു വ്യാവൃത്തി സംഭവിക്കുന്നു. ഇവിടെ കരുണരസം ചവ്വണാ വിഷയമാകുന്നതു് "പത്നിയെ ത്യജിച്ച മുതൽക്ക്" എന്ന പൂർവ്വവാക്യ ത്താൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന, സീതാത്യാഗമായ വിഭാവത്താലും ജാഗരണചിഹ്നം, ശരീരകാർശ്യം, വൈവർണ്ണ്യം, ദീർഘനിശ്വാസം മുതലായി സന്ദർഭാക്ഷിപ്തങ്ങളായ അനുഭാവങ്ങളാലും വ്യജ്യമാനങ്ങളായ ഗ്ലാനിവിഷാദചിന്താദിസഞ്ചാരികളാലും അഭിവ്യക്തമായിട്ടാണല്ലോ. **കാവ്യത്തിൽ**=പ്രതിപക്ഷിയുടെ മതപ്രകാരം കാവ്യമാകാവുന്ന സന്ദർഭത്തിൽ,—

"ശൃംഗാരം, കരുണം, വീരം, രൌദ്രം, ഹാസ്യം, ഭയാനകം,
ബീഭത്സ, മദ്ഭുതം, ശാന്തം എന്നിങ്ങു രസമൊമ്പതു്."

(ഭാഷാഭൂഷണം)

ഇത്യാദി സ്ഥലത്തു്, **സ്വല്പംപോലും രസപ്രതീതിവരുന്നി ല്ലെന്നുള്ളതു് തീർച്ചയാണു്.** ശൃംഗാരാദിശബ്ദങ്ങളുണ്ടെ ങ്കിലും ലേശംപോലും രസാസ്വാദമില്ലെന്നുള്ളതു് അനുഭവവേദ്യമാണ്. രസാദികളു സ്വശബ്ദത്തോടു വ്യതിരേകവ്യാപ്തിയോ അന്വയവ്യാപ്തിയോ ഇല്ലെന്നു കാണിച്ചുകൊണ്ടു നേരെമറിച്ച് അന്വയവ്യതിരേകങ്ങളാൽ രസാദി അഭിധേയാക്ഷിപ്തമാണെന്ന് ഉപസംഹരിക്കുന്നു **"ഇങ്ങിനെ"** എന്നു തുടങ്ങുന്ന വാക്യത്താൽ. **ഇങ്ങിനെ**=വിവരിച്ചപ്രകാരം. **"സംഭവിക്കയും"** എന്നതുവരെയുള്ള ഭാഗത്താൽ വ്യതിരേകവ്യാ പ്ത്യഭാവവും അതിന്നുശേഷം **"സംഭവിക്കാതേയും"** എന്നതുവ രെയുള്ള ഭാഗത്താൽ അന്വയവ്യാപ്ത്യഭാവവും പ്രദർശിപ്പിച്ചിരിക്കുന്നു. "യൽ സത്വെ യൽ സത്വം" (ഇന്നതുണ്ടെങ്കിൽ ഇന്നതുണ്ടു്) എന്നതു് അന്വയവ്യാപ്തിയുടേയും "യദഭാവേ യദഭാവഃ" (ഇന്നതി ല്ലെങ്കിൽ ഇന്നതില്ല) എന്നതു് വ്യതിരേകവ്യാപ്തിയുടേയും സ്വരൂപ

യാൽ അന്വയവ്യതിരേകങ്ങളെക്കൊണ്ടു് രസാദികൾക്കു് അഭിധേയസാമർത്ഥ്യാക്ഷിപ്തത്വമല്ലാതെ ഒരു പ്രകാരത്തിലും അഭിധേയത്വം സംഭ

മാകുന്നു. ശൃംഗാരാദിശബ്ദമുണ്ടെങ്കിൽ രസപ്രതീതിയുണ്ടു് എന്നുവന്നാലേ അന്വയവ്യാപ്തിയുള്ളു. "ശൃംഗാരവീരകരുണ—" ഇത്യാദിയിൽ രസപ്രതീതിയില്ലായ്കയാൽ അതിനു മാർഗമില്ല. ശൃംഗാരാദിശബ്ദമില്ലെങ്കിൽ രസപ്രതീതിയില്ല എന്നിരിക്കിലാണു് വ്യതിരേകവ്യാപ്തി. "സ്വൈരം ചാരു—" ഇത്യാദിയിൽ സ്വവാചകമില്ലാതെ രസപ്രതീതിയുണ്ടാവുന്നതുകൊണ്ടു് അതും ഘടിക്കുന്നില്ല. ആകയാൽ, രസാദിപ്രതീതിക്കു സ്വശബ്ദത്തോടു അന്വയവ്യതിരേകവ്യാപ്തികൾ സംഭവിക്കയില്ലെന്നു ഭാവം. **അന്വയവ്യതിരേകങ്ങളെക്കൊണ്ടു്**=രസാദിപ്രതീതിക്കു് അഭിധേയസാമർത്ഥ്യരൂപമായ ആക്ഷേപകത്തോടു് അന്വയവും വ്യതിരേകവും സംഭവിക്കുന്നതുകൊണ്ടു്. അഭിധേയസാമർത്ഥ്യമുള്ളേടത്തു രസാദിപ്രതീതിയുണ്ടു് എന്നു് അന്വയവ്യാപ്തി; അതില്ലാത്തിടത്തു രസാദിപ്രതീതിയുമില്ല എന്നു വ്യതിരേകവ്യാപ്തി. **രസാദികൾക്കു്**=രസം, ഭാവം, തദാഭാസം എന്നിവയ്ക്കു്, **അഭിധേയസാമർത്ഥ്യാക്ഷിപ്തത്വം**=അഭിധേയസാമർത്ഥ്യത്താൽ അഭിവ്യക്തത്വം, ശബ്ദത്തിനു രസധ്വനനവിഷയത്തിൽ അഭിധേയമായ സാമർത്ഥ്യം സഹകാരിശക്തിരൂപം വിഭാവാദികം എന്നു കർമ്മധാരയസമാസമാശ്രയിച്ചും അർത്ഥത്തിനു രസധ്വനനത്തിൽ അഭിധേയത്തിന്റെ—വിഭാവാദിരൂപാർത്ഥത്തിന്റെ—സാമർത്ഥ്യം സഹകാരിശക്തിരൂപം അതായതു് വിശിഷ്ടസമുചിതവാചകസാകല്യം എന്നു ഷഷ്ഠീസമാസമാശ്രയിച്ചും അഭിധേയസാമർത്ഥ്യം എന്നതിനു രണ്ടുതരത്തിൽ അർത്ഥം മുമ്പുതന്നെ കാണിച്ചിട്ടുണ്ടല്ലോ. വിശിഷ്ടം=ഗുണാലങ്കാരയോഗസുന്ദരം, സമുചിതം=രസാദിവ്യംജനയോഗ്യം, സാകല്യം=പരിപൂർണത. ആട്ടെ, 'രസാദിവിഷയമായ ശബ്ദവ്യാപാരം ധ്വനനമായിക്കൊള്ളട്ടെ; എന്നാൽ, തദ്വിഷയമായ അർത്ഥവ്യാപാരം ജനകത്വമോ അനുമാപകത്വമോ എന്തുകൊണ്ടായിക്കൂടാ? "നിനക്കു ഒരു പുത്രൻ ജനിച്ചിരിക്കുന്നു" എന്ന വാക്യത്തിന്റെ അർത്ഥം ഗ്രഹിച്ച ഉടനെ ഉണ്ടാകുന്ന ഹർഷാഖ്യഭാവത്തിനു് ആ അർത്ഥം ജനകമല്ലേ? അതുപോലെ "തടിയൻ കുഞ്ഞിക്കണ്ണൻ പകലുണ്ണുന്നില്ല" എന്നതിൽനിന്നു കിട്ടുന്ന രാത്രിഭോജനം ദിവാഭോജനാഭാവവിശിഷ്ടമായ പീനത്വത്താൽ അനുമിതവുമാണു്.

വിക്കുന്നതല്ലെന്നു വരുന്നതിനാൽ മൂന്നാമത്തെ പ്രഭേദവും വാച്യവ്യതിരിക്തം തന്നെയെന്നു സിദ്ധിക്കുന്നു. വാച്യത്തോട് ഒരുമിച്ചെന്ന

ആകയാൽ, രസാദിവിഷയത്തിൽ അർത്ഥത്തിനുള്ള വ്യാപാരം ജനകത്വമനുമാപകത്വമെന്നിവയിൽ ഏതെങ്കിലും ഒന്നാവാമല്ലോ’ എന്നു സംശയിക്കരുതു്. വിഭാവാദിപ്രതീതി തിരോഹിതമായാൽ രസപ്രതീതിയും തിരോഹിതമാകുന്നതുകൊണ്ട്, രസാദിവിഷയവ്യാപാരം ജനനരൂപമോ അവിനാഭാവരൂപവ്യാപ്തി സംഭവിക്കായ്കകൊണ്ട്, അനുമാനരൂപമോ അല്ലെന്നുള്ളതു തീർച്ചയാണ്. അതുകൊണ്ട്, രസാദിവിഷയത്തിൽ ശബ്ദത്തിന്റെയും അർത്ഥത്തിന്റെയും വ്യാപാരം ധ്വനനംതന്നെയാകുന്നു. ‘വൃത്തി’യിൽ **“അതിനു വാച്യത്വം സ്വശബ്ദനിവേദിതത്വത്താലോ വിഭാവാദിപ്രതിപാദനം വഴിക്കോ”** എന്നിങ്ങിനെ രണ്ടുപക്ഷം ഉദ്ഭാവനംചെയ്തു് ആദ്യപക്ഷത്തെ സർവ്വഥാ നിരസിക്കയും രണ്ടാമത്തെ പക്ഷത്തെ ഒരു പ്രകാരത്തിൽ നിരാകരിക്കയും മററൊരുപ്രകാരത്തിൽ സ്വീകരിക്കയും ചെയ്തിരിക്കുന്നു. അതായതു്, ആ വ്യാപാരം ജനകത്വമോ അനുമാപകത്വമോ ആണെന്ന അഭിപ്രായത്തെ നിരാകരിക്കയും ധ്വനനമാണെന്ന അഭിപ്രായത്തെ സ്വീകരിക്കയും ചെയ്തിരിക്കുന്നു. ഇങ്ങിനെ സിദ്ധാന്തിക്കപ്പെട്ടിരിക്കുന്ന ഈ ധ്വനനം അഭിധേയാന്യഥാനുപപത്തിസഹായാർത്ഥബോധനസാമാന്യരൂപമായ താൽപര്യശക്തിയാണെന്നു വിചാരിക്കുന്ന മീമാംസകന്മാർ വസ്തുതത്ത്വവേദികളല്ലതന്നെ. താൽപര്യശക്തി വിശേഷവിഷയമാണെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. “പശുവിനെ കൊണ്ടുവരു” ഇത്യാദി വാക്യത്തിൽ അശ്വാദിവ്യാവൃത്തിരൂപമായ ഭേദമോ ക്രിയാകാരകസംബന്ധരൂപമായ സംസർഗമോ അല്ലാതെ മററൊന്നുമല്ല ആ വിശേഷം. അതുകൊണ്ടാണ് “ഭേദസ്സംസർഗോ വാ വാക്യാർത്ഥഃ” എന്നു വാക്യാർത്ഥവേദികൾ പറഞ്ഞിരിക്കുന്നതു്. ആകയാൽ, താൽപര്യശക്തിക്കു വിഷയം ഭേദമോ സംസർഗമോ ആയ ആ വിശേഷരൂപവാക്യാർത്ഥം മാത്രമാകുന്നു. രസ്യമാനതാസാരവും അലൌകികവുമായ രസാദ്യർത്ഥമാകട്ടെ ഭേദരൂപമോ സംസർഗരൂപമോ അല്ലെന്നുള്ളതു സർവ്വസമ്മതവുമാണ് എന്നു ചുരുക്കം. **അഭിധേയത്വം**=വാച്യത്വം, **മൂന്നാമത്തെ പ്രഭേദവും**=രസാദിരൂപാർത്ഥവും, **വാച്യത്തിൽനിന്നു വ്യതിരിക്തംതന്നെ**

പോലെത്തന്നെയാണു് ഇതിന്നു പ്രതീതിവരുന്നതെന്നു മേലെ നിരൂപിക്കുന്നതുമാണു്.

ആയൎത്ഥംതന്നെ കാവ്യത്തി-
ന്നാത്മാവാദികവീന്ദ്രനു്

യാകുന്നു=വാച്യാൎത്ഥഭിന്നം തന്നെയാകുന്നു. **"ഒരുമിച്ചെന്നപോലെത്തന്നെ"** എന്നതിലെ **"എന്നപോലെ"** എന്നതുകൊണ്ടു വാസ്തവത്തിൽ ക്രമം ഉണ്ടെങ്കിലും ഉള്ളതായറിയുന്നില്ലെന്നു കാണിച്ചിരിക്കുന്നു.

> "വാച്യാൎത്ഥവിമുഖന്മാരാം കാവ്യജ്ഞൎക്കതിവേഗമായ്
> ആയൎത്ഥമവഭാസിപ്പൂ തത്ത്വാൎത്ഥദൎശിബുദ്ധിയിൽ."

എന്നു് അടുത്തു് ഉപപാദിച്ചിരിക്കുന്നതും നോക്കുക. **ഇതിന്നു്**=രസഭാവാദിക്കു്, **മേലെ**=ദ്വിതീയോദ്യോതത്തിൽ, "രസഭാവതദാഭാസഭാവശാന്ത്യാദിയക്രമം" എന്ന കാരികാഗ്രന്ഥത്തിലും അതിന്റെ വൃത്തിയിലും.

"കാവ്യാത്മാവെന്നു പണ്ടേ ബുധപരിവൃഢരാൽ സമ്യഗാമ്നാതമേതൊന്നു്" എന്നിങ്ങിനെ വാച്യാതിരിക്തമായി ധ്വനിയെന്നൊരു വസ്തുവുണ്ടെന്നും അതാണു് കാവ്യാത്മാവെന്നുമാണല്ലോ പ്രതിജ്ഞചെയ്തിരിക്കുന്നതു്. അതിൽ **"ലാവണ്യമൊന്നംഗനമാരിൽ—"** എന്ന കാരികയെക്കൊണ്ടും വൃത്തിഗ്രന്ഥംകൊണ്ടും വാച്യാതിരിക്തമായ ധ്വനിസ്വരൂപം വിസ്തരിച്ചു നിരൂപിച്ചുകഴിഞ്ഞു. പിന്നീടു് അതിന്നുള്ള കാവ്യാത്മത്വം ഇതിഹാസവ്യാജേന സമൎത്ഥിക്കുന്നു **"ആ അൎത്ഥംതന്നെ—"** ഇത്യാദികൊണ്ടു്.

ആ അൎത്ഥംതന്നെ=തൃതീയപ്രഭേദമായ രസഭാവാദിധ്വനിതന്നെയാണു്. **"കാവ്യാത്മാവെന്നു്—"** എന്ന പദ്യംകൊണ്ടു ധ്വനിസാമാന്യമാണു് പ്രസ്തുതമെങ്കിലും ഇതിഹാസസ്വാരസ്യവും പൂൎവ്വാപരവൃത്തിഗ്രന്ഥാനുഗുണ്യവുമനുസരിച്ചു രസധ്വനിപരമായി കാവ്യാത്മാവിന്നു വിഷയസങ്കോചം ചെയ്യണമെന്നു താല്പൎയ്യം. വാസ്തവത്തിൽ കാവ്യാത്മാവു് രസധ്വനി മാത്രമാണു്. വസ്തുധ്വനിയും അലങ്കാരധ്വനിയും സൎവ്വഥാ രസധ്വനിയിൽ പൎയ്യവസിക്കാവുന്നതുകൊണ്ടും

ക്രൌഞ്ചദ്വന്ദ്വവിയോഗോത്ഥഃ
ശോകം താൻ ശ്ലോകമായ്പുരാ. (5)

വാച്യത്തെ അപേക്ഷിച്ച് ഉൽകൃഷ്ടങ്ങളാകകൊണ്ടും ധ്വനിത്വമുള്ളതു കൊണ്ടും സാമാന്യനിലയിൽ ധ്വനി കാവ്യാത്മാവാണെന്ന് അടക്കിപ്പറഞ്ഞിട്ടുള്ളതാണെന്ന മുമ്പേ പറഞ്ഞിട്ടുണ്ടല്ലോ. **കാവ്യത്തിന്ന് ആത്മാവ്**=ശരീരത്തിന്ന് ആത്മാവെന്നപോലെ ശബ്ദാത്ഥസ്വരൂപമായ കാവ്യത്തിന്ന് അത്യന്തം സാരഭൂതമായവസ്തു. **പുരാ**=പണ്ട്, **ക്രൌഞ്ചദ്വന്ദ്വവിയോഗോത്ഥഃ**=ക്രൌഞ്ചത്തിൻെറ—അന്നിൽപ്പക്ഷിയുടെ, ദ്വന്ദ്വവിയോഗത്താൽ=സഹചരീഹനനോട് ഭൂതമായ സാഹചര്യധ്വംസത്താൽ, ഉത്ഥഃ=ഉത്ഥിതമായ, **ശോകം**=കരുണസ്ഥായിഭാവമായ ശോകം—നിരപേക്ഷഭാവതയാൽ വിപ്രലംഭശൃംഗാരോചിതരതിസ്ഥായിഭാവത്തിൽനിന്ന ഭിന്നമായ ശോകം—സാഹചര്യധ്വംസമായ വിഭാവം, ആക്രന്ദനം ഭൂതലപരിലുഠനം മുതലായ അനുഭാവം എന്നിവയുടെ ചർവ്വണയെ നിമിത്തീകരിച്ചുകൊണ്ടു ഹൃദയസംവാദതന്മയീഭവനക്രമത്തിൽ ആസ്വാദ്യമാനമായി ലൌകികശോകവിലക്ഷണവും സ്വചിത്തവൃത്തിദ്രുതിയാൽ സമാസ്വാദ്യസാരവുമായി കരുണരസാവസ്ഥയെ പ്രാപിച്ചിരിക്കുന്ന ആ ശോകം. മുമ്പിൽ ഹൃദയസംവാദം പിന്നീടു തന്മയീഭാവം അനന്തരം അഖണ്ഡമായ രസാസ്വാദം എന്നിപ്രകാരമാകുന്ന ആസ്വാദക്രമം. **ആദികവീന്ദ്രന്**=ആദികവിയായ വാല്മീകിക്ക്, **ശ്ലോകമായ്**=രസപരിപൂർണ്ണകുംഭോച്ഛലനംപോലെയും ചിത്തവൃത്തിനിഷ്യന്ദസ്വഭാവവാഗ്വിലാപങ്ങൾപോലെയും, വാചകതോപാധിയെ ഗണിക്കാതെ ചിത്തവൃത്തിവ്യഞ്ജകതോപാധിയെ ആശ്രയിച്ചുകൊണ്ട് അകൃതകാവേശവശാൽ,

> *"മാ നിഷാദ പ്രതിഷ്ഠാം ത്വ-മഗമശ്ശാശ്വതീസ്സമാഃ
> യൽ ക്രൌഞ്ചമിഥുനാദേക-മവധീഃ കാമമോഹിതം."

എന്നിങ്ങിനെ സമുചിതച്ഛന്ദോവൃത്താദിനിയന്ത്രിതമായ ശ്ലോകമായി പരിണമിച്ചിരിക്കുന്നു. ശ്ലോകമായി പരിണമിച്ചതു് മഹർഷിയുടെ ശോകമാണെന്ന തെററിദ്ധരിക്കരുതു്. അങ്ങിനെയാണെങ്കിൽ ക്രൌഞ്ചദുഃഖം കണ്ടു മഹർഷിക്കും ദുഃഖംതോന്നിയെന്നുമാത്രമേ വരികയുള്ളൂ.

* മാ നിഷാദ,ഭവാനേല്പ്പ-കേറെക്കാലം പ്രതിഷ്ഠയെ
കാമാന്ധക്രൌഞ്ചയുഗ്മത്തി-ലേകന്നേകീലയോ വധം.

താദൃശശോകത്തിന്ന കാവ്യാത്മത്വം ഘടിക്കയില്ല. ശോകസാമാന്യത്തിന്ന കാവ്യാത്മത്വമില്ലല്ലോ. രസഭാവാവിഷ്ടഹൃദയനല്ലാതെ കേവലം ദുഃഖസന്തപ്തനണ്ടോ ശ്ലോകവിരചനാവസ്ഥ? ഈ സ്ഥിതിക്ക്, "മാനിഷാദ—" ഇത്യാദിപദ്യം ചവ്വണോചിതശോകസ്ഥായിഭാവാത്മകമായ കരുണരസത്തിൻെറ സമുച്ഛലനസ്വരൂപമാകയാൽ രസം തന്നെയാണ് കാവ്യത്തിന്ന് ഏറ്റവും സാരഭൂതമായ ആത്മാവ് എന്ന സിദ്ധിക്കുന്നു. ശ്ലോകം രസസമുച്ഛലനസ്വരൂപമാണെന്ന തത്ത്വം,

"യാവൽ പൂർണോ ന ചൈതേന താവന്നൈവ വമത്യമും"

എന്ന ഹൃദയദർപ്പണത്തിലെ കാരികാർദ്ധംകൊണ്ടു ഭട്ടനായകനും സമ്മതിച്ചിരിക്കുന്നു. ഏതേന=രസത്താൽ, യാവൽപൂർണഃ ന ച ഭവതി=ഏതുകാലംവരെ കവി പൂർണനായി ഭവിക്കുന്നില്ലയോ, താവൽ=അതുവരെ, അമും=രസത്തെ, കാവ്യരൂപത്തിൽ, നൈവ വമതി=ഉദ്വമിക്കുന്നില്ലതന്നെ എന്നർത്ഥം. **"ആ അർത്ഥംതന്നെ"** എന്നതിലെ **'തന്നെ'** എന്നതുകൊണ്ടു മററൊന്നിന്നും ആത്മത്വമില്ലെന്ന കാണിച്ചിരിക്കുന്നു. അതിനാൽ,

"ശബ്ദപ്രാധാന്യമാശ്രിത്യ തത്ര ശാസ്ത്രം പൃഥഗ്വിദുഃ
അർത്ഥേ തത്ത്വേന യുക്തേ തു വദന്ത്യാഖ്യാനമേതയോഃ
ദ്വയോർഗ്ഗുണത്വേ വ്യാപാര-പ്രാധാന്യേ കാവ്യഗീർഭവേൽ."

എന്ന ഭട്ടനായകവചനം കാര്യമാക്കേണ്ടതില്ലെന്ന വന്നു. തത്ര=ശാസ്ത്രം, ആഖ്യാനം, കാവ്യം എന്നിവയിൽ, ശബ്ദപ്രാധാന്യം ആശ്രിത്യ=ശബ്ദപ്രാധാന്യമാശ്രയിച്ച്, ശാസ്ത്രം പൃഥക് വിദുഃ=ശ്രുത്യാദിയെ കാവ്യാഖ്യാനങ്ങളിൽനിന്ന വേർതിരിച്ചറിയുന്നു, അർത്ഥേ തത്ത്വേന യുക്തേ തു=അർത്ഥമാണ് പ്രാധാന്യത്തോടുകൂടിയതെങ്കിൽ, ആഖ്യാനം വദന്തി=അത് ആഖ്യാനമാണെന്ന പറയുന്നു, ഏതയോഃ ദ്വയോഃ ഗുണത്വേ വ്യാപാരപ്രാധാന്യേ=ശബ്ദാർത്ഥങ്ങളായ ഈ രണ്ടിന്നും അപ്രാധാന്യവും വ്യാപാരത്തിന്ന പ്രാധാന്യവുമുണ്ടായിരിക്കിൽ, കാവ്യഗീഃ ഭവേൽ=കാവ്യമെന്ന വ്യവഹാരം ഭവിക്കും. എന്ന ശ്ലോകാർത്ഥം. കാവ്യപ്രയോജകം വ്യാപാരപ്രാധാന്യമാണെങ്കിൽ ആ വ്യാപാരം ഏത്? ധ്വനനമാണെങ്കിൽ ഞങ്ങളുടെ പക്ഷത്തിൽനിന്ന ഒരു വിശേഷവുമില്ല. അത് ഇങ്ങും സമ്മതംതന്നെ. അഭിധയാണെങ്കിൽ തൽപ്രാധാന്യം ശാസ്ത്രാദിസാധാരണവുമാണ്. ആകയാൽ, ഭട്ടനായകവചനം അകിഞ്ചിൽകരമെന്ന താൽപര്യം.

വിവിധവാച്യവാചകരചനാപ്രപഞ്ചരമണീയമായ കാവ്യത്തിന്നു് ആ അൎത്ഥംതന്നെയാകുന്നു ഏത്രയും സാരഭൂതമായിട്ടുള്ളതു്. അതുകൊണ്ടാണു് നിഹതസഹചരീവിരഹകാതരക്രൌഞ്ചാക്രന്ദജനിതമായ

'വൃത്തി'യിലെ "വിവിധവാച്യ—" ഇത്യാദിയാൽ വൃത്തികാരൻ കാരികയെ വ്യാഖ്യാനിക്കുന്നു:—**വിവിധവാച്യവാചകരചനാപ്രപഞ്ചരമണീയമായ കാവ്യത്തിന്നു്**=അഭിവ്യംജനീയരസാനുഗുണ്യത്താൽ വൈചിത്ര്യവിശിഷ്ടവും അൎത്ഥം, ശബ്ദം, രചന എന്നിവയിൽ ഓരോന്നുകൊണ്ടും അധികം മനോഹരവുമായ സാഹിത്യത്തിന്നു്—ശബ്ദാൎത്ഥാലങ്കാരഗുണവിശിഷ്ടമായ കാവ്യത്തിന്നു്; ആത്മാവു് സൎവ്വവ്യാപിയാണെങ്കിലും ജീവവ്യവഹാരം ശരീരരൂപമായ വിശേഷമടിസ്ഥാനമാക്കി ചിലേടത്തുമാത്രമാണെന്നതുപോലെ വ്യംജനം സാൎവ്വത്രികമാണെങ്കിലും താദൃശവിശേഷവിശിഷ്ടമായ വാക്യത്തിന്നു മാത്രമേ കാവ്യമെന്ന വ്യവഹാരമുള്ളു എന്നു ഭാവം. ഇതുകൊണ്ടു്, "സൎവ്വത്ര തൎഹി കാവ്യവ്യവഹാരഃ സ്യാൽ" (അങ്ങിനെയാണെങ്കിൽ എല്ലാ സ്ഥലത്തും കാവ്യമെന്ന വ്യവഹാരം ആപതിക്കും) എന്ന ഹൃദയദൎപ്പണത്തിന്റെ ആക്ഷേപം പ്രത്യാഖ്യാതമായി. **ആ അൎത്ഥം തന്നെയാകുന്നു**=രസഭാവാദിരൂപമായ അൎത്ഥംതന്നെയാണു്, **സാരമായിട്ടുള്ളതു്**=ശരീരത്തിന്നു് ആത്മാവെന്നപോലെ സാരഭൂതമായിരിക്കുന്നതു്, **അതുകൊണ്ടാണു്**=കാവ്യത്തിന്റെ ആത്മാവു് രസമാകയാലാണു്, **നിഹതസഹചരീവിരഹകാതരക്രൌഞ്ചാക്രന്ദജനിതമായ**—നിഹതസഹചരിയാലും=വധിക്കപ്പെട്ട സഹചാരിണിയാലും; 'നിഹതസഹചരീ' എന്ന പദത്തിന്റെ പ്രയോഗം വിഭാവപ്രദൎശനാൎത്ഥം. സഹചരീഹനനമായ ആലംബനവിഭാവത്താലും എന്നു താൽപൎയ്യം. വിരഹകാതരനായ ക്രൌഞ്ചത്തിന്റെ ആക്രന്ദത്താലും=വിരഹം സഹിക്കവയ്യാത്ത അന്നിൽപ്പക്ഷിയുടെ നിലവിളിയാലും; ഇതു് അനുഭാവപ്രദൎശനമാകുന്നു. താദൃശക്രൌഞ്ചാക്രന്ദനമായ അനുഭാവത്താലും എന്നു ഭാവം. ജനിതമായ=ചൎവ്വണാവിഷയമായിത്തീൎന്നിരിക്കുന്ന, **ശോകംതന്നെ**=ചൎവ്വണാവിഷയമായി അലൌകികമായിത്തീൎന്ന ശോകം തന്നെ, **ആദികവിക്കു്**=വാല്മീകിക്കു്, **ശ്ലോകമായി പരിണമിച്ചതു്**=രസരൂപം പ്രാപിച്ചുകൊണ്ടു ശ്ലോകരൂപമായി പ്രവഹിച്ചു കാണുന്നതു്. കാരികയിലെ

ശോകംതന്നെ ആദികവിക്കു ശ്ലോകമായ്പരിണമിച്ചതു്. കരുണരസ സ്ഥായിഭാവമായ ശോകം പ്രതീയമാനംതന്നെയാണെന്നു പ്രതിപാദി

ശോകപദത്തിന്റെ അത്ഥം അഭിധാവൃത്തിവിഷയമായ ലൌകികശോകമല്ലെന്നും ആസ്വാദ്യമാനമായി രസരൂപതയാൎന്നു വ്യഞ്ജനാവൃത്തിക്കു വിഷയമാകുന്ന കരുണസ്ഥായിഭാവമായ അലൌകികശോകമാണെന്നും അതു് കാവ്യാത്മാവാണെന്നും താൽപൎയ്യം. ഈ സംഗതിതന്നെയാണു്, **"കരുണരസത്തിന്നു സ്ഥായിഭാവമായ—"** ഇത്യാദി വൃത്തിഗ്രന്ഥംകൊണ്ടു വ്യക്തമാക്കിയിരിക്കുന്നതു്. **കരുണരസസ്ഥായിഭാവമായ ശോകം**=ചൎവ്വണാവിഷയാത്മകമായ കരുണരസത്തിന്റെ സ്ഥായിഭാവമായ ശോകം, **പ്രതീയമാനംതന്നെയാണെന്നു പ്രതിപാദിച്ചിട്ടുണ്ടു്**="അനപായവ്യതിരേകങ്ങളെക്കൊണ്ടു രസാദികൾക്കു് അഭിധേയസാമത്ഥ്യാക്ഷിപ്തത്വമല്ലാതെ ഒരു പ്രകാരത്തിലും അഭിധേയത്വം സംഭവിക്കുന്നതല്ല—" ഇത്യാദി വൃത്തിഗ്രന്ഥത്താൽ രസാദി വ്യംഗ്യമാണെന്നു മുമ്പുതന്നെ സ്ഥാപിച്ചിട്ടുണ്ടു്.

വാസ്തവത്തിൽ, ലൌകികമായ സ്ഥായിഭാവമല്ല രസമായ്പരിണമിക്കുന്നതു്; ശോകാദിസ്ഥായിഭാവത്തിൽനിന്നു് അത്യന്തവിലക്ഷണവും അലൌകികവുമായ അത്ഥമാണു് രസം. അതുകൊണ്ടാണു്, ഭരതമഹഷി "വിഭാവാനുഭാവവ്യഭിചാരിസംയോഗാൽ രസനിഷ്പത്തിഃ" എന്ന തന്റെ സൂത്രത്തിൽ സ്ഥായിഭാവത്തെ നിവേശിപ്പിക്കാഞ്ഞതു്. 'ഈ സ്ഥിതിക്കു്, "ശോകം താൻ ശ്ലോകമായ് പുരാ" എന്നു പറഞ്ഞിരിക്കുന്നതു് എങ്ങിനെ ഘടിക്കും? അത്രമാത്രമോ, "നിഷാദവിദ്ധാണ്ഡജദശ്നോത്ഥഃ ശ്ലോകത്വമാപദ്യത യസ്യ ശോകഃ" ഇത്യാദി മഹാകവിപ്രയോഗവും "വ്യക്തസ്സതൈൎവ്വിഭാവാദ്യൈഃ സ്ഥായീ ഭാവോ രസഃസ്മൃതഃ" ഇത്യാദി ആലങ്കാരികസിദ്ധാന്തവും മററും അസംബദ്ധമാണെന്നല്ലേ ആവുക? അതു യുക്തമാണോ?' എന്നു ശങ്കിക്കേണ്ട. രസമെന്നതു ശോകാദിസ്ഥായിഭാവത്തിൽ നിയതങ്ങളായ വിഭാവാനുഭാവങ്ങൾക്കു സമുചിതമായി ചൎവ്വണാവിഷയമാകുന്ന ചിത്തവൃത്തിയാകയാൽ താദൃശചൎവ്വണയിൽ സ്ഥായിക്കുള്ള ഉപയോഗിത്വം അവലംബിച്ചു് ഔപചാരികമായിട്ടാണു് "സ്ഥായിയാണു് രസമായ്ത്തീരുന്നതു്" എന്നും മററും വ്യവഹരിക്കുന്നതു്. മുമ്പേതന്നെ സ്വസംവിദിതമായ ശോകാദിസ്ഥായിഭാവത്തെ വിലാപാദികായ്യദശ്നത്താൽ അന്യനിൽ അനുമിക്കുന്നു.

അനുമാനിച്ചു ഉടനെ വിഭാവാദിവ്യാപാരമഹിമയാൽ സംസ്കാരം ഉദ്ബുദ്ധമാകുന്നു. സംസ്കാരമുദ്ബുദ്ധമാകുമ്പോൾ നിർമ്മലമായ ഹൃദയത്തിനു സംവാദവും അനന്തരം തന്മയീഭാവവും ഭവിക്കുന്നു. തന്മയീഭാവമാന്ന ചിത്തവൃത്തിക്ക് ആനന്ദഘനവും ആസ്വാദാപരപര്യായവും സംവേദനരൂപവുമായ രസാനുഭവമുണ്ടാകുന്നു. ഇതുതന്നെയാണ് ബ്രഹ്മാസ്വാദസഹോദരമായ രസചർവ്വണ. ഈ ചർവ്വണയിൽ ലൌകികമായ സ്ഥായിഭാവം ഉപയോഗപ്പെടുന്നതുകൊണ്ടു താദൃശോപയോഗനിബന്ധനമായ ഔചിത്യമാശ്രയിച്ചാണ്, "ശോകം താൻ ശ്ലോകമായ് പുരാ" "ശ്ലോകത്വമാപദ്യത യസ്യ ശോകഃ" "സ്ഥായീ ഭാവോ രസഃ" എന്നിപ്രകാരത്തിൽ സ്ഥായിക്കു രസത്വാപത്തിയുണ്ടെന്നഭിമാനിച്ചു വ്യവഹരിക്കുന്നതു്. ഇത്തരത്തിലാണ് ലോചനകാരന്റെ അഭിപ്രായമെന്നു് ഈ ഘട്ടത്തിൽ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

അതിരിക്കട്ടെ, "ആ അർത്ഥംതന്നെ—" എന്ന കാരികയുടെ വൃത്തിയിൽ 'ശോക'ത്തിനു വിശേഷണമായി "നിഹതസഹചരീവിരഹകാതരക്രൌഞ്ചാക്രന്ദജനിതം" എന്നിങ്ങിനെ ഒരു സമസ്തപദം നിബന്ധിക്കുകയും, വ്യാഖ്യാനത്തിൽ "നിഹതയായ സഹചരിയാലും വിരഹകാതരനായ ക്രൌഞ്ചപ്പക്ഷിയുടെ ആക്രന്ദത്താലും ജനിതമായ" എന്നിങ്ങിനെ അതിന്നു് അർത്ഥം പറയുകയും ചെയ്തുകാണുന്നു. അപ്പോൾ നിഷാദൻ വധിച്ചതു ക്രൌഞ്ചിയെയാണെന്നും നിലവിളിച്ചതു ക്രൌഞ്ചമാണെന്നുമല്ലേ വരുന്നതു്? അതു രാമായണസന്ദർഭത്തിന്നു തീരെ വിരുദ്ധമായിരിക്കുന്നു.

"അതു മെയ്യിൽ നിണം ചിന്നി ക്ഷിതിത്തട്ടിൽ പ്പിടഞ്ഞഹോ
ചത്തതായ്ക്കണ്ടുടൻ പേട യാർത്തനാദം മുഴക്കിനാൾ
നെഞ്ചിണക്കത്തൊടൊന്നിച്ചു സഞ്ചരിക്കുന്ന വല്ലഭൻ
മത്താണ്ട ചെമ്പൻതലയോ-ടൊത്താപ്പക്ഷി പിരിഞ്ഞവൾ."
"കേണിടും ക്രൌഞ്ചിയെക്കണ്ടു ചൊല്ലിനാനിപ്രകാരമേ
മാ നിഷാദ ഭവാനേല്ക്കു-കേറെക്കാലം പ്രതിഷ്ഠയെ
കാമാന്ധക്രൌഞ്ചയുഗ്മത്തി-ലേകനേകീലയോ വധം?"

എന്നാണല്ലോ വാല്മീകിരാമായണത്തിൽ കാണുന്നതു്. അതിനാൽ താദൃശവൃത്തിയും വ്യാഖ്യാനവും രാമായണവിരുദ്ധമായിരിക്കുന്നു എന്നു ആശങ്കിക്കുന്നുവെങ്കിൽ, പറയാം:—മൂലഗ്രന്ഥത്തിൽ അങ്ങിനെതന്നെ

യാണ് ആനന്ദവർദ്ധനാചാര്യർ നിർദ്ദേശിച്ചിരിക്കുന്നത്. അതായത്, "നിഹതസഹചരീവിരഹകാതരക്രൌഞ്ചാക്രന്ദജനിതഃ" എന്ന പദം തന്നെ. പ്രകൃതഗ്രന്ഥത്തിൽ അതിനെ അനുവദിക്കമാത്രമാണ് ചെയ്തിരിക്കുന്നത്. പക്ഷേ, ഹതനായതു് ആൺപക്ഷിയും നിലവിളിച്ചതു് പെൺപക്ഷിയുമാണെന്ന് ആ പദത്തിന്നു ക്ലേശിച്ചർത്ഥം പറയാമെന്നു വെച്ചാൽ അതു 'ലോചന'വും തദ്വ്യാഖ്യാനമായ 'കൌമുദി'യും സമ്മതിക്കുന്നതുമില്ല. "ക്രൌഞ്ചദ്വന്ദ്വവിയോഗോത്ഥഃ ശോകഃ" എന്ന കാരികാഭാഗത്തെ, "ക്രൌഞ്ചസ്യ ദ്വന്ദ്വവിയോഗേന=സഹചരീഹനനോദ്ഭൂതേന സാഹചര്യധ്വംസനേന ഉത്ഥിതോ യശ്ശോകഃ" എന്നിങ്ങിനെ വ്യാഖ്യാനിക്കുന്ന ലോചനകാരൻ പെൺപക്ഷിയാണ് കൊല്ലപ്പെട്ടതെന്നു വ്യക്തമായി സ്ഥാപിച്ചിരിക്കുന്നു. "ദ്വന്ദ്വവിയോഗേനേത്യസ്യ വ്യാഖ്യാ സാഹചര്യധ്വംസേനേതി, തത്ര ഹേതുഃ വ്യാധകർത്തൃകം സഹചരീഹനനമിത്യാഹ—സഹചരീഹനനോദ്ഭൂതേനേതി" എന്നു വിവരിക്കുന്ന ലോചനവ്യാഖ്യാതാവായ കൌമുദീകാരനാകട്ടെ ലോചനപംക്തിയെ ഇളക്കാൻ കഴിയാത്തവിധം ഉറപ്പിച്ചുകൊണ്ടു ഹതയായതു ക്രൌഞ്ചിയാണെന്ന അഭിപ്രായത്തെ അതിദൃഢം സ്ഥിരപ്പെടുത്തുകയും ചെയ്തിരിക്കുന്നു. കൂടാതെ, ലോചനകാരൻ 'നിഹതസഹചരീ'ത്യാദിവൃത്തിവചനത്തെ വ്യാഖ്യാനിക്കുമ്പോൾ "നിഹതസഹചരീതി വിഭാവഃ ഉക്തഃ" എന്നിങ്ങിനെ സഹചരിയാണ് നിഹതയായതെന്നു മുമ്പു താൻ പറഞ്ഞതിനെ ഒന്നുകൂടി ദൃഢീകരിക്കുന്നതുമുണ്ട്. അതിന്ന് ഉപോദ്ബലകമായി കൌമുദീകാരനും "സഹചരീഹനനമത്ര വിഭാവ ഇത്യർത്ഥഃ" എന്നു വ്യാഖ്യാനിച്ചിരിക്കുന്നു. ഇതിനെല്ലാം പുറമെ, ധ്വന്യാലോകകാരൻേറയും ലോചനകാരൻേറയും കാലത്തിനിടക്കുണ്ടായിരുന്ന കവിരാജനും ആലങ്കാരികവര്യനും പ്രസിദ്ധവിദ്വാനും വിശേഷിച്ച് അവന്തിവർമ്മൻെറ ആസ്ഥാനപണ്ഡിതനും ആയ യായാവരീയനെന്ന രാജശേഖരൻ തൻെറ "കാവ്യമീമാംസ"യിൽ വാല്മീകിയെ ഉദ്ദേശിച്ച് "നിഷാദനിഹതസഹചരീകം ക്രൌഞ്ചയുവാനം കരുണാക്രേങ്കാരയാ ഗിരാ ക്രന്ദന്തമുദ്വീക്ഷ്യ ശോകവാൻ ശ്ലോകമുജ്ജഗാദ, മാനിഷാദ--" എന്നിങ്ങിനെ ചത്തതു് പെൺപക്ഷിയും കരഞ്ഞതു് ആൺപക്ഷിയുമാണെന്നു സ്പഷ്ടമായി നിർദ്ദേശിച്ചുമിരിക്കുന്നു. രാമായണസന്ദർഭത്തെക്കുറിച്ച് ഇവരെല്ലാവരും ഒരുപോലെ അനഭിജ്ഞരായിരുന്നുവെന്ന് എങ്ങിനെ പറയും?

ആകയാൽ, ഇവയെല്ലാംകൂടി നോക്കുമ്പോൾ, അവരുടെ രാമായണപാഠപ്രകാരം നിഷാദൻ പെൺപക്ഷിയെയാണ് കൊന്നിരിക്കുന്നതെന്നും അതിന്നു വിപരീതമായി ഇന്നു കാണുന്ന പാഠസന്ദർഭമാകട്ടെ "മാ നിഷാദ—" എന്ന പദ്യത്തിന്നു പറഞ്ഞു വരുന്ന രാവണവധപരമായ അൎത്ഥവിശേഷകഥനത്തെ അനുസരിച്ചു പിന്നീട് ആരോ ചെയ്ത വിക്രിയ മാത്രമായിരിക്കണമെന്നും വിചാരിക്കാൻ അവകാശം കാണുന്നു. വിശേഷിച്ച് "'അഗമഃ' ഇതി ഛാന്ദസേന അഡാഗമേന" എന്നിങ്ങിനെ ലോചനത്തിൽ അഡാഗമം ഛാന്ദസമാണെന്നു പറയുന്ന അഭിനവഗുപ്താചാൎയ്യൎക്ക്, "മാ നിഷാദ—" എന്ന പദ്യത്തിൻെറ രാവണപരമായ അൎത്ഥവിശേഷം ഗ്രഹിക്കാനിടയായിട്ടില്ലെന്നുള്ളതും തീൎച്ചയാണ്. ആകൃത്രിമപദ്ധതിപ്രകാരം നിഷാദപക്ഷത്തിൽ "'അമ'=അലക്ഷ്മീക" എന്നു പദച്ഛേദം ചെയ്യുന്ന സ്ഥിതിക്ക് 'അഡാഗമം'തന്നെ ഇല്ലായ്കയാലും അതുപോലെ ശ്രീരാമപക്ഷത്തിൽ 'മാനിഷാദ' എന്നു പദച്ഛേദം ചെയ്തു 'ലക്ഷ്മീനിവാസ' എന്ന് അൎത്ഥം പറയുന്ന സ്ഥിതിക്ക് 'മാങ്'യോഗമില്ലായ്കയാലും 'അഡാഗമം' ആൎഷമാണെന്നു ക്ലേശിച്ചു സമാധാനിക്കേണ്ട ആവശ്യകതയെവിടെ? അതിനാൽ "അഗമ ഇതി ഛാന്ദസേന അഡാഗമേന" എന്ന ലോചനപംക്തി എൻെറ അഭ്യൂഹത്തിന്ന് ഉപോദ്ബലകവുമായിരിക്കുന്നു.

"നിഷാദവിദ്ധാണ്ഡജദൎശനോത്ഥഃ" എന്നിങ്ങിനെ രഘുവംശപദ്യത്തിൽ കാണുന്ന അണ്ഡജശബ്ദം ലിംഗവിവക്ഷകൂടാതെ ജാതിമാത്രപരമായി പ്രയോഗിച്ചിരിക്കയാണെന്നും സമാധാനിക്കാം. കുക്കുടാണ്ഡം, മൃഗക്ഷീരം, കാകശാബം ഇത്യാദിസിദ്ധ്യൎത്ഥം പ്രവൎത്തിച്ച, "കുക്കുട്യാദീനാമണ്ഡാദിഷു" എന്ന വാൎത്തികത്തെ മഹാഭാഷ്യകാരൻ കുക്കുടാദിശബ്ദങ്ങൾക്കു ജാതിമാത്രപരത്വമാശ്രയിച്ചു പ്രത്യാഖ്യാനം ചെയ്തിട്ടുണ്ടെന്ന വസ്തുതയും ഈ അവസരത്തിൽ ഓൎമ്മിപ്പിച്ചുകൊള്ളുന്നു. ഇതുയുംകൊണ്ടു ധ്വനികാരാദികളുടെ പാഠം അത്തരത്തിലായിരുന്നിരിക്കാമെന്നും അതിനാൽ ഇന്നുകാണുന്ന രാമായണസന്ദൎഭത്തിന്നുള്ള വിരോധം വകവെക്കേണ്ടതില്ലെന്നും പറയാവുന്നതാണ്.

ഇങ്ങിനെയൊക്കെ പറയാമെങ്കിലും പ്രസിദ്ധമായ രാമായണപാഠസന്ദൎഭത്തിന്നു വിപരീതവും ആനന്ദവൎദ്ധനാചാൎയ്യാദികളുടെ നിർദ്ദേശത്തിന്ന് അനുഗുണവുമായ പാഠവിശേഷം കാശ്മീരത്തിലോ മററു വല്ല

രാജ്യത്തിലോ ഉള്ള രാമായണഗ്രന്ഥങ്ങളിൽ ഒന്നിലും ഉള്ളതായി അറിവില്ലാത്ത സ്ഥിതിക്ക് ആ വക അഭ്യൂഹം അത്ര സ്വീകാരയോഗ്യമായി തോന്നുന്നില്ലെന്നാണെങ്കിൽ ആനന്ദവർദ്ധനാദികൾക്ക് ഈ വിഷയത്തിൽ സ്വല്പം പ്രമാദം പററിപ്പോയി എന്നുതന്നെ വിചാരിച്ചുകൊൾക. പ്രമാദം മനുഷ്യസാധാരണമാണല്ലോ. അഭിജ്ഞോത്തമന്മാരായ അവരുടെ വിഷയത്തിൽ അതു് അസംഭാവ്യമാണെന്നും വിചാരിക്കവയ്യ. വിശേഷിച്ചു്, പണ്ടുകാലത്തു്, പണ്ഡിതന്മാർ അവരുടെ ഓർമ്മയിൽനിന്നാണ് പല സംഗതികളും പ്രസ്താവിച്ചിരുന്നതു്; അല്ലാതെ ഗ്രന്ഥം മലത്തിവെച്ചു് ഒത്തുനോക്കിക്കൊണ്ടല്ല. ശ്ലോകാനുക്രമണിക, പദാനുക്രമണിക മുതലായ ഉപായങ്ങളൊന്നും ഇന്നത്തെപ്പോലെ പണ്ടുള്ള ഗ്രന്ഥങ്ങളിൽ പതിവില്ലായ്കയാൽ അതു് അത്ര സുകരമല്ലായിരുന്നു. പണ്ടുള്ള പണ്ഡിതന്മാർ ആ വകയൊന്നും അപേക്ഷിച്ചിരുന്നതുമില്ല. അവൎക്ക് ആശ്രയം ഓർമ്മശക്തി മാത്രമായിരുന്നു. അതിനാൽ ദുർല്ലഭമായി ചില പിഴകളും പററിപ്പോയതായി കാണുന്നുണ്ടുതാനും. ലോചനത്തിൽത്തന്നെ, **"രവിസംക്രാന്തസൌഭാഗ്യഃ"** എന്ന പദ്യം ലക്ഷ്മണൻ പറയുന്നതായിരിക്കെ, രാമൻെറ ഉക്തിയാണെന്നും* കാദംബരീകഥാസാരം അഭിനന്ദൻെറയായിരിക്കെ, ഭട്ടജയന്തകൻെറയാണെന്നും† മററും പറഞ്ഞിരിക്കുന്നതു നോക്കുക.

ആകയാൽ, രാമായണവിരോധം ഓർമ്മത്തെററുമൂലം സംഭവിച്ചുപോയതാണെന്നും വിചാരിച്ചുകൂടെന്നില്ല.

ഇനി, എന്തായാലും ആനന്ദവർദ്ധനാചാൎയ്യർ അഭിനവഗുപ്താചാൎയ്യർ രാജശേഖരൻ എന്നീ മൂന്നുപേൎക്കും ഒരുപോലെ പ്രമാദം പററിപ്പോയെന്നു പറയുന്നതു കുറെ കവിഞ്ഞ കൈയാണെന്നു വിചാരിക്കുന്നവരുണ്ടെങ്കിൽ അവൎക്ക് എൻെറ ആചാൎയ്യപാദർ മഹാമഹോപാദ്ധ്യായ, വിദ്യാവാചസ്പതി, ദർശനകലാനിധി, ബ്രഹ്മശ്രീ കുപ്പുസ്വാമി ശാസ്ത്രി അവർകൾ M. A., I. E. S. തൻെറ ഉപലോചനത്തിൽ നിർദ്ദേശിച്ച മാർഗ്ഗം അവലംബിച്ചു തൃപ്തിപ്പെട്ടുകൊള്ളുകയുമാവാം. **'നിഹതസഹചരീവിരഹകാതരക്രൌഞ്ചാക്രന്ദജനിതഃ'** എന്നതിനു നിഹതമായ സഹചരീവിരഹകാതരക്രൌഞ്ചത്താലും ആക്രന്ദത്താലും അതായതു്, സഹചരിയുടെ നിലവിളിയാലും ജനിതമായ

* ദ്വിതീയോദ്ദ്യോതം. ഭാഗം, 63. † തൃതീയോദ്ദ്യോതം. ഭാഗം, 142.

ച്ചിട്ടുണ്ട്. പ്രതീയമാനത്തിന്നു മററുപ്രകാരങ്ങൾ ഉണ്ടെങ്കിലും രസ പൎയ്യവസായിതയാൽ അവയ്ക്കു കാവ്യാത്മത്വം രസഭാവദ്വാരകമാ

എന്നാൎത്ഥം. 'ഈ അൎത്ഥം അല്പം ക്ലിഷ്ടമല്ലേ ആചാൎയ്യർ അങ്ങിനെ പ്രയോഗിക്കുമോ' എന്നു ശങ്കിക്കയും വേണ്ട. ആനന്ദവൎദ്ധനാചാൎയ്യർ ചിലപ്പോൾ ക്ലിഷ്ടാൎത്ഥകമായും പ്രയോഗിച്ചു കാണുന്നുണ്ട്. "അൎത്ഥസ്സഹൃദയശ്ലാഘ്യഃ—" എന്ന കാരികതന്നെ നോക്കുക. (കാരികാകാരനും വൃത്തികാരനും ഒരാൾതന്നെയെന്ന് ഉപോദ്ഘാതത്തിൽ പ്രതിപാദിക്കുന്നതാകയാൽ ഇവിടെ വിസ്തരിക്കുന്നില്ല). 'ലോചന'ത്തിലും 'കൌമുദി'യിലും കാണുന്ന 'സഹചരീഹനന'ത്തിലെ സഹചരീശബ്ദം ലേഖകപ്രമാദംകൊണ്ടു വന്നുചേൎന്ന അപപാഠമാണെന്നും 'സഹചാരി' എന്നാണു ശരിയായ പാഠമെന്നും വിചാരിക്കാം. 'നിഹതസഹചരീതി വിഭാവ ഉക്തഃ' എന്ന ലോചനപംക്തിയിലെ 'നിഹതസഹചരീതി' എന്ന അംശം പ്രതീകപ്രദൎശനം മാത്രമാണ്. 'നിഹതസഹചരീവിരഹകാതരക്രൌഞ്ചഃ' എന്നാണ് അതിന്നു താൽപൎയ്യം. രാജശേഖരന്റെ കാവ്യമീമാംസയിലെ വാക്യവും ലേഖകപ്രമാദകൃതമാണ്. "നിഷാദനിഹതസാഹചരീകം ക്രൌഞ്ചയുവാനം ക്രേംകാരയാ ഗിരാ ക്രൌഞ്ചീം ച ക്രന്ദന്തീമുദ്വീക്ഷ്യ ശോകവാൻ ശ്ലോകമുജ്ജഗാദ" എന്നായിരിക്കണം ശരിയായ പാഠം. എന്നിപ്രകാരമാകുന്നു എന്റെ ആചാൎയ്യപാദരുടെ അഭിപ്രായം.

പ്രതീയമാനമാണ് കാവ്യാത്മാവെന്നും അതു മൂന്നു പ്രകാരത്തിലാണെന്നും പ്രതിപാദിച്ചിരിക്കെ, ഇപ്പോൾ ഇതിഹാസത്തെ ദൃഷ്ടാന്തമാക്കി രസത്തിന്നുമാത്രമാണല്ലോ കാവ്യാത്മത്വം സ്ഥാപിച്ചതു്. അതു ശരിയാണോ? എന്ന ആശങ്കയെ ഇഷ്ടാപത്തിപൂൎവ്വം നിരസിക്കുന്നു **"പ്രതീയമാനത്തിന്നു മററുപ്രകാരങ്ങൾ ഉണ്ടെങ്കിലും"** ഇത്യാദിവാക്യത്താൽ. **പ്രതീയമാനത്തിന്നു്**=ധ്വനിസാമാന്യത്തിന്നു്, **മററുപ്രകാരങ്ങൾ**=രസാദിരൂപത്തിന്നു പുറമെ വസ്തുരൂപവും അലങ്കാരരൂപവുമായ പ്രഭേദങ്ങൾ, **രസപൎയ്യവസായിതയാൽ**=വസ്തുധ്വനിയും അലങ്കാരധ്വനിയും പാൎയ്യന്തികാവസ്ഥയിൽ രസത്തിൽത്തന്നെ പൎയ്യവസാനിക്കുന്നതുകൊണ്ടു്, **അവയ്ക്കു്**=വസ്ത്വലങ്കാരപ്രഭേദങ്ങൾക്കു്, **കാവ്യാത്മത്വം**=കാവ്യജീവിതത്വം, **രസഭാവദ്വാരകമായ്ത്തന്നെ**=രസത്തേയോ ഭാവത്തേയോ

ല്ലന്നെ ഉപലക്ഷിക്കേണ്ടതാകുന്നു.

അവലംബിച്ചുകൊണ്ടുതന്നെ, **ഉപലക്ഷിക്കേണ്ടതാകുന്നു**=കാണേണ്ടതാകുന്നു. ഔപചാരികം മാത്രമാകുന്നു എന്നു ഭാവം. വസ്ത്വലങ്കാരധ്വനികൾക്കു രസഭാവപര്യവസാനമെന്നിയെ താവന്മാത്രവിശ്രാന്തിയില്ലായ്കയാൽ, രസഭാവമുഖേനയല്ലാതെ സ്വരൂപേണ കാവ്യാത്മത്വമില്ല. അതിനാൽ അവയ്ക്കുള്ള കാവ്യാത്മത്വം മുഖ്യമല്ല; ഔപചാരികമാണ്. വാച്യാർത്ഥവൈലക്ഷണ്യകാരിധ്വനിത്വയോഗത്താൽ കാവ്യാത്മാവെന്നു വ്യവഹരിക്കുന്നുവെന്നേയുള്ളു എന്നു താൽപര്യം. **"രസഭാവദ്വാരകം"** എന്നതിലെ ഭാവശബ്ദത്താൽ വ്യഭിചാരിഭാവത്തിൻെറ അവസ്ഥ വസ്ത്വലങ്കാരധ്വനികളിൽനിന്നു വിലക്ഷണമാണെന്നു കാണിച്ചിരിക്കുന്നു. പാര്യന്തികാവസ്ഥയിൽ സഞ്ചാരിഭാവവും രസത്തിൽത്തന്നെ പര്യവസാനിക്കുന്നുവെങ്കിലും, സ്ഥായിചർവ്വണാപര്യവസാനോചിതരസപ്രതിഷ്ഠയെ പ്രാപിക്കാതെ തന്നെ ചർവ്വ്യമാണമാകയാൽ ആത്മഭാവം കൈക്കൊള്ളുന്നുണ്ടെന്നു സാരം. കാവ്യജീവിതത്വം ചർവ്വണാസാരംതന്നെയാണല്ലോ. സ്വോചിതവിഭാവാനുഭാവവശാൽ സഞ്ചാരിഭാവങ്ങൾക്കുകൂടി ഉൽകൃഷ്ടമായ ചർവ്വണ സംഭവിക്കുന്നുണ്ടെങ്കിൽ, രസത്തിൽ പര്യവസാനിച്ചാലെന്തു? ഇല്ലെങ്കിലെന്തു? ചർവ്വണാസാരമായ കാവ്യജീവിതത്വം സിദ്ധംതന്നെയല്ലേ? ആകയാൽ, വ്യഭിചാരിഭാവങ്ങൾക്കു പാര്യന്തികമായി രസവിശ്രാന്തിയുണ്ടെങ്കിലും ആത്മത്വം തന്മൂലകമാണെന്നു വിചാരിക്കേണ്ടതില്ല. ചർവ്വണാവിഷയമാകയാൽ സ്വരൂപസിദ്ധംതന്നെയാണ് എന്ന അഭിപ്രായത്താലാണ് രസപദത്തോടുകൂടി ഭാവപദവും പ്രയോഗിച്ചിരിക്കുന്നതു്.

നോക്കുക,

"ദേവർഷിയേവമോതുമ്പോൾ ഗൌരിയച്ഛന്നടുക്കലായ്
മുഖം കുനിച്ചു തൻലീലാ-പദ്മത്തിൻ ദളമെണ്ണിനാൾ."

(കുമാരസംഭവം)

"ഭർത്താവച്ചു! തിരഞ്ഞെടുത്ത രസികൻ-
പുത്തൻ കളത്രത്തിനെ
പ്പാർത്തില്ലേ പ്രിയതോഴി, ചൊല്ലിടുകിവൾ-
ക്കെന്തൊണസാരം ഗുണം?

കവീശ്വരന്മാരുടെ രമ്യവസ്തു-
തത്ത്വം ചുരത്തുന്നൊരു ദിവ്യവാണി

മത്തേഭത്തലയൊത്ത കുത്തുമുലത-
നാസ്ഥാനമാം യൌവന-
ത്തള്ളിപ്പുള്ളതുകൊണ്ടുമാത്രമബല-
യ്ക്കോക്കെത്തികഞ്ഞോ ഗുണം?"
(ഭാ. ഭൂ. രസസ്വരൂപനിരൂപണം)

"കയ്യിൽത്താങ്ങിയ ഗണ്ഡഭിത്തി കഴുകി-
ച്ചാടുന്ന കണ്ണീരൊടും
മെയ്യിൽച്ചാർത്തിയ നന്മുലപ്പടമുല-
ച്ചീടും നെടുംവീർപ്പൊടും
മയ്യില്ലാതെ ലസിച്ചിടുന്ന മിഴിയെ
ക്കോണിച്ചു നാരീമണി-
തയ്യിന്നെന്തൊരുചില്ലിപോക്കി വിധിയെ
ത്താനോ നിരീക്ഷിപ്പിതാ!" (പ്രണയവിലാസം)

ഇവയിൽ യഥാക്രമം ലജ്ജ, അസൂയ, ചിന്ത എന്നീ സഞ്ചാരിഭാവങ്ങൾ ചർവ്വണയ്ക്കു വിഷയമാവുന്നുണ്ടെന്നുള്ളതു് അനുഭവസിദ്ധമല്ലേ? ഇങ്ങിനെയിരിക്കെ, ഈവക ഭാവങ്ങൾ പാർയ്യന്തികാവസ്ഥയിൽ രസപർയ്യവസായികളാകുന്നുണ്ടെന്നു വരികിലും, ഭാവാവസ്ഥയിൽത്തന്നെ ചർവ്വണാവിഷയമാകുന്നതിനാൽ ചർവ്വണാസാരമായ ജീവിതത്വം നിരോധിക്കുക ശക്യമല്ലതന്നെ. രസഭാവഗ്രഹണം തദാഭാസതൽപ്രശമാദികൾക്കുകൂടി ഉപലക്ഷകമാകുന്നു. അനൌചിത്യപ്രവർത്തിതമായ രസാഭാസത്തിന്നും മററുമുള്ള അവാന്തരവൈചിത്ര്യം ഉപാധികൃതം മാത്രമാണെന്നും ആകയാൽ സ്വരൂപഭേദമില്ലാത്തതുകൊണ്ടു രസഭാവശബ്ദങ്ങളെക്കൊണ്ടു് അവയെക്കൂടി ഗ്രഹിക്കുന്നതിനു വിരോധമില്ലെന്നും ധരിക്കണം. വല്ല സംബന്ധത്താലും അന്യോന്യസംബന്ധികളായ പദാർത്ഥങ്ങളിൽ പ്രധാനത്തിനുള്ള ഇതരജ്ഞാപനം ഉപലക്ഷണം.

ഇപ്രകാരം ഇതിഹാസദൃഷ്ടാന്തദ്വാരാ പ്രതീയമാനം കാവ്യാത്മാവാണെന്നു തെളിയിച്ചുകൊണ്ടു് "കവീശ്വരന്മാരുടെ—" എന്ന പദ്യത്താൽ അതു സ്വസംവേദനസിദ്ധമാണെന്നുകൂടി സമർത്ഥിക്കുന്നു.

രമ്യവസ്തുതത്ത്വം=ആനന്ദമയവും ലോകോത്തരസം വേദനരൂപവുമായ രസത്തെ, **ചുരത്തുന്നോരു**=രസാവേശവശാൽ സ്വയം സ്രവിപ്പിക്കുന്ന,

"വാഗ്ധേനുർദ്ദുഗ്ധഏകം ഹി രസം യദ് ബാലതൃഷ്ണയാ
തേന നാസ്യ സമഃ സസ്യാ-ദ്ദുഹ്യതേ യോഗിഭിർഹി യഃ"

എന്ന ഭട്ടനായകവചനം ഇവിടെ അനുസ്മരിക്കേണ്ടതാകുന്നു. വാഗ്ധേനുഃ=കാവ്യരൂപമായ്പരിണമിക്കുന്ന ആ വാക്കാകുന്ന ധേനു, ഏകം രസം= ദിവ്യമായ രസത്തെ, പക്ഷാന്തരത്തിൽ ക്ഷീരത്തെ, 'ഏതം' എന്നു പാഠാന്തരം. ബാലതൃഷ്ണയാ=വത്സനായ ഉപാസകനിൽ ഉള്ള, കുട്ടിയിൽ ഉള്ള, തൃഷ്ണയാൽ=കാരുണ്യത്താൽ, സ്നേഹത്താൽ, ദുഗ്ധേഹി യൽ=ചുരത്തുന്നുണ്ട് എന്നതു യാതൊന്നോ, തേന=ആ കാരണത്താൽ-- ബാലതൃഷ്ണയാൽ ചുരത്തുക എന്ന ഹേതുവാൽ, അസ്യ=ഈ രസത്തിന്ന്, യഃ=യാതൊരു രസം, യോഗിഭിഃ=യോഗികളാൽ, ദുഹ്യതേഹി= ദോഹനം ചെയ്യപ്പെടുന്നുവോ,

"ജിഹ്വാപ്രവേശസംഭൂത-വഹ്നിനോൽപാദിതഃ ഖലു
ചന്ദ്രാൽ സ്രവതി യസ്സാരഃ സസ്യാദമരവാരുണീ."

എന്നിങ്ങിനെ 'ഹഠയോഗപ്രദീപിക'യിലും മററും പറഞ്ഞിരിക്കുന്ന പ്രകാരം സമാധിയിൽ യോഗികൾ നാവിനെ ഉള്ളിലോട്ടു മടക്കി കപാലകുഹരത്തിൽക്കൂടി ഭ്രൂമദ്ധ്യംവരെക്കും പ്രവേശിപ്പിച്ച് തന്മൂലമായ ചൂടുകൊണ്ടു ശിരസ്സിലെ ചന്ദ്രമണ്ഡലത്തിൽനിന്ന് അമൃതരസം സ്രവിപ്പിച്ച് ആസ്വാദിക്കുകയാണ് ചെയ്യുക. സഃ=ആ രസം—പറഞ്ഞപ്രകാരം ക്ലേശിച്ചു സ്രവിപ്പിക്കപ്പെടുന്ന ആ അമൃതം, ന സമഃ=തുല്യമല്ല എന്നു ശ്ലോകാൎത്ഥം. രസാവേശവശാൽ സ്വയം ചുരത്തുന്ന രസത്തിന്ന് ആക്രമിച്ചു കറന്നെടുക്കുന്നതിനേക്കാളും എത്രയോ ശ്രേഷ്ഠത കൂടുമെന്നു താൽപൎയ്യം. കുമാരസംഭവത്തിൽ,—

"യം സൎവ്വശൈലാഃ പരികല്പ്യ വത്സം
മേരൌ സ്ഥിതേ ദോഗ്ധരി ദോഹദക്ഷേ
ഭാസ്വന്തി രത്നാനി മഹൌഷധീശ്ച
പൃഥൂപദിഷ്ടാം ദുദുഹുൎദ്ധരിത്രീം."

എന്ന പദ്യത്താൽ മഹാകവി കാളിദാസൻ വൎണ്ണ്യവസ്തുവായ ഹിമവാൻ സാരാഗ്ര്യവസ്തുപാത്രമാണെന്നു ബോധിപ്പിച്ചിരിക്കുന്നതും ഈശ്രേഷ്ഠ്യത്തെ അടിസ്ഥാനമാക്കീട്ടാണല്ലോ. പ്രകൃതപദ്യത്തിലെ ദ്വിതീയ

അലോകസാമ്യപ്രതിഭാവിശേഷം പരിസ്ഫുരത്താക്കി വിളക്കിടുന്നു. (6)

പാദമായ "മേരൌ സ്ഥിതേ ദോഗ്ധരി ദോഹദക്ഷേ" എന്നതിലെ സപ്തമി, "യസ്യ ച ഭാവേന ഭാവലക്ഷണം" എന്ന സൂത്രപ്രകാരം കേവലം ഭാവസപ്തമിയല്ല; അതായത് സതിസപ്തമി അല്ല. "ഷഷ്ഠീ ചാനാദരേ" എന്ന സൂത്രപ്രകാരമുള്ള അനാദരസപ്തമിയാണെന്നു ധരിക്കണം. ദോഗ്ധാവും ദോഹദക്ഷനുമായ മഹാമേരു ഉണ്ടായിരിക്കെ, അവനെ അനാദരിച്ച് എല്ലാ പർവ്വതങ്ങളും ഗോരൂപയായ ഭൂമിയിൽനിന്നു രത്നങ്ങളും ഔഷധികളും കറന്നെടുത്തു എന്നർത്ഥം. പശുവിനെ കൈമാറിക്കറന്നാൽത്തന്നെ ശരിക്കു പാൽ കിട്ടുകയില്ലെന്നതു് അനുഭവസിദ്ധമാണ്. അങ്ങിനെയിരിക്കെ, ദോഹനത്തിൽ അതിസമർത്ഥനായ ഒരു ദോഗ്ധാവ് കറന്നു ശീലിപ്പിച്ചിട്ടുള്ള ഒരു പശുവിനെ മററു വല്ലവരും കറന്നു പാലെടുക്കുക എന്ന കാര്യമോ? അസാദ്ധ്യമെന്നല്ലേ പറയേണ്ടതു്. ഗോരൂപയായ ഭൂമിയുടെ ദോഗ്ധാവാണെങ്കിൽ ദോഹനകൃത്യത്തിൽ അത്യന്തം സമർത്ഥനായ മഹാമേരു; ആ മഹാമേരുവിനെ ഗണിക്കാതെ അവന്റെ മുമ്പിൽവെച്ച് അവൻ കറന്നു ശീലിച്ചിട്ടുള്ള ഭൂവിനെ എല്ലാ പർവ്വതങ്ങൾക്കും യഥേഷ്ടം കറക്കുവാൻ കഴിഞ്ഞതു് ഹിമവാനെ കുട്ടിയാക്കുകകൊണ്ടു മാത്രമാണ്. ഹിമവാനിലുള്ള സ്നേഹാധിക്യത്താൽ പരവശയായ ഭൂദേവിയുടെ സ്തനങ്ങൾ ആർക്കുവേണമെങ്കിലും യഥേഷ്ടം കറന്നെടുക്കുമാറ് അത്ര ധാരാളം താനേ ചുരന്നു പോയി എന്നു താൽപര്യം.

ഇങ്ങിനെ ഭൂദേവിയുടെ അതിരററ വാത്സല്യാതിരേകത്തിന്നു പാത്രീഭവിച്ച വർണ്ണ്യവസ്തുവായ ഹിമവാനുള്ള ഉൽകർഷാതിശയം അനന്യാദൃശമാണെന്നു പ്രകൃതപദ്യംകൊണ്ടു മഹാകവി കാളിദാസൻ പ്രകാശിപ്പിച്ചിരിക്കുന്നു. ഈ വക സ്വാരസ്യത്തിനൊക്കെയും മുഖ്യമായ ആലംബനം "മേരൌ സ്ഥിതേ ദോഗ്ധരി ദോഹദക്ഷേ" എന്നതിലെ അനാദരസപ്തമീപ്രയോഗമാകുന്നു. അല്ലാത്തപക്ഷം, ആ പാദത്തിന്റെ സ്ഥിതി അജാഗളസ്തനത്തിന്നു സമാനയോഗക്ഷേമമാകും. എന്നുമാത്രമല്ല, പ്രകൃതപദ്യംതന്നെ വാർത്താമാത്രമായി ശുഷ്കപ്രായമാവുകയുംചെയ്യും. അതുകൊണ്ട്, പ്രകൃതപദ്യത്തിന്റെ ജീവാതുവായ അനാദരസപ്തമീസ്വരൂപം ഗ്രഹിക്കാതെയുള്ള വ്യാഖ്യാനപ്രകാരങ്ങളും ഭാഷാന്തരീകര

മനോഹരമായ വസ്തുതത്ത്വത്തെ പ്രസ്രവിപ്പിക്കുന്നതായ മഹാകവികളുടെ ദിവ്യവാണി അലോകസാമാന്യമായ പ്രതിഭാവിശേഷത്തെ പരിസ്ഫുരിക്കുമാറു് വ്യക്തീഭവിപ്പിക്കുന്നു. അതുകൊണ്ടുതന്നെയാണു് അതിവിചിത്രകവിപരമ്പരാപ്രവാഹിയായ ഈ പ്രപഞ്ചത്തിൽ

ണങ്ങളും മഹാകവിയുടെ പ്രതിഭാവിലാസത്തിന്നു് ഒരുതരം അപലാപകങ്ങൾ മാത്രമായിട്ടാണു് പരിണമിച്ചിരിക്കുന്നതെന്നു ഈ അവസരത്തിൽ ഓൎമ്മിപ്പിച്ചുകൊള്ളുന്നു. **അലോകസാമാന്യപ്രതിഭാവിശേഷം**=അലൌകികമായ പ്രതിഭാവിശേഷത്തെ, പ്രതിഭാ=അപൂൎവ്വവസ്തുനിൎമ്മാണക്ഷമമായ പ്രജ്ഞ, അപൂൎവ്വവസ്തുനിൎമ്മാണം=അപൂൎവ്വമായ വസ്തുവെ നിൎമ്മിക്കുകയോ പൂൎവ്വവസ്തുവിനെത്തന്നെ അപൂൎവ്വവസ്തുവാക്കിത്തീൎക്കുകയോ ആകാം. അങ്ങിനെയുള്ള പ്രതിഭയുടെ വിശേഷത്തെ=രസാവേശവൈശദ്യസൌന്ദൎയ്യത്തെ, രസാവേശം കവിക്കും പ്രതിഭയ്ക്കുമാവാം. **പരിസ്ഫുരത്താക്കി വിളക്കിടുന്നു**=സാക്ഷാൽകാരവിഷയമാക്കി പ്രകാശിപ്പിക്കുന്നു; പ്രതിപത്താവിന്നെന്നു താൽപൎയ്യം. ആ പ്രതിഭാവിശേഷം പ്രത്യക്ഷപ്പെടുന്നതു കവിയ്ക്കാണെന്നും പ്രതിപത്താവായ സഹൃദയന്നു കേവലം അനുമാനഗമ്യമാണെന്നും വിചാരിക്കരുതു്. തന്മയീഭാവാവിഷ്ടനായ സഹൃദയന്നു് അതു പ്രത്യക്ഷായമാണംതന്നെയാണു്.

"നായകസ്യ കവേഃ ശ്രോതുഃ സമാനോനുഭവസ്തതഃ"

എന്നിങ്ങിനെ അഭിനവഗുപ്തപാദാചാൎയ്യരുടെ ആചാൎയ്യനായ ഭട്ടതോതൻ അഭിപ്രായപ്പെട്ടിരിക്കുന്നതു നോക്കുക. ഭാവനിൎവ്വചനാവസരത്തിൽ ഭരതമഹൎഷി,

"കവേരന്തൎഗതം ഭാവം ഭാവയൻ ഭാവ ഉച്യതേ."

എന്നു പറഞ്ഞിരിക്കുന്നതും തന്മൂലകമാകുന്നു. ആകപ്പാടെ മഹാകവികൾക്കും അവരുടെ കാവ്യം വായിക്കുന്നവൎക്കും പ്രതിഭാവിശേഷാനുഭവം രസാവേശത്താലാണെന്നും ആ രസാദി സ്വസംവിൽസംവേദ്യമാണെന്നും കാരികയ്ക്കു താൽപൎയ്യം.

അതുകൊണ്ടുതന്നെയാണു്=മഹാകവിത്വനിദാനം രസാവേശവൈശദ്യം നിമിത്തം പ്രത്യക്ഷായമാണമായി അഭിവ്യംജിപ്പിക്കപ്പെടുന്ന ആ പ്രതിഭാവിശേഷമാകയാലാണു്;

കാളിദാസപ്രഭൃതികളായ രണ്ടു മൂന്നു പേരോ അഥവാ അഞ്ചാറുപേരോ മാത്രം മഹാകവികളായി ഗണിക്കപ്പെടുന്നതു്.

ഇത്തും പ്രതീയമാനമായ അൎത്ഥത്തിൻെറ സദ്ഭാവത്തിന്നു സാധകമായ മറെറാരുപ്രമാണമാകുന്നു:—

"കവിത്വബീജം പ്രതിഭാനം"

"ദ്വേ വർത്മനീ ഗിരാംദേവ്യാ-ശ്ശാസ്ത്രം ച കവികൎമ്മ ച
പ്രജ്ഞോപജ്ഞം തയോരാദ്യം പ്രതിഭോദ്ഭവമന്തിമം."

ഇത്യാദി വാമനസൂക്തികൾ ഈ അവസരത്തിൽ അനുസ്മരണീയങ്ങളാകുന്നു. **അതിവിചിത്രകവിപരമ്പരാപ്രവാഹിയായ**=നാനാപ്രകാരത്തിൽ ഗുണാലങ്കാരശബ്ദാൎത്ഥരചനാപ്രവീണന്മാരായ കവികളുടെ പരമ്പരാസാതത്യത്തോടു കൂടിയ, **ഈ പ്രപഞ്ചത്തിൽ**=സാഹിത്യലോകത്തിൽ, **കാളിദാസപ്രഭൃതികളായ**=കാളിദാസൻ ഭവഭൂതി മുതലായവരായ, **രണ്ടു മൂന്നു പേരോ അഥവാ അഞ്ചാറു പേരോ മാത്രം മഹാകവികളെന്നു ഗണിക്കപ്പെടുന്നതു്**=കവി സ്വയം രസാവിഷ്ടനായ്ത്തീൎന്നു് താദൃശപ്രതിഭാനഭവം സഹൃദയന്മാരായ ശ്രോതാക്കൾക്കു കൂടി തന്മയീഭവനദ്വാരാ ജനിപ്പിക്കുന്നതിനു ശക്തനായാൽ മാത്രമേ മഹാകവിത്വപദത്തിന്നു് അൎഹനാവുകയുള്ളു വെന്നും അതു് അത്ര സുലഭമല്ലെന്നും താൽപൎയ്യം.

"പ്രതീയമാനം പരമന്യവസ്തു—" എന്ന കാരികയെക്കൊണ്ടു സൂചിപ്പിച്ചിരിക്കുന്ന സ്വരൂപഭേദവും വിഷയഭേദവും മാത്രമല്ല, ഭിന്നസാമഗ്രീവേദ്യത്വവും വാച്യാതിരിക്തവസ്തുസത്തയ്ക്കു പ്രമാണമാകുന്നുവെന്നു കാണിക്കുന്നു, **"ഇത്തും പ്രതീയമാനമായ"** ഇത്യാദി അവതാരികയാൽ. **ഇത്തും="ശബ്ദാൎത്ഥശാസനജ്ഞാന—"** എന്നകാരികയാൽ പ്രതിപാദിക്കപ്പെടുന്ന ബോധസാമഗ്രീഭേദവും, **പ്രതീയമാനമായ അൎത്ഥത്തിൻെറ സദ്ഭാവത്തിന്നു്**=വ്യംഗ്യാൎത്ഥത്തിൻെറ വാച്യവ്യതിരേകനിലയിലുള്ള സത്തയ്ക്കു്—വ്യംഗ്യാൎത്ഥം അതിരിക്തമായുണ്ടെന്നതിലേക്കു്, **സാധകമായ**=സമൎത്ഥകമായ, **മറെറാരുപ്രമാണമാകുന്നു='പ്രതീയമാനം'** എന്ന കാരികയിലെ **'അന്യപര'**ശബ്ദങ്ങളെക്കൊണ്ടു സൂചിപ്പിച്ചു വൃത്തിഗ്രന്ഥത്തിൽ വിസ്തരിക്കുന്ന സ്വരൂപഭേദം, വിഷയഭേദം എന്നിവയ്ക്കു

ശബ്ദാൎത്ഥശാസനജ്ഞാന-
മാത്രംകൊണ്ടതറിഞ്ഞിടാ;
അറിയാമതു കാവ്യാൎത്ഥ-
തത്ത്വജ്ഞന്മാൎക്കു കേവലം. (7)

ശബ്ദാൎത്ഥശാസനജ്ഞാനത്താൽ മാത്രം ആ അൎത്ഥം സൎവ്വഥാ അറിയപ്പെടുന്നില്ല. കാവ്യാൎത്ഥതത്ത്വജ്ഞന്മാൎക്കു മാത്രമേ വേദ്യമാകുന്നുള്ളു. ആ അൎത്ഥം കേവലം വാച്യരൂപമാണെങ്കിൽ വാച്യവാചക

പുറമേയുള്ള തെളിവാകുന്നു. 'ഇത്രം' എന്നതിലെ 'ഉം' എന്ന സമുച്ചയനിപാതം മുൻപറഞ്ഞ സ്വരൂപഭേദത്തേയും വിഷയഭേദത്തേയുമാണ് സമുച്ചയിക്കുന്നതെന്നു കാൺക.

"ശബ്ദാൎത്ഥ—" എന്ന കാരികയെ, "ശബ്ദാൎത്ഥശാസനജ്ഞാന—" ഇത്യാദി വൃത്തിഗ്രന്ഥംകൊണ്ടു വിവരിക്കുന്നു:—

ശബ്ദാൎത്ഥശാസനജ്ഞാനത്താൽ മാത്രം=വാച്യവാചകസ്വരൂപപരിജ്ഞാനം മാത്രമുള്ളതുകൊണ്ട്, **ആ അൎത്ഥം സൎവ്വഥാ അറിയപ്പെടുന്നില്ല**=പ്രതീയമാനമായ ആ രസാദിരൂപാൎത്ഥം തീരെ വേദ്യമല്ല. ധ്വനിരൂപാൎത്ഥത്തിന്റെ പ്രതിപത്തിക്കു വാച്യവാചകമാത്രപരിജ്ഞാനം സാമഗ്രിയല്ല എന്നു താൽപൎയ്യം. **കാവ്യാൎത്ഥതത്ത്വജ്ഞന്മാൎക്കുമാത്രമേ വേദ്യമാകുന്നുള്ളു**=സൎവ്വശ്ലാഘ്യമായ രസാദ്യൎത്ഥത്തിന്റെ ആസ്വാദനത്തിൽ നിപുണന്മാൎക്ക്—കാവ്യഭാവനാപരിപക്വബുദ്ധികളായ സഹൃദയന്മാൎക്ക്—മാത്രമേ വിജ്ഞേയമാകുന്നുള്ളു. അൎത്ഥ്യതേ=പ്രാധാന്യേന അപേക്ഷ്യതേ (പ്രാധാന്യേന അപേക്ഷിക്കപ്പെടുന്നതു്) എന്ന വിഗ്രഹപ്രകാരം ഇവിടത്തെ 'അൎത്ഥ'ശബ്ദം സൎവ്വശ്ലാഘ്യപരമാണെന്നും 'തത്ത്വ'ശബ്ദം സാരഭൂതരസാദിപരമാണെന്നും ഗ്രഹിക്കണം. പ്രതീയമാനാൎത്ഥപ്രതിപത്തിക്കുള്ള മുഖ്യസാമഗ്രി സഹൃദയത്വമാണെന്നു താൽപൎയ്യം. വാച്യവ്യംഗ്യങ്ങൾക്കു് ഐകാത്മ്യമില്ലെന്നു സമൎത്ഥിക്കുന്നു, **'ആ അൎത്ഥം'** ഇത്യാദിയാൽ. **ആ അൎത്ഥം കേവലം വാച്യരൂപമാണെങ്കിൽ**=പ്രതീയമാനമായ ആ അൎത്ഥം വാച്യത്തിൽനിന്നു വ്യതിരിക്തമല്ലെന്നു വരികിൽ, **വാച്യവാചകസ്വരൂപപരിജ്ഞാനംകൊണ്ടുതന്നെ**=വാച്യവാചകങ്ങളുടെ ജ്ഞാനത്താൽത്തന്നെ, **തൽപ്രതീതി**

സ്വരൂപപരിജ്ഞാനംകൊണ്ടുതന്നെ തൽപ്രതീതിയുണ്ടാകേണ്ടതാണ്. എന്നാൽ, സംഗീതശാസ്ത്രവിധികൾ ഗ്രഹിച്ചിട്ടുള്ളവരാണെങ്കിലും പാട്ടു പാടിപ്പരിശീലിച്ചിട്ടില്ലാത്തവൎക്കു സ്വരശ്രുത്യാദിസ്വരൂപമെന്നപോലെ വാച്യവാചകലക്ഷണത്തിൽ മാത്രം പരിശ്രമിച്ചിട്ടുള്ള കാവ്യതത്ത്വാൎത്ഥഭാവനാവിമുഖന്മാൎക്ക് ഈ അൎത്ഥം അഗോചരം തന്നെയാകുന്നു.

ഇപ്രകാരം വാച്യാതിരിക്തമായ വ്യംഗ്യത്തിന്റെ സദ്ഭാവം

യുണ്ടാകേണ്ടതാണ്=പ്രതീയമാനാൎത്ഥത്തിന്റെ ബോധം ജനിക്കേണ്ടതാണ്. അപ്രകാരം കാണുന്നില്ലെന്നു ദൃഷ്ടാന്തപുരസ്സരം സമൎത്ഥിക്കുന്നു **"എന്നാൽ സംഗീതശാസ്ത്ര—"** ഇത്യാദിയാൽ. **എന്നാൽ**=നേരെമറിച്ച്, **സംഗീതശാസ്ത്രവിധികൾ ഗ്രഹിച്ചിട്ടുള്ളവരാണെങ്കിലും**=സംഗീതശാസ്ത്രവിധികൾ വായിച്ചുമനസ്സിലാക്കീട്ടുള്ളവരാണെങ്കിലും, **പാട്ടുപാടിപ്പരിശീലിച്ചിട്ടില്ലാത്തവൎക്ക്**=പരിശീലനംചെയ്തു നല്ലപോലെ പാടാറായിട്ടില്ലാത്തവൎക്ക്, **സ്വരശ്രുത്യാദിസ്വരൂപമെന്നപോലെ**=ഷഡ്ജാദിസപ്തസ്വരങ്ങളുടേയും ഇരുപത്തിരണ്ടു വിധത്തിലുള്ള ശ്രുതിഭേദങ്ങളുടേയും ആദിപദഗ്രാഹ്യമായ രാഗാദികളുടേയും സ്വരൂപം എന്നപോലെ, **വാച്യവാചകലക്ഷണത്തിൽമാത്രം പരിശ്രമിച്ചിട്ടുള്ള**=വൈയാകരണനൈഘണ്ടുകാദികേവലപണ്ഡിതന്മാരായ, **കാവ്യതത്ത്വാൎത്ഥഭാവനാവിമുഖന്മാൎക്ക്**=കാവ്യത്തിന്റെ തത്ത്വഭൂതമായ രസാദ്യൎത്ഥത്തിന്റെ ഭാവനയിൽ—വാച്യവ്യതിരേകവിവേകപൂൎവ്വകമായ ആസ്വാദനത്തിൽ—വിമുഖന്മാരായവൎക്ക്—അശക്തന്മാൎക്ക്, **ഈ അൎത്ഥം**=വ്യംഗ്യരൂപമായ ഈ അൎത്ഥം, **അഗോചരംതന്നെയാകുന്നു**=അവിഷയം— അജ്ഞേയം— തന്നെയാകുന്നു. ചുരുക്കത്തിൽ, ഭിന്നസാമഗ്രീവേദ്യതയാൽ വ്യംഗ്യാൎത്ഥം വാച്യവ്യതിരിക്തം തന്നെയാകുന്നു എന്നു സാരം.

അനന്തരം ധ്വനിപ്രാധാന്യപ്രതിപാദകമായ കാരികയെ അവതരിപ്പിക്കുന്നു **'ഇപ്രകാരം'** ഇത്യാദിയാൽ.

ഇപ്രകാരം=സ്വരൂപഭേദം, വിഷയഭേദം, സാമഗ്രീഭേദം എന്നിവയാൽ, **വാച്യാതിരിക്തമായ വ്യംഗ്യത്തിന്റെ**

പ്രതിപാദിച്ച് അതിന്നുതന്നെയാണ് പ്രാധാന്യമെന്നും പ്രതിപാദിക്കുന്നു:—

> ആ അൎത്ഥമത്ര ചിലതാം
> തഥാ വ്യംജകശബ്ദവും
> മഹാകവിക്കു യത്നാത്താൽ
> പ്രത്യഭിജ്ഞേയമീ ദ്വയം (8)

ആ വ്യംഗ്യരൂപമായ അൎത്ഥവും തദ്വ്യക്തിസാമൎത്ഥ്യയോഗിയായ ശബ്ദവും ഏതാനും ചിലതുമാത്രമാകുന്നു; സൎവ്വവുമാകയില്ല. അങ്ങിനെയുള്ള ശബ്ദാൎത്ഥങ്ങളാണ് കവിക്കു പ്രത്യഭിജ്ഞേയങ്ങൾ. മഹാ

സദ്ഭാവം പ്രതിപാദിച്ച്=വാച്യത്തിൽനിന്നു ഭിന്നമായ വ്യംഗ്യത്തിന്റെ സ്ഥിതിയെ—വ്യംഗ്യം വാച്യാതിരിക്തമായി വൎത്തിക്കുന്നു എന്ന വസ്തുസ്ഥിതിയെ—ഉപപാദിച്ച്, **അതിന്നുതന്നെയാണ്**=വ്യംഗ്യത്തിന്നു തന്നെയാണ്, **പ്രാധാന്യമെന്നു പ്രതിപാദിക്കുന്നു**=സൎവ്വാപേക്ഷയാ പ്രാധാന്യമെന്നു സമൎത്ഥിക്കുന്നു.

ആ അൎത്ഥം=വ്യംഗ്യരൂപമായ ആ അൎത്ഥം, **അത്ര**=ഇവിടെ—ഈ സാഹിത്യപ്രപഞ്ചത്തിൽ, **ചിലതാം**=ഏതാനും ചിലതുമാത്രമാണ്, **തഥാ**=അപ്രകാരം ഏതാനും ചിലതുമാത്രമാണ്, **വ്യംജകശബ്ദവും**=വ്യംഗ്യാൎത്ഥവ്യംജനസാമൎത്ഥ്യയോഗിയായ ശബ്ദവും, **മഹാകവിക്കു**=മഹാകവിത്വപ്രസിദ്ധിക്ക്, **ഈ ദ്വയം**=ഈ ശബ്ദാൎത്ഥവിശേഷദ്വയം, **യത്നാത്താൽ പ്രത്യഭിജ്ഞേയം**=ഏറ്റ പ്രയാസപ്പെട്ടും നിരൂപണപൂൎവ്വം വിവേചിച്ചറിയേണ്ടതാണ്. എന്നു കാരികാൎത്ഥം.

വൃത്തിയിൽ കാരികാൎത്ഥം വിവരിക്കുന്നു "**ആ വ്യംഗ്യരൂപമായ—**" ഇത്യാദിയാൽ. **തദ്വ്യംജനസാമൎത്ഥ്യയോഗി**=വ്യംഗ്യാൎത്ഥപ്രകാശനത്തിൽ സാമൎത്ഥ്യത്തോടു കൂടിയതായി, **സൎവ്വവുമാകയില്ല**=എല്ലാ അൎത്ഥവും എല്ലാ ശബ്ദവും വ്യംഗ്യവും വ്യംജകവുമാകയില്ല. **അങ്ങിനെയുള്ള ശബ്ദാൎത്ഥങ്ങളാണ്**=വ്യംജകങ്ങളും വ്യംഗ്യങ്ങളുമായ ശബ്ദാൎത്ഥങ്ങളാണ്, **മഹാകവിക്ക്**=

മഹാകവിയാകുന്നതിന്ന്, **പ്രത്യഭിജ്ഞേയങ്ങൾ**=പ്രത്യഭിജ്ഞാനത്തിന്ന് അഹങ്ങൾ, 'പ്രത്യഭിജ്ഞേയ'ശബ്ദത്തിലെ 'യൽ' പ്രത്യയം അഹാത്ഥത്തിലാകുന്നു. അഹമായതിൽ എല്ലാവരും പ്രയത്നിക്കുന്നതാകയാൽ പ്രത്യഭിജ്ഞാനത്തിന്ന് അഹമായ വ്യംഗ്യവ്യംജകങ്ങൾക്കു പ്രാധാന്യമുണ്ടെന്നും അതു ലോകസിദ്ധമാണെന്നും അഹാത്ഥത്തിലുള്ള 'യൽ' പ്രത്യയംകൊണ്ടു പ്രദർശിപ്പിച്ചിരിക്കുന്നു. കൂടാതെ, **പ്രത്യഭിജ്ഞേയം**=വിവേചിച്ചറിയണം എന്നിങ്ങിനെ കൃത്യപ്രത്യയമായ 'യൽ' പ്രത്യയത്തിന്നു നിയോഗാത്ഥം കൂടിയുള്ളതിനാൽ അതു് അഭ്യസിക്കണം എന്നിങ്ങിനെ ശിക്ഷാക്രമത്തേയും പ്രകാശിപ്പിച്ചിരിക്കുന്നു. പ്രത്യഭിജ്ഞാനമെന്നതു് "അതുതന്നെയാണിതു്" ഇത്യാകാരകമായ ജ്ഞാനവിശേഷം മാത്രമല്ല; ജ്ഞാതമായ പദാത്ഥത്തിൻെറ അനുസന്ധാനാത്മകമായ നിരൂപണവും പ്രത്യഭിജ്ഞാനമാകുന്നു. അഭിനവഗുപ്തരുടെ പരമഗുരുവായ ഉൽപലാചാൎയ്യർ,

"തൈസ്തൈരപ്യുപയാചിതൈരുപനത-
സ്തന്വ്യാഃ സ്ഥിതോപ്യന്തികേ
കാന്തോ ലോകസമാന ഏവമപരി-
ജ്ഞാതോ ന രന്തും യഥാ
ലോകസ്യൈഷ തഥാനവേക്ഷിതഗുണ-
സ്വാത്മാപി വിശേശ്വരോ
നൈവാലം നിജവൈഭവായ തദിയം
തൽപ്രത്യഭിജ്ഞോദിതാ."

എന്നിങ്ങിനെ പ്രത്യഭിജ്ഞാസ്വരൂപത്തെ നിരൂപിച്ചിരിക്കുന്നതു നോക്കുക.

തൈസ്തൈഃ അപി ഉപയാചിതൈഃ=അതതു യാചനകളാൽ—ദേവതാപ്രാത്ഥനം, ദൂതീസംപ്രേഷണം, മദനലേഖം മുതലായതു വഴിക്കുള്ള ആത്മാവസ്ഥാനിവേദനാദികളാൽ, ഉപനതഃ=വന്നിരിക്കുന്നവനും, അന്തികേ സ്ഥിതോപി=അടുത്തുനിൽക്കുന്നവനും ആണെന്നിരിക്കിലും, കാന്തഃ=കാമുകൻ, ഏവം അപരിജ്ഞാതഃ=ഇപ്രകാരം പ്രത്യഭിജ്ഞാതനാകാത്തവനായി—പരാമൎശപദവിയെ പ്രാപിക്കാത്ത ഉൽകൎഷവിശേഷങ്ങളോടു കൂടിയവനായി, ലോകസമാനഃ=

കവിക്ക മഹാകവിത്വലാഭംതന്നെ സുപ്രയുക്തങ്ങളായ വ്യംഗ്യവ്യംജക ങ്ങളാലല്ലാതെ കേവലം വാച്യവാചകരചനയാലല്ലല്ലോ:

ലോകസാധാരണഭാവം ഭജിച്ചവനായിട്ട്, തന്മ്യാഃ=കാന്തദൎശനം ഏറ്റവും ഉപാദേയമായി വിചാരിച്ച് അതിന്നായി ആഗ്രഹിച്ചവളും വിരഹക്ലേശയുമായ കാമിനിക്ക്, യഥാ രന്തും നാലം=ഹൃദയപൂൎണ്ണീകരണത്തിന്ന് ഏതപ്രകാരം പൎയ്യാപ്തനാകുന്നില്ലയോ (പ്രിയതമാവലോകനം കാമിനിയുടെ ഹൃദയം പൂൎണ്ണമാക്കിച്ചെയ്യുന്നില്ലെന്ന താൽപൎയ്യം). തഥാ= അപ്രകാരം, അനവേക്ഷിതഗുണഃ=സൎവ്വജ്ഞത്വകൎത്തൃത്വാദ്യപ്രതിഹതസ്വശക്തിലക്ഷണപാരമേശ്വൎയ്യാദിയായ ഉൽകൎഷത്തോടുകൂടിയവനായി പരാമൎശിക്കപ്പെടാത്ത, ഏഷ വിശ്വേശ്വരഃ സ്വാത്മാപി= ഈ വിശ്വേശ്വരനായ സ്വാത്മാവും, ലോകസ്യ=ലോകത്തിന്ന്, നിജവൈഭവായ നാലം=പൂർണതാരൂപമായ ജീവന്മുക്തിക്ക ശക്തനാകുന്നില്ല; ഭാസമാനഘടാദിക്ക തുല്യം സ്ഥിതിചെയ്യുന്നതേയുള്ളു. തൽ= ആകയാൽ, ഇയം തൽപ്രത്യഭിജ്ഞാ ഉദിതാ=ഇതു് ഈശ്വരപ്രത്യഭിജ്ഞയെന്ന പറയപ്പെടുന്നു. എന്ന ശ്ലോകാൎത്ഥം. ഈശ്വരവിഷയകമായ വിശേഷജ്ഞാനമാണ് മുക്തിരൂപഫലോപധായകം; സാമാന്യജ്ഞാനമല്ല. എന്നു താൽപൎയ്യം. ഉൽപലദേവൻെറ "ഈശ്വരപ്രത്യഭിജ്ഞ"യിലെ പ്രകൃതപദ്യത്തെ അഭിനവഗുപ്തപാദാചാൎയ്യർ തൻെറ 'വിമൎശിനി'യിൽ ഇപ്രകാരം വ്യാഖ്യാനിച്ചിരിക്കുന്നു. ഇങ്ങിനെയിരിക്കെ, "പ്രതിപത്തവ്യമീഢയം" എന്നു പ്രയോഗിക്കാതെ "പ്രത്യഭിജ്ഞേയം" എന്നു നിബന്ധിച്ചിരിക്കകൊണ്ടു്, "കാവ്യന്തു ജാതു ജായേത കസ്യചിൽ പ്രതിഭാവതഃ" എന്ന ഭാമഹോക്തിപ്രകാരം, പ്രതിഭാശാലിക്ക ധ്വനി സ്വയമായി സ്ഫുരിക്കാമെന്നിരിക്കിലും ഇതു് ഇന്നതരത്തിലുള്ളതാണെന്നു വിശേഷിച്ചു നിരൂപിക്കപ്പെടുന്നതായാൽ സഹസ്രശാഖമാസ്ത്തീരുന്നതാണ് എന്ന വിശേഷം ബോധിപ്പിച്ചിരിക്കുന്നതായി ധരിക്കണം. അതുകൊണ്ടുതന്നെയാണ് 'വൃത്തി'യിലും അതേശബ്ദം അങ്ങിനെതന്നെ അനുവദിച്ചിരിക്കുന്നതും. മഹാകവിത്വനിദാനം കേവലം വാച്യവാചകപ്രയോഗമല്ല, വ്യംഗ്യവ്യംജകങ്ങളുടെ സമുചിതപ്രയോഗമാണ് എന്നും ആകയാൽ, അവയ്ക്കാണ് പ്രാധാന്യമെന്നും പ്രതിപാദിക്കുന്ന "മഹാകവികൾക്ക്—" ഇത്യാദിയാൽ. **സുപ്രയുക്തങ്ങൾ**= സമുചിതമായി പ്രയോഗിക്കപ്പെട്ട. **"അല്ലോ"** എന്നതുകൊണ്ടു്

ഇനി, വ്യംഗ്യവ്യംജകങ്ങൾക്കാണ് പ്രാധാന്യമെങ്കിലും പ്രഥമം വാച്യവാചകങ്ങളുടെ ഉപാദാനം യുക്തംതന്നെയാണെന്ന് ഉപപാദിക്കുന്നു:—

ദീപജ്വാലയിലാലോകാ-
ഭ്യർത്ഥിപോൽ വാച്യസീമനി

ഈ വസ്തുത ലോകപ്രസിദ്ധമാണെന്നു കാണിച്ചിരിക്കുന്നു. വ്യംഗ്യരൂപമായ അർത്ഥത്തിനും വ്യംജകരൂപമായ ശബ്ദത്തിനും പ്രാധാന്യം പറഞ്ഞിരിക്കുന്നതിൽനിന്നു വ്യംജനാരൂപമായ വ്യാപാരത്തിനും താദൃശപ്രാധാന്യമനുക്തസിദ്ധമാകുന്നു. ആകയാൽ, ധ്വനതി, ധ്വന്യതേ, ധ്വനനം എന്നിങ്ങിനെ കർത്തൃപരമായും കർമ്മപരമായും ഭാവപരമായുമുള്ള വ്യുൽപത്തിയനുസരിച്ചു ധ്വനിശബ്ദവാച്യമായ ശബ്ദം, അർത്ഥം, വ്യാപാരം എന്നീ ത്രിതയത്തിനും പ്രാധാന്യമുണ്ടെന്നും താദൃശവ്യുൽപത്തികഥനം ഉപപന്നമാണെന്നും കാൺക.

'പ്രധാനമായതിനെയാണ് ആരും മുമ്പിൽ എടുക്കുക. സാഹിത്യത്തിലാണെങ്കിൽ മുമ്പിൽ സ്വീകരിക്കുന്നതു വാച്യവാചകതദ്ഭാവങ്ങളെയാണുതാനും. അതിനാൽ അവയ്ക്കാണല്ലോ പ്രാധാന്യമുള്ളതു'' എന്ന ആശങ്കയെ മനസ്സിൽവെച്ചുകൊണ്ട്, ഉപേയത്തിൻെറ പ്രാപ്തിക്കുവേണ്ടിയാണ് ഉപായത്തെ മുമ്പിൽ ആശ്രയിക്കുന്നതെന്ന അഭിപ്രായത്തിന്മേൽ പ്രഥമോപാദീയമാനത്വം പ്രാധാന്യഗമകമല്ലെന്നും താദൃശഹേതു വിരുദ്ധമാണെന്നും കാണിക്കുന്നു "**ഇനി വ്യംഗ്യവ്യംജകങ്ങൾക്ക്—**" ഇത്യാദി അവതാരികയാൽ. **വ്യംഗ്യവ്യംജകങ്ങൾക്കാണ് പ്രാധാന്യമെങ്കിലും**="മഹാകവിക്കു യത്നത്താൽ പ്രത്യഭിജ്ഞേയമീ ദ്വയം" എന്നിങ്ങിനെ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന മഹാകവിത്വലാഭനിദാനവും സർവ്വഥാ ആദരണീയത്വരൂപവും ആയ താദൃശപ്രാധാന്യം വ്യംഗ്യവ്യംജകങ്ങൾക്കാണെങ്കിലും, **പ്രഥമം**=മുമ്പിൽ, **വാച്യവാചകങ്ങളുടെ ഉപാദാനം**=വാച്യവാചകസ്വീകാരം, **യുക്തംതന്നെയാണെന്ന് ഉപപാദിക്കുന്നു**=ഉചിതമാണെന്നു യുക്തിയോടുകൂടി പ്രതിപാദിക്കുന്നു.

ദീപജ്വാലയിൽ=ദീപശിഖയിൽ, **ആലോകാഭ്യർത്ഥിപോൽ**=ദർശനാർത്ഥി എന്നപോലെ, **വാച്യസീമനി**=വാച്യ

വ്യംഗ്യാൎത്ഥിയും പ്രയതിപ്പൂ
തൽസാധനമതാകയാൽ. (9)

ദീപശിഖയുടെ സാഹായ്യം കൂടാതെ ദൎശനം അശക്യമാകയാൽ ദൎശനാൎത്ഥി അതിന്നു് ഉപായഭൂതമായ ദീപശിഖയിൽ യത്നിക്കുന്നു. അപ്രകാരം വ്യംഗ്യാൎത്ഥത്തെ ആദരിക്കുന്നവൻ വാച്യാൎത്ഥത്തിലും യത്നിക്കുന്നു. ഇതിനാൽ പ്രതിപാദകനായ കവിക്കു വ്യംഗ്യാൎത്ഥത്തെക്കുറിച്ചുള്ള വ്യാപാരം കാണിച്ചിരിക്കുന്നു.

രൂപമായ അൎത്ഥത്തിൽ, **വ്യംഗ്യാൎത്ഥിയും**=വ്യംഗ്യാൎത്ഥത്തിൽ ആദരവോടുകൂടിയവനും, **അതു്**=വാച്യാൎത്ഥം, **തൽസാധനമാകയാൽ**=വ്യംഗ്യപ്രാപ്തിക്കു് ഉപായഭൂതമാകയാൽ, **പ്രയതിപ്പൂ**= അത്യന്തം യത്നവാനായി ഭവിക്കുന്നു. എന്നു കാരികാൎത്ഥം.

കാരികാൎത്ഥത്തെ വൃത്തികാരൻ വിവരിക്കുന്നു:—

ദീപശിഖയുടെ സാഹായ്യംകൂടാതെ=ദീപജ്വാലയുടെ അപേക്ഷകൂടാതെ, **ദൎശനം അശക്യമാകയാൽ**=വനിതാവദനാരവിന്ദാദിദൎശനം സാദ്ധ്യമല്ലായ്കയാൽ, **ദൎശനാൎത്ഥി**=വനിതാമുഖദൎശനത്തെ ആഗ്രഹിക്കുന്നവൻ, **അതിന്നു് ഉപായഭൂതമായ**=ദൎശനത്തിന്നു് ഉപകരണമായ, **ദീപശിഖയിൽ യത്നിക്കുന്നു**=ദീപജ്വാലയ്ക്കായി പ്രവൎത്തിക്കുന്നു, **അപ്രകാരം**=അതുപോലെ, **വ്യംഗ്യാൎത്ഥത്തെ ആദരിക്കുന്നവൻ**=വ്യംഗ്യാൎത്ഥത്തെ ആവശ്യപ്പെടുന്നവൻ, **വാച്യാൎത്ഥത്തിലും യത്നിക്കുന്നു**=വ്യംഗ്യാൎത്ഥപ്രാപ്തിക്കു് ഉപായഭൂതമായ വാച്യാൎത്ഥത്തിൽ ആദ്യം പ്രവൎത്തിക്കുന്നു. **ഇതിനാൽ**=പ്രകൃതകാരികാദ്വാരാ ഉപേയമായ വ്യംഗ്യത്തിന്റെ പ്രാപ്തിക്കായിട്ടാണു് ഉപായഭൂതവാച്യാൎത്ഥസമാശ്രയണമെന്നുള്ള പ്രതിപാദനത്താൽ, **പ്രതിപാദകനായ കവിക്കു്**= വക്താവായ കവയിതാവിന്നു്, **വ്യംഗ്യാൎത്ഥത്തെക്കുറിച്ചുള്ള വ്യാപാരം കാണിച്ചിരിക്കുന്നു**=വ്യംഗ്യാൎത്ഥത്തെ ഉദ്ദേശിച്ചുള്ള —പ്രവൃത്തിയെ വാച്യാൎത്ഥാശ്രയണം വാക്യാൎത്ഥത്തിന്നുവേണ്ടിയാണെന്നിങ്ങിനെ അതിലുള്ള ആദരാതിശയത്തെ—കാണിച്ചിരിക്കുന്നു.

പ്രതിപാദ്യന്നുകൂടി അതുണ്ടെന്നു കാണിക്കുന്നു:—

> പദാൎത്ഥബോധം വഴിയായ്
> വാക്യാൎത്ഥജ്ഞാനമെന്നപോൽ
> വാച്യാൎത്ഥപൂൎവ്വകം തന്നെ
> വ്യംഗ്യാൎത്ഥപ്രതിപത്തിയും. (10)

വാക്യാൎത്ഥബോധം എങ്ങിനെ പദാൎത്ഥബോധനത്തിന്നു ശേഷമോ അങ്ങിനെ വാച്യാൎത്ഥാവഗതിക്കു ശേഷം തന്നെയാണ് വ്യംഗ്യാൎത്ഥാവഗതിയും.

വ്യംഗ്യാൎത്ഥത്തിൻെറ പ്രതീതി വാച്യാൎത്ഥപ്രതിപത്തിക്കു

പ്രതിപാദ്യന്നുകൂടി=ശ്രോതാവിന്നുകൂടി, **അതുണ്ടെന്നു കാണിക്കുന്നു**=വ്യംഗ്യാൎത്ഥാദരം—വ്യംഗ്യാൎത്ഥത്തിന്നായിട്ടുള്ള വാച്യാശ്രയണം—ഉണ്ടെന്നു പ്രതിപാദിക്കുന്നു.

പദാൎത്ഥബോധം വഴിയായി=പദാൎത്ഥപ്രതീതിവഴിക്കാണ്, **വാക്യാൎത്ഥജ്ഞാനം**=അഖണ്ഡരൂപമായ വാക്യാൎത്ഥബോധം. വാക്യാൎത്ഥജ്ഞാനത്തിന്നു പദാൎത്ഥജ്ഞാനമാണ് കാരണം. കാരണം കാൎയ്യനിയതപൂൎവ്വവൃത്തിയാണല്ലോ. **എന്നപോൽ**=എന്ന പ്രകാരം, **വ്യംഗ്യാൎത്ഥപ്രതിപത്തിയും**=വ്യംഗ്യാൎത്ഥബോധവും, **വാച്യാൎത്ഥപൂൎവ്വകം തന്നെ**=വാച്യാൎത്ഥബോധം വഴിക്കുതന്നെയാകുന്നു—വാച്യാൎത്ഥബോധം വന്നതിന്നുശേഷംതന്നെയാണ് ശ്രോതാവിന്നു വ്യംഗ്യാൎത്ഥബോധം ഉണ്ടാവുന്നത്. എന്നു കാരികാൎത്ഥം. പ്രകൃതകാരികകൊണ്ട് വാക്യാൎത്ഥപ്രതിപത്തിയുടെ ക്രമംപോലെയാണ് വാച്യവ്യംഗ്യാൎത്ഥപ്രതീതികളുടെ ക്രമമെന്നു പ്രതിപാദിച്ചിരിക്കുന്നതിൽനിന്ന് ഒരു കാൎയ്യംകൂടി മനസ്സിലാക്കാനുണ്ട്. ശബ്ദവൃത്തത്തിൽ അത്യന്തം വ്യുത്പന്നനല്ലാത്തവന്നു പദവാക്യാൎത്ഥക്രമംപോലെ പരമസഹൃദയനല്ലാത്തവന്നു വാച്യവ്യംഗ്യാൎത്ഥക്രമം സ്ഫുടസംവേദ്യമാകുന്നു. നേരെമറിച്ച്, വാക്യവൃത്തകുശലനെന്നപോലെ സഹൃദയത്വകാഷ്ഠാധിരൂഢനായ രസികന്ന് വാച്യവ്യംഗ്യക്രമം വസ്തുസത്താണെങ്കിലും അഭ്യാസവശാൽ അനുമാനവ്യാപ്തിസ്മൃത്യാദിക്രമംപോലെ സംവേദ്യമാകുന്നില്ല എന്നുള്ളതാകുന്നു ആ തത്ത്വം. വൃത്തിഗ്രന്ഥാൎത്ഥം സുബോധം.

വ്യംഗ്യാൎത്ഥത്തിൻെറ പ്രതീതി=അൎത്ഥനീയമായ വ്യംഗ്യത്തിൻെറ പ്രതിപത്തി. "അൎത്ഥ്യതേ പ്രാധാന്യേനേതി

ശേഷമാണെങ്കിലും അതിൻെറ പ്രാധാന്യത്തിന്നു ഹാനിയില്ലെന്നു കാണിക്കുന്നു:—

സ്വസാമർത്ഥ്യത്തിനാൽത്തന്നെ
വാക്യാർത്ഥം തെളിയിക്കിലും
പദാർത്ഥമവസാനത്തി-
ലവിഭാവിതമല്ലയോ? (11)

അർത്ഥഃ" എന്ന വ്യുൽപത്തിപ്രകാരം അർത്ഥശബ്ദത്തിന്ന് അർത്ഥനീയം എന്നർത്ഥം. **വാച്യാർത്ഥപ്രതിപത്തിക്കുശേഷമാണെങ്കിലും**=വാച്യാർത്ഥത്തിൻെറ പ്രതീതിക്കു പിന്നീടാണെന്നിരിക്കിലും, **അതിൻെറ**=വ്യംഗ്യാർത്ഥത്തിൻെറ, **പ്രാധാന്യത്തിന്നു ഹാനിയില്ലെന്നു കാണിക്കുന്നു**=പ്രകർഷേണ പ്രഥമം വാ നിധീയതേ അസ്മിൻ ബുദ്ധിരിതി പ്രധാനം; തസ്യഭാവഃ പ്രാധാന്യം (പ്രകർഷത്തോടുകൂടിയോ അഥവാ പ്രഥമമായിട്ടോ ബുദ്ധി യാതൊന്നിൽ ചെലുത്തപ്പെടുന്നുവോ അതാണ് പ്രധാനം; അതിൻെറഭാവം പ്രാധാന്യം) എന്നിങ്ങിനെ വ്യുൽപത്തിസിദ്ധമാണല്ലോ പ്രാധാന്യപദം. വ്യംഗ്യാർത്ഥത്തിനുള്ള താദൃശപ്രാധാന്യം മൂലമാണ് സഹൃദയധുരീണന്മാരായ വക്താക്കളുടേയും ശ്രോതാക്കളുടേയും ബുദ്ധി വ്യംഗ്യാനുസരണത്തിലുള്ള ഔത്സുക്യത്താൽ ത്വരിതയായി ഇടയ്ക്കു വിശ്രമിക്കാത്തതു്. ആകയാൽ, ക്രമം ഉണ്ടെങ്കിലും അതിൽ ശ്രദ്ധിക്കാത്തതു് വ്യംഗ്യാർത്ഥത്തിൻെറ പ്രാധാന്യത്തിന്നു സാധകമല്ലാതെ ബാധകമല്ലെന്നു സാരം.

പദാർത്ഥം=സങ്കേതിതമായ അർത്ഥം, **സ്വസാമർത്ഥ്യത്തിനാൽത്തന്നെ**=സ്വകീയമായ യോഗ്യത, ആകാംക്ഷ, സന്നിധി എന്നിവയെ പുരസ്കരിച്ചുകൊണ്ടുതന്നെ, **വാക്യാർത്ഥം തെളിയിക്കിലും**=വാക്യാർത്ഥത്തെ പ്രതിപാദിക്കിലും—പദാർത്ഥമാണ് വാക്യാർത്ഥപ്രതീതിയെ ജനിപ്പിക്കുന്നതെങ്കിലും, **അവസാനത്തിൽ**=വ്യാപാരനിഷ്പത്തിയിൽ—വാക്യാർത്ഥബോധസമയത്തിൽ, **അവിഭാവിതമല്ലയോ**=വാക്യാർത്ഥത്തിൽനിന്നു വേർതിരിച്ചറിയപ്പെടുന്നില്ലെന്നതു് അനുഭവസിദ്ധമാണല്ലോ. വിഭക്തതയാ ഭാവിതം=വിഭാവിതം, ന വിഭാവിതം=അവിഭാവിതം എന്നാണ് അവിഭാവിതശബ്ദത്തിൻെറ

പദാൎത്ഥം തന്റെ സാമൎത്ഥ്യംകൊണ്ടുതന്നെ വാക്യാൎത്ഥത്തെ പ്രകാശിപ്പിക്കുകിലും വ്യാപാരം നിഷ്പന്നമാകുമ്പോൾ ആ പദാൎത്ഥം വാക്യാൎത്ഥത്തിൽനിന്നു വേൎതിരിച്ചറിയപ്പെടുന്നില്ലെന്നുള്ളതു് അനുഭവസിദ്ധമാണല്ലോ.

വാച്യാൎത്ഥവിമുഖന്മാരാം
കാവ്യജ്ഞൎക്കതുപോലുടൻ
ആയൎത്ഥമവഭാസിപ്പൂ
തത്ത്വാൎത്ഥാവേക്ഷിബുദ്ധിയിൽ. (12)

ഇപ്രകാരം വാച്യാതിരേകിയായ വ്യംഗ്യത്തിന്റെ സദ്ഭാവം

അക്ഷരാൎത്ഥമെന്നു് അഭിപ്രായം. വാക്യാൎത്ഥപ്രതീതിയിൽ പദാൎത്ഥത്തിന്നു പ്രതീതിയുണ്ടെങ്കിലും വാക്യാൎത്ഥത്തിൽനിന്നു വേറെയായി പദാൎത്ഥത്തിന്നു പ്രതീതിയില്ലെന്നും ആകയാൽ ക്രമം സംഭവിയാണെങ്കിലും സംവേദ്യമല്ലെന്നും താല്പൎയ്യം. വൃത്തി സുബോധം.

അതുപോൽ=അഖണ്ഡവാക്യാൎത്ഥപ്രതിപത്തിയിൽ പദാൎത്ഥം വേൎതിരിച്ചറിയപ്പെടാത്തതുപോലെ, **ആ അൎത്ഥം**=സാരരൂപമായ ആ വ്യംഗ്യാൎത്ഥം, **വാച്യാൎത്ഥവിമുഖന്മാരാം**=വാച്യാൎത്ഥത്തിൽ—സങ്കേതിതാൎത്ഥത്തിൽ—വിമുഖന്മാരായ—വിശ്രാന്തിനിബന്ധനമായ പരിതോഷം ലഭിക്കാത്തവരായ, **കാവ്യജ്ഞൎക്കു്**=കാവ്യഭാവനാപരിപക്വബുദ്ധികളായ സഹൃദയന്മാൎക്കു്, **തത്ത്വാൎത്ഥാവേക്ഷിബുദ്ധിയിൽ**=അൎത്ഥനീയമായ വ്യംഗ്യത്തിൽത്തന്നെ അഭിനിവേശത്തോടുകൂടിയ ബുദ്ധിയിൽ, **ഉടൻ അവഭാസിപ്പൂ**=അതിവേഗത്തിൽ—വാക്യശ്രവണാനന്തരക്ഷണത്തിൽത്തന്നെ— വാച്യാൎത്ഥത്തോടുകൂടിത്തന്നെ—അവഭാസിക്കുന്നു. വാച്യാൎത്ഥം വ്യംഗ്യാൎത്ഥത്തിൽനിന്നു വേറിട്ടു ഭാസിക്കുന്നില്ല. 'ഉടൻ' എന്ന ശബ്ദം ശൈഘ്ര്യവും സാഹിത്യവും കുറിക്കുന്നതാണല്ലോ. വാച്യാൎത്ഥപ്രതീതി തിരെ നിവൎത്തിക്കുന്നില്ല; അതു പൃഥക്കായി അവഭാസിക്കായ്കയാൽ ക്രമം സംവേദ്യമല്ലെന്നു മാത്രം. അതിനാൽ, തൃതീയോദ്ദ്യോതത്തിൽ, ഘടപ്രദീപദൃഷ്ടാന്തദ്വാരാ, വ്യംഗ്യപ്രതീതിസമയത്തിൽ വാച്യപ്രതീതി ദൂരീ

പ്രതിപാദിച്ച് അതിനെ പ്രകൃതത്തിൽ ഉപയോഗപ്പെടുത്തുന്നു:—

ശബ്ദാർത്ഥങ്ങളിലൊന്നാ-
ത്തത്ത്വാർത്ഥത്തെ ഗുണീകൃതസ്വാർത്ഥം
വ്യംജിപ്പിക്കുവതെങ്ങാ-
ക്കാവ്യം ധ്വനിയെന്നഭിജ്ഞരോതുന്നു. (13)

ഭവിക്കുന്നില്ലെന്നും അതു വാച്യാവഭാസാവിനാഭാവിയായിട്ടാണവഭാസിക്കുന്നതെന്നും പ്രതിപാദിച്ചിരിക്കുന്നതിൽനിന്നു പ്രസ്തുതപ്രതിപാദനം വിരുദ്ധമല്ലെന്നു ധരിക്കണം.

ഇപ്രകാരം=സ്വരൂപഭേദം, വിഷയഭേദം, ഭിന്നസാമഗ്രീവേദ്യത്വം, സഹൃദയാദരണീയത്വം എന്നിവയെ അടിസ്ഥാനമാക്കി, **വാച്യാതിരേകിയായ വ്യംഗ്യത്തിൻെറ**=വാച്യത്തിൽനിന്നു ഭിന്നമായ വ്യംഗ്യാർത്ഥത്തിൻെറ, **സദ്ഭാവം**=സത്തയേയും, സാധുഭാവത്തേയും—അതായതു് പ്രാധാന്യത്തേയും; ഇതു രണ്ടുമാണല്ലോ പ്രതിപാദനീയം. **പ്രതിപാദിച്ചു്**=സപ്രമാണം വിവരിച്ചതിന്നു ശേഷം, മുൻവിനയെച്ചം പൂർവ്വകാലക്രിയയെക്കുറിക്കുന്നതിനാൽ ആനന്തര്യ്യം അർത്ഥസിദ്ധം. **അതിനെ**=“കവീശ്വരന്മാരുടെ രമ്യവസ്തു തത്ത്വം—” ഇത്യാദിയാൽ സ്ഥാപിച്ച ആ വ്യംഗ്യാർത്ഥത്തെ, **പ്രകൃതത്തിൽ**=ധ്വനികാവ്യലക്ഷണത്തിൽ, **ഉപയോഗപ്പെടുത്തുന്നു**=“അത്തത്ത്വാർത്ഥത്തെ” എന്നിങ്ങിനെ ലക്ഷണഘടിതമാക്കി ഉപയോഗപ്പെടുത്തുന്നു.

ശബ്ദാർത്ഥങ്ങളിലൊന്നു്=വാച്യവാചകങ്ങളിൽ ഏതെങ്കിലും ഒന്നു്; വാചകരൂപമായ ശബ്ദമോ വാച്യരൂപമായ അർത്ഥമോ എന്നർത്ഥം. ഈ സ്ഥിതിക്കു്, ശബ്ദമോ അർത്ഥമോ എന്നു പറഞ്ഞാൽ മതിയായിരിക്കെ, ആദ്യം ശബ്ദാർത്ഥങ്ങൾക്കു സാഹിത്യം വിവക്ഷിച്ചുകൊണ്ടു് ദ്വന്ദ്വസമാസം സ്വീകരിക്കയും പിന്നീടു്, ‘അവയിൽ ഒന്നു്’ എന്നിങ്ങിനെ പ്രത്യേകം പിരിച്ചു നിർദ്ദേശിക്കയുംചെയ്തിരിക്കുന്നതു് ശബ്ദത്തിൻെറ വ്യംജനത്തിൽ അർത്ഥത്തിന്നും അർത്ഥത്തിൻെറ വ്യംജനത്തിൽ ശബ്ദത്തിന്നും സഹകാരിതയുണ്ടെന്നും എങ്കിലും ചിലേടത്തു് ശബ്ദത്തിന്നും മററു ചിലേടത്തു് അർത്ഥത്തിന്നും തന്നെയാണു് പ്രധാനമായ വ്യംജകത്വമെന്നും സൂചിപ്പിക്കുവാനായിട്ടാണു്.

"സുവർണപുഷ്പയാം ഭ്രുവെ ക്കൊയ്യേട്ടപ്പവർ മൂന്നുപേർ
സേവിക്കാനറിയുന്നോനും ശൂരനും കൃതവിദ്യനും."

ഇത്യാദി അവിവക്ഷിതവാച്യധ്വനിസ്ഥലത്തു ശബ്ദം തന്നെയാണ് വ്യംജകം. എങ്കിലും അൎത്ഥം അതിലേക്ക സഹകാരിയാകുന്നു. അല്ലെങ്കിൽ അൎത്ഥമറിയാത്തവന്നും കേവലം ശബ്ദംകൊണ്ടു വ്യംഗ്യപ്രതീതിയുണ്ടാവേണ്ടതാണ്. അതുപോലെ,

"കാമ്യശ്രീ കളികോല്യമെന്തരുണി, നിൻ
രക്താധരത്തോടിതാ
സാമ്യംപൂണ്ടു ലസിച്ച ബിംബഫലമീ
മട്ടാസ്വാദിച്ചീടുവാൻ
ഗ്രാമ്യത്വം കലരാത്തൊരേതുഗിരിയിൽ
ഘോരം തപസ്സെന്തതി-
ശ്രാമ്യൻ കാലവുമെത്രയിശ്ശുകയുവ-
ശ്രേഷ്ഠൻ ചരിച്ചീടിനാൻ."

ഇത്യാദി വിവക്ഷിതാന്യപരവാച്യധ്വനിസ്ഥലത്ത് പ്രാധാന്യേന വ്യംജകം അൎത്ഥംതന്നെയാണെങ്കിലും ആ അൎത്ഥം വിശിഷ്ടശബ്ദാഭിധേയമല്ലാത്തപക്ഷം വ്യംജകമാകായ്കയാൽ അതിൽ ശബ്ദവും സഹകാരി തന്നെയാകുന്നു.

"അന്യോന്യമൎത്ഥശബ്ദങ്ങ-ളവിനാഭാവിയാകയാൽ
ഒന്നിൽ സ്സഹകരിച്ചീടും മറ്റൊന്നും വ്യംജകാഖ്യമാം."

എന്ന് *'കാവ്യജീവിതവൃത്തി'യിൽ പറഞ്ഞപ്രകാരം, പരസ്പരസഹകാരികളായ ശബ്ദാൎത്ഥങ്ങൾ ഒന്നിച്ചുചേൎന്നാണ് വ്യംജകങ്ങളാകുന്നതെന്നും എന്നാൽ, പ്രാധാന്യേന വ്യംജകമാകുന്നതു പ്രായേണ അവയിൽ ഏതെങ്കിലുമൊന്നായിരിക്കുമെന്നുമുള്ള വസ്തുത ബോധിപ്പിക്കുവാനായിട്ടാണ് "**ശബ്ദാൎത്ഥങ്ങളിൽ ഒന്നു്**" എന്നിങ്ങിനെ ശബ്ദത്തേയും അൎത്ഥത്തേയും ദ്വന്ദ്വസമാസത്താൽ ഒന്നിച്ചു ചേൎത്തും പിന്നീടു വേർപിരിച്ചും നിർദേശിച്ചിരിക്കുന്നത് എന്നു ഭാവം. **ഗുണീകൃതസ്വാൎത്ഥം**=ഗുണീകൃതമായ സ്വാൎത്ഥത്തോടുകൂടിയതായി--ഗുണീകൃതമായ—ഗുണീഭവിപ്പിക്കപ്പെട്ട, സ്വാൎത്ഥം=ശബ്ദപക്ഷത്തിൽ, സ്വസ്യ അൎത്ഥം—തന്റെ അൎത്ഥം (ഷഷ്ഠീതൽപുരുഷസമാസം) സ്വകീയമായ

*ശൈശവാവസ്ഥ. ഭാഗം 79.

വാച്യാൎത്ഥത്തോടുകൂടിയതായി എന്നും, അൎത്ഥപക്ഷത്തിൽ, സ്വം— സ്വരൂപമായ അൎത്ഥം (കൎമ്മധാരയസമാസം) ആത്മരൂപമായ അൎത്ഥത്തോടുകൂടിയതായി എന്നും യഥാക്രമം വിഗ്രഹാൎത്ഥം. തന്റെ വാച്യമായ അൎത്ഥത്തെ ഗുണീഭവിപ്പിച്ചുകൊണ്ടു ശബ്ദമോ സ്വരൂപമായ അൎത്ഥത്തെ, അതായതു്, തന്നെത്താൻ ഗുണീഭവിപ്പിച്ചുകൊണ്ടു് അഭിധേയമോ, **അൎത്ഥത്ത്വാൎത്ഥത്തെ**="**കവീശ്വരന്മാരുടെ--**" എന്ന കാരികയാൽ നിർദേശിക്കപ്പെട്ട ആ വസ്തുതത്ത്വത്തെ—വാച്യവ്യതിരിക്തവും സഹൃദയാദരണീയവും പ്രധാനവുമായ ആ അൎത്ഥവിശേഷത്തെ, **വ്യംജിപ്പിക്കുന്നതു്**=വ്യംജനാവ്യാപാരത്താൽ ബോധിപ്പിക്കുന്നതു്, **എങ്ങു്**=എവിടെയാണോ, **അക്കാവ്യം**= ഗുണാലങ്കാരസുന്ദരശബ്ദാൎത്ഥമയമായ ആ വിശിഷ്ടസന്ദൎഭം 'അതിനെ' എന്നോ 'ആ സന്ദൎഭത്തെ'യെന്നോ മറേറാ പ്രയോഗിക്കാതെ ഗുണാലങ്കാരവശാൽ ചമൽകാരജനകവും ശബ്ദാൎത്ഥമയവുമായ സന്ദൎഭവിശേഷത്തെ ബോധിപ്പിക്കുന്ന 'കാവ്യ'ശബ്ദത്തെ പ്രയോഗിച്ചിരിക്കയാൽ, "ഈ തടിയൻ പകലുണ്ണുന്നില്ല" എന്നിങ്ങിനെയുള്ള ശ്രുതാൎത്ഥാപത്തിയിൽ ധ്വനിത്വവ്യവഹാരം പ്രസക്തമാവുമെന്നുള്ള ആക്ഷേപത്തിന്നു പ്രസക്തിയില്ലെന്നു കാണിച്ചിരിക്കുന്നു. "തടിയൻ കുഞ്ഞിക്കണ്ണൻ പകലുണ്ണുന്നില്ല" എന്നു കേൾക്കുമ്പോൾ ഗമ്യമാനമാകുന്ന രാത്രിഭോജനം ധ്വനിയോ താദൃശവാക്യം ധ്വനികാവ്യമോ ആകുന്നില്ല. ആത്മാവു് സൎവ്വവ്യാപിയാകയാൽ ഘടപടാദികളിൽപ്പോലുമുണ്ടെങ്കിലും അവയ്ക്കു ജീവവ്യവഹാരമില്ലാത്തതുപോലെ ഗുണാലങ്കാരവിശിഷ്ടമല്ലായ്കയാൽ കാവ്യത്വമില്ലാത്ത താദൃശവാക്യത്തിന്നു ധ്വനികാവ്യമെന്ന വ്യവഹാരവുമില്ലെന്നു താൽപൎയ്യം. **ധ്വനിയെന്നഭിജ്ഞസമ്മതമാം**=ധ്വനിയാണെന്നാണു് ഞങ്ങൾ അഭിപ്രായപ്പെടുന്നതു്; അതു് അഭിജ്ഞൎക്കും സമ്മതംതന്നെയാകുന്നു. എന്നു കാരികാൎത്ഥസംക്ഷേപം.

ധ്വനിലക്ഷണത്തെ സംബന്ധിച്ചു്, അനുമാനവാദിയായ വ്യക്തിവിവേകകാരനുള്ള ആക്ഷേപപ്രകാരങ്ങളേയും അതിലേക്കുള്ള സമാധാനങ്ങളേയും ശിഷ്യബുദ്ധിവൈശദ്യാൎത്ഥം ഇവിടെ ചുരുക്കിപ്രതിപാദിക്കാം.

വ്യക്തിവിവേകകാരനായ മഹിമഭട്ടന്റെ ആദ്യത്തെ ആക്ഷേപം, 'ധ്വനിലക്ഷണകാരികയിലെ '**ഗുണീകൃതസ്വാൎത്ഥ**'മെന്നുള്ള

അൎത്ഥവിശേഷണം അവ്യഭിചരിതമാകയാൽ അവ്യാവൎത്തകമാകുന്നു' എന്നാണ്. '"സംഭവവ്യഭിചാരാഭ്യാം സ്യാദ്വിശേഷണമൎത്ഥവൽ" എന്ന ന്യായപ്രകാരം വിശേഷണത്തിന്നു സംഭവവും, വ്യഭിചാരവും—വിശേഷണം ഇല്ലാത്തപക്ഷം വിശേഷ്യത്തിന്നു വ്യഭിചാരവും—അതിപ്രസക്തിയും ഉണ്ടായിരിക്കണം എന്നാലേ വിശേഷണത്തിന്നു സാൎത്ഥക്യമുള്ളൂ. പ്രകൃതലക്ഷണത്തിലെ ഗുണീകൃതാസ്വാൎത്ഥത്വം—ഗുണീകൃതാത്മത്വം—എന്ന അൎത്ഥവിശേഷണം സാൎത്ഥകം അല്ല. വ്യംഗ്യാൎത്ഥസ്ഥലത്തൊക്കയും ഉപായഭൂതമായ വാച്യാൎത്ഥത്തിന്റെ ഉപാദാനം ഉപേയമായ വ്യംഗ്യാൎത്ഥത്തിന്നായിട്ടാകയാൽ വാച്യാൎത്ഥം ഗുണഭാവത്തെ അതിവൎത്തിക്കുന്നതിന്ന് അവകാശമില്ലാത്തതുകൊണ്ട് അൎത്ഥത്തിന്നു താദൃശവിശേഷണം അവ്യാവൎത്തകമാകയാൽ അയുക്തമാകുന്നു. ഉപേയം പ്രധാനവും ഉപായം അപ്രധാനവുമാണെന്നതു സൎവ്വസമ്മതമല്ലേ? അഗ്ന്യാദിസിദ്ധിക്കായി ഉപാദീയമാനമായ ധൂമാദി എപ്പോഴെങ്കിലും എവിടെയെങ്കിലും ഗുണഭാവത്തെ ഉല്ലംഘിക്കുന്നതാണോ? അതുപോലെ തന്നെയാണ് വ്യംഗ്യസിദ്ധിക്കായി പ്രയോഗിക്കുന്ന വാച്യത്തിന്റെ സ്ഥിതിയും. പക്ഷേ, "അതിലോലതാരക—" ഇത്യാദി സമാസോക്ത്യാദിസ്ഥലത്തു് പ്രാധാന്യം വാച്യത്തിന്നാകയാൽ വ്യഭിചാരമുള്ളതുകൊണ്ട് തദ്വ്യാവൃത്തിക്കായി 'ഗുണീകൃതാത്മത്വ'മെന്ന വിശേഷണം സാൎത്ഥകമാണെന്നു പറയുന്നതും ശരിയല്ല. വാച്യത്തിനുള്ള താദൃശപ്രാധാന്യം കേവലം പ്രകരണത്തെ ആശ്രയിച്ചാകുന്നു; വ്യംഗ്യാൎത്ഥത്തെ അപേക്ഷിച്ചല്ല. "അതിലോല--" ഇത്യാദിയിൽ നായികാനായകവൃത്താന്താരോപത്തോടുകൂടിയ നിശാശശിവൃത്താന്തമാണല്ലോ വാക്യാൎത്ഥം. പ്രകൃതത്തിൽ വേണ്ടതു വ്യംഗ്യാൎത്ഥാപേക്ഷമായ പ്രാധാന്യമാകയാൽ പ്രകരണാപേക്ഷമായ പ്രാധാന്യം കാൎയ്യകാരിയല്ല. വ്യംഗ്യാൎത്ഥത്തിന്റെ ലിംഗമായ—ഗമകമായ—വാച്യാൎത്ഥത്തിന്നു ഗുണഭാവം സിദ്ധവുമാണ്. ലിംഗം അപ്രധാനവും ലിംഗി പ്രധാനവുമാണല്ലോ. ലിംഗലിംഗിത്വനിബന്ധനമായ ഗുണപ്രധാനഭാവം ഇരിക്കട്ടെ, ചാരുത്വനിബന്ധനമായ പ്രാധാന്യവും സമാസോക്ത്യാദിസ്ഥലങ്ങളിൽ വ്യംഗ്യത്തിന്നുതന്നെയാകയാൽ വാച്യത്തിന്നു ഗുണഭാവംതന്നെയാണുള്ളതു്. ആകയാൽ, ഗുണീകൃതാത്മകം എന്ന അൎത്ഥത്തിലുള്ള ഗുണീകൃതസ്വാൎത്ഥമെന്ന അൎത്ഥവിശേഷണം അസംബദ്ധമാകുന്നു.' എന്നാണ് ആദ്യത്തെ ആക്ഷേപത്തിന്റെ ചുരുക്കം.

*"ഉക്തം ഗുണീകൃതാത്മത്വം യദൎത്ഥസ്യ വിശേഷണം
ഗമകത്വാന്ന തൽ തസ്യ യുക്തമവ്യഭിചാരതഃ."

എന്നിങ്ങിനെ പ്രകൃതാക്ഷേപവിഷയമായ ഒരു സംഗ്രഹകാരികയും അദ്ദേഹം നിൎമ്മിച്ചിരിക്കുന്നു.

ഈ ആക്ഷേപം സൂക്ഷ്മചിന്തയിൽ നിലനില്ക്കുന്നതല്ല. അൎത്ഥത്തിനുള്ള ഗുണീഭാവം സാമാന്യമായി മൂന്നുപ്രകാരത്തിൽ വരാവുന്നതാണ്. വാച്യാൎത്ഥം അൎത്ഥാന്തരപ്രത്യായനത്തിന്ന് ഉപായമാകുന്നതുകൊണ്ട് ഉപായനിബന്ധനം ഒന്ന്; പ്രതീയമാനത്തെ അപേക്ഷിച്ച് അചാരുവാകുന്നതുകൊണ്ട് അചാരുത്വനിബന്ധനം മറെറാന്ന്; വിശ്രാന്തിസ്ഥാനമല്ലാത്തതുകൊണ്ട് അൎത്ഥാന്തരോപസ്കാരകത്വനിബന്ധനം വേറെയൊന്ന്; എന്നിങ്ങിനെ മൂന്നു പ്രകാരത്തിലാകുന്നു. അതിൽ "ഗുണീകൃതാത്മത്വം" എന്നതുകൊണ്ടു വിവക്ഷിച്ചിരിക്കുന്ന ആ അപ്രാധാന്യം ഉപസ്കാരകത്വനിബന്ധനമാണ്. "അതിലോലതാരക—" ഇത്യാദി സമാസോക്ത്യാദികളിൽ സൎവ്വത്ര പ്രതീയമാനാൎത്ഥത്തിന്ന് ഉപായഭൂതവും പ്രതീയമാനാൎത്ഥാപേക്ഷയാ അചാരുവും ആയ വാച്യാൎത്ഥം തദ്ദൃഷ്ട്യാ അപ്രധാനം തന്നെയാണെന്നും ആകയാൽ താദൃശഗുണീഭാവം അവ്യഭിചാരിതമാണെന്നും ഞങ്ങളും സമ്മതിക്കുന്നു. എന്നാൽ, ലക്ഷണത്തിൽ വിവക്ഷിച്ചിരിക്കുന്നതു് അത്തരം ഗുണീഭാവമല്ല. ഉപസ്കാരകത്വനിബന്ധനമായ ഗുണീഭൂതത്വമാകുന്നു. അതു സമാസോക്ത്യാദിസ്ഥലത്തു വാച്യത്തിന്നില്ലായ്കയാൽ വിശേഷണമില്ലെങ്കിൽ വ്യഭിചാരം വരുന്നതാണ്. വാച്യത്താൽ പ്രതീയമാനമാകുന്ന അൎത്ഥാന്തരം സ്വാത്മവിശ്രാന്തി കൈക്കൊള്ളാതെ സ്വൌപയികമായ വാച്യാൎത്ഥത്തെത്തന്നെ ഉപസ്കരിച്ചുകൊണ്ടു വാച്യത്തിന്നു ഗുണമായിട്ടാണ് സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടു സമാസോക്ത്യാദിസ്ഥലങ്ങളിൽ വാച്യാൎത്ഥം അൎത്ഥാന്തരത്തെ വ്യഞ്ജിപ്പിക്കുന്നതു് ഗുണീകൃതാത്മാവായിട്ടല്ലായ്കയാൽ താദൃശസ്ഥലവ്യാവൃത്തിക്കായി വിശേഷണദളം ആവശ്യകമാകുന്നു. അതിനാൽ, മഹിമഭട്ടന്റെ ആക്ഷേപം അവിചാരിതരമണീയം മാത്രമാണ്.

*അൎത്ഥസ്യ വിശേഷണം=അൎത്ഥത്തിന്നു വിശേഷണമായി, യൽ ഗുണീകൃതാത്മത്വം ഉക്തം=യാതൊരു ഗുണീകൃതാത്മത്വം പറയപ്പെട്ടുവോ, തൽ=അതു്, അൎത്ഥസ്യ അവ്യഭിചാരിതഃ ഗമകത്വാൽ=അൎത്ഥത്തിന്നു വ്യഭിചാരമെന്നിയെ ഗമകത്വമുള്ളതിനാൽ, ന യുക്തം=യുക്തമല്ല.

ഈ വിഷയത്തിൽ,

*"ഗുണീകൃതാത്മതാൎത്ഥസ്യ ന പ്രതീതാവുപായതാ
നാചാരുത്വമപിത്വൎത്ഥൈർവൈൗലൈരനുപകാൎയ്യതാ."

എന്നിങ്ങിനെ വ്യക്തിവിവേകവ്യാഖ്യാതാവിൻെറ കാരിക കാൺക.

ഗുണീകൃതസ്വാൎത്ഥം എന്ന ശബ്ദവിശേഷണം അസംഭവിയാകയാൽ അയുക്തമാണെന്നാണ് മഹിമഭട്ടൻെറ പിന്നത്തേ ആക്ഷേപം. 'അനുകരണസ്ഥലമൊഴിച്ചു മററുള്ളേടത്തെങ്ങും ശബ്ദം ഗുണീകൃതസ്വാൎത്ഥമായി ഭവിക്കുന്നതല്ല. ശബ്ദം പ്രയോഗിക്കുന്നതു് അൎത്ഥഗ്രഹണത്തിനുവേണ്ടിയായിരിക്കെ, പ്രയോജനരൂപമായ അൎത്ഥം സൎവ്വത്ര പ്രധാനമല്ലാതെ എങ്ങിനെയാണ് ഗുണമാവുക? നാം ഒരു സാധനത്തെ ഏതൊന്നിന്നുവേണ്ടി ഉപയോഗിക്കുന്നുവോ അതിനെ ആ സാധനം ഗുണീകരിക്കുന്നുവെന്നു പറയുന്നതു് അസംബദ്ധമല്ലേ? ജലത്തിന്നുവേണ്ടി ഉപയോഗിക്കുന്ന ഘടം ജലത്തിനെയുണ്ടോ അപ്രധാനമാക്കുന്നു. അതുപോലെ അൎത്ഥത്തിന്നുവേണ്ടി പ്രയോഗിക്കുന്ന ശബ്ദം ഉപേയമായ ആ അൎത്ഥത്തെ അപ്രധാനമാക്കുകയില്ലെന്നതു് തീൎച്ചയാണല്ലോ? അല്ലാത്തപക്ഷം, ഗുണപ്രധാനഭാവവ്യവസ്ഥതന്നെ നിർനിബന്ധനമാണെന്നാവും. ഉപേയം പ്രധാനവും ഉപായം ഗുണവും അതായതു്, അപ്രധാനവുമാണെന്നതിലുണ്ടോ വല്ല സംശയവും? ശബ്ദം ഉപായവും അൎത്ഥം ഉപേയവുമാണല്ലോ. ആകയാൽ, ശബ്ദത്തിന്നു ഗുണീകൃതാൎത്ഥത്വം സംഭവിയല്ലായ്കയാൽ താദൃശവിശേഷണം അനുപപന്നമാകുന്നു.

†"വാചോ ഗുണീകൃതാൎത്ഥത്വം ന സംഭവതി ജാതുചിൽ
തദൎത്ഥം തദുപാദാനാൽ ഉദകാൎത്ഥം ദൃതേരിവ."

എന്നു സംഗ്രഹശ്ലോകം'.

*അൎത്ഥസ്യ ഗുണീകൃതാത്മതാ=അൎത്ഥത്തിൻെറ ഗുണീകൃതാത്മത്വം എന്നതു്, പ്രതീതൌ ഉപായതാ ന=പ്രതീതിയിൽ ഉപായത്വമല്ല, ന അചാരുത്വം=അചാരുത്വമല്ല, അപിതു=എന്നാൽ, വൈൗലൈഃ അൎത്ഥൈഃ=വ്യംഗ്യാർത്ഥങ്ങളാൽ, അനുപകാൎയ്യതാ=അനുപകാൎയ്യത്വമാകുന്നു—വ്യംഗ്യാൎത്ഥത്തിനു് ഉപകാരകമായിരിക്കുന്ന സ്ഥിതിയാകുന്നു.

† ഉദകാൎത്ഥം ദൃതേഃ ഇവ=വെള്ളത്തിന്നുവേണ്ടിയുള്ള തോൽക്കുടത്തിന്നെന്നപോലെ, വാചഃ=വാക്കിന്നു്, ജാതുചിൽ=ഒരിക്കലും, ഗുണീകൃതാൎത്ഥത്വം=ഗുണീകൃതമായ അൎത്ഥത്തോടുകൂടിയ സ്ഥിതി—അൎത്ഥത്തെ ഗുണീഭവിപ്പിക്കുന്ന സ്ഥിതി, ന സംഭവതി=സംഭവിക്കുന്നില്ല, തദൎത്ഥം തദുപാദാനാൽ=ശബ്ദപ്രയോഗം അൎത്ഥത്തിന്നുവേണ്ടിയാകയാൽ.

ഈ ആക്ഷേപവും ക്ഷോദക്ഷമമല്ല. ശബ്ദത്തിന്നു ഗുണീകൃതാത്ഥത്വം വാച്യാത്ഥാപേക്ഷമല്ല. അതു സംഭവിയല്ലെന്നു ഈയുള്ള വക്ക് മറിയാം. പിന്നെയോ? പ്രതീയമാനാത്ഥത്തെ അപേക്ഷിച്ചു കൊണ്ടുള്ളതാണ്; അതു സംഭവിയുമാണ്.

"ഒന്നും കേശവ, ഗോപരാഗഹതയാം
ദൃഷ്ടിക്കു കാണായ്കയാ-
ലെന്നാഥാ,ച്യുതയായി ഞാൻ പതിതയെ
കൈക്കൊണ്ടിടാത്തെന്തു നീ?
താങ്ങേകൻ വിഷമേഷുഖിന്നമനസാം
സർവ്വാബലാനാം ഭവാ-
നെന്നാഗ്ഗോപികയാൽ സസൂക്ഷ്മമുദിതൻ
കണ്ണൻ കടാക്ഷിക്കണം."

ഇത്യാദിയിൽ പ്രതീയമാനമാകുന്ന അത്ഥാന്തരം "സസൂക്ഷ്മമുദിതൻ" എന്നിങ്ങിനെ ശബ്ദസ്പൃഷ്ടമാകയാൽ വാച്യോപസ്കാരകമാകുന്നതു കൊണ്ടു വ്യംഗ്യാത്ഥത്തെ അപേക്ഷിച്ചു ശബ്ദം ഗുണീകൃതസ്വാത്ഥമായി ഭവിക്കുന്നില്ല. വാച്യാത്ഥത്തെ അപ്രധാനമാക്കിക്കൊണ്ടു വ്യംഗ്യാത്ഥത്തെ പ്രധാനമായി ബോധിപ്പിക്കുന്ന ശബ്ദമാണ് ഗുണീകൃതസ്വാത്ഥം. ഇവിടെ നേരെമറിച്ചു വ്യംഗ്യാത്ഥത്തെ ബോധിപ്പിക്കുന്നതു വാച്യാത്ഥത്തെ പ്രധാനമാക്കിക്കൊണ്ടുതന്നെയാണ്; ഗുണീഭവിപ്പിച്ചു കൊണ്ടല്ല. ആകയാൽ, ഏതാദൃശസ്ഥലവ്യാവൃത്തിക്കായി വിശേഷണം ആവശ്യകംതന്നെയാകുന്നു.

*"വാചോ ഗുണീകൃതാത്ഥത്വം വ്യംഗ്യമത്ഥം പ്രതി സ്ഥിതം
തദത്ഥം തദുപാദാനാ-ദുദകാത്ഥം ദൃതേരിവ."

എന്നിങ്ങിനെ വ്യക്തിവിവേകവ്യാഖ്യാതാവിൻെറ സമാധാനസംഗ്രഹകാരിക കാൺക. അവിവക്ഷിതവാച്യധ്വനിയിൽ വാച്യത്തിനുള്ള

*വാചഃ=വാക്കിന്, വ്യംഗ്യം അത്ഥം പ്രതി=വ്യംഗ്യമായ അത്ഥത്തെക്കുറിച്ച്, ഗുണീകൃതാത്ഥത്വം=വാച്യാത്ഥത്തെ ഗുണീഭവിപ്പിക്കുക എന്നതു്, സ്ഥിതം=ഉപപന്നമാണ്, തദത്ഥം തദുപാദാനാൽ=വ്യംഗ്യാത്ഥത്തിനുവേണ്ടി വാചകം വാച്യാത്ഥത്തെ ബോധിപ്പിക്കുന്നതിനാൽ, ഉദകാത്ഥം ദൃതേഃ ഇവ=വെള്ളത്തിനുവേണ്ടിയുള്ള തോൽക്കുടത്തിന്നെന്നപോലെ.

അനപേക്ഷണീയത്വവും വിവക്ഷിതാന്യപരവാച്യധ്വനിയിൽ അന്യപരത്വേന അപേക്ഷണീയത്വവുമാകുന്ന ശബ്ദത്തിനുള്ള ഗുണീകൃതാൎത്ഥത്വമെന്നു ധരിച്ചാൽ മതി.

മഹിമഭട്ടനുള്ള മറെറാരാക്ഷേപം, ലക്ഷണത്തിൽ 'ശബ്ദ'ത്തെ നിർദേശിച്ച സ്ഥിതിക്ക് അഭിധയെക്കൂടി നിർദേശിക്കാഞ്ഞതു് ന്യൂനതയാണെന്നുള്ളതാണ്. അഭിധയെ നിർദേശിക്കായ്കിൽ,

"മദംകൊണ്ടാന ശോഭിക്കും ഔദാര്യംകൊണ്ടു ഭൂപതി"

(ഭാഷാഭൂഷണം-ദീപകോദാഹരണം)

ഇത്യാദിസ്ഥലത്തു ദീപകാദ്യലങ്കാരംകൊണ്ടു പ്രതീയമാനമാകുന്ന അലങ്കാരാന്തരമായ ഉപമാദി ധ്വനിയാണെന്നുള്ള ഇഷ്ടം സിദ്ധിക്കയില്ല. ഭംഗീഭണിതിരൂപമായ അലങ്കാരം അഭിധാപ്രകാരംതന്നെയാണല്ലോ.

പക്ഷേ,

"ഗമ്യമായിട്ടലങ്കാരാ-ന്തരം ഭാസിപ്പതാകിലും
വാച്യം തൽപരമല്ലെന്നാൽ മാർഗമാവാ ധ്വനിക്കതു്."

(ഉദ്ദ്യോതം 2. കാരിക 27)

എന്നിങ്ങിനെ ഉപമാദിക്കു ധ്വനിത്വം ധ്വനികാരൻതന്നെ പ്രതിഷേധിച്ചിരിക്കയാൽ അതു് അലക്ഷ്യമാണെന്ന വാദിക്കുന്നതും ശരിയല്ല. വാച്യത്തിന്നു തൽപരത്വമുള്ളതുകൊണ്ടു് പ്രതിഷേധമസംബദ്ധമാണ്. ശാസ്ത്രീയരീതിയിൽ പറയുന്നതായാൽ, ഹേതു സ്വരൂപാസിദ്ധമാണ്. ദീപകാദ്യലങ്കാരരൂപമായ ഭംഗീഭണിതിയുടെ സമാശ്രയണംതന്നെ ഉപമാനോപമേയഭാവബോധനത്തിന്നുവേണ്ടിയാകയാലും ചാരുത്വാതിശയം പ്രതീയമാനമായ ഉപമയ്ക്കുതന്നെയാകയാലും അഭിധയ്ക്കു തൽപരത്വമില്ലെന്നും പ്രതീയമാനത്തിന്നു ധ്വനിത്വമില്ലെന്നും പറഞ്ഞാൽ എങ്ങിനെയാണ് വകവെച്ചുകൊടുക്കുക. ധ്വനിത്വം ചാരുത്വാതിശയനിബന്ധനമാണ്. അതു പ്രതീയമാനമായ അലങ്കാരത്തിന്നുണ്ടുതാനും. ആകയാൽ, ലക്ഷണം അവ്യാപ്തംതന്നെ. അഥവാ, അഭിധയുടെ സദ്ഭാവംതന്നെ അൎത്ഥപ്രതീത്യന്യഥാനുപപത്തിസിദ്ധമായിരിക്കുന്ന സ്ഥിതിക്ക്, വാച്യവാചകങ്ങൾക്കു ഗുണീകൃതസ്വാൎത്ഥത്വം പറഞ്ഞിരിക്കകൊണ്ടുതന്നെ അഭിധയ്ക്കും താദൃശഭാവം അൎത്ഥസിദ്ധമാണെന്നു വാദിക്കുന്നുവെങ്കിൽ, അപ്പോൾ അഭിധയെ എന്നപോലെ ശബ്ദത്തേയും

പ്രത്യേകിച്ച് എടുത്തുപറയേണ്ട ആവശ്യകതയില്ല. അതും അൎത്ഥസിദ്ധമാകും. അല്ലെങ്കിൽ അഭിധയേയും ലക്ഷണവാക്യത്തിൽ നിർദ്ദേശിക്കതന്നെ വേണം' എന്നിങ്ങിനെ ആക്ഷേപിക്കുന്നു.

ഈ ആക്ഷേപവും അയുക്തമാണ്. അഭിധയെന്നതു് അൎത്ഥപ്രതിപത്ത്യനോയമായ ശബ്ദവ്യാപാരമോ ശബ്ദോച്ചാരണവ്യാപാരമോ ആകുന്നു. അത്തരം വ്യാപാരമാണ് അലങ്കാരം എന്നു പറയുന്നതു യുക്തമല്ല. രമണീയമായ ശബ്ദാൎത്ഥവൈചിത്ര്യമാണ് അലങ്കാരം. വൈചിത്ര്യം രചനാസ്വരൂപവുമാകുന്നു.

*"ശബ്ദാൎത്ഥയോഃ പ്രസിദ്ധ്യാ വാ തഥാ ശ്രുധിവശേന വാ
ഹാരാദിവദലങ്കാര-സ്സന്നിവേശോ മനോഹരഃ"

(ചന്ദ്രാലോകം-ഉന്മേഷം 5)

എന്ന ജയദേവകാരികയും മററും നോക്കുക. അലങ്കാരം ശബ്ദാൎത്ഥധൎമ്മമാകുന്നു; അഭിധയോ അഭിധാധൎമ്മമോ അല്ല. കാവ്യത്തിനുള്ള ശാസ്ത്രപുരാണാദിവൈലക്ഷണ്യം ശബ്ദാൎത്ഥവൈശിഷ്ട്യത്താലാണ്; അഭിധാവൈശിഷ്ട്യത്താലല്ല. ഇതുതന്നെയാണ് പ്രാചീനന്മാരും അലങ്കാരതന്ത്രവിധാതാക്കളുമായ ഭട്ടോദ്ഭടപ്രഭൃതികളുടെ സിദ്ധാന്തം. ഏവഞ്ച, ശബ്ദാൎത്ഥങ്ങൾക്കു ഗുണീഭാവം പറഞ്ഞിരിക്കെ, താദൃശസിദ്ധാന്തപ്രകാരം ശബ്ദാൎത്ഥധൎമ്മമായ അലങ്കാരപ്രകാരത്തിന്നും ഗുണീഭാവം സിദ്ധിക്കുന്നതിനാൽ അതിനെ പ്രത്യേകിച്ച് എടുത്തു പറയേണ്ട ആവശ്യമില്ലതന്നെ. ദീപകാദിക്ക് ഉപമാദിപരത്വമില്ലെന്നും ആകയാൽ പ്രതീയമാനമായ ഉപമ ധ്വനിയല്ലെന്നു പറഞ്ഞിരിക്കുന്നതു് അസംബദ്ധമാണെന്നുമുള്ള ദൂഷണമാകട്ടെ ധ്വനികാരൻെറ ആശയമോ ധ്വനിപ്രസ്ഥാനത്തിൻെറ സ്വരൂപമോ മനസ്സിലാകാഞ്ഞിട്ടുമാണ്. തൽപരത്വമെന്നതു പ്രതീത്യുപായത്വമോ പ്രതീയമാനാപേക്ഷയാ അചാരുത്വമോ അല്ല; ഉപസ്കാരകത്വമാണ്. തൽപ്രതിപക്ഷഭൂതമായ അതൽപരത്വമാകട്ടെ ഉപസ്കാൎയ്യത്വമാകുന്നു. ദീപകാദ്യലങ്കാരം പ്രതീയമാനമായ ഉപമയാൽ ഉപസ്കാൎയ്യമായിരിക്കകൊണ്ടു ദീപകാദിക്ക് അതൽപരത്വമല്ലാതെ തൽപരത്വമില്ലാത്തതിനാൽ പ്രതീയ

* മുത്തുമാല മുതലായവപോലെ, ശബ്ദാൎത്ഥങ്ങളുടെ മനോഹരമായ സന്നിവേശമാകുന്നു അലങ്കാരം. അതു കവിപ്രസിദ്ധിയാലോ കവിപ്രൌഢോക്തിവശാലോ ഭവിക്കാം. സന്നിവേശം രചനാവൈചിത്ര്യം.

മാനമായ ഉപമ ധ്വനിയാകുന്നതല്ല എന്നാണ് ധ്വനികാരന്റെ അഭിപ്രായം. അത് എത്രയും ഉചിതവുമാണ്. ഈവകസ്ഥലത്തു ദീപകവ്യപദേശമല്ലാതെ ഉപമാവ്യപദേശമില്ലാത്തതിന്റെ തത്ത്വവും അതുതന്നെയാകുന്നു. ഉപസ്കാര്യമായ ദീപകത്തിന്നാണല്ലോ പ്രാധാന്യം. "പ്രാധാന്യാനുരോധേന വ്യപദേശാ ഭവന്തി" എന്നല്ലേ വ്യപദേശനയം? ആകയാൽ, പൂർവ്വാക്ഷേപത്തെ തുടൎന്നുകൊണ്ടുള്ള ഈ ആക്ഷേപവും അകിഞ്ചിൽകരമാണ്.

പ്രത്യേകിച്ച്, ശബ്ദത്തിന്ന് അഭിധയല്ലാതെ മറ്റൊരു വ്യാപാരമില്ലെന്നും പ്രതീയമാനമായ അൎത്ഥം അനുമേയമല്ലാതെ വാസ്തവത്തിൽ വ്യംഗ്യമാവുകയില്ലെന്നും അഭിപ്രായക്കാരനായ മഹിമഭട്ടന്റെ പ്രധാനമായ ആക്ഷേപം ലക്ഷണകാരികയിലെ 'വ്യംജിപ്പിക്കുക' എന്നപദത്തെക്കുറിച്ചാണ്. അത് ഇപ്രകാരമാകുന്നു.

'അൎത്ഥം വാച്യമെന്നും അനുമേയമെന്നും രണ്ടുവിധം മാത്രമാണ്. ശബ്ദത്തിന്ന് അഭിധയല്ലാതെ മറ്റൊരു വ്യാപാരവും ഇല്ല. ശബ്ദവ്യാപാരത്തിന്നു വിഷയമായ അൎത്ഥമാണ് വാച്യം. വാച്യാൎത്ഥമായ ലിംഗത്താൽ അനുമാനിക്കപ്പെടുന്നതോ അപ്രകാരം അനുമിതമായ അൎത്ഥത്താൽ അനുമാനിക്കപ്പെടുന്നതോ ആയ അൎത്ഥമാകുന്നു അനുമേയം. അതിൽ വാച്യാൎത്ഥം മുഖ്യവും മറ്റേതു ഗൌണവുമാണെന്നു പറയും.

"ശ്രുതിമാത്രേണ യത്രാസ്യ താദൎത്ഥ്യമവസീയതേ
തം മുഖ്യമൎത്ഥം മന്യന്തേ ഗൌണം യത്നോപപാദിതം."

എന്ന അഭിയുക്തോക്തി നോക്കുക. യത്ര=യാതൊരു സ്ഥലത്ത്, അസ്യ=ഈ ശബ്ദത്തിന്ന്, ശ്രുതിമാത്രേണ=ശ്രവണമാത്രത്താൽ, താദൎത്ഥ്യം=അൎത്ഥവിഷയത്വം, അവസീയതേ=ബോധിക്കപ്പെടുന്നുവോ, തം അൎത്ഥം=ആ അൎത്ഥത്തെ, മുഖ്യം=മുഖ്യമെന്നും, യത്നോപപാദിതം=ബാധിതമോ അബാധിതമോ ആയ മുഖ്യാൎത്ഥത്തിന്റെ സാമൎത്ഥ്യത്താൽ ഉപനയിക്കപ്പെടുന്ന അനുമേയാൎത്ഥത്തെ, ഗൌണം=ഗൌണമെന്നും, മന്യന്തേ=ഗണിക്കുന്നു. എന്നു കാരികാൎത്ഥം. ലക്ഷ്യാൎത്ഥത്തിന്നും വ്യംഗ്യാൎത്ഥത്തിന്നും അനുമേയത്തിൽത്തന്നെയാണന്തൎഭാവം.

വസ്തുമാത്രം, അലങ്കാരം, രസാദി എന്നീ മൂന്നുപ്രകാരത്തിലാണ് അനുമേയം. അതിൽ ആദ്യത്തെ രണ്ടുപ്രകാരം വാച്യവുമാകാം. രസാദിയാകട്ടെ അനുമേയം മാത്രമാണ്. ഇങ്ങിനെ വാച്യമെന്നും അനുമേയമെന്നും അർത്ഥം രണ്ടുവിധമാകുന്നതിൽ പദാർത്ഥം നിരംശമാകകൊണ്ടു് സാദ്ധ്യസാധനഭാവത്തിന്നു് അവകാശമില്ലായ്കയാൽ വാച്യം മാത്രമാകുന്നു. വാക്യാർത്ഥത്തിന്റെ സ്ഥിതി അതല്ല. അതു് അംശപരികല്പനയിൽ വിദ്ധ്യനുവാദരൂപവും സാദ്ധ്യസാധനഭാവാപന്നവുമാകകൊണ്ടു്, വാച്യവും അനുമാനവുമാകാം. എന്നാൽ, വാച്യരൂപവാക്യാർത്ഥവിഷയമായ സാദ്ധ്യസാധനഭാവം അനുമാനരൂപമല്ല, അതായതു്, അനുമേയാനുമാപകഭാവരൂപമല്ല; ശബ്ദവ്യാപാരവിഷയമായ അർത്ഥത്തിന്നു് അർത്ഥാന്തരന്യാസരീതിയിലുള്ള സമർത്ഥനം മാത്രമാണ്. സമർത്ഥനാകാരമായ ആ സാദ്ധ്യസാധനഭാവം ശാബ്ദമായും ആർത്ഥമായും വരും.

"ശിക്ഷിക്കയാലും ഭരണത്തിനാലും
രക്ഷിക്കയാലും പ്രജകൾക്കൊരച്ഛൻ
അക്ഷ്മാപനത്രേ; ജനനത്തിൽമാത്രം
സാക്ഷാൽപിതാവിന്നൊരുകാരണത്വം."

(രഘുവംശം സർഗം 1. ശ്ലോ. 24.)

'ശിക്ഷണാദിയാൽ ദിലീപൻ പ്രജകളുടെ പിതാവാകുന്നു' എന്ന പ്രകൃതവാക്യാർത്ഥത്തിൽ പ്രജാപിതൃത്വം സാദ്ധ്യവും ശിക്ഷണാദി ഹേതുവുമാണല്ലോ. ഹേതുവാകട്ടെ, പ്രയോജികയായ 'ആൽ' എന്ന വിഭക്തികൊണ്ടു് അഭിഹിതവുമാണ്. ആകയാൽ, പ്രസ്തുതവാക്യാർത്ഥത്തിലെ സാദ്ധ്യസാധനഭാവം ശാബ്ദമാകുന്നു.

"സഖി, യിവനെ വിലക്കണേ കഥിക്കാൻ
ഇനിയുമിതാ ബത! ചുണ്ടനക്കിടുന്നു;
വരുമിഹ സുജനാപവാദപാപം
പരനരചെയ്തതു കേട്ടു നില്പവർക്കും."

(കുമാരസംഭവം സർഗം 5. ശ്ലോ. 83.)

'സഖി, യിവനെ വിലക്കണേ' എന്നിങ്ങിനെ വടുനിവാരണരൂപമായ സാദ്ധ്യത്തിന്നു ഹേതുവായിട്ടാണ് "വരുമിഹ—" ഇത്യാദി ഉത്തരാർദ്ധം നിബന്ധിച്ചിരിക്കുന്നതു്. എന്നാൽ, ഹേതുവാചകമായ

പ്രയോജികാദിവിഭക്തിയോ മററു വല്ല ശബ്ദമോ പ്രയോഗിച്ചിട്ടില്ല താനും. അതിനാൽ, ഈ വക സ്ഥലത്തെ സാദ്ധ്യസാധനഭാവം ആത്ഥമാകുന്നു. എങ്കിലും, സാദ്ധ്യവും സാധനവും ശബ്ദാഭിഹിതമാകയാൽ വാക്യാർത്ഥം വാച്യംതന്നെയാണു് അനുമേയമല്ല.

"സുവൎണ്ണപുഷ്പയാം ഭൂവെ കൊയ്യേട്ടുപ്പവർ മൂന്നുപേർ
സേവിപ്പാനറിയുന്നോനും ശൂരനും കൃതവിദ്യനും."

(കാവ്യാലോകം)

ഇത്യാദിയിൽ ഗമ്യമാകുന്ന അർത്ഥാന്തരം അനുമേയമാകുന്നു. അതായതു്,—'സേവാകുശലൻ മുതലായ മൂന്നു പേർ സുവർണപുഷ്പയായ ഭൂവിനെ കൊയ്യേട്ടുക്കുന്നവ'രാണെന്ന വാക്യാർത്ഥത്താൽ 'അവൎക്കു സമ്പത്തു സൎവ്വത്ര സുലഭമാണു്' എന്നിങ്ങിനെ ഗമ്യമാകുന്ന വസ്തുരൂപമായ അർത്ഥം ശബ്ദവ്യാപാരത്തിന്നു വിഷയമല്ലായ്കയാൽ വാച്യമല്ല; അനുമാനവിഷയമാകയാൽ അനുമേയമാകുന്നു. ഇവിടെ ഗമ്യമായ 'സമ്പൽസൌലഭ്യം' സാദ്ധ്യവും 'സുവൎണ്ണപുഷ്പയായ ഭൂവിനെ കൊയ്യേട്ടുക്കുക' എന്ന വാച്യം സാധനവുമാണു്. 'സേവാകുശലൻ മുതലായ മൂന്നുപേർ സൎവ്വത്ര സ്വാധീനവിഭവന്മാരാകുന്നു, 'സുവൎണ്ണപുഷ്പയാം ഭൂവിനെ കൊയ്യേട്ടുപ്പവരാകയാൽ' എന്നു് അനുമാനസ്വരൂപം.

അതുപോലെ:—

"മന്ഥിക്കുന്നെന്തിനെന്നെ പ്പുനരയമവനി-
ജാനി സശ്രീകനല്ലോ
സന്ധിച്ചീടുന്നതില്ലിങ്ങനലസനിവനിൽ
ച്ചെററുമാ യോഗനിദ്ര
എന്തിന്നായ് സേതുബന്ധിക്കുവതിനിയഖില-
ദ്വീപനാഥാനുയാതൻ
ചിന്തിച്ചേവം വിറയ്ക്കുംവിധമുദധി ചലി-
ക്കുന്നു നിൻ സന്നിധാനേ."

(കാവ്യാലോകം, ഉദ്യോതം 2)

ഇവിടെ സമുദ്രമഥനാദിഭഗവദ്വ്യാപാരരൂപമായ വാക്യാർത്ഥം സാധനവും അതുകൊണ്ടു് അനുമാനിക്കപ്പെടുന്ന വിഷ്ണ്വഭേദാരോപരൂപമായ രൂപകാലങ്കാരം സാദ്ധ്യവുമാകുന്നു. സാദ്ധ്യമായ ആ രൂപകാലങ്കാരം ശബ്ദാഭിധേയമല്ലായ്കയാൽ വാച്യമല്ല; അനുമേയമാണു്. 'ഈ

രാജാവ് വിഷ്ണ്വഭിന്നനാകുന്നു, വിഷ്ണുകാര്യകാരിയായി വർണ്ണിക്കപ്പെട്ടിരിക്കയാൽ' എന്ന് അനുമാനസ്വരൂപം. ഇതുപോലെ,

"ദേവർഷിയേവമോതുമ്പോൾ ഗൌരിയച്ഛനാടുക്കലായ്
മുഖം കുനിച്ചു തൻലീലാ-പദ്മത്തിൻ ദളമെണ്ണിനാൾ."

(കുമാരസംഭവം-സ്വന്തം)

ഇത്യാദിയിൽ ഗമ്യമാകുന്ന ഭാവവും ശബ്ദാഭിധേയമല്ലായ്കയാൽ വാച്യമല്ല; അനുമേയംതന്നെയാണ്. 'മുഖം കുനിച്ചു' ഇത്യാദി വാച്യാർത്ഥം ഭഗവതിയുടെ ലജ്ജാഭാവത്തിന്നും അതു രതിക്കും അനുമാപകമാകുന്നു. ലജ്ജയും രതിയും സാദ്ധ്യവും അവയ്ക്കു 'മുഖം കുനിച്ചു' ഇത്യാദി വാച്യവും അനുമേയമായ ലജ്ജയും യഥാക്രമം സാധനവുമാകുന്നു. 'ഗൌരി ലജ്ജാവതിയാകുന്നു മുഖം കുനിച്ചു ലീലാപദ്മത്തിൻദളമെണ്ണുകയാൽ' 'അവൾ രതിമതിയാകുന്നു, ലജ്ജയുള്ളതിനാൽ' എന്നിങ്ങിനെ അനുമാനപ്രകാരം കണ്ടുകൊൾക.

ഇതുപോലെ രസാദിരൂപമായ അർത്ഥവും വിഭാവാദിലിംഗത്താൽ അനുമേയംതന്നെയാണ്.

ഇങ്ങിനെ അഭിധയ്ക്കു വിഷയമാകാതെ കേവലം സാദ്ധ്യസാധനഭാവാപന്നമായി ഗമ്യമാകുന്ന വസ്ത്വലങ്കാരരസാദിരൂപമായ ത്രിവിധാർത്ഥവും അനുമേയംതന്നെയാണ്; വ്യക്തിക്കു വിഷയമല്ലായ്കയാൽ വ്യംഗ്യമല്ല.

അഭിവ്യക്തി എന്നതു് സദ്രൂപവും പ്രതിബന്ധംനിമിത്തമപ്രകാശമാനവുമായ അർത്ഥത്തിന്നു് ഉപസർജ്ജനീഭൂതമായ അർത്ഥത്തിന്റെ പ്രകാശത്തോടൊരുമിച്ചുതന്നെയുള്ള പ്രകാശമാകുന്നു. പ്രദീപംകൊണ്ടു ഘടാദിവസ്തുക്കൾക്കുള്ള പ്രകാശം ഉദാഹരണം.

"സ്വജ്ഞാനേനാന്യധീഹേതു-സ്സിദ്ധേർത്ഥേ വ്യഞ്ജകോ മതഃ
യഥാ ദീപോന്യഥാഭാവേ കോ വിശേഷോസ്യ കാരകാൽ?"

എന്നു ഹരി പറഞ്ഞിരിക്കുന്നതു നോക്കുക. അർത്ഥേ സിദ്ധേ=അർത്ഥം സിദ്ധമായിരിക്കെ, അതായതു്, മുമ്പുതന്നെ ഉണ്ടായിരിക്കെ, സ്വജ്ഞാനേന=സ്വജ്ഞാനത്തോടൊരുമിച്ചു് (സ്വം=വ്യഞ്ജകം), അന്യധീഹേതുഃ=അന്യവസ്തുവിന്റെ ജ്ഞാനത്തിന്നു ഹേതുവായിരിക്കുന്നതു്, വ്യഞ്ജകോ മതഃ=വ്യഞ്ജകമെന്നു സമ്മതം, യഥാ ദീപഃ=ദീപം ഉദാഹരണം, അന്യഥാഭാവേ=മററു പ്രകാരത്തിലാണെങ്കിൽ—സ്വജ്ഞാനസമകാലം

അന്യജ്ഞാനഹേതുവാകണമെന്നില്ലെങ്കിൽ, അസ്യ=ഇതിന്ന്—വ്യംജകത്തിന്ന്, കാരകാൽ കോ വിശേഷഃ=കാരകഹേതുവിൽനിന്ന് എന്തു വിശേഷമാണുള്ളതു്? എന്നു കാരികാൎത്ഥം. ആകയാൽ, കാരകത്വവും വ്യംജകത്വവും ഒന്നല്ല. സ്വജ്ഞാനസമയത്തുതന്നെ അന്യജ്ഞാനത്തിന്നു ഹേതുവായിരിക്കുന്നതാണ് വ്യംജകം. പ്രകാശത്തോടൊരുമിച്ചുതന്നെ പ്രതീതിക്കു വിഷയമാകുന്ന പ്രകാശ്യമാണ് വ്യംഗ്യം. താദൃശസഹപ്രതീതിയാണ് വ്യക്തി. ഈ സ്ഥിതിക്ക്, വാചകത്തിന്റെയും വാച്യത്തിന്റെയും എന്നപോലെ വാച്യത്തിന്റെയും വസ്തുരൂപമോ അലങ്കാരരൂപമോ ആയ പ്രതീയമാനാൎത്ഥത്തിന്റെയും പ്രതീതികൾക്കു പൌൎവ്വാപൎയ്യക്രമം സ്പഷ്ടമാകയാൽ ആ വിഷയത്തിൽ വ്യക്തിക്കു പ്രസക്തിയില്ലെന്നുള്ളതു തീൎച്ചയാണ്. ഘടപ്രദീപങ്ങൾക്കുള്ളപോലെ പ്രകാശ്യത്തിന്നു പ്രകാശകത്തോടുള്ള സഹപ്രതീതിയാണല്ലോ അഭിവ്യക്തി. വസ്ത്വലങ്കാരരൂപമായ അൎത്ഥാന്തരത്തിന്റെ പ്രതീതി നിയമേന വാച്യപ്രതീതിക്ക് അനന്തരമാകയാൽ ആ വിഷയത്തിൽ വ്യംഗ്യത്വഭ്രമത്തിന്നുപോലും പ്രസക്തിയില്ലെന്നതു തീൎച്ചയാണ്.

അതുപോലെതന്നെ, ഗമകങ്ങളായ വിഭാവാദികളുടേയും ഗമ്യങ്ങളായ രസഭാവാദികളുടേയും പ്രതീതികൾക്കും ക്രമം അവശ്യംഭാവിയാകുന്നു.

വിഭാവാദിപ്രതീതിയോടൊരുമിച്ചുതന്നെ രസാദിപ്രതീതി സംഭവിക്കുന്നതല്ല. വിഭാവാദ്യഭിധാനങ്ങളും കൃത്രിമങ്ങളും ആയ കാരണങ്ങളാൽ പ്രതിബിംബകല്പങ്ങളും അവിദ്യമാനങ്ങളുമായ രത്യാദിസ്ഥായിഭാവങ്ങൾ കവികളാൽ പ്രതിപത്താവിന്റെ പ്രതിപഥം പ്രാപിപ്പിക്കപ്പെട്ടു ഹൃദയസംവാദത്താൽ ആസ്വാദ്യമാനങ്ങളാവുമ്പോൾ രസങ്ങളെന്നു വ്യവഹരിക്കപ്പെടുന്നു. ഇതാണ് രസസ്വരൂപം. ഇങ്ങിനെയിരിക്കെ, വിഭാവാദിപ്രകാശസമയത്തുതന്നെ രസപ്രകാശമെങ്ങിനെയാണുണ്ടാവുക? കാരണാദികളോട് ഒരുമിച്ചുതന്നെ പ്രതിബിംബകല്പങ്ങളായ കാൎയ്യാദികൾക്കും പ്രകാശം സംഭവിക്കയില്ലല്ലോ. അങ്ങിനെയാണെങ്കിൽ "കാൎയ്യനിയതപൂൎവ്വവൃത്തി കാരണം" എന്നിങ്ങിനെയുള്ള കാൎയ്യകാരണഭാവവ്യവസ്ഥതന്നെ ഉച്ഛിന്നമാകും.

എന്നുമാത്രമല്ല, പ്രകാശം രണ്ടു വിധമാണ്; ഉപാധിരൂപവും സ്വതന്ത്രരൂപവും. അതിൽ ജ്ഞാനം, ശബ്ദം, പ്രദീപാദി എന്നീ

മൂന്നുതരത്തിലാണ് ഉപാധി. *"ത്രയഃ പ്രകാശാഃ സ്വപരപ്രകാശാഃ" എന്നാ അഭിയുക്തവചനം നോക്കുക. അർത്ഥം ജ്ഞാതമായി എന്നിങ്ങിനെ ജ്ഞാനം ജ്ഞേയത്തെ ഗർഭീകരിച്ചുകൊണ്ടു്, തന്നേയും ജ്ഞേയത്തേയും പ്രകാശിപ്പിക്കുന്നു. ശബ്ദവും സ്വരൂപത്തെ പ്രകാശിപ്പിച്ചുകൊണ്ടുതന്നെയാണ് അർത്ഥത്തെ പ്രകാശിപ്പിക്കുന്നതു്.

†"വിഷയത്വമനാപന്നൈശ്ശബ്ദൈർനാർത്ഥഃ പ്രതീയതേ
ന സത്തയൈവ തേഽർത്ഥാനാം അഗൃഹീതാഃ പ്രകാശകാഃ"

എന്നു ഹരി പറഞ്ഞിട്ടുണ്ടല്ലോ. പ്രദീപത്തിന്റെ സ്ഥിതിയും അത്തരത്തിലാണെന്നതു സ്പഷ്ടവുമാണ് ഉപാധിയല്ലാത്തതു സ്വതന്ത്രം; അതായതു ധൂമാദി. വ്യഞ്ജകം ഉപാധിരൂപമായ പ്രകാശകമാണെന്നു ധ്വനിവാദികൾക്കു സമ്മതിക്കാൻ നിവൃത്തിയില്ല. ജ്ഞാനത്തിന്റേയും പ്രദീപാദിയുടേയും പ്രകാശ്യം ചക്ഷുരിന്ദ്രിയവിഷയമാകയാൽ കാവ്യവും ചക്ഷുരിന്ദ്രിയവിഷയമാണെന്നാവും. അതു ശബ്ദരൂപോപാധിയാണെങ്കിൽ കേവലം അഭിധേയം കാവ്യമാണെന്നു വരും. ആകയാൽ, വ്യഞ്ജകമെന്ന പ്രകാശകം ധൂമാദിയെപ്പോലെ സ്വതന്ത്രരൂപമാണെന്നു പറയണം. അപ്പോൾ വ്യക്തിലക്ഷണം ഘടിക്കായ്കയാൽ ലിംഗത്വത്തിന്നല്ലാതെ വ്യഞ്ജകത്വത്തിന്നു പ്രസക്തിയുമില്ല. സഹപ്രകാശമാണല്ലോ വ്യക്തി. വ്യംഗ്യമെന്നു പറയുന്ന ത്രിവിധരൂപമായ അർത്ഥത്തിന്നും പ്രകാശകത്തോടു് ഒരുമിച്ചു പ്രകാശമില്ലെന്നുള്ളതു് തീച്ചയാണ്. ഈ വസ്തുത ധ്വനികാരൻതന്നെ സമ്മതിച്ചിട്ടുമുണ്ടു്.

‡"നഹി വിഭാവാനുഭാവവ്യഭിചാരിണ ഏവ രസാ ഇതി കസ്യചിദവഗമഃ. തത ഏവച തൽപ്രതീത്യവിനാഭാവിനീ രസാദീനാം പ്രതീതിരിതി തൽപ്രതീത്യോഃ കാര്യകാരണഭാവേനാവസ്ഥാനാൽ ക്രമഃ അവശ്യംഭാവീ. സതു ലാഘവാന്ന പ്രകാശതേ ഇത്യലക്ഷ്യക്രമാ ഏവ സന്തോ വ്യംഗ്യാ രസാദയഃ" (ധ്വന്യാലോകം, ഉദ്ദ്യോതം 3. ഭാഗം 183.)

*സ്വപരപ്രകാശകങ്ങളായ പ്രകാശകോപാധികൾ മൂന്നെണ്ണമാകുന്നു.

†ജ്ഞാനത്തിന്നു വിഷയമാകാത്ത ശബ്ദങ്ങളെക്കൊണ്ടു അർത്ഥം പ്രതീതിവിഷയമാകുന്നില്ല. അജ്ഞാതങ്ങളായ ശബ്ദങ്ങൾ സത്തയാൽ മാത്രം അർത്ഥങ്ങൾക്കു പ്രകാശകങ്ങളാകയില്ല.

‡വിഭാവാനുഭാവവ്യഭിചാരികളാണ് രസങ്ങളെന്ന് ആക്കും അഭിപ്രായമില്ല. അതുകൊണ്ടുതന്നെ, രസാദിപ്രതീതി വിഭാവാദിപ്രതീതിക്കു് അവിനാഭാവിയാകകൊണ്ടു തൽപ്രതീതിക്കു് കാര്യകാരണഭാവത്തിലുള്ള അവസ്ഥാനം നിമിത്തം ക്രമം അവശ്യംഭാവിയാകുന്നു. അതു ലാഘവത്താൽ പ്രകാശിക്കുന്നില്ലെന്നു വെച്ചാണ് അലക്ഷ്യക്രമവ്യംഗ്യങ്ങളാണ് രസങ്ങൾ എന്നു പറയുന്നതു്.

*"അഭിധാനാഭിധേയപ്രതീത്യോരിവ നിമിത്തനിമിത്തിഭാവാദ വശ്യംഭാവീ ക്രമഃ. സതുക്തയുക്ത്യാ കചചില്ലക്ഷ്യതേ കചചിന്ന ലക്ഷ്യതേ." (ധ്വന്യാലോകം, ഉദ്ദ്യോതം 3. ഭാഗം 187.)

രസാദിപ്രതീതി വിഭാവാദിപ്രതീതിക്ക് അനന്തരമാകയാൽ വ്യക്തിലക്ഷണം ഘടിക്കായ്കകൊണ്ടു രസാദിയും വ്യംഗ്യമാകയില്ലെന്നു സ്പഷ്ടമായി. പ്രകാശ്യത്തിന്നു പ്രകാശകത്തോടൊരുമിച്ചുള്ള പ്രതീതിയാണല്ലോ അഭിവ്യക്തി. ആകയാൽ, വാച്യപ്രതീയമാനങ്ങൾക്ക് ഗമ്യഗമകഭാവരൂപമായ ലിംഗലിംഗിഭാവമല്ലാതെ വ്യംഗ്യവ്യംജകഭാവം സർവ്വഥാ സംഭവിക്കാത്തതുകൊണ്ട് വസ്തുലങ്കാരരസാദിരൂപമായ പ്രതീയമാനമൊക്കെയും അനുമേയംതന്നെയാണ്, വ്യംഗ്യമല്ല എന്നു സിദ്ധിക്കുന്നു. വ്യംഗ്യതവ്യവഹാരം, "ത്രിരൂപലിംഗാഭിധാനം പരാത്ഥാനുമാന"മാണെന്ന തത്ത്വം ഗ്രഹിക്കാത്തവർ പ്രവൎത്തിപ്പിച്ചിട്ടുള്ളതുമാത്രമാണ്. "ത്രിരൂപാല്ലിംഗാൽ യദനുമേയേ ജ്ഞാനം തദനുമാനം" എന്നാണല്ലോ ശാസ്ത്രസിദ്ധാന്തം. ത്രിരൂപാൽ=പക്ഷസത്ത്വം, സപക്ഷസത്ത്വം, വിപക്ഷാസത്ത്വം എന്നീ മൂന്നു പ്രകാരത്തോടുകൂടിയ, ലിംഗാൽ=ഹേതുവാൽ, അനുമേയേ ജ്ഞാനം യൽ=സാദ്ധ്യവിഷയകമായ ജ്ഞാനം യാതൊന്നോ, തൽ=അതു്, അനുമാനം=അനുമാനമാകുന്നു. അതായതു് അനുമിതിയാകുന്നു എന്നു സൂത്രാൎത്ഥം.

നോക്കുക:—

"ഹേ ധാൎമ്മികപ്രവര, ലാത്തിടുകൊത്തവണ്ണം
നീ ധാർഷ്ട്യമോടുമിനിയപ്പട്ടപട്ടിതന്നെ
ഗോദാവരീതടനികുഞ്ജനിവാസിയാകു-
മാ ദാരുണൻ ഹരി ഹനിച്ചു മദിച്ചിദാനീം."

എന്ന പദ്യത്തിലെ സാദ്ധ്യസാധനരൂപത്തിലുള്ള വാക്യാൎത്ഥം 'ഗോദാവരീതടനികുഞ്ജനിവാസിയായ ആ പട്ടിയെ വധിച്ചിരിക്കകൊണ്ടു യഥേഷ്ടം ലാത്തിക്കൊൾക' എന്നുള്ള വിധിയാണല്ലോ. വിധിരൂപമായ ആ വാച്യാൎത്ഥം 'ആ നികുഞ്ജത്തിൽ ലാത്തരുതു്' എന്നിങ്ങിനെ സഞ്ചരണനിഷേധത്തിന്നു് അനുമാപകമായിട്ടാണു് സ്ഥിതിചെയ്യുന്നതു്.

*വാച്യവാചകങ്ങൾക്കെന്നപോലെ നിമിത്തനിമിത്തിഭാവമുള്ളതുകൊണ്ടു് വാച്യവ്യംഗ്യങ്ങൾക്കു ക്രമം നിയതഭാവിയാണു്. അതു മുൻപറഞ്ഞപ്രകാരം ചിലേടത്തു സ്പഷ്ടമാവുകയും മററു ചിലേടത്തു് സ്പഷ്ടമാവാതിരിക്കയും ചെയ്യുന്നു.

അതായത്, 'ഭീരുസഞ്ചരണമൊക്കയും ഭയകാരണാഭാവജ്ഞാനപൂൎവ്വകമാകുന്നു' എന്ന വ്യാപ്തിയെ സ്മരിപ്പിക്കുകയും, ഗോദാവരീതടനികുഞ്ജത്തിൽ സിംഹമുണ്ടെന്നിങ്ങിനെ വ്യാപകവിരുദ്ധമായ ഭയകാരണത്തിൻെറ ജ്ഞാനത്തെ—അതായത്, വ്യാപ്യസ്യ വചനം പൂൎവ്വം വ്യാപകസ്യ തതഃ പരം" എന്ന ന്യായപ്രകാരം വ്യാപ്യമായ ഭീരുസഞ്ചരണത്തിന്നു വിരുദ്ധമായ ഭയകാരണജ്ഞാനത്തെ—ജനിപ്പിക്കുകയും ചെയ്തുകൊണ്ട് "ഇവിടെ തുഷാരസ്പൎശമില്ല, അഗ്നിയുള്ളതിനാൽ" എന്നതുപോലെ സഞ്ചരണയോഗ്യതാനിഷേധത്തിന്ന് അനുമാപകമായിരിക്കുന്നു. "ഗോദാവരീതടനികുഞ്ജം ശ്വഭീരുസഞ്ചരണായോഗ്യം, സിംഹമുള്ളതിനാൽ" എന്നിങ്ങിനെ അനുമാനപ്രയോഗം. ഇതുപോലെ അലങ്കാരാദ്യനുമാനപ്രകാരവും യഥോചിതം കണ്ടുകൊൾക.

ഈ സ്ഥിതിക്ക്, അൎത്ഥത്താലുള്ള അൎത്ഥാന്തരപ്രതീതി അനുമിതിയല്ലാതെ വ്യക്തിയാവുന്നതല്ലെന്നു തീൎച്ചയാവുന്നുണ്ടല്ലോ. വാച്യത്താലുണ്ടാകുന്ന അൎത്ഥാന്തരപ്രതീതി വ്യാപ്തിസംബന്ധസ്മരണം കൂടാതെ സംഭവിക്കുന്നതാണോ? അല്ലാത്തപക്ഷം സൎവ്വത്ര അൎത്ഥാന്തരപ്രതീതി വരേണ്ടതാണ്. ആകയാൽ, പ്രതീയമാനമായ ത്രിവിധരൂപാൎത്ഥവും അനുമിതിക്കല്ലാതെ വ്യക്തിക്കു വിഷയമാകയില്ലെന്നു തീൎച്ചയായി.

ആട്ടെ, വ്യംഗ്യാൎത്ഥം അനുമിതിവിഷയമാണെന്ന് എങ്ങിനെയാണ് പറയുക? അനുമാനം വ്യാപ്തിമൂലകമാകയാൽ അതിൽ—വിശിഷ്യ പരാൎത്ഥാനുമാനത്തിൽ—വ്യാപ്തിപ്രതിപാദകമായ ദൃഷ്ടാന്തവാക്യത്തിൻെറ പ്രയോഗം കൂടാതെ സാധിക്കുമോ? കാവ്യത്തിലാണെങ്കിൽ ആവകയൊന്നും കാണുന്നതുമില്ല.

"ഹേ ധാൎമ്മികപ്രവര ലാത്തിട്ടുകൊത്തവണ്ണം—"

എന്ന പദ്യത്തിൽ 'ഭീരുഭ്രമണമൊക്കെയും ഭയകാരണാഭാവജ്ഞാനപൂൎവ്വകമാണ്' എന്ന വ്യാപ്തിക്കു സാധകമായ, 'പ്രകൃത്യാ ഭീരുവായിട്ടും ലാത്തുന്നവൻ എവനോ അവൻ ഭയത്തിന്നുകാരണം ഇല്ലെന്നുള്ള ജ്ഞാനത്തോടുകൂടിയവനാണ്' എന്ന ദൃഷ്ടാന്തവാക്യം പ്രയോഗിച്ചിട്ടില്ല. വ്യാപ്തിസാധകപ്രമാണവിഷയമായ ദൃഷ്ടാന്തമില്ലാതിരിക്കെ വ്യാപ്തിമൂലകമായ അനുമാനവും വരികയില്ലല്ലോ. ഈ സ്ഥിതിക്ക്, 'ലാത്തരുളു്' ഇത്യാദി വ്യംഗ്യാൎത്ഥം അനുമേയമാകുമോ എന്ന് ആശങ്കിക്കുന്നു

വെങ്കിൽ—പറയാം. വ്യാപ്തിസ്വരൂപാനഭിജ്ഞന്മാരായ സാധാരണ ജനങ്ങളുടെ വിഷയത്തിലേ ദൃഷ്ടാന്തപ്രയോഗം ആവശ്യമുള്ളു. വിദ്വാന്മാരെ ഉദ്ദേശിച്ചുള്ള പ്രയോഗത്തിൽ ഹേതുമാത്രം മതി.

ഈ വിഷയത്തിൽ,—

> "തദ്ഭാവഹേതുഭാവൌ ഹി ദൃഷ്ടാന്തേ തദവേദിനഃ
> ഖ്യാപ്യേതേ; വിദുഷാം വാച്യോ ഹേതുരേവ ച കേവലഃ"

എന്നിങ്ങിനെ പ്രാമാണികവചനമുണ്ട്. തദവേദിനഃ=സാദ്ധ്യസാധനഭാവഗ്രഹണവിധുരന്നായി, ദൃഷ്ടാന്തേ=ദൃഷ്ടാന്തത്തിൽ—ദൃഷ്ടാന്തംകൊണ്ട്, തദ്ഭാവഹേതുഭാവൌ=സാദ്ധ്യസാധനഭാവരൂപമായ വ്യാപ്തി, ഖ്യാപ്യേതേ=പ്രകാശിപ്പിക്കപ്പെടുന്നു, വിദുഷാം=വിദ്വാന്മാൎക്ക്, കേവലോ ഹേതുരേവച=ഹേതുമാത്രം, വാച്യം=പറഞ്ഞാൽമതി എന്നൎത്ഥം. ആകയാൽ, ആ സംഗതിയിലും ആക്ഷേപത്തിന്നിടയില്ല. എന്നുമാത്രമല്ല, കാവ്യാനുമിതി തൎക്കാനുമിതിയിൽനിന്നു വിലക്ഷണമാണ്. കൎക്കശന്യായരൂപത്തിൽ പ്രവൎത്തിക്കുന്ന തൎക്കാനുമിതി ശുഷ്കവും സഹൃദയമാത്രഗോചരമായ കാവ്യാനുമിതി ഹൃദയാഹ്ലാദകവുമാകുന്നു. വിശേഷിച്ച്, ലോകത്തിലെ ഹേത്വാദികൾക്കും കാവ്യത്തിലെ തൽസ്ഥാനാപന്നമായ വിഭാവാദികൾക്കും വൈലക്ഷണ്യമുണ്ട്. ലൌകികമായ ഹേത്വാദി വാസ്തവികവും തൽപ്രതിബിംബരൂപമായ വിഭാവാദി കൃത്രിമവും ആകുന്നു. കൃത്രിമമായ വിഭാവാദിയാൽ അനുമാനിക്കപ്പെടുന്ന പ്രതിബിംബകല്പമായ രത്യാദിഭാവവും കൃത്രിമമാണെന്നതിൽ സംശയമുണ്ടോ? രാമാദ്യനുകാൎയ്യനിഷ്ഠവും പാരമാൎത്ഥികവുമായ രത്യാദിയുടെ പ്രതിബിംബകല്പവും കേവലം പ്രതീതിമാത്രസാരവുമാണ് അനുമേയമായ രത്യാദിസ്ഥായിഭാവം. സ്ഥായ്യനുകരണസ്വരൂപംതന്നെയാണ് രസം. കൃത്രിമമായ സ്ഥായിഭാവത്തിന്റെ പരാമൎശംതന്നെയാണ് രസാസ്വാദം. അതുകൊണ്ട്, കൃത്രിമവും പ്രതീതിമാത്രസാരവുമായ രസഭാവാദിയുടെ അനുമാനം ശുഷ്കമായ തൎക്കാനുമാനത്തിൽനിന്നു വിലക്ഷണമാകയാൽ ചമൽക്കാരനിദാനമാണെന്നതിനെക്കുറിച്ചു ചോദ്യത്തിനൊന്നും അവകാശമില്ല. അതു് അതിന്റെ സ്വഭാവംതന്നെയാണ്. എന്തിന്നു വളരെ? കവിവൎണ്ണനയ്ക്കു വിഷയീഭവിച്ചു സഹൃദയന്മാരുടെ ഹൃദയത്തെ ആവൎജ്ജിക്കുന്ന അതേ അൎത്ഥം തന്നെ പ്രത്യക്ഷരൂപത്തിൽ സാക്ഷാൽ സംവേദ്യമാനമാകുമ്പോൾ അതുപോലെ ഹൃദയാവൎജ്ജകമാകുന്നില്ലെന്നതു് അനുഭവസിദ്ധമാണല്ലോ.

*"കവിശക്ത്യർപ്പിതാ ഭാവാഃ തന്മയീഭാവയുക്തിതഃ
യഥാ സ്ഫുരന്ത്യമീ കാവ്യാ-ന്ന തഥാദ്ധ്യക്ഷതഃ കില."

ഇത്യാദി പ്രാമാണികസൂക്തി നോക്കുക.

† "സാരരൂപോഹ്യർത്ഥഃ സ്വശബ്ദാനഭിധേയത്വേന പ്രകാശിത സ്സുതരാം ശോഭാം ആവഹതി" എന്നു പറയുന്ന ധ്വനികാരനും ഈ സംഗതി സമ്മതിച്ചിരിക്കുന്നു. ആകയാൽ,

"നാനുമിതോ ഹേത്വാദ്യൈഃ
സ്വദതേനുമിതോ യഥാ വിഭാവാദ്യൈഃ
ന ച സുഖയതി വാച്യോർത്ഥഃ
പ്രതീയമാനസ്സ ഏവ യഥാ."

എന്നു ധരിക്കേണ്ടതാണ്. അതായത്, ലൌകികമായ ഹേത്വാദികളാൽ അനുമാനിക്കപ്പെടുന്ന അർത്ഥം കാവ്യാർപ്പിതങ്ങളായ വിഭാവാദികളാൽ അനുമാനിക്കപ്പെടുന്ന അർത്ഥംപോലെ രുചിക്കുന്നില്ല—ആസ്വാദയോഗ്യമായി ഭവിക്കുന്നില്ല. വാച്യമായ അർത്ഥം പ്രതീയമാനമായ അതേ അർത്ഥംപോലെ ചമൽകാരകാരിയാകുന്നതുമില്ല. എന്നു സാരം. ഏവഞ്ച, ഈസ്ഥിതി വസ്തുസ്വഭാവമാകയാൽ പര്യനുയോഗം അർഹിക്കുന്നില്ലെന്നും പ്രതീയമാനാർത്ഥം അനുമേയമാണെന്നതിൽ അനുപപത്തിക്കൊന്നും അവകാശമില്ലെന്നും സിദ്ധിക്കുന്നു. വ്യംഗ്യത്വവ്യവഹാരമാകട്ടെ, ഏതാദൃശചമൽകാരം അടിസ്ഥാനമാക്കീട്ടുള്ള ഔപചാരികപ്രയോഗം മാത്രമാണുതാനും.

ആകയാൽ, അഭിധയല്ലാതെ ശബ്ദത്തിന്നു മറെറാരുവ്യാപാരവുമില്ല. അർത്ഥം വാച്യമെന്നും അനുമേയമെന്നും രണ്ടുവിധം മാത്രമാകുന്നു. അതിൽ അഭിധാബോദ്ധ്യമായ ശബ്ദാർത്ഥം വാച്യം മാത്രമാണ്. മററുള്ളതൊക്കെയും അനുമാനസാദ്ധ്യമാകയാൽ അനുമേയമാകുന്നു. ലക്ഷ്യമെന്നും വ്യംഗ്യമെന്നും പറയുന്ന അർത്ഥമൊക്കെയും അനുമേയമാണ്. വാച്യപ്രതീയമാനങ്ങൾക്കു ഗമ്യഗമകഭാവരൂപമായ

* തന്മയീഭാവയോഗത്തോടു കൂടി കവിസമർപ്പിതങ്ങളായ ഈ ഭാവങ്ങൾ കാവ്യത്തിൽനിന്ന് എങ്ങിനെ ആസ്വാദ്യമാനങ്ങളായി സ്ഫുരിക്കുന്നുവോ അങ്ങിനെ പ്രത്യക്ഷംകൊണ്ടു സ്ഫുരിക്കുന്നില്ലല്ലോ.

† സ്വശബ്ദംകൊണ്ട് അഭിധേയമാകാതെ പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്ന സാരരൂപമായ അർത്ഥം ശോഭാതിശയമേന്തുന്നു.

ലിംഗലിംഗിഭാവമല്ലാതെ വ്യംഗ്യവ്യംജകഭാവം ഘടിക്കായ്കയാൽ ഗമ്യമായ അർത്ഥാന്തരം വ്യംഗ്യമല്ല അനുമേയമാണു്. സഹപ്രകാശരൂപമായ വ്യക്തിക്കു പ്രതീയമാനാർത്ഥം വിഷയമേ അല്ലല്ലോ. വ്യംഗ്യത്വഭ്രമം ത്രിരൂപലിംഗാഭിധാനം പരാർത്ഥാനുമാനമാണെന്ന തത്ത്വം ഗ്രഹിക്കാത്തതുകൊണ്ടു പററിപ്പോയതാണു്. കാവ്യാനുമാനം ലൌകികാനുമാനംപോലെ ശുഷ്കമല്ല; നേരെമറിച്ചു ചമൽകാരകമാണു്. അതു് അതിൻെറ സ്വഭാവമാകയാൽ പയ്യനുയോഗാർഹവുമല്ല. ഈ ചമൽകാരം നിമിത്തം അനുമേയാർത്ഥത്തെ വ്യംഗ്യമെന്നു് ഔപചാരികമായി വ്യവഹരിക്കാമെന്നല്ലാതെ അതിന്നു വാസ്തവികമായ വ്യംഗ്യത്വമില്ല. അതുകൊണ്ടു്,—

*"യത്രാത്ഥശ്ശബ്ദോ വാ
തമത്ഥമുപസർജനീകൃതസ്വാത്ഥൌ
വ്യംക്തഃ കാവ്യവിശേഷഃ
സ ധ്വനിരിതി സൂരിഭിഃ കഥിതഃ"

എന്ന ധ്വനിലക്ഷണം സവ്വഥാ അസംബദ്ധമാകുന്നു. നേരെമറിച്ചു്,

"വാച്യസ്തദനുമിതോ വാ
യത്രാത്ഥോത്ഥാന്തരം പ്രകാശയതി
സംബന്ധതഃ കുതശ്ചിൽ
സാ കാവ്യാനുമിതിരിത്യുക്താ."

(വാച്യമോ വാച്യാനുമിതമോ ആയ അർത്ഥം എവിടെ വ്യാപ്ത്യാഖ്യസംബന്ധത്താൽ അനുമേയരൂപമായ അർത്ഥത്തെ പ്രകാശിപ്പിക്കുന്നുവോ അതു കാവ്യാനുമിതി എന്നു പറയുന്നു.) എന്നിപ്രകാരമാണു് ലക്ഷണം നിർമ്മിക്കേണ്ടതു്. എന്നിങ്ങിനെയാണു് അനുമാനവാദിയായ മഹിമഭട്ടൻെറ വാദഗതിയുടെ രത്നച്ചുരുക്കം.

സൂക്ഷ്മദൃഷ്ട്യാ പയ്യാലോചിച്ചുനോക്കുന്നതായാൽ ഈവക വാദം ധ്വനിപ്രസ്ഥാനത്തിൻെറ പുരോഗതിയെ പ്രതിബന്ധിക്കുന്നതിന്നു സവ്വഥാ ശക്തമല്ലെന്നു കാണ്മാൻ കഴിയുന്നതാണു്.

* "ശബ്ദാത്ഥങ്ങളിലൊന്നാ-
തത്ത്വാത്ഥത്തെ ഗ്ഗുണീകൃതസ്വാത്ഥം
വ്യംജിപ്പിക്കുവതെങ്ങാ-
ക്കാവ്യം ധ്വനിയെന്നഭിജ്ഞരോതുന്നു."

നിമിത്തരൂപമായ വിഭാവാദികളുടെ പ്രതീതിവരുമ്പോൾ നിമിത്തിരൂപമായ രസഭാവാദികളുടെ പ്രതീതിയില്ലെന്നും തൽപ്രതീതികൾക്കു ക്രമികത്വമല്ലാതെ സഹഭാവമില്ലായ്കയാൽ വ്യക്തിലക്ഷണം ഘടിക്കായ്കകൊണ്ടു രസാദി വ്യംഗ്യമാകയില്ലെന്നുമാണല്ലോ മഹിമഭട്ടൻെറ പ്രധാനമായ ആക്ഷേപം. വിഭാവാദിസ്വരൂപപ്രതീതിയുണ്ടാകുമ്പോൾ നിയമേന രസഭാവാദിപ്രതീതി വരുന്നില്ലെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ, അതുകൊണ്ടു വ്യക്തിലക്ഷണം ഘടിക്കയില്ലെന്നു ശങ്കിക്കുന്നതു ശരിയല്ല. വ്യക്തിക്ക് ഉദാഹരണമായ പ്രദീപഘടാദിസ്ഥലത്തെ സ്ഥിതിയും ഇതുതന്നെയാണ്. നിമിത്തരൂപപ്രദീപപ്രതിപത്തിയുള്ളപ്പോൾ നിയമേന നിമിത്തിരൂപഘടപ്രതിപത്തിയുണ്ടാകുന്നില്ലല്ലോ. എന്നാൽ, ഘടപ്രതിപത്തിസമയത്തു പ്രദീപപ്രതിപത്തി തിരോഭവിക്കുന്നില്ല; അതു് അപ്പോഴുമുണ്ട്. ഇതുമാത്രമാണ് വ്യക്തിത്വപ്രയോജകമായ സഹഭാവം. അല്ലാത്തപക്ഷം, സർവ്വസമ്മതമായ—വിശേഷിച്ചു പ്രതിപക്ഷിപോലും സമ്മതിച്ചിരിക്കുന്ന—താദൃശവ്യക്ത്യുദാഹരണം തന്നെ അസംബദ്ധമാണെന്നു വരും. ഈ സഹഭാവം രസഭാവാദിപ്രതീതിയിലും അവ്യാഹതമാണ്. രസഭാവാദിപ്രതീതിസമയത്തു വിഭാവാദിപ്രതീതി തിരോഭവിക്കുന്നില്ല. അങ്ങിനെയാണെങ്കിൽ രസത്തിന് ആത്മലാഭംതന്നെ ഇല്ലെന്നാവും. പാനകരസന്യായേന വിഭാവാദിസമുചിതചിത്തവൃത്തിചർവ്വണാസ്വരൂപം തന്നെയാണല്ലോ രസം. അതിനാൽ, രസഭാവാദിപ്രതീതിസമയത്തു വിഭാവാദിപ്രതീതി നിവൎത്തിക്കുന്നില്ലെന്നതു തീൎച്ചയാണ്. അതുതന്നെയാണ് ധ്വനികാരൻ പറഞ്ഞിരിക്കുന്നതു്. *"നഹി വ്യംഗ്യേ പ്രതീയമാനേ വാച്യബുദ്ധിർ ദൂരീഭവതി വാച്യാവഭാസാവിനാഭാവേന തസ്യ പ്രകാശനാൽ. തസ്മാൽ ഘടപ്രദീപന്യായസ്തയോഃ; യഥൈവ ഹി പ്രദീപദ്വാരേണ ഘടപ്രതീതാവുൽപന്നായാം ന പ്രദീപപ്രകാശോ നിവൎത്തതേ തദ്വൽ വ്യംഗ്യപ്രതീതൌ വാച്യാവഭാസഃ" എന്നു ദ്ധ്വനിയോദ്ദ്യോതത്തിൽ മുക്തകണ്ഠം ഉപന്യസിച്ചിരിക്കുന്നതു നോക്കുക. നേരെമറിച്ചു്, നഹി വാച്യേ

* വ്യംഗ്യത്തിന്നു പ്രതീതിവരുമ്പോൾ വാച്യബുദ്ധി ദൂരീഭവിക്കുന്നില്ല. വാച്യാവഭാസത്തോടുകൂടിത്തന്നെയാണല്ലോ വ്യംഗ്യത്തിൻെറ പ്രകാശനം. അതുകൊണ്ടു് അവയിൽ ഘടപ്രദീപന്യായമാണ് യുക്തം. പ്രദീപദ്വാരാ ഘടപ്രതീതി വന്നിരിക്കെ പ്രദീപപ്രകാശം നിവൎത്തിക്കാത്തതുപോലെ വ്യംഗ്യപ്രതീതിയിൽ വാച്യബുദ്ധിയും നിവൎത്തിക്കുന്നില്ല.

പ്രതീയമാനേ വ്യംഗ്യബുദ്ധിർ ദൂരീ ഭവതി" (വാച്യം പ്രതീതിവിഷയമാകുമ്പോൾ വ്യംഗ്യബുദ്ധി ദൂരീഭവിക്കുന്നില്ല.) എന്നല്ല പറഞ്ഞിരിക്കുന്നത്. അങ്ങിനെ പറകയുമില്ല. വാച്യപ്രതീയമാനങ്ങൾക്കുള്ള ഗമ്യഗമകഭാവം നിമിത്തനിമിത്തിഭാവം അല്ല; അതായത്, ലിംഗലിംഗിഭാവം അല്ല; വ്യാംഗ്യവ്യംജകഭാവമാകുന്നു. ഗമ്യത്തിന്നു ഗമകോപരാഗം ഇല്ലെങ്കിൽ മാത്രമേ നിമിത്തനിമിത്തിഭാവമെന്നു പറയൂ. ഉണ്ടെങ്കിൽ അവിടെ വ്യംഗ്യവ്യംജകഭാവമാണ്. ഗമ്യമായ രസാദിക്കു ഗമകമായ വിഭാവാദിയുടെ സംസ്പർശമുണ്ടെന്നു മുമ്പുതന്നെ സാധിച്ചിട്ടുണ്ടല്ലോ. ആകയാൽ, വാച്യപ്രതീയമാനങ്ങൾക്കു വ്യംഗ്യവ്യംജകഭാവവ്യവഹാരമാണ് യുക്തം. അതുതന്നെയാണ് ധ്വനികാരമതവും.

ഘടപ്രദീപദൃഷ്ടാന്തത്തെ ആധാരമാക്കി പ്രതീയമാനം വ്യക്തിവിഷയമാണെങ്കിൽ അതു് ഇന്ദ്രിയവിഷയമാണെന്നു വരും എന്ന് ആക്ഷേപിക്കുന്ന മഹിമഭട്ടൻ പ്രതീയമാനം മൃന്മയമാണെന്നാവുമെന്നു കൂടിപ്പറയാത്തതു് എന്തുകൊണ്ടാണെന്നറിയുന്നില്ല. വ്യക്തി ഇന്ദ്രിയവിഷയത്വാപത്തിയാണെന്ന് ആരും പറഞ്ഞിട്ടില്ല. അദ്ദേഹം അങ്ങിനെ ലക്ഷണം നിർമ്മിക്കുന്നുവെങ്കിൽ അതിനെ ബാക്കിയുള്ളവർക്ക് വിലവെക്കേണ്ട ആവശ്യവുമില്ല.

"സ്വജ്ഞാനേനാന്യധീഹേതുഃ—"

എന്നിങ്ങിനെ ധീഗോചരതാപത്തിരൂപമാണെന്നേ ഹരി പറഞ്ഞിട്ടുള്ളൂ.

രസം പരനിഷ്ഠമായ രത്യാദിഭാവത്തിൻെറ അനുകരണസ്വരൂപമാണെന്ന് ഉപന്യസിച്ചിരിക്കുന്നതും വിഭാവാദിക്കും രസാദിക്കും കൃത്രിമത്വം പറഞ്ഞുകൊണ്ട് അനുമാനം സ്ഥാപിച്ചിരിക്കുന്നതും സർവ്വഥാ അയുക്തമാണ്. രസം പരഭാവാനുകരണാത്മകമാണെങ്കിൽ അതിന്നു രസത്വംതന്നെ സിദ്ധിക്കയില്ല. രസം അനുകാര്യഗതമോ അനുകർത്തൃഗതമോ അല്ല; ആസ്വാദയിതൃഗതമാകുന്നു. ഹൃദയസംവാദതന്മയീഭവനക്രമത്തിൽ സ്വചിത്തവൃത്തിദ്രുതിസമാസ്വാദ്യസാരവും സ്വസംവേദനസിദ്ധവുമായ രസം പരനിഷ്ഠമോ കൃത്രിമമോ അല്ലെന്നുള്ളതു തീർച്ചയല്ലേ? ഈ സ്ഥിതിക്ക്, അനുമാനകഥതന്നെ ദൂരാപാസ്തമാണ്. പരകീയരതിശോകക്രോധാദിഭാവങ്ങൾക്കു രസ്യമാനത

സംഭാവ്യമാണോ? അനുഭവവിരുദ്ധമായ ഈ വക വാദം എങ്ങിനെയാണ് സ്വീകാര്യമാവുക? ആകയാൽ, രസഭാവാദി അനുമേയമല്ല വ്യംഗ്യംതന്നെയാണ് എന്നു സിദ്ധിക്കുന്നു.

ഇങ്ങിനെ രസഭാവാദിവിഷയമായ വ്യാപാരം വ്യംജനയാണെന്ന് അംഗീകരിക്കാതെ ഗത്യന്തരമില്ലെന്നു വന്ന സ്ഥിതിക്ക്, തുല്യന്യായത്താൽ വസ്തുപലങ്കാരവ്യംഗ്യവിഷയത്തിലും വ്യംജനാശ്രയമാണ് യുക്തമെന്നു വരുന്നു. ശബ്ദത്തിന്ന് അഭിധയെന്നും ലക്ഷണയെന്നും രണ്ടു വ്യാപാരം ശാസ്ത്രകാരന്മാരെല്ലാവരും സമ്മതിച്ചിട്ടുള്ളതാണ്. ലക്ഷ്യാൎത്ഥംകൂടി അനുമേയമാണെന്നും ഉപമാനം അനുമാനത്തിലന്തർഭവിക്കുന്നതാണെന്നുമുള്ള മഹിമഭട്ടന്റെ പ്രകൃതസംബന്ധിയായ വാദപ്രകാരത്തെ ഇവിടെ സ്പൎശിക്കുന്നില്ല. അതിന്നു തക്ക സമാധാനം മററുള്ളവർ കൊടുത്തുകൊള്ളും. സൎവ്വശാസ്ത്രസമ്മതമായ ആ രണ്ടു ശബ്ദവ്യാപാരങ്ങളിൽ സങ്കേതിതമായ അൎത്ഥത്തെ ബോധിപ്പിച്ച് അഭിധയും സങ്കേതിതാൎത്ഥത്തിന്റെ ബാധത്താൽ തൽസംബന്ധിയായ അൎത്ഥാന്തരത്തെ ബോധിപ്പിച്ചു ലക്ഷണയും ചരിതാൎത്ഥമായി വിരമിക്കുന്നു. ഇവയുടെ അധികാരം ഈ രണ്ടു കക്ഷ്യയിലാണ്. മൂന്നാമത്തെ കക്ഷ്യയിലുള്ളതും, വാച്യത്തിന്നും ലക്ഷ്യത്തിന്നും വിലക്ഷണവും ആയ പ്രതീയമാനാൎത്ഥത്തിൽ സ്വാൎത്ഥബോധനകൃതാൎത്ഥമായ ആ രണ്ടു വ്യാപാരവും പ്രവൎത്തിക്കയില്ല. അതുകൊണ്ട്, തൃതീയകക്ഷ്യാനിക്ഷിപ്തമായ അൎത്ഥാന്തരത്തിന്റെ ബോധനത്തിന്ന് അതിരിക്തമായ ഒരു വ്യാപാരം സ്വീകരിക്കാതെ നിവൃത്തിയില്ല. അതാണ് വ്യംജന. വസ്തുപലങ്കാരരൂപങ്ങളായ പ്രതീയമാനാൎത്ഥങ്ങളുടെ പ്രതീതി നിയമേന വാച്യലക്ഷ്യങ്ങളുടെ പ്രതീതിക്കു ശേഷമാകയാൽ സഹഭാവമില്ലാത്തതുകൊണ്ടു വ്യംജന ഘടിക്കയില്ലെന്നുള്ള ആക്ഷേപവും അകിഞ്ചിൽകരമാണ്. രസാദിസ്ഥലത്തു പറഞ്ഞപ്രകാരം വസ്തുപലങ്കാരവ്യംഗ്യപ്രതീതികാലത്തു വ്യംജകങ്ങളായ വാച്യലക്ഷ്യങ്ങളുടെ പ്രതീതി ദൂരീഭവിക്കാത്തതുകൊണ്ടു സഹഭാവം അപ്രതിഹതംതന്നെയാകുന്നു. വ്യംജകപ്രതീതികാലത്തു നിയമേന വ്യംഗ്യപ്രതീതിയുണ്ടെങ്കിലേ വ്യംഗ്യവ്യംജകഭാവം പറഞ്ഞുകൂട്ടു എന്നില്ലെന്നും സൎവ്വസമ്മതമായ ഘടപ്രദീപോദാഹരണത്തിൽ അങ്ങിനെ കാണുന്നില്ലെന്നും മുമ്പുതന്നെ പ്രതിപാദിച്ചിട്ടുമുണ്ട്. ആകയാൽ താദൃശദൂഷണം അശ്രദ്ധേയമാകുന്നു.

ഇനി 'വ്യംഗ്യപ്രതീതികാലത്ത് അവിരോധിയായ വാച്യത്തിന്ന പ്രതീതിയുണ്ടാവാമെങ്കിലും വിരോധിയായ വാച്യത്തിന്റെ പ്രതീതി സംഭവിക്കുന്നതാണോ?

"ഹേ ധാർമ്മികപ്രവര, ലാത്തിട്ടുകൊത്തവണ്ണം—"

എന്ന പദ്യത്തിൽ 'ലാത്തരുത്' എന്ന വ്യംഗ്യപ്രതീതിസമയത്ത് അതിന്ന വിരുദ്ധമായി 'ലാത്തുക' എന്ന വാച്യത്തിന്റെ പ്രതീതിയുണ്ടാവുന്നതല്ലല്ലോ' എന്നും സംശയിക്കേണ്ട. അവിടെയും പ്രകാശകത്വേന വാച്യപ്രതീതിയുണ്ടാവുന്നതാണ്. വിരുദ്ധമോ അവിരുദ്ധമോ ഏതോ ആയിക്കൊള്ളട്ടെ; വ്യംഗ്യപ്രതീതിസമയത്ത് വ്യംജകപ്രതീതി ദൂരീഭവിക്കുന്നില്ല. വ്യംഗ്യാർത്ഥപ്രതീതി ഭാവനാരൂപമാണെന്ന ഭാവുകന്മാർ ആരും സമ്മതിക്കും. ഭാവനാവിഷയത്വം തന്നെയല്ലേ വ്യംഗ്യാർത്ഥത്തിന്റെ ലോകോത്തരാഹ്ലാദജനകതയ്ക്കുള്ള നിദാനം? അതുകൊണ്ടുതന്നെയാണല്ലോ വ്യംഗ്യാർത്ഥജന്യവും ചമൽകാരാപരപര്യായവുമായ കാവ്യാഹ്ലാദം "നിങ്ങൾക്കൊരു പുത്രൻ ജനിച്ചു" ഇത്യാദി ലൌകികവാക്യജന്യമായ ആഹ്ലാദത്തെ അപേക്ഷിച്ചു വിലക്ഷണവും ലോകോത്തരവുമാണെന്ന് ആലങ്കാരികന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഈ സ്ഥിതിക്ക്, വ്യംഗ്യാർത്ഥം ഭാവനാവിഷയമാണെന്നും നേരെമറിച്ചു പുത്രജന്മാദിലൌകികവാക്യാർത്ഥം ഭാവനാവിഷയമല്ലെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു. ഭാവനയെന്നതു് പുനഃപുനരനുസന്ധാനാത്മകമായ ജ്ഞാനവിശേഷമാണ്. വ്യംഗ്യാർത്ഥാനുസന്ധാനാത്മകമായ ഭാവനയിൽ വ്യംജകവാച്യാർത്ഥപ്രതീതിയുടെ സംസ്പർശമുണ്ടെന്നതിൽ സഹൃദയന്മാരുടെ ഹൃദയംതന്നെ സാക്ഷ്യം വഹിക്കുന്നതുമുണ്ട്. വ്യംഗ്യാർത്ഥപ്രതീതി എപ്പോഴും വ്യംജകപ്രതീത്യുപരക്തമായിരിക്കും. അതു് അതിന്റെ സ്വഭാവമാണ്. ആകയാൽ, വ്യംജകം അവിരുദ്ധമോ വിരുദ്ധമോ ഏതായാലും ശരി, വ്യംഗ്യപ്രതീതിയിൽ വ്യംജകപ്രതീതി ദൂരീഭവിക്കാത്തതുകൊണ്ടു സഹപ്രതീതിരൂപമായ വ്യക്തിലക്ഷണം ഘടിക്കുന്നതിനാൽ ത്രിവിധരൂപമായ പ്രതീയമാനാർത്ഥത്തിന്നും വ്യംഗ്യത്വം അവ്യാഹതമാണെന്ന സിദ്ധിക്കുന്നു.

നേരേമറിച്ചു്; ത്രിവിധരൂപമായ പ്രതീയമാനത്തിന്നും അനുമേയത്വം ദുർവ്വചവുമാണ്. വിഭാവാദിസമുചിതവും തന്മയീഭവനക്രമത്തിൽ ചർവ്വ്യമാണവുമായ സ്വചിത്തവൃത്തിവിശേഷമായ രസഭാവാദി അനു

മേയമല്ലെന്നുള്ളതിൽ സചേതസ്സുകൾക്കാർക്കും വിപ്രതിപത്തിക്കവകാശമില്ല. രസം അനുമേയമാണെങ്കിൽ അതിന്റെ രസ്യമാനത്വംതന്നെ ഘടിക്കയില്ലല്ലോ.

വസ്ത്വലങ്കാരരൂപവ്യംഗ്യാർത്ഥവും അനുമേയമാകയില്ല. "ഹേ ധാർമ്മികപ്രവര—" എന്ന സ്ഥലത്തെ അനുമാനസമർത്ഥനം കേവലം ദുരാഗ്രഹമൂലകമാണ്. ഗോദാവരീതടനികുഞ്ജം ശ്വഭീരുസഞ്ചരണായോഗ്യം, സിംഹമുള്ളതിനാൽ; എന്നല്ലേ അനുമാനാകാരം? ഹേതു ദുഷ്ടമായിരിക്കെ എങ്ങിനെയാണ് സാദ്ധ്യസിദ്ധി? ഗുരുനിദേശം, രാജാജ്ഞ, പ്രിയതമാനുരാഗം, നിധിലാഭേച്ഛ മുതലായവയാൽ ഭീരുപോലും സിംഹാദിക്രൂരജന്തുക്കളുള്ള സ്ഥലത്തു പോകാമെന്നതുകൊണ്ട്, 'ഭീരുസഞ്ചരണം ഭയകാരണാഭാവജ്ഞാനപൂർവ്വകം' എന്ന വ്യാപ്തിതന്നെ സിദ്ധിക്കുന്നതല്ല. അതിനാൽ ഹേതു വ്യഭിചാരിയാകുന്നു. കേവലം സ്വശ്ശാദിജുഗുപ്സയാലോ പൌരുഷാനുചിതത്വബുദ്ധിയാലോ പട്ടിയെ ഭയപ്പെടുന്ന വീരനായ ധാർമ്മികൻ സിംഹമുള്ള സ്ഥലത്തു ചെല്ലാമെന്നതുകൊണ്ടു ഹേതു വിരുദ്ധവുമാണ്. അതായതു്, 'സിംഹവത്വ'മെന്ന ഹേതു സാദ്ധ്യാഭാവരൂപമായ ശ്വഭീരുവീരധാർമ്മികസഞ്ചരണയോഗ്യതയാൽ വ്യാപ്തമാണ്. സിംഹമുള്ള സ്ഥലം ശ്വഭീരുവീരധാർമ്മികസഞ്ചരണയോഗ്യം തന്നെയാണല്ലോ. അത്രയുമല്ല, ഗോദാവരീതടനികുഞ്ജത്തിൽ സിംഹമുണ്ടെന്നതു് പ്രത്യക്ഷസിദ്ധമോ അനുമാനപ്രമാണസിദ്ധമോ അല്ല. കേവലം അസതീവചനത്താൽ നിശ്ചയിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അസതീവചനം പ്രമാണമാകയില്ല. ആപ്തവാക്യത്തിന്നല്ലേ പ്രാമാണ്യമുള്ളു. പോരെങ്കിൽ, താദൃശവചനം ഈർഷ്യാദിദോഷകലുഷവുമാണ്. ഈ സ്ഥിതിക്ക്, അസതീവചനം യഥാർത്ഥമാണെന്നു ഗ്രഹിക്കാവതല്ലല്ലോ. ആകയാൽ, പക്ഷവൃത്തിത്വനിശ്ചയമില്ലായ്കകൊണ്ടു ഹേതു അസിദ്ധവുമാണ്. ഇങ്ങിനെ ഹേതുവിന്നു വ്യഭിചാരം, വിരോധം, അസിദ്ധി എന്നീവക ദോഷമുണ്ടായിരിക്കെ, അനുമാനംകൊണ്ടു് എങ്ങിനെയാണ് പ്രതീയമാനാർത്ഥം സാധിക്കുക? വ്യഭിചാരാദിദോഷജ്ഞാനമാകട്ടെ, ഗോദാവരീതടനികുഞ്ജം സിംഹവ്യാപ്യധാർമ്മികസഞ്ചരണാഭാവവത്തു് എന്ന ലിംഗപരാമർശരൂപമായ അനുമാനത്തെത്തന്നെ പ്രതിബന്ധിക്കുന്നതാകയാൽ അനുമിതിക്കുണ്ടോ പ്രസക്തി? ദോഷജ്ഞാനം അനുമിതിക്കോ അനുമിതികരണത്തിന്നുതന്നെയോ പ്രതിബന്ധക

എവിടെ വാചകവിശേഷമായ ശബ്ദമോ വാച്യവിശേഷമായ അത്ഥമോ ആ അത്ഥവിശേഷത്തെ വ്യംജിപ്പിക്കുന്നുവോ ആ കാവ്യ

മാണെന്നല്ലേ ശാസ്ത്രസിദ്ധാന്തം? യഥാത്ഥവിദ്വാന്മാരായ സഹൃദയന്മാക്ക് ആവകയൊന്നും അറിവില്ലെന്നു പറഞ്ഞാൽ ആരും വിലവെക്കുകയുമില്ല. എന്തിനു വളരെ? 'എവിടെ സിംഹമുണ്ടോ അവിടെ ശപഭീരുവായ ധാമ്മികൻ സഞ്ചരിക്കയില്ല' എന്നിങ്ങിനെ ഹേതുസാദ്ധ്യങ്ങൾക്ക് നിയതസാഹചയ്യരൂപമായ വ്യാപ്തിതന്നെ ഇല്ലാതിരിക്കെ പിന്നെയെന്തനുമാനമാണ്? നേരെമറിച്ച്, ഇത്തരം വ്യാപ്തിയുടെ ആവശ്യകത വ്യംജനയ്ക്കില്ല. ഇത്തരം അത്ഥം വ്യംജനയെക്കൊണ്ടു ഇത്തരം വ്യംഗ്യാത്ഥത്തെ പ്രകാശിപ്പിക്കുന്നതിൽ വ്യാപ്ത്യാഖ്യസംബന്ധത്തിൻെറ അഭാവം ദൂഷണവുമല്ല. വക്തൃവൈശിഷ്ട്യം മുതലായവ നിയാമകമാകയാൽ സവ്വത്ര വ്യംഗ്യാത്ഥപ്രതീതി ആപതിക്കുമെന്ന് ആക്ഷേപിപ്പാനും അവകാശമില്ല. ഇതുപോലെ അലങ്കാരരൂപവ്യംഗ്യസ്ഥലത്തും നോക്കിക്കൊൾക. ഇത്രയുംകൊണ്ട്, അനുമാനം ഘടിക്കായ്കയാൽ പ്രതീയമാനാത്ഥം അനുമേയമല്ല; വ്യംജനാവ്യാപാരവിഷയമാകയാൽ വ്യംഗ്യംതന്നെയാകുന്നു എന്നിങ്ങിനെയാണ് വ്യക്തിവാദികളുടെ സിദ്ധാന്തമെന്നും അതു സ്വീകായ്യമാണെന്നും സിദ്ധിക്കുന്നുണ്ടല്ലോ.

കാരികാത്ഥത്തെ വൃത്തികാരൻ വിവരിക്കുന്നു "**എവിടെ വാചകവിശേഷമായ—**" ഇത്യാദിഗ്രന്ഥത്താൽ. **എവിടെ**= ഏതൊരു കാവ്യത്തിൽ, **വാചകവിശേഷമായ ശബ്ദമോ**= വ്യംഗ്യാത്ഥപ്രകാശനസാമത്ഥ്യയോഗിയായ ശബ്ദവിശേഷമോ; താദൃശശബ്ദം ഏതാനും ചിലതുമാത്രമാണെന്നും അതാണ് മഹാകവിക്കു പ്രത്യഭിജ്ഞേയമെന്നും മുമ്പ് പ്രതിപാദിച്ചിട്ടുണ്ട്. **വാച്യവിശേഷമായ അത്ഥമോ**=വ്യംഗ്യാത്ഥപ്രകാശനത്തിൽ സമത്ഥമായ അത്ഥവിശേഷമോ, **ആ അത്ഥവിശേഷത്തെ**=വ്യംഗ്യരൂപമായ അത്ഥവിശേഷത്തെ, **വ്യംജിപ്പിക്കുന്നുവോ**=അഭിധാലക്ഷണാതാൽപര്യാതിരിക്തമായ വ്യംജനാവ്യാപാരത്താൽ ബോധിപ്പിക്കുന്നുവോ, **ആ കാവ്യവിശേഷം ധ്വനിയാകുന്നു**=സുന്ദരശബ്ദാത്ഥവ്യാപാരസമുദായമായ ആ കാവ്യം ധ്വനിസംജ്ഞമാകുന്നു.

വിശേഷം ധ്വനിയാകുന്നു. ഇതിനാൽ, വാച്യചാരുത്വഹേതുക്കളായ ഉപമാദ്യലങ്കാരങ്ങളിൽനിന്നും വാചകചാരുത്വഹേതുക്കളായ അനുപ്രാ

(ധ്വനതീതി ധ്വനിഃ) യാതൊന്നു ധ്വനിപ്പിക്കുന്നുവോ എന്നു കർത്തൃവ്യുൽപത്തിയാൽ വാചകവിശേഷമായ ശബ്ദവും വാച്യവിശേഷമായ അർത്ഥവും, (ധ്വന്യതേ ഇതി ധ്വനിഃ) യാതൊന്നു ധ്വനിപ്പിക്കപ്പെടുന്നുവോ എന്നു കർമ്മവ്യുൽപത്തിയാൽ വ്യംഗ്യരൂപമായ അർത്ഥവും, (ധ്വനനം ധ്വനിഃ) ധ്വനിപ്പിക്കൽ ധ്വനനവ്യാപാരം എന്നു ഭാവവ്യുൽപത്തിയാൽ വ്യംജനയും ധ്വനിശബ്ദവാച്യമാണെന്നിരിക്കിലും ആവക നാലെണ്ണത്തിൻേറയും സമുദായമായ കാവ്യവിശേഷമാണ് മുഖ്യമായി ധ്വനിശബ്ദവാച്യമെന്ന് അഭിപ്രായം. ലക്ഷണകാരികയിലെ 'കാവ്യ'പദം കാവ്യവിശേഷപരമാണെന്നും വൈശിഷ്ട്യം അർത്ഥസിദ്ധമാകയാലാണ് വിശേഷിച്ചു പ്രയോഗിക്കാതിരുന്നതെന്നും ഓർമ്മിപ്പിക്കുന്നതിനായി വിശേഷപദം ചേർത്തുകൊണ്ടു വൃത്തികാരൻ കാവ്യപദത്തെ വിവരിക്കുന്നു **"ആ കാവ്യവിശേഷം"** എന്ന്. **കാവ്യവിശേഷം**=കാവ്യത്തിൻെറ വിശേഷം--വിശിഷ്ടരൂപമായ കാവ്യം, അതായതു്, ഉത്തമകാവ്യം എന്നു താൽപര്യം. കാവ്യത്തിന്നു് ഉത്തമമദ്ധ്യമാദിഭേദം പ്രസിദ്ധമാകയാൽ, "രസത്തിന്നു ന്യൂനാധികത്വാദിവിശേഷമില്ലാത്തതുകൊണ്ടു രസാത്മകമായ കാവ്യത്തിന്നു വിശേഷം സംഭവിയല്ല" എന്നും മററുമുള്ള മഹിമഭട്ടൻെറ ആക്ഷേപം അശ്രദ്ധേയമാകുന്നു. അഥവാ, കാവ്യവിശേഷമെന്നതിന്ന്, കാവ്യത്തിൻെറ=ഗുണാലങ്കാരസുന്ദരശബ്ദാർത്ഥമയമായ കാവ്യത്തിൻെറ, വിശേഷം=ആത്മസ്വരൂപമായ സാരാംശം എന്നർത്ഥം. കാവ്യവിശേഷം എന്നതിലെ കാവ്യഗ്രഹണംകൊണ്ടു ഗുണാലങ്കാരോപസ്കൃതശബ്ദാർത്ഥരൂപകാവ്യത്തിനുള്ള വിശേഷമേ ധ്വനിയാകയുള്ളുവെന്നും ആകയാൽ, "ഈ തടിയൻ പകൽ ഉണ്ണുന്നില്ല" എന്നു കേൾക്കുമ്പോൾ രാത്രിയുണ്ണുന്നുവെന്നു ഗമ്യമാകുന്നതിനാൽ ആവക ശ്രുതാർത്ഥാപത്തികൂടി ധ്വനിയാണെന്നു വരുമെന്നുള്ള ആക്ഷേപത്തിന്നു പ്രസക്തിയില്ലെന്നും സൂചിപ്പിച്ചിരിക്കുന്നു. **ഇതിനാൽ**=ധ്വനിലക്ഷണം ഇത്തരത്തിലാകയാൽ, **വാച്യവാചകചാരുത്വഹേതുക്കളായ ഉപമാദികളിൽനിന്നും അനുപ്രാസാദികളിൽനിന്നും**=വാച്യചാരുത്വജനകങ്ങളായ ഉപമാദ്യർത്ഥാലങ്കാരങ്ങളിൽനിന്നും, വാചകചാരുത്വഹേതുക്കളായ അനുപ്രാസാദിശബ്ദാലങ്കാരങ്ങളിൽനിന്നും; ആദിശബ്ദത്താൽ അർത്ഥഗുണം ശബ്ദഗുണം

സാദികളിൽനിന്നും ഭിന്നംതന്നെയാണ് ധ്വനിക്കുള്ള വിഷയമെന്നു കാണിച്ചിരിക്കുന്നു. ധ്വനി ലക്ഷണകാരന്മാർക്കുമാത്രം പ്രസിദ്ധമല്ലെങ്കിലും ലക്ഷ്യത്തിൽ അങ്ങിനെയല്ല. സഹൃദയാഹ്ലാദകാരിയായ കാവ്യതത്ത്വം അതുതന്നെയാണെന്നു ലക്ഷ്യങ്ങൾ പരിശോധിച്ചുനോക്കിയാൽ അറി

എന്നിവയെയും ഗ്രഹിക്കണം. **ഭിന്നംതന്നെയാണ് ധ്വനിക്കുള്ള വിഷയമെന്നു കാണിച്ചിരിക്കുന്നു**=സർവ്വഥാ വ്യതിരിക്തമാണ് ധ്വനിയെന്നു പ്രദർശിപ്പിച്ചിരിക്കുന്നു. വ്യംഗ്യവ്യഞ്ജകഭാവപ്രാണമായ ധ്വനി വാച്യവാചകഭാവോപജീവികളായ ഗുണാലങ്കാരങ്ങളിൽ അന്തർഭവിക്കുന്നതല്ലെന്നർത്ഥം. "വിശേഷേണ സിനോതി ബധ്നാതി സ്വസംബന്ധിനം പദാർത്ഥമിതി വിഷയഃ" (സ്വസംബന്ധിയായ പദാർത്ഥത്തെ വിശേഷേണ ബന്ധിക്കുന്നതേതോ അതു വിഷയം) എന്ന വ്യുൽപത്തിപ്രകാരം അനന്യത്രഭാവം—മറ്റൊന്നിൽ വരാത്ത സ്ഥിതി ആണല്ലോ വിഷയശബ്ദാർത്ഥം. അതുകൊണ്ട്, വിഷയഭേദമുണ്ടെന്നു വെച്ച് എന്തുകൊണ്ടു ഗുണാലങ്കാരങ്ങളിൽ അന്തർഭാവം വരികയില്ലെന്നുള്ള ആശങ്കയ്ക്കു പ്രസക്തിയില്ലെന്നു സൂചിപ്പിച്ചിരിക്കുന്നു. ഇങ്ങിനെ നിർദ്ദോഷലക്ഷണദ്വാരാ ധ്വനിസദ്ഭാവം സമർത്ഥിച്ചിരിക്കുന്നതിനാൽ **"അതുകൂടാതെ വേറെ എന്തൊന്നാണ് ധ്വനിയെന്നു പറയുന്നതു്"** എന്ന ആദിമമായ അഭാവവാദത്തെ നിരാകരിച്ചിരിക്കുന്നതായി ധരിക്കണം. **"പ്രസിദ്ധപ്രസ്ഥാനത്തിന്നു്—"** എന്നിങ്ങിനെ രണ്ടാമത്തെ അഭാവവാദപ്രകാരത്തെ മുക്തകണ്ഠം അനുവദിച്ചു നിഷേധിച്ചപോലെ ആദ്യത്തെ അഭാവവാദത്തെ അനുവദിച്ചു നിരാകരിച്ചുകാണാത്തതിനാൽ "അപ്രതിഷിദ്ധമനുമതം ഭവതി" എന്ന ന്യായപ്രകാരം അതു സമ്മതമാണെന്നു വിചാരിച്ചുപോകരുതു്. **ധ്വനി ലക്ഷണകാരന്മാർക്കുമാത്രം പ്രസിദ്ധമല്ലെങ്കിലും**=അലങ്കാരശാസ്ത്രകാരന്മാരായ ഭാമഹദണ്ഡിപ്രഭൃതികൾക്ക് ധ്വനി പ്രസിദ്ധമല്ലെങ്കിലും—ധ്വനിസ്വരൂപവിവേകമില്ലെന്നിരിക്കിലും, ഉണ്ടായിരുന്നുവെങ്കിൽ ശൃംഗഗ്രാഹികയാ നിർദ്ദേശിക്കുമായിരുന്നു എന്നു താൽപര്യം. **ലക്ഷ്യത്തിൽ അപ്രസിദ്ധമല്ല**=രാമായണാദിലക്ഷ്യങ്ങളിൽ പ്രസിദ്ധംതന്നെയാണ്, **സഹൃദയാഹ്ലാദകാരിയായ കാവ്യതത്ത്വം അതുതന്നെയാണെന്നു പരിശോധിച്ചുനോക്കിയാലറിയുന്നതാണു്**=സഹൃദയചമൽകാരകാരിയും സാരരൂപവ

യുന്നതാണ്. അതുകൊണ്ട്, "പ്രസിദ്ധപ്രസ്ഥാനത്തിൽനിന്ന് അതിരിക്തമായ മാർഗത്തിന്നു കാവ്യത്വമില്ലാത്തതിനാൽ ധ്വനിയെന്നൊരു വസ്തുതന്നെയില്ല" എന്നു പറഞ്ഞിരിക്കുന്നതും യുക്തമല്ല. അതിൽനിന്നു വ്യതിരിക്തമായതു ചിത്രമെന്നു മേലെ നിരൂപിക്കുന്നതാണ്.

മായ കാവ്യജീവിതം അതുതന്നെയാണെന്നു സൂക്ഷ്മദൃഷ്ട്യാ പരിശോധിച്ചാൽ വ്യക്തമാവുന്നതാണ്. ധ്വന്യഭാവവാദികളുടെ പക്ഷത്തിൽ ധ്വനി അലക്ഷണീയമാണെന്നതിലേക്ക് എന്തൊന്നാണ് ഹേതു? ലക്ഷണകാരാപ്രസിദ്ധിയോ ലക്ഷ്യാപ്രസിദ്ധിയോ? ലക്ഷണകാരാപ്രസിദ്ധിയെന്ന ഹേതു വിരുദ്ധമാണ്. ലക്ഷണകാരന്മാൎക്ക് അപ്രസിദ്ധമായതുകൊണ്ട് നേരെമറിച്ചു ധ്വനി അവശ്യം ലക്ഷണീയമാണെന്നല്ലേ വരിക? അതിനാൽ അപ്രസിദ്ധത്വമെന്ന ഹേതു സാദ്ധ്യവിപരീതമായ ലക്ഷണീയതയാൽ വ്യാപ്തമാകയാൽ വിരുദ്ധമാകുന്നു. ലക്ഷ്യങ്ങളിൽ ധ്വനിസത്ത പരിശോധിച്ചാൽ അറിയാവുന്നതുകൊണ്ടു ലക്ഷ്യാപ്രസിദ്ധി എന്ന ഹേതു അസിദ്ധവുമാണ് എന്നു ഭാവം. **അതുകൊണ്ടു**=ധ്വന്യഭാവവാദികളിൽ രണ്ടാമത്തെ കൂട്ടർ ഉപന്യസിക്കുന്ന ഹേതു വിരുദ്ധവും അസിദ്ധവുമാകയാൽ, **"പ്രസിദ്ധപ്രസ്ഥാനത്തിൽനിന്നു്—എന്നു പറഞ്ഞിരിക്കുന്നതും**=എന്നിങ്ങിനെയുള്ള ദ്വിതീയാഭാവവാദിപക്ഷവും, **യുക്തമല്ല**=അസംബദ്ധമാകുന്നു. ധ്വനി ഗുണാദിവ്യതിരിക്തമാണെങ്കിൽ നൃത്തഗീതാദികളുമാണെന്നു വരുമല്ലോ എന്ന് ആശങ്കിക്കുന്നതും ശരിയല്ല. നൃത്തഗീതാദികൾ കവിവ്യാപാരഗോചരത്വമില്ലായ്കയാൽ കാവ്യമേ ആകാത്തതുകൊണ്ട് കാവ്യശബ്ദംകൊണ്ടുതന്നെ വ്യാവൃത്തി വരുന്നതാണ്. **അതിൽനിന്നു വ്യതിരിക്തമായതു്**=ധ്വനികാവ്യത്തിൽനിന്നു ഭിന്നമായ കാവ്യം, **ചിത്രമെന്നു**=ചിത്രകാവ്യമെന്ന്, വൃത്താദിനിബന്ധനവൈചിത്ര്യത്താൽ വിസ്മയകാരിയാകകൊണ്ട് ചിത്രമെന്നു വ്യവഹരിക്കപ്പെടുന്നു. സഹൃദയാഭിലഷണീയവും ചമൽകാരസാരവുമായ രസത്താൽ നിഷ്പന്നമാകയാലല്ല, കാവ്യാനുകാരിയും ചിത്രകല്പവും കലാമാത്രരൂപവുമാകയാലാണ് ചിത്രപദവാച്യത്വമെന്നു താൽപര്യം. **മേലേ നിരൂപിക്കുന്നതാണ്**=

"വ്യംഗ്യപ്രാധാന്യതദ്ഭിന്ന-ഭാവത്താൽ കാവ്യമീവിധം
ദ്വിധാ സ്ഥാപിക്കയാൽ മററു-ള്ളതൊക്കെ ച്ചിത്രമെന്നതാം."

അതുകൂടാതെ, "കാമനീയകത്തെ അതിലംഘിക്കാത്തപക്ഷം അതു മുൻപറഞ്ഞ ചാരുത്വഹേതുക്കളിൽത്തന്നെ അന്തർഭവിക്കുന്നതാണ്" എന്നു പറഞ്ഞിരിക്കുന്നതും അസമീചീനമാണ്. വാച്യവാചകങ്ങളെ മാത്രം ആശ്രയിച്ചിരിക്കുന്ന പ്രസ്ഥാനത്തിൽ വ്യംഗ്യവ്യംജകമാത്രാവലംബിയായി വ്യവസ്ഥിതമായ ധ്വനിക്ക് എങ്ങിനെയാണന്തർഭാവം? വാച്യവാചകചാരുത്വഹേതുക്കളാകട്ടെ അതിൻെറ അംഗങ്ങളാകുന്ന, അംഗിരൂപങ്ങളല്ല എന്നു പ്രതിപാദിക്കാൻ പോകുന്നതുമുണ്ട്. ഈ വിഷയത്തിലുള്ള പരികരശ്ലോകം ഇതാണ്.

വ്യംഗ്യവ്യംജകസംബന്ധ-നിബന്ധനമതാം ധ്വനി

എന്നിങ്ങിനെ തൃതീയോദ്ദ്യോതത്തിൽ വിവരിച്ചു പ്രതിപാദിക്കുന്നതാണ്. **കാമനീയക--ന്നതും**=എന്നിപ്രകാരം മുൻപറഞ്ഞ തൃതീയാഭാവവാദിപക്ഷവും, **അസമീചീനമാണ്**=യുക്തമല്ല. **വാച്യവാചകങ്ങളെമാത്രം ആശ്രയിച്ചിരിക്കുന്ന**=ശബ്ദാർത്ഥങ്ങളെമാത്രമവലംബിച്ചിരിക്കുന്ന, **പ്രസ്ഥാനത്തിൽ**=ഗുണാലങ്കാരമാർഗ്ഗത്തിൽ, **വ്യംഗ്യവ്യംജകമാത്രാവലംബിയായി**=വ്യംഗ്യവ്യംജകങ്ങളെമാത്രമവലംബിച്ചിരിക്കുന്നതായി, **വ്യവസ്ഥിതമായ**=സ്ഥാപിക്കപ്പെട്ട, **ധ്വനിക്ക്**=ധ്വനനത്തിന്ന്, **എങ്ങിനെയാണന്തർഭാവം**=വാച്യവാചകഗുണാലങ്കാരാദിരൂപത്വം പറയുക ശക്യമല്ല. **വാച്യവാചകചാരുത്വഹേതുക്കളാകട്ടെ**=വാച്യവാചകങ്ങൾക്കു ചാരുത്വാധായകങ്ങളാണെന്നു പ്രസിദ്ധങ്ങളായ ഗുണാലങ്കാരാദികളാകട്ടെ, **അതിൻെറ അംഗങ്ങളാകുന്നു**=ധ്വനിക്ക് ഉപസ്കാരകങ്ങളാകയാൽ അംഗങ്ങളാകുന്നു, **അംഗിരൂപങ്ങളല്ല**=ഉപസ്കാര്യങ്ങളായ ധ്വനിരൂപങ്ങളല്ല, **പ്രതിപാദിക്കാൻ പോകുന്നതുമുണ്ട്**=മേലെ സമർത്ഥിക്കാൻ പോകുന്നുണ്ടുതാനും. **ഈ വിഷയത്തിലുള്ള**=ധ്വനി ഗുണാലങ്കാരപ്രസ്ഥാനത്തിൽ ഉൾപ്പെടുകയില്ലെന്ന വിഷയത്തിലുള്ള, **പരികരശ്ലോകം**=പരികരത്തിനുള്ള ശ്ലോകം. പരികരം=കാരികയിൽ പറയാത്തതും ആവശ്യകവുമായ അർത്ഥത്തെ നിർദ്ദേശിച്ചുകൊണ്ടുള്ള ദാർഢ്യാപാദനം. **ഇതാകുന്നു**=താഴെകാണിക്കുന്നതാകുന്നു.

വ്യംഗ്യവ്യംജകസംബന്ധനിബന്ധനമതാം ധ്വനി=നിയമേന •വ്യംഗ്യവ്യംജകഭാവരൂപമായ സംബന്ധത്തോടു

വാച്യവാചകചാരുത്വ-ഹേതുക്കളിലടങ്ങുമോ?

'പക്ഷേ, പ്രതീയമാനമായ അർത്ഥത്തിന്ന് എവിടെ വിശദപ്രതീതിയുണ്ടാകുന്നില്ലയോ അതു ധ്വനിക്കു വിഷയമാകേണമെന്നില്ല. എന്നാൽ, എവിടെ താദൃശപ്രതീതിയുണ്ടാവുന്നുവോ അവിടെ അതായതു്, സമാസോക്തി, ആക്ഷേപം, അനുക്തനിമിത്തവിശേഷോക്തി, പര്യായോക്തം, അപഹ്നുതി, ദീപകം, സങ്കരാലങ്കാരം മുതലായവയിൽ ധ്വനിക്കു് അന്തർഭാവം വരാമല്ലോ' എന്നുള്ള ആശങ്കയെ നിരാകരിക്കുന്നതിനായ് 'ഗുണീകൃതസ്വാർത്ഥം' എന്നു പറഞ്ഞിരിക്കുന്നു. ഗുണീ

കൂടിയ ധ്വനി, **വാച്യവാചകചാരുത്വഹേതുക്കളിൽ**=വാച്യവാചകങ്ങൾക്കു ചാരുത്വാധായകങ്ങളായ ഗുണാലങ്കാരങ്ങളിൽ, **അടങ്ങുമോ**=ഉൾപ്പെടുമോ? ഒരിക്കലുമില്ല. എന്നു പരികരശ്ലോകാർത്ഥം.

അനന്തരം ലക്ഷണകാരികയിലെ **"ഗുണീകൃതസ്വാത്ഥം"** എന്ന പദത്തെ പ്രയോജനപ്രദർശനാർത്ഥം അവതരിപ്പിച്ചു വൃത്തിയിൽ വ്യാഖ്യാനിക്കുന്നു **"പക്ഷേ—"** ഇത്യാദിയാൽ. **പക്ഷേ**=പക്ഷാന്തരത്തിൽ, **പ്രതീയമാനമായ അർത്ഥത്തിന്നു്**=വ്യംഗ്യരൂപമായ അർത്ഥത്തിന്നു്, **എവിടെ**=ഏതൊരലങ്കാരത്തിൽ, **വിശദപ്രതീതിയുണ്ടാവുന്നില്ലയോ**=ചാരുതയോടും സ്ഫുടതയോടുമുള്ള പ്രതീതി വരുന്നില്ലയോ, **അതു്**=ആ അലങ്കാരം, **ധ്വനിക്കു വിഷയമാവണമെന്നില്ല**=ധ്വനിവ്യവഹാരത്തിന്നു് ആസ്പദമാകണമെന്നില്ലെന്നു സമ്മതിക്കാം, **എന്നാൽ**=അതിന്നു വിപരീതമായി, **എവിടെ**=എങ്ങു്—ഏതലങ്കാരങ്ങളിൽ, **താദൃശപ്രതീതിയുണ്ടാവുന്നുവോ**=മനോഹരവും സ്ഫുടവുമായ പ്രതീതി സംഭവിക്കുന്നുവോ, **അവിടെ**=ആവക അലങ്കാരങ്ങളിൽ, ആവക അലങ്കാരങ്ങളെ നാമനിർദ്ദേശപൂർവ്വം പ്രദർശിപ്പിക്കുന്നു **"സമാസോക്തി—"** ഇത്യാദിയാൽ. വൃത്തിയിലെ **"ഇത്യാദി"** ശബ്ദത്താൽ പ്രതിവസ്തൂപമ, ദൃഷ്ടാന്തം മുതലായവയെ ഗ്രഹിച്ചുകൊൾക. **ധ്വനിക്കു് അന്തർഭാവം വരാമല്ലോ**=ആവക അലങ്കാരങ്ങൾ ധ്വനിവ്യവഹാരത്തിന്നു വിഷയമാകാമല്ലോ, **എന്നുള്ള ആശങ്കയെ നിരാകരിക്കുന്നതിന്നായി 'ഗുണീകൃതസ്വാത്ഥം' എന്നു പറഞ്ഞിരിക്കുന്നു**=ലക്ഷണകാരികയിൽ **'ഗുണീകൃതസ്വാത്ഥം'** എന്നിങ്ങിനെ വിധേയവിശേഷണരീതിയിൽ ശബ്ദാത്ഥങ്ങളിലൊന്നിനെ വിശേഷിപ്പി

കൃതാൎത്ഥമായ ശബ്ദമോ ഗുണീകൃതാത്മാവായ അൎത്ഥമോ എവിടെ അൎത്ഥാന്തരത്തെ വ്യംജിപ്പിക്കുന്നുവോ അതാണ് ധ്വനിയെന്നു പറയുന്നതു്. അതിനാൽ, അവയിൽ ധ്വനി എങ്ങിനെയാണന്തൎഭവിക്കുക? വ്യംഗ്യപ്രാധാന്യമുണ്ടെങ്കിലല്ലേ ധ്വനി? സമാസോക്ത്യാദികളിൽ വ്യംഗ്യത്തിന്നു പ്രാധാന്യമില്ലല്ലോ.

ച്ചിരിക്കുന്നതു് അത്തരം ആശങ്കയ്ക്കു് അവകാശമില്ലാതാക്കുവാനാണെന്നൎത്ഥം. "ഗുണീകൃതസ്വാൎത്ഥം" എന്ന വിശേഷണത്തിന്റെ അൎത്ഥം പ്രദൎശിപ്പിച്ചുകൊണ്ടു് അത്തരം ആശങ്കയ്ക്കു് അനവകാശം സമൎത്ഥിക്കുന്നു "**ഗുണീകൃതാൎത്ഥമായ—**" ഇത്യാദിയാൽ. **ഗുണീകൃതാത്മാവായ**=ഗുണീകൃതസ്വരൂപമായ; കാരികയിലെ 'ഗുണീകൃതസ്വാൎത്ഥ'മെന്നതിനെ ശബ്ദവിശേഷണമായെടുക്കുമ്പോൾ അതിന്നു ഗുണീകൃതമായ, സ്വസ്യ അൎത്ഥം=സ്വാൎത്ഥം എന്നും അൎത്ഥവിശേഷണമായെടുക്കുമ്പോൾ സ്വം=സ്വരൂപമായ അൎത്ഥം—സ്വാൎത്ഥമെന്നും സമാസഭേദത്താൽ അൎത്ഥഭേദം കണ്ടുകൊള്ളേണമെന്നു താല്പൎയ്യം. ഗുണീകൃതാൎത്ഥമായ ശബ്ദമോ ഗുണീഭൂതമായ അൎത്ഥമോ എന്നു പൎയ്യവസിതമായ അൎത്ഥം. **എവിടെ**=ഏതു സന്ദൎഭത്തിൽ, **അൎത്ഥാന്തരത്തെ**=വാച്യലക്ഷ്യവ്യതിരിക്തമായ മറ്റൊരൎത്ഥത്തെ, **വ്യംജിപ്പിക്കുന്നുവോ**=വ്യംജനയെന്ന പ്രസിദ്ധവ്യാപാരാതിരിക്തവ്യാപാരത്താൽ പ്രകാശിപ്പിക്കുന്നുവോ, **അതാണ് ധ്വനിയെന്നു പറയുന്നതു്**=ആ സന്ദൎഭമാണ് ധ്വനികാവ്യമെന്നു പറയപ്പെടുന്നതു്, **അതിനാൽ**=ഗുണീഭൂതമായ അൎത്ഥമോ ഗുണീകൃതാൎത്ഥമായ വാചകമോ അൎത്ഥാന്തരത്തെ പ്രാധാന്യേന വ്യംജിപ്പിക്കുന്നതായാലാണ് ധ്വനിയെന്നു സിദ്ധാന്തിച്ചിരിക്കുന്നതിനാൽ, **അവയിൽ ധ്വനിയെങ്ങിനെയാണന്തൎഭവിക്കുക**=സമാസോക്ത്യാദ്യലങ്കാരങ്ങളിൽ ധ്വനി അന്തൎഭവിക്കുന്നതെങ്ങിനെ? **വ്യംഗ്യപ്രാധാന്യമുണ്ടെങ്കിലല്ലേ ധ്വനി**=വ്യംഗ്യാൎത്ഥത്തിന്നു പ്രാധാന്യമുണ്ടെങ്കിൽ മാത്രമല്ലേ ധ്വനിയാവുകയുള്ളൂ? **സമാസോക്ത്യാദികളിൽ വ്യംഗ്യത്തിന്നു പ്രാധാന്യമില്ലല്ലോ**=സമാസോക്തി, ആക്ഷേപം, അനുക്തനിമിത്തവിശേഷോക്തി, പൎയ്യായോക്തം മുതലായവയിൽ വ്യംഗ്യാൎത്ഥം വാച്യാൎത്ഥോപസ്കാരകമാകയാൽ അതിന്നു പ്രാധാന്യമില്ലെന്നുള്ളതു സിദ്ധമല്ലേ?

"ദ്യുതിലോലതാരകവിഭാവരീമുഖം
മതി രക്തനായി വിരവിൽ ഗ്രഹിച്ചുതേ
പതിതം പുരോപി തിമിരാംശുകം തുലോ-
മതിരാഗമൂലമറിയാത്തൊരാവിധം."

"വാച്യാത്ഥവിമുഖന്മാരാം കാവ്യജ്ഞക്കതിവേഗമായ്
ആയത്ഥമവഭാസിപ്പൂ തത്ത്വാത്ഥാദശിബുദ്ധിയിൽ."

എന്ന പ്രകാരം, പ്രതീതിസമയത്ത് അഖണ്ഡചവ്വണാവിശ്രാന്തി നിമിത്തം പ്രാധാന്യാപ്രാധാന്യവിവേകത്തിന്ന പ്രസക്തിയില്ലെങ്കിലും ജീവിതപരിശോധനയിൽ, വ്യംഗ്യാത്ഥം വാച്യാത്ഥത്തെ ഉപസ്കരിച്ചുകൊണ്ടു വിലസുന്നതായിട്ടാണ് വിവേചകന്മാക്ക് അനുഭവപ്പെടുന്നതു്. അതിനാൽ, വ്യംഗ്യാത്ഥത്തിന്ന് ഉപസ്കാരകത്വരൂപമായ അലങ്കാരത്വം തന്നെയാണുള്ളതു്. സമാസോക്ത്യാദിസ്ഥലത്തു്, പയ്യാലോചനയിൽ പായ്യന്തികമായി രസധ്വനിക്കുകൂടി പ്രസക്തിയുണ്ടെങ്കിലും അപ്രകൃതമായ വ്യംഗ്യാത്ഥം സ്വതന്ത്രമായി രസോന്മുഖമാകാതെ വാച്യാത്ഥത്തെ സംസ്കരിച്ചുകൊണ്ട് അംഗഭാവം കൈക്കൊള്ളുന്നതിനാൽ താദൃശസന്ദഭത്തിന്ന ഗുണീഭൂതവ്യംഗ്യകാവ്യത്വം പറയപ്പെടുന്നു. ഇതിനെപ്പററി 'കാവ്യജീവിതവൃത്തി'യിലെ മദ്ധ്യമകാവ്യനിരൂപണാവസരത്തിൽ വിവരിച്ചു പ്രതിപാദിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ വീണ്ടും വിസ്തരിക്കുന്നില്ല.

ദ്യുതിലോലതാരകവിഭാവരീമുഖം=ദ്യുതിയാൽ—കാന്തിയാൽ—ഉപലക്ഷിതമായ ചലനമാന്ന താരകകളോടു—രാത്രിപക്ഷത്തിൽ, നക്ഷത്രങ്ങളോടു നായികാപക്ഷത്തിൽ, കൃഷ്ണമണികളോടു—കൂടിയ; **വിഭാവരീമുഖം**=രജനീമുഖത്തെ; **മതി**=ചന്ദ്രൻ; **രക്തനായി**=സന്ധ്യാരാഗത്തോടു കൂടിയവനായി, അപ്രസ്തുതപക്ഷത്തിൽ, അനുരക്തനായി; **വിരവിൽ**=ഝടിതി, പക്ഷാന്തരത്തിൽ, പ്രേമസംഭ്രമത്തോടുകൂടി; **ഗ്രഹിച്ചുതേ**=ആക്രമിച്ചു—സ്വോദയംകൊണ്ടു ശോഭിപ്പിച്ചു; നായികാപക്ഷത്തിൽ ചുംബിക്കുവാനായി ഗ്രഹിച്ചു; എങ്ങിനെ? **പുരോപി**=പൂവ്വദിക്കിലാകട്ടെ—കിഴക്കുഭാഗത്തിലാകട്ടെ, വിഭാവരീപക്ഷത്തിൽ, മുമ്പിൽത്തന്നെ; **പതിതം**=ശമിച്ചുപോയ—ഇല്ലാതായ, പക്ഷാന്തരത്തിൽ വീണുപോയ; **തിമിരാംശുകം**=അംശുകം (വസ്ത്രം) പോലെയിരിക്കുന്ന തിമിരം—ഇരുട്ട്—ഇരുൾപ്പരപ്പ്. 'തിമിരാംശുകം' എന്ന പദത്തെ രൂപകത്തിൽനിന്നു രക്ഷിക്കുവാനായി

"തിമിരഞ്ചാംശുകാശ്ച സൂക്ഷ്മാഃ അംശവഃ തിമിരാംശുകം രശ്മിശബലീകൃതം തമഃപടലം" എന്നിങ്ങിനെ ലോചനത്തിൽ വ്യാഖ്യാനിച്ചപ്രകാരം ക്ലേശിച്ചിട്ടാവശ്യമുണ്ടെന്ന തോന്നുന്നില്ല. പക്ഷാന്തരത്തിൽ തിമിരാംശുകം—നീലാവഗുണ്ഠനം. അതു നവോഢയായ പ്രൌഢയ്ക്കു് ഉചിതമാണല്ലോ. **അതിരാഗമൂലം**=അത്യന്തം അരുണിമയാൽ, പക്ഷാന്തരത്തിൽ അനുരാഗാതിശയത്താൽ; **തുലോം അറിയാത്തൊരാവിധം**=ജനങ്ങളാൽ കാണാൻ മാത്രമല്ല അനുമാനിക്കാൻപോലും സാധിക്കാത്തവിധം—പക്ഷാന്തരത്തിൽ നായികയ്ക്കു് ആലോചിക്കാൻ തന്നെ സാധിക്കാത്തവിധം; എന്നിങ്ങിനെ പ്രസ്തുതപരവും അപ്രസ്തുതപരവുമായ ശ്ലോകാൎത്ഥം.

തൻെറ മുമ്പിൽ വീണുപോയ അവഗുണ്ഠനം കാണുകയോ മനസ്സിലാക്കുകയോ ചെയ്യാൻ കഴിയാത്തവിധം—അത്ര വികാരപരവശയാകത്തക്കവണ്ണം—നായികയുടെ മുഖത്തെ അനുരക്തനായ നായകൻ ഗ്രഹിച്ചു, എന്നുവെച്ചാൽ, മുഖത്തു കാമശാസ്ത്രോക്തമായ 'ഗ്രഹണചുംബനം' നടത്തി; എന്നിങ്ങിനെയുള്ള അപ്രകൃതാൎത്ഥം വിശേഷണമാഹാത്മ്യത്താൽ വ്യംജിക്കതന്നെയാണു് ചെയ്യുന്നതു്. എന്നാൽ, വ്യംഗ്യരൂപമായ ആ അൎത്ഥം വാച്യാൎത്ഥത്തിന്നു് അവച്ഛേദകമായിട്ടാണു് അവഭാസിക്കുന്നതു്; അതായതു്, നായികാനായകവൃത്താന്തം നിശാശശികളെ ശൃംഗാരവിഭാവങ്ങളാക്കി സ്സംസ്കരിക്കയാണു് ചെയ്യുന്നതു്. അതുകൊണ്ടു നായികാനായകവ്യവഹാരം വ്യംഗ്യമാണെങ്കിലും അതിന്നു പ്രാധാന്യമില്ലായ്കയാൽ അലങ്കാരമായി ഭവിക്കുന്നു, ധ്വനിയാകുന്നില്ല. കവി സാധാരണവിശേഷണങ്ങളെ മനഃപൂൎവ്വം പ്രയോഗിച്ചു വ്യംജിപ്പിക്കുന്ന അപ്രകൃതവൃത്താന്തത്തിന്നു പ്രകൃതവൃത്താന്തത്തോടു് ഒരു വിധത്തിലും ബന്ധമില്ലെന്നു വരാൻ നിവൃത്തിയില്ല. അങ്ങിനെയാണെങ്കിൽ കവി അസംബദ്ധം പറയുന്നവനാണെന്നാവും. അതിനാൽ, വ്യംഗ്യമായ അപ്രകൃതവൃത്താന്തത്തെ പ്രകൃതവൃത്താന്തത്തിൽ അവച്ഛേദകരൂപേണ ആരോപിക്കതന്നെ വേണം. അപ്പോഠം വ്യംഗ്യാൎത്ഥം വാച്യാൎത്ഥത്തെ ഉപസ്കരിച്ചു് അംഗരൂപമായവഭാസിക്കുന്നതിനാൽ സമാസോക്തി എന്ന അലങ്കാരമായിട്ടാണു് പരിണമിക്കുന്നതു്. പ്രാധാന്യമില്ലായ്കയാൽ ധ്വനിയാവുന്നില്ല. ഈ സംഗതിയെത്തന്നെയാണു് വൃത്തിയിൽ "**ഇത്യാദി സമാസോക്തികളിൽ**" ഇത്യാദി വാക്യത്താൽ പ്രതിപാദിക്കുന്നതു്.

ഇത്യാദിസമാസോക്തികളിൽ നായികാനായകവൃത്താന്താരോപത്തോട്ട

"വിശേഷണൈകസാമത്ഥ്യ-ഗമ്യാപ്രസ്തുതസംഭവം
സമാരോപിക്കിലോ വർണ്യ്യ സമാസോക്തിസമാഹ്വയം."
(കാവ്യജീവിതവൃത്തി)

എന്നാകുന്നു സമാസോക്തിലക്ഷണം. വിശേഷണങ്ങളുടെ സാമത്ഥ്യത്താൽമാത്രം ഗമ്യമാകുന്ന അപ്രസ്തുതധമ്മികവൃത്താന്തത്തെ പ്രസ്തുതവൃത്താന്തത്തിൽ ആരോപിക്കുന്നതു 'സമാസോക്തി' എന്ന അലങ്കാരമാകുന്നു. എന്നു ലക്ഷണകാരികയുടെത്ഥം. ദളപ്രയോജനവും മററും 'കാവ്യജീവിതവൃത്തി'യിൽ വിസ്തരിച്ചിരിക്കുന്നതു നോക്കി മനസ്സിലാക്കിക്കൊൾക. പ്രാധാന്യം വ്യംഗ്യത്തിനല്ല വാച്യത്തിന്നുതന്നെയാണെന്നു 'വൃത്തി'യിൽ പ്രതിപാദിക്കുന്നു "**നായികാനായക—**" ഇത്യാദിയാൽ. **നായികാനായകവൃത്താന്താരോപത്തോട്ടു കൂടിയ**=നായികയുടേയും നായകന്റേയും വൃത്താന്തങ്ങളുടെ ആരോപത്തോട്ടു കൂടിയ, വൃത്താന്തം=വ്യാപാരവിശേഷം. അവഗുണ്ഠനപതനാനവലോകനാദി നായികാവ്യാപാരം, മുഖചുംബനവിശേഷം നായകവ്യാപാരം എന്നു താൽപര്യം. ആവക വൃത്താന്തത്തിന്റെ ആരോപം=അവച്ഛേദകരൂപത്തിലുള്ള--വിശേഷണരൂപത്തിലുള്ള--അവഭാസനം. ഇവിടെ "നായികാനായക" എന്ന അംശത്തിൽ "പുമാൻ സ്ത്രിയാ" എന്ന സൂത്രപ്രകാരം ഏകശേഷത്തിന്നു പ്രസക്തിയുള്ളതുകൊണ്ട്, 'നായികാ ച നായകശ്ച നായകൌ തയോഃ വൃത്താന്തഃ' എന്നിങ്ങിനെ നായികയുടേയും നായകന്റേയും വൃത്താന്തം എന്ന അത്ഥത്തിൽ വ്യാകരണവിധിയനുസരിച്ചു നായകവൃത്താന്തമെന്നാണാവുകയെങ്കിലും സ്പഷ്ടപ്രതിപത്തിക്കായി നായികാനായകവൃത്താന്തമെന്നു പ്രയോഗിച്ചിരിക്കുന്നുവെന്നു ധരിക്കണം. അഥവാ, നായകേ വൃത്താന്തഃ=നായകവൃത്താന്തഃ, നായികായാഃ നായകവൃത്താന്തഃ=നായികാനായകവൃത്താന്തഃ. നായികയുടെ നായകവിഷയമായ വൃത്താന്തം എന്നത്ഥം. അതുപോലെ, നായകസ്യ വൃത്താന്തഃ=നായകവൃത്താന്തഃ നായികായാം നായകവൃത്താന്തഃ=നായികാനായകവൃത്താന്തഃ നായികാവിഷയമായ നായകവൃത്താന്തമെന്നത്ഥം. നായികാനായകവൃത്താന്തശ്ച നായികാനായകവൃത്താന്തശ്ച=നായികാനായകവൃത്താന്തൌ തയോരാരോപഃ നായികാനായകവൃത്താന്താരോപഃ എന്നിങ്ങിനെ സരൂപങ്ങളായ ആ രണ്ടുതരം

കൂടിയ നിശാശശികളിൽത്തന്നെ വാക്യാൎത്ഥം പൎയ്യവസാനിക്കുന്നതി നാൽ വ്യംഗ്യത്താലനുഗതമായ വാച്യത്തിന്നാണ് പ്രാധാന്യപ്രതീതി യുണ്ടാവുന്നതു്.

ശബ്ദങ്ങൾക്കും ഏകശേഷംചെയ്തു് ആരോപശബ്ദത്തോടു സമാസിപ്പിക്കുമ്പോൾ നായികാനായകവൃത്താന്താരോപം എന്നതന്നെയാണ് രൂപം സിദ്ധിക്കുക. അതിനാൽ കേവലവൈയാകരണന്മാൎക്കും നെററിചുളിപ്പിക്കുവാൻ അവകാശമില്ല. (താദൃശവൃത്താന്താരോപത്തോടുകൂടിയ) **നിശാശശികളിൽത്തന്നെ**=പുരഃപതിതമായ നീലജാലിക കാണാതിരിക്കുക മുതലായ നായികാവ്യാപാരത്തോടു കൂടിയ നിശയിലും, മുഖചുംബനാദിനായകവ്യാപാരത്തോടു കൂടിയ ശശിയിലും, **വാക്യാർത്ഥം പൎയ്യവസാനിക്കുന്നതിനാൽ**=വാക്യാൎത്ഥം നിഷ്പന്നമാകുന്നതിനാൽ, നായികാനായകവൃത്താന്തത്തോടു കൂടിയ നിശാശശികളുടെ വൃത്താന്തമാണല്ലോ വാക്യാൎത്ഥം. **വ്യംഗ്യത്താൽ അനുഗതമായ**=നായികാനായകവൃത്താന്തരൂപമായ വ്യംഗ്യത്താൽ വിശേഷിപ്പിക്കപ്പെട്ട, **വാച്യത്തിന്നാണ് പ്രാധാന്യപ്രതീതിയുണ്ടാവുന്നതു്**=നിശാശശിവൃത്താന്തത്തിന്നാണ് ഉപേയത്വാദിനിബന്ധനമായ പ്രാധാന്യം പ്രതിഭാസിക്കുന്നതു്. ഈ സ്ഥിതിക്ക്, സമാസോക്തിയിലെ വ്യംഗ്യാൎത്ഥം പ്രധാനമല്ലായ്കയാൽ ധ്വനിയല്ലെന്നുഭാവം.

അനന്തരം ആക്ഷേപോക്തിയിലെ വ്യംഗ്യവും ധ്വനിയല്ലെന്നു സമൎത്ഥിക്കുന്നു **"ആക്ഷേപോക്തിയിലും—"** ഇത്യാദിയാൽ.

"വക്ഷ്യമാണോക്തവിഷയം നിഷേധാഭാസമായിട്ടും
ആക്ഷേപമാമലങ്കാരം വിധ്യാഭാസവുമാമതു്."

(കാവ്യജീവിതവൃത്തി)

എന്നാണ് ആക്ഷേപാലങ്കാരലക്ഷണം. പ്രതിഷേധത്തിൽ താൽപൎയ്യമില്ലാതെ അൎത്ഥവിശേഷദ്യോതനത്തിനായി മാത്രം പ്രയോഗിക്കുന്ന നിഷേധം അപ്രതിഷ്ഠിതമാകയാൽ ആഭാസരൂപമാകുന്നു. അപ്രകാരമുള്ള വിധിയും ആഭാസരൂപംതന്നെ. ഈ രണ്ടുവകയും ആക്ഷേപമെന്ന അലങ്കാരമാകുന്നു. അൎത്ഥവിശേഷത്തെ ആക്ഷേപിക്കുന്നതു

(ആകർഷിക്കുന്നതു)കൊണ്ടു് ആക്ഷേപമെന്ന സംജ്ഞ അനപത്ഥമാണു്. അതിൽ നിഷേധാഭാസം വക്ഷ്യമാണവിഷയമെന്നും ഉക്തവിഷയമെന്നും രണ്ടുവിധം. വിധ്യാഭാസം ഒരേവിധത്തിലേ ഉള്ളു.

വക്ഷ്യമാണവിഷയത്തിന്നുദാഹരണം,

"കാണിക്കും ദയയെന്നിയെ ക്കണവനോടീമട്ടിലെൻതോഴി, നീ
കാണിക്കുന്നതു യുക്തമോ? നിലകവിഞ്ഞാലേതുമേ നിന്ദ്യമാം;
ക്ഷോണിത്തട്ടിനു ദീപമാം പ്രിയതമൻ പെട്ടീടുമക്കഷ്ടമെ-
ന്താണി! നാച്ചെവി തന്നു കേൾക്കുകഥവാ ചൊല്ലുന്നതില്ലൊന്നുമേ."

(പ്രണയവിലാസം)

ഇതിൽ നായികയോടു പ്രിയതമൻെറ കഷ്ടപ്പാടുകൾ പറയാൻ ഭാവിച്ചു് 'ചൊല്ലുന്നതില്ലൊന്നുമേ' എന്നു നിഷേധിച്ചിരിക്കയാൽ, അതായതു്, നിൻെറ പ്രിയതമനു കുളിയില്ല, ഊണില്ല, ഉറക്കമില്ല, കളിയില്ല, ചിരിയില്ല എന്നിങ്ങിനെ പറവാൻ ഉദ്ദേശിച്ച സംഗതികളെ നിഷേധിച്ചിരിക്കയാൽ, വക്ഷ്യമാണവിഷയമായ നിഷേധം. ആ നിഷേധം 'അത്യന്തം ക്രുദ്ധയും കഠിനഹൃദയയും വിവേകശൂന്യയുമായ നിന്നോടു പറഞ്ഞിട്ടു ഫലമില്ലെ'ന്ന അഭിപ്രായത്തിന്നു് ആക്ഷേപകമായിട്ടാണിരിക്കുന്നതു്. ആ അഭിപ്രായം കൂടാതെ വാക്യാത്ഥം നിരാകാംക്ഷമായ്ത്തീരുന്നതല്ല. അതിനാൽ, വ്യംഗ്യോപസ്കൃതമായ നിഷേധരൂപം തന്നെയാകുന്നു ചമൽകാരിയും പ്രധാനവും. നിഷേധമാണല്ലോ ഉപസ്കാർയ്യം.

ഉക്തവിഷയത്തിന്നു്,

"സ്മേരശ്രീസുമശയ്യ ദഭശയനം; നീഹാരനീരോല്ലസ-
ദ്ധാരം ഘോരഗരം വമിക്കുമരഗം; പാടീരമഗ്നിദ്രവം;
വാരം വാരമുദാരമാളി തുടരും ശീതോപചാരം ക്ഷത-
ക്ഷാരം സാരസചാരുദൃക്കിനു; കഥംകാരം കഥിക്കുന്നു ഞാൻ."

(പ്രണയവിലാസം)

ഇവിടെ നായികയുടെ സ്ഥിതി ഇന്നതരത്തിലാണെന്നു പറഞ്ഞിട്ടു്, "കഥംകാരം കഥിക്കുന്നു" എന്നിങ്ങിനെ നിഷേധിച്ചിരിക്കുന്നതു നായികയുടെ സങ്കടം വാചാമഗോചരമാണെന്ന അഭിപ്രായത്തിന്മേലാണല്ലോ. മുൻപറഞ്ഞപോലെ താദൃശാഭിപ്രായത്തോടു കൂടിയ നിഷേധരൂപമായ ആക്ഷേപംതന്നെയാണു് ചമൽകാരിയും പ്രധാനവും.

ആക്ഷേപോക്തിയിലും വ്യംഗ്യവിശേഷാക്ഷേപിയായ വാച്യത്തിന്നുതന്നെയാണ് ചാരുത്വം. വാക്യാൎത്ഥമാകട്ടെ ആക്ഷേപോ

വിധ്യാഭാസത്തിന്ന്,

"ശങ്കയ്ക്കെന്തവകാശമെൻപ്രിയ, ഗമിച്ചീടാനുറച്ചെങ്കിലാ-
തങ്കം വിട്ടു ഗമിക്കെനിക്കധികനാളുണ്ടായിടാ സങ്കടം;
തങ്കത്താരൊളിമേനിമാരിലഴകേറീടുന്നൊരേതാണ്ടൊരാ
മങ്കത്തയ്യിനഭാവിഭർത്തൃവിരഹം നിത്യോത്സവം നേർന്നിടാം."

(പ്രണയവിലാസം)

പ്രിയന്റെ പ്രയാണത്തിൽ നായികയ്ക്കു താൽപൎയ്യമില്ലായ്കയാൽ നിഷേധത്തിൽ പൎയ്യവസാനിക്കുന്ന ആഭാസരൂപമായ വിധി "അങ്ങു പിരിഞ്ഞുപോയാൽ ഞാൻ നിശ്ചയമായും മരിക്കും" എന്നുള്ള അൎത്ഥവിശേഷത്തിന്ന് ആക്ഷേപകമാകയാൽ ആക്ഷേപാലങ്കാരമാകുന്നു. വ്യംഗ്യരൂപമായ ആ അൎത്ഥവിശേഷത്താൽ ഉപസ്കൃതമായ വാച്യമാണ്—അതായത്, വിധ്യാഭാസമാണ്—ഇവിടെ ചമൽകാരിയും പ്രധാനവും; ഗുണീഭൂതമായ വ്യംഗ്യമല്ല. ആക്ഷേപാലങ്കാരത്തിന്റെ സ്വഭാവം ഇതാണ്. അധികവിവരം 'കാവ്യജീവിതവൃത്തി'യിൽനിന്നു ഗ്രഹിച്ചുകൊൾക.

ആക്ഷേപോക്തിയിലും=ആക്ഷേപോക്ത്യലങ്കാരത്തിലും, **വ്യംഗ്യവിശേഷാക്ഷേപിയായ**=അഭിപ്രായരൂപമായ വ്യംഗ്യത്തെ ആകൎഷിക്കുന്ന—ആശ്രയണംചെയ്യുന്ന, **വാച്യത്തിന്നുതന്നെയാണ്**=നിഷേധാഭാസരൂപമോ വിധ്യാഭാസരൂപമോ ആയ വാച്യാൎത്ഥത്തിന്നുതന്നെയാണ്—ആക്ഷേപ്യമായ വ്യംഗ്യത്തിന്നല്ല, ആക്ഷേപകമായ വാച്യത്തിന്നാണ്, **ചാരുത്വം**=ചാരുത്വനിദാനവും ഉപസ്കാൎയ്യത്വരൂപവുമായ പ്രാധാന്യം. ഹാരാദിഭൂഷകളാൽ ഭൂഷിതമായ അംഗനാംഗത്തിന്നല്ലാതെ ഹാരാദികൾക്കല്ലല്ലോ രമണീയത്വം; അതുപോലെ, വ്യംഗ്യത്താലുപസ്കൃതമായ വാച്യത്തിന്നാണ് ഇവിടെ ചാരുത്വാതിശയം; ഉപസ്കാരകമായ വ്യംഗ്യത്തിനല്ല. ആകയാൽ, ഉപസ്കാരകത്വരൂപഗുണീഭാവമല്ലാതെ ചാരുത്വനിദാനവും ഉപസ്കാൎയ്യത്വാത്മകവുമായ പ്രാധാന്യമില്ലായ്കകൊണ്ട് വ്യംഗ്യത്തിന്നു ധ്വനിവ്യപദേശപ്രസക്തിയില്ലെന്നു താൽപൎയ്യം. **വാക്യാൎത്ഥമാകട്ടെ**=വിവക്ഷിതമായ വാച്യാൎത്ഥമാകട്ടെ, **ആക്ഷേപോക്തി**

ക്തിസാമത്ഥ്യംകൊണ്ടാണല്ലോ പ്രധാനമായി ഗ്രഹിക്കപ്പെടുന്നതു്. അതിൽ ശബ്ദോപാത്തരൂപവും വിശേഷാഭിധാനേച്ഛയാൽ പ്രതിഷേധരൂപവുമായ ആക്ഷേപം വ്യംഗ്യവിശേഷത്തെ ആക്ഷേപിച്ചുകൊണ്ടാകുന്ന മുഖ്യമായ കാവ്യശരീരമായ്ത്തീരുന്നതു്. വാച്യവ്യംഗ്യങ്ങൾ

സാമത്ഥ്യംകൊണ്ടാണ്=അപ്രതിഷ്ഠിതമാകയാൽ ആഭാസരൂപമായ നിഷേധത്തിൻേറയോ വിധിയുടേയോ വ്യംഗ്യാത്ഥപ്രകാശനസാമത്ഥ്യത്താലാണ്, **പ്രധാനമായി ഗ്രഹിക്കപ്പെടുന്നതു്**=നിരാകാംക്ഷമായി പരിപൂണ്ണരൂപത്തിൽ ബോധവിഷയമാകുന്നതു്. **അതിൽ**=താദൃശസന്ദഭ്ത്തിൽ, **ശബ്ദോപാത്തരൂപവും**=ശബ്ദപ്രതിപാദിതവും, **വിശേഷാഭിധാനേച്ഛയാൽ പ്രതിഷേധരൂപവും ആയ**=അഭിപ്രായവിശേഷബോധനേച്ഛയോടു കൂടി പ്രയോഗിക്കപ്പെട്ടിരിക്കുന്ന നിഷേധാഭാസരൂപവും—അഭിപ്രായഗഭ്നിഷേധാഭാസരൂപവും—ആയ; പ്രതിഷേധമെന്നതു് വിധ്യാഭാസത്തിന്നു കൂടി ഉപലക്ഷണമാണെന്നു ധരിക്കണം. **ആക്ഷേപം**=ആക്ഷേപോക്ത്യലങ്കാരം, **വ്യംഗ്യവിശേഷത്തെ**=വക്ത്രഭിപ്രായരൂപവ്യംഗ്യത്തെ, **ആക്ഷേപിച്ചുകൊണ്ടാകുന്ന**=ആകഷിച്ചു് തദ്വിശിഷ്ടമായിട്ടാണ്, **മുഖ്യമായ കാവ്യശരീരമായിത്തീരുന്നതു്**=ഉപസ്കാൎയ്യരൂപത്തിൽ ചാരുത്വാശ്രയവും പ്രധാനവുമായ കാവ്യസ്വരൂപമായ് ഭവിക്കുന്നതു്. ആക്ഷേപ്യമായ വ്യംഗ്യത്തെ ആഗൂരണംചെയ്യുന്ന ആക്ഷേപകമായ വാച്യംതന്നെയാണ് ആക്ഷേപോക്തിസ്ഥലത്തു് ഉപസ്കാൎയ്യരൂപത്തിൽ ചാരുവായി വിലസുന്നതു്; അല്ലാതെ ആക്ഷേപ്യമായ വ്യംഗ്യമല്ല. അതിനാൽ, വാച്യംതന്നെയാണ് മുഖ്യമായ കാവ്യസ്വരൂപം എന്നു ഭാവം.

‘ആക്ഷേപോക്ത്യാദിസ്ഥലത്തു വാച്യത്തിന്നു വ്യംഗ്യോപസ്കാരകൃതമായ ചാരുത്വമുണ്ടെന്നോ അഥവാ ചാരുത്വാതിശയമുണ്ടെന്നോ സമ്മതിക്കാം. എന്നാൽ, അതുകൊണ്ടു് വ്യംഗ്യത്തിന്നു സ്വയമായുള്ള ചാരുത്വം അനാദരണീയമാകുന്നതല്ലല്ലോ? പിന്നെ എങ്ങിനെയാണ് താദൃശവ്യംഗ്യത്തിന്നു ധ്വനിവ്യപദേശഹേതുത്വമില്ലെന്നു പറയുന്നതു്? എന്നുമാത്രമല്ല, വാച്യാത്ഥപ്രതിപാദനം വ്യംഗ്യാത്ഥപ്രതീതിക്കുവേണ്ടിയാകയാൽ വ്യംഗ്യാത്ഥത്തിന്നുതന്നെയല്ലേ പ്രാധാന്യം?

ക്കുള്ള പ്രാധാന്യവിവക്ഷ ചാരുത്വോൽകഷനിബന്ധനമാണല്ലോ.

എങ്ങിനെയെന്നാൽ:—

"അഹോ രാഗിണിതാൻ സന്ധ്യ പകലോ തൽപുരസ്സരൻ
എങ്കിലും സംഗമമവൎക്കില്ല ദൈവേച്ഛ ചിത്രമാം."

പ്രവൃത്തി ഏതിന്നു വേണ്ടിയാണോ അതുതന്നെയാണ് പ്രധാനമെന്നുള്ളതു സൎവ്വസമ്മതവുമാണ്. ഈ സ്ഥിതിക്ക്, ആക്ഷേപാദ്യലങ്കാരസ്ഥലത്തു പ്രാധാന്യം വ്യംഗ്യത്തിനാകയാൽ എങ്ങിനെയാണ് അതു് ധ്വനിവ്യപദേശ്യമല്ലെന്നാവുക?' എന്ന ആശങ്കയെ പരിഹരിക്കുന്നു **"വാച്യവ്യംഗ്യങ്ങൾക്കുള്ള"** ഇത്യാദിയാൽ. **പ്രാധാന്യവിവക്ഷ**=പ്രാധാന്യനിശ്ചയം. വിവക്ഷ=വക്തുമിച്ഛ—വക്താവിന്റെ നിശ്ചയമെന്നു താൽപൎയ്യം. **ചാരുത്വോൽകർഷനിബന്ധനമാണല്ലോ**=ചാരുതയുടെ ഉൽകർഷത്തെ ആധാരമാക്കിക്കൊണ്ടുള്ളതാണല്ലോ. ഹാരാദ്യലങ്കാരത്തിന്നു സ്വന്തം നിലയിൽ ചാരുത്വമുണ്ടെന്നിരിക്കിലും ഉചിതസ്ഥാനനിബദ്ധമായ താദൃശാലങ്കാരം അലങ്കാൎയ്യത്തിന്നുണ്ടാക്കുന്ന ചാരുത്വം അതിലും ഉൽകൃഷ്ടമാണെന്നുള്ളതു് അനുഭവസിദ്ധമല്ലേ? അതിനാൽ ചാരുത്വം വ്യംഗ്യത്തിനുണ്ടെങ്കിലും തൽകൃതമായ ചാരുത്വോൽകർഷം വാച്യത്തിന്നുതന്നെയാണെന്നു ഭാവം. ഈ വിഷയത്തിൽ **"അഹോ രാഗിണി—"** ഇത്യാദി പദ്യം ഉത്തമദൃഷ്ടാന്തമാണെന്നു കാണിക്കുന്നു **"എങ്ങിനെയെന്നാൽ"** എന്നതുകൊണ്ട്. **രാഗിണിതാൻ സന്ധ്യ**=സന്ധ്യ രക്തതന്നെയാണ്. പ്രകൃതത്തിൽ രക്തവൎണ്ണയാണെന്നും അപ്രകൃതത്തിൽ അനുരക്തയാണെന്നും അൎത്ഥം. **പകലോ**=പകലാകട്ടെ, **തൽപുരസ്സരൻ**=സന്ധ്യയ്ക്കു മുമ്പിൽ നടക്കുന്നവൻ. അഥവാ സന്ധ്യയെ മുൻനടത്തുന്നവൻ. സായംസന്ധ്യ പകലിന്റെ പിന്നിലും പ്രാതസ്സന്ധ്യ പകലിന്റെ മുന്നിലുമാണല്ലോ. തസ്യാഃ പുരസ്സരഃ; സാ പുരസ്സരാ യസ്യ സഃ എന്നിങ്ങിനെ ഷഷ്ഠീതൽപുരുഷസമാസവും ബഹുവ്രീഹിസമാസവും തൽപുരസ്സരശബ്ദത്തിൽ സുവചമാകുന്നു. **എങ്കിലും സംഗമം അവൎക്കില്ല**=എന്നിട്ടും അവൎക്കു സമാഗമം സംഭവിക്കുന്നില്ല. **ദൈവേച്ഛ ചിത്രമാം**=ദൈവഗതി അചിന്ത്യവും അത്യന്തമാശ്ചൎയ്യകരവും തന്നെ. **അഹോ**=കഷ്ടം.

"ദ്യുതിലോല—" എന്നു മുമ്പുദാഹരിച്ച പദ്യത്തിലെന്ന പോലെ ഈ പദ്യത്തിലും വിശേഷണസാമൎത്ഥ്യത്താൽ ഗമ്യമാനമാകുന്ന നായികാനായകവ്യവഹാരം സമാസോക്തിക്കു വിഷയമായിരിക്കെ, ആക്ഷേപോക്തിക്കു് ഉദാഹരണമായി നിർദ്ദേശിച്ചതു യുക്തമാണോ എന്നു സംശയിക്കുന്നുവെങ്കിൽ, പറയാം:—മുമ്പു് സമാസോക്തിക്കു ഭാമഹാദികളുടെ പക്ഷവും ആക്ഷേപോക്തിക്കു വാമനപക്ഷവും അവലംബിച്ചു് ഓരോ ഉദാഹരണം എടുത്തു കാണിച്ചു പിന്നീടു വാമനപക്ഷപ്രകാരം മറെറാരാക്ഷേപപ്രഭേദം ഉദാഹരിച്ചു എന്നേയുള്ളു. *"ഉപമാനാക്ഷേപശ്ചാക്ഷേപഃ" എന്ന സ്വന്തം ആക്ഷേപലക്ഷണസൂത്രത്തെ, 'ഉപമാനത്തിൻെറ ആക്ഷേപം പ്രതിഷേധം ആക്ഷേപാലങ്കാരം' അതായതു്, തുല്യകാൎയ്യകാരിയാകകൊണ്ടു് ഉപമാനം നിരൎത്ഥമാണെന്നു വിവക്ഷിക്കുന്നതായാൽ ആക്ഷേപം എന്നും 'ഉപമാനത്തിൻെറ ആക്ഷേപം ആകൎഷണം' അതായതു്, ഉപമാനപ്രതീതി ആക്ഷേപലഭ്യമാവുക ആക്ഷേപാലങ്കാരം എന്നും രണ്ടു തരത്തിൽ വ്യാഖ്യാനിച്ചുകൊണ്ടു്, രണ്ടാമത്തേതിന്നു്, ഉദാഹരണമായി,

"ഐന്ദ്രം ധനുഃ പാണ്ഡുപയോധരേണ
ശരദ്ദധാനാർദ്രനഖക്ഷതാഭം
പ്രസാദയന്തീ സകലങ്കമിന്ദും
താപം രവേരഭ്യധികം ചകാര."

എന്ന പദ്യം നിർദ്ദേശിച്ചിരിക്കുന്നതു നോക്കുക. "അനുക്തൌ സമാസോക്തിഃ" എന്നു പറയുന്ന വാമനൻെറ സമാസോക്തിയാകട്ടെ, ഉപമേയത്തിൻെറ അനുക്തിയാണു്, ഉപമാനത്തിൻെറയല്ല എന്നും മററുമുള്ള വിചാരം 'കാവ്യാലങ്കാരസൂത്രവൃത്തി'യിൽനിന്നു ഗ്രഹിച്ചുകൊൾക. ഇങ്ങിനെ വാമനമതപ്രകാരം ആക്ഷേപോക്തിയാണെങ്കിലും ഭാമഹാദിമതപ്രകാരം സമാസോക്തിയാവുന്ന ഒരു പദ്യത്തെ ഉദാഹരണമായി വീണ്ടും നിർദ്ദേശിച്ചിരിക്കുന്ന ധ്വനികാരൻെറ അഭിസന്ധി 'അലങ്കാരം ഏതായാലും ശരി; ഈ വകയിലെ വ്യംഗ്യം ഗുണീഭൂതമല്ലാതെ ധ്വനിയാവുകയില്ലെന്നാണു് താൻ സാധിക്കുന്നതു്; അല്ലാതെ, അലങ്കാരവിചാരത്തിൽ തനിക്കു നിർബ്ബന്ധമില്ല' എന്നുള്ളതാകുന്നു.

* കാവ്യാലങ്കാരസൂത്രവൃത്തി, അധികരണം 4,

ഇവിടെ വ്യംഗ്യത്തിന്നു പ്രതീതിയുണ്ടെങ്കിലും ചാരുത്വോൽകർഷം വാച്യത്തിന്നാകകൊണ്ട് അതിന്നുതന്നെയാണ് പ്രാധാന്യവിവക്ഷ. എങ്ങിനെ ദീപകം, അപഹ്നുതി മുതലായവയിൽ ഉപമയ്ക്കു വ്യംഗ്യത്വേന പ്രതീതിയുണ്ടെങ്കിലും പ്രാധാന്യവിവക്ഷയില്ലായ്കയാൽ 'ഉപമ'യെന്ന വ്യപദേശം ഭവിക്കുന്നില്ലയോ അതുപോലെതന്നെ

ഇവിടെ=ആക്ഷേപാലങ്കാരസ്ഥലത്ത്, **വ്യംഗ്യത്തിന്നു പ്രതീതിയുണ്ടെങ്കിലും**=ആക്ഷേപലഭ്യമായി വ്യംഗ്യാർത്ഥം പ്രതീയമാനമാകുന്നുണ്ടെങ്കിലും, **ചാരുത്വോൽകർഷം**=സഹൃദയഹൃദയഗ്രാഹിയായ ചാരുത്വാതിശയം, **വാച്യത്തിന്നാകകൊണ്ട്**=വ്യംഗ്യോപസ്കൃതമായ വാച്യത്തിന്നാകയാൽ, **അതിന്നുതന്നെയാണ്**=വാക്യാർത്ഥരൂപമായ വാച്യത്തിന്നുതന്നെയാണ്—വാച്യോപസ്കാരകമായവഭാസിക്കുന്ന വ്യംഗ്യത്തിന്നല്ല, വ്യംഗ്യോപസ്കൃതമായി വിശ്രാന്തിസ്ഥാനഭൂതമായ വാച്യാർത്ഥത്തിന്നാണ്, **പ്രാധാന്യവിവക്ഷ**=പ്രധാനത്വനിശ്ചയം. പ്രകൃതസ്ഥലത്തു വ്യംഗ്യത്തിന്നു ചാരുത്വോൽകർഷനിബന്ധനമായ പ്രാധാന്യമില്ലായ്കയാൽ ധ്വനിവ്യപദേശത്തിന്ന് അർഹതയില്ലെന്നു താൽപര്യം.

ഇങ്ങിനെ പ്രാധാന്യവിവക്ഷ ചാരുത്വോൽകർഷനിബന്ധനമാണെന്നു സദൃഷ്ടാന്തം പ്രതിപാദിച്ചതിന്നുശേഷം ആ പ്രാധാന്യം തന്നെയാണ് വ്യപദേശനിദാനമെന്നു സദൃഷ്ടാന്തം സ്ഥാപിക്കുന്നു **"എങ്ങിനെ"** ഇത്യാദിയാൽ, **ദീപകം അപഹ്നുതി മുതലായവയിൽ**=ദീപകം, അപഹ്നുതി, ദൃഷ്ടാന്തം മുതലായ അലങ്കാരസ്ഥലങ്ങളിൽ, **ഉപമയ്ക്ക്**=ഉപമേയോപമാനഭാവത്തിന്ന്—സാദൃശ്യത്തിന്ന്, **വ്യംഗ്യത്വേന പ്രതീതിയുണ്ടെങ്കിലും**=വ്യംഗ്യരൂപത്തിൽ പ്രതീതിവരുന്നുണ്ടെങ്കിലും, **പ്രാധാന്യവിവക്ഷയില്ലായ്കയാൽ**=ഉപമയ്ക്കു ചാരുത്വോൽകർഷനിബന്ധനമായ പ്രാധാന്യം ഇല്ലായ്കയാൽ, **ഉപമയെന്ന വ്യപദേശം ഭവിക്കുന്നില്ലയോ**=ഉപമയെന്നു നാമനിർദേശം വരുന്നില്ലയോ, "പ്രാധാന്യാനുരോധേന വ്യപദേശാ ഭവന്തി" എന്ന ന്യായപ്രകാരം നാമനിർദേശത്തിന്നു നിദാനം പ്രാധാന്യമാണല്ലോ. **അതുപോലെതന്നെ**=ദീപകാദികളിൽ ഉപമയ്ക്കു പ്രാധാന്യമില്ലാത്തതുകൊണ്ട് ഉപമയെന്ന

ഇവിടെയും കണ്ടുകൊള്ളേണ്ടതാണ്.

വ്യപദേശം ഇല്ലാത്തതുപോലെതന്നെ, **ഇവിടെയും കണ്ടുകൊള്ളേണ്ടതാണ്**=ആക്ഷേപസ്ഥലത്തും ആക്ഷേപലഭ്യമായ വ്യംഗ്യത്തിന്നു പ്രാധാന്യമില്ലായ്കയാൽ ആ വ്യംഗ്യത്തേയോ കേവലം തദ്വിശിഷ്ടമായ കാവ്യത്തേയോ ധ്വനിയെന്നു വ്യപദേശിക്കാവുന്നതല്ലെന്നു ധരിക്കണം.

ഇങ്ങിനെ സമാസോക്തിയിലേയും ആക്ഷേപോക്തിയിലേയും വ്യംഗ്യം ധ്വനിയല്ലെന്നു സമത്ഥിച്ച ക്രമപ്രാപ്തമായ വിശേഷോക്തിയിലേയും സ്ഥിതി അപ്രകാരമാണെന്നു പ്രതിപാദിക്കുന്നു **"അനുക്തനിമിത്ത"** ഇത്യാദിയാൽ.

"കാൎയ്യാജനി വിശേഷോക്തി ഹേതുവുണ്ടായിരിക്കവെ"

(കാവ്യജീവിതവൃത്തി)

എന്ന ലക്ഷണപ്രകാരം 'കാരണമുണ്ടായിരുന്നിട്ടും കാൎയ്യമുണ്ടാവാതിരിക്ക'യെന്നതാണ് വിശേഷോക്തി. എന്നാൽ കാൎയ്യമുണ്ടാവാത്തതിനുള്ള കാരണം ചിലേടത്ത് ഉക്തമായും മററുചിലേടത്ത് ഊഹ്യമായും വേറെ ചിലേടത്ത് ഊഹിപ്പാൻപോലും അശക്യമായും കാണുന്നതുകൊണ്ട് പ്രകൃതാലങ്കാരം ഉക്തനിമിത്ത, അനുക്തനിമിത്ത, അചിന്ത്യനിമിത്ത എന്നിങ്ങിനെ മൂന്നു തരത്തിലാണെന്നും പറയുന്നു. യഥാക്രമം ഉദാഹരണം,

"ശിവൻ ദഹിപ്പിക്കുകിലും ലോകമൊക്കെ ക്കുഴക്കിടും
അവാൎയ്യവീൎയ്യനാം കാമ-ദേവനായ് കൈതൊഴുന്നു ഞാൻ."

(കാവ്യജീവിതവൃത്തി)

ലോകമൊക്കെ ക്കുഴക്കുന്നതിന്ന്, അതായത്, ലോകം കുഴക്കാതിരിക്കുക എന്ന കാൎയ്യം ഉണ്ടാവാത്തതിന്ന്, കാരണം കാമദേവൻെറ അവാൎയ്യവീൎയ്യത്വമാണ് എന്നു ഹേതു നിർദേശിക്കപ്പെട്ടിരിക്കയാൽ ഇതു് ഉക്തനിമിത്തയായ വിശേഷോക്തി.

"പല്ലുകളിളകീടുന്നൂ തലമുടിയെല്ലാം വെളുത്തു ചമയുന്നു
കണ്ണുകളിരുളാൎന്നീടു-ന്നൊന്നാലും ശ്രീവധൂവശം ചിത്തം."

(സുഭാഷിതരത്നാകരം)

ചിത്തം ശ്രീവധൂവശമാകുന്നതിനുള്ള കാരണം വിഷയസുഖതൃഷ്ണയാകുന്നു. ഇവിടെ അതു പറഞ്ഞിട്ടില്ല. ആകയാൽ 'അനുക്തനിമിത്ത'.

അനുക്തനിമിത്തവിശേഷോക്തിയായ—

"തൻകൂട്ടുകാർതൻ വിളികേട്ടുണന്നിതാ-
താൻകൂടിയുണ്ടെന്നവരോടു ചൊല്ലിലും
സങ്കല്പമെല്ലാം ഗമനത്തിനാകിലും
സങ്കോചമപ്പാന്ഥനൊഴിച്ചതില്ലഹോ."

ഇത്യാദിയിൽ വ്യംഗ്യത്തിന്നു പ്രകരണസാമർത്ഥ്യത്താൽ പ്രതീ

"മെയ്യെരിക്കിലുമേവൻെറ കയ്യൂക്കധൃഷ്യമീശനാൽ
അവനീ ഭുവനം മൂന്നും ജയിക്കുന്നിതനംഗനായ്."

(കാവ്യജീവിതവൃത്തി)

ഇതിൽ കാമൻെറ ദേഹം നശിച്ചിട്ടും കയ്യൂക്കു നശിക്കാതിരിക്കുന്നതി ന്നുള്ള കാരണം പറഞ്ഞിട്ടില്ല. അതു് ഊഹിക്കാനും ശക്യമല്ല. അതു കൊണ്ടു് ഈ വകയെ 'അചിന്ത്യനിമിത്ത'യെന്നു പറയുന്നു. ഈ മൂന്നു തരം വിശേഷോക്തികളിൽ അനുക്തനിമിത്തയിലല്ലാതെ മററു രണ്ടിലും വ്യംഗ്യപ്രതീതിക്കു പ്രസക്തിയില്ല. അതുകൊണ്ടാണു് വൃത്തിഗ്രന്ഥ ത്തിൽ വിശേഷോക്തിയെന്നു സാമാന്യമായി പറയാതെ **"അനുക്ത നിമിത്തവിശേഷോക്തിയായ"** എന്നിങ്ങിനെ പ്രത്യേകിച്ചു വിശേഷോക്തിയുടെ പ്രകാരവിശേഷത്തെമാത്രം നിർദേശിച്ചിരിക്കു ന്നതു്. വാസ്തവത്തിൽ 'അചിന്ത്യനിമിത്ത' എന്നൊരു പ്രത്യേകം വിഭാ ഗം ആവശ്യകമല്ലെന്നും അതു് 'അനുക്തനിമിത്ത'യിൽത്തന്നെ അന്ത ർഭവിക്കുമെന്നും മററുമുള്ള നവ്യാഭിപ്രായം 'കാവ്യജീവിതവൃത്തി'യിൽ നിന്നു മനസ്സിലാക്കിക്കൊൾക.

സങ്കല്പം=വിചാരം, **സങ്കോചം**=കൂച്ചിപ്പിടിച്ചു കിടക്കൽ. ശേഷം സുബോധം. കൂട്ടുകാരുടെ വിളികേട്ടുണരുക എന്ന കാരണമു ണ്ടായിട്ടും സങ്കോചമൊഴിക്കുക എന്ന കാൎയ്യമുണ്ടായില്ലെന്നു പറഞ്ഞി രിക്കയാൽ "കാൎയ്യാജനി—" എന്ന വിശേഷോക്തിസാമാന്യലക്ഷണം യോജിക്കുന്നു. കാൎയ്യമുണ്ടാവാഞ്ഞതിനുള്ള കാരണമായ ശൈത്യാധി ക്യപീഡ പറഞ്ഞിട്ടില്ലായ്കയാൽ വ്യംഗ്യമായിട്ടാണു് പ്രതിഭാസിക്കു ന്നതു്. **ഇത്യാദിയിൽ**=ഈവക വിശേഷോക്ത്യുദാഹരണങ്ങളിൽ, **വ്യംഗ്യത്തിന്നു്**=ആക്ഷേപലഭ്യമായ ശൈത്യകൃതാൎത്ത്യാദിരൂപ ത്തിന്നു്, **പ്രകരണസാമർത്ഥ്യത്താൽ**=താൽപൎയ്യാന്യഥാനുപപ

തിമാത്രമല്ലാതെ അതിന്നു ചാരുത്വനിഷ്പത്തിയില്ലായ്കയാൽ പ്രാധാന്യം

ത്തിരൂപമായ സന്ദർഭവൈശിഷ്ട്യത്താൽ, **പ്രതീതിമാത്രമല്ലാതെ**=കേവലം ബുദ്ധിവിഷയത്വമല്ലാതെ, **അതിന്ന്**=താദൃശവ്യംഗ്യത്തിന്ന്, **ചാരുത്വനിഷ്പത്തിയില്ലായ്കയാൽ**=സ്വതന്ത്രമായ നിലയിൽ ചാരുത്വാതിശയമില്ലായ്കയാൽ, **പ്രാധാന്യം ഭവിക്കുന്നില്ല**=ചാരുത്വോൽകർഷനിബന്ധനവും ധ്വനിവ്യപദേശനിദാനവുമായ പ്രാധാന്യം വരുന്നില്ല.

"തൻ കൂട്ടുകാർ—" എന്ന പദ്യത്തിൽ സങ്കോചം വിടാത്തതിന്നു നിമിത്തമായി അവഭാസിക്കുന്നതു ശൈത്യകൃതമായ പീഡയാണെന്നു പറയുന്നില്ല. അതിന്ന് ഒരു വിധത്തിലും ചാരുത്വമില്ലെന്നുള്ളതു ശരിതന്നെ. എന്നാൽ, 'സ്വപ്നത്തിൽ കാന്താസമാഗമസുഖം അനുഭവിച്ചുകൊണ്ടിരുന്ന പഥികൻ വീണ്ടും അതിന്നുവേണ്ടിയാണ് സങ്കോചം വിടാത്തതു്' എന്നിങ്ങിനെ താദൃശസ്വപ്നോപായനിദ്രാഭിലാഷമാണ് നിമിത്തമായി വ്യംജിക്കുന്നതു്. അതിന്നു ചാരുത്വമില്ലെന്നു പറയാമോ? പിന്നെ എങ്ങിനെ വിശേഷോക്തിയിലെ വ്യംഗ്യം ധ്വനിയല്ലെന്നു വരിക? എന്നു ശങ്കിക്കുന്നുവെങ്കിൽ, പറയാം:—താദൃശവ്യംഗ്യത്തിന്നുള്ള ചാരുത്വം സ്വതന്ത്രനിലയിലോ വാച്യോപസ്കാരകനിലയിലോ? ആദ്യത്തെ പക്ഷം ശരിയല്ല. താൻകൂടിയുണ്ടെന്നു പറഞ്ഞിട്ടും കൂച്ചിപ്പിടിച്ചു കിടക്കുന്നതു് എന്തുകൊണ്ടാണെന്നിങ്ങിനെ ശ്രവണമാത്രത്തിൽ ഹേതുജിജ്ഞാസയ്ക്കു് അവകാശമുള്ളതിനാൽ വാച്യാൎത്ഥനിഷ്പത്തി വ്യംഗ്യസാപേക്ഷമായിട്ടാണിരിക്കുന്നതു്. ഈ സ്ഥിതിക്ക്, താദൃശാൎത്ഥാന്തരം വ്യംജിക്കുന്നതുതന്നെ വാച്യസിദ്ധ്യംഗമായിട്ടല്ലാതെ സ്വതന്ത്രരൂപത്തിലല്ലായ്കയാൽ സ്വതന്ത്രനിലയിൽ ചാരുത്വവത്താകുന്നതെങ്ങിനെ? രണ്ടാമത്തെ പക്ഷത്തിൽ, വ്യംഗ്യോപസ്കൃതമായ വാച്യത്തിന്നുതന്നെയാണ് ചാരുത്വോൽകർഷമെന്നതു തീൎച്ചയുമാണ്. ചാരുത്വം ഉപസ്കാരകത്തിനല്ല, ഉപസ്കാൎയ്യത്തിനാണെന്നതു സൎവ്വസമ്മതമല്ലേ? ഉപസ്കാരകസ്വീകാരംതന്നെ ഉപസ്കാൎയ്യചാരുതയ്ക്കുവേണ്ടിയാകയാൽ അതു് ഉപസ്കാൎയ്യത്തെയാണല്ലോ ശോഭിപ്പിക്കുന്നതു്. അതിനാൽ, വ്യംഗ്യം ശൈത്യാൎത്തിയായാലും ശരി; കാന്താസ്വപ്നസമാഗമോപായമായാലും ശരി; ചാരുത്വോൽകർഷകൃതമായ പ്രാധാന്യം വാച്യത്തിന്നാകയാൽ താദൃശവ്യംഗ്യം ധ്വനിയാകയില്ലെന്നുള്ളതു തീൎച്ചതന്നെ.

ഭവിക്കുന്നില്ല. പര്യായോക്തത്തിലാകട്ടെ വ്യംഗ്യത്തിന്നു പ്രാധാന്യ മുണ്ടെന്നു പറയുന്നതായാലും അതു ധ്വനിയിൽ അന്തർഭവിക്കുന്നതല്ലാതെ

അനന്തരം ക്രമപ്രാപ്തമായ പര്യായോക്തത്തെ എടുക്കുന്നു "**പര്യായോക്തത്തിലാകട്ടെ—**" എന്നിങ്ങിനെ.

"പര്യായോക്തം യദന്യേന പ്രകാരേണാഭിധീയതേ
വാച്യവാചകവൃത്തിഭ്യാം ശൂന്യേനാവഗമാത്മനാ."
(കവ്യാലങ്കാരസാരസംഗ്രഹം)

എന്നാണ് ഉദ്ഭടൻ പര്യായോക്തത്തിന്നു ലക്ഷണം പറഞ്ഞിരിക്കുന്നതു്. വാച്യവാചകവൃത്തിഭ്യാം ശൂന്യേന=വാച്യവൃത്തിയായ താൽപര്യശക്തിയോ അല്ലെങ്കിൽ ലക്ഷണയോ വാചകവൃത്തിയായ അഭിധയോ കൂടാതെ—അവയ്ക്കു് അവിഷയമായി, അവഗമാത്മനാ=പ്രതീതിവിഷയമാകുന്ന, അന്യേന പ്രകാരേണ=പ്രകാരാന്തരത്താൽ—വ്യംഗ്യത്താൽ—ഉപലക്ഷിതമായി, യൽ=യാതൊന്ന്, അഭിധീയതേ=വചിക്കപ്പെടുന്നുവോ അതു പര്യായോക്തം എന്നു കാരികാൎത്ഥം. പര്യായേണ=പ്രകാരാന്തരേണ—വ്യംഗ്യേന—ഉപലക്ഷിതം സൽ ഉക്തം അഭിഹിതം എന്നിങ്ങിനെ 'പര്യായോക്ത'മെന്ന സംജ്ഞതന്നെ അന്വൎത്ഥമാകുന്നു.

"ക്ഷത്രവൎഗ്ഗത്തിനുച്ഛേദ-മിച്ഛിച്ചുൽപഥഗാമിയാം
മഹൎഷിക്കാരു ധൎമ്മോപ-ദേശംചെയ്തിതു വില്ലിനാൽ?"

എന്ന് ഉദാഹരണം, (കാവ്യജീവിതവൃത്തി)

ഇവിടെ "ധൎമ്മോപദേശം ചെയ്തിതു വില്ലിനാൽ" എന്നതുകൊണ്ട്, 'ഭീഷ്മപ്രഭാവം ഭാർഗവപ്രഭാവാഭിഭാവി'യാണെന്നു വ്യംജിക്കുന്നുണ്ടെങ്കിലും താദൃശവ്യംഗ്യത്തോടു കൂടിയ "ധൎമ്മോപദേശം ചെയ്തിതു വില്ലിനാൽ" എന്ന വാച്യത്തിന്നാണ് ചാരുത്വോൽകർഷം. ആകയാൽ, പര്യായോക്തത്തിലെ അവിനാഭാവിയായ വ്യംഗ്യത്തിന്നു പ്രാധാന്യമില്ലായ്കകൊണ്ട് ധ്വനിത്വമില്ലതന്നെ. പക്ഷേ, "അഭിധീയതേ" എന്നതിന്നു പ്രധാനതയാ പ്രതീയതേ—പ്രധാനമായി പ്രതീതിവിഷയമാകുന്നു എന്നു ക്ലേശിച്ചു വ്യാഖ്യാനിക്കുന്നതായാലും പര്യായോക്തത്താൽ ധ്വനി ചരിതാൎത്ഥമാകയില്ലെന്നു പ്രതിപാദിക്കുന്നു "**വ്യംഗ്യത്തിന്നു പ്രാധാന്യമുണ്ടെന്നു പറയുന്നതായാലും—**" ഇത്യാദിയാൽ. അങ്ങിനെ ആരും ക്ലേശിച്ചു വ്യാഖ്യാനിച്ചുകാണാത്ത

സ്ഥിതിക്ക് അപ്രകാരം ഒരു ദുർവ്യാഖ്യാനത്തെ വൃഥാ സംഭാവനംചെയ്തു ഗ്രന്ഥം പെരുപ്പിക്കുന്നതെന്തിനെന്ന് ഇവിടെ ആശങ്ക ജനിച്ചേക്കാം. താദൃശവ്യാഖ്യാനം ദുഷ്ടമോ ക്ലിഷ്ടമോ ആകയാൽ ഹേയമാണെന്നിരിക്കിലും അത്തരം സംഭാവനം അനുചിതമോ അനാവശ്യകമോ അല്ല. ഭാമഹോദ്ഭടപ്രഭൃതികളായ പ്രാചീനന്മാർ ധ്വനിഗുണീഭൃതവ്യംഗ്യാദി സംജ്ഞകളെ എങ്ങും ഉപയോഗിക്കാത്തതുകൊണ്ടുമാത്രം ആവക വസ്തുക്കൾ അവർക്ക് ഒരുവിധത്തിലും അനുഭവവിഷയമായിട്ടില്ലെന്നു വിചാരിച്ചുകൂടാ. ഗുണീഭൃതവ്യംഗ്യപ്രകാരങ്ങളിൽ ഏതാനും ചിലതിനെ അവർ സമാസോക്തി, വ്യാജസ്തുതി, അപ്രസ്തുതപ്രശംസ, ആക്ഷേപം, പരികരം, ഉപമേയോപമ, അനന്വയം, അനുക്തനിമിത്തവിശേഷോക്തി മുതലായ അലങ്കാരങ്ങളായി ഗണിക്കയും ബാക്കിയുള്ള വ്യംഗ്യപ്രപഞ്ചം മുഴുവനും പര്യായോക്തകുക്ഷിയിൽ നിക്ഷേപിക്കുകയുമാണ് ചെയ്തിരിക്കുന്നതു്. ഇതിനെപ്പററി പണ്ഡിതരാജൻ തന്റെ 'രസഗംഗാധരത്തി'ലെ പര്യായോക്തപ്രകരണത്തിൽ "ഇദന്തു ബോദ്ധ്യം—ധ്വനികാരാൽ പ്രാചീനൈ ർഭാമഹോദ്ഭടപ്രഭൃതിഭിഃ സ്വഗ്രന്ഥേഷു കുത്രാപി ധ്വനിഗുണീഭൃതവ്യംഗ്യാദിശബ്ദാ ന പ്രയുക്താ ഇത്യേതാവതൈവ തൈ ർദ്ധ്വന്യാദയോ ന സ്വീക്രിയന്ത ഇത്യാധുനികാനാം വചോയുക്തിരയുക്തൈവ. യതസ്സമാസോക്തിവ്യാജസ്തുത്യപ്രസ്തുതപ്രശംസാദ്യലങ്കാരനിരൂപണേന കിയന്തോപി ഗുണീഭൃതവ്യംഗ്യപ്രഭേദാസ്തൈരപി നിരൂപിതാഃ അപരശ്ച സർവ്വോപി വ്യംഗ്യപ്രപഞ്ചഃ പര്യായോക്തകുക്ഷൗ നിക്ഷിപ്തഃ. നഹ്യനുഭവസിദ്ധോത്ഥോ ബലേനാപ്യപഹ്നോതും ശക്യതേ. ധ്വന്യാദിശബ്ദൈഃ പരം വ്യവഹാരോ ന കൃതഃ. നഹ്യേതാവതാനംഗീകാരോ ഭവതി. പ്രാധാന്യാദലങ്കാര്യോ ഹി ധ്വനിരലങ്കാരസ്യ കുക്ഷൗ കഥങ്കാരം നിവിശതാമിതിതു വിചാരാന്തരം" എന്നു പറഞ്ഞിരിക്കുന്നതു നോക്കുക. അത്രമാത്രമല്ല, 'കാവ്യാലങ്കാരസാരസംഗ്രഹ'മെന്ന ഉദ്ഭടാലങ്കാരത്തിന്റെ വ്യാഖ്യാനമായ 'ലഘുവൃത്തി'യിൽ ഭട്ടേന്ദുരാജൻ ഏതാനും ചില ഗുണീഭൃതവ്യംഗ്യങ്ങളേയും ലക്ഷ്യാർത്ഥങ്ങളേയും അലങ്കാരകുക്ഷിയിൽ അന്തർഭവിപ്പിച്ചു കാണിച്ചു ധ്വനിപ്രകാരം അലങ്കാരപ്രഭേദംകൊണ്ടു ചരിതാർത്ഥമാകുമെന്നു വിചാരിച്ചുകൊണ്ടു് "ഏവമേതൽ വ്യഞ്ജകത്വം പര്യായോക്താദിഷ്വന്തർഭാവിതം" എന്നിങ്ങിനെ അഭിമാനത്തോടുകൂടി അവസാനിപ്പിച്ചിരിക്കുന്നതും നോക്കുക. ആകയാൽ,

ധ്വനി അതിൽ അന്തർഭവിക്കുന്നതാണെന്നു വരികയില്ല. ധ്വനി മഹാവിഷയവും അംഗിയുമാണെന്നു പ്രതിപാദിക്കാൻ പോകുന്നതുമുണ്ട്. വിശേഷിച്ച്, ഭാമഹൻ ഉദാഹരിച്ചിരിക്കുന്ന മാതിരിയിലുള്ള പര്യാ

താദൃശവ്യാഖ്യാനോദ്ഭാവനം ആവശ്യകമാണെന്നു വരുന്നുണ്ടല്ലോ. ഭട്ടേന്ദുരാജന്റെ അന്തർഭാവപ്രതിപാദനപ്രയാസമാകട്ടെ ധ്വനിസ്വരൂപാനഭിജ്ഞാനമൂലകവും അകിഞ്ചിൽകരവുമാണെന്ന വസ്തുത പറഞ്ഞതും പറയാൻ പോകുന്നതുമായ സംഗതികളാൽ വ്യക്തമാകാവുന്നതുകൊണ്ട് പ്രത്യേകിച്ചെടുത്തു വിസ്തരിക്കുന്നില്ല. **വ്യംഗ്യത്തിന്നു പ്രാധാന്യമുണ്ടെന്നു പറയുന്നതായാലും**=മുൻകാണിച്ച ദുർവ്യാഖ്യാനമനുസരിച്ചു പര്യായോക്തത്തിലെ വ്യംഗ്യത്തിന്നു പ്രാധാന്യവിവക്ഷയുണ്ടെന്നു ശഠിച്ചുകൊണ്ട്, "ഹേ ധാർമ്മികപ്രവര—" ഇത്യാദിയൊക്കെയും പര്യായോക്തത്തിന്ന് ഉദാഹരണമായി നിർദ്ദേശിക്കുന്നതായാലും, "**ആയാലും**" എന്നതുകൊണ്ടു വ്യംഗ്യത്തിന്നു പ്രാധാന്യമുണ്ടെങ്കിൽ അലങ്കാര്യത്വമല്ലാതെ അലങ്കാരത്വംതന്നെ സിദ്ധിക്കയില്ലെന്നതു് സർവ്വസംപ്രതിപന്നമാണെങ്കിലും "തുഷ്യതു ദുർജ്ജനന്യായ"മാശ്രയിച്ചു മാത്രം സമ്മതിക്കയാണെന്നു സൂചിപ്പിച്ചിരിക്കുന്നു. **അതു ധ്വനിയിൽ അന്തർഭവിക്കുന്നതല്ലാതെ**=പ്രതിവാദി പര്യായോക്തമെന്നുപറയുന്ന ആ വക വസ്തുധ്വനി ധ്വനിയുടെ ഒരു വകഭേദം മാത്രമാകാമെന്നല്ലാതെ, **ധ്വനി അതിൽ അന്തർഭവിക്കുന്നതാണെന്നു വരികയില്ല**=ധ്വനിപ്രപഞ്ചം മുഴുവനും പര്യായോക്തമാണെന്നാവുകയില്ല. അതിന്നു കാരണം പറയുന്നു "**ധ്വനി മഹാവിഷയവും അംഗിയും**" ഇത്യാദിയാൽ. **മഹാവിഷയത്വം**=വ്യാപകത്വം—അധികദേശവർത്തിത്വം. **അംഗിത്വം**=സമസ്തഗുണാലങ്കാരാദിപ്രതിഷ്ഠയ്ക്കു് ആസ്പദമായിരിക്കുന്ന സ്ഥിതി. അലങ്കാരത്തിന്റെ സ്ഥിതി നേരെ മറിച്ചാണെന്ന് ഈ അവസരത്തിൽ ഓർമ്മിച്ചുകൊൾക. "**വിശേഷിച്ച്**" എന്നതുകൊണ്ട്, താദൃശദുർവ്യാഖ്യാനത്തിന്നു പ്രാചീനസമ്മതിയില്ലെന്നു കാണിച്ചിരിക്കുന്നു. **ഭാമഹൻ ഉദാഹരിച്ചിരിക്കുന്ന മാതിരിയിലുള്ള പര്യായോക്തത്തിൽ**=

"ഗൃഹേഷ്വധ്വസു വാ നാന്നം ഭുഞ്ജ്മഹേ യദധീതിനഃ
വിപ്രാ ന ഭുഞ്ജതേ—"

എന്നാണ് ഭാമഹൻ ഉദാഹരിച്ചിരിക്കുന്നത്. ഗൃഹേഷു=ഗൃഹങ്ങളിൽ, അധീതിനഃ=വേദാദ്ധ്യയനംചെയ്തിട്ടുള്ള, വിപ്രാഃ=ബ്രാഹ്മണന്മാർ, യൽ അന്നം=യാതൊരന്നത്തെ, ന ഭുഞ്ജതേ=ഭക്ഷിക്കുന്നില്ലയോ, തൽ=ആ അന്നത്തെ, അധ്വസു വാ=വഴിക്കുവെച്ചാണെങ്കിലും, ന ഭുഞ്ജ്മഹേ=നോം ഭക്ഷിക്കുന്നില്ല എന്ന് അൎത്ഥം. ഈ വാക്യം 'രത്നാഹരണകാവ്യ'ത്തിൽ ഭഗവാൻ ചൈദ്യനോടു പറയുന്നതാകുന്നു. ഈ സംഗതി.

"പൎയ്യായോക്തം യദന്യേന പ്രകാരേണാഭിധീയതേ
ഉവാച രത്നാഹരണേ ചൈദ്യം ശാൎങ്ഗധനൎയഥാ."

എന്നിങ്ങിനെ ലക്ഷണകാരികയുടെ ഉത്തരാൎദ്ധത്തിൽ ഭാമഹൻ തന്നെ പ്രതിപാദിച്ചിട്ടുണ്ട്. "ഗൃഹേഷ്വദ്ധ്വസു" എന്ന വാസുദേവവചനത്തിലെ വ്യംഗ്യം വിഷദാനനിവൃത്തിയാകുന്നു. "തച്ച രസദാനനിവൃത്തയെ" എന്നിങ്ങിനെ ഉദാഹരണപദ്യത്തിലെ അവശിഷ്ടഭാഗംകൊണ്ടു ഭാമഹൻ തന്നെ അതു നിൎദ്ദേശിച്ചിട്ടുമുണ്ട്. ബ്രഹ്മഹത്യ മഹാപാതകമാകയാൽ ബ്രാഹ്മണൎക്കുകൂടി വിളമ്പേണ്ടിവരുന്ന ഭക്ഷ്യസാധനത്തിൽ വിഷം ചേൎക്കയില്ലെന്നു താൽപൎയ്യം. വിഷദാനനിഷേധരൂപമായ ആ വ്യംഗ്യത്തിന്നാകട്ടെ വിശേഷിച്ചു ചാരുത്വമൊട്ടുമില്ല. പിന്നെ എങ്ങിനെയാണ് അതിന്നു ചാരുത്വോൽകൎഷനിബന്ധനമായ പ്രാധാന്യം പറയുക? നേരെമറിച്ച്, ചാരുത്വമുള്ളതു് ആ വ്യംഗ്യത്താൽ ഉപോദ്ബലിതമായ വാച്യത്തിന്ന്—അതായതു്, 'വിപ്രഭോജനം കൂടാതെ നോം ഭുജിക്കയില്ല' എന്നതിന്നു—തന്നെയാണ്. എന്നുമാത്രമല്ല, പ്രാധാന്യേന വിവക്ഷിതമായ അൎത്ഥം നിൎവ്വിഷമായ ഭോജനം വേണമെന്നാണ്; അല്ലാതെ, കേവലം വിഷദാനനിഷേധമല്ല. ആകയാൽ, വിഷദാനനിവൃത്തിരൂപവ്യംഗ്യത്താൽ ഉപലക്ഷിതമായി വിപ്രഭോജനരഹിതഭോജനനിഷേധമായ വാച്യം പ്രാകരണികമായ ഭോജനാൎത്ഥത്തെ അലങ്കരിക്കുന്നതുകൊണ്ടു പൎയ്യായോക്തമെന്നതു് അലങ്കാരമാകുന്നു, അലങ്കാൎയ്യരൂപമല്ല എന്നാണ് ഭാമഹന്റെ അഭിപ്രായം എന്നു തെളിയുന്നു.

ഇങ്ങിനെയിരിക്കെ, ഭാമഹൻ കൊടുത്തിരിക്കുന്ന ഉദാഹരണത്തെ അനാദരിച്ചു വസ്തുധ്വനികാവ്യപ്രഭേദത്തെ ഉദാഹരണമാക്കി ഭാമഹീയന്മാരാണെന്നു നടിച്ചു ഭാമഹാഭിപ്രായത്തെ അപലപിക്കുന്നതു് അനാൎയ്യചേഷ്ടിതമാകുന്നു;

യോക്തത്തിൽ വ്യംഗ്യത്തിന്ന പ്രാധാന്യംതന്നെയില്ല. അവിടെ വാച്യത്തിന്ന് ഉപസർജനീഭാവവിവക്ഷയില്ലെന്നുള്ളതു തീർച്ചയാണല്ലോ?

"അവജ്ഞയാപ്യവച്ഛാദ്യ ശൃണ്വന്നരകമൃച്ഛതി"

എന്ന ഐതിഹാസികവചനം ഈ അവസരത്തിൽ അവർ ഓർമ്മിക്കേണ്ടതാണ് എന്നു ഭാവം. "ന ഭുഞ്ജ്മഹേ" എന്നിങ്ങിനെ നിഷേധിക്കപ്പെട്ടുന്ന ആ അന്നം വിഷമിശ്രണസംഭാവനാഫ്രതേന വ്യംഗ്യമാണെന്നിരിക്കെ, ചമൽകാരകാരിയാകുംവണ്ണം ശ്രോത്രിയാശനാവിഷയത്വം പുരസ്കരിച്ചു വാച്യമായിരിക്കയാൽ,

"ഗമ്യസ്യാപി ഭംഗ്യന്തരേണാഭിധാനം പൎയ്യായോക്തം"

(അലങ്കാരസവ്വസ്വം)

"പൎയ്യായോക്തം പ്രകാരാന്തരത്താൽ ഗമ്യത്തിനുക്തിയാം"

(കാവ്യജീവിതവൃത്തി)

ഇത്യാദി ലക്ഷണപ്രകാരം അവ്വാചീനപക്ഷത്തിലും പ്രകൃതസ്ഥലത്തു പൎയ്യായോക്തമെന്ന അലങ്കാരം സുവചംതന്നെയാകുന്നുവെന്നും ധരിച്ചുകൊൾക. ഭാമഹാലങ്കാരത്തിൽ നിർദ്ദേശിച്ചിരിക്കുന്ന "ഗൃഹേഷ്വദ്ധ്വസു—" എന്നിപ്രകാരമുള്ള പൎയ്യായോക്തോദാഹരണങ്ങളിൽ, **വ്യംഗ്യത്തിന്ന**=വിഷദാനനിഷേധരൂപാദിവ്യംഗ്യാൎത്ഥത്തിന്ന, **പ്രാധാന്യംതന്നെയില്ല**=ധ്വനിവ്യപദേശഹേതുവായ പ്രാധാന്യം സവ്വഥാ സംഭവിക്കുന്നതല്ല. ഗുണീകൃതവാച്യാൎത്ഥമായ വ്യംഗ്യമാണ് പ്രധാനമാകയാൽ ധ്വനിവ്യപദേശ്യം എന്നാണല്ലോ സിദ്ധാന്തിച്ചിരിക്കുന്നതു്. ആ സംഗതിതന്നെ ഉപപാദിക്കുന്നു "**അവിടെ**" ഇത്യാദി പംക്തിയാൽ. **അവിടെ**=ആവക ഉദാഹരണസ്ഥലങ്ങളിൽ, **വാച്യത്തിന്നു്**=ശ്രോത്രിയന്മാരോടൊരുമിച്ചല്ലാതെ ഭുജിക്കയില്ല എന്നിങ്ങിനെയുള്ള വാച്യാൎത്ഥത്തിന്നു്, **ഉപസർജനീഭാവവിവക്ഷയില്ലെന്നുള്ളതു തീർച്ചയാണല്ലോ**=ഗുണിഭാവവിവക്ഷ വ്യംഗ്യത്തിന്നാണ്; താദൃശവ്യംഗ്യോപസ്കൃതമായ വാച്യത്തിന്നല്ല എന്നുള്ളതു നിവ്വിവാദമാണല്ലോ.

അനന്തരം ക്രമപ്രാപ്തമായ ദീപകത്തേയും അപഹ്നുതിയേയും എടുക്കുന്നു "ദീപകത്തിലും—" ഇത്യാദിയാൽ. **ദീപകത്തിലും അപഹ്നുതിയിലും**=ദീപകം സാദൃശ്യമൂലകവും അപഹ്നുതി

ദീപകത്തിലും അപഹ്നുതിയിലും വാച്യത്തിന്നു പ്രാധാന്യവും വ്യംഗ്യത്തിന്ന് അനുയായിത്വവും പ്രസിദ്ധവുമാണ്. സങ്കരാലങ്കാരത്തിലും

സാദൃശ്യാത്ഥകവുമാകയാൽ സാദൃശ്യാവിനാഭാവിയായ ഈ രണ്ടലങ്കാരങ്ങളിലും, **വാച്യത്തിന്നു പ്രാധാന്യവും വ്യംഗ്യത്തിന്നു അനുയായിത്വവും പ്രസിദ്ധവുമാണ്**=സാദൃശ്യരൂപവ്യംഗ്യോപസ്കൃതമായ വാച്യാത്ഥത്തിന്നു പ്രാധാന്യവും ആ വ്യംഗ്യത്തിന്നു വാച്യാംഗത്വവും പ്രസിദ്ധമാണ്—സർവ്വജനപ്രതീതവും പ്രാമാണികവുമാകുന്നു. അതുകൊണ്ടുതന്നെയാണ് ആക്ഷേപവിവരണസന്ദർഭത്തിൽ അതിലെ വ്യംഗ്യത്തിന്നു ദീപകാപഹ്നുതികളിലെ ഔപമ്യരൂപവ്യംഗ്യത്തെ ദൃഷ്ടാന്തമായി കാണിച്ചു പ്രാധാന്യവിവക്ഷയില്ലെന്നു സമത്ഥിച്ചിരിക്കുന്നതു്. ആകയാൽ, ഇവിടെ "**പ്രസിദ്ധം**" എന്നതിന്നു പ്രസാധിതം—മുമ്പുതന്നെ സാധിക്കപ്പെട്ടതു് എന്നാ അത്ഥത്തിൽക്കൂടി താൽപര്യമുണ്ടെന്നും കണ്ടുകൊൾക.

"പ്രകൃതാപ്രകൃതാത്ഥങ്ങൾ-ക്കൗപമ്യം ഗമ്യമാം വിധം
ഏകധമ്മാന്വയമല-ങ്കാരം ദീപകസംജ്ഞിതം."

(കാവ്യജീവിതവൃത്തി)

എന്നു ദീപകലക്ഷണം. പ്രകൃതാത്ഥത്തിന്നും അപ്രകൃതാത്ഥത്തിന്നും ഔപമ്യം വ്യംജിക്കുമാറു് ഏകധമ്മത്തോടുള്ള അന്വയമാണ് ദീപകാലങ്കാരം. തുല്യയോഗിതയെ പ്രത്യേകമൊരലങ്കാരമായി സ്വീകരിക്കാത്ത പക്ഷത്തിൽ, പ്രകൃതങ്ങൾക്കോ അപ്രകൃതങ്ങൾക്കോ പ്രകൃതാപ്രകൃതങ്ങൾക്കോ എവയ്ക്കായാലും ശരി ഔപമ്യപ്രതീതിവരുമാറുള്ള ഏകധമ്മാന്വയമെന്ന് അത്ഥം. ആ പക്ഷത്തെ അവലംബിച്ചാണ്,

"അനേകമേകധമ്മത്തി-ലന്വയിപ്പതു ദീപകം"

എന്ന 'ഭാഷാഭൂഷണ'ലക്ഷണം പ്രവത്തിച്ചിരിക്കുന്നതു്.

പ്രകൃതാപ്രകൃതങ്ങൾക്കുദാഹരണം:—

"പിണഞ്ഞു ശോച്യസ്ഥിതി രണ്ടുപേക്കു തീ-
ക്കണൽക്കൊടുംകണ്ണനെയാഗ്രഹിക്കയാൽ;
കണക്കിൽ മുഗ്ദ്ധേന്ദുകലയ്ക്കുമിന്നു ക-
ണ്ണിണക്കുളിർച്ചന്ദ്രികയാം നിനക്കുമേ."

(കുമാരസംഭവം)

ഇതിൽ ശോച്യസ്ഥിതി പിണയുക എന്ന ധർമ്മത്തിൽ അനന്വയിക്കുന്ന മുഗ്ദ്ധേന്ദുകല അപ്രകൃതവും പാർവ്വതി പ്രകൃതവുമാകയാൽ പ്രകൃതാപ്രകൃതങ്ങൾക്ക് ഏകധർമ്മാന്വയം.

കേവലം പ്രകൃതങ്ങൾക്ക്:—

"കുമുദകുലമുലൂകവും മയങ്ങീ കമലവനം കവിചിത്തവും തെളിഞ്ഞു
പ്രമദകൾമുഖമിന്ദുവും വിളർത്തു തിമിരഭരാവൃതി മഞ്ഞുമങ്ങു മാഞ്ഞു."

(ഭാഷാഭൂഷണം)

പ്രഭാതവർണ്ണനസന്ദർഭത്തിൽ കുമുദകുലാദികളെല്ലാം പ്രകൃതമാകയാൽ പ്രകൃതങ്ങൾക്ക് ഏകധർമ്മാന്വയം.

കേവലം അപ്രകൃതങ്ങൾക്ക്:—

"തുമ്പിക്കരത്തിനിഹ തോലിനു കട്ടികൊണ്ടും
രംഭാദ്രുമത്തിനൊഴിയാത്ത തണുപ്പിനാലും
ആകാരമൊത്തളവിലും ലഭിയാതെപോയി
തന്വംഗിതൻെറ തുടകൾക്കുപമാനഭാവം." (കുമാരസംഭവം)

വർണനാവിഷയമായ പാർവ്വതിയുടെ തുടകളാണ് ഇവിടെ പ്രകൃതം. തുമ്പിക്കരവും രംഭാദ്രുമവും അപ്രകൃതങ്ങളാകുന്നു. അവയ്ക്കാണല്ലോ ഇവിടെ ഏകധർമ്മാന്വയമായ ദീപകം. ഇങ്ങിനെ ദീപകോദാഹരണങ്ങളിലൊക്കെയും ഔപമ്യം ഗമ്യമാണെന്നുള്ളതും എന്നാൽ പ്രാധാന്യവിവക്ഷ ഔപമ്യത്തിനല്ല ഏകധർമ്മാന്വയത്തിനാണെന്നുള്ളതും സ്പഷ്ടവുമാണ്. 'മുഗ്ദ്ധേന്ദുകലയ്ക്കെന്നപോലെ നിനക്കും ശോച്യസ്ഥിതി പിണഞ്ഞു' എന്നിങ്ങിനെ ഉപമയ്ക്കല്ല, ഐകധർമ്മാന്വയത്തിന്നാണ് പ്രാധാന്യവിവക്ഷ എന്നതു വ്യക്തമാണല്ലോ. ദീപകാലങ്കാരം സ്മൃതിഭ്രാന്ത്യാദിപോലെ സാദൃശ്യമൂലകമാകയാൽ ദീപകാവയവഭൂതമായി വ്യംജിക്കുന്ന സാദൃശ്യത്തിന്നു പ്രാധാന്യം സർവ്വഥാ സംഭവിയ്ക്കുമല്ല. ദീപകത്തിൽ തജ്ജീവാതുവായ സാദൃശ്യം വ്യംജിക്കാതിരിക്കയില്ല. അല്ലാത്തപക്ഷം, അതു ദീപകാലങ്കാരംതന്നെയാകയില്ല.

"ആദിമദ്ധ്യാന്തവിഷയാഃ പ്രാധാന്യേതരയോഗിനഃ
അന്തർഗതോപമാധർമ്മാ യത്ര തദ്ദീപകം വിദുഃ"

എന്നു ഭട്ടോദ്ഭടൻ ദീപകത്തിന്നു ലക്ഷണം പറഞ്ഞിരിക്കുന്നതു നോക്കുക. പക്ഷേ,

' "ആദിമദ്ധ്യാന്തവിഷയം ത്രിധാ ദീപകമിഷ്യതേ
ഏകസ്യൈവ ത്ര്യവസ്ഥത്വാ-ദിതി തദ് ഭിദ്യതേ തഥാ.
അമൂനി കുർവ്വതേന്വർത്ഥാ-മസ്യാഖ്യാമർത്ഥദീപനാൽ."

എന്നു ദീപകത്തെ വിവരിക്കുന്ന ഭാമഹൻ അതു സാദൃശ്യമൂലകമാണെന്നു പറഞ്ഞിട്ടില്ല. വിശേഷിച്ച് അദ്ദേഹം കൊടുത്തിരിക്കുന്ന,

"മദോ ജനയതി പ്രീതിം സാനങ്ഗം മാനഭംഗുരം
സ പ്രിയാസംഗമോൽകണ്ഠാം സാസഹ്യാം മനസശ് ശുചം."

ഇത്യാദി ഉദാഹരണത്തിൽ ഔപമ്യപ്രതീതിക്കവകാശവുമില്ല. ക്രമികങ്ങൾക്കുണ്ടോ ഉപമാനോപമേയഭാവം?' എന്നിങ്ങിനെ ശങ്കിക്കേണ്ട. ക്രമികത്വമോ പ്രാകരണികത്വമോ ഉപമാനോപമേയഭാവപ്രതിബന്ധകമാണെന്നു വിചാരിച്ചുകൂടാ.

"രാമ ഇവ ദശരഥോത്ഭൂൽ ദശരഥ ഇവ രഘുരജോപി രഘുസദൃശഃ
അജ ഇവ ദിലീപവംശശ്ചിത്രം രാമസ്യ കീർത്തിരിയം."

ഇത്യാദിപ്രയോഗം കാൺക. ഈ സ്ഥിതിക്ക്, മദം പ്രീതിയെ എന്നപോലെ പ്രീതി മാനഭംജനശീലമായ കാമത്തേയും കാമം ഉൽകണ്ഠയെ എന്നപോലെ ഉൽകണ്ഠ അസഹ്യമായ ശോകത്തേയും ജനിപ്പിക്കുന്നു എന്നിങ്ങിനെ ഔപമ്യം വിവക്ഷിതമാണെന്നുതന്നെ വിചാരിക്കുന്നതിന്നു വിരോധമില്ല. ഉദ് ഭടൻ, രുദ്രടൻ, മമ്മടൻ, മംഖുകൻ മുതലായ ആലങ്കാരികന്മാരൊക്കെയും ദീപകത്തെ ഔപമ്യമൂലകമായി നിർദ്ദേശിച്ചിരിക്കുന്നതു് അതിലേക്ക് ഉപോദ് ബലകവുമാകുന്നു. അഥവാ, ദീപകം ഭാമഹൻ, ദണ്ഡി മുതലായവരുടെ പക്ഷത്തിൽ സാദൃശ്യമൂലകമാകണമെന്നു നിർബന്ധമില്ലെന്നുതന്നെയിരിക്കട്ടെ; എന്നാലും, സാദൃശ്യവ്യംജകമായ ദീപകോദാഹരണസ്ഥലത്തു ധ്വനിക്ക് അന്തർഭാവം പറയാമല്ലോ എന്നുള്ള ആശങ്കയാണ് പ്രകൃതം. അങ്ങിനെ ആശങ്കിച്ചുകൂട എന്നുമില്ല. ആകയാൽ, ദീപകത്തിൽ ഏതാനും ചില ഉദാഹരണങ്ങളിലല്ലാതെ സർവ്വത്ര സാദൃശ്യപ്രതീതിയില്ലായ്കയാൽ ധ്വന്യന്തർഭാവശങ്കതന്നെ അനവസ്ഥാനഹതമാണെന്നുള്ള വിവരണകാരൻെറ വിചാരപ്രപഞ്ചം നിസ്സാരവും അനാവശ്യകവുമാകുന്നു.

അപഹ്നുത്യലങ്കാരത്തിലും ഇതുപോലെ ഔപമ്യം വ്യംഗ്യം തന്നെയാണ്.

"അപഹ്നുതിരഭീഷ്ടാ ച കിഞ്ചിദന്തർഗതോപമാ
ഭൂതാർത്ഥാപഹ്നവാദസ്യാഃ ക്രിയതേ ചാഭിധാ യഥാ."

എന്നാണ് ഭാമഹന്റെ അപഹ്നുതിക്കുള്ള ലക്ഷണം. കിഞ്ചിദന്തർഗതോപമാ=ഏതാണ്ട് ഔപമ്യപ്രതീതിയോടു കൂടിയ, അപഹ്നുതിഃ= പ്രകൃതാർത്ഥനിഷേധം, അഭീഷ്ടാ=അലങ്കാരമായി ഗണിക്കപ്പെടുന്നു, ഭൂതാർത്ഥാപഹ്നവാൽ=വാസ്തവമായ പ്രകൃതാർത്ഥനിഷേധം ഹേതുവാൽ, അസ്യാഃ=ഈ അപഹ്നുതിക്ക്, അഭിധാ ച ക്രിയതേ=അപഹ്നുതിയെന്നു സംജ്ഞയും ചെയ്യപ്പെട്ടിരിക്കുന്നു എന്നാർത്ഥം. ലക്ഷണത്തെ അനുസരിച്ച് അദ്ദേഹം,

"നേയം വിരൌതി ഭൃംഗാളീ മദേന മുഖരാ മുഹുഃ
അയമാകൃഷ്യമാണസ്യ കന്ദർപ്പധനുഷോ ധ്വനിഃ"

എന്നിങ്ങിനെ ഉദാഹരിക്കയും ചെയ്തിരിക്കുന്നു. ഇവിടെ 'മദമുഖരമായ ഭൃംഗാളി മൂളുന്നതല്ല, കന്ദർപ്പൻ കുലയേററുന്ന ധനുസ്സിന്റെ മുഴക്കമാണിതു്' എന്നിങ്ങിനെ പ്രകൃതമായ ഭൃംഗവിരാവത്തെ നിഷേധിച്ച് അതു മദനധനുർധ്വനിയാണെന്നു പറഞ്ഞിരിക്കയാൽ പ്രകൃതാപ്രകൃതങ്ങൾക്ക് ഔപമ്യം പ്രതീയമാനമാവുന്നുണ്ടെന്നതു തീർച്ചയാണ്. എന്നാൽ, ചമൽകാരം പ്രതീയമാനമായ ഔപമ്യത്തിന്നല്ല; ദീപകത്തിൽ പറഞ്ഞപ്രകാരം താദൃശൌപമ്യത്താൽ ഉപസ്കൃതമായ അപഹ്നവരൂപവാച്യത്തിന്നുതന്നെയാണ്. ആകയാൽ, അപഹ്നുതിയിലെ വ്യംഗ്യത്തിലും ധ്വനിത്വശങ്കയ്ക്കവകാശമില്ല.

ആട്ടെ, 'ദീപകം സാദൃശ്യമൂലകമാകകൊണ്ട് അതിലെ വ്യംഗ്യമായ സാദൃശ്യത്തിന്നു പ്രാധാന്യമില്ലായ്കയാൽ ധ്വനിത്വം സംഭവിക്കയില്ലെന്നു സമ്മതിക്കാം. അപഹ്നുതിയിലെ സ്ഥിതി അത്തരത്തിലല്ല. അപഹ്നുതി സാദൃശ്യമൂലകമല്ല; നേരെമറിച്ചു സാദൃശ്യാർത്ഥകമാണ്. അപഹ്നുതിനിബന്ധനം സാദൃശ്യപ്രതീതിക്കുവേണ്ടിയായിരിക്കയാൽ അപഹ്നുതി ഗുണവും പ്രതീയമാനമായ സാദൃശ്യം പ്രധാനവുമാണെന്നു വേണ്ടേ നിശ്ചയിക്കാൻ? ഉപേയം പ്രധാനവും ഉപായം ഗുണവും അതായതു്, അപ്രധാനവും ആണെന്നതിലുണ്ടോ വല്ല സംശയവും? അപഹ്നുതി ദീപകംപോലെ സാദൃശ്യമൂലകമല്ല; സാദൃശ്യാർത്ഥകമാണ് എന്നു സമ്മതിക്കതന്നെ വേണം.

അല്ലെങ്കിൽ,

"അധരം വ്രണപ്പെട്ടത്തി
സ്സീൽക്കൃതി ശിക്ഷിച്ചു കമ്പമുണ്ടാക്കി
വാസസ്സകററീടുന്നു;
പ്രിയനോ സഖി; അല്ല പൂർവ്വദിക്പവനൻ."

ഇത്യാദി വ്യാജോക്തിയും മററും അപഹ്നുതിയാണെന്നാവും. അതു കൊണ്ടാണ്,

"സാദൃശ്യാൎത്ഥം സ്വധൎമ്മത്തിൻ തിരസ്കാരപുരസ്സരം
പദാൎത്ഥാന്തരതാദാത്മ്യ-സമാരോപമപഹ്നുതി."

എന്നിങ്ങിനെ 'കാവ്യജീവിതവൃത്തി'യിൽ അപഹ്നുതിക്കു ലക്ഷണം പറഞ്ഞിരിക്കുന്നതു്. ഈ സ്ഥിതിക്ക്, അപഹ്നുതിയിലെ വ്യംഗ്യം പ്രധാനമാകയാൽ എന്തുകൊണ്ടു ധ്വനിയാകയില്ല?' എന്ന് ആശങ്കിക്കു ന്നതും യുക്തമല്ല. പ്രാധാന്യം കേവലം ഉപേയത്വനിബന്ധനമല്ല, ചാരുത്വോൽകൎഷനിബന്ധനമാണെന്നു മുമ്പേതന്നെ പറഞ്ഞിട്ടുണ്ട്. എന്നുമാത്രമല്ല, അപഹ്നവസ്ഥലത്തെ പ്രകൃതാൎത്ഥനിഷേധം സാദൃശ്യ ബോധാൎത്ഥമാണെങ്കിലും സാദൃശ്യോപസ്കൃതമായ വാച്യാൎത്ഥത്തിന്ന്— അതായതു്, നിഷേധപൂർവ്വകമായ ആരോപത്തിന്നോ ആരോപപൂർവ്വക മായ നിഷേധത്തിന്നോ—തന്നെയാണ് പ്രാധാന്യം. സാദൃശ്യാപേക്ഷ കൂടാതെ വാച്യാൎത്ഥം ഉപപന്നമേ ആകയില്ല. രൂപകാദിയിലെന്ന പോലെ പ്രകൃതാലങ്കാരസ്ഥലത്തു വാച്യസിദ്ധിക്ക് അംഗമായി അവ ഭാസിക്കുന്ന സാദൃശ്യത്തിന്ന് എങ്ങിനെയാണ് പ്രാധാന്യമുണ്ടെന്നു പറ യുക? ഇതുപോലെ, അനന്വയം, സ്മൃതി, ഭ്രാന്തി, ഉല്ലേഖം, ഉൽപ്രേക്ഷ, രൂപകം, നിദൎശന, ദൃഷ്ടാന്തം, പ്രതിവസ്തൂപമ മുതലായവയിലെ സാദൃ ശ്യത്തിന്നും ധ്വനിത്വമില്ലെന്നു സ്വയം നോക്കിക്കൊൾക.

അനന്തരം സങ്കരാലങ്കാരത്തിലും ധ്വനിക്ക് അന്തൎഭാവം വരു ന്നതല്ലെന്നു പ്രതിപാദിക്കുന്നു "**സങ്കരാലങ്കാരത്തിലും**" ഇത്യാ ദിയാൽ. നീരക്ഷീരന്യായത്തിൽ അലങ്കാരങ്ങൾക്ക് അസ്പഷ്ടഭേദമായ സംശ്ലേഷമുള്ളേടത്താണ് സങ്കരാലങ്കാരം പറയുന്നതു്. അതു സാമാ ന്യമായി അംഗാംഗിഭാവം, സന്ദേഹം, ഏകവാചകാനുപ്രവേശം എന്നീ ഉപാധികളെ ആശ്രയിച്ചു മൂന്നു പ്രകാരത്തിലാകുന്നു. എന്നാൽ ഭട്ടോ ദ്ഭടൻ,

"ശബ്ദാൎത്ഥവൎത്ത്യലങ്കാരാ വാക്യ ഏകത്ര വൎത്തിനഃ
സങ്കരോ വൈകവാക്യാംശ-പ്രവേശാദ്വാഭിധീയതേ."

എന്നിങ്ങിനെ വാക്യവാക്യാംശസ്ഥിതിസ്വരൂപമവലംബിച്ച് ഏകവാചകാനുപ്രവേശസങ്കരത്തെ രണ്ടു പ്രകാരത്തിൽ പരിഗണിച്ച് ആകെ സങ്കരം നാലു വിധമാണെന്നു പറഞ്ഞിട്ടുണ്ടെങ്കിലും, ആവക ഭേദകഥനം നിസ്സാരവും അനാവശ്യകവുമാകയാൽ ഉപേക്ഷിച്ചിരിക്കുന്നു. അപ്പയ്യദീക്ഷിതർ 'കുവലയാനന്ദ'ത്തിൽ പ്രസ്താവിച്ചിരിക്കുന്ന സമപ്രാധാന്യസങ്കരം അംഗാംഗിഭാവസങ്കരത്താൽ ചരിതാൎത്ഥമാകുന്നതാണെന്നു 'കാവ്യജീവിതവൃത്തി'യിൽ സമൎത്ഥിച്ചിട്ടുണ്ട്. അതുകൊണ്ട്, സങ്കരത്തിന്നു ത്രൈവിധ്യം സ്വീകരിച്ചാൽ മതിയാവുന്നതാണ്. ഒന്നിലധികം അലങ്കാരങ്ങൾ അനുഗ്രാഹ്യാനുഗ്രാഹകഭാവത്തിൽ സ്ഥിതിചെയ്യുന്നതായാലാണ് അംഗാംഗിഭാവസങ്കരം.

ഉദാഹരണം:—

"അഹോ രാഗിണി താൻ സന്ധ്യ പകലോ തൽപുരസ്സരൻ
എങ്കിലും സംഗമമവ-ക്കില്ല ദൈവേച്ഛ ചിത്രമാം."

ഇവിടെ 'രാഗവത്ത്വം, പുരസ്സരത്വമെന്നീകാരണമുണ്ടായിരുന്നിട്ടും സമാഗമരൂപകാൎയ്യമുണ്ടായില്ല' എന്നിങ്ങിനെയുള്ള വിശേഷോക്ത്യലങ്കാരത്തിന്ന് അനുഗ്രാഹകമായിട്ടാണ് സന്ധ്യാദിവസങ്ങളിൽ കാമിനീകാമുകവൃത്താന്താരോപമായ സമാസോക്ത്യലങ്കാരം സ്ഥിതിചെയ്യുന്നതു്. അതിനാൽ അംഗാംഗിഭാവസങ്കരം. അതുപോലെ വിശേഷോക്തി നാലാംപാദത്തിലെ കാവ്യലിംഗത്തിന്ന് അനുഗ്രാഹകമാകയാൽ അവയ്ക്കു തമ്മിലും അംഗാംഗിഭാവസങ്കരം കണ്ടുകൊൾക.

വേറെ ഉദാഹരണം:—

"കമനിമാരുമരിക്ഷിതിപാലരും
കവികളും കളഭാഷിണിമാർമണേ,
മദനനെന്നുമൊരന്തകനെന്നുമ-
ങ്ങമരപാദപമെന്നുമുശന്തി യം."

(ചന്ദ്രോത്സവം)

ഇതിൽ സമുദായാത്മകമായ ഉല്ലേഖാലങ്കാരത്തിന്നു പ്രത്യേകപൎയ്യാപ്തമായ രൂപകം അനുഗ്രാഹകമാകയാൽ അംഗാംഗിഭാവസങ്കരം.

പരസ്പരവിരുദ്ധമായ ഒന്നിലധികം അലങ്കാരങ്ങൾക്ക് അവകാശമുണ്ടായിരിക്കെ, വിവക്ഷ ഏതലങ്കാരത്തിനാണെന്നു നിശ്ചയിക്കുന്നതിന്നു പ്രമാണമില്ലായ്കയാൽ സന്ദേഹം വരുന്നുവെങ്കിലാണ് സന്ദേഹസങ്കരം.

ഉദാഹരണം:—

"നിർഭരം ജനലിൽക്കൂടി നിന്നാനനസുധാംശുവെ
നിർന്നിമേഷമിതാ നോക്കി-നിൽപ്പൂ നിൻപ്രിയ നോക്കു നീ."

(കാവ്യജീവിതവൃത്തി)

ഇവിടെ 'ആനനസുധാംശു' എന്നതിലെ അലങ്കാരം സുധാംശുപോലെയുള്ള ആനനം എന്നിങ്ങിനെ ഉപമയോ ആനനമായ സുധാംശുവെന്നിങ്ങിനെ രൂപകമോ ഏതാണ് കവിവിവക്ഷിതമെന്നു നിർണ്ണയിക്കുന്നതിന്നു പ്രമാണമൊന്നുമില്ലായ്കയാൽ സന്ദേഹം വരുന്നതുകൊണ്ടു സന്ദേഹസങ്കരം.

വേറെ ഉദാഹരണം.—

"വിഷം വമിച്ചുകൊണ്ടാശീ-വിഷം ചാരത്തു വാഴവേ
ഫലസംഭാരഗുരുവാം തരുവാലെന്തുതാൻ ഫലം?"

(കാവ്യജീവിതവൃത്തി)

ഇവിടെ ആശീവിഷ (സർപ്പ) വൃത്താന്തവർണ്ണനത്താൽ ഏതാണ്ടൊരു രാജാവിൻെറ സമീപത്തിൽ സ്ഥിതിചെയ്യുന്ന പിശുനനായ ദുഷ്ടൻെറ വൃത്താന്തം വ്യഞ്ജിക്കുന്നു. വാച്യവും വ്യംഗ്യവുമായ ഈ രണ്ടു വൃത്താന്തങ്ങളിൽ ഏതാണ് പ്രകൃതമെന്നു നിശ്ചയിക്കുന്നതിന്നു പ്രകരണാദിപ്രമാണമൊന്നുമില്ലാത്തതുകൊണ്ട് ഇതിലെ അലങ്കാരം അപ്രസ്തുതപ്രശംസയോ സമാസോക്തിയോ എന്നു സന്ദേഹം വരുന്നതിനാൽ സന്ദേഹസങ്കരം.

ഇങ്ങിനെ അംഗാംഗിഭാവമോ സന്ദേഹമോ കൂടാതെ ഒരേ വാചകത്തിൽ, അതു വാക്യമോ വാക്യാംശമോ ഏതായാലും ശരി, ഒന്നിലധികം അലങ്കാരങ്ങൾ—ശബ്ദാലങ്കാരങ്ങളോ അർത്ഥാലങ്കാരങ്ങളോ അവ രണ്ടുമോ—സംഭവിക്കുന്നതായാൽ ഏകവാചകാനുപ്രവേശസങ്കരം.

അലങ്കാരം അലങ്കാരച്ഛായയെ അനുഗ്രഹിക്കുന്നിടത്തു വ്യംഗ്യത്തിന്നു പ്രാധാന്യവിവക്ഷയില്ലായ്കയാൽ അതു ധ്വനിവിഷയമാകുന്നതല്ല. അല

ഉദാഹരണം:—

"സ്മേരശ്രീസുമശയ്യ സൂചിശയനം; നീഹാരനീരോല്ലസ-
ദ്ധാരം ഘോരഗരം വമിക്കുമുരഗം; പാടീരമഗ്നിദ്രവം;
വാരം വാരമുദാരമാളി തുടരും ശീതോപചാരം ക്ഷത-
ക്ഷാരം സാരസചാരുദൃക്കിന്; കഥകാരം കഥിക്കുന്നു ഞാൻ."

(പ്രണയവിലാസം)

ഇതിൽ വൃത്ത്യനുപ്രാസാദിശബ്ദാലങ്കാരത്തിന്നും വിരോധാഭാസമെന്ന അർത്ഥാലങ്കാരത്തിന്നും ഏകവാചകത്തിൽ അനുപ്രവേശം സ്പഷ്ടമാണല്ലോ. ഏകവാചകാനുപ്രവേശസങ്കരത്തിന്റെ മററു വകഭേദങ്ങൾ കാവ്യജീവിതവൃത്തിയിൽനിന്നു ഗ്രഹിച്ചുകൊൾക.

ഇങ്ങിനെ മൂന്നുവിധമായ സങ്കരാലങ്കാരത്തിലെ അന്ത്യപ്രഭേദമായ ഏകവാചകാനുപ്രവേശത്തിൽ വ്യംഗ്യത്തിന്നു പ്രസക്തിയില്ലാത്തതുകൊണ്ട് അതിനെ ഉപേക്ഷിച്ചു മററു രണ്ടുപ്രഭേദങ്ങളിൽ ആദ്യത്തേതായ അംഗാംഗിഭാവസങ്കരത്തിൽ സംഭവിയായ വ്യംഗ്യത്തിന്നു ധ്വനിത്വമില്ലെന്നു സമർത്ഥിക്കുന്നു "**അലങ്കാരം**" ഇത്യാദിയാൽ. **അലങ്കാരം അലങ്കാരച്ഛായയെ അനുഗ്രഹിക്കുന്നിടത്ത്**= ഏതാനുമൊരലങ്കാരം അലങ്കാരാന്തരസ്വരൂപത്തിന്ന് അനുഗ്രാഹകമായി അംഗരൂപത്തിൽ സ്ഥിതിചെയ്യുന്നിടത്ത്—"അഹോ രാഗിണി—" എന്ന പദ്യം മുതലായവയിൽ, **വ്യംഗ്യത്തിന്ന്**=സമാസോക്തിരൂപനായികാനായകവൃത്താന്താദിവ്യംഗ്യത്തിന്ന്, **പ്രാധാന്യവിവക്ഷയില്ലായ്കയാൽ**=ഗുണീഭാവമുണ്ടായിരിക്കെ പ്രാധാന്യം പറയുവാൻ അവകാശമില്ലാത്തതുകൊണ്ട്, **അത്**=താദൃശവ്യംഗ്യം, **ധ്വനിവിഷയമാകുന്നതല്ല**=ധ്വനിവ്യപദേശത്തിന്ന് അർഹമാകുന്നില്ല. ലോചനകാരൻ പ്രകൃതസന്ദർഭത്തിൽ, അംഗാംഗിഭാവസങ്കരത്തിന്നു,

*"പ്രവാതനീലോൽപലനിർവ്വിശേഷ-
മധീരവിപ്രേക്ഷിതമായതാക്ഷ്യാഃ

* "നീർത്തെന്നലേററലയുമുൽപലനല്പ്രസൂനം-
ച്ചാഞ്ചാട്ടമോട്ട പടവെട്ടുമധീരനോട്ടം

തയാ ഗൃഹീതന്നു മൃഗാംഗനാഭ്യ-
സ്തതോ ഗൃഹീതം ന്നു മൃഗാംഗനാഭിഃ?"

എന്ന കുമാരസംഭവപദ്യത്തെ ഉദാഹരിച്ചുകൊണ്ടു്, അതിലെ വാച്യമായ സന്ദേഹാലങ്കാരത്തിന്നു സ്വരൂപലാഭഹേതുവായി വ്യംജിക്കുന്ന ഉപമാനോപമേയഭാവരൂപമായ ഉപമയ്ക്കുള്ള സന്ദേഹാനുഗ്രാഹകത്വം നിമിത്തം അവിടെയുള്ള അലങ്കാരം അംഗാംഗിഭാവസങ്കരമാണെന്നുള്ള അഭിപ്രായത്തിന്മേൽ വ്യംഗ്യരൂപമായ ഉപമയ്ക്കു പ്രാധാന്യവിവക്ഷയില്ലായ്കയാൽ ധ്വനിവിഷയത്വമില്ലെന്നു വിവരിച്ചു കാണിച്ചിരിക്കുന്നു. ഈ സ്ഥിതിക്കു് സന്ദേഹാലങ്കാരസ്ഥലത്തു് എന്നുവേണ്ട ഔപമ്യമൂലകമായ അലങ്കാരസ്ഥലത്തൊക്കെയും ഉപമയ്ക്കു പ്രതീതിയുള്ളതിനാൽ സങ്കരാലങ്കാരത്വം പ്രസക്തമാവുന്നതുകൊണ്ടു താദൃശാലങ്കാരങ്ങളൊക്കെയും നിർവ്വിഷയങ്ങളാണെന്നാവും. അത്രമാത്രമോ,

*"സൈഷാ സർവ്വത്ര വക്രോക്തി-രനയാൎത്ഥോ വിഭാവ്യതേ;
യത്നോസ്യാം കവിനാ കാൎയ്യഃ; കോലങ്കാരോനയാ വിനാ."

എന്നു ഭാമഹനും, അതനുസരിച്ചു്,

"ചൊല്ലുള്ളതിൽ കവിഞ്ഞുള്ള-തെല്ലാമതിശയോക്തിയാം
തെല്ലിതിൻസ്പർശമില്ലാതെ യില്ലലങ്കാരമൊന്നുമേ."

എന്നു് ഏ. ആർ. രാജരാജവൎമ്മത്തമ്പുരാനും പറഞ്ഞിരിക്കുന്ന പ്രകാരം അതിശയോക്തികൂടാതെ അലങ്കാരമില്ലായ്കയാൽ കേവലാലങ്കാരംതന്നെ നിർവ്വിഷയമോ വിരളവിഷയമോ ആണെന്നു സമ്മതിക്കേണ്ടിവരും. അതൊന്നുമില്ലെങ്കിൽക്കൂടി സർവ്വത്ര സന്ദേഹാലങ്കാരത്തിന്റെ ആത്മലാഭം തന്നെ സാമ്യപ്രതീതിയാലായിരിക്കെ, ആ പ്രതീതിയെ അവലംബിച്ചു സങ്കരാലങ്കാരത്വം പറയുന്നതായാൽ സന്ദേഹാലങ്കാരത്തിന്റെ കഥതന്നെ അവസാനിക്കുമല്ലോ. അതുകൊണ്ടാണു് മാർഗാന്തരമവലംബിച്ചിരിക്കുന്നതു്. എന്നാൽ, 'സമാസോക്തിയിലെ വ്യംഗ്യത്തിന്നു പ്രാധാന്യവിവക്ഷയില്ലായ്കയാൽ ധ്വനിത്വമില്ലെന്നു മുമ്പുതന്നെ സമൎത്ഥിച്ചിരിക്കുന്ന സ്ഥിതിക്കു്, വീണ്ടും താദൃശസമൎത്ഥനം അനാവശ്യകമാ

മാൻപേടയോടു ഗിരികന്യകയഭ്യസിച്ചോ
മാൻപേടതന്നെ ഗിരികന്യയൊടഭ്യസിച്ചോ."

* "വക്രോക്തി സർവ്വസാധാ-രണമിതുകൊണ്ടൎത്ഥമുല്ലസിക്കുന്നു;
കവി യതിക്കണമിതിനാ-യേതൊരലങ്കാരമുണ്ടിതില്ലാതെ."

കാരദ്വയസംഭാവനയുള്ളിടത്താകട്ടെ, വാച്യത്തിന്നും വ്യംഗ്യത്തിന്നും സമമാണ് പ്രാധാന്യം. അഥവാ, വാച്യത്തെ ഉപസർജ്ജനീഭവിപ്പിച്ച

ണല്ലോ' എന്നും ആശങ്കിക്കേണ്ട. സങ്കരാലങ്കാരം നരസിംഹംപോലെ വിലക്ഷണമാണെന്നാകുന്നു സിദ്ധാന്തം. നരസിംഹാംഗം നരനോ സിംഹമോ അല്ലാത്തതുപോലെ സങ്കരാവയവം പ്രത്യേകം അലങ്കാരങ്ങളല്ല. പ്രതിപാദനസൌകര്യത്തിന്നായി ബ്രാഹ്മണശ്രമണന്യായമനുസരിച്ചു സമാസോക്തിയെന്നു വ്യവഹരിച്ചുവെന്നേയുള്ളു. ആകയാൽ, പ്രകൃതസന്ദർഭത്തിലെ കാമുകീകാമുകവൃത്താന്തം സമാസോക്തിയിലെ വ്യംഗ്യമല്ല, സങ്കരാലങ്കാരത്തിലേതുതന്നെയാകുന്നു എന്നാണ് ആനന്ദവർദ്ധനാചാര്യരുടേയും മററുമഭിപ്രായമെന്നു ധരിച്ചുകൊൾക.

സന്ദേഹസങ്കരസ്ഥലത്തും വ്യംഗ്യത്തിന്നു ധ്വനിത്വമില്ലെന്ന് ഉപപാദിക്കുന്നു **"അലങ്കാരദ്വയ—"** ഇത്യാദിയാൽ. **അലങ്കാരദ്വയസംഭാവനയുള്ളിടത്ത്**=പരസ്പരവിരുദ്ധങ്ങളായ ഒന്നിലധികം അലങ്കാരങ്ങളുടെ സംഭാവന—അതായത് വിവക്ഷിതമേതാണെന്നു സന്ദേഹം വരുന്നിടത്ത്—**"വിഷം വമിച്ചുകൊണ്ട്—"** ഇത്യാദി ഉദാഹരണങ്ങളിൽ, **വാച്യത്തിന്നും വ്യംഗ്യത്തിന്നും**=സർപ്പസന്നിഹിതഫലിനവൃക്ഷവൃത്താന്തമായ വാച്യത്തിന്നും ദുഷ്ടസന്നിഹിതരാജവൃത്താന്തമായ വ്യംഗ്യത്തിന്നും, **സമമാണ് പ്രാധാന്യം**=സന്ദേഹമെന്നതു തുല്യബലങ്ങളായ നാനാകോടികളുടെ ജ്ഞാനമാകയാൽ തൽകോടികളായ വാച്യവ്യംഗ്യങ്ങൾക്കു പ്രാധാന്യം സമമാണെന്നുള്ളതു തീർച്ചയാണ്. അതുകൊണ്ട്, അതിലെ വ്യംഗ്യം ധ്വനിവ്യപദേശം അർഹിക്കുന്നില്ല.

"ഖേചരീമഹിതമുദ്രയാൽ ഗല-
ച്ചാന്ദ്രദിവ്യസുധയെ സ്സമാധിയിൽ
യോഗിപോലെ നുകരുന്നു ലീലയിൽ
ബ്ബാലനംഗുലിവഴിക്കു നിർഭരം."

(ചെറുപൈതൽ)

'ഇതിൽ ബാലന്നു യോഗിയോടു സാദൃശ്യമുണ്ടെന്നു പറഞ്ഞിരിക്കയാൽ വാച്യമായ ഉപമാലങ്കാരവും ബിംബപ്രതിബിംബഭാവനിലയിൽ സാധാരണധർമ്മസമ്പത്തിക്കായി സമാധിസ്ഥാനീയമായി പ്രയോഗിച്ചിരിക്കുന്ന

കൊണ്ടാണ് വ്യംഗ്യത്തിൻെറ അവസ്ഥാനമെങ്കിൽ ആ വക സ്ഥലം പൎയ്യായോക്തത്തിൽ പറഞ്ഞ പ്രകാരം ധ്വനിക്കു വിഷയമായിക്കൊള്ളട്ടെ; അല്ലാതെ അതുതന്നെയാണ് ധ്വനിയെന്നു പറഞ്ഞുകൂടാ. എന്നുമാത്രമല്ല, 'സങ്കരം' എന്ന ഉക്തിതന്നെ സങ്കരാലങ്കാരത്തിൽ സൎവ്വത്ര ധ്വനിസംഭാവനയെ നിരാകരിക്കുന്നുണ്ട്.

'ലീലാ'ശബ്ദത്തിൻെറ സ്വാരസ്യത്താൽ യോഗിയേക്കാളും ബാലന്ന് ഉൽകൎഷമുണ്ടെന്നിങ്ങിനെ പ്രതീയമാനമായ വ്യതിരേകവും ഉള്ളതുകൊണ്ട് ഈ വക സ്ഥലങ്ങൾ സങ്കരഭേദത്തിന്നു വിഷയംതന്നെയാണല്ലോ. ഇവിടെ വ്യംഗ്യത്തിന്നാണ് സൎവ്വഥാ പ്രാധാന്യമെന്നുള്ളതും തക്കമററ സംഗതിയാണ്. ഈ സ്ഥിതിക്ക്, ഈവക സങ്കരാലങ്കാരസ്ഥലത്തു ധ്വനിക്കന്തർഭാവം എന്തുകൊണ്ടു പറഞ്ഞുകൂടാ' എന്ന ആശങ്കയെ **"അഥവാ വാച്യത്തെ—"** ഇത്യാദി വാക്യത്താൽ നിരാകരിക്കുന്നു. **"അഥവാ വാച്യത്തെ ഉപസൎജ്ജനീഭവിപ്പിച്ചുകൊണ്ടാണ് വ്യംഗ്യത്തിൻെറ അവസ്ഥാനമെങ്കിൽ"** എന്ന അംശം മുൻപറഞ്ഞ ആശങ്കയുടെ അനുവാദമാകുന്നു. ഉപസൎജ്ജനീഭവിപ്പിക്കുക=ഗുണീഭവിപ്പിക്കുക—അപ്രധാനമാക്കുക. **ആവക സ്ഥലവും**="ഖേചരീമഹിത—" ഇത്യാദിസന്ദർഭവും, **പൎയ്യായോക്തത്തിൽ പ്രതിപാദിച്ചപ്രകാരം ധ്വനിക്കു വിഷയമാവാമെന്നല്ലാതെ**=പൎയ്യായോക്തപ്രസ്താവത്തിൽ നിരൂപിച്ച പ്രകാരം ധ്വനി വ്യാപകവും അംഗിയുമാകയാൽ അതിൻെറ വകഭേദങ്ങളിൽ ഒന്നായ അലങ്കാരധ്വനിക്ക് ഈ വക സ്ഥലവും വിഷയമാണെന്നു പറയാമെന്നല്ലാതെ, **അതുതന്നെയാണ് ധ്വനിയെന്നു പറഞ്ഞുകൂടാ**=അതുമാത്രമാണ് ധ്വനിയെന്നു പറയുക വയ്യ. ആവക സ്ഥലം ധ്വനിക്കല്ലാതെ സങ്കരാലങ്കാരത്തിന്നു വിഷയമേ അല്ലെന്നു ഭാവം. ആ സംഗതിയെത്തന്നെ പ്രകാരാന്തരേണ സമൎത്ഥിക്കുന്നു **"എന്നുമാത്രമല്ല"** ഇത്യാദിയാൽ. **സങ്കരോക്തിതന്നെ**=സങ്കരാലങ്കാരമെന്ന സംജ്ഞതന്നെ, **സങ്കരാലങ്കാരത്തിൽ സൎവ്വത്ര**=സങ്കരാലങ്കാരത്തിൻെറ വകഭേദങ്ങളിലൊക്കെയും, **ധ്വനിസംഭാവനയെ നിരാകരിക്കുന്നുണ്ട്**=ധ്വനിത്വബുദ്ധിയെ നിരസിക്കുന്നുണ്ട്. സാങ്കൎയ്യമെന്നതു കേവലം സംബന്ധമല്ല സംശ്ലേഷ

അപ്രസ്തുതപ്രശംസയിലും അഭിധീയമാനത്തിന്നും പ്രതീയമാന

വിശേഷമാണ്. അതിൽ പ്രാധാന്യാപ്രാധാന്യവിവേകംതന്നെ യുക്തമല്ല. എന്നുമാത്രമല്ല അത്തരം ഏകീഭാവം എണ്ണയ്ക്കും പാലിനുമെന്നപോലെ വിലക്ഷണമായ വാച്യത്തിന്നും വ്യംഗ്യത്തിന്നും തമ്മിൽ സംഭവിക്കാത്തതുകൊണ്ടു വാച്യങ്ങൾക്കു മാത്രമോ വ്യംഗ്യങ്ങൾക്കുമാത്രമോ അല്ലാതെ വാച്യവ്യംഗ്യങ്ങൾക്കു സങ്കരോക്തി ഘടിക്കായ്കയാൽ താദൃശോക്തിതന്നെ വാച്യത്വവിശിഷ്ടമായ സങ്കരാലങ്കാരത്തിൽ ധ്വനിത്വസംഭാവനയെ ദൂരീകരിക്കുന്നുണ്ടെന്നു താൽപര്യം.

ഇങ്ങിനെ "സമാസോക്തി ആക്ഷേപം—" എന്ന ആക്ഷേപപംക്തിയിൽ നിർദ്ദേശിച്ച ഓരോ അലങ്കാരത്തിലും ധ്വനിക്ക് അന്തർഭാവം സുവചമല്ലെന്ന് ഉദ്ദേശക്രമമനുസരിച്ചു സമർത്ഥിച്ച് അവസാനം ആ പംക്തിയിലെ ആദിശബ്ദംകൊണ്ടു സൂചിപ്പിച്ചിരിക്കുന്ന അപ്രസ്തുതപ്രശംസ, വ്യാജസ്തുതി മുതലായവയിലും ധ്വനിക്ക് അന്തർഭാവമില്ലെന്ന അഭിപ്രായത്തിന്മേൽ അപ്രസ്തുതപ്രശംസയെ എടുത്തു നിരൂപിക്കുന്നു **"അപ്രസ്തുതപ്രശംസയിലും"** ഇത്യാദിയാൽ. അപ്രസ്തുതപ്രശംസ സാമാന്യവിശേഷഭാവനിബന്ധന, കാര്യകാരണഭാവനിബന്ധന, സാരൂപ്യനിബന്ധന എന്നു സാമാന്യമായി മൂന്നു വിധത്തിലാകുന്നു. അതിൽ ആദ്യത്തെ വകഭേദങ്ങൾ—വിശേഷം പ്രസ്തുതമായിരിക്കെ സാമാന്യം വർണിക്കുക, സാമാന്യം പ്രസ്തുതമായിരിക്കെ വിശേഷം വർണിക്കുക, കാരണം പ്രസ്തുതമായിരിക്കെ കാര്യം വർണിക്കുക, കാര്യം പ്രസ്തുതമായിരിക്കെ കാരണം വർണ്ണിക്കുക—എന്നിങ്ങിനെ നാലുപ്രകാരത്തിലാവുന്നതിനാൽ, അന്ത്യപ്രഭേദമായ സാരൂപ്യനിബന്ധനയോടുകൂടി ആകെ അപ്രസ്തുതപ്രശംസ അഞ്ചുവിധത്തിൽ വരുന്നതാണ്.

"പ്രസ്തുതോദന്തപരമാ-യീടുമപ്രസ്തുതോക്തിയാം
അപ്രസ്തുതപ്രശംസാഖ്യ-മായതഞ്ചു വിധത്തിലാം
വിശേഷത്തിന്നു സാമാന്യം കാരണത്തിന്നു കാര്യവും
മറിച്ചുമിവ തുല്യത്തിന്നഥ തുല്യവുമിങ്ങിനെ."

(കാവ്യജീവിതവൃത്തി)

എന്നു ലക്ഷണവും വകഭേദങ്ങളും കാൺക.

യഥാക്രമമുദാഹരണം,—

"കള്ളം ചൊല്ലരുതെന്നെനിക്കു ബലമായ് ബാല്യേ പഠിപ്പിച്ചൊരാ-
ക്കള്ളൻ നമ്മൊടു പൊള്ളുരച്ചു ശിവനേ! പോയിട്ടു നാളെത്രയായ് ?
വെള്ളത്തിങ്കൽ വരച്ച രേഖ പുരുഷപ്രേമാനുബന്ധം തുലോം
ഉള്ളം വെന്തുരുകുന്നിതെൻ സഖി, യെനിക്കെന്തിന്നിനിജ്ജീവിതം?"

(പ്രണയവിലാസം)

പ്രോഷിതഭർത്തൃകയായ നായിക പറയുന്ന ഈ പദ്യത്തിൽ തന്റെ പ്രിയതമന്നു തന്നിലുള്ള പ്രേമം ദൃഢമല്ലെന്നുള്ള വിശേഷം പ്രസ്തുതമായിരിക്കെ, പുരുഷന്മാരുടെ പ്രേമാനുബന്ധം താൽകാലികമാണെന്നിങ്ങിനെ സാമാന്യം പ്രസ്താവിച്ചിരിക്കുന്നു.

"വൈവശ്യമുള്ളിലിയലായ്ക ശുഭേ, നിരുദ്ധ-
നായ്പുന്നിതിപ്പൊഴനിരുദ്ധനുമെന്നതിങ്കൽ;
ദൈവം മറിച്ചുകരുതീടിലരക്ഷണത്തിൽ
ദേവൻ വെറും പുഴു; മഹാബ്ധി മരുപ്രദേശം."

(അനിരുദ്ധൻ)

'ദൈവം വിപരീതമായാൽ ശക്തിമാൻ നിസ്സാരനായും സേവ്യൻ ത്യാജ്യനായും ഭവിക്കും' എന്ന സാമാന്യം പ്രസ്തുതമായിരിക്കെ, 'ദേവൻ വെറും പുഴു മഹാബ്ധി മരുപ്രദേശം' എന്നിങ്ങിനെ വിശേഷം നിബന്ധിച്ചിരിക്കുന്നു.

"കൂട്ടിൽക്കിടന്നോരു ശാരികപ്പൈതൽ താൻ
പാട്ടായിച്ചൊന്നതു കേൾക്കായപ്പോൾ
ദൈവമേ നിൻകഴൽ കൈതൊഴുതീടുന്നോൻ
കൈവെടിഞ്ഞീടൊല്ല യെന്നെയെന്നും
ദേവകീനന്ദനൻ തന്നുടെ മെയ്യോടു
കേവലം ചേർക്കണമെന്നെയും നീ
കാണുന്നോർ കണ്ണിനു പീയൂഷമായോരു
കാർവർണ്ണൻ തന്നുടെ മേനിതന്നെ
കൺകൊണ്ടു കണ്ടു ഞാനെന്നുപോലെന്നുടെ
സങ്കടം പോക്കുന്നു തമ്പുരാനെ."

(കൃഷ്ണഗാഥ)

ത്തിന്നുമുള്ള അഭിസംബന്ധം സാമാന്യവിശേഷഭാവമോ നിമിത്തനിമി ത്തിഭാവമോ ആണെന്നു വരികിൽ വാച്യവ്യംഗ്യങ്ങൾക്കു സമമാണ്

രുക്മിണിയുടെ ശോചനീയസ്ഥിതിക്കു കാരണമെന്തെന്നുള്ള തോഴികളുടെ ചോദ്യത്തിന്നു മാരമാലാണെന്നു പറയേണ്ടതിന്നു പകരം തൽകാൎയ്യമായ വിലാപത്തെ ശാരികയെക്കൊണ്ടു കവി പ്രകടിപ്പിച്ചിരിക്കുന്നു.

"മാരശ്രീമദഹാരിമദ്ദയിതനെട്ടുരത്തു കണ്ടീടുമ-
ന്നേരത്തേ വികസിക്കുമക്ഷിയുഗളം വ്യാജേന ഞാൻ പൊത്തിടാം
നീരന്ധ്രം പുളകോദ്ഗമം പുടവയെക്കൊണ്ടും മറയ്ക്കാം പരം
പാരം കഞ്ചുകഭഞ്ജിയായ് സ്തനഭരം വഞ്ചിക്കുമിസ്സാധുവെ."

(പ്രണയവിലാസം)

അപരാധിയായ പ്രിയതമനിൽ പ്രണയകോപം നടിക്കുവാൻ ഉപദേശിക്കുന്നാ തൻെറ തോഴിയോട് അതു തനിക്കു സാധിക്കയില്ലെന്നു പറയുന്നതിന്നു പകരം അതിന്നുള്ള കാരണം വിവരിച്ചിരിക്കുന്നു.

"രത്നസമ്പൂർണനെന്നാലും ആഴിക്കില്ലല്പവും മദം
ചില മുത്തുകളുള്ളോരു ഗജേന്ദ്രൻ മദവിഹ്വലൻ."

(സുഭാഷിതരത്നാകരം)

അല്പജ്ഞനല്ലാതെ അഭിജ്ഞൻ അഹങ്കാരിയാവുകയില്ലെന്നുള്ള പ്രസ്തുതത്തിന്നു പകരം അതിന്നുതുല്യമായ അപ്രസ്തുതം നിബന്ധിച്ചിരിക്കുന്നു.

ഈ വകഭേദങ്ങളിൽ ആദ്യം പറഞ്ഞ നാലു പ്രകാരങ്ങളിലും ധ്വനിത്വസംഭാവനയ്ക്കു പ്രസക്തിയില്ലെന്നു കാണിപ്പാനായി അവയിലെ വാച്യവ്യംഗ്യങ്ങൾക്കു പ്രാധാന്യം തുല്യമാണെന്നു പ്രതിജ്ഞ ചെയ്യുന്നു **"അപ്രസ്തുതപ്രശംസയിലും"** എന്നു തുടങ്ങി **"സമം തന്നെയാകുന്നു"** എന്നതുവരെയുള്ള ഗ്രന്ഥസന്ദൎഭത്താൽ. **അഭിധീയമാനത്തിന്നും പ്രതീയമാനത്തിന്നുമുള്ള അഭിസംബന്ധം**=വാച്യാൎത്ഥത്തിന്നും വ്യംഗ്യാൎത്ഥത്തിന്നും തമ്മിലുള്ള സംബന്ധവിശേഷം—വാച്യവ്യംഗ്യങ്ങളിൽ ഒന്നു സാമാന്യവും മറ്റൊന്നു അതിൻെറ വിശേഷവുമാകുമ്പോൾ അവയ്ക്കുള്ള പരസ്പരബന്ധം; **സാമാന്യവിശേഷഭാവം**=സാമാന്യത്വനിരൂപിതവിശേഷത്വം, **നിമിത്തനിമിത്തിഭാവം**=കാൎയ്യകാരണഭാവം, **നിമിത്തം**=

പ്രാധാന്യം. അപ്രസ്തുതവും വാച്യവുമായ സാമാന്യത്തിന്നു പ്രാകരണികവും പ്രതീയമാനവുമായ വിശേഷത്തോടു സംബന്ധമുള്ളപ്പോൾ വിശേഷം പ്രധാനമായിട്ടാണവഭാസിക്കുന്നതെങ്കിലും അതിന്നു സാമാന്യത്തോടുള്ള അവിനാഭാവത്താൽ സാമാന്യത്തിനും പ്രാധാന്യം സംഭവി

കാരണം, **നിമിത്തി**=കാര്യം; ശിഷ്ടം സ്പഷ്ടം. പ്രതിജ്ഞാതമായ പ്രാധാന്യസാമ്യത്തെ ഉപപാദിക്കുന്നു "**അപ്രസ്തുതമായ**" എന്നു മുതൽ "**ഇതുതന്നെയാണ് ന്യായം**" എന്നതുവരെയുള്ള ഗ്രന്ഥത്താൽ. ആകയാൽ, പൌനരുക്ത്യശങ്കയ്ക്കവകാശമില്ലെന്നു ധരിക്കണം. ആദ്യമായി സാമാന്യനിബന്ധനാപ്രസ്തുതപ്രശംസയെ എടുക്കുന്നു "**അപ്രസ്തുതവും**" ഇത്യാദിയാൽ. **അപ്രസ്തുതവും സാമാന്യവുമായ വാച്യത്തിന്നു**="കള്ളം ചൊല്ലരുതെന്നു—" എന്ന ഉദാഹരണപദ്യത്തിലെ "വെള്ളത്തിങ്കൽ വരച്ച രേഖ പുരുഷപ്രേമാനുബന്ധം തുലോം" എന്നിങ്ങിനെ അപ്രകൃതവും സാമാന്യവുമായ വാച്യത്തിന്ന്, **പ്രാകരണികവും വിശേഷവുമായ പ്രതീയമാനത്തോട്**="തൻെറ പ്രിയതമനു തന്നിലുള്ള പ്രേമം ദൃഢമല്ല" എന്ന പ്രകൃതവും വിശേഷരൂപവുമായ വ്യംഗ്യത്തോട്, **സംബന്ധമുള്ളപ്പോൾ**=സാമാന്യവിശേഷഭാവരൂപമായ സംബന്ധമുണ്ടായിരിക്കെ, **വിശേഷം പ്രധാനമായിട്ടാണവഭാസിക്കുന്നതെങ്കിലും**=വ്യംഗ്യാത്ഥമായ വിശേഷാംശം പ്രകൃതമാകയാൽ അതിന്നു പ്രാധാന്യപ്രതീതിയുണ്ടെന്നുതന്നെയിരിക്കിലും, **സാമാന്യത്തോടുള്ള അവിനാഭാവത്താൽ**=വിശേഷം സാമാന്യത്തിൻെറ അംശമാകകൊണ്ട്, അതു് എപ്പോഴും സാമാന്യധമ്മവ്യാപ്തമാകയാൽ—സാമാന്യധമ്മം കൂടാതെ വിശേഷം സംഭവിക്കായ്കയാൽ, **സാമാന്യത്തിന്നും പ്രാധാന്യം സംഭവിക്കുന്നതാണ്**=വിശേഷമായ വ്യംഗ്യംപോലെ സാമാന്യമായ വാച്യവും പ്രധാനമാകുന്നതാണ്. 'ഒരേ വാക്യത്തിൽ രണ്ടത്ഥങ്ങൾക്കു ഗുണപ്രധാനഭാവത്തിൽ—വിശേഷണവിശേഷ്യഭാവത്തിൽ—അല്ലാതെ അന്വയം വരികയില്ല. അപ്പോൾ ഒന്നിന്നു് ഒരേ സമയത്തു ഗുണത്വവും പ്രധാനത്വവുമുണ്ടെന്നു വരുന്നതു വിരുദ്ധമാണല്ലോ?' എന്നും സംശയിക്കേണ്ട. ആവക നിയമം അന്യവിഷയമാണ്. നിത്യസംശ്ലിഷ്ടസ്വരൂപങ്ങളായ സാമാന്യവിശേഷവസ്തുക്കൾ അഭേദസഹിഷ്ണുഭേദധമ്മയുക്തങ്ങളാകയാൽ അവയിൽ ആ ന്യായം ബാധകമല്ലെന്നു ധരിച്ചുകൊള്ളുക.

കുന്നതാണ്. വിശേഷം സാമാന്യനിഷ്ഠമായിരിക്കെ, പ്രതീയമാനമായ സാമാന്യത്തിന്നു പ്രാധാന്യമുള്ളപ്പോൾ സാമാന്യത്തിൽ സർവ്വവിശേഷങ്ങളും അന്തർഭവിക്കുന്നതിനാൽ വിശേഷത്തിന്നും പ്രാധാന്യം സിദ്ധമാണ്. നിമിത്തനിമിത്തിഭാവത്തിലും ഇതുതന്നെയാണ് ന്യായം. സാരൂപ്യ

അനന്തരം വിശേഷനിബന്ധനഭേദത്തെ എടുക്കുന്നു "വിശേഷം" ഇത്യാദിയാൽ. **വിശേഷം സാമാന്യനിഷ്ഠമായിരിക്കെ**=വിശേഷം സാമാന്യത്തിൽ സ്ഥിതിചെയ്യുന്നതായിരിക്കെ—അതു സാമാന്യത്തിൻെറ ഒരംശംതന്നെയായിരിക്കുന്ന സ്ഥിതിക്ക്; **പ്രതീയമാനമായ സാമാന്യത്തിന്നു**="വൈവശ്യമുള്ളിലിയലാഴ്കേ—" എന്ന മുൻകാണിച്ച പദ്യത്തിൽ വ്യംജിക്കുന്ന, "ദൈവവൈപരീത്യത്താൽ ശക്തിമാൻ നിസ്സാരനായും പൂജ്യൻ ത്യാജ്യനായും ഭവിക്കും" എന്ന സാമാന്യാർത്ഥത്തിന്ന്, **പ്രാധാന്യമുള്ളപ്പോൾ**=പ്രാകരണികമാകയാൽ പ്രാധാന്യമുണ്ടെന്നു വരുമ്പോൾ, **സാമാന്യത്തിൽ സർവ്വവിശേഷങ്ങളും അന്തർഭവിക്കുന്നതിനാൽ**=സാമാന്യത്തിൽ അതിൻെറ വിശേഷങ്ങളൊക്കെയും ഉൾപ്പെടുന്നതിനാൽ, **വിശേഷത്തിന്നും പ്രാധാന്യം സിദ്ധമാണ്**=സാമാന്യത്തിനുള്ള പ്രാധാന്യം തന്നിഷ്ഠമായ വിശേഷത്തിന്നും സിദ്ധിക്കുന്നതാണ്. "ദേവൻ വെറും പുഴ മഹാബ്ധി മരുപ്രദേശം" എന്ന വിശേഷരൂപമായ വാച്യത്തിന്നും പ്രാധാന്യം വരുന്നതാണ്.

സാമാന്യനിബന്ധനയിലും വിശേഷനിബന്ധനയിലും വാച്യവ്യംഗ്യങ്ങൾക്കു പ്രാധാന്യം സമമാണെന്നു വരുത്തുവാൻ പറഞ്ഞ ന്യായത്തെ കാര്യകാരണഭാവസ്ഥലത്ത് അതിദേശിക്കുന്നു "നിമിത്തനിമിത്തി" ഇത്യാദിയാൽ. **നിമിത്തനിമിത്തിഭാവത്തിലും**=കാര്യകാരണഭാവത്തോടു കൂടിയ വാച്യവ്യംഗ്യങ്ങളുള്ളേടത്തും—"ദേവ, കുമാരി പഠിപ്പിക്കുന്നില്ല—" എന്ന കാര്യനിബന്ധനാപ്രസ്തുതപ്രശംസയിലും "മാരശ്രീമദഹാരി--" എന്ന കാരണനിബന്ധനാപ്രസ്തുതപ്രശംസയിലും, **ഇതുതന്നെയാണ് ന്യായം**=സാമാന്യവിശേഷഭാവസ്ഥലത്തു പറഞ്ഞതുതന്നെയാണ് യുക്തി. കാരണം കൂടാതെ കാര്യത്തിനും കാര്യം കൂടാതെ കാരണത്തിനും ആത്മലാഭംതന്നെയില്ലായ്കയാൽ കാര്യകാരണങ്ങളുടെ തുല്യപ്രധാനതയ്ക്കു സാധകമായി ഉപജീവ്യോപജീവകഭാവരൂപമായ ന്യായം ജാഗരിക്കുന്നുണ്ടെന്നു ഭാവം.

സംബന്ധനിബന്ധനമായ അപ്രസ്തുതപ്രശംസയിലാകട്ടെ, അപ്രസ്തുതവും സരൂപവുമായ വാച്യത്തിന്നു പ്രാധാന്യവിവക്ഷയില്ലാതിരിക്കിൽ

"കൂട്ടിൽ കിടന്നൊരു ശാരികപ്പൈതൽ—"

എന്ന ഗാഥയിലെ വാച്യമായ രുക്മിണീവിലാപരൂപകാര്യത്താൽ വ്യംജിക്കുന്ന തൽകാരണവും പ്രകൃതവുമായ മാരമാലിന്നു പ്രാധാന്യമുണ്ടെങ്കിലും തദനുപ്രാണിതമായ വാച്യരൂപകാര്യത്തിന്നും പ്രാധാന്യം സിദ്ധമാണ്. വിശേഷിച്ച്, അത്യന്തം മനോഹരമാകയാൽ അതു പ്രധാനമായിട്ടാണവഭാസിക്കുന്നതും. ആകയാൽ, കാര്യനിബന്ധനാപ്രസ്തുതപ്രശംസയിലെ വാച്യവ്യംഗ്യങ്ങൾക്കു പ്രാധാന്യം തുല്യമാണ് എന്നു ഭാവം.

"മാരശ്രീമദഹാരി—" എന്ന കാരണനിബന്ധനയിലേയും സ്ഥിതി ഇതുതന്നെയാണ്. ഇതിൽ നേത്രവികാസം, പുളകോദ്ഗമം, കഞ്ചുകഭഞ്ജിസ്തനവിജൃംഭണം എന്നീ കാരണത്താൽ വ്യംജിക്കുന്ന 'പ്രണയകോപഭാവന ശക്യമല്ല' എന്ന കാര്യത്തിന്ന് പ്രാധാന്യമുണ്ടെങ്കിലും അതിന്ന് അനുപ്രാണകമായി സ്ഥിതിചെയ്യുന്ന വാച്യം ചമൽകാരജനകമാകയാൽ അതും പ്രധാനംതന്നെയാകുന്നു. ആകയാൽ, ഈ വക സ്ഥലത്തും വാച്യവ്യംഗ്യങ്ങൾക്കുള്ള പ്രാധാന്യം സമതുലാധിരൂഢമായിരിക്കകൊണ്ടു ധ്വനിതാസംഭാവനയ്ക്കു പ്രസക്തിയില്ല. വാച്യവ്യംഗ്യങ്ങൾക്കുള്ള പ്രാധാന്യാപ്രാധാന്യവിവക്ഷ ചാരുതോൽകർഷനിബന്ധനമാണെന്നു പ്രതിപാദിച്ചിട്ടുണ്ടല്ലോ. ഈ വക അപ്രസ്തുതപ്രശംസാപ്രഭേദങ്ങളിൽ വാച്യത്തെക്കാളും വ്യംഗ്യത്തിന്ന് ഒട്ടും തന്നെ ചാരുതോൽകർഷമില്ലെന്നുള്ളതു് അനുഭവസിദ്ധംതന്നെയല്ലേ?

ഇങ്ങിനെ അപ്രസ്തുതപ്രശംസയുടെ നാലു വകഭേദങ്ങളിലും ധ്വനിതാസംഭാവനയ്ക്കു് അവകാശമില്ലെന്നു പ്രതിപാദിച്ചശേഷം സാരൂപ്യനിബന്ധനമായ അഞ്ചാമത്തെ വകഭേദത്തെപ്പററി പ്രസ്താവിക്കുന്നു "**സാരൂപ്യസംബന്ധനിബന്ധന—**" ഇത്യാദിയാൽ. **സാരൂപ്യസംബന്ധനിബന്ധനമായ അപ്രസ്തുതപ്രശംസയിൽ**=സാമ്യസംബന്ധം ആധാരമാക്കിക്കൊണ്ടുള്ള അപ്രസ്തുതപ്രശംസയുടെ അഞ്ചാമത്തെ വകഭേദത്തിൽ, **അപ്രസ്തുതവും സരൂപവുമായ വാച്യത്തിന്നു്**=അപ്രകൃതവും പ്രകൃതമായ വ്യംഗ്യാർത്ഥത്തിന്നു സമാനരൂപവും ആയ അഭിധീയമാനത്തിന്ന്, **പ്രാധാ**

അതു ധ്വനിയിൽത്തന്നെയാണ് അന്തർഭവിക്കുക. അല്ലെങ്കിൽ അല ങ്കാരാന്തരംതന്നെ.

ന്യവിവക്ഷയില്ലാതിരിക്കിൽ=ചാരുതോൽകർഷമില്ലായ്ക യാൽ പ്രാധാന്യവിവക്ഷയില്ലെന്നു വരികിൽ, **അതു്**=ചമൽകാരകാ രിയായ അതിലെ വ്യംഗ്യം, **ധ്വനിയിൽത്തന്നെയാണ് അ ന്തർഭവിക്കുക**=ധ്വനിപ്രഭേദമായിട്ടാണ് ഭവിക്കുക, അല്ലാതെ അ തുതന്നെയാണ് ധ്വനിയെന്നു വരുന്നതല്ല; ധ്വനി വ്യാപകമാണല്ലോ. **അല്ലെങ്കിൽ**=വ്യംഗ്യത്തിന്നു ചാരുതോൽകർഷനിബന്ധനമായ പ്രാധാന്യമില്ലാത്തപക്ഷം, **അലങ്കാരാന്തരംതന്നെ**=അപ്രസ്തുത പ്രശംസയെന്ന അലങ്കാരവിശേഷംതന്നെ.

"ഭാവവ്രാത, ഹഠാജ്ജനസ്യ ഹൃദയാന്യാക്രമ്യ യന്നർത്തയൻ
ഭംഗീഭിർവിവിധാഭിരാത്മഹൃദയം പ്രച്ഛാദ്യ സംക്രീഡസേ
സ ത്വാമാഹ ജഡം തതസ്സഹൃദയംമന്യത്വദുശ്ശിക്ഷിതോ
മന്യേമുഷ്യ ജഡാത്മതാ സ്തുതിപദം ത്വത്സാമ്യസംഭാവനാൽ."

ഭാവവ്രാത=അല്ലയോ ചന്ദ്രചന്ദ്രികോദ്യാനമലയമാരുതാദിപദാർത്ഥസ ഞ്ചയമേ, ആത്മഹൃദയം പ്രച്ഛാദ്യ=സ്വീയതത്ത്വത്തെ മറച്ചുകൊണ്ടു്, വിവിധാഭിഃ ഭംഗീഭിഃ=പലപ്രകാരത്തിലുള്ള വിച്ഛിത്തിവിശേഷങ്ങളാൽ, ജനസ്യ ഹൃദയാനി=ജനത്തിൻെറ ഹൃദയങ്ങളെ, ഹഠാൽ ആക്രമ്യ=ബ ലാൽ ആക്രമിച്ചു, നർത്തയൻ=നർത്തനം ചെയ്യിപ്പിക്കുന്നവനായിട്ടു്, സം ക്രീഡസേ യൽ=നല്ലപോലെ ക്രീഡിക്കുന്നു എന്നതു യാതൊന്നോ, തതഃ=അതുകൊണ്ടു്, സഹൃദയംമന്യത്വദുശ്ശിക്ഷിതഃ സഃ=സഹൃദയനെ ന്ന ഭാവനയാൽ ദുർവ്വിദഗ്ദ്ധനായ ആ ജനം, ത്വാം ജഡം ആഹ=നിന്നെ ജഡമെന്നു പറയുന്നു, അമുഷ്യ ജഡാത്മതാ=ഇങ്ങിനെ പറയുന്ന ജന ത്തിൻെറ ജഡരൂപത്വം—ഇപ്രകാരം പറയുന്ന ലോകത്തെ നോക്കി ഹേ ലോകമേ നീയാണ് ജഡമെന്നു വല്ലവരും പറയുന്നതായാൽ ആ വചനം, ത്വത്സാമ്യസംഭാവനാൽ=അന്ധമായ പ്രസിദ്ധിമാത്രത്താലാ ണല്ലോ വൈദഗ്ദ്ധ്യശാലിയായ നീ ജഡമെന്നു പറയപ്പെടുന്നതു്; അ ങ്ങിനെയുള്ള നിന്നോടു സമാനഭാവം തോന്നാവുന്നതുകൊണ്ടു്—ചന്ദ്ര ചന്ദ്രികാദിതുല്യയോഗക്ഷേമതയാൽ; സ്തുതിപദം മന്യേ=സ്തുത്യാസ്പദമാ യിട്ടാണ് ഞാൻ വിചാരിക്കുന്നതു്. ജഡാത്മതാ—നീ ജഡനാണെ ന്നുള്ള വചനം—ജനത്തിന്നു സ്തുതിയായിട്ടാണ് പര്യവസിക്കുക എന്നു

ഞാൻ വിചാരിക്കുന്നു. എന്നിങ്ങിനെയാണ് അഭിനവഗുപ്തപാദാചാര്യരുടേതായ പ്രസ്തുതപദ്യത്തിൻെറ വാച്യമായ അൎത്ഥം. ഗാഢവിവേകാലോകംകൊണ്ടു് അജ്ഞാനതിമിരം അശേഷം അകററിക്കളഞ്ഞവനാണെങ്കിലും "വീതരാഗോപി സരാഗവൽ" എന്ന ന്യായപ്രകാരം ആത്മതത്വം മറച്ചു് അജ്ഞൻെറ മട്ടിൽ പലപ്രകാരത്തിൽ ചരിച്ചു സാധാരണജനങ്ങളെ തരളിതചിത്തരാക്കിത്തുള്ളിച്ചുകൊണ്ടു മൂഢനെന്നും മററുമുള്ള പരിഹാസം കേട്ടു ലോകത്തിൻെറ ഇഷ്ടത്തിന്നു കളിക്കുന്ന ഒരു മഹാനുഭാവൻെറ ലോകോത്തരമായ ചരിതം പ്രകാശിപ്പിക്കുവാനാണ് അതിന്നു സൎവ്വഥാ അനുരൂപമായ ഭാവസഞ്ചയവൃത്താന്തത്തെ ഇവിടെ വാച്യരീതിയിൽ കവി വർണിച്ചിരിക്കുന്നതു്. എന്നാൽ, പ്രത്യേകിച്ചു് എന്തെങ്കിലുമുദ്ദേശം കൂടാതെ അചേതനമായ ഭാവവ്രാതത്തെ അഭിസംബോധനംചെയ്തുകൊണ്ടുള്ള അപ്രകൃതമായ ഏതാദൃശവർണനം അനുപപന്നമാകയാൽ കവിയുടെ ഉദ്ദേശ്യമെന്തെന്നു വെമ്പിക്കൊണ്ടിരിക്കുന്ന ശ്രോതാക്കളുടെ ഹൃദയത്തിൽ യഥാശ്രുതമായ വാച്യാൎത്ഥം കവ്യുദ്ദേശ്യമായ വ്യംഗ്യാൎത്ഥത്തെ പുരസ്കരിച്ചുകൊണ്ടല്ലാതെ വിശ്രാന്തി കൈക്കൊള്ളുന്നതല്ല. വാച്യാൎത്ഥം അപ്രകൃതമാണെന്നതിന്നു പുറമെ അതിലെ സംബോധ്യമാനമായ അംശത്തിന്നു വീതരാഗരൂപവ്യംഗ്യാംശത്തിൻെറ അഭേദാദ്ധ്യവസായം കൂടി അപേക്ഷിതമായിട്ടാണിരിക്കുന്നതു്. ഇങ്ങിനെ വാച്യത്തെ സഹായിക്കുമാറു വ്യംജിപ്പിച്ചിരിക്കുന്ന ആ വ്യംഗ്യാൎത്ഥത്തിന്നു വാച്യത്തെക്കാളും പ്രാധാന്യമുണ്ടെന്നോ താദൃശവാച്യത്തിന്നു പ്രാധാന്യവിവക്ഷയില്ലെന്നോ പറയാമോ? വാച്യം വ്യംഗ്യാപേക്ഷ കൂടാതെ നിഷ്പന്നമാകുന്ന സ്ഥലത്തു് വക്തൃവക്തവ്യവാച്യാദിവൈശിഷ്ട്യവശാൽ ചമൽകാരിയായവഭാസിക്കുന്ന വ്യംഗ്യാൎത്ഥമേ ധ്വനിവ്യപദേശമൎഹിക്കയുള്ളു എന്ന സഹൃദയസമ്മതമായ ധ്വനിപ്രസ്ഥാനസിദ്ധാന്തം കൂടി ഈ അവസരത്തിൽ ഓൎമ്മിക്കേണ്ടതാണ്. അതുകൊണ്ടാണല്ലോ, "രത്നസമ്പൂർണാ—" ഇത്യാദിയിലെ വാച്യം അത്യന്തമപ്രകൃതമാകയാൽ താദൃശപദ്യങ്ങൾ സാരൂപ്യനിബന്ധനാപ്രസ്തുതപ്രശംസയ്ക്കു് ഉദാഹരണമായി ധ്വന്യാത്മവാദികളായ ആലങ്കാരികവൎയ്യന്മാർ നിർദേശിച്ചിരിക്കുന്നതു്.

അതുകൊണ്ടു്, താദൃശവ്യംഗ്യാൎത്ഥം സാരൂപ്യനിബന്ധനരൂപമായ അപ്രസ്തുതപ്രശംസാലങ്കാരത്തിന്നു വിഷയമായിട്ടുതന്നെയാണിരി

ക്കന്നതു്. എന്നാൽ, ചന്ദ്രചന്ദ്രികോദ്യാനാദി സൎവ്വം ജഡമാണെന്നു പറഞ്ഞു ലോകം തുച്ഛീകരിക്കുന്നു. അത്തരം ജഡപദാൎത്ഥമാകട്ടെ, വിരഹികൾക്കു ദുഃഖപാരവശ്യത്തേയും മററുള്ളവൎക്കു സുഖപാരവശ്യത്തേയും ജനിപ്പിച്ചു ബലാൽകാരേണ മനസ്സിനെ ഇളക്കിമറിച്ചുകൊണ്ടു ലോകത്തെ യഥേച്ഛം കളിപ്പിക്കുന്നു. അതിൻെറ ഹൃദയം (ഈവക തത്ത്വം) ആരും ഗ്രഹിക്കുന്നില്ല. ഇങ്ങിനെയിരിക്കെ, ഗംഭീരവും അതിവിദഗ്ദ്ധവും അഹങ്കാരവിഹീനവും ലീലാവിലാസചതുരവുമായ അതിനെ ജഡമെന്നു മൌൎഖ്യത്താൽ തുച്ഛീകരിക്കുന്ന വിദഗ്ദ്ധമാനിയായ ലോകത്തെ ജഡമെന്നു വല്ലവരും പറയുന്നതായാൽ അതുതന്നെ ലോകത്തിന്നു ഭാവഗതതാദൃശജാഡ്യസംഭാവനയാൽ ഒരുതരം സ്തുതിയാകുന്നു. എന്നിങ്ങിനെയുള്ള വാച്യത്തിൽനിന്നു "ലോകത്തെ ജഡമെന്നു പറഞ്ഞാൽ പോര; അത്രത്തോളം പാപിഷ്ഠമാണതു്" എന്നിപ്രകാരം സഹൃദയഹൃദയഗ്രാഹിയായി വ്യഞ്ജിക്കുന്ന അൎത്ഥാന്തരം ധ്വനിയിലാണനുഭവിക്കുന്നതു്. ആകയാൽ, പ്രകൃതപദ്യം ധ്വനികാവ്യവ്യപദേശത്തിന്നാണൎഹമായിരിക്കുന്നതു്. അല്ലാതെ അപ്രസ്തുതപ്രശംസയെ ആധാരമാക്കി ഗുണീഭൂതവ്യംഗ്യകാവ്യവ്യപദേശത്തിന്നോ ചിത്രകാവ്യവ്യപദേശത്തിന്നോ അല്ല എന്നുകൂടി ഗ്രഹിച്ചുകൊള്ളണം. അതുകൊണ്ടു തന്നെയാണു്, അഭിനവഗുപ്തപാദാചാൎയ്യർ ജീവന്മുക്തവൃത്താന്തത്തെ ധ്വനിയാണെന്നു പറയാതെ, "ജഡാദപി പാപീയനയം ലോകഃ ഇതി ധ്വന്യതേ" എന്നിങ്ങിനെ ഈ ലോകം ജഡപദാൎത്ഥത്തിലും പാപീയസ്സാണെന്നുള്ള അൎത്ഥം ധ്വനിയാണെന്നു പ്രത്യേകിച്ചു് എടുത്തു പറഞ്ഞിരിക്കുന്നതു്.

അഥവാ, ഒരു ജീവന്മുക്തനെ മൂഢനെന്നും ഭ്രാന്തനെന്നും മററും അധിക്ഷേപിച്ചു പരിഹസിച്ച ഏതാണ്ടൊരു പ്രഭുവോടൊരുമിച്ചു് ഉദ്യാനമദ്ധ്യത്തിലെ പൂമ്പൊയ്കയുടെ കരയ്ക്കുള്ള ലതാമണ്ഡപത്തിൽ മന്ദാനിലനേററു വിശ്രമിക്കുന്ന തത്ത്വജ്ഞനായ ഒരു സഹൃദയൻ ഉദിച്ചുയരുന്ന ചന്ദ്രബിംബത്തേയും ചുററും നില്ക്കുന്ന ഫലകുസുമാവനമ്രങ്ങളായ തരുലതകളേയും മററും നോക്കി ആ പ്രഭു കേൾക്കെപ്പറയുന്നതാണു് "ഭാവവ്രാത—" എന്ന പദ്യമെന്നു വിചാരിക്കുന്നതായാൽ, അപ്രസ്തുതപ്രശംസാവിഷയമായ്പറഞ്ഞ വ്യംഗ്യംതന്നെ ധ്വനിയാവുന്നതാണു്. ജീവന്മുക്തവൃത്താന്തമായ പരമപ്രകൃതത്തെ അപേക്ഷിച്ചു ഭാവവ്രാത

വൃത്താന്തത്തിന്ന് ആപേക്ഷികമായ അപ്രകൃതത്വം പറയാമെന്നിരിക്കിലും പ്രസ്തുതപദ്യം തരുലതാദിയെനോക്കിപ്പറയുന്നതാകയാൽ വാച്യമായ ഭാവവൃത്താന്തവും പ്രകൃതമാകകൊണ്ട് അനുപപന്നമാണെന്നാബുദ്ധി ശ്രോതാക്കന്മാൎക്ക ജനിക്കുന്നതല്ല. സംബോധനാനൎഹങ്ങളായ ജഡപദാൎത്ഥങ്ങളെ അഭിസംബോധനം ചെയ്തുകൊണ്ടുള്ള കഥനം അസംഭാവിതമാകയാൽ അനുപപന്നമാണെന്നും വിചാരിച്ചുകൂടാ. തത്തച്ചിന്താകുലതയാലും മൌഗ്ദ്ധ്യത്താലും വാത്സല്യകോപതാപാദിവികാരത്താലും മററും ജഡപദാൎത്ഥങ്ങളെ അഭിസംബോധനംചെയ്തുകൊണ്ടുള്ള സംഭാഷണം ലോകസാധാരണമാണെന്നുള്ള വസ്തുത അനുഭവസിദ്ധമാണല്ലോ. 'ശാകുന്തള'ത്തിലെ നാലാമങ്കത്തിൽ ശകുന്തള മുല്ലവള്ളിയോടും മാൻകിടാവിനോടും അഭിസംബോധനംചെയ്തു സംസാരിക്കുന്നതു നോക്കുക.

നേരേമറിച്ച്,

"ആരാണങ്ങ്?ന്നരയ്ക്കാമറിക വിധിഹതൻ
പാപി ശാഖോടകൻ ഞാൻ;
വൈരാഗ്യത്താലെയല്ലിപ്പറവതു? ശരിതാൻ;
ബന്ധമെ?ന്തോതിടുന്നേൻ:-
പേരാലൊന്നുണ്ടിടത്തേവശമതിനെ ഭൃശം
പാന്ഥർ സേവിച്ചിടുന്നു
നേരാം മാർഗത്തെയാന്നോരിവനിഹ നിഴ-
ലെന്നാലുമില്ലേ പരാൎത്ഥം."

ഇത്യാദിയിൽ കാണുന്നതുപോലെ ജഡപദാൎത്ഥങ്ങളോടുള്ള ഉക്തിപ്രത്യുക്തിമാത്രമേ അത്യന്തം അസംഭാവിതമാകയാൽ അനുപപന്നമാകയുള്ളൂ. ആകയാൽ, "ഭാവവ്രാത—" എന്ന പദ്യത്തിൽ വ്യംഗ്യാപേക്ഷ കൂടാതെതന്നെ വാച്യാൎത്ഥപ്രതീതി നിൎബ്ബാധം നിഷ്പന്നമായതിന്നുശേഷം വക്തൃവക്തവ്യവാച്യവൈശിഷ്ട്യത്താൽ സരൂപവിധയാ വ്യഞ്ജിക്കുന്ന അൎത്ഥാന്തരം ചമൽക്കാരകാരിയാകയാൽ വസ്തുധ്വനിയായി ധ്വനിപ്രപഞ്ചത്തിൽ അന്തൎഭവിക്കുന്നു; അപ്രസ്തുതപ്രശംസയായി അലങ്കാരപ്രപഞ്ചത്തിലല്ല. അല്ലാത്തപക്ഷം, "ലാവണ്യദ്രവ്യജാതവ്യയം—" ഇത്യാദി പ്രകൃതഗ്രന്ഥത്തിലെ അപ്രസ്തുതപ്രശംസോദാഹരണം തന്നെ അസംബദ്ധമായിപ്പോകും. അതുമാത്രമല്ല, വ്യാജസ്തുതി മുതലായ പല

അലങ്കാരങ്ങളും ധ്വനിയാണെന്നു സമ്മതിക്കേണ്ടിവരും. ഇങ്ങിനെയാണെങ്കിൽ, "യദി പുനരചേതനാദിനാത്യന്ത്യാസംഭാവ്യമാനതദർത്ഥവിശേഷേണ അപ്രസ്തുതേന വർണിതേന പ്രസ്തുതമാക്ഷിപ്യമാണം ചമൽകാരകാരി തദാ വസ്തുധ്വനിരസൌ; യഥാ മമൈവ--ഭാവവ്രാത—" എന്ന ലോചനഗ്രന്ഥം വിരുദ്ധമാവുമല്ലോ എന്നു ശങ്കിക്കയും വേണ്ട. 'അചേതനാദി' എന്നതിലെ ആദിശബ്ദംകൊണ്ടു് ചേതനത്തെ ഗ്രഹിക്കണം. അചേതനമോ ചേതനമോ ഏതായാലും എന്നു താൽപര്യം. അതു് 'തദർത്ഥ' എന്നതിലെ തച്ഛബ്ദത്തിന്റെ വിവരണമാകുന്നു. സചാസാവർത്ഥശ്ച തദർത്ഥഃ എന്നു കർമ്മധാരയൻ. 'അചേതനാദിഃ നാത്യന്താസംഭാവ്യമാനഃ തദർത്ഥഃ വിശേഷണം യത്ര തേന' എന്നു വിഗ്രഹവാക്യം. അചേതനാദിരൂപവും തീരെ അസംഭാവ്യമാനമല്ലാത്തതുമായ ആ അർത്ഥം വിശേഷണമായിട്ടുള്ള, അപ്രസ്തുതേന=കവിയുടെ അഭിസംധിയെ അപേക്ഷിച്ചു് അപ്രകൃതമാണെങ്കിലും, വർണിതേന=സന്ദർഭവശാൽ പ്രകൃതമായിരിക്കുന്ന വൃത്താന്തത്താൽ, ആക്ഷിപ്യമാണം=വ്യംഗ്യമായവഭാസിക്കുന്ന, പ്രസ്തുതം=വക്താവിന്റെ പരമോദ്ദേശ്യം, യദി ചമൽകാരകാരി=വാച്യത്തേക്കാളും ചമൽകാരകാരിയാണെന്നു വരികിൽ, തദാ=അപ്പോൾ, അസൌ=ഈ വ്യംഗ്യം, വസ്തുധ്വനിഃ=വസ്തുധ്വനിയാകുന്നു. എന്നിങ്ങിനെ ലോചനപംക്തിക്കു് അർത്ഥം പറയാവുന്നതാണു്.

വേറെ ഉദാഹരണം,—

"എന്തിന്നിങ്ങിനെ ഭൃംഗമേ, ബത രജസ്സില്ലാതലം ബാലയായ്
ചന്തം ചേൎന്നൊരു മല്ലികാകലികയെ ക്ലേശപ്പെടുത്തുന്നു നീ?
സന്തോഷാൽ തവ മട്ടനങ്ങളെ വഹിച്ചീടാൻ കരുത്തുള്ള നൽ-
ച്ചെന്താർവല്ലികൾ വേറെയുള്ളതുകളിൽ സ്വാന്തം രമിപ്പിക്കെടോ."
(സാഹിത്യവിലാസം)

സ്വാധീനകളായ പ്രൌഢാംഗനകൾ വേണ്ടുവോളമുണ്ടായിരിക്കെ, പുഷ്പിണിയാകാത്ത ബാലികയെ രതിക്കായി ഉപദ്രവിക്കുന്ന നായകൻ കേൾക്കെ, മല്ലികാകലികയിൽച്ചെന്നിരുന്നു് അതിനെ ക്ലേശിപ്പിക്കുന്ന വണ്ടിനെ നോക്കി ഒരു വിദഗ്ദ്ധനായിക ഉദ്യാനത്തിൽവെച്ചു പറയുന്നതാണു് പ്രസ്തുതപദ്യം. നായികയുടെ പരമോദ്ദേശ്യം നായകോപാലംഭമാകയാൽ ഭൃംഗോപാലംഭം അപ്രകൃതമാണെന്നിരിക്കിലും സന്ദർഭ

വശാൽ പ്രകൃതത്വമുള്ളതുകൊണ്ടു്, നായികോദ്ദേശ്യമായ വ്യംഗ്യാൎത്ഥത്തിൻെറ പ്രതീതികൂടാതെ തന്നെ ഉപപന്നമാകുന്നതാണ്. വാച്യാൎത്ഥനിഷ്പത്തിക്കു ശേഷം വക്തൃവക്തവ്യാദിവൈശിഷ്ട്യത്താൽ അധികചമൽകാരകാരിയായി പ്രതീതിവിഷയമാകുന്ന വ്യംഗ്യാൎത്ഥമാകട്ടെ വസ്തുധ്വനിതന്നെയാകുന്നു. ആകയാൽ, ഈവകയൊന്നും അലങ്കാരവ്യപദേശമർഹിക്കുന്നില്ല.

നേരേമറിച്ചു്, വാച്യാൎത്ഥം സൎവ്വഥാ അപ്രകൃതമോ അത്യന്തം അസംഭാവ്യമാനമോ ആകുന്ന പക്ഷം അനുപപന്നമാകയാലും താദൃശവാച്യാൎത്ഥംകൊണ്ടു വക്താവു് വിവക്ഷിച്ചിരിക്കുന്നതെന്തെന്നു ഗ്രഹിക്കാതെ ജിജ്ഞാസാശാന്തി വരുന്നതല്ലായ്കയാലും സഹൃദയാസഹൃദയസാധാരണമായി ആക്ഷിപ്തമാകുന്ന വക്തൃദ്ദേശ്യമാകുന്ന ആ വ്യംഗ്യാൎത്ഥം വാച്യായമാനമാകയാൽ 'അഗൂഢ'മെന്ന ഗുണീഭൂതപ്രഭേദത്തിലാണന്തൎഭവിക്കുക. അതുകൊണ്ടാണ് സൎവ്വഥാ അപ്രകൃതവർണ്ണനരൂപമായ, "രത്നസമ്പൂർണ്ണനെന്നാലും—" ഇത്യാദിയൊക്കെയും സാരൂപ്യനിബന്ധനമായ അപ്രസ്തുതപ്രശംസാലങ്കാരത്തിന്നു് ഉദാഹരണമായി ആലങ്കാരികന്മാർ നിർദ്ദേശിച്ചിരിക്കുന്നതു്.

കൂടാതെ, വാച്യാൎത്ഥം സൎവ്വഥാ അപ്രകൃതമോ അത്യന്തമസംഭാവ്യമാനമോ അല്ലെന്നിരിക്കിലും അതിനെക്കാളും വ്യംഗ്യത്തിന്നു ചമൽകാരാധിക്യമില്ലെന്നു വരികിൽ ആവകയും 'തുല്യപ്രാധാന്യ'മെന്ന ഗുണീഭൂതവ്യംഗ്യപ്രകാരത്തിൽ ഉൾപ്പെടുന്നതിനാൽ അലങ്കാരത്തിന്നല്ലാതെ ധ്വനിക്കു വിഷയമാകയില്ല. അതിനാലാണ്,—

"പ്രാണാ യേന സമൎപ്പിതാസ്തവ ബലാദ്യേന ത്വമുത്ഥാപിതഃ
സ്കന്ധേ യസ്യ ചിരം സ്ഥിതോസി വിദധേ യസ്തേ സപൎയ്യാമപി
തസ്യാസ്യ സ്മിതമാത്രകേണ ജനയൻ ജീവാപഹാരക്രിയാം
ഭ്രാതഃ, പ്രത്യുപകാരിണാം ധുരി പരം വേതാള ലീലായസേ."

എന്ന ഭട്ടേന്ദുരാജൻെറ പദ്യത്തെ ലോചനകാരൻ പ്രകൃതഘട്ടത്തിൽ അപ്രസ്തുതപ്രശംസാലങ്കാരത്തിന്നു് ഉദാഹരണമായി കാണിച്ചിരിക്കുന്നതു്. വേതാള=അല്ലയോ വേതാളമേ? യേന=യാതൊരുത്തനാൽ, തവ=നിനക്കു്, പ്രാണാഃ സമൎപ്പിതാഃ=പ്രാണങ്ങൾ നൽകപ്പെട്ടുവോ, യേന ബലാൽ ത്വം ഉത്ഥാപിതഃ=യാതൊരുവനാൽ വളരെ പ്രയാസ

പ്പെട്ടു് നീ ഉത്ഥിതനാക്കപ്പെട്ടുവോ, യസ്യ സ്കന്ധേ ചിരം സ്ഥിതഃ അസി=യാതൊരുവന്റെ തോളത്തു നീ വളരെക്കാലം ഇരുന്നുവോ, യഃ തേ സപര്യാമപി വിദധേ=യാതൊരുവൻ നിനക്കു ശുശ്രൂഷപോലും ചെയ്തുവോ, തസ്യ അസ്യ=അങ്ങിനെയുള്ള ഈ ഉപാസകന്നു്, സ്മിതമാത്രകേണ=അട്ടഹാസരൂപമായ സ്മിതത്താൽത്തന്നെ, പ്രാണാപഹാരക്രിയാം=ജീവാപഹരണത്തെ, ജനയൻ=ഉണ്ടാക്കുന്നവനായിട്ടു്, ഭ്രാതഃ=സഹോദര, (നീ) പ്രത്യുപകാരിണാം ധുരി=പ്രത്യുപകാരികളുടെ മുമ്പിൽ, ലീലായസേ=ക്രീഡിക്കുന്നു എന്നു വാച്യമായ അൎത്ഥം. വ്യംഗ്യപക്ഷത്തിൽ 'വേതാളലീലായസേ' എന്നതു് ഒറ്റപ്പദം; വേതാളലീലയെ ആചരിക്കുന്നു എന്നു് അതിന്നൎത്ഥം. ശിഷ്ടം സ്പഷ്ടം. ഇതിലെ വാച്യമായ വേതാളവൃത്താന്തം സൎവ്വഥാ അപ്രകൃതമോ അത്യന്തം അസംഭാവ്യമാനമോ അല്ല. പക്ഷേ, വക്താവിന്റെ പരമോദ്ദേശ്യം കൃതഘ്നപുരുഷോപാലംഭനമാകയാൽ അതിനെ അപേക്ഷിച്ചു് അപ്രകൃതമാണെന്നു പറയാമെന്നുമാത്രം. ഈ സ്ഥിതിക്കു്, വാച്യാൎത്ഥം തീരെ അപ്രകൃതമോ അത്യന്തം അസംഭാവ്യമാനമോ അല്ലെന്നിരിക്കിലും സ്വതന്ത്രനിലയിൽ ചമൽകാരജനകമായ താദൃശാൎത്ഥത്തേക്കാൾ വ്യംഗ്യത്തിന്നു ചമൽകാരമില്ലായ്കയാൽ ഏതാദൃശവ്യംഗ്യം അപ്രസ്തുതപ്രശംസാലങ്കാരത്തിനല്ലാതെ ധ്വനിക്കു വിഷയമാകുന്നില്ല. എന്നു ലോചനാഭിപ്രായം. ഇങ്ങിനെ ധ്വന്യലങ്കാരവിവേകം സൂക്ഷ്മേക്ഷികയാ ഗ്രഹിച്ചുകൊള്ളേണ്ടതാണു്. ശിഷ്യബുദ്ധിവൈശദ്യത്തിന്നായി ദിങ്മാത്രം നിരൂപിച്ചു കാണിക്കാം.

*"യസ്യ വികാരഃ പ്രഭവ-ന്നപ്രതിബദ്ധേന ഹേതുനാ യേന
ഗമയതി തദഭിപ്രായം തൽപ്രതിബന്ധഞ്ച ഭാവോസൌ."

* യസ്യവികാരഃ=യാതൊരാളുടെ വികാരം—കാൎയ്യം(തരുണിയുടെ മുഖമാലിന്യം) അപ്രതിബദ്ധേന യേന ഹേതുനാ=അനൈകാന്തികമാകയാൽ അയുക്തമായ യാതൊരു ഹേതുവാൽ(നവമഞ്ജുളമഞ്ജരീസനാഥകരതരുണദൎശനത്താൽ) പ്രഭവൻ=ആവിൎഭവിച്ചതായിട്ടു്, തദഭിപ്രായം=ആയാളുടെ അഭിപ്രായത്തേയും(സങ്കേതസ്ഥലത്തുചെല്ലാൻ സാധിക്കാഞ്ഞതിലുള്ള ദുഃഖത്തേയും), തൽപ്രതിബന്ധഞ്ച=ആ ഹേതുവിന്റെ നൈയത്യത്തേയും—അവയ്ക്കുള്ള കാൎയ്യകാരണനിയമത്തേയും(ദൎശനമാലിന്യങ്ങൾക്കുള്ള കാൎയ്യകാരണഭാവത്തേയും), ഗമയതി=പ്രതീതിവിഷയമാക്കുന്നുവോ, അസൌ=ഇങ്ങിനെയുള്ളതു്, ഭാവഃ=ഭാവമെന്ന അലങ്കാരമാകുന്നു. എന്നു ലക്ഷണകാരികാൎത്ഥവും ലക്ഷ്യസമന്വയവും കണ്ടുകൊൾക.

*"അഭിധേയമഭിദധാനം തദേവ തദസദൃശസകലഗുണദോഷം
അർത്ഥാന്തരമവഗമയതി യദ്വാക്യം സോപരോ ഭാവഃ"

എന്നിങ്ങിനെ രുദ്രടൻ തൻെറ കാവ്യാലങ്കാരത്തിൽ രണ്ടു തരം ഭാവാലങ്കാരത്തെ നിർദ്ദേശിച്ചു് അവയ്ക്കു യഥാക്രമം,

"ഗ്രാമതരുണം തരുണ്യാ
നവവഞ്ജുളമഞ്ജരീസനാഥകരം
പശ്യന്ത്യാ ഭവതി മുഹുർ
നിതരാം മലിനാ മുഖച്ഛായാ."

"ഏകാകിനീ യദബലാ തരുണീ തഥാഹം
അസ്മിൻ ഗൃഹേ ഗൃഹപതിശ്ച ഗതോ വിദേശം
കം യാചസേ തദിഹ വാസമിയം വരാകീ
ശ്വശ്രൂർമ്മമാന്ധബധിരാ നനു മൂഢ പാന്ഥ."

എന്നീ രണ്ടു പദ്യങ്ങളെ ഉദാഹരിക്കയും ചെയ്തിരിക്കുന്നു. അതിൽ ആദ്യത്തേതിലെ, "പറഞ്ഞുവെച്ച പ്രകാരം സങ്കേതസ്ഥലത്തു ചെല്ലുവാൻ സാധിക്കാഞ്ഞതിനാൽ നായികയ്ക്കു വ്യസനമുണ്ടു്" എന്നുള്ള വ്യംഗ്യം സ്വാപേക്ഷിയായ വാച്യാർത്ഥത്തെ ഉപസ്കരിക്കുന്നതിനാലും ഉപസ്കൃതമായ വാച്യാർത്ഥത്തോളം ചമൽകാരം ഉപസ്കാരകമായ വ്യംഗ്യാർത്ഥത്തിനില്ലായ്കയാലും ഗുണീഭൂതമായ താദൃശവ്യംഗ്യത്തെ അലങ്കാരകോടിയിൽ ഉൾപ്പെടുത്തുന്നതിന്നു വിരോധമില്ല. നോക്കുക:— 'പുതിയ വഞ്ജുളപ്പൂങ്കൊത്തു കയ്യിൽപ്പിടിച്ചിരിക്കുന്ന ഗ്രാമതരുണനെ വീണ്ടും വീണ്ടും നോക്കുന്ന തരുണിയുടെ മുഖകാന്തി അത്യന്തം മലിനീഭവിക്കുന്നു' എന്നാണല്ലോ വാച്യമായ അർത്ഥം. തരുണിയുടെ മുഖശോഭ മങ്ങുന്നതിന്നു കാരണമായി പറഞ്ഞിരിക്കുന്നതു പൂങ്കൊത്തു കയ്യിൽ പിടിച്ചിരിക്കുന്ന തരുണനെ നോക്കുക എന്നുള്ളതാണ്. അവയ്ക്കാ

* യൽ വാക്യം=യാതൊരു വാക്യം ("ഏകാകിനീ—' ഇത്യാദി പദ്യവാക്യം), അഭിധേയം=വാച്യമായ അർത്ഥത്തെ (വാസനിഷേധരൂപാർത്ഥത്തെ), അഭിദധാനം=ബോധിപ്പിക്കുന്നതായിട്ടു്, തദേവ=ആ വാക്യംതന്നെ, തദസദൃശസകലഗുണദോഷം=വാച്യത്തിന്നു വിപരീതമായ വിധി പ്രതിഷേധം മുതലായവയോടു കൂടിയ (വാസപ്രതിഷേധത്തിന്നു വിപരീതമായ), അർത്ഥാന്തരം=വക്താവിൻെറ അഭിപ്രായത്തെ (നിശ്ശങ്കം താമസിച്ചു് എന്നോടുകൂടി യഥേഷ്ടം രമിച്ചുകൊൾക എന്ന വ്യംഗ്യാർത്ഥത്തെ), അവഗമയതി=അവഗമിപ്പിക്കുന്നുഃവാ, സഃ=അതു്, അപരഃഭാവഃ=മറ്റൊരുതരം ഭാവാലങ്കാരമാകുന്നു. എന്നു ലക്ഷണകാരികാർത്ഥവും ലക്ഷ്യസമന്വയവും കണ്ടുകൊൾക.

കട്ടെ നിയതമായ കാൎയ്യകാരണഭാവമില്ലായ്കയാൽ താദൃശവാച്യാൎത്ഥം തന്നെ അനുപപന്നമായ് ചമയുന്നു. അനുപപന്നമായ വാച്യാൎത്ഥത്തിന്റെ സോപപത്തിക്കായി വ്യംഗ്യാൎത്ഥത്തെ അപേക്ഷിക്കേണ്ടതായും വരുന്നു. ഈ സംഗതി ലക്ഷണകാരികയിലെ "അപ്രതിബദ്ധേന ഹേതുനാ യേന" എന്ന അംശംകൊണ്ടു രുദ്രടൻ തന്നെ വെളിപ്പെടുത്തീട്ടുമുണ്ട്. അങ്ങിനെ വാച്യാക്ഷിപ്തമായ വ്യംഗ്യം വാച്യത്തെ ഉപസ്കരിക്കുന്നതിനാൽ ഗുണീഭൂതമായിട്ടാണ് പരിണമിക്കുന്നത്. ചമൽകാരകാരിയായിരിക്കുന്നതും വ്യംഗ്യോപസ്കൃതമായ വാച്യമാണ്; ഉപസ്കാരകമായ കേവലവ്യംഗ്യമല്ല. അതുകൊണ്ടു താദൃശവ്യംഗ്യത്തെ അലങ്കാരകക്ഷിയിൽ നിക്ഷേപിക്കാവുന്നതാണ്. ഗുണീഭൂതവ്യംഗ്യപ്രഭേദം അലങ്കാരഭാവം ഭജിച്ചവഭാസിക്കുമെന്നും സമാസോക്തി, അപ്രസ്തുതപ്രശംസ, പൎയ്യായോക്തം, വ്യാജസ്തുതി മുതലായവയെല്ലാം അത്തരത്തിൽപ്പെടുന്നവയാണെന്നും പ്രത്യേകിച്ചു പറയേണമെന്നില്ലല്ലോ.

ആകയാൽ,

"മഞ്ജുളവകുളപ്പൂമലർ-
മഞ്ജരിയേന്തും കരത്തോടേ കൃഷ്ണൻ
ചെല്ലുമ്പൊഠം വാടിടുന്നു
വല്ലാതേ വല്ലവിക്കു മുഖകമലം." (ഭാഷാഭൂഷണം)

ഇത്യാദി ഗുണീഭൂതവ്യംഗ്യോദാഹരണപ്രഭേദമൊക്കയും രുദ്രടന്റെ ഭാവാലങ്കാരത്തിന്നു വിഷയമാണെന്നു വിചാരിക്കാവുന്നതാണ്.

എന്നാൽ, രണ്ടാമത്തെ ലക്ഷണപ്രകാരം ഉദാഹരിച്ചുകാണിച്ചിരിക്കുന്ന പദ്യത്തിലെ സ്ഥിതി അതല്ല. "ഹേ ധാൎമ്മികപ്രവര—" ഇത്യാദിക്കു സമാനയോഗക്ഷേമമായ ആ പദ്യത്തിലെ വ്യംഗ്യം വാച്യാക്ഷിപ്തമാകാതെ സ്വയം ചമൽകാരകാരിയാകയാൽ വസ്തുധ്വനിവ്യപദേശത്തിന്നാണർഹമായിരിക്കുന്നത്.

യൽ=യാതൊരുകാരണത്താൽ, തഥാ തരുണീ അഹം=അപ്രകാരം തരുണിയായ ഞാൻ—നീ വിചാരിക്കുന്നപോലെ ഞാൻ താരുണ്യവതിയാണെന്നിരിക്കിലും, ഏകാകിനീ അബലാ=നിസ്സഹായയായ അബലയാകുന്നു, അസ്മിൻ ഗൃഹേ=ഈ ഗൃഹത്തിലെ, ഗൃഹപതിശ്ച=ഗൃഹനാഥനാകട്ടെ—എന്റെ ഭൎത്താവാകട്ടെ, വിദേശം ഗതഃ=ദേശാന്തരം

ഗമിച്ചിരിക്കുന്നു, മമ ശ്വശ്രൂഃ=എന്റെ ഭർത്തൃമാതാവ്, അന്ധബധിരാ നനു=കണ്ണു കാണാത്തവളും കാതു കേൾക്കാത്തവളും തന്നെയാകുന്നു, മൂഢ പാന്ഥ=മൂഢനായ പഥിക, തൽ=അതിനാൽ, വാസം=വാസത്തെ, കം യാചസേ=ആരോടാണ് യാചിക്കുന്നത്?—നിന്നെ ഇവിടെ താമസിപ്പിക്കാൻ നിവൃത്തിയില്ല. എന്നാണ് പ്രകൃതപദ്യത്തിലെ വാച്യമായ അർത്ഥം. വ്യംഗ്യാർത്ഥമാകട്ടെ, "ഇവിടെ പാർത്ത് മദനപരവശയും ഉപഭോഗക്ഷമയുമായ എന്നോടുകൂടി ശങ്കയെന്നിയെ യഥേച്ഛം രമിച്ചുകൊള്ളുക" എന്നുള്ളതുമാണ്. ഇതിലെ വാച്യാർത്ഥനിഷ്പത്തിക്കു വ്യംഗ്യത്തിന്റെ അപേക്ഷ ലേശംപോലുമില്ല. വാച്യാർത്ഥം നിഷ്പന്നമായ ശേഷം വക്തൃവക്തവ്യദേശകാലാദിവൈശിഷ്ട്യത്താൽ സഹൃദയന്മാർക്കു സ്ഫുരിക്കുന്ന ആ വ്യംഗ്യാർത്ഥം വാച്യത്തേക്കാളും എത്രയോ ചമൽകാരകാരിയാകയാൽ പ്രാധാന്യം വഹിച്ചുകൊണ്ടു ധ്വനിവ്യപദേശത്തിനാണ് ആസ്പദമാകുന്നത്; അലങ്കാരവ്യപദേശത്തിനല്ല. ഇങ്ങിനെയിരിക്കെ, ലോചനത്തിൽ "ഏകാകിനീ—" എന്ന പദ്യത്തെ ഭാവാലങ്കാരോദാഹരണമായി നിർദ്ദേശിച്ചു വാച്യപ്രാധാന്യം സമ്മതിച്ചിരിക്കുന്നതാകട്ടെ, 'തുഷ്യതു ദുർജ്ജനന്യായ'മവലംബിച്ചു മാത്രമാണെന്നും അതുകൊണ്ടാണ് അനന്തരം "വ്യംഗ്യപ്രാധാന്യേതു ന കാചിദലങ്കാരതേതി നിരൂപിതം" എന്നിങ്ങിനെ സിദ്ധാന്തദൃഷ്ട്യാ ഉപന്യസിച്ചിരിക്കുന്നതെന്നും ഈ അവസരത്തിൽ ധരിച്ചുകൊള്ളണം. വിശേഷിച്ച്, *"നനുഇഹ വാച്യസ്യ വ്യംഗ്യാനപേക്ഷയൈവ വിശ്രാന്തത്വാൽ തദുപസർജ്ജനഭാവാച്ചാസ്മിൻ വിഷയേ വ്യംഗ്യപ്രാധാന്യാനവഖണ്ഡനാൽ ധ്വനിത്വമേവാസ്തുഇത്യാശങ്ക്യ തർഹി ഭാവാലങ്കാരത്വമേവാത്ര ന; കിന്തു വസ്തുധ്വനിത്വമേവേതി പ്രാഗുക്തമാവർത്തതെ ഇത്യാഹ—വ്യംഗ്യപ്രാധാന്യേത്വിതി." എന്നിങ്ങിനെ പ്രസ്തുത ലോചനപംക്തിക്കുള്ള 'കൌമുദീകാര'ന്റെ അവതാരികയും ശ്രദ്ധേയമാണ്.

* ഇവിടെ വാച്യം വ്യംഗ്യാപേക്ഷകൂടാതെ വിശ്രാന്തമാകയാലും വ്യംഗ്യത്തിനു അംഗമായിരിക്കയാലും ഈ വിഷയത്തിൽ വ്യംഗ്യപ്രാധാന്യത്തിനു ഭംഗമില്ലായ്കയാൽ ധ്വനിത്വമാവാമല്ലോ എന്നാശങ്കിച്ചുകൊണ്ട്, അങ്ങിനെയാണെങ്കിൽ വസ്തുധ്വനിത്വമല്ലാതെ ഭാവാലങ്കാരത്വം ഇല്ലതന്നെ എന്നിങ്ങിനെ മുൻ പറഞ്ഞിട്ടുള്ളതിനെ ആവർത്തിക്കുന്നു എന്നു "വ്യംഗ്യപ്രാധാന്യേ തു" ഇത്യാദിവാക്യംകൊണ്ടു ബോധിപ്പിക്കുന്നു.

ആകയാൽ, ഇതാണ് ഈ വിഷയത്തിലുള്ള സംക്ഷേപം—

വാച്യാനുയായിയായ് വ്യംഗ്യം
അപ്രധാനതമേന്തുകിൽ
സമാസോക്ത്യാദ്യലങ്കാര-
ജാതിയാമങ്ങതൊക്കെയും.

"നിന്നെപ്പോലാക്ക ക്രൂറെന്നിൽ ഇന്നു നീയെൻനിമിത്തമായ്
ചെന്നു ദൂതി, പൊറുത്തില്ലേ നന്നായ് ദന്തനഖക്ഷതം?"
(ഭാഷാഭൂഷണം)

"തിങ്കൾതന്നുടെ കളങ്കിതാങ്കമുടൽ ശങ്കരൻെറ ഗളമണ്ഡലം
പങ്കജാക്ഷനുടെ മെയ് മുഴക്കെ മദപങ്കിലം ദിഗിഭർതൻകടം
ശങ്കയെന്നിയെ യിതൊക്കെയിന്നുമിരുളാൻതന്നെ വിലസുന്നു കേൾ
ഹുങ്കഹോ വെറുതെയെത്രമാത്രമുലകം വെളുത്തു തവ കീർത്തിയാൽ."
(ഭാഷാഭൂഷണം)

ഇത്യാദി വ്യാജസ്തുതിയിലെ പ്രകൃതാനുചിതമായ വാച്യം ബാധിതമാകയാൽ വ്യംഗ്യം വാച്യമുഖപ്രേക്ഷിയാവുകകൊണ്ട് സാമ്യമൂലകമായ അപ്രസ്തുതപ്രശംസയിൽ പറഞ്ഞപ്രകാരം അലങ്കാരഭാവം ഭജിക്കുന്നതല്ലാതെ ധ്വനിയാവുകയില്ലെന്നു സ്വയം ഗ്രഹിച്ചുകൊൾക. ഇതുതന്നെയാണ് അനന്വയം, ഉപമേയോപമ മുതലായ അലങ്കാരങ്ങളിലെ വ്യംഗ്യത്തിൻെറ സ്ഥിതിയും. ഇപ്രകാരം വ്യംഗ്യങ്ങളുടെ പ്രധാനാപ്രധാനഭാവമൂലകമായ ധ്വന്യലങ്കാരഭാവത്തെ സൂക്ഷ്മദൃഷ്ട്യാ വിവേചിച്ചറിയേണ്ടതാണെന്നു ചുരുക്കം.

ഇങ്ങിനെ വ്യംഗ്യസ്ഥലത്തൊക്കയും ധ്വന്യലങ്കാരവിവേചനം ചെയ്തു കാണിക്കുക ശക്യമല്ലായ്കയാൽ അതിലേക്കു സാധാരണമായ ഉപായം നിർദേശിക്കുവാൻ ആരംഭിക്കുന്നു "**ആകയാൽ—**" എന്ന അവതാരികയാൽ. **ഇതാണ്**=അടുത്ത് പരികരശ്ലോകങ്ങളിൽ പറയുന്നതാണ്, **ഈ വിഷയത്തിലുള്ള**=ധ്വന്യലങ്കാരവിവേചനത്തിലുള്ള, **സംക്ഷേപം**=ചുരുക്കം.

(എങ്ങ്) **വ്യംഗ്യം**=വ്യംഗ്യാർത്ഥം, **വാച്യാനുയായിയായ്**=വാച്യോപസ്കാരകമായി, **അപ്രധാനതമേന്തുകിൽ**=

വ്യംഗ്യംതാൻ ക്ലിഷ്ടമായാലും
പ്രാധാന്യം സമമാകിലും
ആയതസ്സ്ഫുടമായാലും
ധ്വനിയാവില്ല നിശ്ചയം.

അപ്രാധാന്യം വഹിക്കിൽ, **അങ്ങ്**=ആ കാവ്യത്തിൽ, **അതൊക്കെയും**=ആ വക അപ്രധാനവ്യംഗ്യമൊക്കെയും, **സമാസോക്ത്യാദ്യലങ്കാരജാതിയാം**=സമാസോക്തി മുതലായ അലങ്കാരവർഗ്ഗമാകുന്നു. **വ്യംഗ്യംതാൻ ക്ലിഷ്ടമായാലും**=വ്യംഗ്യം അസ്പഷ്ടമായിട്ടിരിക്കിലും, (അഥ ക്ലിഷ്ടമവിസ്പഷ്ടം എന്ന് അമരം) **പ്രാധാന്യം സമമാകിലും**=വാച്യവ്യംഗ്യങ്ങൾക്കുള്ള പ്രാധാന്യം തുല്യമായിരിക്കിലും, **ആയതസ്സ്ഫുടമായാലും**=വ്യംഗ്യത്തിനുള്ള പ്രാധാന്യം ബലാൽ കല്പിക്കപ്പെടുന്നതുമാത്രമായാലും, **ധ്വനിയാവില്ല നിശ്ചയം**=തീർച്ചയായിട്ടും ധ്വനിയെന്നു വ്യവഹരിക്കാവുന്നതല്ല എന്നു ശ്ലോകാർത്ഥം.

സമാസോക്തി, ആക്ഷേപം എന്നിവയിൽ പ്രതീയമാനമായ വ്യംഗ്യം വാച്യാർത്ഥത്തിന്ന് ഉപസ്കാരകമാകയാൽ അപ്രധാനമാകകൊണ്ട് അതിന്ന് അലങ്കാരത്വമല്ലാതെ ധ്വനിത്വമില്ല. ഉപസ്കാരകത്വം അലങ്കാരത്വമല്ലാതെ അലങ്കാര്യത്വമാകയില്ലല്ലോ. "മന്നവേന്ദ്ര വിളങ്ങുന്നു ചന്ദ്രനെപ്പോലെ നിന്മുഖം" ഇത്യാദ്യുപമാലങ്കാരം മുതലായവയിൽ വർണ്ണ്യോൽകർഷത്തിന്നു പ്രാധാന്യമുണ്ടെങ്കിലും പ്രതിഭാനംമാത്രമല്ലാതെ വിശേഷിച്ചു സ്പഷ്ടതയില്ലായ്കയാൽ താദൃശവ്യംഗ്യവും ധ്വനിവ്യപദേശത്തിന്ന് അർഹമല്ലെന്ന് "**വ്യംഗ്യംതാൻ ക്ലിഷ്ടമായാലും**" എന്ന പദ്യംകൊണ്ടു കാണിച്ചിരിക്കുന്നു. സാമാന്യനിബന്ധന, വിശേഷനിബന്ധന, കാര്യനിബന്ധന, കാരണനിബന്ധന എന്നീ അപ്രസ്തുതപ്രശംസാപ്രഭേദങ്ങളിൽ മുൻപറഞ്ഞപോലെ വാച്യത്തോടു തുല്യപ്രാധാന്യമായ വ്യംഗ്യത്തിന്നും ധ്വനിത്വമില്ലെന്നു പ്രതിപാദിച്ചിരിക്കുന്നു "**പ്രാധാന്യം സമമാകിലും**" എന്ന ഭാഗംകൊണ്ട്. "**ആയതസ്സ്ഫുടമായാലും**" എന്നതുകൊണ്ട്, "ദേ മടങ്ങു ദയ ചെയ്തു—" എന്ന പദ്യം തടസ്ഥസഹൃദയോക്തിയാണെന്ന അഭിപ്രായത്തിൽ ചാടൂക്തിയാണ് വ്യംഗ്യമെന്നു വ്യാഖ്യാനിക്കുന്നവരുടെ പക്ഷപ്രകാരമുള്ള താദൃശവ്യംഗ്യത്തിന്നു ധ്വനിത്വമില്ലെന്നു കാണിച്ചിരിക്കുന്നു.

അഥവാ,

> "രണ്ടുവല്ലം നിറച്ചുള്ള പപ്പടത്തെപ്പൊടിച്ചിട്ട്
> രണ്ടുകൊട്ടപ്പഴംകൂട്ടിത്തൊലിച്ചിട്ടൊന്നമത്തിട്ട്
> *അഷ്ടബന്ധംപോലെയാക്കി യൊട്ടു ശേഷിച്ചൊട്ടു തിന്നും
> പട്ടരുണ്ണുന്നതു കണ്ടാൽ ഗോഷ്ഠിയല്ലാതൊന്നുമില്ല."
>
> (പഞ്ചേന്ദ്രോപാഖ്യാനം തുള്ളൽ)

"ഇവിടെ അഷ്ടബന്ധോപമകൊണ്ടു വേറെ ചില സംഗതികൾ ധ്വനിക്കുന്നു. അഷ്ടബന്ധപ്രയോഗം സാധാരണ ബിംബപ്രതിഷ്ഠകളിലാണ്. അതുകൊണ്ടു പ്രസ്തുത സദ്യഉൗണുകളിൽ പപ്പടപ്പഴരൂപമായ അഷ്ടബന്ധം നിറച്ചു എന്നു പറയുമ്പോൾ മേപ്പടിയാന്മാർ അകമേ തിക്കിക്കയററിയ ചരക്കിൻെറ ഭാരം നിമിത്തം കരിങ്കൽപ്രായത്തിൽ നിശ്ചലരായിരുന്ന വെന്നുകൂടി കവി സൂചിപ്പിക്കുന്നു" എന്നിങ്ങിനെ "ചില കവിതാപ്രതിധ്വനികൾ" എന്ന ഗ്രന്ഥത്തിൽ ബലാൽകാരേണ ഉപപാദിക്കപ്പെട്ടിരിക്കുന്ന പാഷാണപ്രായത്വം, നിശ്ചലത്വം എന്നീ ജാതിയിലുള്ള വ്യംഗ്യാൎത്ഥങ്ങൾക്കു ധ്വനിത്വമില്ലെന്നു മനസ്സിലാക്കിയാൽമതി. പാഷാണപ്രായത്വം മുതലായ വ്യംഗ്യാൎത്ഥം പ്രതിപാദിച്ചതിൽ പ്രയോഗിച്ചിരിക്കുന്ന ഹഠാൽകാരവും അതിൻെറ അചമൽകാരിത്വവും ഈ വ്യാഖ്യാതാവ് അന്യത്ര പ്രതിപാദിച്ചിട്ടുള്ളതു നോക്കി ധരിച്ചുകൊൾക. ഈവക വ്യംഗ്യവും അതിനുള്ള പ്രാധാന്യവും ബലാൽ കല്പിതമാണ്. അതിന്നു സഹൃദയഹൃദയാനുപ്രവേശം സിദ്ധിക്കുന്നതല്ല. ആകയാൽ, വ്യംഗ്യത്തിന്ന് അപ്രാധാന്യം, പ്രാധാന്യമുണ്ടെങ്കിലും ക്ലിഷ്ടപ്രതീതി, (അതായതു് സ്ഫുടമായ പ്രതീതി കൂടാതെ ഏതാണ്ടു പ്രതിഭാസം മാത്രം) പ്രാധാന്യം വാച്യത്തോടു തുല്യമായിരിക്കുക, പ്രാധാന്യം അസ്ഫുടമായിരിക്കുക എന്നീ നാലു അവസ്ഥയിലും ധ്വനിവ്യപദേശമില്ലെന്നു താൽപൎയ്യം എന്നിപ്രകാരമാണ് ലോചനകാരൻെറ അഭിപ്രായം.

വസ്തുസ്ഥിതി നോക്കുന്നതായാൽ, വ്യംഗ്യത്തിന്നു പറഞ്ഞിരിക്കുന്ന ഈ നാലവസ്ഥകളെത്തന്നെയാണ് എട്ടുതരം ഗുണീഭൂതവ്യംഗ്യപ്രധാനങ്ങളായി കാവ്യപ്രകാശകാരാദികൾ അഭിപ്രായപ്പെട്ടിരിക്കുന്നതെന്നു കാണാവുന്നതാണ്.

* അഷ്ടഗന്ധം എന്നതു അപപാഠമാകുന്നു.

"വാച്യാംഗം വാച്യസിദ്ധ്യംഗം തുല്യപ്രാധാന്യമസ്ഫുടം
സന്ദിഹ്യമാനപ്രാധാന്യം കാകപാക്ഷിപ്തമസുന്ദരം
അഗൂഢമെന്നെട്ടുവിധം വ്യംഗ്യത്തിനാപ്രധാനത."

(ഭാഷാഭൂഷണം)

"ദ്യുതിലോലതാരക—" ഇത്യാദി സമാസോക്തിയിലും മററും വാച്യത്തിന്നു് അംഗമായി ഭവിക്കുന്ന നായികാനായകവൃത്താന്തരൂപമായ വ്യംഗ്യവും,

"എന്നാൽ പോയിവരട്ടെ; എന്നിഹ തിരിച്ചെത്തീടു; മേഴെട്ടുനാൾ
ചെന്നാൽ; ഭദ്ര, മനേകമാണ്ടു നിലനില്ക്കട്ടേ ഭവദ്യൌവനം;
നന്നാശീർവ്വചനം പ്രിയേ; ദയിത, ഞാനാശിച്ചതൊക്കാത്തതാ-
ണെന്നാലെന്നവിദൂരഭാവിജനിയിൽ ബ്ഭർത്താവെനിക്കാരുവാൻ."

(വിലാസലതിക)

എന്നതിലെ "അവിദൂരഭാവിജനിയിൽ ബ്ഭർത്താവെനിക്കാരുവാൻ" എന്ന വാച്യത്തിന്റെ സിദ്ധിക്കു് അംഗമായവഭാസിക്കുന്ന "മൂന്നു നാലു ദിവസത്തിലധികം വിരഹം സഹിച്ചു ജീവിക്കുക ശക്യമല്ല; മരണം നിശ്ചയമാണു്" എന്ന വ്യംഗ്യവും (യഥാക്രമം വാച്യാംഗവും വാച്യസിദ്ധ്യംഗവും) അപ്രധാനവ്യംഗ്യമെന്ന ആദ്യപ്രഭേദത്തിന്റെ രണ്ടു പ്രകാരഭേദങ്ങളാണു്.

"പോരിൽ ക്കൌരവവൃന്ദമുൽക്കടരുഷാ കൊല്ലുന്നതില്ലേഷ ഞാൻ
കോരി ച്ചോര കുടിപ്പതില്ല നിയതം ദുശ്ശാസനോരഃസ്ഥലാൽ
ഊരു നൽഗ്ഗദകൊണ്ടടിച്ചു പൊടിയാക്കുന്നില്ല ദുര്യോധന-
സ്യാരൂഢാദരമത്ര സന്ധി നൃവരൻ ചെയ്യാം പണത്തോടുടൻ."

(വേണീസംഹാരം)

ഇതിലെ 'കൊല്ലുന്നതില്ല' 'കുടിപ്പതില്ല' ഇത്യാദിയിലെ കാകുസ്വരത്താൽ ആക്ഷിപ്തമായ 'കൊല്ലും' 'കുടിക്കും' ഇത്യാദി വ്യംഗ്യവും— കാകപാക്ഷിപ്തവും,

"ഒട്ടു വേതസലതാഗൃഹത്തിൽനി-
ന്നിട്ടുയന്ന ഖഗസംഭ്രമാരവം
വീട്ടുവേലകളെടുക്കുമോമലാൾ
കേട്ടു ഹന്ത തളരുന്നിതേററവും."

ഇത്യാദിയിലെ വാച്യത്തെ അപേക്ഷിച്ച് അസുന്ദരമായ, 'നായിക ദത്തസങ്കേതയാണ്' എന്ന വ്യംഗ്യവും—അസുന്ദരവും,

"സ്മയമാനമുഖസ്സ താമവാദീ-
ദയി മുഗ്ദ്ധേ, ശൃണു നിൻ കചാഭിമർശീ
അയമദ്യ ശഠോ ജടാസുരേന്ദ്രാ-
ന്നിയതം ദാരുണനല്ല ഖേദിയാതെ."

(ഭാരതചമ്പു)

ഇതിലെ "ജടാസുരനെ വധിച്ച എനിക്കു കീചകനെ വധിക്കുവാൻ ഒട്ടും പ്രയാസമില്ല" എന്ന അതിപ്രകടമായ വ്യംഗ്യവും--അഗൂഢവ്യംഗ്യവും,

"ചന്ദ്രോദയം പാത്തൊഴമാഴിപോലെ
തൽക്കാലമുള്ളൊന്നു ചലിച്ചൊരീശൻ
പാരിച്ച ബിംബാധരകാന്തി കോലും
ഗൌരീമുഖേ കണ്ണുകളൂന്നി മൂന്നും."

(കുമാരസംഭവം)

ഇവിടെ മുഖദർശനമെന്ന വാച്യത്തിലോ അധരചുംബനമെന്ന വ്യംഗ്യത്തിലോ കവിവിവക്ഷയെന്നു തീർച്ചയില്ലായ്കയാൽ സന്ദിഗ്ദ്ധപ്രാധാന്യമായ ഈവക വ്യംഗ്യവും 'അസ്ഫുടപ്രാധാന്യസ്വരൂപം' തന്നെയാകുന്നു.

"രസിക്കാ സത്യമോതീടി-ലസത്യം സ്വാമിവഞ്ചനം
അസത്യം സത്യവും രണ്ടും ചൊല്ലൊലാ രാജസന്നിധൌ."

(ഭാഷാഭൂഷണം)

എന്നതിൽ സഹൃദയന്മാൎക്കുപോലും സ്ഫുരിക്കാൻ പ്രയാസമായ "ഹിതം നോക്കിപ്പറയണം" എന്ന അസ്ഫുടവ്യംഗ്യം ക്ലിഷ്ടവ്യംഗ്യപ്രഭേദമാകയാൽ അതിൽ ഉൾപ്പെടുന്നതാണ്.

"ദ്രോഹം ദ്വിജൎക്കു ചെയ്യായ്ക നന്മക്കാം രാക്ഷസൎക്കു താൻ
ആ നിൎമ്മിത്രം ജാമദഗ്ന്യ-നല്ലെങ്കിലതസഹ്യമാം." (സ്വ)

ഇതിലെ, 'ക്ഷത്രിയകുലത്തെക്കണക്കേ രാക്ഷസകുലത്തേയും നിശ്ശേഷം നശിപ്പിക്കു'മെന്ന വ്യംഗ്യംപോലെ നിലവിടാതേയും മൈത്രിക്കു ഭംഗം തട്ടാതേയും വിലസുന്ന ഗഭീരമായ വാച്യവും ചമൽകാരകാരിയാകയാൽ "തുല്യപ്രാധാന്യ"മെന്ന താദൃശഗുണീഭൂതവ്യംഗ്യം "സമപ്രാധാന്യം" തന്നെയെന്നുള്ളതു സ്പഷ്ടമാണല്ലോ. ഇങ്ങിനെ വാച്യാംഗം

എങ്ങു തൽപരമായ്ത്തന്നെ
വ്യംഗ്യേശബ്ദാൎത്ഥമാസ്ഥിതം
ധ്വനിക്കതാണവിഷയം
ശങ്കരോജ്ഝിതമോക്ഷണം.

മുതലായ എട്ടു തരത്തിലുള്ള ഗുണീഭൂതവ്യംഗ്യപ്രകാരങ്ങൾ പ്രസ്തുത ഗ്രന്ഥത്തിൽ നിർദേശിച്ചിരിക്കുന്ന 'അപ്രധാനം' 'ക്ലിഷ്ടം' 'തുല്യപ്രാധാന്യം' 'അസ്ഫുടപ്രാധാന്യം' എന്ന നാലുവ്യംഗ്യപ്രകാരത്തിന്റെ വിപുലനം മാത്രമല്ലാതെ അതിൽനിന്നു വ്യതിരിക്തമല്ലെന്നു ചുരുക്കം.

ധ്വനിവ്യവഹാരയോഗ്യമായ സ്ഥലമേതെന്നു കാണിക്കുന്നു—**"എങ്ങു തൽപരമായ്ത്തന്നെ—"** എന്ന ശ്ലോകത്താൽ.

എങ്ങ്=എവിടെ—ഏതു കാവ്യത്തിൽ, **ശബ്ദാൎത്ഥം**=വാചകവും വാച്യവും, **വ്യംഗ്യേ**=വ്യംഗ്യത്തിനായിട്ട് "ചൎമ്മണി ദ്വീപിനം ഹന്തി ദന്തയോർഹന്തി കുഞ്ജരം" എന്ന പ്രയോഗംപോലെ പ്രയോജനാൎത്ഥത്തിൽ "നിമിത്താൽ കൎമ്മയോഗേ" എന്ന വാൎത്തികപ്രകാരം സപ്തമി. **തൽപരമായ്ത്തന്നെ**=വ്യംഗ്യപരമായ്ത്തന്നെ—വ്യംഗ്യത്തെ ഉദ്ദേശിച്ചു ഗുണീഭവിച്ചുകൊണ്ടുതന്നെ. **ആസ്ഥിതം**=നിരാകാംക്ഷമായി സ്വാത്മവിശ്രാന്തമായി വൎത്തിക്കുന്നുവോ—

* "യത്ര തു സ്വാൎത്ഥവിശ്രാന്തം പ്രതിഷ്ഠാം താവദാഗതം
തൽ പ്രസൎപ്പതി തത്ര സ്യാ-ത്സൎവ്വത്ര ധ്വനിനാ സ്ഥിതിഃ"

(യത്ര=എവിടെ, പ്രതിഷ്ഠാം താവദാഗതം സൽ=നിരാകാംക്ഷമായ നിലയെ പ്രാപിച്ചുകൊണ്ട്, സ്വാൎത്ഥവിശ്രാന്തം=വാച്യാൎത്ഥത്തിൽ വിശ്രാന്തിപ്രാപിച്ചിരിക്കുന്ന, തൽ=വാക്യം, പ്രസൎപ്പതി=അൎത്ഥാന്തരം ബോധിപ്പിക്കുന്നുവോ, തത്ര സൎവ്വത്ര=ആവക സ്ഥലത്തൊക്കയും, ധ്വനിനാ സ്ഥിതിഃ സ്യാൽ=ധ്വനിയെക്കൊണ്ടാണ് വ്യവഹാരമൎയ്യാദ എന്നു കാരികാൎത്ഥം) എന്നീ സിദ്ധാന്തപ്രകാരം എവിടെ വാച്യം നിഷ്പന്നമായിരിക്കുന്നുവോ; **അതാണു്**=ആ സ്ഥലമാണ്, **ധ്വനിക്കു്**=ധ്വനിവ്യവഹാരത്തിന്ന്, **സങ്കരോജ്ഝിതം വിഷയം**=അലങ്കാരാന്തരപ്രവേശസംഭാവനാവിഹീനമായ വിഷയം. 'മൂലത്തിലെ സങ്കര

*ദശരൂപകം, പ്രകാശം 4. ഭാഗം 153.

അതുകൊണ്ടു ധ്വനിക്കു മറെറാന്നിലും അന്തർഭാവമില്ല. എന്നു മാത്രമല്ല, അംഗിയായ കാവ്യവിശേഷത്തെയാണ് ധ്വനിയെന്നു പറഞ്ഞിരിക്കുന്നതു്. അലങ്കാരം, ഗുണം, വൃത്തി എന്നിവ അതിൻെറ അംഗങ്ങളാണെന്നു പ്രതിപാദിക്കാൻ പോകുന്നുണ്ടു്. പൃഥഗ്ഭൂതമായ

ശബ്ദത്തിന്നു് അലങ്കാരാനുപ്രവേശസംഭാവനയെന്നാർത്ഥം ഗ്രഹിക്കണ' മെന്നു ലോചനകാരൻ പറഞ്ഞിരിക്കുന്നു. തദനുസാരിയാണ് പരിഭാഷയിലെ പ്രയോഗവും. **ഓൎക്കണം**=ഈ വസ്തുത എപ്പോഴും ഓൎമ്മയുണ്ടായിരിക്കണം.

അതുകൊണ്ടു്=വാച്യവും വാചകവും തൽപരത്വേന ഗുണീഭവിച്ചുകൊണ്ടു് അർത്ഥാന്തരത്തെ അഭിവ്യഞ്ജിപ്പിക്കുന്ന സ്ഥലത്തേ ധ്വനിവ്യവഹാരമുള്ളൂ എന്നതുകൊണ്ടു്, **ധ്വനിക്കു മറെറാന്നിലും അന്തർഭാവമില്ല**=സമാസോക്ത്യാദ്യലങ്കാരങ്ങളിലും മററും ധ്വനിക്കു് അന്തർഭാവം വരുന്നതല്ല, **എന്നുമാത്രമല്ല**=വാച്യവാചകഭാവവിരുദ്ധമായ വ്യംഗ്യവ്യഞ്ജകഭാവത്താൽ മാത്രമല്ല വാച്യാലങ്കാരങ്ങളിൽനിന്നു ധ്വനി വ്യത്യാസപ്പെട്ടിരിക്കുന്നതു്. വേറെയും കാരണമുണ്ടു്. അതെന്തെന്നു വിവരിക്കുന്നു "അംഗിയായ" ഇത്യാദിയാൽ. **അംഗിയായ കാവ്യവിശേഷത്തെയാണ്**=അവയവിയായ കാവ്യവിശേഷത്തെയാണല്ലോ, **ധ്വനിയെന്നു പറഞ്ഞിരിക്കുന്നതു്**="ശബ്ദാർത്ഥങ്ങളിലൊന്നാത്തത്ത്വാർത്ഥത്തെ—" ഇത്യാദി കാരികാഗ്രന്ഥംകൊണ്ടും വൃത്തിഗ്രന്ഥംകൊണ്ടും പ്രതിപാദിച്ചിരിക്കുന്നതു്. അലങ്കാരാദികൾ കേവലം അംഗങ്ങളും ധ്വനി അംഗിയുമാകയാൽ സ്വാമിക്കും ഭൃത്യനുമെന്നപോലെ സ്വഭാവത്തിലും സ്വരൂപത്തിലും വൈലക്ഷണ്യമുള്ളതുകൊണ്ടു ധ്വനിക്കും അലങ്കാരാദിക്കും താദാത്മ്യമില്ലെന്നു് താൽപര്യം. കൂടാതെ, 'അവയവി എന്നൊന്നു പ്രത്യേകമില്ലായ്കയാൽ അവയവിരൂപത്വം അവയവത്തിന്നുതന്നെ സിദ്ധമായിരിക്കെ, അവയ്ക്കു താദാത്മ്യമില്ലെന്നു് എങ്ങിനെ പറയാം?' എന്ന ആശങ്ക ശരിയല്ലെന്ന ഉദ്ദേശത്തിന്മേൽ അവയവമാണ് അവയവിയെന്നു പറയുന്നതു പ്രത്യേകസ്വരൂപത്തിലോ അല്ല സമുദായമദ്ധ്യപതിതസ്വരൂപത്തിലോ എന്നു കല്പിച്ചുകൊണ്ടു് ആദ്യപക്ഷത്തെ നിരാകരിക്കുന്നു "പൃഥഗ്ഭൂതം" ഇത്യാദിയാൽ. **പ്രസിദ്ധമല്ല**=അവയവം ഓരോന്നും പ്രത്യേകം അവയവിയാണെന്നു ലോകത്തിലാരും സമ്മതിക്ക

അവയവം തന്നെയാണ് അവയവി എന്നുള്ളതു പ്രസിദ്ധമല്ല. അപൃഥഗ്ഭാവത്തിലാകട്ടെ അതിന്നു തദംഗത്വമാണുള്ളതു്; തത്ത്വമില്ല

യില്ലെന്നർത്ഥം. സമുദായമദ്ധ്യപതിതത്വേന അവയവം അവയവി യാണെന്നുള്ള അന്ത്യപക്ഷത്തെ നിരസിക്കുന്നു "അപൃഥഗ്ഭാവ--" ഇത്യാദിയാൽ. **അപൃഥഗ്ഭാവത്തിലാകട്ടെ**=സമുദായമദ്ധ്യ പതിതസ്വരൂപേണ ഗ്രഹിക്കുന്നുവെങ്കിൽ, **അതിന്നു്**=ആ അവയ വത്തിന്നു്, **തദംഗത്വമാണുള്ളതു്**=സമുദായാംഗത്വമാണുള്ളതു്, **തത്ത്വമില്ലതന്നെ**=അംഗിത്വമില്ലതന്നെ. വാസ്തവത്തിൽ അവ യവസംഘാതത്തെയാണ് സമുദായമെന്നും അവയവി എന്നും മററും പറയുന്നതു്; സമുദായികളായ അവയവങ്ങൾ ഓരോന്നും തദംഗഭൂത ങ്ങൾ മാത്രമാകുന്നു. അവ ഓരോന്നും പ്രത്യേകം പ്രത്യേകം ഭിന്നരൂ പോപകാരസമർപ്പണം വഴിക്കു 'സമുദായം' 'അവയവി' ഇത്യാദി പ്രതീ തിക്കും വ്യവഹാരത്തിന്നും നിർവ്വാഹകങ്ങളായി തദ്ഗുണഭാവമാണവലം ബിക്കുന്നതു്. അവയവങ്ങൾ യാതൊന്നിന്നുവേണ്ടിയാണോ സമൂഹീഭ വിക്കുന്നതു് അതിനെയാണല്ലോ 'പ്രധാന'മെന്നും 'അവയവി'യെന്നും പറയേണ്ടതു്? ഇങ്ങിനെയിരിക്കെ, സമുദായികളുടെ സമൂഹത്തിൽ ഏതാന്നമൊന്നു പ്രധാനമായി പരിലസിക്കുകയും സമുദായികളുടെ സമൂ ഹീഭവനം തന്മുഖപ്രേക്ഷിയായിരിക്കയും ചെയ്യുന്നാപക്ഷം അതിനെ പ്രാ ധാന്യത്താൽ അവയവിയെന്നും ആത്മാവെന്നും വ്യവഹരിക്കാമല്ലോ. ഇതുതന്നെയാണ് ധ്വനിയുടെ സ്ഥിതിയും. ശബ്ദം, അർത്ഥം, അവയുടെ അലങ്കാരം, ഗുണം, വൃത്തി എന്നിവയുടെ സമൂഹീഭവനം ധ്വനിക്കുവേ ണ്ടിയാകയാൽ ധ്വനിക്കുതന്നെയാണ് അംഗിത്വമുള്ളതു്. ശബ്ദാലങ്കാ രഗുണവൃത്തികൾക്കു താദർത്ഥ്യത്താൽ അംഗത്വമല്ലാതെ അംഗിത്വം വരികയില്ല എന്നു ഭാവം.

"പര്യായോക്തം യദന്യേന പ്രകാരേണാഭിധീയതേ
വാച്യവാചകവൃത്തിഭ്യാം ശൂന്യേനാവഗമാത്മനാ."

എന്ന ലക്ഷണപ്രകാരം ഞങ്ങളുടെ പര്യായോക്താലങ്കാരോദാഹരണ മായ "ഹേ ധാർമ്മികപ്രവര ലാത്തിടു—" ഇത്യാദിയിലും, അപ്രസ്തുത പ്രശംസോദാഹരണമായ "ഭാവവ്രാത, ഹാഠാജ്ജനസ്യ—", "എന്തിന്നി ങ്ങിനെ ഭൃംഗമേ—" ഇത്യാദിയിലും മററും വ്യംഗ്യത്തിന്നു പ്രാധാന്യവി വക്ഷയിൽ ധ്വനിവാദികൾ ധ്വനിയെന്നു പറയുന്നു. ഈ സ്ഥിതിക്കു്,

തന്നെ. വല്ലസ്ഥലത്തും തത്ത്വമുണ്ടെന്നു വരികിൽത്തന്നെ ധ്വനി മഹാവിഷയമാകയാൽ തന്നിഷ്ഠമാകയില്ല.

"ബുധരുരയ്ക്കുന്നു" എന്നതിനാൽ ഈ ഉക്തി വിദ്വദുപജ്ഞമാണ്; അല്ലാതെ വല്ലവരും വല്ലതും പറഞ്ഞുപോയതല്ല എന്നു

ഞങ്ങളുടെ അലങ്കാരങ്ങളിൽ ചിലതിന്നു ധ്വനിവാദികൾ ധ്വനിയെന്നു പേരിട്ടിരിക്കുന്നുവെന്നല്ലാതെ മറെറന്തു വിശേഷമാണുള്ളതു്? എന്ന ആശങ്കയെ നിരസിക്കുന്നു "വല്ലസ്ഥലത്തും—" ഇത്യാദിയാൽ. **വല്ലസ്ഥലത്തും**=പര്യായോക്തം, അപ്രസ്തുതപ്രശംസ മുതലായ അലങ്കാരങ്ങളിലേതിലെങ്കിലും, **തത്ത്വമുണ്ടെന്നു വരികിൽത്തന്നെ**=വ്യംഗ്യത്തിന്നു പ്രാധാന്യവിവക്ഷയാൽ അംഗിത്വമുണ്ടെന്നു വരുന്നതായാലും; 'വരികിൽത്തന്നെ' എന്നതുകൊണ്ടു് ഇതു വാദത്തിന്നു വേണ്ടി സമ്മതിക്കുകമാത്രമാണെന്നും ആവക സ്ഥലം ധ്വനിക്കല്ലാതെ അലങ്കാരത്തിന്നു വിഷയമേ അല്ലെന്നും സൂചിപ്പിച്ചിരിക്കുന്നു. **ധ്വനി മഹാവിഷയമാകയാൽ**=ധ്വനി വ്യാപകമാകയാൽ, അലങ്കാരത്തിന്നു വിശേഷിച്ചു് പ്രസക്തിയില്ലാത്ത "ഇങ്ങാണമ്മ കിടക്കുവതു്—", "പ്രിയതമാവ്രണിതാധരദർശനം—" ഇത്യാദിസ്ഥലത്തുകൂടി ധ്വനിയുള്ളതിനാൽ, **തന്നിഷ്ഠമല്ലതന്നെ**=അലങ്കാരനിഷ്ഠമല്ലെന്നതു തീർച്ചതന്നെ. തസ്മിൻ—അലങ്കാരേ നിഷ്ഠാ—പര്യവസാനം യസ്യ സഃ—തന്നിഷ്ഠഃ എന്ന വ്യുൽപത്തിയനുസരിച്ചു ധ്വനി അലങ്കാരപര്യവസായിയല്ലെന്നു് അർത്ഥം.

ധ്വനിലക്ഷണകാരികയിലെ **"ബുധരുരയ്ക്കുന്നു"** എന്ന അംശത്തെ 'വൃത്തി'യിൽ വ്യാഖ്യാനിക്കുന്നു:—

ഈ ഉക്തി=ഈ ധ്വനിവ്യവഹാരം, **വിദ്വദുപജ്ഞമാണ്**=വിദ്വാന്മാർ ആലോചിച്ചു് പ്രവർത്തിപ്പിച്ചിട്ടുള്ളതാകുന്നു. വിദുഷാം ഉപജ്ഞാ—വിദ്വദുപജ്ഞം "ഉപജ്ഞോപക്രമം തദാദ്യാചിഖ്യാസായാം" എന്ന പാണിനിസൂത്രപ്രകാരം വിദ്വദുപജ്ഞം എന്നു നപുംസകത്വം വന്നിരിക്കുന്നു. ഉപജ്ഞാശബ്ദത്തിന്നു് ഉപജ്ഞായമാനം—ആദ്യമായറിയപ്പെടുന്നതു് എന്നും ഉപക്രമശബ്ദത്തിന്നു് ഉപക്രമ്യമാണം—ആദ്യമായാരംഭിക്കപ്പെടുന്നതു് എന്നും ഇങ്ങിനെ അർത്ഥത്തിൽ

കാണിച്ചിരിക്കുന്ന സൎവ്വവിദ്യകൾക്കും മൂലം വ്യാകരണമാകയാൽ ഒന്നാമത്തെ വിദ്വാന്മാർ വൈയാകരണന്മാരാണല്ലോ. അവരാകട്ടെ ശ്രൂയമാണങ്ങളായ വർണ്ണങ്ങളെ ധ്വനിയെന്നു വ്യവഹരിക്കുന്നു. അങ്ങിനെ

സ്വല്പം വ്യത്യാസമുണ്ടെന്നിരിക്കിലും ആ വ്യത്യാസം ഇവിടെ ഗണിച്ചിട്ടില്ല. "വിദ്വദ്ഭുപജ്ഞാ" എന്ന മൂലപ്രയോഗത്തിലെ സ്ത്രീലിംഗത്തെ ബഹുവ്രീഹിസമാസം സ്വീകരിച്ചു സമൎത്ഥിക്കുന്ന ലോചനത്തിൽ, "വിദ്വദ്ഭ്യ ഉപജ്ഞാ പ്രഥമഉപക്രമഃ യസ്യാ ഉക്തേഃ" എന്നിങ്ങിനെ ഉപജ്ഞാശബ്ദത്തിന്നു പ്രഥമ ഉപക്രമഃ എന്നൎത്ഥം പറഞ്ഞിരിക്കുന്നതു നോക്കുക. സൎവ്വവിദ്വാന്മാരിലും പ്രാഥമ്യമൎഹിക്കുന്ന വൈയാകരണന്മാരുടെ സമ്മതി ധ്വനിവ്യവഹാരത്തിന്നുള്ളതുകൊണ്ട് അതു പ്രാമാണികമാണെന്നു പ്രതിപാദിക്കുന്ന "സൎവ്വവിദ്യകൾക്കും—" ഇത്യാദി വൃത്തിഗ്രന്ഥത്താൽ. **സൎവ്വവിദ്യകൾക്കും മൂലം വ്യാകരണമാകയാൽ**=സകലവിജ്ഞാനങ്ങൾക്കും അഥവാ സൎവ്വശാസ്ത്രങ്ങൾക്കും നിദാനം വ്യാകരണമാകയാൽ "സംജ്ഞായാം സമജനിഷദനിപതമനവിദഷുഞ്ശീങ്ഭൃജിണഃ" എന്ന സൂത്രത്താൽ ജ്ഞാനാൎത്ഥകമായ 'വിദ' ധാതുവിൽനിന്നു ഭാവാൎത്ഥത്തിലോ കരണാൎത്ഥത്തിലോ 'ക്യപ്' പ്രത്യയം വന്നിട്ടാണ് വിദ്യാശബ്ദം നിഷ്പന്നമാകുന്നതു്. ഏതൊരു ശാസ്ത്രത്തിൻേറയും വിജ്ഞാനം ഭാഷാവിജ്ഞാനം കൂടാതേയും ഭാഷാവിജ്ഞാനം വ്യാകരണവിജ്ഞാനം കൂടാതേയും സൎവ്വഥാ ശക്യമല്ലെന്നുള്ളതു സൎവ്വസമ്മതമാണല്ലോ. **ഒന്നാമത്തെ വിദ്വാന്മാർ വൈയാകരണന്മാരാണല്ലോ**=വിദ്വാന്മാരിൽ പ്രാഥമ്യമൎഹിക്കുന്നവർ—എല്ലാവരാലും ബഹുമാന്യന്മാർ വ്യാകരണശാസ്ത്രജ്ഞന്മാരാണെന്നുള്ളതു പ്രസിദ്ധമാണല്ലോ, **അവരോ**=വൈയാകരണന്മാരോ, **ശ്രൂയമാണങ്ങളായ വർണ്ണങ്ങളെ**=ശ്രാവണപ്രത്യക്ഷവിഷയങ്ങളായ വൎണ്ണങ്ങളെ—കൎണ്ണശഷ്കുല്യവച്ഛിന്നാകാശരൂപമായ ശ്രോത്രേന്ദ്രിയത്തെ വീചീതരംഗന്യായേന പ്രാപിക്കുന്ന ശബ്ദജമായ ചരമശബ്ദത്തെ, **ധ്വനിയെന്നു വ്യവഹരിക്കുന്നു**=ഫലണ്ടാനുരണനസാമ്യം ഹേതുവായിട്ടു ധ്വനിയെന്നു പറഞ്ഞുവരുന്നു. ഹരിതൻെറ 'വാക്യപദീയ'ത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

"യസ്സംയോഗവിയോഗാഭ്യാം കരണൈരുപജന്യതേ
സഃ സ്ഫോടശ്ശബ്ദജാ ശ്ശബ്ദാ ധ്വനയോഽന്യൈരുദാഹൃതാഃ"

എന്നു്. സ്ഫോടം കാൎയ്യമാണു് നിത്യമല്ല എന്നു വാദിക്കുന്നവരുടെ പക്ഷത്തിൽ സ്ഫോടത്തിന്റേയും ധ്വനിയുടേയും സ്വരൂപവിവേകമാണു് പ്രകൃതകാരികകൊണ്ടു പ്രതിപാദിച്ചിരിക്കുന്നതു്. കരണൈഃ=കണ്ഠതാല്വാദിസ്ഥാനങ്ങളാലും, (കരണപദം സ്ഥാനോപലക്ഷണമാകുന്നു.) സംയോഗവിഭാഗാഭ്യാം=കരണഭൂതങ്ങളായ വായുസംയോഗവിഭാഗങ്ങളാലും, യഃ ശബ്ദഃ ഉപജന്യതേ=യാതൊരു ശബ്ദം ആദ്യമായി ജനിക്കുന്നുവോ, സഃ സ്ഫോടഃ=അതു സ്ഫോടമെന്നു പറയപ്പെടുന്നു. ശബ്ദജാഃ ശബ്ദാഃ= സ്ഫോടാഖ്യശബ്ദത്തിൽനിന്നും ജനിക്കുന്ന ഘണ്ടാനുരണനരൂപങ്ങളായ മററു ശബ്ദങ്ങൾ, ധ്വനയഃ=ധ്വനികൾ എന്നു്, അന്യൈഃ ഉദാഹൃതാഃ= സ്ഫോടകാൎയ്യത്വവാദികളായ ആചാൎയ്യന്മാരാൽ വ്യപദേശിക്കപ്പെട്ടിരിക്കുന്നു. ആകയാൽ, ഘണ്ടാനിൎഹ്രാദസ്ഥാനീയമായ ശബ്ദജശബ്ദത്തെ അവർ ധ്വനിയെന്നു പറയുന്നതുപോലെ ഞങ്ങളും അനുരണനസ്വരൂപോപലക്ഷിതമായ വ്യംഗ്യാൎത്ഥത്തെ ധ്വനിയെന്നു വ്യവഹരിക്കുന്നു. കൂടാതെ, ശ്രൂയമാണങ്ങളും നാദശബ്ദവാച്യങ്ങളും അന്ത്യബുദ്ധിനിൎഗ്രാഹ്യങ്ങളും സ്ഫോടാഭിവ്യഞ്ജകങ്ങളുമായ വൎണ്ണങ്ങളേയും അവർ ധ്വനിയെന്നു വ്യവഹരിക്കുന്നുണ്ടു്.

> “പ്രത്യയൈരനുപാഖ്യേയൈർ-ഗ്രഹണാനുഗുണൈസ്തഥാ
> ധ്വനിപ്രകാശിതേ ശബ്ദേ സ്വരൂപമവധാൎയ്യതേ.”

എന്ന ഹരികാരിക നോക്കുക. തഥാ അനുപാഖ്യേയൈഃ=സ്ഫോടം സ്ഫുടമായി പ്രകാശിക്കാത്തതിനാൽ ഇന്നതാണെന്നു വ്യപദേശിക്കുക സുകരമല്ലാത്തതും, ഗ്രഹണാനുഗുണൈഃ=അന്ത്യധ്വനിയാൽ വ്യക്തമാകുന്ന സ്ഫോടത്തിന്റെ ഗ്രഹണത്തിന്നു് അനുകൂലങ്ങളുമായ, പ്രത്യയൈഃ=പൂൎവ്വപൂൎവ്വധ്വനിജന്യങ്ങളായ ബുദ്ധികളോടു കൂടി, ധ്വനിപ്രകാശിതേ=അന്ത്യധ്വനിയാൽ സ്ഫുടമായി പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്ന, ശബ്ദേ=സ്ഫോടാത്മകശബ്ദത്തിൽ, സ്വരൂപം=അഖണ്ഡസ്ഫോടസ്വരൂപം, അവധാൎയ്യതേ=സ്ഫുടമായി അവധാരണം ചെയ്യപ്പെടുന്നു; എന്നു കാരികയുടെ അൎത്ഥം. പൂൎവ്വപൂൎവ്വധ്വനിജനിതങ്ങളും സ്വജന്യസംസ്കാരദ്വാരാ കാരണഭൂതങ്ങളുമായ ബുദ്ധികളോടു കൂടിയ അന്ത്യവൎണ്ണം സ്ഫോടരൂപാഖണ്ഡപദത്തിന്നു വ്യഞ്ജകമാകയാൽ അതിനെ “ധ്വനിപ്രകാശിതേ” എന്നിങ്ങിനെ ധ്വനിശബ്ദംകൊണ്ടു വൈയാകരണവരേണ്യനായ ഭഗവാൻ ഭൎത്തൃഹരി വ്യപദേശിച്ചിരിക്കുന്നു.

വൈയാകരണന്മാരുടെ മതപ്രക്രിയയെക്കുറിച്ചു സ്വല്പമൊന്നിവിടെ വിവരിക്കാം. മൂലാധാരാവസ്ഥിതമായ 'പര' എന്നു പറയുന്ന ശബ്ദബ്രഹ്മത്തിൻെറ, നാഭിദേശത്തിലുള്ള വിവർത്തത്തെ ശാബ്ദികന്മാർ 'പശ്യന്തി'യെന്നു പറയുന്നു. നാദാനുസന്ധാനസമാധിയിൽ യോഗികൾ അതിൻെറ സാക്ഷാൽകാരത്താലാണ് വാചാമഗോചരമായ പരമാനന്ദമനുഭവിക്കുന്നതു്. ഹൃദയദേശത്തിലുള്ള വിവർത്തത്തെ മദ്ധ്യമയെന്നു പറയും. അതുതന്നെയാണ് വൈയാകരണന്മാരുടെ സിദ്ധാന്തപ്രകാരം വാചകമായ ഘടപടാദിപദസ്ഫോടം. താലാദിസ്ഥാനങ്ങളിൽ വായുസംയോഗവിശേഷംകൊണ്ടുണ്ടാകുന്ന ഘകാരാകാരടകാരാകാരാദിവർണാത്മകമായ വൈഖരിയാകട്ടെ സ്ഫോടരൂപമായ പദത്തിന്നു വ്യംജകമാകുന്നു. അടുത്ത വർണം ഉച്ചരിക്കുമ്പോഴേക്കു മുമ്പിലുച്ചരിച്ച വർണം നശിക്ക നിമിത്തം സങ്കേതഗ്രഹണം ശക്യമല്ലായ്കയാൽ അവാചകവും, എന്നാൽ അഖണ്ഡമായ പദസ്ഫോടത്തിന്നു വ്യംജകവും ആയ വൈഖരിയെ ധ്വനിസാമ്യത്താൽ ധ്വനിയെന്നു വൈയാകരണന്മാർ പറയുന്നു. വർണങ്ങൾ ക്ഷണികാവസ്ഥായികളാകയാൽ അവയ്ക്കു സമുദായത്വം തന്നെ ദുർഘടമാകകൊണ്ടു വാചകത്വം സർവ്വഥാ അസിദ്ധമാണെന്നാണ് അവരുടെ മതം. പക്ഷേ, ആശുവിനാശിയായ വൈഖരിക്കു വാചകത്വമെന്നപോലെ വ്യംജകത്വവും സംഭവിക്കയില്ലെന്നൊരാശങ്ക ഈ പക്ഷത്തിലും വരാവുന്നതാണ്. അതായതു്, "പദാവയവവർണങ്ങളിൽ ഓരോന്നും പ്രത്യേകം സ്ഫോടാത്മകപദത്തിന്നു വ്യംജകമാണെന്നു പറകവയ്യ. ഘകാരം മുതലായ കേവലവർണങ്ങളുടെ ഉച്ചരണത്തിൽ ഘടാദിപദം പ്രകാശിക്കുന്നില്ലെന്നുള്ളതു് അനുഭവസിദ്ധമാണല്ലോ. അത്രയുമല്ല, ഉത്തരോത്തരവർണ്ണങ്ങൾ വ്യർത്ഥങ്ങളാണെന്നും വരും. സ്ഫോടം നിരവയവമാകയാൽ, ഓരോവർണ്ണവും സ്ഫോടത്തിൻെറ ഓരോ അവയവത്തെയാണ് വ്യംജിപ്പിക്കുന്നതെന്നും പറഞ്ഞുകൂടാ. സ്ഫോടവ്യംജകം വർണ്ണസമുദായമാവാനും തരമില്ല. ആശുവിനാശികളായ വർണ്ണങ്ങൾക്കു സമുദായസ്ഥിതി സംഭവിക്കുമോ? പൂർവ്വവർണ്ണം അടുത്ത വർണ്ണം ഉച്ചരിക്കുമ്പോഴേക്കു നശിക്കകൊണ്ടു യൌഗപദ്യം തന്നെ വരികയില്ലല്ലോ. അതുകൊണ്ടു്, കേവലം ക്ഷണികാവസ്ഥായികളായ വർണ്ണങ്ങൾക്കുണ്ടോ സ്ഫോടവ്യംജകത്വം സംഭവിക്കുന്നു?" എന്നു്. ഈ ആശങ്കയ്ക്കുള്ള സമാധാനമാണ് മുമ്പുദ്ധരിച്ച ഹരികാരിക.

അതായതു്,—

"യഥാനുവാകഃ ശ്ലോകോ വാ സോഢത്വമുപഗച്ഛതി
ആവൃത്ത്യാ ന തു സ ഗ്രന്ഥഃ പ്രത്യാവൃത്തി നിരൂപ്യതേ."

എന്നിങ്ങിനെ ദൃഷ്ടാന്തമെടുത്തുകാണിച്ചു് "പ്രത്യയൈഃ" എന്ന കാരികയാൽ ദാർഷ്ടാന്തികത്തെ സമൎത്ഥിച്ചിരിക്കയാണു് ചെയ്തിരിക്കുന്നതു്. യഥാ=എപ്രകാരം, അനുവാകഃ ശ്ലോകോ വാ=വേദഭാഗമോ വല്ല ശ്ലോകമോ, ആവൃത്ത്യാ=വീണ്ടും വീണ്ടുമുള്ള ആവൎത്തനത്താൽ—വീണ്ടും വീണ്ടും ആവൎത്തിച്ചുച്ചരിക്കുന്നതിനാൽ, സോഢത്വം ഉപഗച്ഛതി=മററാരും സഹായിക്കാതെ സ്വയമായിച്ചൊല്ലുവാനുള്ള യോഗ്യതയെ പ്രാപിക്കുന്നു, സഃ ഗ്രന്ഥസ്തു=അനുവാകമോ ശ്ലോകമോ ആയ ആ സന്ദൎഭം, പ്രത്യാവൃത്തി=ഓരോ ആവൃത്തിതോറും, ന നിരൂപ്യതേ=സ്ഫുടമായി പ്രകാശിപ്പിക്കപ്പെടുന്നില്ല—ദൃഢമായി ബുദ്ധിയിലവഭാസിക്കുന്നില്ല. എന്നു ദൃഷ്ടാന്തകാരികയ്ക്കൎത്ഥം. അപ്രകാരമാണു് പദരൂപാഖണ്ഡസ്ഫോടത്തിന്റെ സ്ഥിതിയെന്നു്, "പ്രത്യയൈഃ—" എന്ന കാരികയെക്കൊണ്ടു് ഉപപാദിച്ചിരിക്കുന്നു. അതായതു്, ആശുവിനാശികളായ വൎണ്ണങ്ങൾ ഓരോന്നും സ്ഫോടവ്യഞ്ജകം തന്നെയാണു്. എങ്കിലും ചരമവൎണ്ണത്തിന്റെ മുമ്പിലുള്ള വൎണ്ണങ്ങളെക്കൊണ്ടുണ്ടാകുന്ന സ്ഫോടാവഭാസത്തിനു സ്ഫുടത വരുന്നില്ല. സ്ഫുടാവഭാസമാകട്ടെ, പൂൎവ്വപൂൎവ്വവൎണ്ണങ്ങൾ ഓരോന്നുകൊണ്ടും പ്രത്യേകം പ്രത്യേകം വ്യംജിക്കപ്പെടുന്ന അവ്യക്തപദസ്ഫോടത്തിന്റെ അനുഭവപരമ്പരയാൽ ജന്യമായ പരിപൂൎണ്ണസംസ്കാരത്തിന്റെ സാഹായ്യത്തോടു കൂടിയ അന്ത്യവൎണ്ണത്താലാകുന്നു. അന്ത്യപ്രാഗ്ഭാവികളായ വൎണ്ണങ്ങൾ ഓരോന്നും സ്വാഭിവ്യംജിതാസ്പഷ്ടപദസ്ഫോടാനുഭവം വഴിക്കു പ്രതിപത്താവിനു സ്പഷ്ടമായ പദസ്ഫോടത്തിന്റെ ഗ്രഹണത്തിന്നു് അനുഗുണമായ സംസ്കാരങ്ങളെ ജനിപ്പിക്കുന്നതിനാൽ സ്ഫോടവ്യക്തിക്കു സഹകാരികാരണമായിട്ടാണു് വൎത്തിക്കുന്നതു്. അതുകൊണ്ടു്, ചരമാതിരിക്തവൎണ്ണങ്ങളെ സംബന്ധിച്ചു വൈയൎത്ഥ്യശങ്കയ്ക്കും അവകാശമില്ല. ആകയാൽ, വൎണ്ണങ്ങൾ ക്രമഭാവികളായ ആശുവിനാശികളാണെന്നിരിക്കിലും അവയിൽ ഓരോന്നും സ്ഫോടവ്യഞ്ജകംതന്നെയാണെന്നും എന്നാൽ ആവക സ്ഫോടം വിശദമല്ലെന്നേയുള്ളുവെന്നും വിശദമായ സ്ഫോടാവഭാസമാകട്ടെ ഇതരവൎണ്ണസംസ്കാരസഹകൃതമായ ചരമവൎണ്ണത്താലാണെന്നുമാകുന്നു വൈയാകര

ണമതം. അതായതു്, പൂൎവ്വപൂൎവ്വവൎണ്ണങ്ങളാൽ അസ്പഷ്ടമായി പ്രകാശിപ്പിക്കപ്പെടുന്ന സ്ഫോടത്തിന്റെ അനുഭവംകൊണ്ടുണ്ടാകുന്ന സംസ്കാരത്തോടു കൂടിയ ചരമവൎണ്ണബുദ്ധിയിലാണു് പദരൂപസ്ഫോടം അതിസ്ഫുടമായി പ്രകാശിക്കുന്നതെന്നാണു് സിദ്ധാന്തം. പതഞ്ജലിമഹൎഷിയുടെ "ശബ്ദാൎത്ഥപ്രത്യയാനാമിതരേതരാദ്ധ്യാസാൽ പ്രവിഭാഗസംയമാൽ സൎവ്വഭൂതരുതജ്ഞാനം" എന്ന സൂത്രത്തിന്റെ വ്യാസവൃത്തിയിലെ "പദം പുനൎന്നാദാനുസംഹാരബുദ്ധിനിൎഗ്ഗ്രാഹ്യം" എന്ന വാക്യത്തെ, വാചസ്പതിമിശ്രൻ, *"പദം പുനഃ=വാചകം പുനഃ, നാദാനുസംഹാരബുദ്ധിനിൎഗ്ഗ്രാഹ്യം=യഥാപ്രതീതിസിദ്ധാന്നാദാൻ—വൎണ്ണാൻ പ്രത്യേകം ഗൃഹീത്വാ അനു—പശ്ചാൽ യാ സംഹരതി—ഏകത്വമാപാദയതി ഗൌരിത്യേതദേകം പദമിതി തയാ പദം ഗൃഹ്യതേ. യദ്യപി പ്രാച്യോപി ബുദ്ധയോ വൎണാകാരം പദമേവ പ്രത്യേകം ഗോചരയന്തി. തഥാപി ന വിശദം പ്രഥതേ. ചരമേതു വിജ്ഞാനേ തദതിവിശദമിതി നാദാനുസംഹാരബുദ്ധിനിൎഗ്ഗ്രാഹ്യമുക്തം" എന്നു വ്യാഖ്യാനിച്ചിരിക്കുന്നതു നോക്കുക. ഭഗവാൻ ഹരിതന്നെ,

"നാദൈരാഹിതബീജായാം അന്ത്യേന ധ്വനിനാ സഹ
ആവൃത്തപരിപാകായാം ബുദ്ധൌ ശബ്ദോവധാൎയ്യതേ."

എന്ന അടുത്ത കാരികകൊണ്ടു് ഈ വസ്തുത വ്യക്തമാക്കീട്ടുണ്ടു്. നാദൈഃ=പൂൎവ്വപൂൎവ്വധ്വനികളാൽ, ആഹിതബീജായാം=സമൎപ്പിക്കപ്പെട്ട പൂൎവ്വപൂൎവ്വസംസ്കാരത്തോടു കൂടിയതും, ആവൃത്തപരിപാകായാം=ആവൎത്തിച്ചു് ഉറപ്പിക്കപ്പെട്ട കാൎയ്യജനനശക്തിവിശേഷത്തോടു കൂടിയതുമായ, ബുദ്ധൌ=അന്തഃകരണത്തിൽ, അന്ത്യേന ധ്വനിനാ സഹ=അന്ത്യമായ ധ്വനിയോടു കൂടി—അന്ത്യധ്വനിസമകാലം. ശബ്ദഃ അവധാൎയ്യതേ=പദാത്മകസ്ഫോടം സ്ഫുടമായി പ്രകാശിക്കുന്നു എന്നൎത്ഥം.

* പദം പുനഃ=വാചകമാകട്ടെ, നാദാനുസംഹാരബുദ്ധിനിൎഗ്ഗ്രാഹ്യം=യഥാപ്രതീതിസിദ്ധങ്ങളായ നാദങ്ങളെ (വൎണങ്ങളെ) പ്രത്യേകം ഗ്രഹിച്ചിട്ടു് അനു (പശ്ചാൽ) പിന്നീടു്, യാതൊരു ബുദ്ധി, സംഹരതി—'ഗൌഃ' എന്നതു് ഒരു പദമാകുന്നു എന്നിങ്ങിനെ അഖണ്ഡത്വം പ്രാപിപ്പിക്കുന്നുവോ ആ ബുദ്ധിയാൽ പദം ഗ്രഹിക്കപ്പെടുന്നു. അതിൻമുമ്പുള്ള ബുദ്ധികളും വൎണാകാരമായ പദത്തെത്തന്നെയാണു് പ്രത്യേകം പ്രത്യേകം വിഷയീഭവിപ്പിക്കുന്നതെങ്കിലും അതു വിശദമാകുന്നില്ല. അന്ത്യമായ ബുദ്ധിയിലാണു് പദം അതിവിശദമായി ഭാസിക്കുന്നതു്. അതിനാൽ 'നാദാനുസംഹാരബുദ്ധിനിൎഗ്ഗ്രാഹ്യം' എന്നു പറയപ്പെട്ടിരിക്കുന്നു എന്നൎത്ഥം.

ഇങ്ങിനെ വ്യംഗ്യവും ബൌദ്ധവുമായ ആ സ്ഫോടമാണ് വാചകം. മുൻപറഞ്ഞ അനുപപത്തികളാൽ കേവലം വൎണ്ണമോ വൎണ്ണസമുദായമോ വാചകം ആകയില്ല. മീമാംസകന്മാർ പറയുംപ്രകാരം സ്മൃതിയാൽ അനുസംഹിതങ്ങളായ പൂൎവ്വവൎണ്ണങ്ങളോടുകൂടിയ അന്ത്യവൎണ്ണവും വാചകമാകയില്ല. സ്മൃതിയ്ക്കു ക്രമികത്വനിയമമില്ലായ്കയാൽ 'സരഃ—രസഃ' 'നദീ—ദീന' ഇത്യാദിയൊക്കെയും ഏകാൎത്ഥവാചകമാണെന്നു വരും. ആകയാൽ, പൂൎവ്വപൂൎവ്വവൎണ്ണാഹിതസംസ്കാരസഹിതമായ അന്ത്യവൎണ്ണത്താൽ അഭിവ്യക്തമായ അഖണ്ഡപദസ്ഫോടം തന്നെയാണ് വാചകം. വ്യഞ്ജകങ്ങളായ വൎണ്ണങ്ങളെയാകട്ടെ, അവാചകധ്വനിസാദൃശ്യത്താൽ ധ്വനിയെന്നാണ് വൈയാകരണന്മാർ പറയുന്നതു്. അതുപോലെ വ്യഞ്ജകങ്ങളായ ശബ്ദങ്ങളേയും അൎത്ഥങ്ങളേയും ഞങ്ങളും ധ്വനിയെന്നു വ്യപദേശിക്കുന്നു എന്നു ഭാവം. മാത്രമല്ല, പ്രസിദ്ധമായ അഭിധാദിശബ്ദവ്യാപാരത്തിൽനിന്നു വ്യതിരിക്തമായ ദ്രുതം, മദ്ധ്യം, വിളംബിതം എന്നീ വ്യാപാരത്തേയും വൈയാകരണന്മാർ ധ്വനിയെന്നു പറയുന്നുണ്ടു്.

"ശബ്ദസ്യോൎദ്ധ്വമഭിവ്യക്തേഃ * വൃത്തിഭേദാസ്തു വൈകൃതാഃ
ധ്വനയസ്സമുപോഹന്തേ സ്ഫോടാത്മാ തൈൎന്ന ഭിദ്യതേ."

എന്ന ഹരികാരിക നോക്കുക. "ശബ്ദസ്യ=സ്ഫോടത്തിൻെറ, അഭിവ്യക്തേഃ ഊൎദ്ധ്വം=അഭിവ്യക്തിക്കു ശേഷം, വൈകൃതാഃ=വികാരരൂപങ്ങളായ, ധ്വനയഃ=ദ്രുതം, മദ്ധ്യം, വിളംബിതം എന്നീ വൃത്തികൾ, സമുപോഹന്തേ=ഉണ്ടാകുന്നു, സ്ഫോടാത്മാ=സ്ഫോടാത്മകമായ അഖണ്ഡശബ്ദം, തൈഃ=ദ്രുതമദ്ധ്യവിളംബിതാഖ്യവൃത്തിഭേദങ്ങളാൽ, ന ഭിദ്യതേ=വ്യത്യാസപ്പെടുന്നില്ല എന്നു കാരികാൎത്ഥം. ഇവിടെ പ്രസിദ്ധങ്ങളായ അഭിധ, ലക്ഷണ, താൽപൎയ്യം എന്നീ വൃത്തികളിൽനിന്നു വ്യതിരിക്തങ്ങളായ ദ്രുതാദിവൃത്തികളെ ധ്വനിയെന്നു പറഞ്ഞിരിക്കുന്നതുപോലെ പ്രസിദ്ധവൃത്തിവ്യതിരിക്തവൃത്തിയായ വ്യഞ്ജനാഖ്യവൃത്തിയേയും ആലങ്കാരികന്മാർ ധ്വനിയെന്നു പറയുന്നു എന്നു ഭാവം.

* ശബ്ദസ്യോൎദ്ധ്വം എന്ന കാരികയിൽ 'വൃത്തിഭേദം' എന്നും 'വൃത്തിഭേദേ' എന്നുമാണ് ഇന്നു കാണുന്ന പാഠം. ആ സ്ഥിതിക്ക്, ധ്വനിശബ്ദംകൊണ്ടു നിർദേശിച്ചിരിക്കുന്നതു് വൎണ്ണത്തെത്തന്നെയാണെന്നു വരുന്നു എങ്കിലും ലോചനനിർദിഷ്ടമായ അഭിനവഗുപ്തപാദാചാൎയ്യരുടെ പാഠം അവലംബിച്ചുകൊണ്ടുള്ള വ്യാഖ്യാനമാണ് വ്യാപാരവിഷയമായ ധ്വനിവ്യവഹാരപ്രതിപാദനം.

തന്നെ തന്മതാനുസാരികളും കാവ്യതത്ത്വാൎത്ഥദൎശികളുമായ മററുള്ള വരും വാച്യം, വാചകം, വ്യംഗ്യം, വ്യഞ്ജന, തത്സമുദായമായ കാവ്യം എന്നിവയെ വ്യഞ്ജകത്വസാമ്യത്താൽ ധ്വനിയെന്നു പറയുന്നു. വക്ഷ്യ മാണങ്ങളായ പ്രഭേദങ്ങളാലും തൽപ്രഭേദങ്ങളാലും മററും മഹാവിഷയ മായ ഇത്തരം ധ്വനിയുടെ പ്രദൎശനം പ്രസിദ്ധമായ അലങ്കാരവിശേഷ

ഇങ്ങിനെ വിദ്വദഗ്രേസരന്മാരായ വൈയാകരണന്മാർ പറയു ന്നതനുസരിച്ചു വ്യഞ്ജകമായ ശബ്ദം വ്യഞ്ജകമായ അൎത്ഥം വ്യംഗ്യമായ അൎത്ഥം വ്യഞ്ജനാവ്യാപാരം എന്നീ നാലും തദ്യോഗത്താൽ കാവ്യവും കൂടി ആകെ അഞ്ചെണ്ണവും ധ്വനിയെന്നു വൈയാകരണമതാനുയായിക ളും സാഹിത്യമൎമ്മജ്ഞന്മാരുമായ ആലങ്കാരികന്മാർ വ്യവഹരിക്കുന്നുവെ ന്നും അതു യുക്തമാണെന്നും താൽപൎയ്യം. ഇതിനെ **"അങ്ങിനെത ന്നെ—"** ഇത്യാദിഗ്രന്ഥംകൊണ്ടു വ്യക്തമാക്കുന്നു. **വാച്യം**=വ്യം ജകമായ അൎത്ഥം, **വാചകം**=വ്യംജകമായ ശബ്ദം. ഈ പറഞ്ഞ അഞ്ചുകൂട്ടവും ധ്വനിയെന്നു വ്യവഹരിക്കുന്നതിനുള്ള കാരണം കാണിക്കു ന്നു **"വ്യംജകത്വസാമ്യത്താൽ"** എന്നതുകൊണ്ടു്. **വ്യംജ കത്വം**=വ്യംജനഭാവം അതു ശബ്ദാൎത്ഥാദിപഞ്ചകസാധാരണമെന്നു താൽപൎയ്യം. **"വാഗ്വികല്പങ്ങളനന്തങ്ങളാകയാൽ—"** എ ന്നു മുൻ കാണിച്ച ആക്ഷേപത്തെ നിരസിക്കുന്നു **"വക്ഷ്യമാണങ്ങ ളായ—"** ഇത്യാദിയാൽ. **വക്ഷ്യമാണങ്ങളായ പ്രഭേദങ്ങ ളാലും**=പറയാൻ പോകുന്ന അവിവക്ഷിതവാച്യം, വിവക്ഷിതാന്യ പരവാച്യം എന്നു മുഖ്യമായ രണ്ടു വകഭേദങ്ങളാലും, **തൽപ്രഭേ ദങ്ങളാലും**=അവയുടെ വകഭേദങ്ങളാലും—അവിവക്ഷിതവാച്യ ത്തിൻെറ പ്രഭേദങ്ങളായ അൎത്ഥാന്തരസംക്രമിതവാച്യം, അത്യന്തതിര സ്കൃതവാച്യം എന്നിവയാലും വിവക്ഷിതാന്യപരവാച്യത്തിൻെറ പ്രഭേ ദങ്ങളായ അലക്ഷ്യക്രമവ്യംഗ്യം, സംലക്ഷ്യക്രമവ്യംഗ്യം എന്നിവയാലും അലക്ഷ്യക്രമപ്രഭേദങ്ങളായ രസഭാവതദാഭാസഭാവോദയശാന്ത്യാദിക ളാലും അങ്ങിനെ സംലക്ഷ്യക്രമപ്രഭേദങ്ങളായ ശബ്ദശക്തിമൂലധ്വനി, അൎത്ഥശക്തിമൂലധ്വനി, ഉഭയശക്തിമൂലധ്വനി എന്നിവയാലും അവ യുടെ വകഭേദങ്ങളാലും; **മററും**=സംസൃഷ്ടി, സാങ്കൎയ്യം മുതലായ പ്ര കാരാന്തരങ്ങളാലും, **മഹാവിഷയമായ**=വ്യാപകമായ—അശേഷ ലക്ഷ്യവ്യാപിയായ, **ഇത്തരം ധ്വനിയുടെ പ്രദൎശനം**=ശ ബ്ദാൎത്ഥാദിപഞ്ചപ്രഭേദരൂപമായ ധ്വനിയുടെ പ്രകാശനം, **പ്രസിദ്ധ**

മാത്രത്തിൻെറ പ്രതിപാദനത്തോടു തുല്യമല്ലാത്തതിനാൽ തദ്ഭാവിതചേതസ്സുകളുടെ സംരംഭം യുക്തംതന്നെയാകുന്നു. അവരിലുള്ള ഈൎഷ്യകൊണ്ടു കലുഷിതമായ ശേമുഷിയെ ആവിഷ്കരിക്കുന്നതു് ഒന്നുകൊണ്ടും നന്നല്ല. ഇങ്ങിനെ ധ്വന്യഭാവവാദം നിരാകരിക്കപ്പെട്ടു.

ധ്വനി സിദ്ധമായി. അതു് അവിവക്ഷിതവാച്യമെന്നും

മായ അലങ്കാരവിശേഷമാത്രത്തിൻെറ പ്രതിപാദനത്തോടു്=സൎവ്വസമ്മതവും ഉപസ്കാരകതയാൽ അംഗരൂപവുമായ അനുപ്രാസോപമാദ്യലങ്കാരവിശേഷത്തിൻെറ പ്രപഞ്ചനത്തോടു്, തുല്യമല്ലെന്നതിനാൽ=സമാനയോഗക്ഷേമമല്ലെന്ന ഹേതുവാൽ, തദ്ഭാവിതചേതസ്സുകളുടെ=ധ്വനിയിൽ പ്രണിഹിതമായ ചേതസ്സോടുകൂടിയവരുടെ—ചമൽകാരസാരമായ ധ്വനിയാൽ അധിവാസിതമായ ചേതസ്സോടുകൂടിയവരുടെ—സഹൃദയാഗ്രേസരന്മാരുടെ, സംരംഭം=ഉദ്യമം, യുക്തംതന്നെയാകുന്നു=വളരെ ഉചിതമായിട്ടുള്ളതാകുന്നു, അവരിലുള്ള ഈൎഷ്യകൊണ്ടു്=ധ്വനിവാദികളിലുള്ള ദ്വേഷംകൊണ്ടു്, കലുഷിതമായ ശേമുഷിയെ=മലിനീഭൂതമായ പ്രജ്ഞയെ, ആവിഷ്കരിക്കുക ഒന്നുകൊണ്ടും നന്നല്ല=പ്രകാശിപ്പിക്കുക ഒരുപ്രകാരത്തിലും യുക്തമല്ല, ഇങ്ങിനെ ധ്വന്യഭാവവാദം നിരാകരിക്കപ്പെട്ടു=പ്രതിപാദിച്ചപ്രകാരം യുക്തികളെക്കൊണ്ടു ധ്വന്യഭാവവാദികളുടെ മൂന്നുതരം വാദങ്ങളും നിരസിച്ചുകഴിഞ്ഞു.

അഭാവവാദനിരാസംകൊണ്ടുള്ള ഫലം ഇന്നതാണെന്നു കാണിക്കുന്നു "ധ്വനി സിദ്ധമായി" എന്നതിനാൽ.

അനന്തരം സമാധാനം പറയേണ്ടതു് ഭാക്തത്വവാദത്തിനാകയാലും അതു് ഉദാഹരണപുരസ്സരമായാൽ സുവിശദമാകുമെന്ന അഭിപ്രായത്താലും ഉദാഹരണപ്രസക്തിക്കായി അടുത്ത ഉദ്ദ്യോതത്തിൽ നിരൂപിക്കാൻ പോകുന്ന ധ്വനിപ്രഭേദത്തെ വൃത്തികാരൻ ഇവിടെ നിർദ്ദേശിക്കുന്നു, "അതു്—" എന്നിങ്ങിനെ. അതു്=ധ്വനി, അവിവക്ഷിതവാച്യം=അവിവക്ഷിതമായ വാച്യത്തോടു കൂടിയതു്, "അവിവക്ഷിതം വാച്യം യേന, യസ്യ, യസ്മൈ, യതഃ, യത്ര—സഃ അവിവക്ഷിതവാച്യഃ ധ്വനിഃ" എന്നിങ്ങിനെ—അതായതു്, യേന=യാതൊരു

വിവക്ഷിതാന്യപരവാച്യമെന്നും സാമാന്യമായി രണ്ടു വിധത്തിലാകുന്നു.

ശബ്ദത്താൽ, വാച്യം=സ്വാത്മാവ്, അവിവക്ഷിതമോ=അപ്രധാനീകൃതമോ, യസ്യ=യാതൊരു ശബ്ദത്തിന്റെ, വാച്യം=അഭിധേയം, അവിവക്ഷിതമോ; യസ്മൈ=യാതൊരു വ്യംഗ്യത്തിനായിട്ട്, വാച്യം=അഭിധേയം അവിവക്ഷിതമോ; യതഃ=യാതൊരു വ്യംജനാവ്യാപാരം നിമിത്തം വാച്യം അവിവക്ഷിതമോ; യത്ര=യാതൊരു കാവ്യത്തിൽ വാച്യം അവിവക്ഷിതമോ അതു ധ്വനി എന്നിങ്ങിനെ യഥായോഗം ബഹുവ്രീഹിസമാശ്രയണത്താൽ വാച്യം, വാചകം, വ്യംഗ്യാൎത്ഥം, വ്യംജന, കാവ്യം എന്നീ ധ്വനിശബ്ദവാച്യമായ അഞ്ചെണ്ണത്തിന്നും അവിവക്ഷിതവാച്യത്വം ഘടിക്കുന്നുവെന്നു ധരിക്കണം. ഇത്തരം വിഗ്രഹയോജന—അതായതു്, വിവക്ഷിതഃ അന്യപരശ്ച വാച്യഃ യേന, യസ്യ, യസ്മൈ, യസ്മാൽ, യസ്മിൻ എന്നീവിധം—"വിവക്ഷിതാന്യപരവാച്യം" എന്നതിലും കണ്ടുകൊൾക. വാച്യാൎത്ഥം ചിലപ്പോൾ അനുപപദ്യമാനമോ അനുപയോഗിയോ ആകയാൽ അവിവക്ഷിതമായിച്ചമയുന്നു. മററുചിലപ്പോൾ, അന്യപരത്വേന ഉപപദ്യമാനമോ ഉപയോഗിയോ ആകയാൽ വിവക്ഷിതമായി ഭവിക്കുന്നു. വാച്യാൎത്ഥം വിവക്ഷിതമാകുന്നേടത്തു വാച്യാൎത്ഥത്തിൽത്തന്നെ പ്രതീതിക്കു വിശ്രാന്തി വരാവുന്നതിനാൽ വ്യംഗ്യാൎത്ഥത്തിന്നു പ്രസക്തിയില്ലെന്നും വിചാരിക്കേണ്ട. താദൃശാൎത്ഥം സ്വസൌഭാഗ്യമഹിമയാൽ അതായതു്, ഗുണാദ്യുപസ്കാരകൃതമായ സൌന്ദൎയ്യവിശേഷത്തിന്റെ മഹിമയാൽ സ്വഗോചരമായ പ്രതീതിയെ വ്യംഗ്യാൎത്ഥപ്രതീതിയിൽ വിശ്രമിപ്പിക്കുന്നതാണു്. അതിനാലാകുന്നു വിവക്ഷിതാന്യപരവാച്യധ്വനിയിൽ വ്യംജകം അൎത്ഥവും അവിവക്ഷിതവാച്യധ്വനിയിൽ വ്യംജകം ശബ്ദവുമായിരിക്കുന്നതും യഥാക്രമം അവയെ അൎത്ഥശക്തിമൂലധ്വനിയെന്നും ശബ്ദശക്തിമൂലധ്വനിയെന്നും വ്യവഹരിച്ചു വരുന്നതും. വിവക്ഷിതത്വമെന്നതു പ്രാധാന്യവും അന്യപരത്വമെന്നതു് അപ്രാധാന്യവുമാകയാൽ പരസ്പരവിരുദ്ധങ്ങളായ ആ ധൎമ്മങ്ങൾ ഒരേ അൎത്ഥത്തിന്നു് എങ്ങിനെ സിദ്ധിക്കുമെന്നും സംശയിക്കേണ്ട. അന്യപരമായി വിവക്ഷിക്കപ്പെട്ടതു് എന്നാണു് അന്യപരവാച്യമെന്നതിന്നു താൽപൎയ്യം. സാമാന്യമായി വസ്തുധ്വനി, അലങ്കാരധ്വനി, രസഭാവാദിധ്വനി എന്നീ ധ്വനികളേയും ഈ രണ്ടു പ്രകാരങ്ങളാൽ സംഗ്രഹിക്കാവുന്നതാണെന്നു ഭാവം. വിശേഷിച്ചു്,

അവിവക്ഷിതവാച്യം വിവക്ഷിതാന്യപരവാച്യം എന്ന പേരുകൊണ്ടു ള്ള വിഭാഗത്തിന്ന് ഔചിത്യം കൂടുമെന്നുകൂടി ഈ അവസരത്തിൽ മന സ്സിലാക്കേണ്ടതാണ്. ശബ്ദാദിപഞ്ചകത്തെ പ്രത്യേകം ധ്വനിയെന്നു വ്യവഹരിക്കുവാനുള്ള നിബന്ധനം ധ്വനനവ്യാപാരസംബന്ധമാണെന്നു മുമ്പുതന്നെ പറഞ്ഞുവല്ലോ. ശബ്ദകർത്തൃകമോ അർത്ഥകർത്തൃകമോ ആയ ആ ധ്വനനവ്യാപാരത്തിൽ—അതായത്, ആ വ്യാപാരം വ്യം ഗ്യാർത്ഥപ്രകാശനസമർത്ഥമാകുന്നതിലേക്ക്—അഭിധാതാൽപര്യലക്ഷ ണാത്മകവ്യാപാരത്രിതയത്താൽ പ്രതിപത്താവിന്നുണ്ടാകുന്ന അർത്ഥപ്ര തിപത്തിയും വക്തൃഗതമായ അഭിപ്രായരൂപവിവക്ഷയും സഹകാരി കാരണമാണെന്നുള്ള വസ്തുത പ്രസ്തുതവിഭാഗസംജ്ഞയാൽ സൂചിപ്പിക്ക പ്പെടുന്നുണ്ട്. വാച്യരൂപമോ ലക്ഷ്യരൂപമോ ആയ അർത്ഥവും പ്ര യോക്താവിൻെറ വിവക്ഷയും ഗ്രഹിക്കാത്തവന്നു വ്യംഗ്യാർത്ഥപ്രതീതി ക്കവകാശമില്ലെന്നതു തീർച്ചയല്ലേ? അതിനാൽ താദൃശാർത്ഥപ്രതീതിക്കും വക്തൃവിവക്ഷയ്ക്കും സഹകാരിത്വമുണ്ടെന്നതു തീർച്ചയാണ്. 'അവിവ ക്ഷിതവാച്യം' എന്ന സംജ്ഞ സ്വമഹിമയാൽ ലക്ഷണാമൂലത്വദ്വാരാ വ്യാപാരത്രയജന്യമായ അർത്ഥപ്രതീതിക്കു ധ്വനനസഹകാരിത്വമുണ്ടെ ന്നു പ്രദർശിപ്പിക്കുന്നു. ലക്ഷണയ്ക്കു് അന്വയബാധജ്ഞാനവും അതിന്ന് അന്വയജ്ഞാനവും അതിലേക്കു വാച്യാർത്ഥജ്ഞാനവും ഒഴിച്ചുകൂടാത്ത താണല്ലോ. അതുപോലെ 'വിവക്ഷിതാന്യപരവാച്യം' എന്ന സംജ്ഞ വാച്യം അന്യപരത്വേന വിവക്ഷിതം എന്ന വിഗ്രഹാർത്ഥദ്വാരാ വാ ച്യാർത്ഥപ്രതീതിക്കും പ്രയോക്തൃഗതമായ വിവക്ഷയ്ക്കും സഹകാരിത്വം ഉണ്ടെന്നു കാണിക്കുന്നു. ഇങ്ങിനെ സഹകാരികാരണസമ്പത്തിപ്രദ ർശനദ്വാരാ ധ്വനിസത്തയെ ഒന്നുകൂടി പ്രബലപ്പെടുത്തുവാൻ ഉദ്ദേശിച്ചു കൊണ്ടാണ് വൃത്തിയിൽ ധ്വനിയെ സംജ്ഞാവിശേഷംകൊണ്ടു രണ്ടാ ക്കി വിഭാഗിച്ചുകാണിച്ചിരിക്കുന്നത് എന്നുകൂടി ധരിക്കണം. ആക യാൽ, ഭക്തിദൂഷണം ഉദാഹരണപുരസ്സരമായാൽ സുഗ്രഹമാകാമെന്ന തുകൊണ്ടു് ഉദാഹരണപ്രസക്തിക്കായി വേണമെങ്കിൽ ധ്വനിയുടെ ആ വകഭേദത്തെ മാത്രമെടുത്തു കാണിച്ചാൽ മതിയായിരിക്കെ, 'അവിവ ക്ഷിതവാച്യ'മെന്നും 'വിവക്ഷിതാന്യപരവാച്യ'മെന്നും സാമാന്യമായി രണ്ടു വിധത്തിലാണ് ധ്വനിയെന്നും മററും എന്തിന്നു പ്രസ്താവിക്കുന്നു എന്നുള്ള ആശങ്കയ്ക്കും സമാധാനം വന്നു കഴിഞ്ഞു.

ആദ്യത്തേതിന്ന് ഉദാഹരണം:—

"സുവർണപുഷ്പയാം ഭ്രുവെ ക്കേവലം കൊയ്യേട്ടുക്കവോർ
സേവിക്കാനറിയുന്നോനും ശ്ശൂരനും കൃതവിദ്യനും."

രണ്ടാമത്തേതിന്ന്:—

"കാമ്യശ്രീ കളിയാന്നിട്ടും തരുണി, നിൻ
ശോണാധരത്തോടിതാ
സാമ്യം പൂണ്ടു ലസിച്ചു ബിംബഫലമീ
മട്ടാസ്വദിച്ചീടുവാൻ

ആദ്യത്തേതിന്ന്=അവിവക്ഷിതവാച്യധ്വനിക്ക്. സുവർണത്തെ പുഷ്പിക്കുന്നതു് (സുവർണാനി പുഷ്പ്യതീതി സുവർണപുഷ്പാ) **കൃതവിദ്യൻ**=വിദ്വാൻ. ശേഷം സ്പഷ്ടം. ഈ പദ്യത്തിൻെറ അൎത്ഥം അസംഭവിയാകയാൽ വാക്യം അവിവക്ഷിതവാച്യമാകുന്നു. ശബ്ദം അഭിധയാൽ പദാൎത്ഥം ബോധിപ്പിച്ചു താൽപൎയ്യശക്തിയാൽ അന്വയം ബോധിപ്പിക്കെ, ബോധിപ്പിക്കപ്പെടുന്ന അന്വയം ബാധിതമായിരിക്കകൊണ്ടു വീണ്ടും ലക്ഷണയാൽ സാദൃശ്യം പുരസ്കരിച്ചു സുലഭവിഭവസംഭാരഭാജനത്വം—അതായതു്, സേവനകുശലാദികളായ മൂന്നുപേർ സൎവ്വത്ര വിഭവസംഭാരം സ്വാധീനമായിട്ടുള്ളവരാകുന്നു—എന്നു ബോധിപ്പിക്കുന്നു. ലക്ഷണാഫലമായി ധ്വനിക്കുന്ന അൎത്ഥാന്തരമാകട്ടെ സേവകശ്ശൂരകൃതവിദ്യന്മാൎക്കുള്ള പ്രാശസ്ത്യമാണ്. അതു ശബ്ദവാച്യമല്ലായ്കയാൽ ഗോപ്യമാനമായി കാമിനീകുചകലശംപോലെ ഹൃദയാവർജകമായി വിലസുന്നു. ഇവിടെ പ്രധാനമായി വ്യംജകം ശബ്ദമാകുന്നു. എങ്കിലും അൎത്ഥത്തിന്നു സഹകാരിത്വമുണ്ടു്. അതിനാൽ, അവിവക്ഷിതവാച്യസ്ഥലത്തു് അഭിധ, താൽപൎയ്യം, ലക്ഷണ, വ്യംജന എന്നിങ്ങിനെ നാലുതരം വ്യാപാരവും ഉണ്ടെന്നു ധരിക്കണം.

രണ്ടാമത്തേതിന്നു=വിവക്ഷിതാന്യപരവാച്യത്തിന്ന്, **കാമ്യശ്രീകളിയാന്നിട്ടും തരുണി**=സകലലോകകമനീയമായ കാന്തിപ്രചുരിമയ്ക്കു ലീലാരംഗവും താരുണ്യസമ്പത്തിയാൽ അത്യന്തമനുഭവയോഗ്യയുമായി സവിശേഷം വിലസുന്നവളേ എന്നു സംബുദ്ധി. **നിൻശോണാധരത്തോടിതാ സാമ്യം പൂണ്ടു ലസിച്ച ബിംബഫലം**=അതിമനോഹരമായ നിൻെറ ചെഞ്ചുണ്ടിനോടു് സാദൃശ്യം ലഭിച്ചു സാതിശയം വിലസുന്ന ഈ തൊണ്ടിപ്പഴത്തെ, **ഈമട്ടാ**

ഗ്രാമ്യത്വം കലരാത്തൊരേതു ഗിരിയിൽ
ഘോരം തപസ്സെന്തതി-
ശ്രാമ്യൻ കാലവുമെത്രയിശ് ശുകയുവ-
ശ്രേഷ്ഠൻ ചരിച്ചീടിനാൻ."

സ്വാദിച്ചീട്ടുവാൻ=ഇങ്ങിനെ രസമറിഞ്ഞനുഭവിക്കുവാൻ, ഇത്തരം ആസ്വാദനം രസാനുഭവത്തിനല്ലാതെ വയറു നിറയ്ക്കാൻ അല്ലെന്നും ഈ രസജ്ഞതപോലും തപഃഫലമായിരിക്കണമെന്നും താൽപര്യം. **ശുകയുവശ്രേഷ്ഠൻ**=ശുകതരുണന്മാരിൽ വെച്ചു ശ്രേഷ്ഠൻ. ആ ശ്രേഷ്ഠത്വവും ഉചിതകാലത്തുള്ള ഈ രസാനുഭവയോഗവും തപഃഫലംതന്നെയാണെന്ന് അഭിപ്രായം. ആകയാൽ, ആ തപസ്സ് ഏതുതരത്തിലുള്ളതാണെന്നും എവിടെ വെച്ച് എത്രത്തോളം ക്ലേശിച്ച് എത്രകാലം ചരിച്ചിട്ടുള്ളതാണെന്നും ആലോചിച്ചാശ്ചര്യപ്പെടുന്ന "**ഗ്രാമ്യത്വം കലരാത്ത**—" ഇത്യാദ്യുത്തരാർദ്ധത്താൽ. **ഗ്രാമ്യത്വം കലരാത്ത**=ശ്രേഷ്ഠമായ—നിർവ്വിഘ്നസിദ്ധിപ്രദമായ, **ഏതു ഗിരിയിൽ**=ശ്രീപർവ്വതാദികളായ പുണ്യപർവ്വതങ്ങളിലേതിൽ, **ഘോരം തപസ്സെന്ത്**=പഞ്ചാഗ്നിപ്രഭൃതിയായ ഏതുതരം ഭയങ്കരമായ തപസ്സാണ്, **കാലവുമെത്ര**=എത്ര ദിവ്യവർഷങ്ങളാണ്, **അതിശ്രാമ്യൻ**=അത്യന്തം ശ്രമപ്പെട്ടന്നവനായിട്ട്, **ചരിച്ചീടിനാൻ**=വിധിയാംവണ്ണം നടത്തിയത്? ശ്രീപർവ്വതാദിപുണ്യഗിരികളിലേതിലായാലും പഞ്ചാഗ്നിപ്രഭൃതിയായ ഏതു ഘോരതപസ്സും എത്രകാലം എത്ര ക്ലേശിച്ചു ചരിച്ചാലും ഈ സിദ്ധി സുലഭമല്ലെന്ന ഭാവം. ഏതാദൃശവാച്യാർത്ഥമഹിമയാൽ നായകന്റെ സംഭോഗാഭിലാഷമാണ് പ്രകൃതപദ്യത്തിൽനിന്ന പ്രധാനമായി വ്യഞ്ജിക്കുന്ന അർത്ഥം. അഥവാ ലോചനകാരൻ പറയുന്നവിധം "കാമുകൻ തന്റെ ഇഷ്ടത്തിന്ന് അനുഗുണമായി തന്നിൽ കാമിനിക്കു രത്യുത്സാഹം ജനിപ്പിക്കുന്നു" എന്നുള്ള വസ്തു വ്യംഗ്യം. "അനുരാഗിണശ്ച പ്രച്ഛന്നസ്വാഭിപ്രായഖ്യാപനവൈദഗ്ദ്ധ്യചാടുവിരചനാത്മകവിഭാവോദ്ദീപനം വ്യംഗ്യം" എന്നാണല്ലോ ലോചനവാക്യം. അനുരാഗിണശ്ച=കാമുകന്റെ, പ്രച്ഛ—പനം=പ്രച്ഛന്നമായ സ്വാഭിപ്രായത്തിന്റെ ഖ്യാപനത്തിനായിട്ടുള്ള, അഥവാ, താദൃശാഭിപ്രായത്തിന്റെ ഖ്യാപനമായ, വൈദഗ്ദ്ധ്യചാടുവിരചനാത്മകവിഭാവോദ്ദീപനം=വൈദഗ്ദ്ധ്യചാടുവിരചനദ്വാരകമായ വിഭാവോദ്ദീ

പനം, പ്രച്ഛന്നം=ഗൂഢം, സ്വാഭിപ്രായം=അധരാസ്വാദാദിസംഭോഗാഭിലാഷം, ഖ്യാപനം=ബോധനം അഥവാ ബോധകം, വൈദഗ്ദ്ധ്യചാടുവിരചനാത്മകം=വൈദഗ്ദ്ധ്യത്തോടു കൂടിയ (ഔചിത്യം വിടാതെയുള്ള) ചാടുപ്രയോഗം തന്നെ ആധാരമായിട്ടുള്ളതു്, വിഭാവോദ്ദീപനം=വിഭാവത്തിൻെറ ഉദ്ദീപനം, വിഭാവം=കാമുകരതിക്കാലംബനവിഭാവമായ തരുണി, ഉദ്ദീപനം=തന്നിൽ അവൾക്കു രത്യുത്സാഹം ജനിപ്പിക്കൽ, വ്യംഗ്യം=വ്യംഗ്യമായ അത്ഥം എന്നു ലോചനപംക്തിക്കത്ഥം. ഇങ്ങിനെ വ്യംഗ്യം സംഭോഗാഭിലാഷമോ തന്മൂലകമായ വിഭാവോദ്ദീപനമോ ഏതായാലും ശരി, വാച്യാത്ഥമാണ് ഇവിടെ വ്യഞ്ജകം. ശബ്ദം സഹകാരിമാത്രം. വിശേഷിച്ചു്, മുൻശ്ലോകത്തിലെപ്പോലെ വാച്യാത്ഥത്തിന്നു ബാധമില്ലായ്കയാൽ ലക്ഷണയ്ക്കു പ്രസക്തിയില്ലാത്തതുകൊണ്ടു് ഇവിടെ അഭിധ, താൽപര്യം, വ്യഞ്ജന എന്നീ മൂന്നു വ്യാപാരമേയുള്ളു. അഥവാ ശുകയുവാവിൻെറ തപശ്ചരണത്തെക്കുറിച്ചുള്ള ആകസ്മികമായ ഈ പ്രശ്നത്തിന്നു് ഉപപത്തി പോരായ്കയാൽ ലക്ഷണയ്ക്കു സവ്വഥാ അവകാശമില്ലെന്നു പറയുക വയ്യെന്നാണെങ്കിൽ, ആയിക്കൊള്ളട്ടെ. എന്നാലും ലക്ഷണ സാദൃശ്യമവലംബിച്ചു് 'അല്ലയോ തരുണി നിൻെറ അധരം ആസ്വദിക്കുന്നതിന്നു വളരെ വളരെ പുണ്യം ചെയ്യേണ്ടതായിരിക്കുന്നു' എന്ന അത്ഥത്തെ മാത്രമേ ബോധിപ്പിക്കയുള്ളു. ലക്ഷണയുടെ പ്രയോജനമായവഭാസിക്കുന്ന മുൻകാണിച്ച അത്ഥവിശേഷമാകട്ടെ ധ്വനനവ്യാപാരത്തിനല്ലാതെ ലക്ഷണയ്ക്കു വിഷയമല്ല. ഇങ്ങിനെ രണ്ടാമത്തെ ഉദാഹരണത്തിലും ലക്ഷണയ്ക്കു സ്വല്പം പ്രസക്തിയുള്ളതുകൊണ്ടു് അഭിധ, താൽപര്യം, ലക്ഷണ, വ്യഞ്ജന എന്നീ നാലു വ്യാപാരവുമുണ്ടെന്നിരിക്കിലും ആദ്യത്തേതിൽ വ്യംഗ്യാത്ഥം സ്ഫുരിക്കുന്നതു ലക്ഷണയുടെ ഫലമായിട്ടാകയാൽ വ്യഞ്ജനയ്ക്കു പ്രധാനമായ സഹകാരി ലക്ഷണയും രണ്ടാമത്തേതിലെ വ്യംഗ്യാത്ഥപ്രതീതി വാക്യാത്ഥമഹിമയാലാകയാൽ അഭിധയും താൽപര്യശക്തിയും ആണെന്നുള്ള വിശേഷമുണ്ടെന്നു ധരിക്കണം. 'വിവക്ഷിതാന്യപരവാച്യ'ത്തിന്നു 'സംലക്ഷ്യക്രമ'മെന്നും 'അസംലക്ഷ്യക്രമ'മെന്നും രണ്ടു വകഭേദമുള്ളതിൽ 'സംലക്ഷ്യക്രമ'പ്രഭേദമായ ദ്വിതീയോദാഹരണത്തിൽ ലക്ഷണയ്ക്കു ലേശം പ്രസക്തിയുണ്ടെന്നു പറയുന്നതായാലും 'അലക്ഷ്യക്രമ'പ്രഭേദത്തിൽ ലക്ഷണയ്ക്കു സമുന്മേഷമേ ഇല്ലതന്നെ. ഈ വസ്തുത ഭാക്തവാദനിരാകരണഘട്ടത്തിൽ അവ്യാപ്തിയെപ്പററി പ്രസ്താവിക്കുമ്പോൾ വിവരിക്കുന്നതാണു്.

ഇനി, ധ്വനി ഭക്തിയാണെന്നു പറഞ്ഞതിന്നു സമാധാനം പറയുന്നു:—

അതുകൊണ്ടാണ്, ഉദാഹരണനിർദ്ദേശപുരസ്സരം ഭക്തിയെ നിരസിക്കാൻ ഒരുമ്പെട്ട വൃത്തികാരൻ 'അസംലക്ഷ്യക്രമ'വ്യംഗ്യസ്ഥലത്തെ വിട്ടു ലക്ഷണയ്ക്കു കല്പിച്ചു പ്രസക്തിയുള്ള 'വിവക്ഷിതാന്യപരവാച്യ' ത്തിന്റെ ഒരു വകഭേദത്തെക്കൂടി 'അവിവക്ഷിതവാച്യ'ത്തോടു ചേർത്ത് ഉദാഹരിച്ചു കാണിച്ചിരിക്കുന്നത്.

അനന്തരം ഭാക്തവാദനിരാകരണത്തെ അവതരിപ്പിക്കുന്ന "ഇനി—" ഇത്യാദി അവതാരികയാൽ. **ഇനി**=ഉദാഹരണപ്രദർശനാനന്തരം, **ധ്വനി ഭക്തിയാണെന്നു പറഞ്ഞതിന്നു്**= "ചിലരതിനെബ്ഭാക്തമെന്നോതിടുന്നു" എന്നിങ്ങിനെയുള്ള ആക്ഷേപത്തിന്നു്, **സമാധാനം പറയുന്നു**=ആ ആക്ഷേപം സ്വീകാര്യമല്ലെന്നു സയുക്തികം പ്രതിപാദിക്കുന്നു.

ധ്വനിയും ഭക്തിയും ഒന്നാണെന്നു വാദിക്കുന്നവൎക്കു പറവാനുള്ളതു് ധ്വനിയുടെ സ്വരൂപം ഭക്തിയാണെന്നോ ധ്വനിയുടെ ലക്ഷണം ഭക്തിയാണെന്നോ ഭക്തി ധ്വനിക്ക് ഉപലക്ഷണമാണെന്നോ ആകുന്നു. കുറച്ചുകൂടി വിശദമാക്കാം—ഹസ്തം, കരം ഇത്യാദി പൎയ്യായശബ്ദങ്ങളെക്കൊണ്ടു ബോധിപ്പിക്കപ്പെടുന്ന വസ്തുവെന്നപോലെ ഭക്തിശബ്ദവാച്യവും ധ്വനിയും ഒന്നുതന്നെ. അതായതു്, 'പൃഥിവിക്കു പൃഥിവീത്വം പോലെ ധ്വനിയുടെ താദ്രൂപ്യം—ധ്വനിത്വരൂപം മാത്ര—മാണ് ഭക്തി' എന്നു് ഒന്നാമത്തെ പക്ഷം. 'ധ്വനിയുടെ ലക്ഷണമാണ്—ഇതരവ്യാവൎത്തകമായ അസാധാരണധൎമ്മമാണ്—ഭക്തി' എന്നു രണ്ടാമത്തെ പക്ഷം. 'ഉപലക്ഷണം—ലക്ഷണംപോലെ സ്വരൂപാന്തർഗ്ഗതമായ ധൎമ്മവിശേഷമാകാതെ സംയോഗാദിസംബന്ധത്താൽ മാത്രം ഇതരവ്യാവൃത്തിബോധജനകമായ ധൎമ്മം—ഭക്തി' എന്നു മൂന്നാമത്തെ പക്ഷം. ആ കാക്കയിരിക്കുന്നതാണ് രാമന്റെ വീടു്' എന്നതിൽ കാക്ക ഉപലക്ഷണമാകുന്നു. ഉപ=സമീപത്തിൽ ഇരുന്നുകൊണ്ടു്, ലക്ഷയതി= ഇതരവ്യാവൃത്തിബോധകമായി ഭവിക്കുന്നു എന്നു് 'ഉപലക്ഷണ'ശബ്ദത്തിന്റെ അക്ഷരാൎത്ഥം.

ഇങ്ങിനെ സംഭാവ്യമാനമായ പക്ഷത്രയത്തിൽ ആദ്യത്തെ താദ്രൂപ്യപക്ഷത്തെ നിരാകരിക്കുന്ന "**ധ്വനി സ്വരൂപ—**"

ധ്വനി സ്വരൂപഭേദത്താൽ
ഭക്തിയോടൈക്യമാൎന്നിടാ;

സ്വരൂപത്തിന്നുതന്നെ ഭേദമുള്ളതിനാൽ ഉക്തപ്രകാരമായ ഈ ധ്വനിയും ഭക്തിയും ഒന്നാവുകയില്ല. വാച്യവാചകങ്ങൾ വാച്യവ്യതിരിക്തമായ അൎത്ഥത്തെ താൽപൎയ്യരൂപത്തിൽ പ്രധാനമായി പ്രകാശിപ്പിക്കുന്നതെങ്ങോ അതാണ് ധ്വനി. ഭക്തിയാകട്ടെ ഉപചാരം

എന്നു കാരികയാൽ. **ധ്വനി**=ശബ്ദം, അൎത്ഥം, വ്യംഗ്യം, വ്യഞ്ജന, അവയുടെ സമുദായം എന്നീ അഞ്ചു വിധത്തിലുള്ള ധ്വനിയും, **സ്വരൂപഭേദത്താൽ**=ധ്വനിയുടേയും ഭക്തിയുടേയും സ്വരൂപത്തിന്നുള്ള വ്യത്യാസത്താൽ, **ഭക്തിയോട്ട് ഐക്യമാൎന്നിടാ**=ലക്ഷണയോട് ഏകത്വം പ്രാപിക്കയില്ല എന്നു കാരികാൎത്ഥം.

കാരികയെ വൃത്തിയിൽ വിവരിക്കുന്നു "**സ്വരൂപത്തിന്നുതന്നെ**—" ഇത്യാദിയാൽ. **ഉക്തപ്രകാരമായ ഈ ധ്വനിയും**=ധ്വനതി, ധ്വന്യതേ, ധ്വനനം എന്നു മുമ്പു കാണിച്ച വ്യുൽപത്തിപ്രകാരം ശബ്ദം, അൎത്ഥം, വ്യംഗ്യം, വ്യഞ്ജന, സമുദായം എന്നിങ്ങിനെയുള്ള ധ്വനിപഞ്ചകവും, **ഭക്തിയും**=ശുദ്ധയെന്നും ഗൌണിയെന്നും രണ്ടുപ്രകാരത്തിലുള്ള ലക്ഷണയും, **ഒന്നാവുന്നതല്ല**=ഒന്നാണെന്നു പറവാൻ നിവൃത്തിയില്ല. അതിന്നു കാരണം പറയുന്നു "**സ്വരൂപത്തിന്നുതന്നെ ഭേദമുള്ളതിനാൽ**" എന്ന്. ധ്വനിസ്വരൂപത്തിന്നും ഭക്തിസ്വരൂപത്തിന്നും പരസ്പരവൈലക്ഷണ്യം ഉള്ളതിനാൽ എന്നൎത്ഥം. സ്വരൂപവൈലക്ഷണ്യത്തെ പ്രതിപാദിക്കുന്നു "**വാച്യവാചകങ്ങൾ**—" ഇത്യാദിയാൽ. **വാച്യവാചകങ്ങൾ**=അൎത്ഥവും ശബ്ദവും, **വാച്യവ്യതിരിക്തമായ അൎത്ഥത്തെ**=വാച്യഭിന്നമായ—അഭിധ, താൽപൎയ്യം, ലക്ഷണ എന്നീ പ്രസിദ്ധവ്യാപാരങ്ങൾക്ക് അവിഷയമായ—അൎത്ഥവിശേഷത്തെ, **താൽപൎയ്യരൂപത്തിൽ**=പ്രതീതിവിശ്രാന്തിസ്ഥാനരൂപത്തിൽ—പ്രയോജനരൂപത്തിൽ. പ്രതീതിക്കു പ്രയോജനപൎയ്യന്താനുധാവനനൈയത്യമുള്ളതിനാൽ വിശ്രാന്തിസ്ഥാനം പ്രയോജനംതന്നെയാണല്ലോ. **പ്രധാനമായി പ്രകാശിപ്പിക്കുന്നതെങ്ങോ**=വാച്യവാചകന്യഗ്ഭാവപുരസ്സരം ദ്യോതിപ്പിക്കുന്നതെവിടേയോ, **അതാണ്**=അവിടെ

മാത്രമാകുന്നു. എന്നാൽ, ഭക്തി ധ്വനിക്കു ലക്ഷണമായിക്കൂടെ എന്നാണെങ്കിൽ:—

യുള്ള ശബ്ദം, അർത്ഥം, വ്യംഗ്യം, വ്യംജന, എന്നിവയും സമുദായവും ആണ്, ധ്വനി=ധ്വനിസ്വരൂപം. ഭക്തിയാകട്ടെ=ധ്വനിവിലക്ഷണയായ ശുദ്ധ, ഗൌണി എന്നു രണ്ടു രൂപത്തിലുള്ള ലക്ഷണയാകട്ടെ, ഉപചാരം മാത്രമാകുന്നു=ഉപചരണം മാത്രമാകുന്നു. ഏതു ശബ്ദത്തിന്ന് ഏതർത്ഥത്തിലാണോ വ്യവഹാരം പ്രസിദ്ധം അതിനെ ഉല്ലംഘിച്ചുകൊണ്ട് അതിനോടു വല്ല പ്രകാരത്തിലും അടുക്കുന്ന അർത്ഥത്തിലുള്ള പ്രയോഗം. ഉപ=അടുത്തുള്ള അർത്ഥത്തിൽ, ചാരം=ചരണം—പ്രയോഗം എന്നു ശബ്ദാർത്ഥം "ചൊല്ലുന്നു തന്വിക്കിയലുമൊരഴലിപ്പദ്മനീപത്രശയ്യ" ഇത്യാദിസ്ഥലത്തു 'ചൊല്ലുന്നു' എന്ന മുഖ്യാർത്ഥം ബാധിതമാകയാൽ 'സൂചിപ്പിക്കുന്നു' എന്ന അർത്ഥത്തിൽ ലക്ഷണയെ സ്വീകരിക്കേണ്ടതായിരിക്കെ, വസ്തുസ്ഥിതി നോക്കുന്നപക്ഷം, പ്രയോജനം കൂടാതെ മുഖ്യവൃത്തിപരിത്യാഗം അനുപപന്നമാകകൊണ്ട് സ്പഷ്ടതാഗ്രഹരൂപപ്രയോജനാനുഗുണമായി ലക്ഷണാവ്യതിരിക്തവും ചതുർത്ഥകക്ഷ്യാനിക്ഷിപ്തവുമായ ധ്വനനാത്മകവ്യാപാരവും ഉണ്ടെന്നു പറയാമെങ്കിലും അതു് അനുപയോഗിയും അചാരുവുമാകകൊണ്ട് അനാദരണീയമാകയാൽ അസൽകല്പമായിട്ടാണിരിക്കുന്നതു്. അതുകൊണ്ട്, ആവക സ്ഥലങ്ങളിൽ ധ്വനിവ്യവഹാരമില്ല. നേരെമറിച്ച്, ലക്ഷണാവ്യവഹാരം സർവ്വസമ്പ്രതിപന്നമാണുതാനും. ഇങ്ങിനെയിരിക്കെ ധ്വനിയും ലക്ഷണയും എങ്ങിനെയാണൊന്നാവുക? ഒന്നാണെങ്കിൽ ലക്ഷണയുള്ളേടത്തൊക്കെ ധ്വനിയും ധ്വനിയുള്ളേടത്തൊക്കെ ലക്ഷണയും ഉണ്ടാവേണ്ടതാണ്. "ചൊല്ലുന്നു തന്വിക്കെഴമൊരഴൽ—" ഇത്യാദിസ്ഥലത്തു ലക്ഷണ മാത്രമാണുള്ളതു് ധ്വനിയില്ല. പുറമെ, അസംലക്ഷ്യക്രമവ്യംഗ്യസ്ഥലത്തു ധ്വനിയല്ലാതെ ലക്ഷണയുമില്ല. അതുകൊണ്ട്, ധ്വനിലക്ഷണകൾക്ക് ഏകത്വശങ്കയ്ക്കു് അവകാശമേ ഇല്ല. ഇതാണ് ഉപചാരം മാത്രം എന്നതിലെ മാത്രശബ്ദംകൊണ്ടു ബോധിപ്പിച്ചിരിക്കുന്നതു്.

അനന്തരം ഭക്തി ധ്വനിയുടെ ലക്ഷണമാണെന്ന ദ്വിതീയപക്ഷം നിരാകരിക്കുന്നു "എന്നാൽ—" ഇത്യാദിയാൽ.

അവ്യാപ്ത്യതിവ്യാപ്തിമൂലം
ഭക്തി ലക്ഷണമായിടാ. (14)

ഭക്തി ധ്വനിക്കു ലക്ഷണമാകയില്ല. എന്തുകൊണ്ട്? അതി

അവ്യാപ്ത്യതിവ്യാപ്തിമൂലം=അവ്യാപ്തിയും അതിവ്യാപ്തിയും ഉള്ളതുകൊണ്ട്, **ഭക്തി ലക്ഷണമായിടാ**=ഭക്തി ധ്വനിക്കു ലക്ഷണമാകയില്ല എന്നു കാരികാൎത്ഥം.

കാരികയെ വൃത്തിയിൽ വിവരിക്കുന്നു "**ഭക്തി—**" ഇത്യാദിയാൽ. **ഭക്തി ധ്വനിക്കു ലക്ഷണമാകയില്ല**=ഭക്തി ധ്വനിയുടെ അസാധാരണധൎമ്മരൂപമായ ലക്ഷണമാകയില്ല. ലക്ഷ്യതാവച്ഛേദകസമനിയതമായ ധൎമ്മമാണ് ലക്ഷ്യത്തിന്റെ അസാധാരണധൎമ്മം. പ്രകൃതത്തിൽ ലക്ഷ്യമായിരിക്കുന്നതു ധ്വനിയാകയാൽ ധ്വനിത്വമാണ് ലക്ഷ്യതാവച്ഛേദകം. അതിന്നു സമനിയതമായ ധൎമ്മം ലക്ഷ്യതാവച്ഛേദകവ്യാപകവും ലക്ഷ്യതാവച്ഛേദകവ്യാപ്യവുമായ ധൎമ്മംതന്നെ. ലക്ഷ്യതാവച്ഛേദകം ഉള്ളേടത്തെല്ലാം ഉണ്ടായിരിക്കുന്നതു വ്യാപകം; ഇല്ലാത്ത സ്ഥലത്തൊക്കെയും ഇല്ലാതിരിക്കുന്നതു വ്യാപ്യം. അപ്പോൾ ലക്ഷ്യങ്ങളിലൊക്കെയും ഉണ്ടായും അലക്ഷ്യങ്ങളിലൊന്നിലും ഉണ്ടാകാതേയുമിരിക്കുന്ന ധൎമ്മമേതോ അതാണ് ലക്ഷ്യതാവച്ഛേദകസമനിയതമെന്നു സിദ്ധിക്കുന്നു. പുകയുള്ളേടത്തെല്ലാം തീയുണ്ടെങ്കിലും തീയുള്ളേടത്തെല്ലാം പുകയില്ലാത്തതുകൊണ്ടു തീയും പുകയും വ്യാപകവും വ്യാപ്യവും മാത്രമല്ലാതെ സമനിയതമാകുന്നില്ല. 'അതുള്ളേടത്തൊക്കയും ഇതുണ്ട്, ഇതുള്ളേടത്തൊക്കയും അതുമുണ്ട്' എന്നു വന്നാൽ മാത്രമേ അവയ്ക്കു സമനിയതത്വമുള്ളു. അങ്ങിനെ ലക്ഷ്യതാവച്ഛേദകസമനിയതമായ ലക്ഷ്യധൎമ്മത്തെയാണ് അസാധാരണധൎമ്മമെന്നു പറയുന്നത്. ഏതാനുമൊരുധൎമ്മം അസാധാരണമാകണമെങ്കിൽ അതു് അവ്യാപ്തി, അതിവ്യാപ്തി, അസംഭവം എന്നീ മൂന്നു ദോഷങ്ങൾ സ്പർശിക്കാത്തതായിരിക്കണം. അവ്യാപ്തി എന്നതു ലക്ഷ്യൈകദേശാവൃത്തിത്വമാകുന്നു. അതായതു് ലക്ഷ്യങ്ങളിലേതിലെങ്കിലും ഇല്ലാതിരിക്കുക. പശുവിന്നു കപിലത്വം ലക്ഷണമെന്നു പറഞ്ഞാൽ കപിലത്വം വെളുത്തപശുവിൽ ഇല്ലാത്തതുകൊണ്ടു ലക്ഷണത്തിന്നു് അവ്യാപ്തി എന്ന ദോഷമുണ്ട്. അലക്ഷ്യവൃത്തിത്വമാണ് അതിവ്യാപ്തി—അതായതു്, ലക്ഷ്യമല്ലാത്തതിൽ ലക്ഷണം സംഭവിക്കുക. പശുവിന്റെ ലക്ഷണം ശൃംഗിത്വമാണെന്നു പറഞ്ഞാൽ

വ്യാപ്തിയും അവ്യാപ്തിയും വരുന്നതുകൊണ്ട്. അതിൽ അതിവ്യാപ്തി, ധ്വനിവ്യതിരിക്തമായ വിഷയത്തിൽക്കൂടി ഭക്തി സംഭവിക്കുന്നതിനാൽ. വ്യംജകത്വകൃതമായ മഹനീയസൌഷ്ഠവം ഇല്ലാത്ത സ്ഥലത്തും പ്രസി

ശൃംഗിത്വം ലക്ഷ്യമല്ലാത്ത എരുമ, മാൻ മുതലായവയ്ക്കുകൂടിയുള്ളതിനാൽ ലക്ഷണത്തിന്നു അതിവ്യാപ്തിദോഷം വരുന്നു. ലക്ഷ്യമാത്രാവൃത്തിത്വമാണ് അസംഭവം. അതായത്, ലക്ഷ്യങ്ങളിൽ ഒന്നിലും സംഭവിക്കാതിരിക്കുക. പശുവിന്റെ ലക്ഷണം ഏകശഫവത്ത്വം (ഒററക്കുളമ്പുള്ളതായിരിക്കുക) എന്നാണെങ്കിൽ അതു ലക്ഷ്യമായ ഒരൊററപ്പശുവിലെങ്കിലും സംഭവിക്കുന്നതല്ലായ്കയാൽ അസംഭവദോഷഗ്രസ്തമാകും. പശുക്കൾക്കൊക്കെയും ഇരട്ടക്കുളമ്പാണല്ലോ ഉള്ളത്. ഈ മൂന്നുവിധം ദോഷങ്ങളും തീണ്ടാത്ത ധർമ്മം മാത്രമേ അസാധാരണധർമ്മമായ, അതായത്, ലക്ഷ്യതാവച്ഛേദകസമനിയതധർമ്മരൂപമായ ലക്ഷണമാകയുള്ളു. ഈ വസ്തുതയെയാണ് "**എന്തുകൊണ്ട്**" എന്ന ചോദ്യത്തിന്ന് ഉത്തരമായി "**അതിവ്യാപ്തിയും അവ്യാപ്തിയും വരുന്നതുകൊണ്ട്**" എന്നിങ്ങിനെ വ്യക്തമാക്കിയിരിക്കുന്നത്. അതിവ്യാപ്തിദോഷം ഉപപാദിക്കുന്നു "**അതിൽ**" ഇത്യാദിയാൽ. **അതിൽ**=അതിവ്യാപ്ത്യവ്യാപ്തികളിൽ, **ധ്വനിവ്യതിരിക്തമായ വിഷയത്തിൽക്കൂടി**=ധ്വനിയില്ലാത്ത സ്ഥലത്തുകൂടി, **ഭക്തി സംഭവിക്കുന്നതിനാൽ**=ലക്ഷണയുള്ളതിനാൽ, **അതിവ്യാപ്തി**=അലക്ഷ്യവൃത്തിത്വരൂപമായ അതിവ്യാപ്തി എന്ന ദോഷം. 'ലക്ഷണയ്ക്കു പ്രയോജനം വേണം. പ്രയോജനരൂപമായ അർത്ഥം ധ്വനിവ്യാപാരവിഷയമാണുതാനും. അപ്പോൾ, ലക്ഷണയുള്ള സ്ഥലത്തൊക്കെയും ധ്വനി അവശ്യംഭാവിയാണെന്നു വരുന്നു. ഈ സ്ഥിതിക്ക്, ധ്വനിയില്ലാത്ത സ്ഥലത്തു ഭക്തിയുണ്ടെന്ന് എങ്ങിനെയാണ് പറയുക. അങ്ങിനെയാണെങ്കിൽ മാത്രമല്ലേ അതിവ്യാപ്തിക്കു പ്രസക്തിയുള്ളു?' എന്ന ആശങ്കയ്ക്ക് അവകാശമുള്ളതുകൊണ്ട് അതിന്നു സമാധാനം പറയുന്നു "**വ്യംജകത്വകൃതമായ**" ഇത്യാദിയാൽ. **വ്യംജകത്വകൃതമായ**=വ്യംജനയെക്കൊണ്ടുണ്ടാകുന്ന, **മഹനീയസൌഷ്ഠവം**=ആദരണീയമായ ചമൽകാരം—ചമൽകാരാതിശയം, **ഇല്ലാത്തസ്ഥലത്തും**=വിശേഷിച്ച് ചമൽകാരാതിശയമില്ലാത്ത "ചൊല്ലുന്നു തന്വിക്കിയല്യമൊരഴലിപ്പട്ട്മനീപത്രശയ്യ" ഇത്യാദിസ്ഥലത്തു

ദ്ധിയെ അനുസരിച്ചു കവികൾ ഉപചരിതശബ്ദവൃത്തിയെക്കൊണ്ടു വ്യവഹാരം പ്രവർത്തിപ്പിച്ചു കാണുന്നു.

ഉദാഹരണം:—

"മ്ലാനം പ്രോന്നദ്ധപീനസ്തനഘനജഘനം
കൊണ്ടിതാ രണ്ടുഭാഗ-
ത്തൂനം കൂടാതെ മദ്ധ്യേ ഹരിതമതികൃശം
മദ്ധ്യമേശായ്ക്കമൂലം

കൂടി, **പ്രസിദ്ധിയെ അനുസരിച്ച്**=പരമ്പരാഗതമായ സമ്പ്രദായമനുസരിച്ച്, പ്രകൃഷ്ടമായ സിദ്ധി—പ്രസിദ്ധി; വ്യവഹാരത്തിൻെറ പ്രയോഗപഥാധിരോഹണമാണ് ഇവിടത്തെ സിദ്ധി. സിദ്ധിയിലെ പ്രകർഷം പാരമ്പര്യാഗതത്വം തന്നെ. ലക്ഷണാശ്രയത്തിനു പ്രയോജനം കൂടിയേ കഴിയൂ എന്നില്ല; പ്രസിദ്ധിയുണ്ടായിരുന്നാലും മതി.

അതുകൊണ്ടാണ്,

"മുഖ്യാർത്ഥബാധേ തദ്യോഗേ രൂഢിതോഽഥ പ്രയോജനാൽ
അന്യാർത്ഥോ ലക്ഷ്യതേ യൽ സാ ലക്ഷണാരോപിതാ ക്രിയാ."

എന്നിങ്ങിനെ കാവ്യപ്രകാശത്തിൽ ലക്ഷണയ്ക്കു രൂഢിയോ പ്രയോജനമോ ഏതെങ്കിലും ഒന്നുണ്ടായാൽ മതിയെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നത്. അഥവാ, **പ്രസിദ്ധി**=പ്രയോജനത്തിൻെറ അനിഗൂഢത, അതിനെ അവലംബിച്ച് എന്നർത്ഥം. ധ്വനിക്കെന്നപോലെ ലക്ഷണയിൽ പ്രയോജനം നിഗൂഢമായിരിക്കണമെന്നു നിർബന്ധമില്ലെന്നു ഭാവം. **കവികൾ**=സൽകാവ്യനിർമ്മാണകുശലന്മാർ, **ഉപചരിതശബ്ദവൃത്തിയെക്കൊണ്ടു**=ശുദ്ധയോ ഗൌണിയോ ആയ ലക്ഷണാവൃത്തിയെക്കൊണ്ട്, **വ്യവഹാരം പ്രവർത്തിപ്പിച്ചുകാണുന്നുണ്ട്**=ശബ്ദപ്രയോഗം ചെയ്തുകാണുന്നുണ്ട്. ആവക സ്ഥലം ഉദാഹരിച്ചു കാണിക്കുന്നു **"മ്ലാനം പ്രോന്നദ്ധ—"** ഇത്യാദിയാൽ.

രണ്ടു ഭാഗത്തു=സ്തനവും ജഘനവും തട്ടുന്ന സ്ഥലങ്ങളിൽ, **പ്രോന്നദ്ധപീനസ്തനഘനജഘനം**=ഉയർന്നു തടിച്ച കുചങ്ങളും മാംസളമായ ജഘനപ്രദേശവും, **കൊണ്ട്**=കൊള്ളുകയാൽ—തട്ടുകയാൽ, **മ്ലാനം**=വാടിയതും, **മദ്ധ്യേ**=നടുവിൽ, **അതികൃശം**

ആ നൽക്കൈവല്ലിതൻ വിശ്ലഥവലനവശാൽ
വ്യസ്തവിന്യാസപാൎശ്വ-
സ്ഥാനം ചൊല്ലുന്നു തന്വിക്കിയലുമൊരഴലി-
പ്പദ്മനീപത്രശയ്യ."

അതുപോലെ,

"ഒരുനൂറുവട്ടമുടനമ്മവെപ്പതും
ചിരമായിരം തവണ ചേൎത്തണപ്പതും

മദ്ധ്യം=അത്യന്തം കൃശമായ മദ്ധ്യപ്രദേശം, **ഏശാസ്സമൂലം**=തട്ടാസ്സുകൊണ്ടു്, **ഊനം കൂടാതെ ഹരിതം**=യാതൊരു ന്യൂനതയും കൂടാതെ പച്ചയും, **ആ നൽക്കൈവല്ലിതൻ വിശ്ലഥവലനവശാൽ**=വല്ലിപോലെ മെലിഞ്ഞ ആ കൈകളുടെ അലസവിക്ഷേപം നിമിത്തം, **വ്യസ്തവിന്യാസപാൎശ്വസ്ഥാനം**=കേടുവന്ന രചനാവിശേഷത്തോടു കൂടിയ പാൎശ്വസ്ഥാനമുള്ളതുമായ, **ഇപ്പദ്മിനീപത്രശയ്യ**=താമരഇലകളെക്കൊണ്ടുണ്ടാക്കിയ ഈ മെത്ത, **തന്വിക്കിയലുമൊരഴൽ**=കൃശാംഗിക്കുള്ള പരിതാപത്തെ, **ചൊല്ലുന്നു**=പറയുന്നു എന്നൎത്ഥം. "പദ്മിനീപത്രശയ്യ ചൊല്ലുന്നു" എന്നതു ബാധിതമാകയാൽ 'സൂചിപ്പിക്കുന്നു' എന്നൎത്ഥത്തിൽ ലക്ഷണ. സ്ഫുടീകരണപ്രതിപത്തി പ്രയോജനം. എന്നാൽ സ്ഫുടീകരണമെന്നപ്രയോജനം സാധാരണക്കാൎക്കുപോലും സംവേദ്യമാകുമാറു് അഗ്രൂഢമായിട്ടാണിരിക്കുന്നതു്. അതു് ഏതാണ്ടു്—"ചൊല്ലുന്നു" എന്നതിന്റെ അൎത്ഥം തന്നെയാണല്ലോ. നിഗ്രൂഢമായ അൎത്ഥമേ ചമൽകാരിയും സഹൃദയാദരണീയവുമാകൂ. അതിന്നേ ധ്വനിവ്യവഹാരമുള്ളു. അതുകൊണ്ടാണു്, "ശബ്ദം ഉക്ത്യന്തരാശക്യചാരുത്വവ്യക്തിഹേതുവായി വ്യംജകത്വമിയന്നാൽ" മാത്രമേ ധ്വനിവ്യവഹാരത്തിന്നു് അൎഹതയുള്ളു എന്നു് അടുത്തു പറഞ്ഞിരിക്കുന്നതു്. ആകയാൽ, ഈ വക ലക്ഷണാസ്ഥലം,

"സമാധിരന്യധൎമ്മസ്യ ക്വാപ്യാരോപോ വിവക്ഷിതഃ"

എന്നു പറഞ്ഞിരിക്കുന്ന പ്രകാരം 'സമാധി' എന്ന ഗുണത്തിനല്ലാതെ ധ്വനിക്കു വിഷയമാകുന്നതല്ല.

വേറെയും ഉദാഹരിക്കുന്നു "ഒരുനൂറുവട്ടം" ഇത്യാദിയാൽ. ഒരുനൂറു്, ആയിരം എന്നീശബ്ദങ്ങൾ വളരെ അധികം എന്നൎത്ഥത്തെ

വിരമിച്ചുവീണ്ടുമരമാരമിപ്പതും
പരമപ്രിയക്ക് പുനരുക്തമാവതോ?"

അപ്രകാരംതന്നെ,

"കരയുന്നവളായ് പ്രസന്നയായ്പ്പു-
ഞ്ചിരി തൂകുന്നവളായ് കയക്കുവോളായ്
പരമേതുവിധം ഗ്രഹിപ്പതിങ്ങാ-
ത്തരമിസ്സൈരിണിമാർ ഹരിപ്പു ചിത്തം."

യാണ് കുറിക്കുന്നത്. **ഉടൻ**=തെരുതെരെ, **ചിരം**=വളരെനേരം, ഗാഢംഗാഢം എന്നു താൽപര്യം. ബാഹ്യസംഭോഗപ്രകാരത്തിന്നു ശേഷം ആഭ്യന്തരത്തെ നിർദേശിക്കുന്ന "**വിരമിച്ചു**" എന്നിങ്ങിനെ "പറഞ്ഞതിനെത്തന്നെ വീണ്ടും വീണ്ടും പറയുക" എന്നതാണല്ലോ "**പുനരുക്ത**" ശബ്ദത്തിന്റെ അർത്ഥം. ആ അർത്ഥം ചുംബനാലിംഗനാദിവിഷയത്തിൽ ബാധിതമാകയാൽ 'ദുഷ്ടം' എന്ന അർത്ഥത്തിൽ പുനരുക്തശബ്ദത്തിന്നു ലക്ഷണ സ്വീകരിക്കേണ്ടിയിരിക്കുന്നു. അനേകം തവണ ചെയ്യുന്ന ആലിംഗനചുംബനാദികൾ പരമപ്രിയക്ക് ത്യാജ്യമാകുന്നില്ല എന്നർത്ഥം. ത്യാജ്യതാഭാവമാണ് ഫലമെങ്കിലും അതു് അതിസ്ഫുടമാകയാൽ ആദരണീയതയെ അർഹിക്കാത്തതുകൊണ്ടു ധ്വനിയാവുന്നതല്ല.

സുപ്രസന്ന=നല്ല പ്രസാദത്തോടു കൂടിയവൾ, **കോപശീല**=കോപന, **ഏവം**=ഇപ്രകാരം, **ഇങ്ങു്**=ഈ ലോകത്തിൽ, **പരം ഏതുവിധം ഗ്രഹിപ്പിതു്**=കേവലം ഏതുപ്രകാരത്തിൽ ഗ്രഹിക്കുന്നുവോ, **അത്തരം**=അപ്രകാരത്തിൽ, **സൈരിണിമാർ**=വേശ്യാങ്ഗനകൾ, **ചിത്തം ഹരിപ്പു**=കാമുകന്മാരുടെ ഹൃദയത്തെ ഹരിക്കുന്നു. ചിത്തത്തെ 'ഹരിക്കുക' എന്നതു ബാധിതമാകയാൽ 'വശീകരിക്കുക' എന്നർത്ഥത്തിൽ ലക്ഷണ സ്വീകരിക്കേണ്ടതായിരിക്കുന്നു. പാരവശ്യാധിക്യം പ്രയോജനമാവാമെങ്കിലും അതു വിശേഷിച്ചു ചമൽകാരിയല്ലായ്കയാൽ മുൻപറഞ്ഞപോലെ ധ്വനിവ്യപദേശമർഹിക്കുന്നില്ല.

നവലതയാൽ=ഇളം ചില്ലയാൽ, **ഇളയവൾ തൻ പീവരകുചസീമ്നി**=ഇളയ ഭാര്യയുടെ തടിച്ച കൊങ്കത്തടത്തിൽ,

പുറമെ,

"നവലതയാലിളയവൾതൻ
പീവരകുചസീമ്നി കാന്തനാൽ ദത്തം
മൃദുവാം പ്രഹാരമന്ത-
സ്സുദുസ്സഹം തത്സപത്നിമാൎക്കായി."

കാന്തനാൽ ദത്തം=കാന്തനാൽ നല്കപ്പെട്ട, **മൃദുവാം പ്രഹരം**=മൃദുവായ അടി, **തത്സപത്നിമാൎക്ക്**=അവളുടെ സപത്നികൾക്ക്—നായകൻെറ മൂത്തഭാൎയ്യമാൎക്ക്, **അന്തഃ**=അകത്ത്, **സുദുസ്സഹമായി**=സഹിപ്പാൻ കഴിയാത്തതായി. കേളീപ്രസംഗത്തിൽ സൌഭാഗ്യസൂചകമായ താദൃശപ്രഹാരം കാന്തനിൽനിന്ന തങ്ങൾക്ക ലഭിക്കാതെ ഇളയവൾക്കമാത്രം ലഭിച്ചതുകൊണ്ട് സപത്നിമാൎക്ക ദുസ്സഹമായ ഹൃദയവ്യഥയുണ്ടായി എന്ന സാരം. അടി ഇളയവൾക്കം അതുകൊണ്ടുള്ള വേദന മററുള്ള പത്നികൾക്കമാണെന്ന പറഞ്ഞിരിക്കയാൽ,

"കാൎയ്യഹേതുക്കൾക്ക ഭിന്ന-ദേശസ്ഥിതിനിമിത്തമാം
ആസംഗത്യമലങ്കാരം അസംഗതി സമാഹ്വയം."
(കാവ്യജീവിതവൃത്തി)

എന്ന ലക്ഷണപ്രകാരം 'അസംഗതി' എന്ന അലങ്കാരവും മൃദുവായ പ്രഹാരം ദുസ്സഹമായി എന്നിങ്ങിനെ വിരോധം സൂചിപ്പിച്ചിരിക്കയാൽ,

"ആഭാസമാം വിരോധം താൻ വിരോധാഭാസമെന്നതു്"
(കാവ്യജീവിതവൃത്തി)

എന്ന ലക്ഷണപ്രകാരം വിരോധാഭാസവും കണ്ടുകൊൾക. എന്നാൽ, "മൃദുവാണെങ്കിലും" എന്നോ മററോ നിൎദ്ദേശിച്ച വിരോധം വാച്യമാക്കീട്ടില്ലാത്തതിനാൽ അതു വ്യംഗ്യമാണെന്നകൂടി ധരിക്കണം. പ്രസ്തുതപദ്യത്തിലെ 'ദത്തം' എന്ന പദത്തിന്ന 'കൃതം'--ചെയ്യപ്പെട്ട--എന്ന അൎത്ഥത്തിൽ ലക്ഷണ സ്വീകരിക്കേണ്ടിയിരിക്കുന്നു. 'ദത്തം' എന്നതിൻെറ വാച്യമായ അൎത്ഥം 'ദാനം ചെയ്യപ്പെട്ട' എന്നാണല്ലോ. ദാനമെന്നതു സ്വസ്വത്വനിവൃത്തിപൂൎവ്വകമായ പരസ്വത്വോൽപാദനമാണ്. അതു പ്രകൃതത്തിൽ ഘടിക്കയില്ല. അതുകൊണ്ട്, ലക്ഷണയെ ആശ്രയിക്കതന്നെ വേണം. പ്രീത്യതിശയമോ മററോ ലക്ഷണാഫലമായി പറയാമെങ്കിലും അതു് അന്യലഭ്യമാകയാൽ, "മൃദുവാം പ്രഹാര

അങ്ങിനെതന്നെ,

"അംഗത്തിനേല്ക്കുമഴലന്യാൎത്ഥമായനുഭവിക്കുന്നിതേതതിരസം
ഭംഗത്തിലും നിയതമേകുന്നു യദ്വികൃതി സൎവ്വൎക്കുമങ്ങഭിമതം
തുംഗപ്രഭാവനിധിയാമക്കരിമ്പു മരുഭൂവിൽ പ്പതിച്ചു നിതരാം
മങ്ങിക്കരിഞ്ഞിടുകിലാക്കുള്ള ദോഷമതതിന്നോ പരം മരുവിനോ?"

മന്ദസ്സുദുസ്സഹം സപത്നിമാക്കായി" എന്ന ഉത്തരാൎദ്ധംകൊണ്ടു സിദ്ധിക്കുന്നതാകയാൽ ധ്വനിവ്യവഹാരത്തിന്നു വിഷയമാകുന്നില്ല. അനന്യലഭ്യമായ അൎത്ഥമല്ലേ ധ്വനിയാവുകയുള്ളു. കൂടാതെ, വ്യംഗ്യം വാച്യസിദ്ധിക്കു് അംഗവുമാണ്. താദൃശപ്രഹാരത്തിന്നു ദുസ്സഹത്വം ഇളയവളിൽ പ്രിയന്നു പ്രീത്യതിശയമുണ്ടെന്ന ബോധം കൂടാതെ സിദ്ധിക്കാൻ പ്രയാസമല്ലേ?

അന്യാൎത്ഥം=അന്യന്മാൎക്കുവേണ്ടി, ലേശംപോലും സ്വാൎത്ഥപ്രതിപത്തികൂടാതെ എന്നു ഭാവം. **ഏതു്**=യാതൊന്ന്, **നിയതം**=നിശ്ചയമായും—യാതൊരു ഹാനിയും വരാതെ, **യദ്വികൃതി**=യാതൊന്നിൻെറ വികാരം—ശക്കര, പഞ്ചസാര മുതലായ കരുമ്പിൻെറ ഏതുതരത്തിലുള്ള വികാരവും. **ഇങ്ങു്**=ഈ ലോകത്തിൽ, **അഭിമതം**=ഇഷ്ടം, **തുംഗപ്രഭാവനിധി**=വലുതായ മാഹാത്മ്യത്തിന്നു—ശ്ലാഘ്യങ്ങളായ ഗുണവിശേഷങ്ങൾക്കു്—ഇരിപ്പിടമായ, **മരുഭൂമി**=നിർജലപ്രദേശം, **നിതരാം**=ഏററവും, **മങ്ങിക്കരിഞ്ഞീടുകിൽ**=വാടിക്കരിയുന്നുവെങ്കിൽ, **അതിന്നോ**=ആ കരിമ്പിന്നുതന്നെയോ, **പരം മരുവിനോ**=കേവലം മരുഭൂമിക്കോ? ദുഷ്ടന്നധീനമായി നാശം പ്രാപിക്കുന്ന സൽപുരുഷൻെറ വൃത്താന്തമായ പ്രസ്തുതത്തിന്നു പകരം അതിന്നു തുല്യവും അപ്രസ്തുതവുമായ ഇക്ഷുവൃത്താന്തം വർണിച്ചിരിക്കയാൽ ഇതു 'സാരൂപ്യനിബന്ധനമായ അപ്രസ്തുതപ്രശംസ'യാകുന്നു. അതിൽ പ്രസ്തുതമായ സൽപുരുഷനെ സംബന്ധിച്ചേടത്തോളം 'അഴലനുഭവിക്കുന്നു' എന്ന അംശം ബാധിതമല്ലെങ്കിലും അപ്രസ്തുതവും വാച്യവുമായ കരിമ്പിൻെറ വിഷയത്തിൽ അതു ബാധിതം തന്നെയാകയാൽ 'ച്ഛേദനാദിക്രിയയ്ക്കു വിഷയീഭവിക്കുക' എന്നൎത്ഥത്തിൽ ലക്ഷണ സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇതിനെത്തന്നെയാണ് 'വൃത്തി'യിൽ "**ഇക്ഷുപക്ഷത്തിൽ**" ഇത്യാദിഗ്രന്ഥംകൊണ്ടു വ്യക്ത

എന്നതിൽ ഇക്ഷുപക്ഷത്തിൽ "അഴൽ അനുഭവിക്കുന്നു" എന്നതു്. ഇങ്ങിനെയുള്ളതെല്ലാം ഒരിക്കലും ധ്വനിക്കു വിഷയമാകയില്ല. എന്തുകൊണ്ടെന്നാൽ,—

ശബ്ദമുക്ത്യന്തരാശക്യ-
ചാരുത്വവ്യക്തിഹേതുവായ്
വ്യംജകത്വമിയന്നാലേ
ധ്വന്യുക്തിക്കർഹമായിടൂ. (15)

മാക്കിയിരിക്കുന്നതു്. മുൻ പദ്യങ്ങളിൽ ഇങ്ങിനെ വാച്യാർത്ഥബാധാഭാവശങ്കയ്ക്കു പ്രസക്തിയില്ലായ്കയാലാണ് ഇവിടെ എടുത്തുകാണിച്ചതുപോലെ "ചൊല്ലുന്നു" ഇത്യാദിപദം ലാക്ഷണികമാണെന്നു വൃത്തിയിൽ പ്രത്യേകം നിർദ്ദേശിക്കാത്തതെന്നു മനസ്സിലാക്കണം. **എന്നതിൽ**=എന്നീ പദ്യത്തിൽ, **ഇക്ഷുപക്ഷത്തിൽ**=വാച്യമായ കരിമ്പിന്റെ പ്രശംസയിൽ, **അനുഭവിക്കുന്നു എന്നതു്**='അനുഭവിക്കുന്നു' എന്ന ശബ്ദം. പ്രസിദ്ധിമാത്രമനുസരിച്ച് ഉപചരിതശബ്ദവൃത്തിയെക്കൊണ്ടുള്ള വ്യവഹാരത്തിന്ന് ഉദാഹരണം എന്നു യോജിപ്പിച്ചു കൊള്ളണം. അട്ടെ, 'ഇവിടെ ലക്ഷണയ്ക്കു പീഡ്യമാനത്വാതിശയം പ്രയോജനമാണെന്നു പറയാമല്ലോ. ഉദാഹരണസ്ഥലത്തെല്ലാം ഇതുപോലെ ഓരോ പ്രയോജനം വ്യാഖ്യാനത്തിൽ എടുത്തുകാണിച്ചിട്ടുമുണ്ട്. ഈ വക പ്രയോജനമെല്ലാം എന്തുകൊണ്ടു ധ്വനിയല്ല?' എന്ന ആശങ്കയ്ക്കു സമാധാനം പറയുന്നു **"ഇങ്ങിനെയുള്ളതെല്ലാം—"** ഇത്യാദിയാൽ. കാരണം പറയുന്നു **"ശബ്ദം—"** ഇത്യാദികാരികയാൽ.

ശബ്ദം=ധ്വനിവിഷയത്തിൽ പറഞ്ഞതുപോലെ അഞ്ചുതരത്തിലുള്ള വാചകവും, വാച്യവും, വ്യംഗ്യവും, വ്യംജനയും, ഇവയുടെ സമുദായവും എന്നാർത്ഥം. യാതൊന്നിനാൽ ശബ്ദിക്കപ്പെടുന്നുവോ—അഭിധാനം ചെയ്യപ്പെടുന്നുവോ—അതു ശബ്ദം=വാചകം. യാതൊന്നു ശബ്ദിക്കപ്പെടുന്നുവോ—വചിക്കപ്പെടുന്നുവോ—അതു ശബ്ദം=വാച്യം. യാതൊന്നു ശബ്ദിക്കപ്പെടുന്നുവോ—ബോധിപ്പിക്കപ്പെടുന്നുവോ—അതു ശബ്ദം=വ്യംഗ്യം. ശബ്ദനം-ശബ്ദം=വ്യംജനാവ്യാപാരം. എന്നിങ്ങിനെ യഥോചിതം ശബ്ദപദത്തിന്റെ വ്യുൽപത്തി കണ്ടുകൊൾക. **ഉക്ത്യന്തരാശക്യചാരുത്വവ്യക്തിഹേതുവായ്**=ഉക്ത്യന്ത

ഈ ഉദാഹരണങ്ങളിലുള്ള ശബ്ദങ്ങൾ ഉക്ത്യന്തരാശക്യമായ ചാരുത്വവ്യക്തിക്ക ഹേതുവല്ല.

അത്രയുമല്ല,

അർത്ഥാന്തരേ നിരൂഢങ്ങൾ
ലാവണ്യാദികളായിട്ടും

രത്താൽ ധ്വന്യതിരിക്തവും പ്രസിദ്ധവുമായ ശബ്ദാത്ഥവ്യാപാരത്താൽ, അശക്യമായ—അസാദ്ധ്യമായ, ചാരുത്വപ്രതീതിക്ക ഹേതുവായിട്ട്. **വ്യംജകത്വമിയന്നാലേ**=അർത്ഥാന്തരത്തിന്ന വ്യംജകമായാൽ മാത്രമേ, **ധ്വന്യുക്തിക്ക**=ധ്വനിവ്യപദേശത്തിന്ന, **അർഹമായിട്ടു**=വിഷയമാകയുള്ളൂ.

ഈ ഉദാഹരണങ്ങളിലെ=“മ്ലാനം പ്രോന്നദ്ധ—” ഇത്യാദികളിലെ, **ശബ്ദം**=‘ചൊല്ലുന്നു’ മുതലായ ശബ്ദം, **ഉക്ത്യന്തരാശക്യമായ**=ധ്വനിവ്യതിരിക്തമായ ശബ്ദാത്ഥവ്യവഹാരവിശേഷത്താൽ സാദ്ധ്യമല്ലാത്ത, **ചാരുത്വവ്യക്തിക്ക ഹേതുവല്ല**=ചമൽകാരപ്രതീതിക്ക കാരണമല്ല. ഈ വക സ്ഥലത്ത് ക്ലേശിച്ച്, പ്രയോജനം പറയാമെന്നിരിക്കിലും ആദാരാസ്പദമല്ലായ്കയാൽ ധ്വനിവ്യപദേശത്തിന്ന വിഷയമല്ലതന്നെ. ഈ സ്ഥിതിക്ക്, അതിവ്യാപ്തി സിദ്ധമാകയാൽ ഭക്തി ധ്വനിക്ക ലക്ഷണമാകയില്ല. കൂടാതെ, സവ്വഥാ പ്രയോജനമില്ലാതേയും ഉപചാരം കാണുന്നുണ്ട്. അവിടെ ധ്വനിശങ്കയ്ക്കു തന്നെ അവകാശമില്ലായ്കയാൽ ഭക്തി ധ്വനിലക്ഷണമാകയില്ലെന്നതു നിശ്ചപ്രചമാണെന്ന പ്രതിപാദിക്കുന്ന “**അത്രയുമല്ല**” ഇത്യാദിയാൽ.

അർത്ഥാന്തരേ=ലവണരസവത്ത്വം, സമാനഗുരുത്വം, കുശഗ്രാഹിത്വം മുതലായ ശക്യാത്ഥത്തിൽനിന്ന ഭിന്നമായ കാന്തിവിശേഷം, സാദൃശ്യം, സാമത്ഥ്യം മുതലായ അത്ഥവിശേഷത്തിൽ. **നിരൂഢങ്ങൾ**=പ്രയോഗപാരംപര്യവശാൽ നിതരാം പ്രസിദ്ധങ്ങളായ—പ്രയോജനാപേക്ഷ കൂടാതെതന്നെ പ്രയുക്തങ്ങളായ, അതുകൊണ്ടാണ്,

“നിരൂഢാ ലക്ഷണാഃ കാശ്ചിൽ സാമത്ഥ്യാദഭിധാനവൽ”

(ലക്ഷണകളിൽ ചിലതു നിരൂഢകളാകുന്നു. ഫലലക്ഷണാവിലക്ഷണങ്ങളായ ആ ലക്ഷണകൾ പ്രയോഗപ്രാചുയ്യമാഹാത്മ്യത്താൽ അഭി

ഭാക്തങ്ങളായ ശബ്ദങ്ങൾ
ധ്വനിക്കാസ്പദമായിടാ. (16)

അവയിൽ ശബ്ദവൃത്തി ഉപചരിതമാണുതാനും. ഈവക

ധയ്ക്കു സമാനഭാവം വഹിക്കുന്നു) എന്നു പറഞ്ഞിരിക്കുന്നതു്. **ലാവണ്യാദികളായിട്ടും**=ലാവണ്യം, സബ്രഹ്മചാരി, കുശലൻ, അനുലോമം, പ്രതിലോമം, അനുകൂലം, പ്രതികൂലം മുതലായ, **ഭാക്തങ്ങളായ ശബ്ദങ്ങൾ**=ഗൌണങ്ങളായ ശബ്ദങ്ങൾ, **ധ്വനിക്കു് ആസ്പദമായിടാ**=ധ്വനിവ്യപദേശത്തിന്നു വിഷയമാകയില്ല.

അവയിൽ=ലാവണ്യാദിശബ്ദങ്ങളിൽ, **ശബ്ദവൃത്തി**=ശബ്ദത്തിൻെറ വ്യാപാരം, **ഉപചരിതമാണുതാനും**=സാദൃശ്യമൂലകമായ ഗൌണമാണുതാനും. "താനും" എന്നതുകൊണ്ടു ധ്വനിവ്യവഹാരമില്ലായ്കയാൽ അതിവ്യാപ്തിയുള്ളതുകൊണ്ടു ഭക്തി ധ്വനിയുടെ ലക്ഷണമാകയില്ലെന്നുള്ള നിഗമനത്തെ സൂചിപ്പിച്ചിരിക്കുന്നു. 'ലാവണ്യ'ശബ്ദത്തിന്നു ലവണരസവത്ത്വം എന്നു മുഖ്യാൎത്ഥം; കാന്തിവിശേഷം എന്നു ഗൌണാൎത്ഥം; 'കുശല'ശബ്ദത്തിന്നു കുശഗ്രാഹി എന്നു മുഖ്യാൎത്ഥം; സമൎത്ഥൻ എന്നു ഗൌണാൎത്ഥം. 'സബ്രഹ്മചാരി' ശബ്ദത്തിന്നു തുല്യഗുരു എന്നു മുഖ്യാൎത്ഥം; സദൃശം എന്നു ഗൌണാൎത്ഥം. 'അനുലോമ'ശബ്ദത്തിന്നു രോമങ്ങൾക്കു് അനുഗതമായ മർദനം എന്നു മുഖ്യാൎത്ഥം; അനുരോധി എന്നു ഗൌണാൎത്ഥം. 'പ്രതികൂല'ശബ്ദത്തിന്നു കൂലത്തിന്നു പ്രതിപക്ഷമായ സ്രോതസ്സ് എന്നു മുഖ്യാൎത്ഥം; വിരോധി എന്നു ഗൌണാൎത്ഥം. എന്നിങ്ങിനെ യഥായോഗം ഉപചാരം ഗ്രഹിച്ചുകൊൾക. ഇത്തരം ഉപചാരത്തിന്നു നിദാനം പ്രസിദ്ധി മാത്രമല്ലാതെ വിശേഷിച്ചു പ്രയോജനമൊന്നുമില്ലെന്നുള്ളതു സൎവ്വസമ്മതമാണ്. ഇങ്ങിനെയിരിക്കെ, ഈവക ഭാക്തസ്ഥലങ്ങളിൽ ധ്വനിക്കുണ്ടോ വല്ല പ്രസക്തിയും? **ഈവക സ്ഥലങ്ങളിൽ**=പറഞ്ഞതരത്തിലുള്ള ഉപചരിതശബ്ദവൃത്തിസ്ഥലങ്ങളിൽ, **ചിലേടത്തു്**=

"ലാവണ്യക്കടലിൽക്കളങ്കമിയലാതുണ്ടായ വാർതിങ്കളോ!
പൂവമ്പൻെറ പുകഴ്ച കാട്ടി വിലസും പുത്തൻ കൊടിക്കൂറയോ!
ദൈവത്തിൻെറ വിചിത്രസൃഷ്ടിവിരുതോ! ശൃംഗാരസൂക്തോന്മിഷൽ-
കൈവല്യപ്പൊരുളോ! നമുക്കെതിരിലിക്കാണാകുമേണാക്ഷിയാൾ."

(വിലാസലതിക)

സ്ഥലങ്ങളിൽ ചിലേടത്തു ധ്വനിവ്യവഹാരം കാണുന്നുണ്ടെങ്കിലും അതു വേറെ പ്രകാരത്താലല്ലാതെ ആവക ശബ്ദങ്ങളാലല്ല. എന്നുമാത്രമല്ല,

മുഖ്യവൃത്തിയെ വിട്ടൎത്ഥ-
ബോധനം ഗൌണവൃത്തിയാൽ

ഇത്യാദിസ്ഥലത്ത്, **ധ്വനിവ്യവഹാരം കാണുന്നുണ്ടെങ്കിൽ**=ധ്വനി എന്നുള്ള വ്യവഹാരം—അന്യാദൃശനിൎഘോഷകാന്തിവിശേഷശാലിത്വം മുതലായ വ്യംഗ്യവിശേഷങ്ങളെ അടിസ്ഥാനമാക്കി ധ്വനികാവ്യമെന്നുള്ള വ്യവഹാരം—ഉണ്ടെങ്കിൽ, **അതു്**=ആ ധ്വനിവ്യവഹാരം, **വേറെ പ്രകാരത്താൽ അല്ലാതെ**=സമഗ്രവാക്യാൎത്ഥവ്യംജനയാലല്ലാതെ; "ലാവണ്യകടലിൽ കളങ്കമിയലാതുണ്ടായ വാർതിങ്കളോ" എന്നിങ്ങിനെയുള്ള വാക്യാൎത്ഥപ്രതീതിക്കു ശേഷം ആ വാക്യാൎത്ഥമഹിമയാലാണ് താദൃശവ്യംഗ്യാൎത്ഥപ്രതീതി വരുന്നതു്; അതിനാൽ വാക്യാൎത്ഥമാണ് വ്യംജകം എന്നു ഭാവം. 'അല്ലാതെ' എന്നതുകൊണ്ടു കാണിച്ചിരിക്കുന്ന വ്യാവൎത്ത്യം ഇന്നതാണെന്നു സ്പഷ്ടമാക്കുന്നു 'ആവക' ഇത്യാദിയാൽ. **ആവക ശബ്ദങ്ങളാലല്ല**=ലാവണ്യാദിഭാക്തശബ്ദങ്ങളാലല്ല, ആകയാൽ, 'എവിടെ ഭക്തിയുണ്ടോ അവിടെ ധ്വനിയുമുണ്ടു്' എന്ന നിയമമില്ലായ്കയാൽ അതിവ്യാപ്തി എന്ന ദോഷം സിദ്ധംതന്നെയാകുന്നു. 'ലാവണ്യ'ശബ്ദത്തിൽ ഭക്തിയുണ്ടെന്നും അതിൽ ധ്വനിയില്ലെന്നും തീൎച്ചയാണല്ലോ. ഇനി വേണമെങ്കിൽ ഭക്തിയുള്ളേടത്തെല്ലാം ധ്വനിയുണ്ടെന്നുതന്നെ 'തുഷ്യതുദുൎജ്ജന'ന്യായേന സമ്മതിക്കാം. എന്നാലും ഭക്തി ധ്വനിയുടെ ലക്ഷണമാണെന്നാവുകയില്ല. ലക്ഷണം ധൎമ്മവും ലക്ഷ്യം ധൎമ്മിയുമാണെന്നതു നിൎവ്വിവാദമാണ്. ഭക്തി ധ്വനിയുടെ ധൎമ്മമല്ല; പിന്നെങ്ങിനെ ഭക്തി ധ്വനിയുടെ ലക്ഷണമാകും? ധൎമ്മധൎമ്മിഭാവം ഭിന്നവിഷയമാകുമോ? ലക്ഷണ അമുഖ്യാൎത്ഥവിഷയകവും വ്യംജന പ്രയോജനവിഷയകവുമാണല്ലോ.

ആകയാൽ, ഭക്തി ധ്വനിയുടെ ലക്ഷണമല്ലതന്നെ എന്ന അഭിപ്രായത്തിന്മേൽ, പ്രയോജനത്തിൽ ലക്ഷണ സ്വീകരിക്കുവാനും നിവൃത്തിയില്ലെന്നു സമൎത്ഥിക്കുന്നു "**എന്നുമാത്രമല്ല**—" ഇത്യാദിയാൽ.

മുഖ്യവൃത്തിയെവിട്ടു=അഭിധാവ്യാപാരത്തെ അതിലംഘിച്ച്, അൎത്ഥങ്ങളിൽ ആദ്യമായി പ്രതീതിവിഷയമാകുന്നതു സങ്കേ

യാതൊന്നിനായപ്ഫലത്തിൽ
ശ്ലബ്ദമാകാ സ്ഖലദ്ഗതി. (17)

തിതാൎത്ഥമാകയാൽ 'മുഖേ ഭവം മുഖ്യം' എന്ന വ്യുൽപത്തിപ്രകാരം അതിനെ മുഖ്യമായ അൎത്ഥമെന്നു പറയുന്നു. അതനുസരിച്ചു തദ്വിഷയകമായ അഭിധാവൃത്തിയും മുഖ്യമാകുന്നു. വൃത്തികളിൽ അതാണല്ലോ മുഖത്തിൽ ഭവിക്കുന്നതു്—അതായതു് മുമ്പിൽ പ്രവൎത്തിക്കുന്നതു്. അഭിധാപുച്ഛഭൂതയാണു് ലക്ഷണ; അഭിധ പ്രവൎത്തിക്കാതെ ലക്ഷണയ്ക്കു് ഉത്ഥിതിതന്നെയില്ല. അഭിധയാൽ സങ്കേതവിഷയമായ അൎത്ഥവും താൽപൎയ്യശക്തിയാൽ അതിന്നു് അന്വയവും ബോധിപ്പിക്കപ്പെട്ടതിന്നു ശേഷം താൽപൎയ്യവിഷയമായ അന്വയത്തിന്നു ബാധം കാണുകയാലാണു് അൎത്ഥാന്തരബോധനത്തിന്നായി ലക്ഷണ പ്രവൎത്തിക്കുന്നതു്. അതുകൊണ്ടാണു് "വിട്ടു്" എന്നതിന്നു ത്യജിച്ചു് എന്നൎത്ഥം പറയാതെ ഉല്ലംഘിച്ചു് എന്നു പറഞ്ഞിരിക്കുന്നതു്. ഉല്ലംഘനം അഭിധാതാൽപൎയ്യശക്തികളുടെ പരിസമാപ്തിക്കു ശേഷമാണുതാനും. **ഗൌണവൃത്തിയാൽ**=അമുഖ്യമായ ലക്ഷണാവ്യാപാരത്താലുള്ള, **അൎത്ഥബോധനം**=അമുഖ്യാൎത്ഥപ്രത്യായനം, **യാതൊന്നിനായ്**=യാതൊരു ഫലത്തെ ഉദ്ദേശിച്ചാണോ; വിവക്ഷിതാൎത്ഥത്തെ സ്വവാചകശബ്ദം പ്രയോഗിച്ചു മുഖ്യമായവഭാസിക്കുന്ന വിധത്തിൽ അഭിധയെക്കൊണ്ടുതന്നെ ബോധിപ്പിക്കുക സുകരമായിരിക്കെ ലക്ഷണയെക്കൊണ്ടു അമുഖ്യമായ വിധം ബോധിപ്പിക്കുന്നതിൽ എന്തെങ്കിലും പ്രയോജനം കൂടാതെ കഴികയില്ലെന്നു ഭാവം. **അപ്ഫലത്തിൽ**=പ്രയോജനരൂപമായ ആ അൎത്ഥത്തിൽ. **ശബ്ദം സ്ഖലദ്ഗതിയാകാ**=ശബ്ദം ലക്ഷകമാകയില്ല. ലക്ഷണാഫലരൂപമായ അൎത്ഥത്തെ ശബ്ദം ലക്ഷണയാൽ ബോധിപ്പിക്കയില്ല. സ്ഖലന്തീ ഗതിഃ=അവബോധനശക്തിഃ യസ്യസഃ—യാതൊന്നിന്റെ ഗതി=അഭിധാവ്യാപാരം സ്ഖലത്തോ=ബാധജ്ഞാനത്താൽ തടങ്ങലോടു കൂടിയതോ; ആ ശബ്ദം സ്ഖലദ്ഗതി=ലക്ഷകം. അതിന്റെ വ്യാപാരം ലക്ഷണ. ലോകത്തിൽ അതിവേഗം പ്രവഹിക്കുന്ന സ്രോതസ്സ് പ്രബലമായ പ്രതിബന്ധംകൊണ്ടു മറെറാരു ഭാഗത്തേക്കു തിരിഞ്ഞൊഴുകുന്നതുപോലെ സങ്കേതിതാൎത്ഥബോധത്തിന്നു പ്രവർത്തിച്ചിരിക്കുന്ന അഭിധ ബാധിതമാകയാൽ

ചാരുത്വാതിശയവിശിഷ്ടമായ പ്രയോജനരൂപാർത്ഥത്തെ ബോധിപ്പിക്കുന്നതിൽ ശബ്ദത്തിന്നു വിധുരീഭാവമുണ്ടെങ്കിൽ ആ പ്ര

മററൊരിടത്തേക്ക് അർത്ഥാന്തരബോധനത്തിന്നായി പ്രസരിക്കുന്നു. പ്രതിഹതമായ അഭിധയുടെ അർത്ഥാന്തരബോധനത്തിന്നുള്ള ആ പ്രസരണം തന്നെയാണ് ലക്ഷണ. ഏവഞ്ച, സ്ഖലൽഗതിയായ അഭിധതന്നെയാണ് ലക്ഷണയെന്നും സ്ഖലൽഗതിയായ അഭിധയോടുകൂടിയ ശബ്ദം ലക്ഷകമെന്നും സിദ്ധിക്കുന്നു. ശക്യാർത്ഥത്തിൻേറയും ലക്ഷ്യാർത്ഥത്തിൻേറയുമെന്നപോലെ പ്രയോജനത്തിൻേറയും പ്രതീതിയെ ജനിപ്പിക്കുന്നതു ശബ്ദംതന്നെയാകയാൽ പ്രയോജനവിഷയത്തിൽ ശബ്ദത്തിന്നു വ്യാപാരം ഉണ്ടെന്നു സമ്മതിക്കാതെ കഴികയില്ല. എന്നാൽ പ്രയോജനം ശക്യാർത്ഥമല്ലായ്കയാൽ തദ്വിഷയകമായ വ്യാപാരം അഭിധയല്ലെന്നുള്ളതു തീർച്ചയാണ്. പ്രയോജനാവബോധത്തിൽ ശബ്ദത്തിന്നു ലക്ഷണയ്ക്കു വേണ്ടതായ ബാധാദിത്രയസാമഗ്രിയില്ലായ്കയാൽ അതു ലക്ഷണയുമല്ല. പ്രയോജനത്തിൽ ലക്ഷണ പറയാനായി ബാധം പ്രയോജനം എന്നിവയെ ക്ലേശിച്ചു കല്പിക്കുന്നുവെങ്കിൽ അതിലെ പ്രയോജനപ്രതീതിക്കായി വീണ്ടും ലക്ഷണ കല്പിക്കണം. ആ ലക്ഷണയ്ക്കു നിമിത്തമായി വീണ്ടും പ്രയോജനം, അതിലേക്കു ലക്ഷണ, അതിലേക്കു പ്രയോജനം ഇങ്ങിനെ വ്യവസ്ഥയില്ലാതെ പോകും. അനവസ്ഥ പ്രകൃതാർത്ഥപ്രതീതിയെത്തന്നെ പാടെ നശിപ്പിക്കുന്നതാണ്.

"പ്രയോജനത്തെ ക്കല്പിക്കി-ലതിന്നും വീണ്ടുമാവിധം
മൂലനാശിനിയാകുന്നോ-രനവസ്ഥ ഭവിച്ചിടും."

എന്നു "കാവ്യജീവിതവൃത്തി"യിൽ പ്രതിപാദിച്ചിരിക്കുന്നതു നോക്കുക. ആകയാൽ, പ്രയോജനവിഷയമായ വ്യാപാരം വ്യഞ്ജനയല്ലാതെ ലക്ഷണയല്ലെന്നും അങ്ങിനെ ധ്വനിയും ലക്ഷണയും ഭിന്നവിഷയമാകകൊണ്ടു ലക്ഷണ ധ്വനിക്കു ലക്ഷണമാകയില്ലെന്നും താൽപര്യം.

ചാരുത്വാതിശയവിശിഷ്ടമായ = ചമൽകാരിയായ **പ്രയോജനരൂപാർത്ഥത്തെ**=ലക്ഷണയുടെ പ്രയോജനമാകുന്ന അർത്ഥവിശേഷത്തെ—അതായതു് "കാശീനഗരം ഗംഗയിലാകുന്നു" ഇത്യാദിയിൽ ശൈത്യം പാവനത്വം മുതലായവയും "രാമൻ സിംഹമാകുന്നു" ഇത്യാദിയിൽ ശൌര്യാതിശയം മുതലായവയും. **ബോധിപ്പിക്കു**

യോഗം തന്നെ ദുഷ്ടമാകുന്നതാണ്. ദുഷ്ടതയാകട്ടെ അനുഭവപ്പെട്ടു

ന്നതിൽ=അവഗമിപ്പിക്കുന്നതിൽ, **ശബ്ദത്തിന്നു്**=ഗംഗ, സിംഹം മുതലായ ലക്ഷകശബ്ദത്തിന്ന്, **വിധുരീഭാവമുണ്ടെങ്കിൽ**=ബാദ്ധ്യമാനത്വമുണ്ടെങ്കിൽ—ബാധത്താൽ അനുപപത്തിയുണ്ടെന്നു വരികിൽ, **ആ പ്രയോഗംതന്നെ ദുഷ്ടമാകുന്നതാണ്**=ലക്ഷണയെ അവലംബിച്ചുകൊണ്ടുള്ള പ്രയോജനപ്രതീതിക്കായി "കാശീനഗരം ഗംഗയിലാകുന്നു" "രാമൻ സിംഹമാണ്" ഇത്യാദിപ്രയോഗം തന്നെ ദുഷ്ടമാകുന്നതാണ്. പ്രയോജനബോധത്തിൻെറ സുഖസമ്പത്തിക്കായിട്ടാണല്ലോ താദൃശപ്രയോഗം. പ്രയോജനരൂപമായ അൎത്ഥം ബാധിതമാണെങ്കിൽ ഗംഗാദിലക്ഷകശബ്ദം ബാധിതാൎത്ഥത്തിൻെറ പ്രതീതിയെ ജനിപ്പിക്കുന്നതല്ല. പിന്നെ ആവക പ്രയോഗമെന്തിന്? ഇനി, ബാധം ലക്ഷണാവ്യാപാരനിബന്ധനമായ ബോധത്തെ തടയുകയില്ല. ഈവക ശബ്ദങ്ങൾ ലക്ഷണയാൽ പ്രയോജനപ്രതീതിയെ ജനിപ്പിക്കതന്നെ ചെയ്യും. അതുകൊണ്ട്, പ്രയോഗവൈയൎത്ഥ്യത്തിന്നവകാശമില്ല എന്നു ശഠിക്കുന്നതുകൊണ്ടും കാൎയ്യമില്ല. ലക്ഷണയ്ക്കായി പ്രയോജനാന്തരകല്പനം ആ പ്രയോജനത്തിൻെറ പ്രതീതിക്കായി ലക്ഷണാശ്രയണം അതിലേക്കു പ്രയോജനാന്തരകല്പനം ഇങ്ങിനെ ഒരവസാനമില്ലാതെ പോകേണ്ടതായിരിക്കുന്നതിനാൽ അനവസ്ഥ എന്നു മുൻപറഞ്ഞ ദോഷം ദുർനിവാരംതന്നെയാണ്. അതുകൊണ്ട്, എങ്ങിനെ നോക്കിയാലും പ്രയോഗം ദുഷ്ടമാണെന്നാവും എന്നു ഭാവം. **ദുഷ്ടതയാകട്ടെ അനുഭവപ്പെടുന്നതുമില്ല**="കാശീനഗരം ഗംഗയിലാകുന്നു" "രാമൻ സിംഹമാണ്" ഇത്യാദിസ്ഥലത്തു ശൈത്യം, പാവനത്വം, ശൌൎയ്യാതിശയം മുതലായ പ്രയോജനത്തിന്നു സുഖമായി പ്രതീതിവരുന്നതുകൊണ്ട് 'ഗംഗ' 'സിംഹം' മുതലായ ലക്ഷകശബ്ദങ്ങളുടെ പ്രയോഗത്തിന്നു ദുഷ്ടതയില്ലെന്നുള്ളതു തീൎച്ചയാണ്. അതുകൊണ്ട്, പ്രയോജനപ്രത്യായകമായ ശബ്ദവ്യാപാരം ലക്ഷണയല്ല. ലക്ഷണയ്ക്കു മുഖ്യാൎത്ഥബാധം, മുഖ്യാൎത്ഥയോഗം, പ്രയോജനം എന്നീ മൂന്നു സാമഗ്രികളും കൂടാതെ കഴികയില്ല. ലക്ഷകശബ്ദമുള്ളേടത്തു മാത്രമേ പ്രയോജനപ്രതീതി വരുന്നുള്ളു ഇല്ലാത്തിടത്തില്ലതാനും. അതിനാൽ ശബ്ദാന്വയവ്യതിരേകാനുവിധായിനിയായ പ്രയോജനപ്രതീതിയെ സംബന്ധിച്ചേടത്തോളം ശാബ്ദമായൊരു വ്യാപാരം സ്വീകരിക്കതന്നെ

ന്നതുമില്ല. ആകയാൽ,

വാചകത്വോപജീവിത്വ-
മിയലും ഗുണവൃത്തിതാൻ
വ്യംജനാമൂലമായീടും
ധ്വനിക്കെങ്ങിനെ ലക്ഷണം? (18)

അതുകൊണ്ട്, ധ്വനിയും ഗുണവൃത്തിയും വെവ്വേറെതന്നെ

വേണം. ആ വ്യാപാരം സമയാപേക്ഷിയായ അഭിധാനമാകയില്ല. പ്രയോജനം സങ്കേതിതാൎത്ഥമല്ലല്ലോ. അതുകൊണ്ട്, പ്രയോജനവിഷയമായ വ്യാപാരം അഭിധാതിരിക്തമായ വ്യംജനംതന്നെയാകുന്നു. ലക്ഷണയാകട്ടെ, വാസ്തവത്തിൽ അഭിധാപുച്ഛഭൂതയാകുന്നുവെന്നാണ് ശാസ്ത്രകാരന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നതു്. മുഖ്യാൎത്ഥത്തിൽ പ്രവത്തിക്കുന്ന അഭിധ ബാധജ്ഞാനത്താൽ തടയപ്പെടുകയാൽ ചരിതാൎത്ഥയാകാതെ അന്യത്ര പ്രസരിക്കുന്നു. അങ്ങിനെ അന്യത്ര പ്രസരിച്ച അഭിധതന്നെയാണ് ലക്ഷണ. അതുകൊണ്ടുതന്നെയാണ് ലക്ഷ്യാൎത്ഥത്തെ അഭിധയുടെ അമുഖ്യമായ അൎത്ഥമെന്നു പറയുന്നതു്. അമുഖ്യരൂപത്തിൽ സങ്കേതഗ്രഹണംപോലും ലക്ഷ്യാൎത്ഥത്തിൽ ഉണ്ടെന്നാണ് സിദ്ധാന്തം. അതിനാൽ, അഭിധാപുച്ഛഭൂത തന്നെ ലക്ഷണ. ഈ വസ്തുത മനസ്സിൽവെച്ചുകൊണ്ട് ഉപസംഹരിക്കുന്ന "**ആകയാൽ**" എന്നിങ്ങിനെ. **ആകയാൽ**=ലക്ഷണ അഭിധാപുച്ഛഭൂതമാകയാൽ.

വാചകത്വോപജീവിത്വമിയലും=അഭിധാവ്യാപാരത്തെ ആശ്രയിക്കുന്ന; ഗുണവൃത്തി അഭിധയുടെ ബാധത്താലാണ് ഉത്ഥാനം ചെയ്യുന്നതെന്നും അതു് അഭിധാപുച്ഛഭൂതയാണെന്നും പറഞ്ഞിട്ടുണ്ടല്ലോ. **ഗുണവൃത്തി**=അമുഖ്യമായ വൃത്തി—ശുദ്ധവും ഗൌണവുമെന്ന രണ്ടുവിധം ലക്ഷണാവ്യാപാരവും, **വ്യംജനാമൂലമായീടും ധ്വനിക്ക്**=വ്യംജകത്വനിബന്ധനമായ ധ്വനിക്ക്, **എങ്ങിനെ ലക്ഷണം**=ഭിന്നവിഷയമാകയാൽ എങ്ങിനെയാണ് ലക്ഷണമാവുക?

ധ്വനിക്കു ഭക്തി ലക്ഷണമാകയില്ലെന്ന വാദത്തെ ഉപസംഹരിക്കുന്നു "**അതുകൊണ്ടു്**" എന്നതിനാൽ. **അതുകൊണ്ടു്**=അതിവ്യാപ്തിദോഷത്തിന്നു പുറമെ വിഷയഭേദംകൂടി ഉള്ളതുകൊണ്ടു്,

യാകുന്നു. കൂടാതെ, ഈ ലക്ഷണത്തിന്ന് അവ്യാപ്തിയുമുണ്ട്. വിവക്ഷിതാന്യപരവാച്യസ്വരൂപമായ ധ്വനിപ്രഭേദവും മററനേകം പ്രഭേദങ്ങളും ഭക്തിക്കു വിഷയമാകുന്നില്ല. ആകയാൽ, ഭക്തി ധ്വനിയുടെ

ധ്വനിയും ഗുണവൃത്തിയും വെവ്വേറെതന്നെ=ധ്വനിയും ഗുണവൃത്തിയും ഒന്നാണെന്നോ ഗുണവൃത്തി ധ്വനിക്കു ലക്ഷണമാണെന്നോ പറകവയ്യ എന്നു ഭാവം.

അതിവ്യാപ്തിയെ ഉപപാദിച്ചശേഷം അവ്യാപ്തിയെ എടുത്തു കാണിക്കുന്നു "കൂടാതെ" എന്നതിനാൽ. **കൂടാതെ**=അതിവ്യാപ്തിക്കു പുറമെ, **ഈ ലക്ഷണത്തിന്ന്**=ഭക്തിരൂപമായ ലക്ഷണത്തിന്ന്, **അവ്യാപ്തിയുമുണ്ട്**=ലക്ഷ്യൈകദേശാവൃത്തിത്വരൂപമായ അവ്യാപ്തിദോഷവും ഉണ്ട്. അവ്യാപ്തിസ്ഥലം എടുത്തുകാണിക്കുന്നു "**വിവക്ഷിത—**" ഇത്യാദിയാൽ. **വിവക്ഷിതാന്യപരവാച്യസ്വരൂപമായ ധ്വനിപ്രഭേദവും**=അന്യപരമായി വിവക്ഷിക്കപ്പെട്ട വാച്യത്തോടുകൂടിയ ധ്വനിയുടെ വകഭേദമായ അസംലക്ഷ്യക്രമവ്യംഗ്യവും, **മററനേകം പ്രഭേദങ്ങളും**=തൽപ്രഭേദങ്ങളായ രസഭാവതദാഭാസഭാവശാന്ത്യാദിധ്വനികളും അവയുടെ അവാന്തരഭേദങ്ങളായ ശൃംഗാരാദിധ്വനികളും, **ഭക്തിക്കു വിഷയമാകുന്നില്ല**=ശുദ്ധയെന്നും ഗൌണിയെന്നുമുള്ള ലക്ഷണാവൃത്തിക്കു വിഷയമല്ല.

ഈ സന്ദർഭത്തെ കുറഞ്ഞൊന്നു വിവരിക്കാം. ധ്വനി എവിടെ ഉണ്ടോ അവിടെയെല്ലാം ഭക്തിയുമുണ്ടായിരിക്കണം. അല്ലെങ്കിൽ ലക്ഷണത്തിന്നു ലക്ഷ്യൈകദേശാവൃത്തിത്വരൂപമായ അവ്യാപ്തി എന്ന ദോഷം വരും. "സുവർണപുഷ്പയാം—" ഇത്യാദി അവിവക്ഷിതവാച്യധ്വനിയിൽ ലക്ഷണയുണ്ടെങ്കിലും "കാമ്യശ്രീകലിയാന്നിടും—" ഇത്യാദി വിവക്ഷിതാന്യപരവാച്യസ്ഥലത്തു ലക്ഷണയില്ലാത്തതുകൊണ്ടു ലക്ഷണ ധ്വനിയുടെ ലക്ഷണമാകയില്ല. ആട്ടെ, കാമ്യശ്രീ ഇത്യാദി സ്ഥലത്ത് എന്തുകൊണ്ട് ലക്ഷണയില്ല? സാദൃശ്യമൂലകമായ്‌വരുന്ന അർത്ഥാന്തരപ്രതീതി ലക്ഷണാവ്യാപാരഗമ്യമാണല്ലോ. എന്നാൽ, സാദൃശ്യമൂലകമായ വൃത്തി ഗൌണിയാണ് ലക്ഷണയല്ല എന്നും വിചാരിക്കേണ്ട. അതു ലക്ഷണയുടെ ഒരു പ്രകാരാന്തരം മാത്രമാണ്. ബാധം, നിമിത്തം, പ്രയോജനം എന്നീ ലക്ഷണയ്ക്കു വേണ്ടതായ സാമഗ്രീത്രിതയം

അതിന്നും ഉണ്ട്. ഇത്രമാത്രമേ ഭേദമുള്ളു:—ഗൌണസ്ഥലത്ത്, അന്വിതാഭിധാനവാദികളുടെ പക്ഷത്തിൽ, കേവലം സിംഹാദിശബ്ദം ശൂരാദിരൂപരാമാദ്യർത്ഥത്തെ ലക്ഷിപ്പിച്ചുകൊണ്ടു മുഖ്യാർത്ഥവാചിയായ രാമാദിശബ്ദത്തോടു സാമാനാധികരണ്യം ഭജിക്കുന്നു. സാമാനാധികരണ്യമെന്നത് ഇവിടെ ഭിന്നരൂപത്തിലുള്ള ഏകാർത്ഥബോധകത്വമാണ്. അഭിഹിതാന്വയവാദികളുടെ പക്ഷത്തിൽ, വാച്യമായ അർത്ഥം ശൂരാദ്യർത്ഥാന്തരത്തെ ലക്ഷിപ്പിച്ചുകൊണ്ടു രാമാദിവാചകത്തെ സിംഹാദിസ്വവാചകത്തോടു സമാനാധികരണമാക്കിച്ചെയ്യുന്നു. ശാബ്ദികപക്ഷത്തിൽ, സിംഹാദിശബ്ദവും അർത്ഥവും ഒരേ സമയത്തിൽ അർത്ഥാന്തരത്തെ ലക്ഷിപ്പിച്ചുകൊണ്ടു രാമാദിവാച്യവാചകങ്ങളോടു സാമാനാധികരണ്യം ഭജിക്കുന്നു. ലക്ഷണയിൽ ഈ സമാനാധികരണ്യം മാത്രമില്ല. അതുകൊണ്ടാണ്, "ഗൌണേ ശബ്ദപ്രയോഗഃ ന ലക്ഷണായാം" എന്നു പറഞ്ഞു കാണുന്നതും. "രാമൻ സിംഹമാണ്" എന്നിങ്ങിനെ സിംഹാദിലക്ഷകശബ്ദത്തോടു സമാനാധികരണമായി രാമാദിമുഖ്യാർത്ഥവാചിശബ്ദപ്രയോഗം ഗൌണത്തിൽ മാത്രമാണ്. "കാശീനഗരം ഗംഗയിലാകുന്നു" ഇത്യാദി ലക്ഷണാസ്ഥലത്താകട്ടെ, ഗംഗാദിലക്ഷകശബ്ദത്തിന്നു സമാനാധികരണമായി ഗൌണസ്ഥലത്തെന്നപോലെ തദ്വാചകശബ്ദം—തീരാദിശബ്ദം—പ്രയോഗിക്കപ്പെടുന്നില്ല. ഇത്രമാത്രമാണ് ഗൌണവൃത്തിക്കും ലക്ഷണാവൃത്തിക്കും തമ്മിലുള്ള ഭേദം. ഗൌണത്തിലും ബാധാദിത്രയത്തെ അപേക്ഷിച്ച് അമുഖ്യാർത്ഥബോധകത്വമായ ലക്ഷണാത്വം ഉള്ളതുകൊണ്ട് ലക്ഷണ വ്യാപികയാണ്.

> "അഭിധേയേന സാരൂപ്യാൽ സാമീപ്യാൽ സമവായതഃ
> വൈപരീത്യാൽ ക്രിയായോഗാൽ ലക്ഷണാ പഞ്ചധാ മതാ."

എന്നിങ്ങിനെയുള്ള നിമിത്തപഞ്ചകത്തെ അവലംബിച്ചുകൊണ്ടു ലക്ഷണ സർവ്വത്ര വ്യാപിക്കുന്നു. അതായത്,—അഭിധേയേന=വാച്യാർത്ഥത്തോടുള്ള, സാരൂപ്യാൽ=സാദൃശ്യം നിമിത്തം ലക്ഷണ ഭവിക്കുന്നു. 'രാമൻ കഴുതയാകുന്നു' എന്നതിലെ 'കഴുത' എന്ന ശബ്ദത്തിന്നു വാച്യാർത്ഥത്തോടുള്ള സാദൃശ്യം നിമിത്തമാക്കി ബുദ്ധിഹീനൻ എന്ന അർത്ഥത്തിൽ ലക്ഷണ. അഭിധേയേന സാമീപ്യാൽ=വാച്യാർത്ഥത്തോടുള്ള സാമീപ്യം നിമിത്തീകരിച്ച്. 'കാശീനഗരം ഗംഗയിലാകുന്നു' എന്നതിൽ പ്രവാഹാർത്ഥകമായ 'ഗംഗാ'ശബ്ദത്തിന്നു പ്രവാഹസാമീപ്യം നിമിത്തം

തീരത്തിൽ ലക്ഷണ. അഭിധേയേന സമവായതഃ=അഭിധേയത്തോടു ള്ള സംബന്ധത്താൽ. 'സമവായ'മെന്നതുകൊണ്ടു വിവക്ഷിക്കപ്പെട്ടിരി ക്കുന്നതു സംബന്ധം മാത്രമാണ്. അല്ലാതെ വൈശേഷികശാസ്ത്രപ്ര സിദ്ധവും നിത്യവുമായ സംബന്ധവിശേഷമല്ല. സംയോഗം, സമ വായം, സ്വസ്വാമിഭാവം, താദൎത്ഥ്യം, താൽകൎമ്മ്യം മുതലായവയൊ ക്കെയും പ്രകൃതത്തിലെ സമവായശബ്ദം ക്രോഡീകരിച്ചിരിക്കുന്നു. യഥാ ക്രമം ഉദാഹരണം:—കുടക്കാരെ ഉദ്ദേശിച്ചു പറയുന്ന "കുടകൾ നട ക്കട്ടെ" എന്ന വാക്യത്തിലെ 'കുടകൾ' എന്നതിന്നു കുടയോടു കൂടിയവർ എന്നൎത്ഥത്തിലും "തലയ്ക്കു നന്നാലണ കൊടുക്കുക" എന്നതിലെ 'തല' എന്നതിന്നു 'ആൾ' എന്ന അൎത്ഥത്തിലും, രാജാധികൃതനെ ഉദ്ദേശിച്ചു പറയുന്ന "ഇയാൾ രാജാവാകുന്നു" എന്നതിലെ 'രാജാവ്' എന്ന തിന്നു രാജകീയപുരുഷൻ എന്ന അൎത്ഥത്തിലും, 'മുണ്ടിയ'ന്ന് ഉഴിഞ്ഞു വിട്ടിരിക്കുന്ന ആടിനെ ഉദ്ദേശിച്ചു പറയുന്ന "ഈ ആട്ട് മുണ്ടിയനാ കുന്നു" എന്നതിലെ 'മുണ്ടിയൻ' എന്നതിന്ന് 'മുണ്ടിയൻ' എന്ന ദേവത യ്ക്കുള്ളതു് എന്ന അൎത്ഥത്തിലും, ആശാരിപ്പണിചെയ്യുന്ന ആശാരിയ ല്ലാത്തവനെ ഉദ്ദേശിച്ചു പറയുന്ന "ഇയാൾ ആശാരിയാകുന്നു" എന്ന തിലെ 'ആശാരി' എന്നതിന്ന് ആശാരിപ്പണിയെടുക്കുന്നവൻ എന്ന അൎത്ഥത്തിലും യഥാക്രമം സംയോഗാദിസംബന്ധനിമിത്തമായ ലക്ഷണ സംഭവിക്കുന്നു. വൈപരീത്യാൽ=വിരുദ്ധതയാൽ. അന്യായം പ്രവ ൎത്തിച്ചവനെ ഉദ്ദേശിച്ചു പറയുന്ന "നീ യോഗ്യൻതന്നെ" എന്ന വാക്യ ത്തിലെ 'യോഗ്യൻ' എന്ന പദത്തിന്ന് അയോഗ്യൻ എന്നൎത്ഥത്തിൽ വൈപരീത്യനിമിത്തകമായ ലക്ഷണ. ക്രിയായോഗാൽ=കാൎയ്യകാരണ ഭാവത്താൽ. ചോറു് മുടക്കിയവനെ ഉദ്ദേശിച്ചു പറയുന്ന "ഇവൻ എന്റെ പ്രാണനെ അപഹരിച്ചു" എന്ന വാക്യത്തിലെ 'പ്രാണ'പദ ത്തിന്നു പ്രാണകാരണമായ 'അന്നം' എന്ന അൎത്ഥത്തിൽ ലക്ഷണ. ഇങ്ങിനെ ലക്ഷണ വിശ്വവ്യാപിയായിട്ടാണ് സ്ഥിതിചെയ്യുന്നതു്. ഈ സ്ഥിതിക്ക്, "കാമ്യശ്രീകളിയാന്ന" എന്നതിൽ ലക്ഷണയില്ലെന്നു എങ്ങിനെ പറയാം? അങ്ങിനെയുള്ള ആകസ്മികമായ ചോദ്യം അസം ബന്ധമാകയാൽ വാച്യാൎത്ഥബാധം ജാഗരിക്കുന്നതുകൊണ്ട് സാദൃശ്യനി മിത്തകമായ ലക്ഷണ അവിടെയും ഉപപന്നമാണല്ലോ. ഈ സ്ഥിതി ക്ക്, എങ്ങിനെയാണ് 'വിവക്ഷിതാന്യപരവാച്യ'ധ്വനിയിൽ ലക്ഷണ ഇല്ലെന്നുവെച്ചു ലക്ഷണത്തിന്ന് അവ്യാപ്തി പറയുക?" എന്നാശങ്കിക്കുന്നു

29

വെങ്കിൽ; ശരിതന്നെ. പക്ഷേ, 'വിവക്ഷിതാന്യപരവാച്യസ്വരൂപമായ ധ്വനിപ്രഭേദം' എന്നതുകൊണ്ട് അസംലക്ഷ്യക്രമവ്യംഗ്യമായ പ്രഭേദത്തേയും 'മററനേകം പ്രഭേദങ്ങൾ' എന്നതുകൊണ്ടു രസഭാവതദാഭാസാദികളായ അവാന്തരപ്രഭേദങ്ങളേയും ഗ്രഹിച്ചാൽ മതി. അവയിൽ ലക്ഷണയ്ക്കവകാശമേയില്ല. വിഭാവാനുഭാവപ്രതിപാദകമായ കാവ്യത്തിൽ മുഖ്യാൎത്ഥബാധമില്ലാതിരിക്കെ, ലക്ഷണയ്ക്കുണ്ടോ പ്രസക്തി? പക്ഷേ,

"'അഭിധേയാവിനാഭൂതപ്രതീതിർലക്ഷണോച്യതേ'

എന്നിങ്ങിനെ ശ്ലോകവാൎത്തികത്തിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം അഭിധേയപ്രതീതിക്കു ശേഷമുണ്ടാകുന്ന അൎത്ഥാന്തരപ്രതീതിമാത്രമാണു് ലക്ഷണയുടെ സ്വരൂപം. അതിൽ 'ബാധ'ത്തെ വെറുതെ വലിച്ചുകൊണ്ടുവന്നിടുന്നതെന്തിനു്? അഭിധേയങ്ങളായ വിഭാവാനുഭാവങ്ങളോടുകൂടെത്തന്നെയാണല്ലോ രസാദിപ്രതീതിയുണ്ടാവുന്നതു്. അതുകൊണ്ടു്, രസാദി ലക്ഷ്യം തന്നെയാകുന്നു" എന്നു വാദിക്കുന്നതും ശരിയല്ല. 'ലക്ഷണ' എന്നതു പ്രത്യായകമായ വ്യാപാരമാണു്; ജ്ഞാനരൂപമായ പ്രതീതിയല്ല. അതിനാൽ, ലക്ഷണാസ്വരൂപം പ്രതീതിയാണെന്നു പറയുന്നതുതന്നെ അബദ്ധമാകുന്നു. അത്രമാത്രമല്ല, ധൂമശബ്ദത്തിൽനിന്നു ധൂമപ്രതീതി ഉണ്ടായ ഉടനെതന്നെ ഉണ്ടാകുന്ന അഗ്നിസ്മൃതി ലക്ഷണയാണെന്നോ ലക്ഷണാകൃതമാണെന്നോ ആവും. അതിനോടു ചേൎന്നുണ്ടാവുന്ന ശൈത്യാപനോദസ്മൃതി മുതലായതൊക്കെയും ലക്ഷണാകാൎയ്യമാണെന്നും അങ്ങിനെ ശബ്ദാൎത്ഥം അനന്തമാണെന്നും വരും. അനിഷ്ടനിവൃത്തിക്കായി, ധൂമശബ്ദം സ്വാൎത്ഥവിശ്രാന്തമാകയാൽ—അതായതു്, ധൂമാൎത്ഥം ബോധിപ്പിച്ചു ചരിതാൎത്ഥമായി വിശ്രമിക്കുന്നതിനാൽ—ധൂമശബ്ദത്തിന്നു് അഗ്ന്യാദിസ്മൃതിയിൽ വ്യാപാരം വരികയില്ലെന്നു പറയുന്നുവെങ്കിൽ ലക്ഷണയുടെ ജീവാതു മുഖ്യാൎത്ഥബാധമാണെന്ന വസ്തുത സിദ്ധിക്കയും ചെയ്തു. ബാധമുണ്ടെങ്കിൽ മാത്രമല്ലേ ശബ്ദത്തിന്നു സ്വാൎത്ഥവിശ്രാന്തിയില്ലാതിരിക്കൂ? വിഭാവാദിപ്രതിപാദനത്തിലാണെങ്കിൽ ബാധകം യാതൊന്നുമില്ല. അതുകൊണ്ടു്, രസാദിപ്രതീതി ലക്ഷണാകാൎയ്യമാകയില്ല. എന്നാൽ, 'ധൂമശബ്ദംകൊണ്ടുണ്ടാവുന്ന ധൂമപ്രതീതിക്കു ശേഷം വരുന്ന അഗ്നിസ്മൃതിയെന്നപോലെ വിഭാവാദിപ്രതീതിക്കു ശേഷമുണ്ടാവുന്ന രസാദിപ്രതീതിയും ശബ്ദവ്യാ

പാരജന്യമല്ല. അതിനാൽ, രസഭാവാദിപ്രതീതി ശാബ്ദമല്ല' എന്നു പറയുന്നുവെങ്കിൽ; ആ പ്രതീതിസ്വരൂപജ്ഞനായ മീമാംസകനോട്ട് ഒന്നു ചോദിക്കുവാനുണ്ട്. ധൂമജ്ഞാനാനുഗതമായ അഗ്നിസ്മൃതിയെ ദൃഷ്ടാന്തമാക്കിക്കൊണ്ട് എന്തൊന്നാണ് സാധിക്കുവാൻ മുതിരുന്നത്? പരകീയ ചിത്തവൃത്തിപ്രതീതി ശബ്ദജന്യമല്ലെന്നോ? അല്ല, രസപ്രതീതി ശബ്ദജന്യമല്ലെന്നോ? രണ്ടു പക്ഷവും യുക്തമല്ല. ആദ്യത്തെ പക്ഷത്തിൽ സിദ്ധസാധനം ദോഷം. അനുമിതിരൂപമായ പരകീയചിത്തവൃത്തിജ്ഞാനം ശബ്ദവ്യാപാരജന്യമാണെന്ന് ഞങ്ങളാരും പറയുന്നില്ല; പറകയുമില്ല. രണ്ടാമത്തെ പക്ഷത്തിൽ ദൃഷ്ടാന്താഭാവം ദോഷം. രസപ്രതീതി മറ്റെല്ലാപ്രതീതികളിൽനിന്നും വിലക്ഷണമായ സ്വഭാവത്തോടുകൂടിയതാകയാൽ അതിനു ദൃഷ്ടാന്തം സംഭവിയല്ല. ആട്ടെ, കേവലം പരചിത്തവൃത്തിയുടെ പ്രതിപത്തിയാണോ അങ്ങയുടെ രസാദിപ്രതിപത്തി? അങ്ങിനെ ഭ്രമിക്കരുത്. പരഗതചിത്തവൃത്തിപ്രതിപത്തി അനുമാനം മാത്രമാകയാൽ അതിനുണ്ടോ രസനീയത്വസ്വരൂപമായ രസത്വം? അലൌകികചമൽകാരാത്മകവും കാവ്യഗതവിഭാവാദിചർവ്വണാപ്രാണവുമായ ആ രസാസ്വാദം, സ്മരണാനുമാനാദിസാമ്യംകൊണ്ട് അനാശാസ്യമാക്കുന്നതു് ഒരുവിധത്തിലും യുക്തമല്ല. ലൌകികമായ കാര്യകാരണാനുമാനാദിയാൽ സംസ്കൃതമായ ഹൃദയമുള്ള സഹൃദയൻ പ്രമദാദിവിഭാവാദികളെ ഗ്രഹിക്കുന്നതു തടസ്ഥരീതിയിലല്ല; പിന്നെയോ ഹൃദയസംവാദാപരപര്യായമായ സഹൃദയത്വത്താൽ ആക്രാന്തനായി അനുമാനസ്മരണാദിസരണിയെത്തീണ്ടാതെ പൂർണ്ണീഭവിഷ്യദ്രസാസ്വാദാങ്കുരസ്ഥാനീയവും തന്മയീഭവനോചിതവും ആയ ചർവ്വണാപ്രാണഭാവത്തിലാകുന്നു. ഈ ചർവ്വണ മുമ്പു പ്രമാണാന്തരസിദ്ധമല്ലായ്കയാൽ സ്മൃതിയാകയില്ല. മുമ്പ് അനുഭവപ്പെടാത്തതിന്നു സ്മൃതിയുണ്ടാകുമോ? സ്മൃതി എന്നതു് അനുഭവജന്യമായ ജ്ഞാനമാണല്ലോ. ചർവ്വണ അലൌകികമാകയാൽ അതുണ്ടാകുന്നതുതന്നെ പ്രത്യക്ഷാദിപ്രമാണാന്തരത്താലുമല്ല. ലൌകികത്തിലല്ലാതെ അലൌകികത്തിലുണ്ടോ പ്രത്യക്ഷാദിവ്യാപാരപ്രസക്തി? വിഭാവാദിയൊക്കെയും അലൌകികമാകയാൽ തന്നിദാനഭൂതമായ ചർവണയും അലൌകികംതന്നെയാണ്. ചിത്തവൃത്ത്യുദ്ഭവഹേതുവായ പ്രമദർത്തുചന്ദ്രചന്ദനമാല്യാദിയെ കാരണമെന്നു വ്യവഹരിക്കാതെ വിഭാവശബ്ദംകൊണ്ടു വ്യപദേശിച്ചിരിക്കുന്നതു് അലൌകികമാകയാലാകുന്നു (വിശിഷ്ടതയാ ഭാവ്യന്തേ സ്ഥായി

വ്യഭിചാരിണഃ യേന സ വിഭാവഃ) യാതൊന്നുകൊണ്ടു സ്ഥായിവ്യഭിചാരികൾ വൈശിഷ്ട്യത്തോടു കൂടിയറിയപ്പെടുന്നുവോ അതു വിഭാവം എന്ന വ്യുൽപത്തിപ്രകാരം വിശിഷ്ടജ്ഞാനഹേതുത്വമാണ് വിഭാവശബ്ദപ്രവൃത്തിനിമിത്തം. ആ വൈശിഷ്ട്യം അലൌകികത്വനിദാനവുമാകുന്നു. പക്ഷേ, ഈ വക വ്യുൽപത്തിയും തന്മൂലകമായ പ്രവൃത്തിനിമിത്തവും ലോകസിദ്ധമാകയാൽ ഇത്തരം പ്രവൃത്തിനിമിത്തത്തോടു കൂടിയ വിഭാവശബ്ദവും അതുകൊണ്ടുള്ള വ്യവഹാരവും ലൌകികം തന്നെയല്ലേ എന്നും വിചാരിക്കേണ്ട. ലോകത്തിൽ ചിത്തവൃത്ത്യുദ്ഭവഹേതുവായ പ്രമദർത്തുചന്ദ്രചന്ദനമാല്യാദിയെ കാരണമെന്നല്ലാതെ വിഭാവമെന്ന് ആരും വ്യവഹരിച്ചു കാണുന്നില്ല. അതുകൊണ്ട്, കാരണശബ്ദത്തിനെന്നപോലെ വിഭാവശബ്ദത്തിന്നു പ്രയോഗരൂഢിയില്ലായ്കയാൽ ലൌകികത്വമില്ലെന്നു ധരിക്കണം. ഈ അഭിപ്രായത്തിന്മേലാണ് ഭരതമഹർഷി "വിഭാവോ വിജ്ഞാനാർത്ഥഃ ലോകേ തു കാരണമേവാഭിധീയതേ ന വിഭാവഃ" എന്നിങ്ങിനെ പ്രസ്തുതശബ്ദത്തെ വിവരിച്ചു കാണിച്ചിരിക്കുന്നത്. അതുപോലെ അനുഭാവവും അലൌകികം തന്നെയാണ്. സ്ഥായിസഞ്ചാരികളെ അനുഭവിപ്പിക്കുന്നതേതോ അത് അനുഭാവം എന്നു ശബ്ദവ്യുൽപത്തി. എന്നാൽ 'താദൃശാനുഭവനം സ്ഥായിസഞ്ചാരിചിത്തവൃത്തിവിഷയമായ വിജ്ഞാനമാകയാൽ അനുമിതിരൂപമാണെന്നു സിദ്ധിക്കുന്നു. അങ്ങിനെയിരിക്കെ, അതു ലൌകികമല്ലാതെ അലൌകികമാകുന്നതെങ്ങിനെ' എന്നും ശങ്കിക്കേണ്ട. ഈ അനുഭവം കേവലം പരകീയചിത്തവൃത്തിപ്രതീതിയല്ല. അങ്ങിനെയാണെങ്കിലല്ലേ ലൌകികമാകയുള്ളു? പിന്നെയോ? ചിത്തവൃത്തിതന്മയീഭവനമാണ്. അതായത് ഗുണപ്രധാനഭാവത്തിൽ വ്യവസ്ഥിതവും സ്ഥായിസഞ്ചാരിരൂപവും ആയ പരകീയചിത്തവൃത്തിയെ സംബന്ധിച്ചു സഹൃദയന്മാൎക്കുണ്ടാകുന്ന ഹൃദയസംവാദദ്വാരകമായ തന്മയീഭവനമാണ് അനുഭവനം. അത് അലൌകികം തന്നെയാകുന്നു. ലോകത്തിൽ ചിത്തവൃത്തിപ്രയോജ്യമായ കടാക്ഷവിക്ഷേപാദിയെ കാൎയ്യമെന്നു വ്യവഹരിക്കുന്നതായിരിക്കെ അതു വിട്ട് അനുഭാവമെന്നു വ്യപദേശിക്കുവാനുള്ള കാരണവും അതുതന്നെയാണ്. വിശേഷിച്ച്, അനുഭവനം അലൌകികരൂപമായ ചിത്തവൃത്തിതന്മയീഭവനമല്ലാതെ കേവലം പരകീയചിത്തവൃത്ത്യനുമിതിരൂപമല്ലെന്നും ആകയാൽ രസപ്രതീതി ചിത്തവൃത്ത്യനുമിതിരൂപമല്ലെന്നുമുള്ള അഭിപ്രായത്താലാണ് ഭരത

മഹഷി, "വിഭാവാനുഭാവവ്യഭിചാരിസംയോഗാൽ രസനിഷ്പത്തിഃ" എന്ന രസസൂത്രത്തിൽ സ്ഥായിപദം നിബന്ധിക്കാതിരുന്നതെന്നുകൂടി ഈ അവസരത്തിൽ ഓമ്മിക്കണം. അല്ലാത്തപക്ഷം, "വിഭാവാനുഭാവവ്യഭിചാരിഭിഃ സ്ഥായിനഃ സംയോഗേ രസനിഷ്പത്തിഃ" എന്നിങ്ങിനെയായിരിക്കും സൂത്രം ചെയ്യുക. അതുകൊണ്ട്, കേവലം സ്ഥായിഭാവരൂപമായ പരകീയചിത്തവൃത്തിയുടെ അവഗമമല്ല അനുഭവനമെന്നും സ്ഥായിയുടെ പരിണാമമല്ല രസമെന്നും തീച്ച്പ്പെടുത്താവുന്നതാണല്ലോ. "വിഭാവാനുഭാവവ്യഭിചാരിപരിവത്തിതസ്ഥായിഭാവോ രസനാമ ലഭതേ" എന്നിങ്ങിനെ മഹഷി സ്ഥായിഭാവത്തിന്നു രസീഭാവം പറഞ്ഞിരിക്കുന്നതാകട്ടെ ചവ്വണോപയോഗിതയെ അവലംബിച്ച് ഔപചാരികമായിട്ടാകുന്നു. രത്യാദിസ്ഥായിഭാവനിയതങ്ങളായ വിഭാവാനുഭാവങ്ങൾക്ക സമുചിതമായ ചിത്തവൃത്തിയുടെ സംസ്കാരം സുന്ദരമായ ചവ്വണോദയത്തിന്നു കാരണമാണല്ലോ. ചവ്വണോദയത്തിലുള്ള ക്രമത്തെ മുമ്പ്, "കരുണരസസ്ഥായിഭാവമായ ശോകം പ്രതീയമാനം തന്നെ" എന്ന വൃത്തിഗ്രന്ഥം വ്യാഖ്യാനിക്കുന്ന അവസരത്തിൽ പ്രസ്താവിച്ചിട്ടുള്ളതു നോക്കുക. വിശേഷിച്ച്, ഹൃദയസംവാദത്തിന്ന് ആവശ്യകമായ ലോകചിത്തവൃത്തിപരിജ്ഞാനദശയിൽ പുളകോദ്യാനാദികാര്യ്യകാരണങ്ങളാൽ രത്യാദിസ്ഥായിഭാവത്തിന്ന് അവഗതിയുള്ളതുകൊണ്ട് അങ്ങിനെയും രസചവ്വണയിൽ സ്ഥായിക്ക് ഉപയോഗമുണ്ട്. രസാനുഭവത്തിന്നു വർണ്ണ്യവസ്തുതന്മയീഭാവം വേണം; തന്മയീഭാവത്തിന്നു ഹൃദയസംവാദവും. അല്ലാത്തപക്ഷം ശ്രോത്രിയതാക്കികാദികളായ അസഹൃദയന്മാക്കുപോലും രസചവ്വണയുണ്ടാകേണ്ടതാണ്. ഹൃദയസംവാദത്തിനാകട്ടെ ലോകചിത്തവൃത്തിപരിജ്ഞാനം കൂടാതെ കഴികയില്ല. ചിത്തവൃത്തിപരിജ്ഞാനദശയിൽ ഉദ്യാനാദികാരണങ്ങളാലും പുളകോദ്ഗമാദികാര്യ്യങ്ങളാലും ഗൃഹീതവ്യാപ്തികനും നിരന്തരാഭ്യാസത്താൽ അനുമാനപടുവുമായ സഹൃദയന്നു രത്യാദിസ്ഥായിഭാവാവഗതിയുണ്ടാകുന്നു. അങ്ങിനെ സ്ഥായിഭാവാവഗതിയുള്ള സഹൃദയന്നാണ് ലൌകികങ്ങളായ താദൃശകാര്യ്യകാരണങ്ങൾ അലൌകികവിഭാവാനുഭാവവ്യപദേശഭാവം ഭജിച്ചുകൊണ്ട് നിരതിശയചവ്വണാപവ്വക്രമാവതീർണങ്ങളായി രസചവ്വണയെ ജനിപ്പിക്കുന്നതു്. ഇങ്ങിനെ രസപ്രതീതി രത്യാദിസ്ഥായിഭാവാവഗതിയോടുകൂടിയ സഹൃദയന്നാകയാൽ താദൃശൌചിത്യമനുസരിച്ച് ഔപചാരികമായിട്ടാണ് സ്ഥായിഭാവ

ത്തിന്നു രസീഭാവം പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടു്, വാസ്തവത്തിൽ സ്ഥായിഭാവമല്ല രസമായി പരിണമിക്കുന്നതെന്നും അതുകൊണ്ടാണു് രസസൂത്രത്തിൽ സ്ഥായിഗ്രഹണം മഹർഷി നിവേശിപ്പിക്കാഞ്ഞതെന്നും ധരിക്കണം. ഈ സ്ഥിതിക്കു്, സ്ഥായിഗ്രഹണം നിബന്ധിക്കുന്നതായാൽ അതു നേരെമറിച്ചു ശല്യഭൂതമായിട്ടാണല്ലോ ഭവിക്കുക. വ്യഭിചാരിഭാവം ചിത്തവൃത്തിരൂപമാണെങ്കിലും സ്ഥായിചിത്തവൃത്തിയുടെ അംഗമാകയാൽ വിഭാവാദിസമാനയോഗക്ഷേമമാകകൊണ്ടു വിഭാവാനുഭാവമദ്ധ്യത്തിൽ ഗണിക്കപ്പെട്ടുവെന്നു മാത്രം. ബന്ധുസമാഗമാദികാരണജന്യമായ ഹർഷാദിലൌകികചിത്തവൃത്തിയെ അധഃകരിച്ചുകൊണ്ടു ഹൃദയസംവാദക്രമത്തിൽ വിഭാവാദിസമുചിതചിത്തവൃത്തിയുടെ അലൌകികചർവ്വണാരൂപമായ രസനയ്ക്കുള്ള നിഷ്പത്തിയെത്തന്നെയാണു് സൂത്രത്തിൽ ഔപചാരികമായി രസനിഷ്പത്തിയെന്നു പറഞ്ഞിരിക്കുന്നതു്. ആ ചർവ്വണ ആനന്ദഘനസംവേദനമാത്രസ്വരൂപമായ അഭിവ്യഞ്ജനമല്ലാതെ മറ്റൊന്നുമല്ല. അതു പ്രമാണവ്യാപാരംപോലെ ജ്ഞാപനമോ ഹേതുവ്യാപാരംപോലെ ഉൽപാദനമോ അല്ല. പൂർവ്വസിദ്ധമായ വസ്തുവിന്നല്ലേ ജ്ഞാപനം? ചർവ്വണാവ്യതിരിക്തമായി രസത്തിന്നു സത്തയില്ലാതിരിക്കെ ചർവ്വണ ജ്ഞാപനരൂപമാകുന്നതെങ്ങിനെ? ജ്ഞാപ്യവും ജ്ഞാപനവും എവിടെയെങ്കിലും ഒന്നായിരിക്കുമോ? ഉൽപാദനമാണെന്നു വരികിൽ ദണ്ഡാദിഹേതു നശിച്ചാലും ഘടാദ്യനുഭവമുള്ളതുപോലെ വിഭാവാദ്യപഗമസമയത്തിലും രസപ്രതീതിയുണ്ടാവേണ്ടതാണു്. അതില്ലായ്കയാൽ ചർവ്വണ ഉൽപാദനമാകാനും വഴിയില്ല. ആകയാൽ രസാനുഭൂതിയായ ചർവ്വണ, ജ്ഞപ്തിയോ നിഷ്പത്തിയോ അല്ല; ബോധാന്തരവിലക്ഷണവും അലൌകികവുമായ ബോധവിശേഷം മാത്രമാകുന്നു; അതുതന്നെയാണു് രസം. ചർവ്വണാപരപര്യായമായ രസ്യമാനതാരൂപം തന്നെയാണല്ലോ രസം. രസം ആസ്വദിക്കുന്നു, ചർവ്വണംചെയ്യുന്നു, അനുഭവിക്കുന്നു ഇത്യാദി വ്യവഹാരമൊക്കെയും ("ഓദനം പചതി") ചോറു വെയ്ക്കുന്നു എന്ന പ്രയോഗംപോലെ ഔപചാരികം മാത്രമാകുന്നു. വിഭാവാദികം ചർവ്വണോപയോഗിയാണെന്നല്ലാതെ ജ്ഞാപകമോ കാരകമോ ആയ ഹേതുവല്ല. ഈ സമ്പ്രദായം ലോകസിദ്ധമല്ലെന്നതു ശരിതന്നെ; അതുകൊണ്ടുതന്നെയാണു് രസം അലൌകികമാണെന്നു പറയുന്നതു്. ഈ സ്ഥിതിക്കു്, രസം അപ്രമാണമാണെന്നു വരുമല്ലോ എന്നാണെങ്കിൽ, ആകട്ടെ; അതുകൊ

ണ്ടെന്തു്? പ്രീതിയും വ്യുൽപത്തിയും അതിൽനിന്ന സിദ്ധിക്കുന്നില്ലേ? അതല്ലേ നമുക്ക വേണ്ടു. രസം സ്വസംവേദനസിദ്ധമാകയാൽ, അപ്രമാണകം—അതായതു്, സാധകപ്രമാണമില്ലായ്കയാൽ ശശശൃംഗാദിപോലെ അപ്രമേയം—ആണെന്നു് ആക്ഷേപിക്കാനും അവകാശമില്ല. ഈ വക സംഗതികളാൽ രസം അലൌകികമാണെന്ന സിദ്ധിക്കുന്നു. വിശേഷിച്ചു്, രസം വാചകശബ്ദംകൊണ്ടുമാത്രം ഗമ്യമാണെങ്കിൽ വാച്യംപോലെ ലൌകികമാണെന്ന കല്പിച്ചു ശങ്കിക്കാനവകാശമുണ്ടെന്നു വിചാരിക്കാം; അതിനും വഴിയില്ല. ലലിതപരുഷാദ്യനുപ്രാസംപോലും രസത്തിന്നു വ്യഞ്ജകമാണല്ലോ. അതുകൊണ്ടു്, അലൌകികം തന്നെയാണു് രസം. അങ്ങിനെയിരിക്കെ രസത്തിൽ ലക്ഷണയ്ക്കെങ്ങിനെയാണു് പ്രസക്തി? അഭിധാവൃത്തിക്കുതന്നെ വിഷയമല്ലാതിരിക്കെ, അഭിധാപുച്ഛഭൂതമായ ലക്ഷണാവൃത്തിക്കു വിഷയമാകുമെന്നു വിചാരിക്കാനേ അവകാശമില്ലല്ലോ. ശബ്ദത്തിന്നു് അൎത്ഥാപേക്ഷ കൂടാതെ തന്നെ രസവ്യഞ്ജകത്വം അനുഭവസിദ്ധമാണു്. സഹൃദയന്മാർ ശ്ലോകവാക്യം വീണ്ടും വീണ്ടും ചൊല്ലിക്കൊണ്ടു് ആസ്വദിക്കുന്നതു നാം കണ്ടുവരുന്നുണ്ടല്ലോ. അതിൽ അൎത്ഥപ്രതീതിക്കു വല്ല കയ്യുമുണ്ടെന്നും വിചാരിച്ചു കൂടാ. അൎത്ഥപ്രതീതിയെ ജനിപ്പിച്ചു ചരിതാൎത്ഥവും വിരതവ്യാപാരവുമായ ശബ്ദം വീണ്ടും അൎത്ഥബോധനത്തിൽ വ്യാപരിക്കയില്ല. അതുകൊണ്ടു്, അൎത്ഥാപേക്ഷ കൂടാതെ തന്നെ ശബ്ദം രസവ്യഞ്ജകമാകുന്നതാണു്. എന്തിന്നു വളരെ, സംഗീതത്തിന്റെ സ്ഥിതി നോക്കുക. അൎത്ഥജ്ഞാനം കൂടാതെതന്നെ പാട്ടു കേട്ടും പാടിയും ലോകം രസിക്കുന്നില്ലേ? ആകയാൽ, കാവ്യശബ്ദത്തിന്നും അൎത്ഥാനപേക്ഷമായി ധ്വനനവ്യാപാരം ഉണ്ടെന്ന സമ്മതിക്കതന്നെ വേണം. അല്ലാത്തപക്ഷം രസത്തിന്നു് അനുഭവസിദ്ധമായ അലക്ഷ്യക്രമത്വം തന്നെ എങ്ങിനെയാണു് ഘടിക്കുക? അൎത്ഥപ്രതീതിയുടെ അപേക്ഷയുള്ള പക്ഷം തദ്വ്യവധാനം നിമിത്തം രസപ്രതീതി സൎവ്വത്ര സംലക്ഷ്യക്രമമാവാനല്ലേ അവകാശമുള്ളു. ആകയാൽ, അഭിധാപുച്ഛഭൂതമായ ലക്ഷണയ്ക്കു് അഭിധാനിരപേക്ഷമായ രസാദിരൂപാൎത്ഥം വിഷയമല്ലെന്ന സിദ്ധിക്കുന്നു.

ഒരു വാക്യത്തിൽ വാച്യാൎത്ഥത്തിന്നു പുറമെ വ്യംഗ്യാൎത്ഥം കൂടി സ്വീകരിക്കുന്നപക്ഷം "അൎത്ഥഭേദേ വാക്യഭേദഃ" എന്ന നയമനുസരിച്ചു വാക്യഭേദമെന്ന ദോഷം അനിവാൎയ്യമാണെന്നുള്ള മീമാംസകന്മാ

രുടെ ആക്ഷേപമാകട്ടെ അനഭിജ്ഞതാപ്രകാശനം മാത്രമാണ്. വാക്യഭേദം ശാസ്ത്രത്തിലല്ലാതെ കാവ്യത്തിൽ ദൂഷണമാകയില്ല. സങ്കേതമാശ്രയിച്ചർത്ഥത്തെ പ്രതിപാദിക്കുന്ന സകൃദുച്ചാരിതമായ ശാസ്ത്രവാക്യം, വിരുദ്ധങ്ങളായ അനേകസങ്കേതങ്ങളുടെ സ്മൃതി ഉണ്ടാവാത്തതുകൊണ്ട്, ഒരേ സമയത്തു വിരുദ്ധമായ അർത്ഥദ്വയത്തെ പ്രതിപാദിക്കുന്നതല്ല. “ഈ പദം ഈ അർത്ഥത്തെയാണ് ബോധിപ്പിക്കുന്നത്” എന്നിങ്ങിനെയുള്ള സങ്കേതം മുൻകൂട്ടി ഗ്രഹിക്കാത്തവനോ ഗ്രഹിച്ചിട്ടുണ്ടെങ്കിലും അത് ഓർമ്മയില്ലാത്തവനോ കേട്ടാൽ അർത്ഥബോധം ഉണ്ടാവാത്തതിനാൽ ശബ്ദത്തിന്ന് അർത്ഥപ്രതിപാദനത്തിൽ പൂർവ്വഗൃഹീതസങ്കേതസ്മരണാപേക്ഷയുണ്ടെന്നു തീർച്ചയാകുന്നു. ഈ സ്ഥിതിക്ക്, വിരുദ്ധാർത്ഥവിഷയസങ്കേതങ്ങൾക്കു പരസ്പരവിരോധമുള്ളതുകൊണ്ട് ഒരേ സമയത്തു വിരുദ്ധമായ സ്മരണദ്വയം സംഭവിയല്ലായ്കയാൽ ഒരു വാക്യത്തിന്ന് അർത്ഥദ്വയപ്രതിപാദകത്വം അനുപപന്നം തന്നെയാണ്. അർത്ഥങ്ങൾക്കു വിരോധമില്ലെന്നു വരികിൽ ആ വക അർത്ഥമൊക്കെയും കൂടി ഒരേ വാക്യാർത്ഥംതന്നെയാകയാൽ വാക്യഭേദത്തിന്നു പ്രസക്തിയുമില്ല. ‘ശബ്ദം വിരുദ്ധങ്ങളായ അർത്ഥങ്ങളിൽ ഒന്നിനെ ആദ്യം മറ്റൊന്നിനെ പിന്നീട് എന്നിങ്ങിനെ ക്രമത്തിലാണ് ബോധിപ്പിക്കുന്നത്, ഒരുമിച്ചല്ല’ എന്നു പറവാനും തരമില്ല. “ശബ്ദബുദ്ധികർമ്മണാം വിരമ്യ വ്യാപാരാഭാവഃ” എന്നിങ്ങിനെ ശബ്ദം ഒരു വ്യാപാരംകൊണ്ട് ഒരർത്ഥത്തെ ബോധിപ്പിച്ചു പിന്നീട് അതേ വ്യാപാരംകൊണ്ടു മറ്റൊരർത്ഥത്തെ ബോധിപ്പിക്കയില്ലെന്നു പദാർത്ഥവിജ്ഞന്മാർ സിദ്ധാന്തിച്ചിട്ടുണ്ടല്ലോ. ഇനി അതിലേക്കായി ആ വാക്യത്തെ വീണ്ടും ഉച്ചരിക്കുന്നുവെന്നു പറയുന്നതുകൊണ്ടും വിശേഷിച്ചു പ്രയോജനമൊന്നുമില്ല. സങ്കേതം പ്രകരണം മുതലായവ മുൻസ്ഥിതിയിൽത്തന്നെ ജാഗരിക്കുന്നതിനാൽ, അതേ അർത്ഥത്തെത്തന്നെ ബോധിപ്പിക്കുവാനേ അവകാശമുള്ളു. സങ്കേതം പ്രകരണം മുതലായവയെ വകവെക്കാതെ അർത്ഥാന്തരം പ്രതിപാദിക്കുന്നുവെന്നു ശഠിക്കുന്നപക്ഷം, ഈ ശബ്ദത്തിന്ന് ഈ അർത്ഥത്തിലാണ് സങ്കേതം, ഈ പ്രകരണത്തിൽ ഇതുതന്നെയാണ് അർത്ഥം എന്നീവക നിയമം സ്വീകരിക്കായ്കയാൽ “അഗ്നിഹോത്രം ജുഹുയാൽ സ്വർഗ്ഗകാമഃ” ഇത്യാദി ശ്രുതിവാക്യത്തിന്ന് “സ്വർഗ്ഗകാമൻ ശ്വമാംസം ഭക്ഷിക്കണം” എന്നല്ല അർത്ഥമെന്നതിലേക്കു പ്രമാണമൊന്നുമില്ലാത്തതുകൊണ്ട് അനിശ്ചിതാർത്ഥത്വം നിമിത്തം വാക്യ

ത്തിന്ന് അബോധകത്വലക്ഷണമായ അപ്രാമാണ്യം ആപതിക്കും. ഇതാണ് വാക്യഭേദത്തിനുള്ള ദുഷ്ടത. ഈ ദോഷം ശാസ്ത്രവാക്യത്തിലും ലോകവാക്യത്തിലുമല്ലാതെ സാഹിത്യവാക്യത്തിൽ വരുന്നതല്ല. സാഹിത്യത്തിൽ വിഭാവാദിപ്രതിപാദനത്തിന്നേ സങ്കേതാദ്യപേക്ഷയുള്ളൂ. പ്രതിപാദിതമായ വിഭാവാദിയാണ് സ്വസൌന്ദര്യ്യവിശേഷമഹിമയാൽ പരിപൂർണ്ണരസാസ്വാദാത്മകവിശിഷ്ടചവ്വണോപയോഗിയാവുന്നത്. ആകയാൽ, രസാദിവ്യംഗ്യാൎത്ഥപ്രതീതിയെ ജനിപ്പിക്കുന്നതിൽ സാഹിത്യവാക്യത്തിന്നു സങ്കേതാപേക്ഷയില്ല. സങ്കേതാപേക്ഷയുണ്ടെങ്കിലല്ലേ മുൻ പറഞ്ഞപ്രകാരം ദോഷത്തിന്നു പ്രസക്തിയുള്ളൂ. എന്നുമാത്രമല്ല, സാഹിത്യജന്യരസപ്രതീതി ശാസ്ത്രജന്യപ്രതീതിയിൽനിന്നു വിലക്ഷണമാകയാൽ സാഹിത്യവാക്യപ്രവൃത്തിക്കും ശാസ്ത്രവാക്യപ്രവൃത്തിക്കും തമ്മിൽ വൈലക്ഷണ്യമുണ്ടെന്നും ധരിക്കണം. ലോകത്തിലെന്നപോലെ "അഗ്നിഹോത്രം ജുഹുയാൽ" ഇത്യാദി വാക്യാൎത്ഥബോധദശയിൽ ഈ കൎമ്മത്തിൽ ഞാൻ നിയുക്തനാണെന്നും പിന്നീട് അനുഷ്ഠാനദശയിൽ വിധിപ്രകാരം അനുഷ്ഠിക്കുന്നുവെന്നും അനുഷ്ഠിച്ചശേഷം കൃതാൎത്ഥനായെന്നുമാണല്ലോ ബോധമുണ്ടായിക്കാണുന്നത്. ആകയാൽ, ശാസ്ത്രീയവ്യവഹാരപ്രതീതിക്ക് ലൌകികവ്യവഹാരപ്രതീതിക്കെന്നപോലെ ഫലവദനുഷ്ഠാനശേഷത്വം പുരസ്കരിച്ചല്ലാതെ സ്വരൂപേണ പുരുഷാൎത്ഥത്വമില്ലായ്കയാലും ഉത്തരകൎത്തവ്യോന്മുഖതയാലും ലൌകികത്വമുണ്ടെന്നു സിദ്ധിക്കുന്നു. രസാദിപ്രതീതിയുടെ സ്ഥിതി അതല്ല. വിഭാവാദിചവ്വണ ഉദിക്കുന്നതുതന്നെ പൂൎവ്വാപരാനുബന്ധിയാവാതെ തൽകാലസാരഭൂതമായിട്ടാകയാൽ രസാസ്വാദം ലൌകികാസ്വാദത്തിൽനിന്നും യോഗിവിഷയമായ വിശുദ്ധാത്മാനന്ദാസ്വാദത്തിൽനിന്നും വിലക്ഷണവും അതിനാൽ അലൌകികവും ആകുന്നു. "കാമ്യശ്രീ—" ഇത്യാദി പദ്യത്തിൽ മുഖ്യാൎത്ഥബാധാദ്യപേക്ഷകൂടാതെതന്നെ സഹൃദയന്മാർ വ്യംഗ്യാൎത്ഥവിശേഷം ഗ്രഹിക്കുവാനുള്ള കാരണവും അതുതന്നെയാകുന്നു. അതുകൊണ്ടുതന്നെയാണ്, വൃത്തിയിൽ ഭക്ത്യഭാവപ്രദൎശനഘട്ടത്തിൽ സാമാന്യമായി 'വിവക്ഷിതാന്യപരവാച്യ'പ്രഭേദത്തെ നിർദേശിച്ച് ഉദാഹരിച്ചുകാണിച്ചിരിക്കുന്നതും. എന്നാൽ "കാമ്യശ്രീ—" ഇത്യാദി 'വിവക്ഷിതാന്യപരവാച്യ'ധ്വനിസ്ഥലത്ത് ആകസ്മികപ്രസ്തവിശേഷാദി ബാധകമായ് ഗണിച്ച സാദൃശ്യമൂലകമായ ലക്ഷണയ്ക്കു പ്രസക്തിയുണ്ടെന്നു സമ്മതിക്കുകയും "വിവക്ഷിതാന്യപരവാച്യസ്വരൂപ

ലക്ഷണമാകയില്ല.

> ഏതാനും ധ്വനിഭേദത്തി-
> ന്നുപലക്ഷണമാമതു്;

മായ ധ്വനിപ്രഭേദവും മററനേകം പ്രഭേദങ്ങളും" എന്ന വൃത്തിഗ്രന്ഥം കൊണ്ടു് അസംലക്ഷ്യക്രമവ്യംഗ്യമായ പ്രഭേദത്തേയും രസഭാവതദാഭാസാദികളായ അവാന്തരപ്രഭേദങ്ങളേയും ഗ്രഹിച്ചാൽ മതിയെന്നു് ഉപന്യസിക്കുകയും ചെയ്തിരിക്കുന്നതു 'തുഷ്യതുദുർജന'ന്യായം പുരസ്കരിച്ചു പ്രതിദ്വന്ദ്വിയെ സമാധാനിപ്പിക്കുവാൻവേണ്ടി മാത്രമാണു്. 'വിവക്ഷിതാന്യപരവാച്യ'ത്തിൽ ആലോചിക്കാതെ കോപിച്ചു ലഹളകൂട്ടാമെങ്കിലും 'അലക്ഷ്യക്രമവ്യംഗ്യ'ത്തിൽ ലക്ഷണയ്ക്കു് അവകാശമില്ലായ്കയാൽ ആവകകൊണ്ടൊന്നും ഫലമില്ലല്ലോ. ഹൃദയത്തെ ക്ഷോഭംകൊണ്ടു കലുഷമാക്കാതിരിക്കിൽ അവിവക്ഷിതവാച്യസ്ഥലത്തുപോലും മുഖ്യാൎത്ഥബാധാദിലക്ഷണാസാമഗ്രികളെ അപേക്ഷിക്കാതെതന്നെയാണു് വ്യംഗ്യാൎത്ഥവിശ്രാന്തിയെന്ന വസ്തുത അനുഭവപ്പെടുന്നതാണു്; എന്നേ തൽക്കാലം പറയുന്നുള്ളു.

ആകയാൽ=ഈ വക സംഗതികളാൽ. ലക്ഷണപക്ഷനിഷേധപ്രകാരത്തെ ഉപസംഹരിക്കുന്നു **"ഭക്തി ധ്വനിയുടെ ലക്ഷണമാകയില്ല"** എന്നതുകൊണ്ടു്.

ഇങ്ങിനെ ഭക്തി ധ്വനിയുടെ ലക്ഷണമാണെന്നുള്ള രണ്ടാമത്തെ പക്ഷം സപരികരം നിരസിച്ചു മൂന്നാമത്തേതായ ഉപലക്ഷണപക്ഷമുപന്യസിച്ചു സമാധാനം പറയുന്നു **"ഏതാനും ധ്വനി—"** ഇത്യാദികാരികയാൽ.

ഏതാനും ധ്വനിഭേദത്തിന്നു്='അവിവക്ഷിതവാച്യ' ധ്വനിയുടെ വകഭേദങ്ങളായ 'അൎത്ഥാന്തരസംക്രമിതവാച്യ'ധ്വനി 'അത്യന്തതിരസ്കൃതവാച്യ'ധ്വനി എന്നിവയ്ക്കു്, **അതു്**=ഭക്തി, **ഉപലക്ഷണമാം**=ഉപലക്ഷണമാവാം. ലക്ഷ്യധൎമ്മമല്ലെങ്കിലും കാദാചിൽകസംഭവമാത്രത്താൽ ഇതരവ്യാവൃത്തിദ്വാരാ ലക്ഷ്യജ്ഞാനത്തിന്നു ഹേതുവായിട്ടുള്ള ധൎമ്മം ഉപലക്ഷണം. ഭക്തി ഏതാനും ചില ധ്വനിപ്രഭേദങ്ങളിലല്ലാതെ സൎവ്വത്ര സംഭവിക്കാത്തതിനാൽ ചില വകഭേദങ്ങൾക്കു

ഭക്തി വക്ഷ്യമാണങ്ങളായ പ്രഭേദങ്ങളുടെ മദ്ധ്യത്തിൽ വല്ല വകഭേദത്തിന്നും ഉപലക്ഷണമാണെന്നു പറയുന്നുവെങ്കിൽ അതുകൊണ്ടെന്തു്? ഗുണവൃത്തിയെക്കൊണ്ടുതന്നെ ധ്വനിയെ ലക്ഷിക്കാമെന്നാ

മാത്രം അതു് ഉപലക്ഷണമാണെന്നു വന്നാൽത്തന്നെ എന്തു പ്രയോജനമാണുള്ളതു്? അതിനാൽ, തൃതീയപക്ഷം അകിഞ്ചിൽകരംതന്നെ എന്ന വസ്തുത **"ഏതാനും ധ്വനിഭേദത്തിന്നു്—"** എന്ന അംശംകൊണ്ടു് സൂചിപ്പിച്ചിരിക്കുന്നു.

കാരികയിൽ സൂചിപ്പിച്ചിരിക്കുന്ന തൃതീയപക്ഷത്തിനുള്ള അകിഞ്ചിൽകരത്വത്തെ വൃത്തിയിൽ സപരികരം സമർത്ഥിക്കുന്നു:—

ഭക്തി=ഗുണവൃത്തി, **വക്ഷ്യമാണങ്ങളായ**=ദ്വിതീയോദ്ദ്യോതത്തിൽ വിവരിക്കാൻ പോകുന്ന, **ധ്വനിപ്രഭേദങ്ങളുടെ മദ്ധ്യത്തിൽ**=അർത്ഥാന്തരസംക്രമിതവാച്യധ്വനി, അത്യന്തതിരസ്കൃതവാച്യധ്വനി, രസധ്വനി, ഭാവധ്വനി, രസാഭാസധ്വനി, ഭാവാഭാസധ്വനി, ഭാവോദയധ്വനി, ഭാവശാന്തിധ്വനി, ഭാവസന്ധിധ്വനി, ഭാവശാബല്യധ്വനി, ശബ്ദശക്തിമൂലവസ്തുധ്വനി, ശബ്ദശക്തിമൂലാലങ്കാരധ്വനി, അർത്ഥശക്തിമൂലമായ വസ്തുനാവസ്തുധ്വനി, വസ്തുനാ അലങ്കാരധ്വനി, അലങ്കാരേണ വസ്തുധ്വനി, അലങ്കാരേണ അലങ്കാരധ്വനി മുതലായ അസംഖ്യം ഭേദങ്ങൾക്കിടയിൽ, **സ്വല്പം വല്ലതിന്നും**=അർത്ഥാന്തരസംക്രമിതത്തിന്നും അത്യന്തതിരസ്കൃതത്തിന്നും മാത്രം, **ഉപലക്ഷണമാണെന്നു പറയുന്നുവെങ്കിൽ**="കാക്കയിരിക്കുന്നതാണു് രാമന്റെ വീടു്" ഇത്യാദിയിൽ ഇതരവ്യാവൃത്തിഹേതുവായ കാക്കയെന്നപോലെ ഏതാണ്ടൊരു ധ്വനിപ്രഭേദത്തിൽ ഭക്തി സംഭവിക്കുന്നതുകൊണ്ടുമാത്രം അതു് ഉപലക്ഷണമാണെന്നു പറയുന്നുവെങ്കിൽ, **അതുകൊണ്ടെന്തു്?**=ധ്വനിയെന്നതു ഭക്തിയിൽ നിന്നു വ്യതിരിക്തമല്ലെന്നുള്ള ഭവൽപക്ഷത്തിന്നു സാധകമോ, ഗുണീകൃതശബ്ദാർത്ഥയുഗളമായ കാവ്യജീവിതമാണു് ധ്വനി എന്നുള്ള ഞങ്ങളുടെ പക്ഷത്തിന്നു ബാധകമോ അല്ലായ്കയാൽ ഉപലക്ഷണവാദം അകിഞ്ചിൽകരംതന്നെ എന്നു താൽപര്യം. ഉപലക്ഷണപക്ഷത്തിന്നു് അഭിപ്രായാന്തരമൂലകത്വം ആശങ്കിച്ചു സമാധാനിക്കുന്നു **"ഗുണവൃത്തി"** ഇത്യാദിയാൽ. **ഗുണവൃത്തിയെക്കൊണ്ടുതന്നെ**=പ്രാചീനന്മാർ

ണഭിപ്രായമെങ്കിൽ അഭിധാവ്യാപാരത്താൽ അലങ്കാരവർഗമൊക്കെയും ലക്ഷണീയമായിരിക്കെ, പ്രത്യേകം അലങ്കാരലക്ഷണവും തന്നിർമ്മാണ പ്രയാസവും വ്യർത്ഥമാണെന്ന സമ്മതിക്കേണ്ടിവരും.

കൂടാതെ,

നിർദ്ദേശിച്ചിരിക്കുന്ന ഭക്തിയെക്കൊണ്ടുതന്നെ, **ധ്വനിയെ ലക്ഷിക്കാമെന്നാണ് അഭിപ്രായമെങ്കിൽ**=ഭക്തി ധ്വനിക്ക് ഉപലക്ഷണമാണെന്ന പറയുന്നത് ധ്വനിയും ഭക്തിയും ഒന്നാണെന്ന സാധിക്കുവാനല്ല. ധ്വനിയൊക്കെയും ഭക്തിയെക്കൊണ്ടുതന്നെ ഉപലക്ഷണരീതിയിൽ ലക്ഷണീയമായിരിക്കെ പ്രത്യേകിച്ചു ധ്വനിക്കു ലക്ഷണം അനാവശ്യകവും തന്നിർമ്മാണപ്രയാസം വ്യർത്ഥവുമാണെന്ന പ്രകാശിപ്പിക്കുവാനാണ് എന്ന് അഭിപ്രായപ്പെടുന്നുവെങ്കിൽ. അതും യുക്തമല്ലെന്ന പ്രതിപാദിക്കുന്നു **"അഭിധാവ്യാപാരത്താൽ"** ഇത്യാദിയാൽ. **അഭിധാവ്യാപാരത്താൽ അലങ്കാരവർഗമൊക്കെയും ലക്ഷീകരിക്കാവുന്നതായിരിക്കെ**=അഭിധാനാഭിധേയഭാവം ശാബ്ദവുമാർത്ഥവുമായ സർവ്വാലങ്കാരങ്ങൾക്കും വ്യാപകമാകകൊണ്ടും സർവ്വാലങ്കാരങ്ങൾക്കും പ്രാണസ്ഥാനീയമാകകൊണ്ടും അതിനെ നിർവ്വചിച്ചു നിരൂപിച്ചാൽ അലങ്കാരമൊക്കെയും നിരൂപിതമായെന്നു വരുന്ന സ്ഥിതിക്ക്, **പ്രത്യേകം അലങ്കാരലക്ഷണവും ലക്ഷണനിർമ്മാണപ്രയാസവും വ്യർത്ഥമാണെന്നു സമ്മതിക്കേണ്ടിവരും**=അഭിധാവ്യാപാരത്തെ വൈയാകരണന്മാരും മീമാംസകന്മാരും സപ്രപഞ്ചം നിരൂപിച്ചിരിക്കെ, ആലങ്കാരികന്മാർ പ്രത്യേകം അലങ്കാരങ്ങൾക്കു കല്പിച്ചിരിക്കുന്ന ലക്ഷണവും താദൃശകല്പനപ്രയാസവും അനാവശ്യകമാണെന്നു സമ്മതിക്കാതെ ഗത്യന്തരമില്ലെന്നാവും.

മററുള്ളവർ മുമ്പുതന്നെ ധ്വനിലക്ഷണം പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ അതിനെ ഇവിടെ സപ്രപഞ്ചം നിരൂപിക്കുന്നുവെന്നു ധരിക്കയേ വേണ്ടു. പ്രതിപക്ഷിക്കു വസ്തുസ്വരൂപവിഷയമായ വിവാദമില്ലെന്നു വരികിൽ ഞങ്ങൾക്കുതുമതി. കാവ്യാത്മാവായി ധ്വനിയെന്നൊന്നുണ്ടെന്നാണല്ലോ അസ്മൽപക്ഷം; അതു സിദ്ധിച്ചു കഴിഞ്ഞു. അതിനാൽ, ധ്വനിവിഷയമായ ലക്ഷണകല്പനം അനാവശ്യകമാണെന്ന വാദം ദൌർജ്ജന്യപ്രകാശനം മാത്രമാണ്; എന്നു കാണിക്കുന്നു **"കൂടാതെ"** ഇത്യാദികൊണ്ടു്.

പണ്ടേ ലക്ഷിതമെന്നോതിൽ
നമുക്കിങ്ങിഷ്ടസിദ്ധിതാൻ. (19)

മുമ്പുതന്നെ മററുള്ളവർ ധ്വനിക്കു ലക്ഷണം ചെയ്തിട്ടുണ്ടെന്നു പറയുന്നുവെങ്കിൽ ഞങ്ങളുടെ പക്ഷം സിദ്ധിച്ചു. എന്തെന്നാൽ, ധ്വനിയെന്നൊന്നുണ്ടെന്നാണല്ലോ ഞങ്ങളുടെ പക്ഷം. അതു മുമ്പുതന്നെ സിദ്ധിച്ചിരിക്കുന്നതിനാൽ ഈയുള്ളവരുടെ സമീഹിതം പ്രയാസം കൂടാതെ സംസിദ്ധമായെന്നേയുള്ളു.

ധ്വനിയുടെ സ്വരൂപം സഹൃദയഹൃദയസംവേദ്യവും അനാഖ്യേയവുമാണെന്നു പറയുന്നവരാകട്ടെ പരീക്ഷ്യവാദികളല്ല. പറ

പണ്ടേ ലക്ഷിതമെന്നോതിൽ=മുമ്പുതന്നെ മററുള്ളവർ ധ്വനിക്കു ലക്ഷണം നിർമ്മിച്ചിട്ടുണ്ടെന്നു വാദിക്കുന്നുവെങ്കിൽ, **ഇങ്ങ്**=ഈ വാദത്തിൽ, **നമുക്ക് ഇഷ്ടസിദ്ധിതാൻ**=ഞങ്ങളുടെ പക്ഷം സിദ്ധിക്കതന്നെ ചെയ്യും. കാരികാത്ഥം വൃത്തിയിൽ വിവരിക്കുന്നു **"മുമ്പുതന്നെ—"** ഇത്യാദിയാൽ. ഇഷ്ടസിദ്ധിയെ ഹേതുപ്രദശ്നപുരസ്സരം സമത്ഥിക്കുന്നു **"എന്തെന്നാൽ"** ഇത്യാദിയാൽ. **അതു്**=ഞങ്ങളുടെ പക്ഷം, **സമീഹിതം**=അഭീഷ്ടം.

ഇങ്ങിനെ മൂന്നു തരത്തിലുള്ള അഭാവവാദവും ഭക്ത്യൈക്യവാദവും നിരാകരിക്കുന്നതോടുകൂടി അനാഖ്യേയതാവാദവും നിരാകൃതപ്രായമാകയാൽ കാരികയിൽ പ്രത്യേകമെടുത്തു നിരാകരിച്ചിട്ടില്ലെങ്കിലും പ്രമേയശയ്യാപരിപൂരണത്തിന്നായി വൃത്തിയിൽ അനാഖ്യേയതാപക്ഷം അനുവദിച്ചു നിഷേധിക്കുന്നു **"ധ്വനിയുടെ സ്വരൂപം"** ഇത്യാദിയാൽ. **ധ്വനിസ്വരൂപം സഹൃദയഹൃദയസംവേദ്യവുമനാഖ്യേയവുമാണെന്നു പറയുന്നവർ**="ഘോഷിച്ചിട്ടുണ്ടു വാക്കിന്നവിഷയമിദമെന്നന്യർ" എന്നിങ്ങിനെ കാരികയിലും "ലക്ഷണകരണശാലീനമതികളായ ചിലർ—" എന്നിത്യാദി വൃത്തിയിലും പ്രദശിപ്പിക്കപ്പെട്ടിരിക്കുന്ന അനാഖ്യേയതാവാദികൾ. **പരീക്ഷ്യവാദികളല്ല**=പരീക്ഷിച്ചു്—ആലോചിച്ചു്—പറയുന്നവരല്ല. **പറഞ്ഞപ്രകാരത്താലും**="ശബ്ദാർത്ഥങ്ങളിലൊന്നാത്തത്ത്വാർത്ഥത്തെ" ഇത്യാദി സാമാന്യനിർവ്വചനപ്രകാരത്താലും, **പറയാൻ പോ**

ഞ്ഞപ്രകാരത്താലും പറയാൻപോകുന്ന പ്രകാരത്താലും ധ്വനിയുടെ സാമാന്യവിശേഷലക്ഷണങ്ങൾ നല്ലവണ്ണം പ്രതിപാദിക്കപ്പെട്ടിരിക്കെ, പിന്നെയും അനാഖ്യേയമെന്നു പറയുന്നുവെങ്കിൽ സർവ്വവസ്തുക്കൾക്കും അനാഖ്യേയത്വപ്രസക്തിയുണ്ടെന്നാണ് സമാധാനം. അഥവാ, ധ്വനിയുടെ സ്വരൂപം അത്യന്തസാരഭൂതമാണെന്നു കാണിപ്പാനായി അതിശയോക്തിഭംഗിയിൽ പറഞ്ഞിരിക്കുകയാണെങ്കിൽ അവർ

കുന്ന പ്രകാരത്താലും="അവിവക്ഷിതവാച്യാഖ്യ--" എന്നിങ്ങിനെ ദ്വിതീയോദ്യോതത്തിൽ പറയാൻ പോകുന്ന വിശേഷനിർവ്വചനപ്രകാരത്താലും, **ധ്വനിയുടെസാമാന്യവിശേഷലക്ഷണങ്ങൾ**=ധ്വനിസാമാന്യത്തിനുള്ള ലക്ഷണവും ധ്വനിവിശേഷങ്ങൾക്കുള്ള ലക്ഷണവും, **നല്ലവണ്ണം പ്രതിപാദിക്കപ്പെട്ടിരിക്കെ**= "ശബ്ദാർത്ഥങ്ങളിലൊന്നാ—" എന്നിങ്ങിനെ സ്പഷ്ടവും നിർദ്ദോഷവുമായ രീതിയിൽ ധ്വനി സാമാന്യലക്ഷണവും,

> "അവിവക്ഷിതവാച്യാഖ്യ-ധ്വനിതൻ വാച്യം ദ്വിധാ ഭവിച്ചീടും
> അർത്ഥാന്തരസംക്രമിതവു-മത്യന്തതിരസ്കൃതം താനും."

എന്നിങ്ങിനെ അവാന്തരവിഭാഗങ്ങൾക്കുള്ള അന്വർത്ഥതയാൽ വിശേഷലക്ഷണങ്ങളും നിർദ്ദേശിക്കപ്പെട്ടിരുന്നിട്ടും. **പിന്നെയും അനാഖ്യേയമെന്നു പറയുന്നുവെങ്കിൽ**=തൃപ്തിപ്പെടാതെ ധ്വനിസ്വരൂപം അനാഖ്യേയം എന്ന്—അതായത് പ്രതിപാദിക്കാൻ കഴിയാത്തതാണെന്ന്—ശഠിക്കുന്നുവെങ്കിൽ, **സർവ്വ വസ്തുക്കൾക്കും**=ലൌകികമോ ശാസ്ത്രീയമോ ആയ സകല പദാർത്ഥങ്ങൾക്കും, **അനാഖ്യേയത്വപ്രസക്തിയുണ്ടെന്നുതന്നെയാണ് സമാധാനം**=അനാഖ്യേയത്വമെന്ന ദോഷത്തിൻെറ പ്രസക്തിയുണ്ടെന്നല്ലാതെ സമാധാനമായി മറെറാന്നും പറയുന്നില്ലെന്നു ഭാവം. പക്ഷാന്തരം സ്വീകാര്യമാണെന്നു കാണിക്കുന്നു "**അഥവാ**" ഇത്യാദിയാൽ. **അത്യന്തസാരഭൂതം**=സാഹിത്യജീവിതഭൂതമാകയാൽ അത്യന്തം സാരരൂപം, **അതിശയോക്തിഭംഗിയിൽ**=അതിശയോക്തിസമ്പ്രദായത്തിൽ. ഇവിടെ അനാഖ്യേയത്വമെന്ന അതിശയത്തിൻെറ വചനം അതിശയോക്തി. "താന്യക്ഷരാണി ഹൃദയേ കിമപി

യുക്താഭിധായികൾ തന്നെ.

'കാവ്യാലോക'ത്തിൽ പ്രഥമോദ്ദ്യോതം
അവസാനിച്ചു.

സ്സരന്തി" എന്നതുപോലെയുള്ള അതിശയോക്ത്യലങ്കാരരീതിയിൽ, **യുക്താഭിധായികൾ**=ഉചിതമായി പറയുന്നവർ.

ലോചനവികലതമൂലം
ഹതിയെന്താലോകമഫലമാവുകിലും,
ആസ്വാദപദവി കേവല-
മാശാസ്യം കൈരളിക്ക കൈവരികിൽ.

'ആസ്വാദപദവി' എന്ന കാവ്യാലോകവ്യാഖ്യാനത്തിൽ
ആദ്യത്തെ ഉദ്ദ്യോതം കഴിഞ്ഞു.

അനുബന്ധം.

ശ്രീമദാനന്ദവർദ്ധനാചാര്യപ്രണീതോ ധ്വന്യാലോകഃ

സ്വേച്ഛാകേസരിണഃ സ്വച്ഛ-സ്വച്ഛായായാസിതേന്ദവഃ
ത്രായന്താം വോ മധുരിപോഃ പ്രപന്നാർത്തിച്ഛിദോ നഖാഃ.

കാവ്യസ്യാത്മാ ധ്വനിരിതി ബുധൈർ-
യസ്സമാമ്നാതപൂർവ്വ-
സ്തസ്യാഭാവം ജഗദുരപരേ
ഭാക്തമാഹുസ്തമന്യേ
കേചിദ്വാചാം സ്ഥിതമവിഷയേ
തത്ത്വമൂചുസ്തദീയം
തേന ബ്രൂമസ്സഹൃദയമനഃ-
പ്രീതയേ തത്സ്വരൂപം. (1)

ബുധൈഃ കാവ്യതത്ത്വവിദ്ഭിഃ, കാവ്യസ്യാത്മാ ധ്വനിരിതി സംജ്ഞിതഃ, പരമ്പരയാ യഃ സമാമ്നാതപൂർവ്വഃ സമ്യക് ആ=സമന്താത് മ്നാതഃ പ്രകടിതഃ, തസ്യ സഹൃദയജനമനഃപ്രകാശമാനസ്യാപ്യഭാവമന്യേ ജഗദുഃ. തദഭാവവാദിനാം ചാമീ വികല്പാഃ സംഭവന്തി:—

തത്ര കേചിദാചക്ഷീരൻ ശബ്ദാർത്ഥശരീരന്താവൽ കാവ്യം. തത്രച ശബ്ദഗതാശ്ചാരുത്വഹേതവോനുപ്രാസാദയഃ പ്രസിദ്ധാ ഏവ. അർത്ഥഗതാശ്ചോപമാദയഃ. വർണ്ണസംഘടനാധർമ്മാശ്ച യേ മാധുര്യാദയസ്തേപി പ്രതീയന്തേ. തദനതിരിക്തവൃത്തയോ വൃത്തയോപി യാഃ കൈശ്ചിദുപനാഗരികാദ്യാഃ പ്രകാശിതാഃ, താ അപി ഗതാഃ ശ്രവണഗോചരം. രീതയശ്ച വൈദർഭീപ്രഭൃതയഃ. തദ്വ്യതിരിക്തഃ കോയം ധ്വനിർനാമേതി.

അന്യേ ബ്രൂയുഃ—നാസ്ത്യേവ ധ്വനിഃ; പ്രസിദ്ധപ്രസ്ഥാനവ്യതിരേകിണഃ കാവ്യപ്രകാരസ്യ കാവ്യത്വഹാനേഃ. സഹൃദയഹൃദയാഹ്ലാദിശബ്ദാർത്ഥമയത്വമേവ കാവ്യലക്ഷണം. ന ചോക്തപ്രസ്ഥാനാതിരേ

കിണ്ണോ മാൎഗ്ഗസ്യ തൽ സംഭവതി. ന ച തൽസമയാന്തഃപാതിനഃ സഹൃദയാൻ കാംശ്ചിൽ പരികല്പ്യ തൽപ്രസിദ്ധ്യാ ധ്വനൌ കാവ്യ വ്യപദേശഃ പ്രവൎത്തിതോപി സകലവിദ്വന്മനോഗ്രാഹിതാമവലംബതേ.

പുനരപരേ തസ്യാഭാവമന്യഥാ കഥയേയുഃ—ന സംഭവത്യേവ ധ്വനിൎന്നാമാപൂൎവ്വഃ കശ്ചിൽ. കാമനീയകമനതിവൎത്തമാനസ്യ തസ്യോ ക്തേഷ്വേവ ചാരുത്വഹേതുഷ്വന്തൎഭാവാൽ. തേഷാമന്യതമസ്യൈവ വാ അപൂൎവ്വസമാഖ്യാമാത്രകരണേ യൽകിഞ്ചനകഥനം സ്യാൽ.

കിംച വാഗ്വികല്പാനാമാനന്ത്യാൽ സംഭവത്യപി വാ കസ്മി ശ്ചിൽ കാവ്യലക്ഷണവിധായിഭിഃ പ്രസിദ്ധൈരപ്രദൎശിതേ പ്രകാര ലേശേ ധ്വനിൎദ്ധ്വനിരിതി യദേതദലീകസഹൃദയത്വഭാവനാമുകുളിത ലോചനൈൎന്നൃത്യതേ, തത്ര ഹേതും ന വിദ്മഃ. സഹസ്രശോ ഹി മഹാത്മഭിരന്യൈരലങ്കാരപ്രകാരാഃ പ്രകാശിതാഃ പ്രകാശ്യന്തേച. ന ച തേഷാമേഷാ ദശാ ശ്രൂയതേ. തസ്മാൽ പ്രവാദമാത്രം ധ്വനിഃ. നത്വസ്യ ക്ഷോദക്ഷമം തത്ത്വം കിഞ്ചിദപി പ്രകാശയിതും ശക്യം. തഥാചാന്യേന കൃത ഏവാത്ര ശ്ലോകഃ

“യസ്മിന്നാസ്തി ന വസ്തു കിഞ്ചന മനഃപ്രഹ്ലാദി സാലംകൃതി
വ്യുൽപന്നൈരചിതം ച നൈവ വചനൈൎവ്വക്രോക്തിശൂന്യം ച യൽ
കാവ്യം തൽ ധ്വനിനാ സമന്വിതമിതി പ്രീത്യാ പ്രശംസൻ ജഡോ
നോ വിദ്മോഭിദധാതി കിം സുമതിനാ പൃഷ്ടഃ സ്വരൂപം ധ്വനേഃ”

ഭാക്തമാഹുസ്തമന്യേ=അന്യേ തം ധ്വനിസംജ്ഞിതം കാവ്യാ ത്മാനം ഗുണവൃത്തിരിത്യാഹുഃ.

യദ്യപിച ധ്വനിശബ്ദസംകീൎത്തനേന കാവ്യലക്ഷണവിധാ യിഭിൎഗ്ഗുണവൃത്തിരന്യോ വാ ന കശ്ചിൽ പ്രകാരഃ പ്രകാശിതഃ. ത ഥാപി ഗുണവൃത്ത്യാ കാവ്യേഷു വ്യവഹാരം ദൎശയതാ ധ്വനിമാൎഗ്ഗോ മനാക് സ്പൃഷ്ടോപി ന ലക്ഷിതഇതി പരികല്പ്യൈവമുക്തം ‘ഭാക്ത മാഹുസ്തമന്യേ’ഇതി.

കേചിൽ പുനൎല്ലക്ഷണകരണശാലീനബുദ്ധയോ ധ്വനേസ്ത ത്ത്വം ഗിരാമഗോചരം സഹൃദയഹൃദയസംവേദ്യമേവ സമാഖ്യാത വന്തഃ. തേനൈവംവിധാസു വിമതിഷു സ്ഥിതാസു സഹൃദയമനഃ പ്രീതയേ തൽസ്വരൂപം ബ്രൂമഃ.

തസ്യ ഹി ധ്വനേഃ സ്വരൂപം സകലസൽകവികാവ്യോപനിഷദ്ഭൂതമതിരമണീയമണീയസീഭിരപി ചിരന്തനകാവ്യലക്ഷണവിധായിനാം ബുദ്ധിഭിരനുന്മീലിതപൂർവ്വം, അഥ ച രാമായണമഹാഭാരതപ്രഭൃതിനി ലക്ഷ്യേ സർവ്വത്ര പ്രസിദ്ധവ്യവഹാരം ലക്ഷയതാം സഹൃദയാനാമാനന്ദോ മനസി ലഭതാം പ്രതിഷ്ഠാമിതി പ്രകാശ്യതേ.

തത്രപുനഃ ധ്വനേർല്ലക്ഷിയിതുമാരബ്ധസ്യ ഭൂമികാം രചയിതുമിദമുച്യതേ :—

അർത്ഥസ്സഹൃദയശ്ലാഘ്യഃ
കാവ്യാത്മാ യോ വ്യവസ്ഥിതഃ
വാച്യപ്രതീയമാനാഖ്യൌ
തസ്യ ഭേദാവുഭൌ സ്മൃതൌ. (2)

കാവ്യസ്യ ഹി ലലിതോചിതസന്നിവേശചാരുണഃ ശരീരസ്യേവാത്മാ സാരരൂപതയാ സ്ഥിതഃ സഹൃദയശ്ലാഘ്യോ യോത്ഥസ്തസ്യ വാച്യഃ പ്രതീയമാനശ്ചേതി ദ്വൌ ഭേദൌ.

തത്ര വാച്യഃ പ്രസിദ്ധോ യഃ
പ്രകാരൈരുപമാദിഭിഃ
ബഹുധാ വ്യാകൃതസ്സോന്യൈഃ
കാവ്യലക്ഷ്മവിധായിഭിഃ
തതോ നേഹ പ്രതന്യതേ. (3)

കേവലമനൂദ്യതേ പുനര്യഥോപയോഗമിതി.

പ്രതീയമാനം പുനരന്യദേവ
വസ്ത്വസ്തി വാണീഷു മഹാകവീനാം
യത്തൽ പ്രസിദ്ധാവയവാതിരിക്തം
വിഭാതി ലാവണ്യമിവാംഗനാസു. (4)

പ്രതീയമാനം പുനരന്യദേവ വാച്യാദ്വസ്ത്വസ്തി വാണീഷു മഹാകവീനാം. യത്തൽ സഹൃദയഹൃദയസുപ്രസിദ്ധം പ്രസിദ്ധേഭ്യോലംകൃതേഭ്യഃ പ്രതീതേഭ്യോ വാവയവേഭ്യോ വ്യതിരിക്തത്വേന

പ്രകാശതേ ലാവണ്യമിവാംഗനാസു. യഥാ ഹ്യംഗനാസു ലാവണ്യം പൃഥങ്നിർവ്വർണ്ണ്യമാനം നിഖിലാവയവവ്യതിരേകി കിമപ്യന്യദേവ സഹൃദയലോചനാമൃതം തത്ത്വാന്തരം തദ്വദേവ സോത്ഥഃ.

സ ഹ്യർത്ഥോ വാച്യസാമർത്ഥ്യാക്ഷിപ്തം വസ്തുമാത്രമലങ്കാരാ രസാദയശ്ചേത്യനേകപ്രഭേദപ്രഭിന്നോ ദർശയിഷ്യതേ. സർവ്വേഷു ച തേഷു പ്രകാരേഷു തസ്യ വാച്യാദന്യത്വം. തഥാഹ്യാദ്യസ്താവൽ പ്രഭേദോ വാച്യാദ്ദൂരം വിഭേദവാൻ. സഹി കദാചിദ്വാച്യേ വിധിരൂപേ പ്രതിഷേധരൂപഃ. യഥാ :—

"ഭമ ധമ്മിഅ വീസത്ഥോ സോ സുണഓ അജ്ജ മാരിഓ ദേണ
ഗോലാണഇകച്ഛകുഡംഗവാസിണാ ദരിഅസീഹേണ."

കദാചിദ്വാച്യേ പ്രതിഷേധരൂപേ വിധിരൂപോ യഥാ :—

"അത്താ ഏത്ഥ ണിമജ്ജഇ ഏത്ഥ അഹം ദിഅസഅം പലോഏഹി
മാ പഹിഅ രത്തിഅന്ധഅ സേജ്ജാഏ മഹ ണിമജ്ജഹിസി."

കദാചിദ്വാച്യേ വിധിരൂപേ അനുഭയരൂപോ യഥാ :—

"വച്ച മഹ വ്വിഅ ഏക്കേഇ ഹോന്തു ണീസാസരോഇഅവ്വാഇം
മാ തുജ്ജ വി തീയ വിണാ ദക്ഖിണ്ണഹഅസ്സ ജാഅന്തു."

കദാചിദ്വാച്യേ പ്രതിഷേധരൂപേ അനുഭയരൂപോ യഥാ :—

"ദേആ പസിഅ ണിവത്തസു മുഹസസിജോണ്ഹാവിലു-
[ത്തതമണിവഹേ
അഹിസാരിആണ വിഗ്ഘം കരോസി അണ്ണാണ വി ഹആസേ."

കദാചിദ്വാച്യാദ്വിഭിന്നവിഷയത്വേന വ്യവസ്ഥാപിതോ യഥാ :—

"കസ്സ വ ണ ഹോഇ രോസോ ദട്ഠൂണ പിആഏ സവ്വണം
[അഹരം
സഭമരപഉമഗ്ഘാഇണി വാരിഅവാമേ സഹസു ഏണ്ഹിം."

അന്യേചൈവംപ്രകാരാ വാച്യാദ്വിഭേദിനഃ പ്രതീയമാനഭേദാഃ സംഭവന്തി. തേഷാം ദിങ്മാത്രമേതൽ പ്രദർശിതം. ദ്വിതീയോപി പ്രഭേദോ വാച്യാദ്വിഭിന്നഃ സപ്രപഞ്ചമഗ്രേ ദർശയിഷ്യതേ. തൃതീയസ്തു രസാദിലക്ഷണഃ പ്രഭേദോ വാച്യസാമർത്ഥ്യാക്ഷിപ്തഃ പ്രകാശതേ, ന തു സാക്ഷാച്ഛബ്ദവ്യാപാരവിഷയഇതി വാച്യാദ്വിഭിന്നഏവ. തഥാഹി,—

വാച്യത്വം തസ്യ സ്വശബ്ദനിവേദിതത്വേന വാ സ്യാൽ, വിഭാവാദി പ്രതിപാദനമുഖേന വാ? പൂർവ്വസ്മിൻ പക്ഷേ, സ്വശബ്ദനിവേദിതത്വാ ഭാവേ രസാദീനാമപ്രതീതിപ്രസംഗഃ. ന ച സർവ്വത്ര തേഷാം സ്വ ശബ്ദനിവേദിതത്വം. യത്രാപ്യസ്തി തൽ, തത്രാപി വിശിഷ്ടവിഭാവാ ദിപ്രതിപാദനമുഖേനൈവൈഷാം പ്രതീതിഃ. സ്വശബ്ദേന സാ കേവ ലമനൂദ്യതേ, ന തു തൽകൃതാ; വിഷയാന്തരേ തഥാ തസ്യാ അദർ നാൽ. ന ഹി കേവലശൃംഗാരാദിശബ്ദമാത്രഭാജി വിഭാവാദിപ്രതിപാ ദനരഹിതേ കാവ്യേ മനാഗപി രസവത്ത്വപ്രതീതിരസ്തി. യതശ്ച, സ്വാഭിധാനമന്തരേണ കേവലേഭ്യോപി വിഭാവാദിഭ്യോ വിശിഷ്ടേഭ്യോ രസാദീനാം പ്രതീതിഃ; കേവലാച്ച സ്വാഭിധാനാദപ്രതീതിഃ. തസ്മാ ദന്വയവ്യതിരേകാഭ്യാമഭിധേയസാമർത്ഥ്യാക്ഷിപ്തത്വമേവ രസാദീനാം; നത്വഭിധേയത്വം കഥഞ്ചിൽ; ഇതി തൃതീയോപി പ്രഭേദോ വാച്യാ ദ്ഭിന്ന ഏവേതി സ്ഥിതം. വാച്യേനത്വസ്യ സഹൈവ പ്രതീതിരി ത്യഗ്രേ ദർശയിഷ്യതേ.

> കാവ്യസ്യാത്മാ സ ഏവാർത്ഥ-
> സ്തഥാ ചാദികവേഃ പുരാ
> ക്രൌഞ്ചദ്വന്ദ്വവിയോഗോത്ഥഃ
> ശോകഃ ശ്ലോകത്വമാഗതഃ. (5)

വിവിധവാച്യവാചകരചനാപ്രപഞ്ചചാരുണഃ കാവ്യസ്യ സ ഏവാർത്ഥഃ സാരഭൂതഃ തഥാചാദികവേർവാല്മീകേഃ നിഹതസഹ ചരീവിരഹകാതരക്രൌഞ്ചാക്രന്ദജനിതഃ ശോക ഏവ ശ്ലോകതയാ പരിണതഃ.

ശോകോ ഹി കരുണസ്ഥായിഭാവഃ. പ്രതീയമാനസ്യ രൂപ ഏ വേതി പ്രതിപാദിതം. പ്രതീയമാനസ്യ ചാന്യഭേദദർശനേപി രസഭാവ മുഖേനൈവോപലക്ഷണം പ്രാധാന്യാൽ.

> സരസ്വതീ സ്വാദു തദർത്ഥവസ്തു
> നിഷ്യന്ദമാനാ മഹതാം കവീനാം
> അലോകസാമാന്യമഭിവ്യനക്തി
> പരിസ്ഫുരന്തം പ്രതിഭാവിശേഷം. (6)

തൽ വസ്തുതത്ത്വം നിഷ്യന്ദമാനാ മഹതാം കവീനാം ഭാരതീ അലോകസാമാന്യം പ്രതിഭാവിശേഷം പരിസ്ഫുരന്തമഭിവ്യനക്തി. യേ നാസ്മിന്നതിവിചിത്രകവിപരമ്പരാവാഹിനി സംസാരേ കാളിദാസപ്രഭൃതയോ ദ്വിത്രാഃ പഞ്ചഷാ വാ മഹാകവയ ഇതി ഗണ്യന്തേ.

ഇദം ചാപരം പ്രതീയമാനസ്യാൎത്ഥസ്യ സദ്ഭാവസാധനം പ്രമാണം.

> ശബ്ദാൎത്ഥശാസനജ്ഞാന-
> മാത്രേണൈവ ന വേദ്യതേ
> വേദ്യതേ സ തു കാവ്യാൎത്ഥ-
> തത്ത്വജ്ഞൈരേവ കേവലം. (7)

ശബ്ദാൎത്ഥശാസനജ്ഞാനമാത്രേണാപി പരം ന വേദ്യതേ സോൎത്ഥഃ; യസ്മാൽ കേവലം കാവ്യാൎത്ഥതത്ത്വജ്ഞൈരേവ ജ്ഞായതേ. യദി ച വാച്യരൂപ ഏവാസാവൎത്ഥഃ സ്യാത്തദ്വാച്യവാചകരൂപപരിജ്ഞാനാദേവ തൽപ്രതീതിഃ സ്യാൽ. അഥ ച വാച്യവാചകലക്ഷണമാത്രകൃതശ്രമാണാം കാവ്യതത്ത്വാൎത്ഥഭാവനാവിമുഖാനാം സ്വരശ്രുത്യാദിലക്ഷണമിവാപ്രഗീതാനാം ഗാന്ധൎവ്വലക്ഷണവിദാമഗോചര ഏവാസാവൎത്ഥഃ.

ഏവം വാച്യവ്യതിരേകിണോ വ്യംഗ്യസ്യ സദ്ഭാവം പ്രതിപാദ്യ പ്രാധാന്യം തസ്യൈവേതി ദൎശയതി:—

> സോൎത്ഥസ്തദ്വ്യക്തിസാമൎത്ഥ്യ-
> യോഗീ ശബ്ദശ്ച കശ്ചന
> യത്നതഃ പ്രത്യഭിജ്ഞേയൌ
> തൌ ശബ്ദാൎത്ഥൌ മഹാകവേഃ. (8)

സ വ്യംഗ്യോൎത്ഥസ്തദ്വ്യക്തിസാമൎത്ഥ്യയോഗീ ശബ്ദശ്ച കശ്ചന; ന സൎവ്വഃ. താവേവ ശബ്ദാൎത്ഥൌ മഹാകവേഃ പ്രത്യഭിജ്ഞേയൌ. വ്യംഗ്യവ്യംജകാഭ്യാമേവ സുപ്രയുക്താഭ്യാം മഹാകവിത്വലാഭോ മഹാകവീനാം; ന വാച്യവാചകരചനാമാത്രേണ.

ഇദാനിം വ്യംഗ്യവ്യംജകയോഃ പ്രാധാന്യേപി യദ്വാച്യവാചകാവേവ പ്രഥമമുപാദദതേ കവയസ്തദപി യുക്തമേവേത്യാഹ:—

ആലോകാൎത്ഥീ യഥാ ദീപ-
ശിഖായാം യത്നവാൻ ജനഃ
തദുപായതയാ തദ്വ-
ദൎത്ഥേ വാച്യേ തദാദൃതഃ. (9)

യഥാ ഹ്യാലോകാൎത്ഥീ സന്നപി ദീപശിഖായാം യത്നവാൻ ജനൊ ഭവതി തദുപായതയാ. ന ഹി ദീപശിഖാമന്തരേണാലോകഃ സംഭവതി. തദ്വദ്വ്യംഗ്യമൎത്ഥം പ്രത്യാദ്ദതോ ജനോ വാച്യേ അൎത്ഥേ യത്നവാൻ ഭവതി. അനേന പ്രതിപാദകസ്യ കവേൎവ്വ്യംഗ്യമൎത്ഥം പ്രതി വ്യാപാരോ ദൎശിതഃ. പ്രതിപാദ്യസ്യാപി തം ദൎശയിതുമാഹ :—

യഥാ പദാൎത്ഥദ്വാരേണ
വാക്യാൎത്ഥഃ സംപ്രതീയതേ
വാച്യാൎത്ഥപൂൎവ്വികാ തദ്വൽ
പ്രതിപത്തസ്യ വസ്തുനഃ. (10)

യഥാ ഹി പദാൎത്ഥദ്വാരേണ വാക്യാൎത്ഥാവഗമസ്തഥാ വാച്യാൎത്ഥപ്രതീതിപൂൎവ്വികാ വ്യംഗ്യസ്യാൎത്ഥസ്യ പ്രതിപത്തിഃ.

ഇദാനീം വാച്യാൎത്ഥപ്രതീതിപൂൎവ്വകത്വേപി തൽപ്രതീതേഃ വ്യംഗ്യസ്യാൎത്ഥസ്യ പ്രാധാന്യം യഥാ ന വ്യാലുപ്യതേ തഥാ ദൎശയതി:—

സ്വസാമൎത്ഥ്യവശേനൈവ
വാക്യാൎത്ഥം പ്രഥയന്നപി
യഥാ വ്യാപാരനിഷ്പത്തൌ
പദാൎത്ഥോ ന വിഭാവ്യതേ. (11)

യഥാ സ്വസാമൎത്ഥ്യവശേനൈവ വാക്യാൎത്ഥം പ്രകാശയന്നപി പദാൎത്ഥോ വ്യാപാരനിഷ്പത്തൌ ന ഭാവ്യതേ വിഭക്തതയാ.

തദ്വത് സചേതസാം സോൎത്ഥോ
വാച്യാൎത്ഥവിമുഖാത്മനാം
ബുദ്ധൌ തത്ത്വാൎത്ഥദൎശിന്യാം
ഝടിത്യേവാവഭാസതേ. (12)

ഏവം വാച്യവ്യതിരേകിണോ വ്യംഗ്യസ്യാർത്ഥസ്യ സദ്ഭാവം പ്രതിപാദ്യ പ്രകൃത ഉപയോജയന്നാഹ :—

യത്രാർത്ഥശ്ശബ്ദോ വാ
തമർത്ഥമുപസർജ്ജനീകൃതസ്വാർത്ഥൗ
വ്യംക്തഃ കാവ്യവിശേഷ-
സ്സ ധ്വനിരിതി സൂരിഭിഃ കഥിതഃ. (13)

യത്രാർത്ഥോ വാച്യവിശേഷഃ വാചകവിശേഷഃ ശബ്ദോ വാ തമർത്ഥം വ്യംക്തഃ, സ കാവ്യവിശേഷോ ധ്വനിരിതി. അനേന വാച്യവാചകചാരുത്വഹേതുഭ്യ ഉപമാദിഭ്യോനുപ്രാസാദിഭ്യശ്ച വിഭക്ത ഏവ ധ്വനേർവ്വിഷയ ഇതി ദർശിതം. യദപ്യുക്തം 'പ്രസിദ്ധപ്രസ്ഥാനാതിക്രമിണോ മാർഗസ്യ കാവ്യത്വഹാനേർധ്വനിർനാസ്തി' ഇതി തദപ്യയുക്തം. യതോ, ലക്ഷണകൃതാമേവ സ കേവലം ന പ്രസിദ്ധഃ; ലക്ഷ്യേ തു പരീക്ഷ്യമാണേ സ ഏവ സഹൃദയഹൃദയാഹ്ലാദകാരി കാവ്യതത്ത്വം. തതോന്യച്ചിത്രമേവേത്യഗ്രേ ദർശയിഷ്യാമഃ. യദപ്യുക്തം— 'കാമനീയകമനതിവർത്തമാനസ്യ തസ്യോക്താലങ്കാരാദിപ്രകാരേഷ്വന്തർഭാവഃ' ഇതി, തദപ്യസമീചീനം. വാച്യവാചകമാത്രാശ്രയിണി പ്രസ്ഥാനേ വ്യംഗ്യവ്യംജകസമാശ്രയേണ വ്യവസ്ഥിതസ്യ ധ്വനേഃ കഥമന്തർഭാവഃ? വാച്യവാചകചാരുത്വഹേതവോ ഹി തസ്യാംഗഭൂതാഃ; സത്വംഗിരൂപ ഏവേതി പ്രതിപാദയിഷ്യമാണത്വാൽ.

പരികരശ്ലോകശ്ചാത്ര :—

"വ്യംഗ്യവ്യംജകസബന്ധ-നിബന്ധനതയാ ധ്വനേഃ
വാച്യവാചകചാരുത്വ-ഹേത്വന്തഃപാതിതാ കുതഃ?"

നനു യത്ര പ്രതീയമാനസ്യാർത്ഥസ്യ വൈശദ്യേനാപ്രതീതിഃ സ നാമ മാ ഭൂദ്ധ്വനേർവിഷയഃ. യത്ര തു പ്രതീതിരസ്തി, യഥാ— സമാസോക്ത്യാക്ഷേപാനുക്തനിമിത്തവിശേഷോക്തിപര്യ്യായോക്താപഹ്നുതിദീപകസങ്കരാലങ്കാരാദൌ; തത്ര ധ്വനേരന്തർഭാവോ ഭവിഷ്യതീത്യാദി നിരാകർത്തുമഭിഹിതം—'ഉപസർജ്ജനീകൃതസ്വാർത്ഥൗ' ഇതി. അർത്ഥോ ഗുണീകൃതാത്മാ, ഗുണീകൃതാഭിധേയഃ ശബ്ദോ വാ യത്രാർത്ഥാന്തരമഭിവ്യനക്തി സ ധ്വനിരിതി. തേഷു കഥം തസ്യാന്തർഭാവഃ? വ്യംഗ്യപ്രാധാന്യേ ഹി ധ്വനിഃ; ന ചൈതൽ സമാസോക്ത്യാദിഷ്വസ്തി.

സമാസോക്തൌ താവൽ,—

"ഉപോഢരാഗേണ വിലോലതാരകം
തഥാ ഗൃഹീതം ശശിനാ നിശാമുഖം
യഥാ സമസ്തം തിമിരാംശുകം തയാ
പുരോപി രാഗാൽ ഗളിതം ന ലക്ഷിതം."

ഇത്യാദൌ വ്യംഗ്യേനാനുഗതം വാച്യമേവ പ്രാധാന്യേന പ്രതീയതേ; സമാരോപിതനായികാനായകവ്യവഹാരയോർനിശാശശിനോരേവ വാക്യാൎത്ഥത്വാൽ. ആക്ഷേപേപി വ്യംഗ്യവിശേഷാക്ഷേപിണോ വാച്യസ്യൈവ ചാരുത്വം. പ്രാധാന്യേന വാക്യാൎത്ഥ ആക്ഷേപോക്തിസാമൎത്ഥ്യാദേവ ജ്ഞായതേ. തത്ര ശബ്ദോപാരൂഢോ വിശേഷാഭിധാനേച്ഛയാ പ്രതിഷേധരൂപോ യ ആക്ഷേപഃ സ ഏവ വ്യംഗ്യവിശേഷമാക്ഷിപന്മുഖ്യം കാവ്യശരീരം. ചാരുത്വോൽകർഷ നിബന്ധനാ ഹി വാച്യവ്യംഗ്യയോഃ പ്രാധാന്യവിവക്ഷാ. യഥാ—

"അനുരാഗവതീ സന്ധ്യാ ദിവസസ്തൽപുരസ്സരഃ
അഹോ! ദൈവഗതിഃ കീദൃക് തഥാപി ന സമാഗമഃ"

അത്ര സത്യാമപി വ്യംഗ്യപ്രതീതൌ വാച്യസ്യൈവ ചാരുത്വമുൽകർഷവദിതി തസ്യൈവ പ്രാധാന്യവിവക്ഷാ.

യഥാ ച ദീപകാപഹ്നുത്യാദൌ വ്യംഗ്യത്വേനോപമായാഃ പ്രതീതാവപി പ്രാധാന്യേനാവിവക്ഷിതത്വാന്ന തയാ വ്യപദേശസ്തദ്വദത്രാപി ദ്രഷ്ടവ്യം. അനുക്തനിമിത്തായാമപി വിശേഷോക്തൌ,

"ആഹൂതോപി സഹായൈഃ ഓമിത്യുക്ത്വാ വിമുക്തനിദ്രോപി
ഗന്തുമനാ അപി പഥികഃ സങ്കോചം നൈവ ശിഥിലയതി."

ഇത്യാദൌ വ്യംഗ്യസ്യ പ്രകരണസാമൎത്ഥ്യാൽ പ്രതീതിമാത്രം. ന തു തൽപ്രതീതിനിമിത്താ കാചിച്ചാരുത്വനിഷ്പത്തിരിതി ന പ്രാധാന്യം. പൎയ്യായോക്തേപി യദി പ്രാധാന്യേന വ്യംഗ്യത്വം തദ് ഭവതു നാമ തസ്യ ധ്വനാവന്തൎഭാവഃ; ന തു ധ്വനേസ്തത്രാന്തൎഭാവഃ; തസ്യ മഹാവിഷയത്വേനാംഗിത്വേന ച പ്രതിപാദയിഷ്യമാണത്വാൽ. ന പുനഃ പൎയ്യായോക്തേ ഭാമഹോദാഹൃതസദൃശേ വ്യംഗ്യസ്യൈവ പ്രാധാന്യം; വാച്യസ്യ തത്രോപസൎജനീഭാവേനാവിവക്ഷിതത്വാൽ. അപഹ്നുതിദീപകയോഃ പുനൎവ്വാച്യസ്യ പ്രാധാന്യം വ്യംഗ്യസ്യ ചാനുയായിത്വം

പ്രസിദ്ധമേവ. സങ്കരാലങ്കാരേപി യദാലങ്കാരോലങ്കാരാന്തരച്ഛായാ മനുഗൃഹ്ണാതി, തദാ വ്യംഗ്യസ്യ പ്രാധാന്യേനാവിവക്ഷിതത്വാന്ന ധ്വനിവിഷയത്വം. അലങ്കാരദ്വയസംഭാവനായാം തു വാച്യവ്യംഗ്യയോഃ സമം പ്രാധാന്യം. അഥ വാച്യോപസർജനീഭാവേന വ്യംഗ്യസ്യ തത്രാവസ്ഥാനം തദാ സോപി ധ്വനിവിഷയോസ്തു; ന തു സ ഏവ ധ്വനിരിതി വക്തും ശക്യം; പര്യായോക്തനിർദിഷ്ടന്യായാൽ. അപിച, സങ്കരാലങ്കാരേപി സർവ്വത്ര സങ്കരോക്തിരേവ ധ്വനിസംഭാവനാം നിരാകരോതി. അപ്രസ്തുതപ്രശംസായാമപി യദാ സാമാന്യവിശേഷഭാവാന്നിമിത്തനിമിത്തിഭാവാദ്വാ അഭിധീയമാനസ്യ പ്രതീയമാനേനാഭിസംബന്ധഃ തദാഭിധീയമാനപ്രതീയമാനയോഃ സമമേവ പ്രാധാന്യം. യദാ താവൽ സാമാന്യസ്യാപ്രസ്തുതസ്യാഭിധീയമാനസ്യ പ്രാകരണികേന വിശേഷേണ പ്രതീയമാനേന സംബന്ധസ്തദാ വിശേഷപ്രതീതൌ സത്യാമപി പ്രാധാന്യേന തൽസാമാന്യേനാവിനാഭാവാൽ സാമാന്യസ്യാപി പ്രാധാന്യം. യദാപി വിശേഷസ്യ സാമാന്യനിഷ്ഠത്വം തദാപി സാമാന്യസ്യ പ്രാധാന്യേ സാമാന്യേ സർവ്വവിശേഷാണാമന്തർഭാവാദ്വിശേഷസ്യാപി പ്രാധാന്യം. നിമിത്തനിമിത്തിഭാവേ ചായമേവ ന്യായഃ. യദാ തു സാരൂപ്യമാത്രവശേനാപ്രസ്തുതപ്രശംസായാമപ്രകൃതപ്രകൃതയോഃ സംബന്ധസ്തദാപ്യപ്രസ്തുതസ്യ സരൂപസ്യാഭിധീയമാനസ്യ പ്രാധാന്യേനാവിവക്ഷായാം ധ്വനാവേവാന്തഃപാതഃ. ഇതരഥാ ത്വലങ്കാരാന്തരമേവ. തദയമത്ര സംക്ഷേപഃ,—

വ്യംഗ്യസ്യ യത്രാപ്രാധാന്യം വാച്യമാത്രാനുയായിനഃ
സമാസോക്ത്യാദയസ്തത്ര വാച്യാലംകൃതയഃ സ്ഫുടാഃ.
വ്യംഗ്യസ്യ പ്രതിഭാമാത്രേ വാച്യാർത്ഥാനുഗമേപി വാ
ന ധ്വനിർയത്ര വാ തസ്യ പ്രാധാന്യം ന പ്രതീയതേ.
തൽപരാവേവ ശബ്ദാർത്ഥൌ യത്ര വ്യംഗ്യം പ്രതി സ്ഥിതൌ
ധ്വനേഃ സ ഏവ വിഷയോ മന്തവ്യഃ സംകരോജ്ഝിതഃ.

തസ്മാന്ന ധ്വനേരന്യത്രാന്തർഭാവഃ. ഇതശ്ച നാന്തർഭാവഃ;- യതഃ, കാവ്യവിശേഷോംഗീ ധ്വനിരിതി കഥിതഃ. തസ്യ പുനരംഗാനി അലങ്കാരാ ഗുണാ വൃത്തയശ്ചേതി പ്രതിപാദയിഷ്യന്തേ. ന ചാവയവ ഏവ പൃഥക്ഭൂതോവയവീതി പ്രസിദ്ധഃ. അപൃഥഗ്ഭാവേ തു തദംഗത്വം തസ്യ. ന തു തത്ത്വമേവ. യത്രാപി വാ തത്ത്വം തത്രാപി

ധ്വനേർമഹാവിഷയത്വാന്ന തന്നിഷ്ഠത്വമേവ. 'സൂരിഭിഃ കഥിതഃ' ഇതി വിദ്വദുപജ്ഞേയമുക്തിഃ; ന തു യഥാകഥഞ്ചിൽ പ്രവൃത്തേതി പ്രതിപാദ്യതേ. പ്രഥമേ ഹി വിദ്വാംസോ വൈയാകരണാഃ; വ്യാകരണമൂലത്വാൽ സർവ്വവിദ്യാനാം. തേ ച ശ്രൂയമാണേഷു വർണ്ണേഷു ധ്വനിരിതി വ്യവഹരന്തി. തഥൈവാന്യൈസ്തന്മതാനുസാരിഭിഃ സൂരിഭിഃ കാവ്യതത്ത്വാർത്ഥദർശിഭിർവാച്യവാചകസമ്മിശ്രഃ ശബ്ദാത്മാ കാവ്യമിതി വ്യപദേശ്യോ വ്യംജകത്വസാമ്യാൽ ധ്വനിരിത്യുക്തഃ. ന ചൈവംവിധസ്യ ധ്വനേർവ്വക്ഷ്യമാണപ്രഭേദതദ്ഭേദസംകലനയാ മഹാവിഷയസ്യ യൽ പ്രകാശനം തദപ്രസിദ്ധാലങ്കാരവിശേഷമാത്രപ്രതിപാദനേന തുല്യമിതി തദ്ഭാവിതചേതസാം യുക്ത ഏവ സംരംഭഃ. ന ച തേഷു കഥഞ്ചിദീർഷ്യയാ കലുഷിതശേമുഷീകത്വമാവിഷ്കരണീയം. തദേവം ധ്വനേസ്താവദഭാവവാദിനഃ പ്രത്യുക്താഃ.

അസ്തി ധ്വനിഃ. സ ചാസാവവിവക്ഷിതവാച്യോ വിവക്ഷിതാന്യപരവാച്യശ്ചേതി ദ്വിവിധഃ സാമാന്യേന.

തത്രാദ്യസ്യോദാഹരണം :—

"സുവർണ്ണപുഷ്പാം പൃഥിവീം ചിന്വന്തി പുരുഷാസ്ത്രയഃ
ശൂരശ്ച കൃതവിദ്യശ്ച യശ്ച ജാനാതി സേവിതും."

ദ്വിതീയസ്യാപി,—

"ശിഖരിണി ക്വനു നാമ കിയച്ചിരം
കിമഭിധാനമസാവകരോത്തപഃ
തരുണി, യേന തവാധരപാടലം
ദശതി ബിംബഫലം ശുകശാബകഃ."

യദപ്യുക്തം ഭക്തിർധ്വനിരിതി, തൽ പ്രതിസമാധീയതേ

ഭക്ത്യാ ബിഭർത്തി നൈകത്വം
രൂപഭേദാദയം ധ്വനിഃ

അയമുക്തപ്രകാരോ ധ്വനിർഭക്ത്യാ നൈകത്വം ബിഭർത്തി; ഭിന്നരൂപത്വാൽ. വാച്യവ്യതിരിക്തസ്യാർത്ഥസ്യ വാച്യവാചകാഭ്യാം താൽപര്യേണ പ്രകാശനം യത്ര വ്യംഗ്യപ്രാധാന്യേ സ ധ്വനിഃ. ഉപചാരമാത്രം തു ഭക്തിഃ.

തത്രൈതൽ സ്യാൽ ഭക്തിർലക്ഷണം ധ്വനേരിത്യാഹ:—

അതിവ്യാപ്തേരഥാവ്യാപ്തേർ-
ന ചാസൌ ലക്ഷ്യതേ തയാ. (14)

നൈവ ഭക്ത്യാ ധ്വനിർലക്ഷ്യതേ. കഥം? അതിവ്യാപ്തേര വ്യാപ്തേശ്ച. തത്രാതിവ്യാപ്തിർധ്വനിവ്യതിരിക്തേപി വിഷയേ ഭക്തേഃ സംഭവാൽ. യത്ര ഹി വ്യംജകത്വകൃതം മഹൽ സൌഷ്ഠവം നാസ്തി തത്രാപ്യുപചരിതശബ്ദവൃത്ത്യാ പ്രസിദ്ധ്യനുരോധപ്രവർത്തിതവ്യവഹാരാഃ കവയോ ദൃശ്യന്തേ. യഥാ,—

"പരിമ്ലാനം പീനസ്തനജഘനസംഗാദുഭയത-
സ്തനോർമദ്ധ്യസ്യാന്തഃ പരിമിലനമപ്രാപ്യ ഹരിതം
ഇദം വ്യസ്തന്യാസം ശ്ലഥഭുജലതാക്ഷേപവലനൈഃ
കൃശാംഗ്യാഃ സന്താപം വദതി ബിസിനീപത്രശയനം."

തഥാ,—

"ചുംബിജ്ജഇ സഅഹുത്തം അവരുന്ധിജ്ജഇ സഹസ്സഹുത്തമ്മി
വിരമിഅ പുണോ രമിജ്ജഇ പിഓ ജണോ ണത്ഥി പുനരുത്തം."

തഥാ,—

"കുവിആഒ പസന്നാഓ ഓരണ്ണമുഹീഒ വിഹസമാണാഓ
ജഹ ഗഹിഓ തഹ ഹിഅഅം ഹരന്തി ഉച്ഛിന്നമഹിളാഓ."

തഥാ,—

"അജ്ജാഏ പഹാരോ ണവലദാഏ ദിണ്ണോ പിഏണ ഥണവട്ടേ
മിഉഓ വി ദൂസഹോ വ്വിഅ ജാഓ ഹിഅഏ സവത്തീണം."

തഥാ,—

"പരാർത്ഥേ യഃ പീഡാമനുഭവതി ഭംഗേപി മധുരോ
യദീയഃ സർവ്വേഷാമിഹ ഖലു വികാരോപ്യഭിമതഃ
ന സമ്പ്രാപ്തോ വൃദ്ധിം യദി സ ഭൃശമക്ഷേത്രപതിതഃ
കിമിക്ഷോർദോഷോസൌ ന പുനരഗുണായാ മരുഭുവഃ?"

ഇത്യത്രേക്ഷുപക്ഷേ 'അനുഭവതി'ശബ്ദഃ. ന ചൈവംവിധഃ കദാചിദപി ധ്വനേർവ്വിഷയഃ. യതഃ,—

ഉക്ത്യന്തരേണാശക്യം യ-
ത്തച്ചാരുത്വം പ്രകാശയൻ

ശബ്ദോ വ്യംജകതാം ബിഭ്രൽ
ധ്വന്യുക്തേർവ്വിഷയോ ഭവേൽ. (15)

അത്രചോദാഹൃതേ വിഷയേ നോക്ത്യന്തരാശക്യചാരുത്വവ്യക്തിഹേതുഃ ശബ്ദഃ. കിംച,

രൂഢാ യേ വിഷയേന്യത്ര
ശബ്ദാഃ സ്വവിഷയാദപി
ലാവണ്യാദ്യാഃ പ്രയുക്താസ്തേ
ന ഭവന്തി പദം ധ്വനേഃ. (16)

തേഷു ചോപചരിതശബ്ദവൃത്തിരസ്തീതി. തഥാവിധേ ച വിഷയേ കചചിൽ സംഭവന്നപി ധ്വനിവ്യവഹാരഃ പ്രകാരാന്തരേണ പ്രവത്തതേ; ന തഥാവിധശബ്ദമുഖേന. അപിച,—

മുഖ്യാം വൃത്തിം പരിത്യജ്യ
ഗുണവൃത്ത്യാത്ഥദർശനം
യദുദ്ദിശ്യ ഫലം തത്ര
ശബ്ദോ നൈവ സ്ഖലദ്ഗതിഃ. (17)

തത്ര ഹി ചാരുത്വാതിശയവിശിഷ്ടാത്ഥപ്രകാശനലക്ഷണേ പ്രയോജനേ കത്തവ്യേ യദി ശബ്ദസ്യാമുഖ്യതാ തദാ തസ്യ പ്രയോഗേ ദുഷ്ടതൈവ സ്യാൽ. ന ചൈവം. തസ്മാൽ,—

വാചകത്വാശ്രയേണൈവ
ഗുണവൃത്തിർവ്യവസ്ഥിതാ
വ്യഞ്ജകത്വൈകമൂലസ്യ
ധ്വനേഃ സ്യാല്ലക്ഷണം കഥം? (18)

തസ്മാദന്യോ ധ്വനിരന്യാ ച ഗുണവൃത്തിഃ. അവ്യാപ്തിരപ്യസ്യ ലക്ഷണസ്യ. ന ഹി ധ്വനിപ്രഭേദോ വിവക്ഷിതാന്യപരവാച്യലക്ഷണഃ, അന്യേ ച ബഹവഃ പ്രകാരാ ഭക്ത്യാ വ്യാപ്യന്തേ; തസ്മാൽ ഭക്തിരലക്ഷണം.

കസ്യചിൽ ധ്വനിഭേദസ്യ
സാ തു സ്യാദുപലക്ഷണം;

സ പുനരുക്തിര്വക്ഷ്യമാണപ്രഭേദമദ്ധ്യാദന്യതമസ്യ ഭേദസ്യ യദി നാമോപലക്ഷണതയാ സംഭാവ്യേത; യദി ച ഗുണവൃത്ത്യൈവ ധ്വനിർലക്ഷ്യത ഇത്യുച്യതേ തദഭിധാവ്യാപാരേണ തദിതരോലങ്കാര വർഗഃ സമഗ്ര ഏവ ലക്ഷ്യത ഇതി പ്രത്യേകമലങ്കാരാണാം ലക്ഷണ കരണേവൈയർത്ഥ്യപ്രസംഗഃ. കിം ച,—

ലക്ഷണേന്യൈഃ കൃതേ ചാസ്യ
പക്ഷസംസിദ്ധിരേവ നഃ. (19)

കൃതേപി വാ പൂർവ്വമേവാന്യൈർധ്വനിലക്ഷണേ പക്ഷസം സിദ്ധിരേവ നഃ; യസ്മാൽ ധ്വനിരസ്തീതി നഃ പക്ഷഃ. സ ച പ്രാ ഗേവ സംസിദ്ധ ഇത്യയത്നസമ്പന്നാസമീഹിതാർത്ഥാഃ സംവൃത്താഃ സ്മഃ. യേപി സഹൃദയഹൃദയസംവേദ്യമനാഖ്യേയമേവ ധ്വനേരാത്മാനമാമ്നാ സിഷുസ്തേപി ന പരീക്ഷ്യവാദിനഃ. യത ഉക്തയാ നീത്യാ വക്ഷ്യമാ ണയാ ച ധ്വനേഃ സാമാന്യവിശേഷലക്ഷണേ പ്രതിപാദിതേപി യദ്യ നാഖ്യേയത്വം തൽ സർവ്വേഷാമേവ വസ്തൂനാം തൽ പ്രസക്തം. യദി പുനർധ്വനേരതിശയോക്ത്യാനയാ കാവ്യാന്തരാതിശായി തൈഃ സ്വരൂ പമാഖ്യായതേ തൽ തേപി യുക്താഭിധായിന ഏവ.

ധ്വന്യാലോകേ
പ്രഥമോദ്ദ്യോതസ്സമാപ്തഃ

ഉദാഹരണശ്ലോകാനുക്രമണിക.

ഉദ്ധരിക്കപ്പെട്ട ഗ്രന്ഥാന്തരവാക്യങ്ങളും ന്യായങ്ങളും

ഗ്രന്ഥങ്ങളുടേയും ഗ്രന്ഥകാരന്മാരുടേയും പേരുകൾ.

പദവിശേഷസൂചി.

ശുദ്ധിപത്രം.

പുറം	വരി	അശുദ്ധം	ശുദ്ധം
1	10	സമ്പത്യം	സമ്പത്ത്യം
2	7	വിജയിച്ചിട്ടട്ടെ	വിജയിച്ചിടട്ടെ
4	27	ഉതത്തു	ഉതോത്തു
20	10	ധ്വധി	ധ്വനി
21	19	സഹൃയന്മാരെന്നു	സഹൃദയന്മാരെന്നു
27	13	അയായത്തു്	അതായത്തു്
27	30	അയാതത്തു്	അതായത്തു്
28	2	ഗംഗായാം ഘേഷഃ	ഗംഗായാം ഘോഷഃ
32	26	ഉൽപദ്യോൽപാദ	ഉൽപാദ്യോൽപാദ
37	4	ശ്രേതൃപ്രവൃത്ത്യർത്ഥ	ശ്രോതൃപ്രവൃത്ത്യർത്ഥ
38	7	മല്ലെന്നിരിക്കലും	മല്ലെന്നിരിക്കിലും
41	27	മഹാകവിളുടെ	മഹാകവികളുടെ
44	28	സാമർത്ഥ്യാക്ഷപ്ത	സാമർത്ഥ്യാക്ഷിപ്ത
45	27	പട്ടിയേയുമായിരി	പട്ടിയേയുമായി
45	28	ശങ്കിങ്കേണ്ട	ശങ്കിക്കേണ്ട
46	22	വക്തൃണാം	വക്തൄണാം
60	21	രാത്രിയാകന്നതു	രാത്രിയാകുന്നതു
63	16	ആതുകൊണ്ടു്	അതുകൊണ്ടു്
72	13	പ്രതിപ്രാദിച്ചി	പ്രതിപാദിച്ചി
84	7	രസത്തിന്നു സ്ഥായി	രസസ്ഥായി
97	18	നൈഘണ്ഡുകാദി	നൈഘണ്ടുകാദി
109	6	ഗുണീകൃതാസ്വാർത്ഥത്വം	ഗുണീകൃതസ്വാർത്ഥത്വം
110	3	സംഗ്രഹകാരിയും	സംഗ്രഹകാരികയും
110	17	അവ്യഭിചാരിതം	അവ്യഭിചരിതം
110	31	അവ്യഭിചാരിതഃ	അവ്യഭിചാരതഃ
114	6	വ്യപാരമാണു്	വ്യാപാരമാണു്
120	6	മനാപന്നെ	മനാപന്നെ
133	13	വിഷയഭേദ	വിഷയഭേദ
151	7	കവ്യാലങ്കാര	കാവ്യാലങ്കാര
155	4	ഹൈതിഹാസിക	ഐതിഹാസിക
188	4	ശങ്കരോജ്ഝിത	സങ്കരോജ്ഝിത
213	5	മൃദുവാം പ്രഹരം	മൃദുവാം പ്രഹാരം